619

# രവീന്ദ്രനാഥടാഗൂർ

എഴുതിയ

# ജീവിതസ്മൃതികൾ

(ബംഗാളിഗ്രന്ഥത്തിന്റെ വിവത്തനം)

B. V. SMARAKA GRAMODHARANA
GRANDHA SALA
THENNOORKONAM
VENGANOOR

പരിഭാഷകൻ,
**കെ. സി. പിള്ള,**
തിരുവനന്തപുരം.

B. V. Book Depot

പ്രസാധകന്മാർ
ഗോപകുമാർ ബ്രദേഴ്സ്
ബി. വി. ബുക്ക്ഡിപ്പോ & പ്രിന്റിങ്ങ് വർക്ക്സ്,
തിരുവനന്തപുരം

1122] [വില 2 ക.

എല്ലാം പ്രതികളിലും പരിഭാഷകന്റെയും പ്രസാധകരുടെയും
മുദ്ര ഉണ്ടായിരിക്കുന്നതാണ്.

PRINTED AT THE
B. V. BOOK DEPOT & PRINTING WORKS,
TRIVANDRUM.
1947.

# പ്രസ്താവന

മഹാകവി രവീന്ദ്രനാഥടാഗ്രർ ബങ്കാളിഭാഷയിൽ എഴുതിയിട്ടുള്ള 'ജീവനസ്മൃതി' എന്ന അതിമനോഹരമായ ആത്മകഥാഗ്രന്ഥത്തിൻെറ ഒരു വിവൎത്തനമാണ് വായനക്കാരുടെ മുമ്പിൽ സാദരം സമൎപ്പിക്കപ്പെടുന്ന ഈ ഗ്രന്ഥം. ലോകോത്തരയശസ്വിയായ ആ വിശ്വമഹാകവിയുടെ ജീവചരിത്രപരമായ ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഇതേവരെ ഞാൻ ഒന്നും കണ്ടിട്ടില്ല. ബങ്കാളിയിൽ തന്നെ ടാഗ്രറിൻെറ സമഗ്രമായ ഒരു ജീവചരിത്രം, എൻെറ ഒരു ബഹുമാന്യസ്നേഹിതനും, വിശ്വഭാരതിയുടെ പ്രാരംഭകാലം മുതൽ അതിൻെറ പ്രധാന പ്രവൎത്തകന്മാരിൽ ഒരാളും, വിശ്വഭാരതി ഗ്രന്ഥശാലയിലെ ലൈബ്രേറിയനുമായ പ്രഫസ്സർ പ്രഭാതകുമാർ മുക്കർജിയുടെ 'രവീന്ദ്രജീവനി'യാണ്. അതിൻെറ രണ്ടു ഭാഗങ്ങളിലായി മഹാകവിയുടെ ജീവചരിത്രം ഏറിയക്രമം സമ്പൂൎണ്ണമാകുന്നു. ഈ പുസ്തകത്തിൻെറ രൂപീകരണത്തിൽ ഞാൻ ചിലപ്പോഴൊക്കെ ആ ഗ്രന്ഥങ്ങളും ഉപയോഗിച്ചിട്ടുണ്ട്.

പ്രസ്തുതഗ്രന്ഥം ജീവനസ്മൃതിയുടെ ഒരു ശരിതൎജ്ജമയല്ല. മലയാളികളായ വായനക്കാൎക്ക് ആവശ്യമില്ലാത്തതും അരോചകവുമായ മൂലഗ്രന്ഥത്തിലെ പല ഭാഗങ്ങളും വിട്ടിട്ടുള്ളതുപോലെ തന്നെ അതിലെ പ്രധാന ഭാഗങ്ങൾക്ക് യാതൊരു വൈരൂപ്യവും വരരുതെന്ന് പ്രത്യേകം ശ്രദ്ധിച്ചിട്ടുമുണ്ട്. മഹാകവിയുടെ ശൈശവം തുടങ്ങി യൌവനാവരെയുള്ള ജീവിതപ്രാരംഭഘട്ടങ്ങളിലെ ഈ

സ്വന്തം സ്മൃതികൾ ആൎക്കും തീൎച്ചയായും രസകരമായിരിക്കുമെന്നാണ് എന്റെ വിനീതവിശ്വാസം.

ടാഗ്ഗൂറിന്റെ ഭാഷാശൈലി ഏററക്കുറെ ഞാനും അനുകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഓജസ്സും പ്രസാദവുമാണ് ബംഗാളിയിൽ 'ടാഗ്ഗൂർശൈലി'യുടെ പ്രത്യേകസ്വഭാവം. ജീവനസ്മൃതിയിലെ ശൈലി അക്കാൎയ്യത്തിൽ അദ്ദേഹത്തിന്റെ മററു കൃതികളെ അതിശയിക്കുന്നു എന്നു പറയാം. ഈ ഗ്രന്ഥത്തിന്റെ അധികഭാഗവും ഞാൻ മഹാകവിയോടൊന്നിച്ചു ശാന്തിനികേതനത്തിൽ താമസിക്കുന്ന കാലത്തു തയാർചെയ്തിട്ടുള്ളതാകുന്നു. അതിനാൽ അവിടവിടെ ഉണ്ടായിക്കൊണ്ടിരുന്ന സംശയങ്ങളുടെ പരിഹാരത്തിനു് അദ്ദേഹത്തിന്റെ തന്നെ സഹായമുണ്ടാകുവാനുള്ള മഹാഭാഗ്യവും എനിക്കു ലഭിച്ചിട്ടുണ്ട്. ഈ പുസ്തകം മൂലഗ്രന്ഥത്തിന്റെ ഒരു ഏകദേശസ്വഭാവമെങ്കിലും വായനക്കാൎക്കു പ്രദാനം ചെയ്യുന്നതിനു പൎയ്യാപ്തമാകുമെങ്കിൽ ഞാൻ കൃതാൎത്ഥനായി.

ഈ ഗ്രന്ഥത്തിന്റെ പ്രസാധനം സംബന്ധിച്ചു എല്ലാ ചുമതലകളും സദയം ഏറെറടുത്തു് ഭംഗിയായി നിറവേററിയ ബി. വി. ബുക്കുഡിപ്പോ പ്രവൎത്തകന്മാരോടു എനിക്കുള്ള കൃതജ്ഞത കൂടി ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ:

തിരുവനന്തപുരം }
൧൧—൨—൧൧൧൯ }

കെ. സി. പിള്ള.

# വിഷയസൂചി


| | പുറം |
|---|---|
| വിദ്യാരംഭം ... ... ... | 1 |
| വീട്ടിലും പുറത്തും ... ... | 9 |
| ഭൃത്യഭരണം ... ... | 24 |
| നാമ്മൽസ്കൂൾ ... ... | 30 |
| കവിതയെഴുത്ത് ... ... | 35 |
| നാനാമുഖമായ വിദ്യാഭ്യാസം ... | 38 |
| ദൂരയാത്ര ... ... | 45 |
| കാവ്യരചന ... ... | 49 |
| ശ്രീകണ്ഠബാബു ... ... | 52 |
| ബങ്കാളി പഠിച്ചുനിർത്തി ... | 58 |
| ഒരു പ്രഫസ്സർ ... ... | 62 |
| പിതൃദേവൻ ... ... | 71 |
| ഹിമാലയയാത്ര ... ... | 80 |
| ഹിമാലയത്തിൽ ... ... | 95 |
| പ്രത്യാവർത്തനം ... ... | 104 |
| വീട്ടിലെ പഠിത്തം ... ... | 115 |
| വീടും പരിസരവും ... ... | 121 |
| അക്ഷയചന്ദ്രചൌധരി ... ... | 130 |
| സാഹിത്യസഹായി ... ... | 134 |
| പ്രസിദ്ധീകരണം ... | 139 |
| ഭാനുസിംഹന്റെ പദാവലി ... ... | 142 |
| ദേശാഭിമാനം ... | 145 |
| ഭാരതി ... ... ... | 154 |

| | പുറം |
|---|---|
| അഫമ്മദാബാദ് ... ... | 160 |
| ബിലാത്തിയാത്ര ... ... | 163 |
| ലോകേൻപാലിത് ... ... | 182 |
| ഭഗ്നഹൃദയം ... ... | 185 |
| യൂറോപ്പിലെ സംഗീതം ... | 196 |
| വല്മീകിപ്രതിഭ ... ... | 200 |
| സന്ധ്യാസംഗീതം ... ... | 208 |
| സംഗീതശാസ്ത്രം സംബന്ധിച്ച ഒരു പ്രബന്ധം... | 213 |
| ഗംഗാതീരം ... ... | 219 |
| പ്രിയബാബു ... ... ... | 226 |
| പ്രഭാതസംഗീതം ... ... | 228 |
| രാജേന്ദ്രലാൽമിത്ര ... ... | 243 |
| കാർവാർ ... ... | 248 |
| പ്രകൃതിയുടെ പ്രതിശോധം ... ... | 251 |
| ഛബിഭഗാൻ ... ... | 255 |
| ബാലക് ... ... | 258 |
| ബങ്കിമചന്ദ്രൻ ... ... | 262 |
| കപ്പൽ വ്യവസായം ... ... | 268 |
| മൃത്യുശോകം ... ... | 271 |
| വർഷർത്തുവും ശരത്തും ... ... | 278 |
| ആശുതോഷചൌധ്രി ... ... | 283 |
| കഡി ഒ കോമല് ... ... | 286 |

# ജീവിതസ്മൃതികൾ

ജീവിതത്തിന്റെ ചിത്രങ്ങൾ സ്മൃതിപടത്തിൽ ആരാണ് വരയ്ക്കുന്നതെന്നു നാമറിയുന്നില്ല. സംഭവങ്ങൾ നടന്നരീതിയിൽ അതുപോലെ ശരിയായി രേഖപ്പെടുത്തുന്നതിനു പകരം അ വിചിത്രതൂലികാകാരൻ മനോഹരങ്ങളായ ചിത്രങ്ങൾ മനസ്സിൽ വരച്ചുവയ്ക്കുന്നു. സ്വന്തം അഭിരുചി അനുസരിച്ചു വിഷയങ്ങൾ വിടുകയും കുറേക്കൂടെ കൂട്ടിച്ചേർക്കുകയും ചെയ്യുന്നതുമാത്രമല്ല, വലുതു ചെറുതാകുന്നതും ചെറുതു വലുതാകുന്നതും കൂടി അയാളുടെ ഇഷ്ടംപോലെയാണ്. മുമ്പുള്ളതിനെ പിമ്പും പിമ്പുള്ളതിനെ മുമ്പും ചേർത്തു സൗകര്യംപോലെ ഭംഗിപ്പെടുത്തുന്നതിനു് ഒരു സങ്കോചവും അയാൾക്കില്ല. ചുരുക്കത്തിൽ അയാളൊരു ചിത്രകാരൻ; ചരിത്രകാരനേ അല്ല..

ബാഹ്യജീവിതത്തിൽ സംഭവങ്ങൾ അങ്ങിനെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കേ, അന്തർഭാഗത്തു ചിത്രകർമ്മവും മുറയ്ക്കു നടക്കുന്നു. രണ്ടിനും ബന്ധം വളരെ അടുത്തതാണെങ്കിലും അവ ഒന്നാണെന്നു പറവാൻ നിവൃത്തിയില്ല

ഉള്ളിലുള്ള പ്രസ്തുത ചിത്രങ്ങൾ ഭംഗിയായി കണ്ടറിയുന്നതിനു നമുക്കു് അവസരം ലഭിക്കുന്നില്ല. അപ്പപ്പോഴായി അവയുടെ അംശങ്ങൾ ദൃഷ്ടിപഥത്തിൽ വീഴുന്നെങ്കിലും, അധികഭാഗവും അന്ധകാരത്തിൽ മറഞ്ഞുതന്നെകിടക്കുന്നു. ആരാണീ ചിത്രകാരൻ, എന്താണു് അയാളുടെ അ

ള്ളിമതം, എന്നു തന്റെ ജോലി നിർവഹിച്ചുതീരും, ഏതു ചിത്രശാലയിൽ ഈ ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടും, എന്നീപ്രശ്നങ്ങൾക്ക് ആരുതാനുത്തരം നല്കുന്നു?

ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ആരോ എന്റെ ജീവിതത്തെപ്പററി ചിലതെന്നോടു ചോദിക്കുകയുണ്ടായി. അന്നു് എനിക്കു് ഈ ചിത്രശാലയിൽ ഒന്നു പ്രവേശിക്കേണ്ട ആവശ്യം വന്നു. ജീവചരിത്രത്തിലെ മൂന്നു നാലു പ്രധാന സംഭവങ്ങൾ കാര്യത്തിനു പര്യാപ്തമാകുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ, ജീവിതസ്മൃതികൾ യഥാർത്ഥചരിത്രങ്ങളല്ലെന്നും, അവ ഏതോ ഒരു അദൃശ്യചിത്രകാരന്റെ രചനാചാതുരി മാത്രമാണെന്നും ചിത്രശാല തുറന്നുനോക്കിയപ്പോൾ എനിക്കു മനസ്സിലായി. അവിടെ കാണുന്ന വിചിത്രരൂപങ്ങൾ ബാഹ്യരൂപങ്ങളുടെ പ്രതിഫലനങ്ങളല്ല; ചിത്രകാരന്റെ വെറും ക[illegible]കല്പിതങ്ങൾ. ചിത്രത്തിന്റെ മൂലകളിലുള്ള അവ്യക്തമായ ആ ഛായകൾ ഒരു ന്യായാധിപന്റെ മുമ്പിൽ തെളിവായി സമർപ്പിക്കുന്നതിനു് ഒരിക്കലും യോജിച്ചവയുമല്ല.

സ്മൃതിയുടെ ഭണ്ഡാരത്തിൽനിന്നും അതീതസംഭവങ്ങൾ അവയുടെ യഥാർത്ഥരൂപത്തിൽ സംഗ്രഹിക്കുന്നതിനുള്ള യത്നം സഫലമല്ലെങ്കിൽതന്നെയും അവിടുള്ള ചിത്രങ്ങൾ കാണുന്നതിൽ അസാധാരണമായ ഒരു രസം എല്ലാവർക്കുമുണ്ടാകാം. എന്നെയും ആ രസം വളരെആകർഷിച്ചു. വഴിയിൽ കൂടി സഞ്ചരിക്കുമ്പോഴും, പാന്ഥശാലയിൽ വിശ്രമിക്കുമ്പോഴും, വഴിയും പാന്ഥശാലയും നമുക്കു ചിത്രങ്ങളല്ല; വളരെ പ്രത്യക്ഷങ്ങളായ ആവശ്യവസ്തുക്കൾ മാത്രം. ആവശ്യം കഴിഞ്ഞ പുറകു് നാം അതിനെപ്പററി ചിന്തിക്കുമ്പോഴാണു് അവ ചിത്രങ്ങളായി നമ്മുടെ മ

ഷിൽ പ്രത്യക്ഷപ്പെടുന്നതു്. ജീവിതത്തിന്റെ പ്രഭാതത്തിൽ നാം കാണുന്ന പർവതങ്ങൾ പട്ടണങ്ങൾ, ഗ്രാമങ്ങൾ, നദികൾ ഇവയെല്ലാം സായാഹ്നത്തിൽ വിശ്രമശാലയിൽ പ്രവേശിക്കുന്നതിനു മുമ്പായി പുറകോട്ടു തിരിഞ്ഞുനോക്കുമ്പോൾ, ആസന്നമായ ദിനാവസാനത്തിലെ വെളിച്ചം തട്ടി തിളങ്ങുന്ന മനോഹരചിത്രങ്ങളായി നമ്മുടെ മുമ്പിൽ കാണാം. ഇങ്ങനെ എനിക്കു കിട്ടിയ അവസരം ഉപയോഗിച്ചു് ഞാൻ ഒന്നു തിരിഞ്ഞു നോക്കിയപ്പോൾ കണ്ട കാഴ്ച വളരെ ആകർഷകമായിരുന്നു.

ചിത്രദർശനത്തിൽ എനിക്കുണ്ടായ കൗതുകം ഭൂതകാലജീവിതത്തോടുള്ള സ്വാഭാവികമായ താല്പര്യമാണോ എന്നു സന്ദേഹിക്കാം. വ്യക്തിഗതമായ ഒരു ഔൽസുക്യം സ്വന്തം കാര്യത്തിൽ ആർക്കും ഉണ്ടാകാതിരിക്കാൻ തരമില്ല; എങ്കിലും കലയെന്ന നിലയിൽ ചിത്രങ്ങൾക്കുള്ള ആകർഷണം ഒന്നു വേറെ തന്നെ. ഉത്തരരാമചരിതം പ്രഥമാങ്കത്തിൽ സീതയുടെ വിനോദത്തിനുവേണ്ടി ലക്ഷ്മണൻ കാണിച്ചുകൊടുത്ത ചിത്രങ്ങളിൽ ദേവിയ്ക്കഭിരുചിയുണ്ടായതു് അവരുടെ ജീവിതവുമായി അവയ്ക്കുണ്ടായിരുന്ന ബന്ധംകൊണ്ടു മാത്രമാണെന്നു പറയുന്നതു ശരിയല്ലല്ലൊ.

എന്റെ ഈ സ്മൃതികളിൽ ചിരസ്മരണീയമായി സൂക്ഷിക്കത്തക്കവണ്ണം അധികമൊന്നും കണ്ടെന്നു വരികയില്ല എന്നാൽ വിഷയത്തിന്റെ മാഹാത്മ്യം മാത്രമല്ലല്ലൊ എപ്പോഴും സാഹിത്യത്തിനാധാരവസ്തു. ഒരുവൻ യഥാർത്ഥത്തിൽ അനുഭവിച്ച കാര്യങ്ങൾ അന്യനു് അതുപടി അനുഭവയോഗ്യമാക്കിത്തീർക്കാമെങ്കിൽ അതു രസികജനങ്ങൾക്കു രസമുള്ള ഒരു കാര്യമാകാം. സ്മൃതിപഥ

ത്തിൽ കാണുന്ന ചിത്രങ്ങൾ കഥാരൂപത്തിൽ വെളിയിൽ പ്രകാശിപ്പിക്കാമെങ്കിൽ അതിനു തീർച്ചയായും സാഹിത്യത്തിൽ സ്ഥാനമുണ്ടാകും. ഈ ഗ്രന്ഥത്തിൽ വിവരിക്കുന്ന സ്മൃതിചിത്രങ്ങളും അത്തരം സാഹിത്യത്തിന്റെ സാമഗ്രികളാകുന്നു. ഇതിനെ ഒരു ജീവചരിത്രമായിട്ടു ഗണിക്കുന്നതു യുക്തമല്ല. അങ്ങനെ ആണെങ്കിൽ അതു അസമ്പൂർണ്ണവും അനാവശ്യമായിട്ടേ ഇരിക്കയുള്ളു.

---

## വിദ്യാരംഭം

ഞങ്ങൾ മൂന്നു കുട്ടികൾ ഒന്നിച്ചു ഒരു വീട്ടിൽ വളർന്നുവന്നു. കൂട്ടുകാർ രണ്ടുപേരും എന്നെക്കാൾ രണ്ടുവയസ്സിനു പ്രായം കൂടിയവരായിരുന്നു. അവരെ എഴുത്തിനിരുത്തിയകാലത്തു എന്റേയും പഠിത്തമാരംഭിച്ചു. പക്ഷെ, ഞാനെന്തു പഠിച്ചു എന്നുള്ളതൊന്നും തീരെ ഓർക്കുന്നില്ല. ഒരു പാട്ടു മാത്രമേ എന്റെ മനസ്സിലുള്ളു. "ജോല്പഡെ പതാ നഡെ" (ജലകണങ്ങൾ പൊഴിയുന്നു, ഇലകൾ നൃത്തനമാടുന്നു) വര, കര, തുടങ്ങിയ വൈതരണി കടന്നു അക്കരെ അന്നു ഞാൻ എത്തിച്ചേർന്നതേയുള്ളു. അന്നാണു ഈ പദ്യശകലം ഞാൻ പഠിച്ചതു. അതായിരുന്നു എന്റെ ജീവിതത്തിലെ ആദികവിയുടെ ആദ്യകവിത. അന്നത്തെ പരമാനന്ദം ഓർക്കുമ്പോഴെല്ലാം കവിതയിൽ പ്രാസത്തിന്റെ പ്രയോജനമെത്രമാത്രമുണ്ടെന്നു എനിയ്ക്കു മനസ്സിലാ

കുന്നു. പ്രാസംനിമിത്തം പദം അവസാനിച്ചാലും അതു നീണ്ടുതന്നെ നിൽക്കുന്നു; ശബ്ദം ഉച്ചരിച്ചു തീർന്നാലും പ്രതിദ്ധ്വനി മുഴങ്ങിക്കൊണ്ടേ ഇരിക്കുന്നു. ശ്രവണങ്ങളിലും മനസ്സിലും അതിന്റെ ശബ്ദാഘാതം മാറിമാറി മുഴങ്ങിക്കൊണ്ടിരിക്കും. എന്റെ മനസ്സിലും ആ ദിവസം മുഴുവൻ തുടരെത്തുടരെ ജലകണം വീഴുകയും ഇലകൾ നൃത്തമാടുകയും ചെയ്തു കൊണ്ടേ ഇരുന്നു.

കുട്ടിക്കാലത്തെ വേറൊരുകഥയും ഇതാ ഞാൻ ഓർക്കുന്നു. ഞങ്ങൾക്കു വളരെക്കാലം പഴക്കമുള്ള "കൈലാസ്" എന്നൊരു കണക്കപ്പിള്ളയുണ്ടായിരുന്നു. വീട്ടിലെഒരംഗം എന്ന നിലയിലാണു അയാൾ കഴിഞ്ഞു വന്നിരുന്നതു്. പുള്ളിക്കാരൻ ബഹുരസികൻ. നേരമ്പോക്കു പറയാനും ആളുകളെ കളിയാക്കാനും മിടുമിടുക്കൻ. ആരേയും അയാൾ കളിയാക്കും. പുതുതായി വിവാഹം കഴിഞ്ഞ വീട്ടിലെ അംഗങ്ങൾ പ്രീക്ഷാൽ അതിഥികൾ ഇവരൊക്കെയാണു അധികവും അയാളുടെ കളിപ്പണങ്ങൾ. 'ചത്താലും മാറാത്ത'മട്ടിലായിരുന്നു നേരമ്പോക്കിൽ അയാളുടെ അഭിരുചി. ഒരു ദിവസം വീട്ടിലെ പ്രായംചെന്നവർ 'പ്ലാഞ്ചെറ്റ്' വച്ചു് പരലോകവ്യാപാരി ഒരു എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കയായിരുന്നു. പ്ലാഞ്ചെറ്റിലെ പെൻസിൽ അതിൽ 'കൈലാസ്' എന്നെഴുതി. അയാളുടെ പുതിയസ്ഥലത്തെ വിശേഷങ്ങൾ എന്തെല്ലാമെന്നു അവർ ചോദിച്ചു. 'ഞാൻ മരിച്ചിട്ടു മനസ്സിലാക്കിയ ഒരു കാര്യം നിങ്ങൾക്കു നഷ്ടം കൂടാതെ സൂത്രത്തിൽ കുട്ടിക്കണമെന്നോ? അതു നടപ്പില്ല' എന്നായിരുന്നു പെട്ടെന്നുള്ള മറുപടി.

കുട്ടിക്കാലത്തു എന്നെ രസിപ്പിക്കുന്നതിനുവേണ്ടി കൈലാസ് പാട്ടുണ്ടാക്കി പാടുമായിരുന്നു. പാട്ടിലെ നായ

കൻ മിക്കവാറും ഞാൻ തന്നെയായിരിക്കും. അടുത്തതായി വരാൻപോകുന്ന നായികയുടെ വർണ്ണനയും ഭംഗിയായി അതിൽ ചേർത്തിട്ടുണ്ടായിരിക്കും. ഭാവിയുടെ ഉത്സംഗത്തെ അലങ്കരിച്ചു ശോഭിക്കുന്ന ഭുവനമോഹിനിയായ ആ നായികയുടെ ചിത്രം കണ്ടു കണ്ടു എനിക്കു വല്ലാത്ത ഒരു സുകൃതമുണ്ടായി. വധുവിൻെറ ശരീരത്തിൽ ആപാദകേശമുള്ള ആഭരണപ്രചുരിമ, വിവാഹോത്സവത്തിൻെറ കോലാഹലമായ ഒരുക്കങ്ങൾ ഇവയെല്ലാം ചിന്താശക്തിയുള്ള യുവഹൃദയങ്ങളെപ്പോലും ഇളക്കിയിരിക്കണം. എന്നാൽ ഒരു ബാലനു് സന്തോഷം നൽകിയതിനും മനോഹരമായ ചിത്രങ്ങൾ അവൻെറകൺമുമ്പിൽ കണ്ടതിനും കാരണം കവിതയിൽ അങ്ങുമിങ്ങും പ്രസരിക്കുന്ന ശബ്ദങ്ങളുടെ ഭംഗിയും ഛന്ദസ്സിൻെറ മനോഹരിതയുമായിരുന്നു. ശൈശവത്തിലെ സാഹിത്യസംഭൃതിയിൽ ഇവ രണ്ടും ഞാൻ നല്ലപോലെ ഓർക്കുന്നു:

"ബൃഷ്ടി പഡെ ടാപൂർ ടുപൂർ, നദേയ് ഏലൊ ബാൻ" (ചറപറാ മഴപെയ്യുന്നു, നദിയിൽ വെള്ളംപൊങ്ങുന്നു) ഇതാണു് വേറൊരു പാട്ടു്. അതായിരുന്നു എൻെറ അന്നത്തെ മേഘദൂതം.

അതുകഴിഞ്ഞു് സ്കൂളിലെ കഥയായി. ഒരു ദിവസം കാലത്തു ജ്യേഷ്ഠനും അനന്തിരവൻ സത്യനുംകൂടി സ്കൂളിലേക്കു പോകുന്നതു ഞാൻ കണ്ടു. സത്യനു് എന്നെക്കാൾ പ്രായംകുറച്ചു കൂടുതൽ ഉണ്ടായിരുന്നു. സ്കൂളിൽ പോകാനുള്ള യോഗ്യത എനിക്കു് അന്നു ലഭിച്ചുകഴിഞ്ഞില്ല എന്നാണു് മററുള്ളവർ തീർച്ചപ്പെടുത്തിയതു്. നിലവിളിച്ചു കരയുകയല്ലാതെ യോഗ്യത തെളിയിക്കാൻ മററൊന്നും എനിയ്ക്കന്നു സാധിച്ചില്ല. അതിനു മുമ്പു ഒരിക്കലും ഞാൻ വണ്ടിയിൽ കയറിയിരുന്നില്ല; വീട്ടിനു വെളിയിലും എ

ങ്ങൾപോയിരുന്നില്ല. സ്കൂളിലും വഴികളിലുമുള്ള വിശേഷങ്ങൾ അതിശയോക്തിപരമായി സത്യനിൽനിന്നും കേട്ടതുമുതൽ വീട്ടിലിരിക്കാൻ എനിക്കു് വലിയ വിഷമമായി. എൻെറ നിർബന്ധം നീക്കുന്നതിനായി അന്നത്തെ അദ്ധ്യാപകൻ വിലയേറിയ ചില ഉപദേശങ്ങൾ തരുമായിരുന്നു. "ഇന്നു സ്കൂളിൽ പോകാൻ നീ ഇത്രയും കരയുന്നു, പോകാതിരിക്കാൻ ഇനി ഇതിൻെറ ഇരട്ടി കരയേണ്ടിവരും" എന്നാണു് അടിക്കടി അദ്ദേഹമെന്നെ ശാസിച്ചതു്. ആ അദ്ധ്യാപകൻെറ പേരും പ്രകൃതിയുമൊന്നും ഞാനോർക്കുന്നില്ല എങ്കിലും അന്നത്തെ വിദ്യോപദേശവും 'ചെവിയിൽ മുഴക്കം' ഞാനിന്നും മറന്നില്ല. ഇത്ര സൂക്ഷ്മമായ ഒരു ദീർഘദർശനം എൻെറ ജീവിതത്തിൽ പിന്നൊരിക്കലും ഞാൻ കേട്ടിട്ടില്ല.

പ്രായമായില്ലെങ്കിലും കരച്ചിലിൻെറ ഫലം എന്നെ ഓറിയൻറൽ സിമിനാരി സ്കൂളിൽ കൊണ്ടുവിട്ടു. എന്താണവിടെ പഠിച്ചതെന്നു ഞാനോർക്കുന്നില്ല. ഒരു തരം ശിക്ഷാരീതിമാത്രം മനസ്സിലിരിക്കുന്നു. പാഠം ചൊല്ലാത്ത കുട്ടിയെ ബഞ്ചിന്മേൽ കയററിനിറുത്തി കൈനീട്ടിച്ചു് കയ്യിൽ സ്ലേററെല്ലാം പെറുക്കിവച്ചുകൊടുക്കുക അവിടെ ഒരു പതിവായിരുന്നു ഈ പ്രതിവിധി കുട്ടിയുടെ ധാരണാശക്തിയെ എത്ര കണ്ടു വർദ്ധിപ്പിക്കുമെന്നു മനശ്ശാസ്ത്രപണ്ഡിതന്മാർ നിശ്ചയിക്കട്ടെ.

ഇങ്ങനെ വളരെ ചെറുപ്പത്തിൽ തന്നെ എൻെറ വിദ്യാലയജീവിതം ആരംഭിച്ചു. വീട്ടിലെ ജോലിക്കാരുടെ കീറിപ്പറിഞ്ഞ പുസ്തകങ്ങളിലായിരുന്നു എൻെറ സാഹിത്യപരിചയത്തിൻെറ സമാരംഭം. അവയിൽ ചാണക്യസൂത്രത്തിൻെറ ഒരു ബംഗാളിതർജ്ജമയും കൃത്തിവാസൻെറ

രാമായണവുമായിരുന്നു പ്രധാന ഗ്രന്ഥങ്ങൾ. രാമായണ വായനയുടെ ഒരു ദിവസത്തെ ചിത്രം എന്റെ മനസ്സിൽ പതിഞ്ഞുകിടക്കുന്നു.

നല്ല മഴക്കോളുള്ള ഒരു ദിവസം. ഞാൻ വടക്കിനിയുടെ വരാന്തയിൽ ഞാൻ കളിച്ചുകൊണ്ടിരുന്നു സത്യൻ, എന്തിനാണെന്നോർക്കുന്നില്ല—'പോലീസുകാരൻ പോലീസുകാരൻ' എന്നൊക്കെ വിളിച്ചുപറഞ്ഞ് എന്നെ ഭയപ്പെടുത്താൻനോക്കി. പോലീസുകാരന്റെ പ്രവൃത്തികളെപ്പററി എന്റെ അഭിപ്രായം അന്നു വളരെ വല്ലാത്ത ഒന്നായിരുന്നു. അയാളുടെ കയ്യിലൊരുത്തനകപ്പെട്ടാൽ മുതലയുടെ വായിൽപ്പെട്ട ജന്തുക്കളെപ്പോലെ പിന്നൊരിക്കലും അവനെ തിരിയെ കിട്ടുകയില്ലെന്നായിരുന്നു എന്റെ ദൃഢവിശ്വാസം. ഈ ഭയങ്കരശിക്ഷയിൽനിന്നു ഒരു സാധുകുട്ടി എങ്ങിനെ രക്ഷപ്പെട്ടുമെന്നറിയാതെ പ്രാണഭയത്തോടെ ഞാൻ വീട്ടിനുള്ളിലേയ്ക്കോടി. പോലീസുകാരൻ പിൻതുടരുന്നെന്ന ഭയം ഒട്ടത്തിൽപ്പോലും എന്നെ അസ്വാസ്ഥനാക്കി. വല്ലവിധവും അമ്മയുടെ അടുത്തെത്തി; ആസന്നമായ ആപത്തിനെപ്പററി പറഞ്ഞു കേൾപ്പിച്ചു അമ്മ അത്ര കാര്യമായി ഗണിച്ചില്ല. എങ്കിലും എനിക്കു വെളിയിലിറങ്ങാൻ തീരെ ധൈര്യം വന്നില്ല. അടുത്തു്, അമ്മുമ്മയുടെ വക മൂല നാലും കീറിയ ഒരു രാമായണം കിടപ്പുണ്ടായിരുന്നു. അതു കയ്യിലെടുത്തു അമ്മയുടെ മുറിയുടെ വാതലിനടുത്തിരുന്നു് പതുക്കെ ഞാൻ വായിച്ചുതുടങ്ങി മുറിയുടെ മുമ്പിലായി അങ്കണത്തെ ചുററി വിശാലമായ ഒരു വരാന്തയുണ്ടായിരുന്നു. മേഘച്ഛന്നമായ ആകാശമണ്ഡലത്തിൽനിന്നും സായംകാലത്തിലെ മങ്ങിയ വെളിച്ചം വരാന്തയിൽ പതിഞ്ഞു. ഗ്രന്ഥത്തിലെ കരുണമായ

ഏതോ ഒരു ഭാഗം വായിച്ചപ്പോൾ എൻെറ കണ്ണുകൾനിന്നും കണ്ണുനീർ പൊഴിഞ്ഞു. അമ്മൂമ്മ അതുകണ്ടുവേഗം വന്നു് കയ്യിൽനിന്നും പുസ്തകം പിടിച്ചുപറിക്കുകയാണു ചെയ്തതു്.

## വീട്ടിലും പുറത്തും

കുട്ടിക്കാലത്തു യാതൊരുവിധ സുഖാനുഭോഗങ്ങളും ഞാൻ അനുഭവിച്ചിരുന്നില്ല. നാട്ടിലെ ജീവിതത്തിൻെറ തോതു് അന്നു് ഇന്നത്തേതിൽനിന്നും വളരെ വളരെ കുറഞ്ഞതായിരുന്നു. കുടുംബത്തിൻെറ അന്തസ്സും മററും സൂക്ഷിച്ചിരുന്ന രീതികളോത്താൽ ഇന്നത്തെ പരിഷ്കാരികൾ ലജ്ജകൊണ്ടു തലതാഴ്ത്തും: പ്രത്യേകിച്ചും കുഞ്ഞുങ്ങളെ സൂക്ഷിച്ചു വളർത്തുന്ന ഏർപ്പാടു ഞങ്ങളുടെ വീട്ടിൽ തീരെ പതിവില്ലായിരുന്നു. കുട്ടികളെ ക്രമത്തിലധികം സൂക്ഷിക്കുന്നതു രക്ഷകർത്താക്കന്മാക്കു സൗകര്യമാകാമെങ്കിലും മററുള്ളവക്കു പ്രാണസങ്കടമാകുന്നു.

വീട്ടിലെ ജോലിക്കാരുടെ കീഴിലായിരുന്നു ഞങ്ങളുടെ വളർച്ച. ഉപദ്രവമില്ലാതെ കഴിക്കുന്നതിനുവേണ്ടി ഇരിക്കുന്നിടത്തുനിന്നും അനങ്ങുന്നതിനുപോലും അവർ ഞങ്ങളെ അനുവദിച്ചിരുന്നില്ല. എങ്കിലും രക്ഷിതാക്കളുടെ താലോലിപ്പിലും ശാസനത്തിലുംനിന്നു കിട്ടിയ സ്വാതന്ത്ര്യം ഈ അസ്വാതന്ത്ര്യത്തെ അത്രവകവച്ചില്ല. ഊണു്, ഉടുപ്പു്, അലങ്കാരം ഇവ ഒന്നിലും തന്നേ ഞങ്ങൾക്കൊരു നിശ്ചയവുമില്ലായിരുന്നു

ഞങ്ങളുടെ ആഹാരവും രുചികരമായിരുന്നുവെന്നുപറയുന്നതു ശരിയല്ല. വസ്ത്രധാരണത്തിൻെറ കഥ പിന്നെപ

റമേണ്ടതില്ല. അതിൻെറ ഒരു വിവരണം കേട്ടാൽ ഇന്ന ത്തെ കുട്ടികൾ നാണംകൊണ്ടു നെററിചുളിക്കും: പത്തുവ യസ്സു തികയുന്നത് നമുമ്പ് ഒരിക്കലും ഞങ്ങൾ ഷൂസിട്ടി രുന്നില്ല. തണുപ്പു തടുക്കാൻ ഒരുടുപ്പിൻമേൽ വേറൊരുടു പ്പ് ധാരാളം മതിയായിരുന്നു. അതിലൊരിക്കലും അതൃ പ്തിയും തോന്നിയിരുന്നില്ല. തയ്യൽക്കാരൻ 'നിയാമത്'ഉ ടുപ്പിനു പാക്കററുവെയ്ക്കുന്നകാര്യം മറന്നുപോയാൽ മാത്രം വാസ്തവത്തിൽ വലിയ ദുഃഖമായിരിക്കും. എത്ര പാവപ്പെ ട്ട വീട്ടിലെ കുഞ്ഞുങ്ങളായാലും അവരുടെ പാക്കററിൽ ഇടാൻ ചില "സ്ഥാവരജംഗമ" വസ്തുക്കൾ ഇല്ലാതെ വരി കയില്ലല്ലൊ. ഈശ്വരൻെറ കാരുണ്യംകൊണ്ട് കുഞ്ഞുങ്ങ ളുടെ കാര്യത്തിൽ ദരിദ്രൻേറയും ധനവാൻേറയും വീടുക ളിൽ വലിയ വ്യത്യാസമില്ല. ഞങ്ങൾക്കു ഓരോ ജോടി ചെരുപ്പുണ്ടായിരുന്നെങ്കിലും കാലിനു ഒരടിമുമ്പിലാണ് അതിൻെറ സഞ്ചാരം ഓരോ കാലടികൾ വെയ്ക്കുന്തോറും ചെരുപ്പു മുന്നോട്ടു തട്ടിനീക്കി അതിൻെറ ഉപയോഗം നി ശ്ശേഷം നിഷേധിച്ചുകൊണ്ടാണു ഞങ്ങൾ നടന്നിരുന്നതു്.

ആഹാരം, വിഹാരം, വേഷം, ഭൂഷാ എന്നിതിലെ ല്ലാം ഞങ്ങൾക്കും വീട്ടിലെ പ്രായംചെന്നവർക്കും അജഗജ ങ്ങളുടെ അന്തരമുണ്ടായിരുന്നു. വല്ലപ്പോഴുമൊക്കെ അവരെ ഒന്നുകാണാനായിരുന്നെന്നല്ലാതെ അടുക്കുന്നതിനുള്ള അ വകാശം ഞങ്ങൾക്കുണ്ടായിരുന്നില്ല. ഇന്നാകട്ടെ ഗുരുജന ങ്ങൾ കുട്ടികളുടെ കളിപ്പാട്ടങ്ങളായി തീർന്നിരിക്കുന്നു. ആവ ശ്യമുള്ള സാധനങ്ങൾ കിട്ടുന്നതിനും ഇന്നത്തെ കുട്ടികൾ ക്കു ഒരു വിഷമവുമില്ല. നേരെമറിച്ച് ഞങ്ങളുടെ കാല ത്തു ഏതു കാര്യം സാധിക്കുന്നതും അത്ര എളുപ്പമല്ല നിസ്സാരമായ സാധനങ്ങൾപോലും കിട്ടുന്നതു വിഷമമാ

യിരുന്നു. വലുതാകുമ്പോൾ എല്ലാം കിട്ടിക്കൊള്ളുമെന്നുള്ള ആശ, വിദൂരഭാവിയുടെ നിക്ഷേപത്തിൽ ദൃഷ്ടിപതിപ്പിച്ചു ഞങ്ങളെ നിരന്തരം സമാധാനിപ്പിച്ചുകൊണ്ടിരുന്നു. എന്തുകിട്ടിയാലും അതിന്റെ അററംവരെ രസമറിയാതെ ഞങ്ങൾ അകന്നു വെറുതേ വീട്ടിലിരുന്നില്ല. ഇന്നത്തെ കുബേരന്റെ കുട്ടികളോ? ആവശ്യമുള്ളതും ഇല്ലാത്തതും നിഷ്പ്രയാസം കിട്ടുന്നതുകൊണ്ട് ഉള്ളതിൽ പകുതിപോലും അവർ അനുഭവിക്കുന്നില്ല. ഏറിയകൂറും വെറും ദുർവ്യയം.

വീട്ടിലെ രണ്ടാമത്തെ നിലയുടെ തെക്കുകിഴക്കേമൂലയിലുള്ള ജോലിക്കാരുടെ മുറികളിലാണ് പകൽ മുഴുവൻ ഞങ്ങൾ കഴിച്ചുകൂട്ടിയിരുന്നത്. കറുത്തിരുണ്ട്, നീണ്ട തലമുടിയുമായി ശ്യാമൻ എന്നു് ഞങ്ങൾക്കൊരു ജോലിക്കാരനുണ്ടായിരുന്നു. 'ഖുല്‌നാ' ജില്ലയിലായിരുന്നു അവന്റെ വീട്ടു്. മുറിയുടെ നടുവിൽ എന്നെ കൊണ്ടിരുത്തി, നാലുചുററും ചോക്കുകൊണ്ടു വരയിട്ടു്, കണ്ണുരുട്ടി വിരൽനീട്ടിക്കൊണ്ടു് വരയ്ക്കു വെളിയിൽ പോയാലുള്ള ആപത്തുകളെപ്പററി അവൻ എന്നിക്കു ഗൗരവത്തിൽ മുന്നറിവുതരും. ആപത്തു ആധിഭൗതികമോ ദൈവികമോ എന്നറിവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും വല്ലാത്ത ഒരു ഭയം എന്നെ ആവരണം ചെയ്തിരുന്നു. ലക്ഷ്മണൻ വരച്ച രക്ഷാവലയത്തിൽനിന്നും വെളിയിൽ പോയതുകൊണ്ടു സീതയ്ക്കുണ്ടായ ആപത്തുകൾ ഞാൻ കേട്ടിട്ടുണ്ടായിരുന്നു. അതിനാൽ അവരും ഒരു വിശ്വാസിയെപ്പോലെ വരവിട്ടുവെളിയിൽ പോകുന്നതിനു എനിക്കു തീരെ ധൈര്യമുണ്ടായില്ല.

മറിയുടെ ജന്നലിന്റെ നേരെ താഴെയായി, ധാരാളം പടികൾ കെട്ടിയിറക്കീട്ടുള്ള ഒരു കുളവും, കുളത്തിന്റെ കിഴക്കുവശത്തു്, തോട്ടത്തിലെ മതില് നോട്ടു ചേന്ന അത്യുന്നതമായ ഒരാൽവൃക്ഷമുണ്ടായിരുന്നു. തെക്കുവശത്തു മനോഹരമായ തെങ്ങിൻകൂട്ടം. ശ്യാമന്റെ വലയത്തിൽപെട്ട ഞാൻ ജന്നലിലെ അഴികളുടെയിടയിൽക്കൂടി പകൽ മുഴുവൻ ഒരു ചിത്രശാലയിലെന്നപോലെ മുൻഭാഗത്തെ കാഴ്ചകൾ നോക്കി കഴിഞ്ഞുകൂട്ടും. പ്രഭാതം മുതൽ ഞങ്ങളുടെ അയൽക്കാർ കുളത്തിൽ കുളിക്കാൻ വരുമായിരുന്നു. അവരിൽ ഓരോരുത്തരുടെയും വരവിനുള്ള ക്ലിപ്തസമയം, കുളിയുടെ രീതി, ഇതെല്ലാം എനിക്കു നല്ല നിശ്ചയമാണു്. ഒരുത്തൻ ദിവസവും കാതുകൾരണ്ടും വിരൽകൊണ്ടുപൊത്തി "പടപടാ" എന്നു കുറേനേരം വെള്ളത്തിലിറങ്ങി മുങ്ങിയിട്ടു വേഗത്തിൽകയറിപ്പോകും. വേറൊരുത്തൻ തലമുക്കാതെ തോർത്തു നനച്ചു രണ്ടുമൂന്നു തവണ തലതോർത്തുക മാത്രമേ ചെയ്യുകയുള്ളു. ഇനിയൊരുത്തൻ കൈകൊണ്ടു് വെള്ളത്തിൽ പലതവണ വെട്ടിയിട്ടു പെട്ടെന്നു് ഒന്നു മുങ്ങും, നാലാമതൊരുത്തനു്, കുളത്തിലിറങ്ങുന്നതിനുമുമ്പു് അവതാരിക ഒന്നും തന്നെയില്ല, മുകളിലത്തെ പടിയിൽ നിന്നുകൊണ്ടു് കുതിച്ചൊരു ചാട്ടം. പിന്നൊരുത്തൻ ഉറക്കെ സ്തോത്രങ്ങൾ ചൊല്ലി പതുക്കെപ്പതുക്കെ ഓരോ പടിയായി വെള്ളത്തിലിറങ്ങും. ഒരുത്തനു് എന്നും വലിയധൃതിതന്നെ. കുളിച്ചുകുളിച്ചില്ല എന്നാക്കി അവൻ വീട്ടിലേയ്ക്കോട്ടം. ഇനിയൊരുത്തൻ ധൃതിയെന്നു പറഞ്ഞുതേയില്ല. 'സാ' മട്ടിൽ കുളികഴിഞ്ഞു് പതുക്കെ ദേഹമെല്ലാം തിരുമ്മി, കൊണ്ടുവരുന്ന മുണ്ടും മാറി, സൌന്ദര്യവും നോക്കി, തോട്ടത്തിൽ വല്ല പൂവും പറിച്ചു മണപ്പിച്ചുകൊണ്ടു് അ

ന്നനടയിൽ അവൻ വീട്ടിലേയ്ക്കു മടങ്ങും. ദിവസവും ഒരു മണിയോളം ഇതുതന്നെ കാര്യപരിപാടി. അതുകഴിഞ്ഞാൽ കുളക്കടവു് ജനശൂന്യമായി അരയന്നങ്ങൾ മാത്രം തലമുക്കി പുഴുക്കൾ തേടിയും കൊക്കുകൊണ്ടു ചിറകുകൾ മിനുക്കിയും പകൽ മുഴുവൻ കുളത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കും.

കുളിക്കാരുടെ ബഹളം കഴിഞ്ഞു് കുളം ശൂന്യമായാൽ എന്റെ ശ്രദ്ധ മുഴുവൻ ആൽവൃക്ഷത്തിന്റെ തണലിലേയ്ക്കു പതിയുകയുണ്ടായി. നാലു പുറവും പടൎന്നു കിടന്ന അതിന്റെ കവരങ്ങളിൽനിന്നും ധാരാളമായി പൊട്ടിയിറങ്ങിയ വിഴുതുകൾ, ആ പ്രദേശമെല്ലാം അന്ധകാരമയമായ ഒരു ജടിലത സൃഷ്ടിച്ചു ലോകത്തിന്റെ ഒരൊഴിഞ്ഞ കോണിലെ ആ നിഗ്രൂഢസ്ഥാനം ബ്രഹ്മസൃഷ്ടിയിൽ പെടാതെ, പ്രകൃതി നിയമങ്ങളിൽനിന്നും ഒഴിഞ്ഞുമാറിനില്ക്കുന്ന സ്വപ്നലോകത്തിലെ ഒരസംഭവകല്പനയാണെന്നു് എനിക്കു തോന്നിയിരുന്നു. ഈ രഹസ്യസങ്കേതത്തിലെ സന്ദർശകന്മാരാരെന്നും, അവരുടെ ക്രിയാകലാപങ്ങളെന്തെന്നും വിവരിക്കുന്നതിനു് ഇന്നു ഞാൻ ശക്തനല്ല. ഈ വൃക്ഷത്തെപ്പറ്റി വളരെക്കാലം കഴിഞ്ഞു് ഞാൻ ഒരു കവിതയെഴുതി. അതിന്റെ ഒരു ഭാഗം താഴെ ചേർക്കുന്നു.

നിശിദിശി ബാധിയേ ആശ്രമേ മാഥായ് ലൊഥയേ ജട,
ഘോരാടാ ഘോരലേടിർമനേകി പാദധഗാമഗോ പ്രാചീന്,
[വട?

(തപശ്ചര്യയിലേർപ്പെട്ട താപസേശ്വരനെപ്പോലെ ജടാജാലങ്ങളണിഞ്ഞ വടവൃക്ഷമേ! പഴമ സ്നേഹിതനായ ഒരു ചെറുകുട്ടിയെ നീ വല്ലപ്പോഴുമൊന്നോൎക്കുന്നുണ്ടോ?)

ഹാ! ഇന്നു് ആ വടവൃക്ഷമെവിടെ? വനസ്പതിയുടെ കണ്ണാടിയായിരുന്ന ആ പുഷ്കരണിയുമെവിടെ? അന്നത്തെ പതിവുകുളിക്കാരിൽ അധികംപേരും അതുപോലെ

തന്നെ അന്തർദ്ധാനം ചെയ്തുപോയി. . എന്നാൽ ജന്നലിലെ ബാലനാകട്ടെ ഇന്നു താരുണ്യമെല്ലാം തരണംചെയ്തു് താൻ തന്നെ നാലുചുറവും വലിച്ചെറിഞ്ഞ നാനാവിധങ്ങളായ പാശങ്ങളുടെ ജടിലതയ്ക്കിടയിൽ സുദിനദുർദ്ദിനങ്ങളുടെ ധാരാധാരരൌദ്രപാതങ്ങൾ എണ്ണി എണ്ണി ഇതാ കാലം കഴിക്കുന്നു

വീട്ടിനു വെളിയിൽ പോകുന്നതിനു ഞങ്ങൾക്കു അനുവാദമുണ്ടായിരുന്നില്ല അകത്തുതന്നെ ചില ക്ലിപ്തസ്ഥലങ്ങളൊഴികെ വേറൊന്നും ഞങ്ങൾ കണ്ടിരുന്നില്ല. പ്രകൃതിയുടെ സൗന്ദര്യം ജന്നലിൽ കൂടിയുള്ള കാഴ്ച അനുവദിച്ചിടത്തോളം മാത്രം ഞാൻ കണ്ടു. 'ബാഹ്യ'മെന്ന ഒരു സ്വാതന്ത്ര്യവസ്തു എനിക്കതീതമായിനിന്നു് അതിന്റെരൂപരസഗന്ധസ്പർശാദി ജാലവിദ്യകൾകൊണ്ടു എന്നെ ആകർഷിക്കാൻ ശ്രമിച്ചു. ജന്നലിന്റെ ഇരുമ്പഴികളിൽക്കൂടിഎന്നോടു ഹൃദയമലിഞ്ഞു കളിപ്പാൻ അതു പലപ്പോഴുമാഗ്രഹിച്ചു. പക്ഷെ അതിനു സ്വാതന്ത്ര്യം, എനിക്കുബന്ധം; ഞങ്ങൾക്കു തമ്മിൽ സൗഹാർദ്ദമെവിടെ? എങ്കിലും ഈ അവസ്ഥ ഞങ്ങളുടെ പരസ്പരമുള്ള സ്നേഹത്തിന്റെ ശക്തിയെ വർദ്ധിപ്പിച്ചതേയുള്ളു. അന്നത്തെ ഛായകൊണ്ടുള്ള വര ഇന്നു മാഞ്ഞുപോയി; എങ്കിലും ആ വടിവിന്റെ ശക്തി ഇനിയും ശേഷിച്ചുതന്നെ കിടക്കുന്നു. ദൂരത്തിലിരുന്നതു്, ഇന്നും ദൂരത്തിൽ; ബാഹ്യം ഇന്നും ബാഹ്യം കൂട്ടിലിട്ട കിളി വാനംപാടിയുടെ സ്വാതന്ത്ര്യം എങ്ങിനെ ആസ്വദിക്കും?

വീട്ടിലെ മട്ടുപ്പാവുകളുടെ കയ്ച്ചുവരുകൾ എന്നെക്കാൾ പൊക്കം കൂടിയവയായിരുന്നു. കുറച്ചുകൂടി വളൎന്നു് വേലക്കാരുടെ ഏകശാസനത്തിൽനിന്നു അല്പമൊരാശ്വാസം കിട്ടിയപ്പോൾ എനിക്കു വേറൊരു സൗകര്യംലഭിച്ചു.

ആയിടെ വീട്ടിൽ വന്നുചേൎന്നു് ഒരു നവവധുവിന്റെ കൂട്ടുകാരനായിട്ടു ഞാൻ നിയുക്തനായി. ഒരു ചെറിയ ബുദ്ധിമതിയും അതിലെനിക്കു കിട്ടാതിരുന്നില്ല. പുതുതായി കിട്ടിയ ഉദ്യോഗപ്രൗഢിയിൽ ചിലപ്പോഴെല്ലാം മദ്ധ്യാഹ്നവേളയിൽ മട്ടുപ്പാവും ഞാൻ സന്ദർശിച്ചിരുന്നു. വീട്ടിലെല്ലാരും ഊണുകഴിഞ്ഞാൽ ജോലി ഒതുങ്ങിയതുകൊണ്ടു്, അന്തഃപുരവും വിശ്രമം തുടങ്ങും. നനഞ്ഞ വസ്ത്രങ്ങൾ ഉണങ്ങുന്നതിനുവേണ്ടി മട്ടുപ്പാവിൽ വിരിച്ചിരിക്കും. പുറമുററത്തൊരു കോണിൽ കിടക്കുന്ന എച്ചിൽച്ചോറു കൊത്തിപ്പെറുക്കാൻ വരുന്ന കാക്കകൾ. അവിടെ സഭകൂടി പ്രസംഗം നടത്തും. ഇത്തരം നിർജ്ജനതയുടെ നിശ്ശബ്ദതയിലാണു് മട്ടുപ്പാവിലെ കയ്ച്ചുവരുകളുടെ ദ്വാരങ്ങളിലൂടെ ഈ കൂട്ടിലെ ചെറുപക്ഷി സ്വതന്ത്രപക്ഷിയുമായി ചുണ്ടോടുചുണ്ടു നീട്ടി അല്പമൊരു പരിചയം സമ്പാദിക്കുന്നതു്.

വെളിയിലേക്കു നോക്കിയാൽ അന്നു ആദ്യമായി കാണുന്നതു് തോട്ടത്തിന്റെ അററത്തു നിൽക്കുന്ന തെങ്ങിൻകൂട്ടങ്ങളായിരുന്നു. അതുകളുടെ ഇടയിൽക്കൂടി അപ്പുറത്തായി ഏതാനും ചെറിയ കുടിലുകളും അതിന്റെമദ്ധ്യേ ഒരു കുളവും കാണാം കുളത്തിന്റെ കരയിലാണു് ഞങ്ങളുടെ പാൽക്കാരി താരയുടെ താമസം. അകലെയായി, കൽക്കത്താനഗരത്തിലെ പല പല നിറത്തിലും തരത്തിലുമുള്ള കെട്ടിടങ്ങളുടെ മുകൾപ്പരപ്പുകൾ മദ്ധ്യാഹ്നസൂര്യന്റെതീവ്രകാന്തിയിൽ മുങ്ങി, കിഴക്കുദിക്കിൽ അല്പം നീലിമകലരുന്ന ആകാശതലത്തെക്കു പൊന്തിനിൽക്കുന്നു. അവയിൽ ചിലവ, വെളിയിലേക്കു തങ്ങിനിൽക്കുന്ന ഏണിപ്പടികളാകുന്ന വിരലുകൾ നീട്ടി അകത്തുള്ള രഹസ്യങ്ങൾ എനിക്കു ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു. മാളികകളുടെ നടക

ളിൽ കാണുന്നിൽക്കുന്ന പിച്ചക്കാർ അവയുടെ ബലമേറിയ ഭിത്തികൾക്കുള്ളിൽ കാണാവുന്ന അനർഘരത്നങ്ങളെപ്പററി മനപ്പായസം കടിക്കുന്നപോലെ, ദൂരെ കാണുന്ന ഭവനങ്ങളിലെ സ്വാതന്ത്ര്യം ഞാൻ കൊതിച്ചു മുകളിൽ അസഹ്യമായ ചൂട്; അത്യുന്നതമായ ആകാശത്തിലെ ഏതോ കോണിൽനിന്ന് ഒരു കൃഷ്ണപ്പരുന്തിൻെറ തീക്ഷ്ണശബ്ദം എൻെറ കാതുകളിൽ വീണു. മദ്ധ്യാഹ്നത്തിൽവിശ്രമമനുഭവിക്കുന്ന വീടുകളുടെ നടയിൽക്കൂടെ "ചീപ്പ്, പിച്ചാത്തി, കളിപ്പാട്ടം" എന്ന് ഏതാനും നിമിഷം പ്രതിധ്വനിക്കുന്ന വേററൊരു ശബ്ദം വെളിയിൽ എൻെറ സമസ്തഹൃദയവും ഒരു ഏകാന്തസുഖം അനുഭവിച്ചു.

അച്ഛൻ അപൂർവമായിട്ടേ വീട്ടിൽ താമസിച്ചിരുന്നുള്ളു. അധികകാലവും അദ്ദേഹം ദേശസഞ്ചാരംചെയ്താണ് കഴിച്ചുകൂട്ടിയിരുന്നതു്. മൂന്നാമത്തെ നിലയിലെ അദ്ദേഹത്തിൻെറ മുറികൾ എപ്പോഴും അടച്ചിരിക്കും. ജാലകങ്ങളിൽക്കൂടി കൈ അകത്തിട്ടു സാക്ഷനീക്കി കതകു തുറന്നു മുറയിൽ കയറി അതിൽ തെക്കെഅററത്തുള്ള ഒരു കട്ടിലിൽചെന്നു കിടക്കുന്നതു് എൻെറ ഉച്ചനേരത്തെ ഒരു വിനോദമായിരുന്നു. വളരെ നാളായി അടച്ചിട്ടിരിക്കുന്ന മുറി; അതിലെ പ്രവേശമോ അനുവാദംകൂടാതെ ഇതെല്ലാംതന്നെ, എന്തോ അനിർവചനീയമായ ഒരു രഹസ്യഷായ നറംകി കൂടാതെ മുറിയോടു തൊട്ടുകിടക്കുന്ന വിജനമായ വിസ്തൃവരാന്തയിൽ സൂര്യൻെറ രശ്മികൾ ധാരാളമായി പതിഞ്ഞിരുന്നു. അതും എൻെറ വികാരങ്ങളെ സ്പർശിച്ചു.

ഇതിനുപുറമെ, അവിടെ വേറൊരാകർഷകവസ്തുകൂടി ഉണ്ടായിരുന്നു. കൽക്കത്താ പട്ടണത്തിൽ ജലവിതരണപദ്ധതി ഏർപ്പെടുത്തിയതു അന്ന് ആദ്യമായിരുന്നു. അ

തിൻെറ പുത്തുമേളത്തിൽ അധികൃതർ യാതൊരു ലോഭവും കാണച്ചില്ല. ഇൻഡ്യാക്കാർ അധിവസിക്കുന്ന സ്ഥലങ്ങളിൽക്കൂടി പെട്ടെന്നു് കുഴൽവെള്ളത്തിനു മാർഗ്ഗമുണ്ടായി. അച്ഛൻെറ മുറികളിലും അന്നത്തെ സുവൎണ്ണയുഗത്തിൽ അതുപ്രവേശിച്ചു. കുളിമുറിയിലെ കുഴൽ തുറന്നു് മനംകുളർക്കെ കുളിക്കുന്നതും അക്കാലത്തു എൻെറ പതിവായിരുന്നു. കുളിയുടെ സുഖത്തെപ്പററി ഞാൻ വിചാരിച്ചില്ല; അമ്മാതിരിയുള്ള അത്ത്രഹങ്ങൾക്കു ഒരു പോം വഴി കിട്ടുന്നതാണു വലിയൊരു സമാധാനം. ഒരു വശം സ്വാതന്ത്ര്യലാഭത്തിലുള്ള സന്തോഷം, മറുവശം പിടിക്കൂടുമോ എന്നുള്ള ഭയം ഇങ്ങനെ രണ്ടുംകൂടി ചേൎന്നപ്പോൾ മുൻസിപ്പാലിററിയിലെ കുഴൽവെള്ളത്തിൻെറ ധാര എൻെറ മനസ്സിൽ പുളകശരങ്ങൾ വർഷിച്ചു.

ബാഹ്യലോകവുമായുള്ള സംസൎഗ്ഗം എത്രത്തോളം എനിക്കു ദുർല്ലഭമായിരുന്നോ, അതിൽ നിന്നുള്ള ആനന്ദം അത്രയ്ക്കും കൂടുതലായിവന്നു. ഉപകരണങ്ങൾ ധാരാളമാകുമ്പോൾ അതിൻെറ സുഖാനുഭൂതിയിൽ മനസ്സ് അലസവും വിരക്തവുമാകുന്നു. യഥാൎത്ഥമായ ആനന്ദത്തിനു് സാധനങ്ങളുടെ ബാഹ്യരൂപങ്ങളെക്കാൾ ആന്തരഗുണങ്ങളാണു കൂടുതൽ സഹായിക്കുന്നതെന്നറിയാതെ സാധാരണമായി അവയുടെ ബഹിർഭാഗങ്ങളിൽ മാത്രം നാം ശ്രദ്ധിക്കുന്നു. ശൈശവം മനുഷ്യനെ പഠിപ്പിക്കുന്ന പാഠങ്ങളിൽ വച്ചു് അതിപ്രധാനം ഇതാകുന്നു അന്നു നമുക്കു നമ്മുടെ ആവശ്യത്തിനു അതു ധാരാളം. കൂടുതൽ കളിക്കോപ്പുകളുള്ള ഒരു കുട്ടിക്കു് കളിയിൽ നിന്നു് കുറഞ്ഞൊരു ആനന്ദമേ ലഭിക്കുകയുള്ളു.

വീട്ടിനോടുചേൎന്നു ഞങ്ങൾക്കൊരു തോട്ടമുണ്ടായിരുന്നു. അതു തോട്ടമെന്നു പറയുന്നതു പക്ഷെ ശരിയല്ലായിരിക്കാം.

ഒരു ചെറുനാരകം, ഒരു കൂവളം, ഒരുവരിതെങ്ങു്, ഏതാനും ചെടികൾ ഇതായിരുന്നു അതിലെ സമ്പത്തു് തോട്ടത്തിന്റെ മദ്ധ്യത്തായി ഗോളാകൃതിയിൽ ഒരു തട്ടുമുണ്ടായിരുന്നു. അതിന്റെ വശങ്ങളിൽ പുല്ലുകളും ചെടികളും ധാരാളം പററിപ്പിടിച്ചിരുന്നു. സൂക്ഷിക്കാഞ്ഞാലും നശിക്കാത്ത ചില പൂച്ചെടികൾ മാത്രം, തോട്ടക്കാരനോടു യാതൊരു പരിഭവവുമെന്യേ തങ്ങളുടെ കൃത്യം മുറയ്ക്കു നിർവഹിച്ചുപോന്നു. വടക്കേ മൂലയിൽ ഒരു നെല്ലുകുത്തുപുര നിന്നു. വീട്ടിലെസ്ത്രീകൾ പലേആവശ്യത്തിനായി അങ്ങോട്ടുപോകുന്നതും അടിയ്ക്കടി കാണാം. എന്നാൽ കൽക്കട്ടയിലെ ഗ്രാമീണജീവിതത്തിന്റെ പുലകുളിയും നടത്തി ആ നെല്ലുകുത്തുപുര അധികം താമസിയാതെ അവിടെ നിന്നും എന്നന്നേയ്ക്കുമായി മറഞ്ഞു.

ആദമിന്റെ 'ഏദൻ' തോട്ടം ഞങ്ങളുടെ തോട്ടത്തിനേക്കാൾ സുന്ദരമായിരുന്നുവെന്നു എനിയ്ക്കു വിശ്വാസമില്ല. ആദമിനെപ്പോലെതന്നെ അദ്ദേഹത്തിന്റെ തോട്ടവും ആവരണഹീനമായിരിക്കണം. അലങ്കരണത്തിനുള്ള ഉപകരണങ്ങൾ ആവശ്യമെന്നു അവർക്കുതോന്നിയില്ല. ജ്ഞാനവൃക്ഷത്തിന്റെ ഫലം തിന്നു് ദാഹിച്ചതിനു ശേഷമായിരുന്നു, മനുഷ്യനു് ആവരണത്തിലും അലങ്കരണത്തിലും ആഗ്രഹം ജനിച്ചതു്. ഞങ്ങളുടെ തോട്ടം വാസ്തവത്തിൽ എന്റെ നന്ദനോദ്യാനമായിരുന്നു. ശരൽക്കാലത്തിലെ പ്രഭാതങ്ങളിൽ ഉണന്നു കഴിഞ്ഞാലുടൻ തോട്ടത്തിലേക്കോടുന്നതു് ഇന്നും നല്ല ഓർമ്മയുണ്ടു്. മഞ്ഞുതുള്ളികൾ നിറഞ്ഞ പൂക്കളും തളിരുകളും മന്ദസുരഭിയായ മാരുതനെ അയച്ചു എന്നെ സ്വാഗതം ചെയ്യും. മനോഹരമായ പ്രഭാതം സ്നിഗ്ദ്ധകോമളമായ കിരണജാലങ്ങൾ തൂകി, കിഴക്കുഭാഗത്തെ മതിൽക്കെട്ടിന്മീതെ ചെറുതാ

യിളകുന്ന തെങ്ങോലകൾക്കിടയിലൂടെ എൻെറ നേരെ സസ്നേഹം പുഞ്ചിരി തൂകും

വീട്ടിൻെറ വടക്കുഭാഗത്തു വേറൊരു വെളിസ്ഥലമുണ്ടായിരുന്നു സാധാരണ കളമെന്നാണ് അതിനെ എല്ലാവരും പറഞ്ഞുവരുന്നതു്. പേരുകൊണ്ടു ഊഹിക്കേണ്ടതു ഏതോ ഒരു കാലത്തു് ആ സ്ഥലം ധാന്യങ്ങളും മററും ഉണക്കി ശേഖരിക്കുന്നതിനു് ഉപയോഗിച്ചിരുന്നുവെന്നു വേണമല്ലൊ. പട്ടണത്തിനും ഗ്രാമത്തിനുമായി, ശൈശവത്തിൽ സഹോദരനും സഹോദരിക്കുമുള്ളപോലെ അന്നത്തു വളരെ അടുത്തബന്ധം ഉണ്ടായിരുന്നു. എന്നാൽ ഇന്നോ, അവയുടെ ബന്ധം മഷിയിട്ടുതന്നെനോക്കേണ്ടിയിരിക്കുന്നു.

ഒഴിവു സമയങ്ങളിൽ അവസരം കിട്ടുമ്പോഴെല്ലാം ഞാൻ ആ കളത്തിൽ പോയിരിക്കും. കളിക്കാനാണു അങ്ങോട്ടുപോകുന്നതെന്നുള്ളതു ശരിയല്ല. കളികളെക്കാൾ കൂടുതൽ ആ സ്ഥലത്തിനു ഒരു ആകർഷണമുണ്ടായിരുന്നു അതെങ്ങിനെ എന്നെനിക്കു് അറിഞ്ഞുകൂടാ വീട്ടിനടുത്തു വിജനമായ ഒരു സ്ഥലമായിരുന്നതിനാൽ അതിനെന്നോ ചില പ്രത്യേക വാത്സല്യം എന്നോടുണ്ടായിരിക്കാം അതു വീടല്ല, കച്ചേരിയുമല്ല. വീട്ടിനു വെളിയിൽ ആർക്കും ആവശ്യമില്ലാത്ത ഒരു വെറുംസ്ഥലംമാത്രം. ഒരു പച്ചയാകട്ടെ സൗന്ദര്യമാകട്ടെ അതിനില്ല. അതുതന്നെ ആയിരിക്കാം ഒരു ബാലൻെറ കല്പനാവിലാസത്തിൻെറ സ്വച്ഛന്ദവിഹാരത്തിനു് അവിടെ സ്വാതന്ത്ര്യം ലഭിച്ചതു്. രക്ഷകന്മാരുടെ പിടിയിൽനിന്നും പഴുതു കിട്ടുമ്പോഴൊക്കെ പിന്മാറി ഇവിടെ വന്നുചേർന്നാൽ അന്നു ഹാ! എന്തൊരാശ്വാസം!

വീട്ടിനുള്ളിലും ഇനിയൊരു സ്ഥലമുണ്ടായിരുന്നു. അതു ഏതാണെന്നു് വ്യവച്ഛേദിക്കുന്നതിനു എനിക്കു ഇ

തേവരെ സാധിച്ചിട്ടില്ല. ഒന്നിച്ചു കളിച്ചിരുന്ന എൻെറ ഒരു കൂട്ടുകാരി അതിനെ കൊട്ടാരമെന്നാണു പറഞ്ഞിരുന്നതു്. 'ഇന്നു ഞാൻ അങ്ങോട്ടു പോയിരുന്നു' എന്നു കൂടക്കൂടെ അവൾ പറയുന്നതു കേൾക്കാം. എന്നാൽ ഒരു ദിവസവും, എനിക്കുകൂടി അവിടെ പോകാനുള്ള ഭാഗ്യം കിട്ടിയില്ല. ഏതിനും അതു ആശ്ചര്യകരമായ ഒരു സ്ഥലംതന്നെ ആയിരുന്നിരിക്കണം. കളികൾപോലെ അവിടുത്തെ കളിക്കോപ്പുകളും വളരെ വിശേഷപ്പെട്ടവ ആയിരുന്നുപോൽ. സ്ഥലം അത്ര ദൂരെ അല്ല; ഒന്നാമത്തെ നിലയിൽ അല്ലെങ്കിൽ രണ്ടാമത്തെ നിലയിലായിരിക്കണം, പക്ഷെ അവിടെ പോകുന്ന കാര്യം ഒരുത്തർക്കും അത്ര എളുപ്പമല്ല. 'കൊട്ടാരം വീട്ടിനകത്തോ അതോ പുറത്തോ' എന്നു് ഞാൻ പലപ്പോഴും അവളോടു ചോദിച്ചു. 'ഇല്ല, അതു് ഞാൻ പറഞ്ഞുതരില്ല' എന്നായിരിക്കും അവളുടെ മറുപടി. വീട്ടിലെ മുറികളെല്ലാം ഞാൻ കണ്ടിട്ടുണ്ടു്. ആ സ്ഥലം പിന്നെവിടെ? എന്നു ഞാൻ പലപ്പോഴും ആലോചിച്ചു. കൊട്ടാരത്തിലെ രാജാവാരു്? എന്നു ഒരിക്കലും ഞാൻ ചോദിച്ചില്ല. രാജതാമെവിടെ ആണെന്നുള്ളതു ഇന്നും അറിയാതെ തന്നെ ഇരിക്കുന്നു. അതു് വീട്ടിനകത്തുതന്നെ എന്നുമാത്രം ഞാൻ അറിഞ്ഞുകഴിഞ്ഞു

ബാല്യദശയിലേക്കു തിരിഞ്ഞുനോക്കിയാൽ പ്രധാനമായി നാം കാണുന്നതു് ജീവിതത്തെ വലയംചെയ്തിരുന്ന പല രഹസ്യങ്ങളുമാണു്. എല്ലാത്തിലും കുടികൊള്ളുന്ന ഒരു അഗമ്യതയും അതേപ്പററി അറിയാനുള്ള വിചാരവുമാണു് നമ്മുടെ മനസ്സിൽ എപ്പോഴും ജാഗ്രത്തായിരിക്കുന്നതു്. പ്രകൃതി, കൈചുരുട്ടി 'എന്താ എൻെറ കൈയിലുള്ളതു പറയൂ' എന്നു നമ്മോടു ചോദിക്കുന്നതുപോലെ

തോന്നും. എന്തെല്ലാം കയ്യിലിരിക്കാൻ ഇടയുണ്ടെന്നുള്ളതു നമുക്കറിയാൻ വിഷമം.

തെക്കേവരാന്തയ്ക്കരികത്തായി ഒരു ആപ്പിൾക്കുരു കുഴിച്ചിട്ടു് വെള്ളംകോരിയ കഥ ഞാനോക്കുന്നു കുരുവിൽനിന്നു വൃക്ഷമുണ്ടാകുമെന്ന വാർത്ത എനിക്കു വലിയ വിസ്മയംനൾകി. ആപ്പിൾകുരുവിനു ഇന്നും അങ്കുരമുണ്ടു്; എന്നാൽ മനസ്സിലെ ആ വിസ്മയാങ്കുരം ഇന്നു കാണുന്നില്ല, അതൊരിക്കലും ആപ്പിളിൻെറ ദോഷമല്ല, മനസ്സിൻെറയു മാത്രം.

ഒരിക്കൽ ഞങ്ങൾ അടുത്ത വീട്ടിലെ തോട്ടത്തിൽനിന്നു കുറെ കല്ലുകൾ മോഷ്ടിച്ചുകൊണ്ടുവന്നു് ഞങ്ങളുടെ വായനമുറിയുടെ കോണിൽ ഒരു കുന്നുനിർമ്മിക്കാൻതുടങ്ങി. കല്ലുകളുടെ ഇടയിൽ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടിപിഴുതെടുത്ത ചില പച്ചച്ചെടികളെ വളർത്താനുള്ള ബദ്ധപ്പാടിൽ അവ വാടിക്കരിയുന്നതുവരെ ഞങ്ങൾ പെട്ടത്തിയ പാട്ടു് ചെടികളായതുകൊണ്ടു സഹിച്ചു. ആ ചെറിയ കുന്നിനോടുള്ള സന്തോഷം പറഞ്ഞറിയിക്കാനസാദ്ധ്യം. വീട്ടിലുള്ള മററുള്ളവക്കും ഇതിൽ വളരെ സന്തോഷമായിരിക്കുമെന്നായിരുന്നു ഞങ്ങളുടെ വിശ്വാസം. ആ വിശ്വാസത്തിൻെറ പരിശോധനാദിവസം പർവതവും വൃക്ഷങ്ങളും ഒന്നോടെ വെളിക്കുപാടി. പഠിത്തമുറി പർവതസൃഷ്ടിക്കുള്ളതല്ലെന്നു നിർദ്ദയം വീട്ടിൽ നിന്നറിയിച്ചപ്പോൾ ഞങ്ങൾക്കുണ്ടായ നിരാശയ്ക്കു് അതിരില്ല. കുട്ടികളുടെ കളിയിൽ പ്രായംചെന്നവരുടെ അഭിപ്രായത്തിനു് എത്രകണ്ടു വ്യത്യാസം കാണുന്നു? മുറിയിൽനിന്നും വാരി എറിഞ്ഞ കല്ലിൻെറ ഭാരം മുഴുവൻ അന്നു് എൻെറ മനസ്സിൽ തങ്ങിയതുപോലെ തോന്നി.

പ്രകൃതിയിലുള്ള വസ്തുക്കളോടെല്ലാം അന്നു ഞങ്ങൾക്ക അതിരററ രസമുണ്ടായിരുന്നു. ഭൂമി, ജലം, വൃക്ഷങ്ങൾ ചെടികൾ, ആകാശം ഇവയെല്ലാം ഞങ്ങളോട്ട് അടുത്ത ബന്ധത്തിൽത്തന്നെ. മനസ്സ് ഒരിക്കലും ഉദാസീനമായിരുന്നില്ല. ഭൂമിയുടെ ഉപരിതലമല്ലാതെ അധഃസ്ഥലം കാണാൻ കഴിഞ്ഞില്ലല്ലോ എന്ന് എത്രയോ നാൾ ഞങ്ങൾ ദുഃഖിച്ചു. മുകളിലത്തെ മണ്ണെല്ലാം കുഴിച്ച് അതിന്റെ അടി ഒന്നു കാണാനുള്ള പണികൾ പലതും ഞങ്ങൾ ആലോചിച്ചു. ഒന്നിനമേൽ ഒന്നായി മീതേമീതേ മുളകൾ താഴ്ത്തിയാൽ പക്ഷെ ഭൂമിയുടെ അടിത്തട്ടിൽ എന്താണെന്നറിയാമെന്നുകൂടി ആലോചിക്കാതിരുന്നില്ല.

മാഘോത്സവം സംബന്ധിച്ചു വിളക്കുമരത്തിനുവേണ്ടി നടമുററത്തു നാലുപാടും തൂണുകൾ നാട്ടുന്ന പതിവുണ്ടായിരുന്നു. അതിനു കുഴിതോണ്ടുന്ന ചടങ്ങ് മാഘമാസം ഒന്നാംതീയതി തുടങ്ങും. ഉത്സവത്തിന്റെ ആരംഭംമുതൽ അവസാനംവരെ കുട്ടികൾക്കെല്ലാം ഉത്സാഹമാണല്ലോ. തൂണുനാട്ടൽ പ്രത്യേകിച്ചും എനിക്ക വളരെ കൗതുകമുള്ള ഒന്നായിരുന്നു. എല്ലാക്കൊല്ലവും കുഴിതോണ്ടുന്നതു കാണാൻ ഞാൻ അടുത്തു ചെന്നുനിൽക്കും. കുഴികൾ ക്രമേണ വലുതായി തോണ്ടുന്നവനെ മിഴുങ്ങിത്തുടങ്ങിയാലും ഒരു സഗരപുത്രന്റെയും പാതാളയാത്രയുടെ തെളിവുകളൊന്നും പ്രത്യക്ഷമായിരുന്നില്ല. എങ്കിലും ഓരോനിമിഷവും ഒരു രഹസ്യപ്പെട്ടിയുടെ മൂടി കുറേശ്ശെ കുറേശ്ശെ ഇളകിപ്പോകുന്നതായിട്ടെനിക്കുതോന്നി. ഒന്നുകൂടെ കുഴിച്ചാൽ എത്തിപ്പോകുമെന്ന് എപ്പോഴും തോന്നും. എത്രയോ കൊല്ലങ്ങൾ വീണ്ടും ഇങ്ങനെ മറയുള്ള കുഴി കുഴിച്ചു. ഭൂമിയുടെ അടിത്തട്ട് ഇന്നും കണ്ടിട്ടില്ല. കർട്ടൺ ഒന്നു വ-

റിഞ്ഞു; പക്ഷെ പൊങ്ങിയില്ലെന്നു മാത്രം. എന്തും ചെയ്യാൻ കഴിയുന്ന വലിയവരെന്താ താഴോട്ടൊന്നിറങ്ങാതെ മുകൾപരപ്പിൽ തന്നെ പററിപ്പിടിച്ചിരിക്കുന്നതു് എന്നായിരുന്നു എൻെറ സന്ദേഹം. ഞങ്ങളെപ്പോലുള്ളവക്കു ഒന്നിനും അധികാരമില്ല. അല്ലെങ്കിൽ എത്ര ഗൂഢതമമായ രഹസ്യവും ഒരിക്കലും എങ്ങും ഒളിച്ചിരിക്കുകയില്ലായിരുന്നു.

ആകാശത്തിൻെറ നീലിമയ്ക്കപ്പുറമായി അതിന്റെ രഹസ്യങ്ങൾ മറഞ്ഞിരിക്കുന്നുവെന്നു് ഞങ്ങൾ തീർച്ചപ്പെടുത്തി. ഒരു ദിവസം പഠിച്ചുകൊണ്ടിരുന്നതിനിടയ്ക്കു്, ആകാശത്തു കാണുന്ന നീലനിറം ഒരാവരണമല്ലെന്നു അധ്യാപകൻ പറഞ്ഞപ്പോൾ ഞങ്ങൾക്കുണ്ടായ ആശ്ചര്യത്തിനു അതിരില്ലായിരുന്നു. അദ്ദേഹം പറഞ്ഞു. “നിങ്ങൾ ഏണിക്കുമേൽ ഏണിവച്ചു് മുകളിലോട്ടുകേറിനോക്കുക. ഒരിക്കലും തല മുട്ടുകില്ല” അദ്ദേഹത്തിൻെറ ഏണിക്കു നീളം കുറവെന്നായിരുന്നു എനിക്കു പെട്ടെന്നുതോന്നിയതു്.

‘വലിയ ഒരേണിവച്ചാലൊ? അതിൻെറ മീതെ പിന്നെയും ഏണി വച്ചാലൊ, പിന്നെയും വച്ചാലോ?’ എന്നായി എൻെറ ചോദ്യം. ‘കാക്കത്തൊള്ളായിരം’ ഏണി വച്ചാലും തൊടാൻ സാധിക്കുകില്ലെന്നു ഒടുവിൽ അദ്ദേഹം ഖണ്ഡിച്ചു പറഞ്ഞപ്പോൾ ഞാൻ സ്തബ്ധനായി നിന്നുപോയി. ‘അമ്പോ! സറു് ഒരാളുതന്നെ! സാധാരണ സാറന്മാർക്കു് ഇതൊന്നുമറിയാൻ സാധിക്കുകില്ല’ എന്നു് ഞാൻ വിധിയുമെഴുതി.

# ഭൃത്യഭരണം

ഭാരതഭൂമിയുടെ ചരിത്രത്തിൽ ദാസരാജവംശങ്ങളുടെ ഭരണകാലം ഒരു തരത്തിലും സുഖകരമല്ലായിരുന്നു. എൻെറ ജീവിതചരിത്രത്തിലും ഭൃത്യന്മാരുടെ ഭരണകാലം ഒരാനന്ദമാകട്ടെ നന്മയാകട്ടെ എനിക്കു നൽകിയില്ല. രാജാക്കന്മാരുടെ കാര്യത്തിൽ മാററങ്ങൾ അടിക്കടി കാണാമായിരുന്നു. എന്നാൽ ഞങ്ങളുടെ കഷ്ടകാലം നിയമത്തിനോ നിയന്ത്രണത്തിനോ അധീനമാകാതെ കഴിഞ്ഞു പോന്നു. അതിനെപ്പററി അധികമൊന്നും വിചാരിക്കുന്നതിനു അന്നു സാധിച്ചില്ല. വലിയവൻ ഹിംസിക്കുന്നു, ചെറിയവൻ അതു സഹിക്കുന്നു, ഇതാണ് നിയതിയുടെ നിയമം എന്നായിരുന്നു എൻെറ ധാരണ. നേരെമറിച്ച്, വലിയവനാണു കഷ്ടപ്പെടുന്നത്. ചെറിയവൻ കഷ്ടതകൊടുക്കുന്നതേയുള്ളു വെന്നു മനസ്സിലായതു വളരെക്കാലം കഴിഞ്ഞതിൽപിന്നീടായിരുന്നു

ദുഷ്ടനേതു് ശിഷ്ടനേതെന്നു് വേട്ടക്കാരൻ നോക്കുന്നതു് പക്ഷിയുടെ നിലയിൽ നിന്നല്ല, സ്വന്തം സൗകര്യത്തെമാത്രം ലാക്കാക്കിയാണു്. വെടി കൊള്ളുന്നതിനു മുമ്പു് ചലച്ചു ശബ്ദിച്ചു മററുപക്ഷികളെ വിവരമറിയിക്കുന്ന പക്ഷിയോടാണു് വ്യാധനു് വിരോധമധികം. അടികൊണ്ടു് ഞങ്ങൾകരയും; പക്ഷെ അതൊരിക്കലും അടിച്ചവർ മര്യാദയായി തോന്നിയില്ല. ഭൃത്യരാജ്യത്തിൽ അതും രാജദ്രോഹകുററം തന്നല്ലൊ. രാജദ്രോഹത്തിൽ നിന്നും വിമുക്തി നേടൻവേണ്ടി, വെള്ളം കോരി വയ്ക്കുന്ന വലിയ തൊട്ടികളിലിറങ്ങി കരച്ചിലടക്കുന്ന പതിവു് ഇന്നും

എൻെറ ഓൎമ്മയിൽ വരുന്നു. അടികൊണ്ടവൻെറ കരച്ചിൽ അടിക്കുന്നവന്നു് ആവശ്യക്കേടാണെന്നുള്ളതു് ഒരുത്തക്കും നിഷേധിക്കാൻ കഴിയുകയില്ല.

ഭൃത്യന്മാർ ഇത്ര നിർദ്ദയമായി പെരുമാറുന്നതെന്തെന്നു് ഞാൻ പലപ്പോഴും ചിന്തിക്കാറുണ്ടു്. ആകൃതിയിലും പ്രകൃതിയിലും ആകപ്പാടെ സ്നേഹമോ ദയയോ ഞങ്ങൾ അർഹിച്ചിരുന്നില്ലെന്നു പറയുന്നതു് ശരിയല്ല. ചുമതല മുഴുവൻ അവരിൽ ചുമത്തിയെന്നുള്ളതായിരിക്കണം പ്രധാന കാരണം; സമ്പൂർണ്ണമായ ഉത്തരവാദം ആൎക്കും അത്ര സുഖമുള്ള ഒരു കാൎയ്യമല്ല. വളരെ വേണ്ടതക്കവൎക്കുപോലും അതു സഹിക്കുക വിഷമം. കുട്ടികളെ കുട്ടികളായിത്തന്നെ വളൎത്തുന്നെങ്കിൽ— ഓട്ടത്തിനും ചാട്ടത്തിനുമെല്ലാം അവൎക്കവസരം കൊടുക്കുന്നുവെങ്കിൽ—അതു വളരെ എളുപ്പം. നേരേമറിച്ചു്, ഒന്നിനും വിടാതെ വീട്ടിനകത്തുവെച്ചു് അവരെ മൎയ്യാദപഠിപ്പിക്കാൻ ശ്രമിക്കുന്നതുമൂലം വിഷമമേറിയ പല പ്രശ്നങ്ങളേയും നാം വാസ്തവത്തിൽ വലിച്ചു വയ്ക്കുന്നു. കുട്ടികളുടെ ചാപല്യം കൊണ്ടുണ്ടാകുന്ന നിസ്സാര കാൎയ്യങ്ങൾ കൂടി രക്ഷകൎത്താക്കന്മാൎക്കു് തീരാത്ത ബാധയായി തോന്നും. കുട്ടികളെ കെട്ടി ഇടുന്നതു്, കുതിരയെ നടക്കാൻ അനുവദിക്കാതെ തോളിലെടുക്കുന്നതുപോലെ ആകുന്നു. എടുക്കുന്ന സാധുക്കളുടെ കാൎയ്യമാണു കഷ്ടം. പണത്തിൻെറ കൊതികൊണ്ടു്, വല്ലവിധത്തിലും കുതിരയുടെ കാലുകെട്ടി തലയിൽ കേററാം; പക്ഷെ അതു തലയിലിരുന്നുകൊണ്ടു് പെടുത്തുന്ന പാടു് എൻെറ ഈശ്വരാ! എങ്ങനെ സഹിക്കും?

ശൈശവത്തിലെ ശാസനകൎത്താക്കളിൽ അധികം പേരുടേയും 'തള്ളും മുറുക്കും' മാത്രമേ ഞാനോൎക്കുന്നുള്ളു.

അതിപെട്ടരാളിന്റെ കഥ ഒരിക്കലും മറക്കുകില്ല. ഈശപ്പാകനെന്നാണു് അവന്റെ പേരു്. അവൻ ഒരു കുടിപ്പള്ളിക്കൂടത്തിലെ വാദ്ധ്യാരായിരുന്നു. ഗൗരവപ്രകൃതിയായ അവനു് വൃത്തിയിലും ആചാരത്തിലും വലിയ നിർബന്ധമായിരുന്നു. വീട്ടിലുള്ള വെള്ളവും മണ്ണും അയാളുടെ ശുചിത്വസംരക്ഷണത്തിനു് മതിയായിരുന്നില്ല. ഭൂമിയിലെ മലിനതയുമായി അയാൾക്കു എപ്പോഴും ഒരു ഭയങ്കരയുദ്ധം തന്നെ. വിശ്വദേവഗത്തിൽ കുടം താഴ്ത്തി കുളത്തിന്റെ അടിയിൽനിന്നാണു അയാൾ വെള്ളംകോരി എടുക്കുന്നതു്. വെള്ളത്തിനു മീതേ പടപടാ എന്നടിച്ചിട്ടു് എന്തോ ചാടിപ്പിടിക്കാൻ പോകുന്നതുപോലെ എടുത്തൊരു ചാട്ടം. ചാടി കളിക്കുന്ന പഴയ പുള്ളിക്കാരൻ ഇയാൾ തന്നെ ആയിരുന്നു. നടക്കുമ്പോൾ അയാളുടെ വലതുകൈ ദേഹത്തിനു നിന്നു എപ്പോഴും അല്പം അകന്നേ ഇരിക്കുകയുള്ളൂ. അതുകണ്ടാൽ സ്വന്തം ശുചിത്വം തന്നെ അത്ര പിടിക്കുന്നില്ലെന്നു തോന്നിപ്പോകും. ഭൂമി, ജലം, ആകാശം എന്നുവേണ്ട ലോകത്തു എവിടെ എല്ലാം വൃത്തിഹീനതയും ദോഷവുമുണ്ടോ അതു മുഴുവൻ ഇല്ലാതാക്കുന്നതിനെപ്പററിയാണു് അയാളുടെ ദിവാരാത്രമുള്ള വിചാരം തന്നെ. ലോകത്തിന്റെ മുഴുവൻ ശുചീകരണച്ചുമതല ഒരു തലയിൽ വീണാൽ അവനെങ്ങനെ അതു സഹിക്കും? അയാളുടെ ഗാംഭീര്യമാണെങ്കിൽ അത്യഗാധം. തലയൊന്നു ചരിച്ചു, ഗൗരവം വിടാതെ ശാന്തസ്വരത്തിൽ അയാൾ സംസാരിക്കും. അവന്റെ സാഹിത്യഭാഷ കേട്ടു് വീട്ടുകാർ കൂടക്കൂടെ ചിരിക്കുമായിരുന്നു. അതിലെ പല വിശേഷപ്രയോഗങ്ങളും ഊണുകഴിഞ്ഞതിപുറകു് കൂട്ടാവുള്ള വീട്ടിലെ വിനോദസദസ്സിൽ പലപ്പോഴും പ്രസംഗവിഷയമായിട്ടെത്തിരുന്നു ഇന്നു് അത്തരം

ഭാഷാപ്രയോഗം ഒരു തരത്തിലും പുതുമയുള്ള ഒന്നല്ല സാഹിത്യഭാഷയ്ക്കും സംസാരിയ്ക്കുന്ന ഭാഷയ്ക്കും ബങ്കാളിയിലുണ്ടായിരുന്ന അജഗജാന്തരം മാറി ഇന്നു ഭാഗ്യവശാൽ അതു് ഏകദേശം ഒന്നായിത്തീർന്നിരിക്കുന്നു.

സന്ധ്യയ്ക്കു് ഞങ്ങളെയെല്ലാം ഉപദ്രവമില്ലാതെ ഒരിടത്തിരുത്താൻ ഈശ്വരന്നു് ഒരു നല്ല പണിയുണ്ടായിരുന്നു. ഒരുടഞ്ഞ ആവണക്കെണ്ണവിളക്കിൻെറ നാലുചുററുമായി എല്ലാവരേയും പിടിച്ചിരുത്തി അയാൾ രാമായണമോ ഭാരതമോ വായിച്ചു കേൾപ്പിക്കും. ചില ദിവസങ്ങൾ ജോലിക്കാരിൽ വേറെ ചിലർകൂടി വായന കേൾക്കാൻ വരും. വിളക്കിൻെറ നീണ്ടനിഴൽ തട്ടിൻപുറംവരെ അടിക്കും. പല്ലികൾ ചുവരിലിരുന്നു് മറയ്ക്കു് പാററാ പിടിക്കും. വെളിയിലെ വരാന്തയിൽ നരിച്ചീലിൻെറ പടാപടാ എന്നുള്ള ചിറകടി ശബ്ദം. ഇതെല്ലാം കണ്ടുംകൊണ്ടു് ഞങ്ങൾ മിണ്ടാതെ വായും പിളർന്നിരുന്നു് വായന കേൾക്കും.

രാമായണത്തിൽ കുശലവന്മാരുടെ കഥ വന്നരാത്രി ഞാൻ നല്ലപോലെ ഓർക്കുന്നു. ആ ചുണക്കുട്ടികൾ തങ്ങളുടെ വീര്യശാലികളായ പിതാക്കന്മാരോടു മല്ലിനുപോയ ഭാഗം വായിച്ചപ്പോൾ, പൊട്ട നിലവിളക്കിൻെറ മുമ്പിൽ കൂടിയിരുന്ന ആ മഹാസദസ്സിൻെറ ഔത്സുക്യം ഒന്നു കാണേണ്ടതായിരുന്നു. കഷ്ടകാലത്തിനു അന്നുരാത്രി സമയം വളരെയായി. ഞങ്ങൾക്കു് ഉണർന്നിരിക്കാൻ 'കോഡിൽ' കൊണ്ട സമയം തീർന്നു; കഥയാണെങ്കിൽ വളരെ രസം പിടിച്ചഭാഗം. ഈ വിഷമഘട്ടത്തിൽ അച്ഛൻെറ ഒരു അനുചരനായ കിശോരി പെട്ടെന്നു് അവിടെ വന്നുകേറി. ഈശ്വരനിൽനിന്നു് പുസ്തകം വാങ്ങി ചറപറാന്നു് ഒരൊററയടിക്കു് ആ ഭാഗം മുഴുവൻ അയാൾ വായിച്ചുതീർത്തു.

കൃത്തിവാസൻെറ മനോഹരമായ ആ മധുര പദാവലി എവിടെയോ പോയി ഒളിച്ചു. എങ്കിലും യമകാന്തപ്രാസങ്ങളുടെ ഝഞ്ചഝണായമാനം ഞങ്ങളെ ഒന്നിളക്കിമറിച്ചുവെന്നുതന്നെ പറയണം.

ചിലപ്പോൾ ഈ പാരായണസദസ്സിൽ ഭയങ്കരമായ ശാസ്ത്രീയ വാദപ്രതിവാദങ്ങളുണ്ടാകും. പക്ഷെ അതെല്ലാം ഒടുവിൽ ഈശ്വരൻെറ തികഞ്ഞ പാണ്ഡിത്യത്തിൽ താഴുന്നുള്ളതേയുള്ളൂ. പിള്ളേരുടെ ഒരു ജോലിക്കാരനെന്ന നിലയിൽ സ്വന്തം നില വളരെ താണതാണെങ്കിലും തറയിൽ ഇരുന്നുകൊണ്ടുതന്നെ, കുരുസഭയിലെ ഭീഷ്മപിതാമഹൻെറ ഒരു ഈശരവം അവൻ അഭിനയിച്ചു പോന്നിരുന്നു.

ഏതായാലും നമ്മുടെ കുരുവൃദ്ധപിതാമഹന് ഒരു സ്വഭാവമുള്ളതു് ചരിത്രത്തിൻെറ സത്യത്തിനുവേണ്ടി എനിക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. പുള്ളിക്കാരൻ കുറേശ്ശെ കറുപ്പടിക്കും. അതിൻെറ ഫലമായി ആഹാരം എത്ര കഴിച്ചാലും അയാൾക്കു മതിയാകുകയില്ല. കാലത്തു പാലുകൊണ്ടുവന്നു് ഞങ്ങളുടെ മുമ്പിൽവച്ചിട്ടു്, കുടിച്ചുകൂടേയെന്നു അവൻ ഈശ്വരനോടു പ്രാർത്ഥിക്കും. ഓർമ്മക്കാതെ ഞങ്ങൾ വേണ്ടെന്നു ഒന്നു പറഞ്ഞുപോയാൽ അടുത്ത ക്ഷണത്തിൽ പാലുമുഴുവൻ അവൻെറ വായ്ക്കകത്തായി ഞങ്ങളുടെ ആരോഗ്യരക്ഷ വിചാരിച്ചെങ്കിലും 'കുടിക്കണം കുഞ്ഞേ' എന്നൊരുവാക്കു് അവൻ പിന്നീടു പറഞ്ഞിട്ടില്ല.

പലഹാരത്തിൻെറ കാര്യത്തിലും കഥ മേല്പടിതന്നെ. ഞങ്ങൾക്കു ദഹനശക്തി ഇല്ലെന്നാണു് അവൻെറ ഭാവം. വലിയൊരുപാത്രം നിറയേ പലഹാരംകൊണ്ടു്

ദൂരെവച്ചിട്ട്, അതിൽ ഓരോന്നായി എടുത്ത് മതിയോ മതിയോ എന്നു ചോദിച്ച് അയാം ഞങ്ങളുടെ പിഞ്ഞാണിൽ തൊടാതെ ഇട്ടുതരും. സാക്ഷാൽ ഈശ്വരനിൽനിന്നും വരംവാങ്ങുന്നതിൽനിന്ന് എത്രയോ പ്രയാസമേറിയ പണിയാണ് നമ്മുടെ ഈശ്വരനിൽനിന്നും പലഹാരം വാങ്ങുന്നതു്. രണ്ടുതവണ വാങ്ങിക്കഴിഞ്ഞാൽ 'ഇനിയും വേണോ' എന്നാകും അടുത്ത ചോദ്യം അവനു് ഇഷ്ടമുള്ള ഉത്തരം ഏതാണെന്നു എനിക്കു നല്ലപോലെ അറിയാമായിരുന്നു. ഈശ്വരൻ മതിയോ എന്നു ചോദിച്ചാൽ പോരാ എന്നു് ഞാനൊരിക്കലും പറഞ്ഞിട്ടില്ല. കടയിൽനിന്നും ഞങ്ങൾക്ക് വല്ലതും തിന്നാൻ വാങ്ങിത്തരുന്നതിന് ചിലപ്പോഴൊക്കെ അവന്റെ കയ്യിൽ പണംകൊടുക്കുമായിരുന്നു. അന്നെല്ലാം ഞങ്ങൾക്കെന്തുവേണമെന്നു് അവൻ എല്ലാപേരോടും ചോദിക്കും. വില കുറഞ്ഞ സാധനങ്ങളുടെ പേരു വല്ലതും പറഞ്ഞാൽ അവനു വലിയ സന്തോഷമാണെന്ന കഥ എനിക്കറിയാം. ചിലപ്പോൾ പൊരിയുണ്ട, വേറെ ചിലപ്പോൾ വറുത്ത കടല ഇതെല്ലാമാണു് ഞങ്ങളുടെ ആഘോഷസാധനങ്ങൾ. ശാസ്ത്രവിധികളിലും ആചാരാനുഷ്ഠാനങ്ങളിലും ഈശ്വരനുണ്ടായിരുന്ന ദൃഢപ്രതിപത്തി ഞങ്ങളുടെ ആഹാരത്തിന്റെ പഥ്യാപഥ്യവിചാരത്തിൽക്കൂടി ഉപയോഗിക്കുന്നതിനു് അയാം ഒരിക്കലും തുനിഞ്ഞില്ല.

---

# നാർമ്മൽസ്കൂൾ

ഓറിയൻറൽ സെമിനാരിയിൽ പഠിക്കുന്ന കാലത്തു് വെറും സ്കൂൾകുട്ടി എന്ന കുറവു പരിഹരിക്കുന്നതിനുവേണ്ടി ഞാനൊരുപായം കണ്ടുപിടിച്ചു. വീട്ടിലെ വരാന്തയുടെ ഒരു കോണിൽ ഞാനും ഒരു സ്കൂൾ ആരംഭിച്ചു. കൈവരിയിലെ മരക്കാലുകളായിരുന്നു എൻെറ ശിഷ്യന്മാർ. ഒരു ചൂരലും കൈയിലെടുത്തു് അവരുടെ മുമ്പിലിരുന്നു പഠിപ്പിച്ചുതുടങ്ങും. മരക്കാലുകളിൽ, നല്ല കുട്ടി ആരു്, ചീത്ത ആരു്, മിടുക്കനാരു്, മണ്ടനാരു്, അധികപ്രസംഗിയാരു്, മര്യാദക്കാരനാരു് എന്നെല്ലാം ഞാൻ വെട്ടെന്നു മനസ്സിലാക്കി തരംതിരിക്കും. ചീത്തകളുടെ മേൽമുറയ്ക്കു് ചൂരലിൻെറ പ്രയോഗം 'ചുളീം' എന്നു നടന്നുകൊണ്ടിരിക്കും. ജീവജാലങ്ങളായിരുന്നുവെങ്കിൽ അവ ഇതിനിടയിൽ എപ്പോഴേ മൃതിയടഞ്ഞവയായിരുന്നുവെന്നുള്ളതു് നിശ്ചയം. അടികൊണ്ടു അവ കൂടുതൽ വികൃതമാകുന്തോറും എൻെറ കോപവും വർദ്ധിച്ചുവരും. ഒടുവിൽ തൃപ്തിയാം വണ്ണം എങ്ങിനെ അവയെ ശിക്ഷിക്കാമെന്നു ഒരഭിപ്രായവുമില്ലാതായി. ആ പാവപ്പെട്ട 'മരക്കുട്ടികളെ' ഞാൻ അന്നു എത്രത്തോളം ഭേദമദണ്ഡപ്പെടുത്തിയെന്നുള്ളതിനു് ഭാഗ്യംകൊണ്ടു് ദൃക്സാക്ഷികളാരുമില്ല. എൻെറ അന്നത്തെ ശിഷ്യന്മാരെല്ലാം ഇന്നിതാ ഇരുമ്പഴികളായി മാറിക്കഴിഞ്ഞു. അവരാരും പിന്നീടു് എൻെറ അടുത്തുനിന്നു് വിദ്യ അഭ്യസിച്ചില്ല. അഭ്യസിച്ചാൽ തന്നെ പണ്ടത്തെ ഫലം കിട്ടുന്നകാര്യം വിഷമമം.

അദ്ധ്യാപകന്മാർ പഠിപ്പിക്കുന്ന വിഷയങ്ങൾ മനസ്സിലായില്ലെങ്കിലും അവരുടെ രീതികളും മുറകളും വെട്ടെ

ന്നു് കുട്ടികൾ പകൎത്തുന്നു. പഠിപ്പിച്ച വിഷയങ്ങളേക്കാൾ പഠിപ്പിച്ചവരുടെ, കോപം, പക്ഷപാതം മുതലായ സ്വഭാവദോഷങ്ങളാണു വളരെ എളുപ്പത്തിൽ ഞാൻമനസ്സിലാക്കിയതു്. മരക്കഷണങ്ങൾപോലുള്ള അചേതനപദാൎത്ഥങ്ങളിലല്ലാതെ മററു ജീവികളിൽ ക്രൗൎയ്യം പ്രദൎശിപ്പിക്കുന്നതിനു ആ പ്രായത്തിൽ ശക്തിയില്ലായിരുന്നുവെന്നതു് ഇന്നു എനിക്കു് വളരെ ആശ്വാസമായി തോന്നുന്നു. 'മരക്കുട്ടി'കൾക്കും സാധാരണ കുട്ടികൾക്കുമുള്ള ഭേദം സ്പഷ്ടമായിരുന്നെങ്കിലും, എനിക്കും എന്റെ അദ്ധ്യാപകന്മാൎക്കും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ലായിരുന്നുവെന്നുള്ളതു് നിശ്ചയം.

സിമിനാരിയിൽ അധികംനാൾ പഠിക്കുന്നതിനു മുമ്പു് എന്നെ നാൎമ്മൽസ്കൂളിൽ കൊണ്ടുചേൎത്തു. അന്നും ഞാൻ വളരെക്കുട്ടിതന്നെ. അന്നത്തെ കഥകളും അധികമൊന്നുമോൎമ്മയില്ല. എല്ലാ ദിവസവും ക്ലാസ്സുതുടങ്ങുന്നതിനുമുമ്പു് കുട്ടികൾ ഗ്യാലറിയിൽ വരിവരിയായിരുന്നു് രാഗത്തിൽ കവിത ചൊല്ലുകയെന്നു് അവിടെ ഒരു പതിവുണ്ടായിരുന്നു ക്ലാസ്സിലെ മുഷിപ്പൻ പാഠങ്ങളുടെഇടയിൽ കുട്ടികളുടെ മനോവിനോദത്തിനായിരിക്കണം ഇതേൎപ്പെടുത്തിയിട്ടുള്ളതു്. പക്ഷെ കഷ്ടകാലത്തിനു്, കവിതയെല്ലാം ഇംഗ്ലീഷിൽ; പാട്ടും പുതിയവ; പാട്ടിലൊ കവിതയിലൊ ഒരു ലക്ഷ്യമില്ലാതിരുന്നതിനാൽ വാദ്ധ്യാരു നോക്കുമ്പോൾ 'ആ'എന്നു വാ തുറക്കുകയും അല്ലാത്തപ്പോൾ വെറുതെ ഇരിക്കുകയുമായിരുന്നു ഞങ്ങളുടെ തൊഴിൽ. എന്നും ഒരേ രീതിയിൽ അൎത്ഥമില്ലാത്ത ഈ ഏൎപ്പാടു് ഞങ്ങൾക്കു തീരെ രസകരമായി തോന്നിയില്ല. സ്കൂൾ അധികാരികൾ എന്തോ ചില വിശ്വാസമടിസ്ഥാനപ്പെടുത്തി പ്രസ്തുത

ഏർപ്പാട്ട് കുട്ടികൾക്ക തീർച്ചയായും സന്തോഷകരമെന്ന് വിധിയെഴുതി. കുട്ടികളുടെ മനസ്ഥിതി അറിയാഞ്ഞു്, അവർക്കതിലുള്ള അഭിരുചി അറിയുന്നതു് കേവലം അനാവശ്യമെന്നു് അവർ നിശ്ചയിച്ചു. അവരുടെ അഭിമതമനുസരിച്ചു് ആനന്ദിക്കേണ്ടതു് ഞങ്ങളുടെ കൎത്തവ്യവും അതിനു വിപരീതം പ്രവൎത്തിക്കുന്നതു് മഹാപരാധവുമാണല്ലോ. ഏതോ ഒരു ഇംഗ്ലീഷ് പുസ്തകത്തിലെ പാട്ടു്, അപ്പടി പകൎത്തി എടുത്തപ്പോൾ കൃത്യം നിറവേററിയതായി അവർ തൃപ്തിനേടി പാട്ടിലെ ഇംഗ്ലീഷ് ഞങ്ങളുടെ കയ്യിൽ ഏതു ഭാഷയായി മാറിയെന്നറിയുന്നതു് ശബ്ദശാസ്ത്രകാരന്മാർക്കു് തീർച്ചയായും പ്രയോജനമുള്ളതായിരിക്കും അതിൽ ഒരു വരിമാത്രം ഭംഗിയായി ഓർക്കുന്നു

“കല്ലഗ്ഗീ പല്ലഗ്ഗീ സിങ്ഗി
മെല്ലലിം മെല്ലലിം മെല്ലലിം”

വളരെക്കാലം ചിന്തിച്ചതിൻെറ ഫലമായി ഇതു വരിയിലെ അധികഭാഗത്തിൻെറയും ഇംഗ്ലീഷ് ഞാൻ കണ്ടുപിടിച്ചു് കല്ലഗ്ഗീ ഇന്നും അജ്ഞാതമായിത്തന്നെ ഇരിക്കുന്നു. ബാക്കി അംശം മിക്കവാറും ഇപ്രകാരമായിരിക്കണം.

...........Full of glee, Singing
Merrily, merrily

നാമ്മൽസ്കൂളിലെ സ്മൃതികൾ സ്വപ്നരൂപത്തിൽനിന്നും സ്ഫുടരൂപത്തിൽവരുമന്താറും അവ തീരെ രുചികുമെല്ല. മററു കുട്ടികളുമായി കൂട്ടുകൂടുന്നതിനു കഴിഞ്ഞിരുന്നെങ്കിൽ ക്ലാസ്സിലെ പഠിത്തം എനിക്കത്ര കഷായമായി തോന്നുകില്ലായിരുന്നു. പക്ഷേ അതു സാധിച്ചില്ല. അവിടത്തെകുട്ടികൾ കൂട്ടുകെട്ടിനു അത്ര നല്ലവരാണെന്നു തോന്നാതിരുന്നതിനാൽ വിശ്രമവേളയിലെല്ലാം ഞാൻ തനിയേ

സ്കൂളിന്റെ രണ്ടാമത്തെ നിലയിൽ ജനാലിനരികേ ചെന്നു് റോഡിലേക്കു നോക്കിക്കൊണ്ടിരിക്കും. ഒന്നു്, രണ്ടു, മൂന്നു് ഇങ്ങിനെ കൊല്ലങ്ങൾ എത്ര ഇവിടെ കഴിച്ചുകൂട്ടേണ്ടിവരുമെന്നാ കൂടക്കൂടെ ഞാൻ വിചാരിക്കുമായിരുന്നു.

അദ്ധ്യാപകന്മാരിൽ ഒരാളിന്റെ കഥ ഞാനോക്കുന്നു. അസഭ്യഭാഷ ഉപയോഗിക്കുന്നതിൽ അയാൾ അതിവിരുതൻ. അതിന്റെ പ്രതിഷേധമായി അയാളുടെ ഒരു ചോദ്യത്തിനും ഞാനുത്തരം പറയുകയില്ല. ഒരു കൊല്ലം മുഴുവൻ അയാളുടെ ക്ലാസ്സിന്റെ ഒരു മൂലയിൽ ഇങ്ങിനെ ഞാൻ അനങ്ങാതിരുന്നു് കഴിച്ചുകൂട്ടി. പാഠങ്ങൾ മറന്നു നടക്കുമ്പോൾ ലോകത്തിലെ പല വിഷമപ്രശ്നങ്ങൾക്കും സമാധാനം കണ്ടുപിടിക്കുന്നതിനാണു് എന്റെ ശ്രമം. ആയുധമില്ലാതെ ശത്രുവിനോടെതിരിട്ടു് എങ്ങിനെ അയാളെ തോല്പിക്കാമെന്നുള്ളതു് അന്നത്തെ ചിന്താവിഷയങ്ങളിലൊന്നായിരുന്നു. കുട്ടികളുടെ നിലവിളികൾക്കും അദ്ധ്യാപകന്റെ അട്ടഹാസങ്ങൾക്കും ഇടയ്ക്കിരുന്നു് ഞാനന്നു് ഇതേപ്പററി ആലോചിച്ച കഥ ഇന്നും ഓക്കുന്നു. പട്ടി, കടുവ മുതലായവ ദുഷ്ടമൃഗങ്ങളെ നന്നായി പഴക്കി അണിനിരത്തി ശത്രുക്കളുടെ നേരെ നിറുത്താമെങ്കിൽ, ആയുധങ്ങളധികമില്ലാതെ തന്നെ യുദ്ധത്തിൽ അവരെ ജയിക്കാൻ പ്രയാസം വരികില്ലെന്നായിരുന്നു ആദ്യം ഞാൻ കണ്ടുപിടിച്ചതു്. പുതിയ ഈ കണ്ടുപിടിത്തത്തെപ്പററി ആലോചിക്കുന്തോറും അതിന്റെ വിജയത്തിൽ ദൃഢമായ വിശ്വാസം എനിക്കു് കൂടിക്കൂടിവന്നു. ജോലികൾ കയ്യിൽക്കുന്നതുവരെ അവ എളുപ്പത്തിൽ ചെയ്തു തീക്കുന്നതിനുള്ള വഴികൾ തോന്നിക്കൊണ്ടേ ഇരിക്കും. ചെയ്തുതുടങ്ങുമ്പോൾ കഠിനമേതോ അതു കഠിനവും സുകരമേതോ അതു സുകരവും തന്നെ എന്നു കാണാം. തീർച്ചയായും

അതിൽ കുറച്ചു അസൗകൎയ്യമുണ്ടെന്നുള്ളതു് ശരിതന്നെ. പക്ഷെ കാൎയ്യങ്ങൾ എളുപ്പവഴി കണ്ടുപിടിക്കാനുള്ള ശ്രമം സാധാരണയായി അസൗകൎയ്യം പതിന്മടങ്ങു വർദ്ധിപ്പിക്കുന്നതേയുള്ളൂ.

വല്ലവിധത്തിലും ആദ്യത്തെ ക്ലാസിൽ ഇങ്ങനെ ഒരു കൊല്ലം കഴിച്ചുകൂട്ടി. ശേഷം മധുസൂദന വാചസ്പതി ഞങ്ങളുടെ ബങ്കാളി പരീക്ഷ നടത്തി. പരീക്ഷയിൽ എല്ലാവരെക്കാൾ കൂടുതൽ മാർക്കു് എനിക്കു കിട്ടി. പരീക്ഷകൻ പക്ഷപാതം കാണിച്ചാണു്. എനിക്കു കൂടുതൽ മാർക്കു തന്നതെന്നു് ക്ലാസ്സുവാദ്ധ്യാർ സ്ക്കൂൾ സൂപ്രണ്ടിനോടു് പരാതിപറഞ്ഞു. എന്നെ ഒന്നുകൂടി പരീക്ഷിച്ചു. ഇത്തവണ സൂപ്രണ്ടു് ഞങ്ങളുടെ അടുത്തുതന്നെ കസേരയുമിട്ടു് ഇരുന്നിരുന്നു. ഭാഗ്യം കൊണ്ടു് രണ്ടാമത്തും മാർക്കു് എനിക്കുതന്നെ കൂടുതൽ.

---

# കവിതയെഴുത്ത്

എനിക്ക് അന്ന് വയസ്സ ഏഴെട്ടിൽ കവിയുകയില്ല. അനന്തിരവൻ ജ്യോതിപ്രകാശിന്ന് സ്വല്പംകൂടി പ്രായംകാണും. അവൻ ഇംഗ്ലീഷ് പഠിച്ചുതുടങ്ങി. "ഹാമ്ലററ്"ൻെറ സ്വാഗതവും മററും ചിലപ്പോൾ അങ്ങിനെ കാണാതെ അടിച്ചുമൂളിക്കാറുണ്ടായിരുന്നു ഒരു ദിവസം ഉച്ചയ്ക്കുമേൽ അവനെന്നെ ആളയച്ചുവരുത്തി കവിതയെഴുതണമെന്നാവശ്യപ്പെട്ടു. എന്നെപ്പോലുള്ള ഒരു കൊച്ചുകുട്ടിയോട് കവിത എഴുതാൻ ഉപദേശിച്ചതെന്തെന്ന് എനിയ്ക്കറിഞ്ഞുകൂടാ. പതിന്നാലു അക്ഷരങ്ങളുള്ള 'പയാർ' വൃത്തത്തിൻെറ രീതികളും അവൻ എനിക്ക പറഞ്ഞുതന്നു.

പദ്യമെന്നതു അന്നുവരെ അച്ചടിച്ച പുസ്തകത്തിൽ മാത്രമേ ഞാൻ കണ്ടിരുന്നുള്ളു. അത്തരത്തിൽ വല്ലതുമൊന്നു ചിന്തിക്കുകപോലും ചെയ്തിരുന്നില്ല. മനുഷ്യസാധാരണമായ വികാരങ്ങൾക്കു ഞാൻ അധികം അധീനനായിരുന്നില്ല. എത്രയൊക്കെ ശ്രമിച്ചാലും ഒരു പദ്യമെഴുതാൻ കഴിയുമെന്ന് എനിക്ക വിശ്വാസവുമില്ലായിരുന്നു.

ഒരു ദിവസം വീട്ടിൽ ഒരു കള്ളനെ പിടികൂടി. പേടിച്ചുവിറച്ചെങ്കിലും വലിയ കൗതുകത്തോടെ ഞാനും അവനെ കാണാൻ പോയിരുന്നു കള്ളനും ഒരു സാധാരണ മനുഷ്യനാണെന്ന് അപ്പോഴാണ എനിക്ക മനസ്സിലായത്. ഞങ്ങളുടെ 'ദർവ്വാൻ' അവനെ നിർദ്ദയം പ്രഹരിക്കുന്നതുകണ്ടു എനിക്ക വളരെ സങ്കടംതോന്നി. കവിതയുടെ കാര്യത്തിലും ഇതു അനുഭവംതന്നെ എനിക്കുണ്ടായി. ഒരിക്കൽ ഏതാനും ചില പദങ്ങൾ തിരഞ്ഞെടുത്തുകൂട്ടി

ച്ചേർത്തു് 'പയാർ'വൃത്തത്തിലാക്കിക്കണ്ടപ്പോൾ പദ്യരചനയുടെ മഹത്വത്തിലുണ്ടായിരുന്ന ഭയം എനിക്കുനീങ്ങി. പാവപ്പെട്ട കവിതയെ വല്ലവരും കയ്യേററംചെയ്യുന്നതു് കണ്ടാൽ ഇന്നും എനിക്കു കുഞ്ഞിനെ അടിച്ചപോലുള്ള മനോവേദനയാണു്. പലപ്പോഴം ദയതോന്നുമെങ്കിലും കയ്യേററത്തിനുള്ള കയ്ത്തരിപ്പ് നിശ്ശേഷം നിയന്ത്രിക്കുന്ന കാര്യം വിഷമം കുഞ്ഞിൻെറ പുറമാണെങ്കിൽ അതു ഇത്ര വളരെ കട്ടംകൈക തീർച്ചയായും സഹിക്കുകയില്ല.

പേടിയെ ഒരിക്കൽ ജയിച്ചു കഴിഞ്ഞാൽ പിന്നെ വലിയ വിഷമമില്ല. വീട്ടിലെ ഒരു ജോലിക്കാരൻെറ കൃപാകടാക്ഷംകൊണ്ടു ഒരു പച്ച നോട്ടുബുക്കു് ഞാൻ കയ്യിലാക്കി. അതിൽ പെൻസിൽകൊണ്ടു് വളഞ്ഞുപുളഞ്ഞ വരകളിട്ടു് വലിയ അക്ഷരത്തിൽ ഞാൻ കവിതയെഴുതാനും തുടങ്ങി.

കൊമ്പു കിളിച്ചുവരുന്ന മാൻകിശോരം അങ്ങിങ്ങു ഓടിനടന്നു് കൊമ്പുകുത്തി തുള്ളിച്ചാടുന്നതുപോലെ, പുതിയ കവിതയുമായി ഓടി നടന്നു് വീട്ടിലെല്ലാം ഞാൻ വലിയ ഉപദ്രവമുണ്ടാക്കി. ജ്യേഷ്ഠൻെറ കഥയാണെങ്കിൽ അതിലിരട്ടി. എൻെറ പൊട്ടക്കവിതയിൽ മനംമയങ്ങിയ ആ പുള്ളിക്കാരൻ കവിത കേൾപ്പിക്കാനുള്ള ശ്രമത്തിൽ വീട്ടിലാരെയും ഒരിടത്തിരിക്കാൻപോലും സമ്മതിച്ചില്ല.

ഒരു ദിവസം ഞാനും ജ്യേഷ്ഠനുമായി വീട്ടിലെ താഴത്തെ നിലയിലുള്ള കച്ചേരിയിൽ പോയി അവിടത്തെ ജോലിക്കാരെ കവിത വായിച്ചു കേൾപ്പിച്ചിട്ടു് വെളിയിലേക്കു വിജയയാത്ര ചെയ്യുകയായിരുന്നു. 'നാഷണൽ' പത്രത്തിൻെറ പത്രാധിപർ ശ്രീ നവഗോപാലമിത്ര അപ്പോൾ വീട്ടിലേയ്ക്കു കയറിവന്നു. ജ്യേഷ്ഠൻ ഉടനെ അദ്ദേഹത്തെ പിടിയിട്ടു. 'നോക്കണം! നവഗോപാൽബാബു, രവി ഒരു

കവിതയെഴുതിയിരിക്കുന്നു കേൾക്കണ്ടേ' എന്നായി അടുത്തചോദ്യം. ഉത്തരം പ്രതീക്ഷിക്കാതെ വായനയുംതുടങ്ങി.

എൻെറ കവിത അന്നു വർണ്ണിക്കണക്കിനൊന്നുമായില്ല; കവിതയും അതിൻെറ പ്രശസ്തിയും ഉടുപ്പിൻെറ ഒരു പോക്കററിൽ കിടക്കത്തക്കതേ ആയിരുന്നുള്ളു. കവി; പ്രസാധകൻ, പ്രകാശകൻ എല്ലാം ഞാൻതന്നെ. പരസ്യത്തിനു ജ്യേഷ്ഠനും. താമരയെപ്പററി എഴുതിയിരുന്ന ഒരു കവിത ഞാൻ എണിപ്പടിയുടെ അടുത്തുനിന്നുകൊണ്ടുതന്നെ നവഗോപാലബാബുവിനെ ഉറക്കെ വായിച്ചുകേൾപ്പിച്ചു അദ്ദേഹം പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു:

'കൊള്ളാം നന്നായിരിക്കുന്നു, ദ്വിരേഫമെന്നാലെന്താ?'

ദ്വിരേഫത്തിലും ഭ്രമരത്തിലും അക്ഷരങ്ങൾ മൂന്നുതന്നെ എൻെറ കവിതയിൽ ഭ്രമരശബ്ദമുപയോഗിച്ചാലുംമതി ഈ വിഷമംപിടിച്ച ദ്വിരേഫം എവിടെനിന്നു കിട്ടിയെന്നു എനിക്കറിഞ്ഞുകൂടായിരുന്നു. എന്നാൽ മററു പദങ്ങളെക്കാൾ ഇതായിരുന്നു എനിക്കു വളരെ പിടിച്ചതു്. കച്ചേരിയിലെ ജോലിക്കാർക്കും ഈ പദപ്രയോഗം നല്ലപോലെ രസിച്ചു. നവഗോപാലബാബുവിനു പക്ഷേ അതിൻെറ അർത്ഥം മനസ്സിലാകാത്തതായിരിക്കാം കാരണമെന്നു ഞാൻ സംശയിച്ചു. എന്തിനു അതിൽ പിന്നീടൊരിക്കലും ഞാൻ അദ്ദേഹത്തെ കവിത വായിച്ചു കേൾപ്പിച്ചിട്ടില്ല. വയസ്സു ഇന്നെനിക്കു വളരെ ആയി. എന്നിട്ടും ആരാണു കാര്യം മനസ്സിലാക്കുന്നവൻ, ആർക്കു അതു കഴികയില്ല എന്നു നിർണ്ണയിക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങളൊന്നും തുറന്നുകണ്ടില്ല. അതെങ്ങിനെയുമിരിക്കട്ടെ, നവഗോപാലബാബു ചിരിച്ചെങ്കിലും എൻെറ 'ദ്വിരേഫം' മധുപാനമത്തനായ ഭ്രമരത്തിനെപ്പോലെ അവിടെ തന്നെ ഉറച്ചിരുന്നതേയുള്ളു.

# നാനാമുഖമായ വിദ്യാഭ്യാസം

---

നാർമ്മൽസ്കൂളിലെ അദ്ധ്യാപകൻ ശ്രീ: നീലകമല ഘോഷാൽ ഞങ്ങളെ വീട്ടിൽവന്നു് പഠിപ്പിച്ചിരുന്നു. ഉണങ്ങിമെലിഞ്ഞ അദ്ദേഹത്തിൻെറ കണ്ഠത്തിൽനിന്നും പുറപ്പെടുന്ന സ്വരം തീരെ താണ ഒന്നായിരുന്നു. ആകെച്ചൂരലിൻെറ ഒരവതാരംതന്നെ. കാലത്തു ആറുമണിമുതൽഒൻപതരമണിവരെ ആയിരുന്നു പാഠസമയം. സൈൻസ്, ബോട്ടണി മുതലായ പാഠ്യവിഷയങ്ങൾ തുടങ്ങി മധുസൂദനൻെറ മേഘനാദവധംവരെ അദ്ദേഹത്തിൻെറ അടുത്തു പഠിക്കണം.

എല്ലാ വിഷയങ്ങളിലും ഞങ്ങൾക്കു് സാമാന്യമായ ഒരറിവുണ്ടാക്കിത്തീർക്കണമെന്നു് മൂത്ത ജ്യേഷ്ഠനു് വലിയ ആഗ്രഹമായിരുന്നു. അതുകൊണ്ടു് സ്കൂളിലെ പഠിത്തത്തിനെക്കാൾ വളരെ കൂടുതലായിരുന്നു വീട്ടിലെ പഠിത്തം. കാലത്തു് നേരം വെളുക്കുന്നതിനുമുമ്പു് ലങ്കോട്ടികെട്ടി ഒരു കുള്ളൻകുസ്തിക്കാരനുമായി ഞങ്ങൾ കുറച്ചുനേരം കുസ്തിപിടിക്കണം. അതു കഴിഞ്ഞാൽ ആ അഴുക്കിൻെറ മീതെ ഉടുപ്പുമെടുത്തിട്ടു് കണക്കായി, ഭൂമിശാസ്ത്രമായി, ചരിത്രമായി, മേഘനാദവധമായി വൈകുന്നേരം സ്കൂളിൽ നിന്നു് മടങ്ങിവരുമ്പോഴേയ്ക്കും ഡ്രായിങ്ങ്മാസ്റ്ററും ഡ്രിൽമാസ്റ്ററും റെഡിക്കു ഹാജർ. സന്ധ്യയായാൽ ഇംഗ്ലിഷ് പഠിയ്ക്കാൻ അഘോരബാബുവിൻെറ വരവായി. ഇങ്ങിനെ, രാത്രി ഒൻപതുമണിയ്ക്കുമേലേ ഞങ്ങൾക്കു ഒട്ടെങ്കിലും ഒഴിവു കിട്ടുകയുള്ളൂ.

ഇതുകൂടാതെ എല്ലാ ഞായറാഴ്ചയും കാലത്ത് പാട്ടുപഠിക്കണം. കൂടക്കൂടെ ശ്രീ: സീതാനാഥദത്തൻ വന്ന് 'പ്രാക്ററിക്കൽ സൈൻസ്' ക്ലാസ്സ നടത്തിയിരുന്നു. അതു് വളരെ ഉത്സാഹമുള്ള ഒന്നുതന്നെ. ഒരു ദിവസം അദ്ദേഹം, ഒരു കണ്ണാടിപ്പാത്രത്തിൽ വെള്ളമൊഴിച്ചു് കുറച്ചു മരപ്പൊടിയുമിട്ടു തീയിൽവച്ചു ചൂടുപിടിപ്പിച്ചു. ചൂടുപിടിക്കുമ്പോൾ ഘനം കുറഞ്ഞ വെള്ളം എങ്ങിനെ മേലോട്ടു വരുന്നെന്നും, മീതെയുള്ള തണുത്ത വെള്ളം ഘനക്കൂടുതൽകൊണ്ടു എങ്ങിനെ താഴോട്ടു പോകുന്നതെന്നുംകാണിച്ചുതന്നപ്പോൾ എനിയ്ക്കുണ്ടായ സന്തോഷം ചില്ലറയല്ലായിരുന്നു. വെള്ളം പാലിൽനിന്നും ഭിന്നമാണെന്നും, തിളപ്പിക്കുമ്പോൾ പാലു കട്ടിയാകുന്നതു അതിലുള്ള വെള്ളം ആവിയായി പോകുന്നതുകൊണ്ടാണെന്നും പഠിച്ചപ്പോഴും എന്റെ സന്തോഷം അതു പോലെതന്നെ ആയിരുന്നു. ഒടുവിൽ സീതാനാഥബാബു വരാത്ത ഞായറാഴ്ച ഞായറാഴ്ച ആയിട്ടേ എനിക്കു തോന്നിയില്ല.

ഇതിനുപുറമേ, അസ്ഥിവിദ്യ പഠിപ്പിക്കുന്നതിനുവേണ്ടി 'ക്യാംബൽമെഡിക്കൽ' സ്കൂളിലെ ഒരു വിദ്യാത്ഥിയെ പ്രത്യേകം ഏപ്പാടുചെയ്തിരുന്നു. ഈ ആവശ്യത്തിനുവേണ്ടി കമ്പികൊണ്ടു കോത്ത ഒരു നരകങ്കാളവും ഞങ്ങളുടെ പഠിത്തമുറിയിൽ തൂങ്ങുന്നുണ്ടായിരുന്നു. അതിന്റെകൂടെ ഹേരംബതത്വരത്നൻ മുഗ്ദ്ധബോധംകാണാതെ പഠിപ്പിക്കുന്നതിനുവേണ്ടി വന്നുചേരും. അതോ, 'മുകുന്ദാ സച്ചിദാനന്ദാ' തുടങ്ങി 'ഇതിമുഗ്ദ്ധബോധംസമാപ്തം' വരെ ഒരക്ഷരംവിടാതെ കാണാതെ ചൊല്ലണം. അസ്ഥിയുടെ പേരുകളോ, മുഗ്ദ്ധബോധത്തിലെ സൂത്രങ്ങളോ, ഏതാണു തീരെ ദഹിക്കാത്തതെന്നു് തീത്തുപറയാൻ കഴിയുകയില്ല. അസ്ഥിതന്നെ ഭേദമെന്നാണു എന്റെ കല്പന

ബങ്കാളി സാമാന്യം പഠിച്ചുകഴിഞ്ഞശേഷം ഞങ്ങൾ ഇംഗ്ലീഷ് പഠിക്കാനാരംഭിച്ചു. ഇംഗ്ലീഷ് അദ്ധ്യാപകനായ അഘോരബാബു മെഡിക്കൽകാളേജിലെ ഒരു വിദ്യാൎത്ഥിക്കുട്ടിയായിരുന്നു. സന്ധ്യയ്ക്കാണു് അദ്ദേഹം ഞങ്ങളെ പഠിപ്പിക്കാൻ വരുന്നതു്. മനുഷ്യബുദ്ധിയുടെ കണ്ടുപിടിത്തങ്ങളിൽ വളരെ പ്രധാനമായ ഒന്നാണു് തീ എന്നു ഞങ്ങൾ പഠിച്ചു. ഞാൻ അതിനെനിഷേധിച്ചില്ല. എന്നാൽ സന്ധ്യയ്ക്കു വിളക്കു കത്തിക്കാത്ത പക്ഷികളുടേയും മററും കുഞ്ഞുങ്ങൾ എത്ര സന്തോഷമായി കഴിയുന്നെന്നു് വിചാരിക്കാതിരിക്കാൻ എനിക്കു് കഴിഞ്ഞില്ല. അവരുടെ പാഠങ്ങളെല്ലാം കാലത്തു മാത്രമേയുള്ളു. എന്തൊരു പരമാനന്ദത്തോടെയാണു അവ. അതു പഠിക്കുന്നതെന്നു പക്ഷേ നിങ്ങൾ സൂക്ഷിച്ചിരിക്കാം. ഇംഗ്ലീഷാണെങ്കിൽ അതവൎക്കു പഠിക്കേവേണ്ട.

അഘോരബാബു നല്ലൊരു ദൃഢകായകനായിരുന്നു. അദ്ദേഹത്തിന്റെ മൂന്നു ശിഷ്യന്മാർ .ഉള്ളഴിഞ്ഞു് ദിവാരാത്രം പ്രാൎത്ഥിച്ചിട്ടുപോലും അല്പമൊരു സുഖക്കേടുവന്നു ഒരു ദിവസമെങ്കിലും അദ്ദേഹം പഠിപ്പിക്കുന്നതിനു് വരാതിരുന്നില്ല. മെഡിക്കൽകാളേജിലെ യൂറേഷ്യൻ വിദ്യാൎത്ഥികളും ഇൻഡ്യൻ വിദ്യാൎത്ഥികളുമായി ഒരിക്കൽ ഒരു ലഹളയുണ്ടായി ലഹളക്കിടയിൽ ആരോ ഒരു കസേരയുടെ കാലൊടിച്ചെടുത്തു് അഘോരബാബുവിന്റെ മണ്ടയ്ക്കടിച്ചു. അടികൊണ്ടു് തലപൊട്ടിയ ആ ഒരു തവണമാത്രം അദ്ദേഹത്തിനു് ഞങ്ങളെ പഠിപ്പിക്കുന്നതിനു വരാൻ സാധിച്ചില്ല. സംഭവം തീൎച്ചയായും പരിതാപകരംതന്നെ. എങ്കിലും അദ്ദേഹത്തിന്റെ തലപൊട്ടിയതു് ഞങ്ങളുടെ തലയിലെഴുത്തിന്റെ ശക്തിയാണെന്നു ഒരിക്കലും ഞങ്ങൾ വിചാരിച്ചില്ല. നേരേമറിച്ചു്, അനാവശ്യമായ വേഗ

ത്തിൽ അദ്ദേഹം സുഖപ്പെട്ടുന്നുവെന്നു കേട്ട് ഞങ്ങൾ വള രെ ഭയപ്പെട്ടു.

അടുത്തദിവസം നേരം സന്ധ്യയായി. മഴ ധാരധാര യായി പെയ്യുന്നു. വഴിയിലെങ്ങും മുട്ടോളം വെള്ളം. തോട്ട ത്തിലെ കുളംനിറഞ്ഞുകവിഞ്ഞു. അവിടത്തെ ചെറുചെ ടികൾ വെള്ളത്തിൽ മുങ്ങി തലകൾ മാത്രം മീതെ കാട്ടു ന്നു. അസാധാരണമായ ഒരു സന്തോഷംകൊണ്ട് എന്റെ ദേഹമെല്ലാം കദംബകല്പം പുളകംകൊണ്ടു. അഘോര ബാബു വരാനുള്ള സമയം കഴിഞ്ഞു് ഏതാനും മിന്നിട്ടു കൾ കൂടുതലുമായി. എങ്കിലും ഇനിയും തീർച്ചപറവാൻ കഴിയുകയില്ല. റോഡിനരികേയുള്ള വരാന്തയിൽ കസേര യുമെടുത്തിട്ട് ഞാൻ വഴിയിലേയ്ക്കു എത്തി എത്തിനോ ക്കിക്കൊണ്ടുഇരിപ്പായി. "പതതി പതത്രെ വിചലതിപ ത്രെ ശങ്കിത ഭവദുപയാനം" പെട്ടെന്നു എൻെറ ഹൃദയ മൊന്നു സ്തംഭിച്ചു. കഷ്ടകാലത്തിൻെറ കടുംശക്തികൊണ്ടു് അതാ ഒരു വെളുത്ത കുട പൊങ്ങുന്നു! അതു വേറെ വല്ലവ രുമാകരുതോ? അല്ല, തീർച്ചതന്നെ. ഭവഭൂതിയുടെ സമാ നധർമ്മാവ് ഈ വിപുലപൃഥിവിയിൽ ഉണ്ടായെന്നു വരാം. എന്നാൽ അഘോരബാബുവിൻെറ ഒരു സമാനബാബു ഈ വഴിയിൽ ഈ സമയത്തു കാണുകയെന്നതു നിശ്ചയ മായും സാധിക്കുന്നതല്ല.

ആകപ്പാടെ നോക്കിയാൽ അഘോരബാബു ഒരു ക ഠിനഹൃദയനെന്നു് പറയാൻ നിവൃത്തിയില്ല. ചൂരൽകൊ ണ്ടുമാത്രം അദ്ദേഹം ഞങ്ങളെ ഭരിച്ചില്ല. ശകാരിക്കുന്നതി ലും ഒരു മയമുണ്ടായിരുന്നു. ആളെത്ര നല്ലവനായാലുംപഠി പ്പിക്കാൻ വരുന്നതു് സന്ധ്യയ്ക്കു്, പഠിപ്പിക്കുന്നതോ ഇം ഗ്ലീഷ്, പോരേ. സ്കൂളിലെ കഷ്ടപ്പാടെല്ലാംകഴിഞ്ഞു്,

വൈകുന്നേരത്തു വീട്ടിൽ വന്നുചേർന്നാലുടൻ തന്നെ മങ്ങിയ വിളക്കത്തു പിടിച്ചിരുത്തി ഇംഗ്ലീഷ് പഠിപ്പിക്കാനാരംഭിച്ചാൽ, എന്റെ ശിവനേ! പഠിപ്പിക്കുന്നവനിനി വിഷ്ണുദൂതനായാലുംശരി, എങ്ങിനെ കാലദൂതനല്ലെന്നു തോന്നാതിരിക്കും?

ഇംഗ്ലീഷ്ഭാഷ നീരസമല്ലെന്നു ബോദ്ധ്യപ്പെടുത്താൻ ഒരു ദിവസം അഘോരബാബു ശ്രമിച്ച ഒരു കഥ പറയാം. ഗദ്യമോ പദ്യമോ എന്നറിഞ്ഞുകൂടാ, ഇംഗ്ലീഷ് സാഹിത്യത്തിലെ ഏതോ ഒരു ഭാഗം അദ്ദേഹം കണ്ണുമടച്ചുംകൊണ്ടു ഒററശ്വാസത്തിൽ നെടുനീളത്തിൽ ഞങ്ങളെ ചൊല്ലികേൾപ്പിച്ചു. അതുകേട്ടിട്ട് ഞങ്ങൾക്കു വലിയ അത്ഭുതമാണുണ്ടായതു്. ഞങ്ങളുടെ ചിരി അടക്കാൻ കഴിയാത്തതിനാൽ അന്നത്തെ പാഠം അതോടുകൂടി നിറുത്തേണ്ടിവന്നു. കാര്യം അത്ര നിസ്സാരമല്ല എന്നദ്ദേഹം മനസ്സിലാക്കിയിരിക്കണം. അക്കാര്യത്തിൽ അനുകൂലമായ ഒരു തീരുമാനം വേ[illegible]മെങ്കിൽ ഇനിയും കൊല്ലങ്ങൾവളരെ കഴിയണം

ഞങ്ങളുടെ പാഠമരുഭൂമിയിൽ ജ്ഞാനത്തിന്റെ ഒരു ദക്ഷിണമാരുതൻ വീശിക്കുന്നതിന് അഘോരബാബു കൂടക്കൂടെ ശ്രമിച്ചു. 'ഇന്നു് നിങ്ങൾക്ക് ബ്രഹ്മാവിന്റെ സൃഷ്ടിവൈചിത്ര്യത്തിന്റെ ഒരു മഹത്വം കാണിച്ചുതരാം എന്നു പറഞ്ഞുകൊണ്ടു് ഒരു ദിവസം പാക്കററിൽനിന്നും ഒരു കടലാസുപൊതി അദ്ദേഹം വലിച്ചെടുത്തു പൊതി തുറന്നു് ഒരു കണ്ഠാസ്ഥി എടുത്തു് ഞങ്ങളെ കാട്ടി, മനുഷ്യർ സംസാരിക്കുന്നതിന്റെ മഹാരഹസ്യങ്ങൾ വിസ്തരിക്കാൻ തുടങ്ങി. എനിക്കു പെട്ടെന്നു് ഒരന്ധാളിപ്പാണു് ഉണ്ടായതു്. മനുഷ്യൻ മുഴുവനുമാണു് സംസാരിക്കുന്നതു് എന്നായിരുന്നു എന്റെ വിശ്വാസം. സംസാരിക്കുന്ന സൂത്രം

മാത്രം വേർതിരിച്ച് എടുത്തു കാണിക്കാമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. മനുഷ്യൻെറ ഒരവയവത്തിൻെറ മാഹാത്മ്യം എത്രതന്നെയായാലും അതു മനുഷ്യൻെറ തനിമഹത്വത്തെക്കാൾ താഴെത്തന്നല്ലോ. അന്നു ഞാൻ ഇങ്ങനെയെല്ലാം വിചാരിച്ചിരുന്നില്ലെങ്കിലും എൻെറ മനസ്സിനത്ര സന്തോഷം തോന്നിയില്ല. അതുനിമിത്തം അഘോരബാബുവിനോടു ഏകാന്തംഗമമായി യോജിക്കാനും എനിക്കു കഴിഞ്ഞില്ല. പിന്നീടൊരു ദിവസം ഞങ്ങളെ മെഡിക്കൽകാളേജിലെ ശവം കീറുന്ന മുറിയിൽ അദ്ദേഹം കൂട്ടിക്കൊണ്ടുപോയി. ഒരു വൃദ്ധയുടെ ശവശരീരം മേശമേൽകിടപ്പുണ്ടായിരുന്നു, അതു് ഞാൻ സാരമാക്കിയില്ല. എന്നാൽ താഴെ കാലിൻെറ ഒരു മുറി കിടക്കുന്നതു കണ്ടപ്പോൾ എനിക്കു വല്ലാത്ത സങ്കോചമുണ്ടായി. മനുഷ്യനെ, ഇങ്ങിനെ കഷണം കഷണമായി വെട്ടിമുറിച്ചു കാണിക്കുന്നതു് ഭയങ്കരം തന്നെ. ബീഭത്സമായ ഒരു മുറി കറുത്തകാലു തറയിൽകിടക്കുന്ന ആ കാഴ്ച എനിക്കു വളരെക്കാലം മറക്കാൻകഴിഞ്ഞില്ല.

പ്യാരിസർക്കാരിൻെറ ഇംഗ്ലീഷ്പുസ്തകം ഒന്നും രണ്ടും ഭാഗങ്ങൾ പഠിച്ചു തീർത്തതിൽപിന്നിട്ട്; ഞങ്ങൾ 'മ്യാകലക്സ്കോർസ്' പഠിക്കാൻ തുടങ്ങി. സന്ധ്യാസമയത്തു ശരീരം ക്ലാന്തമായിരിക്കും. മനസ്സ് അടുക്കളയിലുംകടക്കും. പുസ്തകമാണെങ്കിൽ കറുത്തിരുണ്ടു് കടിച്ചാൽ പൊട്ടാത്ത വാക്കുകൾ നിറഞ്ഞതു്. വിഷയം തീരെ നീരസം. സരസ്വതീമാതിനു് അന്നു തൻെറ പുത്രരോടു് ദയയുടെകണികപോലുമുണ്ടായിരുന്നില്ല. അന്നത്തെ പാഠപുസ്തകങ്ങളിൽ ഇന്നത്തെപ്പോലെ പുറംതോറും പടങ്ങൾ കാണുന്ന പതിവു തീരെ ഇല്ലായിരുന്നു. ഓരോ പാഠത്തിൻേറയും പ്രവേ

ശനത്തിൻെറ നടയിലായി സ്വരചിഹ്നങ്ങളാകുന്ന കുന്തങ്ങളും നാട്ടി മുട്ടാളന്മാരായ 'പദ'പ്പട്ടാളങ്ങൾ അണിനിരന്നുനിന്ന് കുട്ടികളെ കണ്ണുരുട്ടി ഭയപ്പെടുത്തിയിരുന്നു. ഇംഗ്ലീഷ് ഭാഷയുടെ ഈ കീറാമുട്ടിയിൽ നല്ലപോലെ തലതല്ലിയിട്ടും ഞങ്ങൾക്ക ഒരെത്തും പിടിയും കിട്ടിയില്ല. ബുദ്ധിമാനായ ഒരു ശിഷ്യൻെറ പരാക്രമകഥകൾ പറഞ്ഞു് അഘോരബാബു ഞങ്ങളെ ലജ്ജിപ്പിക്കാൻ ശ്രമിച്ചു. തല്ക്കാലം ലജ്ജതോന്നിയെങ്കിലും, ആ മിടുക്കൻ ശിഷ്യനോടു ഒരു പ്രത്യേകമതിപ്പും ഞങ്ങൾക്ക തോന്നിയില്ല. എന്തായാലും ആ കറുകറുത്ത പുസ്തകത്തിലെ ഇരുട്ട് എന്നെന്നും നീങ്ങാതെ തന്നെ ഇരുന്നു.

പ്രകൃതീദേവി, സ്വന്തംജീവികളോടുള്ള സ്നേഹം നിമിത്തം രസമില്ലാത്ത വസ്തുക്കളിൽ ഉറക്കത്തെ ആകർഷിക്കാനുള്ള ഒരു മന്ത്രംക്രൂടിവച്ചിട്ടുണ്ട്. ഇംഗ്ലീഷ് പഠിക്കാൻ പുസ്തകം തുറന്നുകഴിഞ്ഞാൽ ഉറക്കംതൂങ്ങി തല താളം പിടിച്ചുതുടങ്ങും. കണ്ണിൽവെള്ളമൊഴിച്ചാലും വരാന്തയിലൊന്നോടിയാലും വലിയ ഫലമൊന്നുമില്ല. വിളക്കിൻെറഅടുത്തുവന്നാൽ പിന്നെയും തുടങ്ങി 'കെ പ്രാതൂക്കം' ഭാഗ്യംകൊണ്ടു് വലിയ ജ്യേഷ്ഠൻ ആ വഴി ഒന്നു കടന്നുപോയി ഞങ്ങളുടെ ഈ പരിതാപാവസ്ഥ കണ്ടാൽ അന്നത്തെക്കാര്യം ആശ്വാസമായി. പഠിച്ചതു മതിയെന്നു അദ്ദേഹം ആജ്ഞകൊടുക്കും. പഠിത്തം നിറുത്തിക്കഴിഞ്ഞാൽ ഉറക്കംനീങ്ങുന്നതിനു് പിന്നെ അരനിമിഷംപോലും വേണ്ടതാനും.

# ദൂരയാത്ര

ഒരിക്കൽ കൽക്കത്താ പട്ടണത്തിൽ ഒരുതരം പനി ബാധിച്ചു. അന്നു് ഞങ്ങളുടെ കുടുംബത്തിൽനിന്നും ചിലർ ശരത്തുബാബുവിന്റെ നാട്ടുംപുറത്തുള്ള ഒരു വീട്ടിലേക്കു് മാറിത്താമസിക്കേണ്ടിവന്നു. ഭാഗ്യംകൊണ്ടു് ഞാനും ആ കൂട്ടത്തിൽപെട്ടു.

അതായിരുന്നു എന്റെ ആദ്യത്തെ ദൂരയാത്ര. ഗ്രാമം ഗംഗയുടെ കരയിലായിരുന്നു. അതിസുന്ദരമായ ആ തീരഭൂമി ഒരു പൂർവ്വജന്മസുഹൃത്തിനെപ്പോലെ എന്നെ സ്വാഗതംചെയ്തു. വേലക്കാരുടെ വീട്ടിനു് മുൻഭാഗത്തായി അവിടെ ഒന്നുരണ്ടു പേരമരം നിന്നിരുന്നു. പേരയുടെ തണലിൽ വരാന്തയിൽ ഇരുന്നു്, അതിന്റെ കവരങ്ങൾക്കിടയിൽക്കൂടി ഗംഗയുടെ പ്രവാഹവും നോക്കിനോക്കി ഞാൻ ദിവസങ്ങൾ കഴിക്കും. പ്രഭാതത്തിൽ ഉറക്കമെഴുന്നേററുകഴിഞ്ഞാൽ ദിവസങ്ങളോരോന്നും സ്വർണ്ണക്കൂട്ടിലിട്ട എഴുത്തുകൾപോലെ എനിക്കു തോന്നി. തുറന്നു നോക്കിയാൽ തീർച്ചയായും നല്ല വർത്തമാനങ്ങൾ കാണാതിരിക്കയില്ല. താമസിച്ചാൽ കുറച്ചെങ്കിലും നഷ്ടപ്പെട്ടുപോകുമെന്നമട്ടിൽ പെട്ടെന്നു മുഖം കഴുകി വെളിയിലൊരു കസേരയുമിട്ടു ഇരിപ്പുപിടിക്കും. ഗംഗാനദിയിൽ ദിവസവും വേലിയേററവും വേലിയിറക്കവുമുണ്ടു്. പലതരം വള്ളങ്ങളുടേയും ബോട്ടുകളുടേയും ഗതിഭംഗികൾ, സൂര്യന്റെ ഗതി അനുസരിച്ചു് പേരമരങ്ങളുടെ തണലിന്റെ സഞ്ചാരം, നദിയ്ക്കക്കരെയുള്ള വൃക്ഷക്കൂട്ടങ്ങളുടെ മുകളിൽ പതിയുന്ന സായംസൂര്യന്റെ സുവർണ്ണകിരണങ്ങൾ ഇവയെല്ലാം എനിക്കു്

അത്ഭുതവികാരങ്ങൾ നൽകി. ...വ സം, രാവിലെ മുതൽ മേഘങ്ങളുടെ ബഹളംത... . മറുകരെയുള്ള വൃക്ഷങ്ങൾ ക്രൌഞ്ചങ്ങളുടെ കറുത്ത...ളും. നദിയുടെ ...ളിലും കറുകറുത്ത നീരാവികൾ പറക്കും. അതിനിടയ്ക്ക് പെട്ടെന്നു കാണാം ആകാശമണ്ഡലം വിറപ്പിച്ചുംകൊണ്ടു ഇടിമുഴക്കവും ധാരമുറിയാതുള്ള മഴയും. മഴവന്നാൽ മറുകരയിലെ തടരേഖ കണ്ണുനീരിൽ വിടവാങ്ങി പെട്ടെന്നു പിന്മാറുന്നു. നദി നെഞ്ഞത്തടിച്ചു് നെടുവീർപ്പിടുന്നു, എങ്കിലും കോമളമായ കുളിർകാററു വൃക്ഷങ്ങളുടേയും ചെടികളുടേയും തളിരുകളിലെല്ലാം തത്തിത്തത്തിക്കളിച്ചുകൊണ്ടിരിക്കും.

ഗൃഹഭിത്തികളുടേയും തട്ടിൻേറയും ഉള്ളിൽനിന്നും വെളിയിൽ ഇവിടെ എനിയ്ക്കു ഒരു പുതിയ ജന്മംകിട്ടിയതുപോലെ തോന്നി. സമസ്തവസ്തുക്കളുമായി പുതിയ തരത്തിലുള്ള ഒരു പരിചയം ലഭിയ്ക്കുനിമിത്തം പഴക്കംകൊണ്ടുള്ള അവയുടെ തുച്ഛഭാവം നിശ്ശേഷംമാറി. കാലത്തു ശർക്കരക്കുട്ടി മലർപ്പൊരി തിന്നപ്പോൾ എനിക്കുണ്ടായ തൃപ്തി സ്വർഗ്ഗലോകത്തിരുന്നു അമൃതം ഭക്ഷിക്കുമ്പോൾ ഇന്ദ്രനുണ്ടാകുമോ എന്നു സംശയം? അമൃതിൻെറ സത്തു് രസത്തിലേക്കാൾ രസബോധത്തിലാകുന്നു. ആയതു് അന്വേഷിച്ചു നടക്കുന്നോ അവക്കു് അതു കിട്ടുന്നകാര്യം പ്രയാസം.

ഞങ്ങൾ താമസിച്ചിരുന്ന വീട്ടിൻെറ പുറകിലെ മതിൽകെട്ടിനോടു ചേർന്നു് കൽപ്പടികൾ കെട്ടിയിറക്കിയിരുന്ന ഒരു കുളമുണ്ടായിരുന്നു. കുളക്കടവിൻെറ ഒരു ഭാഗത്തായി നിന്ന വലിയൊരു ജാംബുവൃക്ഷവും, കുളത്തിനു ചുററും കൊഴുത്തു തഴച്ചു നിന്നിരുന്ന കായ്മരങ്ങളുംകൂടി

അതിനൊരു മൂടുപടമിട്ടപോലെ തോന്നി. മൂടിപ്പൊതിഞ്ഞു മറഞ്ഞുകിടന്നിരുന്ന ഈ ചെറുകുളം മുൻഭാഗത്തുള്ള വിശാലനദിയുടേതിൽനിന്നും വ്യത്യസ്തമായ ഒരാനന്ദം എനിയ്ക്കു നൽകി. സ്വന്തം കൈകൊണ്ടു നാനാവർണ്ണത്തിലുള്ള ചിത്രങ്ങൾ തുന്നിയ ഒരു പുതപ്പിൽ കിടന്നു് മദ്ധ്യാഹ്നവേളയിലെ വിശ്രമമനുഭവിക്കുകയും, ഹൃദയത്തിലെ രഹസ്യങ്ങൾ മന്ദമായി മൊഴിയുകയും ചെയ്യുന്ന ഒരുഗൃഹനായികയുടെ ചിത്രം ഈ കുളം എനിയ്ക്കു നൽകി. കുളത്തിന്റെ കരയിൽ വൃക്ഷത്തണലിൽ തനിയേ ഇരുന്നുകുളത്തിനുള്ളിലുള്ള യക്ഷപുരിയിലെ ഭയങ്കരരാജ്യങ്ങളും സ്വപ്നംകണ്ടു് ഒട്ടനേകം മദ്ധ്യാഹ്നങ്ങൾ ഞാൻ കഴിച്ചുകൂട്ടി.

ബങ്കാളിലെ ഗ്രാമം ഒന്നു കാണണമെന്നു് വളരെക്കാലമായി എനിക്കു വലിയ ആഗ്രഹമായിരുന്നു. അവിടത്തെ ചെറിയ ചെറിയ വീടുകൾ, അതിന്റെ നടുക്കുള്ള ക്ഷേത്രം, വഴികൾ, വരമ്പുകൾ, നിലങ്ങൾ, ചന്തകൾ, ഗ്രാമീണബാലരുടെ കളികൾ അവരുടെ ആകപ്പാടെയുള്ള ജീവിതസമ്പ്രദായങ്ങൾ ഇവയുടെ എല്ലാം ഒരു ചിത്രം എന്റെ മനസ്സിലുണ്ടായിരുന്നതു എന്നെ അങ്ങോട്ടു ആകർഷിച്ചുകൊണ്ടേ ഇരുന്നു. അത്തരമൊരു ഗ്രാമം ഭാഗ്യവശാൽ ഞങ്ങൾ താമസിച്ചിരുന്നതിന്റെ നേരുകിഴക്കായി ഉണ്ടായിരുന്നു. പക്ഷേ അവിടെ പോകുന്നതെങ്ങിനെ? വെളിയിൽ വന്നു കഴിഞ്ഞെങ്കിലും ഞങ്ങൾക്കു് സ്വാതന്ത്ര്യം കിട്ടിയിരുന്നില്ല. കൂട്ടിൽനിന്നും കൂറിയിൽ ചാടി. പക്ഷേ, കാലിലെ ചങ്ങല കാലിൽതന്നെ കിടക്കുന്നു.

ഒരു ദിവസം കാലത്തു് ഞങ്ങളുടെ താമസസ്ഥലത്തുനിന്നും ചിലർ ആ ഗ്രാമത്തിലേക്കു നടക്കുന്നതിനു

പോയി. അടക്കാൻവയ്യാത്ത ആഗ്രഹംകൊണ്ടു അവർ കാണാതെ കുറെദൂരം പുറകേ ഞാനും നടന്നു. മുൾച്ചെടികൾ മൂടിക്കിടന്ന ഒരു ഇടവഴിയിലൂടെ നടന്നുചെന്നു് പുല്ലും പായലും നിറഞ്ഞ ഒരു കുളക്കരയിൽക്കൂടി സഞ്ചരിച്ചതിനിടയ്ക്കു് ആനന്ദകരമായ എത്ര ചിത്രങ്ങൾ എൻെറ മനസ്സിൽ പതിഞ്ഞിരിക്കണമെന്നു് കണക്കില്ല. കുളത്തിന്റെ ഒരു കോണിൽ, അരമാത്രം മറച്ചുകൊണ്ടു ഒരുത്തൻനിന്നു പല്ലുതേയ്ക്കുന്നതു ഇതാ ഞാനിന്നും കാണുന്നു. ഇത്രയുമായപ്പോൾ മുമ്പേ നടക്കാൻ പോയവർ എന്നെ കണ്ടുപിടിച്ചു. 'പൊയ്ക്കോ, കടന്നോ, ഓടിയ്ക്കോ തിരിയെ' എന്നവർ അട്ടഹസിച്ചു. വെളിയിലിറങ്ങുന്നതിനു തക്ക വിവിധാലങ്കാരങ്ങൾ എനിയ്ക്കില്ലായിരുന്നതു അവർക്കു ഒരു കുറവായിത്തോന്നി. കാലിൽ ചെരിപ്പില്ല, ഉടുപ്പിൻെറ മീതെ നേര്യതില്ല, ഇതായിരുന്നു എൻെറ കുററം! ചെരിപ്പാകട്ടെ, വിലപിടിച്ച വസ്ത്രങ്ങളാകട്ടെ കഷ്ടകാലംകൊണ്ടു് അന്നെനിയ്ക്കില്ല. അതിൻെറ ഫലമായി, മടങ്ങിപ്പോകേണ്ടിവന്നുവെന്നുമാത്രമല്ല പിന്നീടു വെളിയിലിറങ്ങി സഞ്ചരിക്കാനുള്ള യോഗ്യതക്കൂടി നഷ്ടപ്പെട്ടു. പുറകേനടക്കാനുള്ള അവകാശം ഇങ്ങനെ എനിക്കു സിദ്ധിച്ചില്ലെങ്കിലും ഗംഗാദേവി എന്നെ ഉപേക്ഷിച്ചില്ല. അങ്ങോട്ടുമിങ്ങോട്ടും നിരന്തരമായി പായകെട്ടി ഓടിക്കൊണ്ടിരിക്കുന്ന വള്ളങ്ങൾ ഇഷ്ടംപോലെ കേറി മനോയാത്ര ചെയ്യുന്നതിനും, ഭൂമിശാസ്ത്രത്തിലെങ്ങും രേഖപ്പെടുത്തിയിട്ടില്ലാത്ത രാജ്യങ്ങൾ പലതും സഞ്ചരിക്കുന്നതിനും എനിക്കൊരു ഫ്രീപാസ്സുതന്നെ തന്നിരുന്നു.

ഇതു് നാല്പതുകൊല്ലത്തിനു മുമ്പുള്ള കഥയാണു്. ചമ്പകവൃക്ഷങ്ങൾ നിറഞ്ഞ ആ തോട്ടത്തിൽ, അതിൽ

പിന്നെ ഇതേവരെ ഞാൻ കാലെടുത്തു വെച്ചിട്ടില്ല. അന്നത്തെ വൃക്ഷങ്ങളും വീടുകളും ഇന്നും അവിടെ ഉണ്ടായിരിക്കണം. എങ്കിലും അതൊരു തോട്ടമായി തോന്നാൻ തരമില്ല. അന്നത്തെ ആനന്ദാനുഭൂതി ഇന്ന് എനിക്കെങ്ങനെ കിട്ടുന്നു?

കൽക്കത്തയിലെ 'ജോറാശങ്കോവിൽ' * ഞങ്ങൾ തിരിച്ചു വന്നപ്പോൾ ദിവസങ്ങൾ പഴയപടി നോർമൽ സ്കൂളിന്റെ വക്ത്രഗഹ്വരത്തിൽ ഗ്രാസപിണ്ഡങ്ങൾപോലെ വീണ്ടും പ്രവേശിച്ചുതുടങ്ങി.

---

# കാവ്യരചന

---

എന്റെ പഴയ നീല നോട്ടുബുക്ക് വളഞ്ഞുപുളഞ്ഞ വരികളും ചെറുതും വലുതുമായ അക്ഷരങ്ങളും കൊണ്ട് പുഴക്കൂട്ടുപോലെ നിറഞ്ഞുകഴിഞ്ഞു. കുസൃതിക്കാരനായ ഒരു കുട്ടിയുടെ കർക്കശമായ കരപീഡനങ്ങളാൽ കടലാസ്സുകൾ പുളഞ്ഞുതിരിഞ്ഞു. ബയൻഡിന്റെ മൂലകൾവിടന്നു പൊങ്ങി ക്രൂരനഖങ്ങൾപോലെ അകത്തുള്ള അക്ഷരങ്ങൾ സൂക്ഷിക്കാൻ കാവൽനിന്നു. എന്നിട്ടും കരുണാമയിയായ ഒരു കാലവൈതരണി എവിടേയോ അതിനെ ഒഴുക്കിക്കളഞ്ഞു. അതിനിനി സംസാരഭീതി ഇല്ല. അച്ചടിയന്ത്രത്തിന്റെ കരാളദംഷ്ട്രകളിൽ പെടാതെ നിത്യവിമുക്തി അതു നേടിക്കഴിഞ്ഞു.

---

* മഹാകവിയുടെ കൽക്കത്തായിലെ ഭവനം.

സ്വന്തം കവിയശസ്സ് ഇങ്ങിനെ പരക്കുന്നതു കണ്ടു് ഞാൻ വെറുതേ ഇരുന്നില്ല. ശതകോടിബാബു എൻെറ ക്ലാസ്സദ്ധ്യാപകനല്ലായിരുന്നുവെങ്കിലും എന്നോട്ടു അദ്ദേഹത്തിനു വളരെ സ്നേഹമായിരുന്നു. പ്രകൃതിശാസ്ത്രം സംബന്ധിച്ച് അദ്ദേഹമൊരു പുസ്തകമെഴുതി. ഒരുദിവസം അദ്ദേഹം എന്നെ വിളിച്ച് 'എന്താ നീ കവിതയെഴുതാറുണ്ടോ' എന്നു ചോദിച്ചു. ഞാൻ രഹസ്യം മറച്ചുവച്ചില്ല. അതുമുതൽ എന്നെ ഉത്സാഹിപ്പിക്കുന്നതിന്നു വേണ്ടി ഒന്നുരണ്ടു പദ്യങ്ങൾ തന്നു്, കൂടക്കൂടെ അതിനെ പൂരിപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടിരുന്നു.

സ്കൂളിലെ സൂപ്രണ്ടു ഗോവിന്ദബാബു കറുത്തിരുണ്ടു തടിച്ചുകൊഴുത്ത ഒരു കള്ളനായിരുന്നു. കറുത്ത ഒരു ഉടുപ്പിട്ടു് സ്കൂൾ കെട്ടിടത്തിൻെറ രണ്ടാമത്തെ നിലയിലെ ആഫീസ്സുമുറിയിൽ കണക്കുബുക്കുകളുമായി അദ്ദേഹം എപ്പോഴുമിരിക്കും. എല്ലാവർക്കും അദ്ദേഹത്തെ വളരെ ഭയമായിരുന്നു. സ്കൂളിലെ ദണ്ഡധാരിയായ ശിക്ഷാധികാരിയും അദ്ദേഹമാണു്. ഒരു ദിവസം ഒരു ലഹളക്കേസ്സിലെ വാദിയായി ആ മുറിയിൽ എനിക്കു പോകേണ്ടിവന്നു. പ്രതികൾ മുഴുമുട്ടാളന്മാരായ നാലഞ്ചു വിദ്യാർത്ഥികളായിരുന്നു. നിർദ്ദുഷ്ടമായ കണ്ണുനീരല്ലാതെ മററു സാക്ഷികളൊന്നുമെനിയ്ക്കില്ല. പക്ഷെ, കേസ്സിൽ അനുകൂലമായ ഒരു വിധി കിട്ടിയെന്നു മാത്രമല്ല, അന്നുമുതൽ അദ്ദേഹത്തിനു എന്നോടൊരു പ്രത്യേകസ്നേഹവും ജനിച്ചു.

വേറൊരു ദിവസം വിശ്രമവേളയിൽ അദ്ദേഹം എനിയ്ക്കൊരാളയച്ചു. ഞാൻ പേടിച്ചു വിറച്ചു മുമ്പിൽചെന്നുനിന്നു. "നീ എന്താ കവിത എഴുതുന്നോ" എന്നാണി

രുന്നു ആദ്യത്തെ ചോദ്യം. കററം സമ്മതിക്കുന്നിന് ഞാനൊരു കൂസലും കാണിച്ചില്ല. ഏതോ ചില സന്മാൎഗ്ഗോപദേശത്തെപ്പററി ഒരു കവിതയെഴുതാൻ അദ്ദേഹം എന്നോട്ട് ഉടനടി ആജ്ഞാപിച്ചു. ഗോവിന്ദബാബുവിൽനിന്നും ഇത്തരം ഒരാജ്ഞ ലഭിക്കുന്നതിന് എന്തു ഭാഗ്യം ചെയ്തിരിക്കണമെന്നുള്ളതു അദ്ദേഹത്തിന്റെ ശിഷ്യന്മാരല്ലാത്തവർ മനസ്സിലാക്കുകയില്ല. പിറേറദിവസം കവിതയുമെഴുതിക്കൊണ്ടു ഞാൻ ഹാജരായി. എന്നെ ഒരുയൎന്ന ക്ലാസ്സിൽ കൂട്ടിക്കൊണ്ടുപോയി, കവിത വായിച്ചുകേൾപ്പിക്കുന്നതിനാജ്ഞാപിച്ചു. ഞാനതു അത്യുച്ചത്തിൽ വായിച്ചു കേൾപ്പിച്ചു.

അന്നത്തെ കവിതയെപ്പററിയാണെങ്കിൽ അതു അപ്പടി ആകാശത്തിൽ ലയിച്ചുവെന്നതിൽ കൂടുതലായിട്ടൊന്നും പറയാനില്ല. കുട്ടികളിൽ അതുണ്ടാക്കിത്തീൎത്ത സാന്മാൎഗ്ഗികഫലം ഒരു തരത്തിലും ആശാകരമല്ലായിരുന്നു. കവിതയെപ്പററി അവൎക്കൊരു ബഹുമാനവും ഉണ്ടായില്ല. കവിതതന്നെ എന്റെ സ്വന്തം അല്ലെന്നു അധികംപേരും അഭിപ്രായപ്പെട്ടു. അതിലൊരുത്തൻ ഈ കവിത താനൊരു പുസ്തകത്തിൽ വായിച്ചിട്ടുണ്ടെന്നും, വേണമെങ്കിൽ പുസ്തകം കൊണ്ടു കാണിക്കാമെന്നും കൂടി വാദിച്ചു. പുസ്തകം കൊണ്ടുവരുന്നതിന അവനെ അധികമാരും നിൎബന്ധിച്ചില്ല. അവിശ്വസിക്കുകയെന്നുള്ളതാണ് അവരുടെ ആവശ്യം. തെളിവിനുപോയാൽ പക്ഷെ അതവൎക്കു പ്രതിബന്ധമായി വന്നേക്കാം. ഏതായാലും ഇതു കഴിഞ്ഞു് കവിയശഃപ്രാൎത്ഥികളുടെ സംഖ്യ വളരെ വൎദ്ധിച്ചു. എന്നാൽ അവർ സ്വീകരിച്ച മാൎഗ്ഗം ഒരിക്കലും ഉന്നതിക്കു യോജിച്ച ഒന്നായിരുന്നില്ല.

ഇക്കാലത്തു കവിതയെഴുത്തു് കൊച്ചുകുട്ടികളിൽ പോലും അത്ര കുറവല്ല. കവിതയുടെ പഴയ പ്രഭുത്വമെല്ലാം പോയിക്കഴിഞ്ഞു. മുമ്പു് സ്ത്രീകളിൽ ഒന്നോ രണ്ടോ പേരു മാത്രമേ കവിതയെഴുതിയിരുന്നുള്ളു. ആളുകളൊക്കെ അവരെ വിധാതാവിന്റെ വിശിഷ്ടസൃഷ്ടികളെന്നു ഗണിച്ചുപോന്നു. ഇക്കാലത്തു് ആരെങ്കിലും കവിതയെഴുതിയിട്ടില്ലെന്നു കേട്ടാൽ അതിലാണു് അത്ഭുതം. പ്രത്യേക പ്രോത്സാഹനങ്ങളൊന്നുമില്ലെങ്കിലും താഴ്ന്ന ക്ലാസ്സുകളിൽ വച്ചുതന്നെ ഇന്നു കുട്ടികൾ കവിതയെഴുതിത്തുടങ്ങുന്നു. എനിക്കു കിട്ടിയ അഭിനന്ദനങ്ങൾ ഇന്നത്തെ യുവകവികൾക്കു് ഒരു ഗോവിന്ദബാബുവും നൾകുകയില്ല.

---

# ശ്രീകണ്ഠബാബു

ഇതിനിടെ എനിയ്ക്കൊരു സ്നേഹിതനെ കിട്ടി. അത്രശാന്തനായ ഒരു ശ്രോതാവിനെ എന്റെ ജീവിതത്തിൽ പിന്നീടു കിട്ടിയിട്ടില്ല. അന്നത്തെ ഒരു മാസികയുടേയും വിമർശനാഭിപ്രായം നിവർത്തി ഇല്ലാഞ്ഞതിനാൽ അദ്ദേഹത്തിന്റെ കാവ്യരസികത അത്ര അസാധാരണമായിരുന്നു നല്ലവണ്ണം പഴുത്ത ബാംബേ മാമ്പഴം പോലെ ആയിരുന്നു വൃദ്ധന്റെ ഗുണഗണങ്ങൾ. അല്പം പുളിരസമോ ഒരു ചകരിയോ ഘടനയിൽ ഉണ്ടായിരുന്നില്ല. തല മുഴുവൻ കഷണ്ടി; താടിമീശ ഇല്ലാത്ത ഒരു മെഴുത്ത മുഖം വായ്ക്കകത്തു് പല്ലിന്റെ

കണികപോലും കാണാനില്ല. അടങ്ങാത്ത ആനന്ദത്തിൽ അഞ്ചിക്കണ്ണുകൾ എപ്പോഴും തിളങ്ങിക്കൊണ്ടിരിക്കും സ്വഭാവേനതന്നെ കൊഴുകൊഴുത്ത കണ്ഠത്തിൽ നിന്ന് ശബ്ദങ്ങൾ പുറപ്പെടുമ്പോഴേക്ക് കയ്യും കാലും കണ്ണും കൂടി കഥ പറഞ്ഞു തുടങ്ങും. അന്നത്തെ പേർസ്യൻ പണ്ഡിതന്മാരിൽ ഒരു രസികനായിരുന്നു അദ്ദേഹം. ഇംഗ്ലീഷുഭാഷയിൽ ഒരു പിടിയും കിട്ടിയിരുന്നില്ല. ഇടത്തു വശത്ത് ഒരു 'ഇഡുഗുഡു'* സ്ഥിരമായി താമസിച്ചിരുന്നു. മടയിൽ പലപ്പോഴും ഒരു സിതാറും കാണും. കണ്ഠത്തിൽനിന്ന് പാട്ടു പുറപ്പെടാത്ത സമയമേ ഇല്ല.

പരിചയമുണ്ടെങ്കിലുമില്ലെങ്കിലും ആളുകളെ കണ്ടാൽ അവരുമായടുക്കുന്ന സ്വഭാവം ശ്രീകണ്ഠബാബുവിന് ജന്മസിദ്ധമായിരുന്നു. ഒരു ദിവസം അദ്ദേഹം എന്നേയുംകൂട്ടിക്കൊണ്ട് അടുപ്പത്തുള്ള ഒരു യൂറോപ്യൻ കമ്പനിയിൽ ഫോട്ടോ എടുപ്പിക്കുന്നതിന്ന പോയി. മാനേജർസായിപ്പുമായി പഴയ സ്റ്റേഷൻന്മാരെപ്പോലെ ഹിന്ദിയിലും ബങ്കാളിയിലും വലിയ പ്രസംഗങ്ങൾ നടത്തി, തൻെറ ആവശ്യവും നിർദ്ധനാവസ്ഥയും ഭംഗിയായി പറഞ്ഞുകേൾപ്പിച്ചു സായിപ്പ് കണിശക്കാരനായിരുന്നെങ്കിലും ശ്രീകണ്ഠബാബുവിൻെറ പ്രസംഗധോരണിയിൽ മയങ്ങിപ്പോയതിനാൽ കുറഞ്ഞ റേററിൽ ഫോട്ടോ എടുക്കുന്നതിന്ന സമ്മതിച്ചു. ഭാഷ അറിഞ്ഞുകൂടാത്ത ആളുകളോടുകൂടിത്തന്നെ അദ്ദേഹം വളരെ ധൈര്യമായി പെരുമാറും. അറിയാവുന്നവരുടെ കഥ പിന്നെ പറയേണ്ടതേഇല്ല. അദ്ദേഹത്തിന പരിചയമില്ലാത്ത ആളുകൾ വാസ്തവത്തിൽ വളരെ ചുരുക്കമായിരുന്നു. ആരോടും ഒരുമാറുന്നതിന് ഒരു സങ്കോചവുമുണ്ടായിരുന്നില്ല

---

*; പുകവലിക്കുന്ന ഒരു കുഴൽ.

കൂടക്കൂടെ ഒരു യൂറോപ്യൻ മിഷണറയുടെ വീട്ടിൽ അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോകമായിരുന്നു. അവിടെ ചെന്നുകഴിഞ്ഞാൽ പാട്ടുപാടുക, സിതാർ വായിക്കുക, പെൺകുട്ടികളെ കളിപ്പിക്കുക, .ബൂട്ട്സ് ഇട്ടു ചെറുതാക്കിയ അവരുടെ കാലുകൾ വർണ്ണിക്കുക ഇതെല്ലാമായിരിക്കും ജോലികൾ. മിഷണറിയുടെ .വീട്ടിൽ അദ്ദേഹത്തിനു നല്ലൊരു സ്ഥാനമുണ്ടായിരുന്നു. വേറെ വല്ലവരുമായിരുന്നെങ്കിൽ ഇതെല്ലാം അവർ തീച്ചയായും ഒരുപദ്രവമായി കരുതുമായിരുന്നു. പക്ഷേ ശ്രീകണ്ഠബാബുവിൻെറ പ്രവൃത്തികൾ എല്ലാവർക്കും വളരെ സന്തോഷകരമേ ആയിരുന്നുള്ളൂ.

ഏതു വലിയ ആഭാസനും ശ്രീകണ്ഠബാബുവിനെ ഒന്നു ദേഷ്യപ്പെടുത്താൻ സാധിക്കുകയില്ല. എത്ര അപമാനകരമായ പ്രവൃത്തിയും തനിക്കപമാനമായി തോന്നുകില്ലെന്നുള്ളതാണു് അദ്ദേഹത്തിൻെറ വിശേഷം. ഞങ്ങളുടെ വീട്ടിൽ കുറേനാൾ ഒരു പ്രസിദ്ധനായ ഭാഗവതർ താമസിച്ചിരുന്നു. മദ്യം സേവിച്ചു മദിച്ചിരിക്കുന്ന അവസരങ്ങളിൽ അയാൾ ശ്രീകണ്ഠബാബുവിൻെറ സംഗീതത്തെപ്പററി വല്ലാതെ വിമർശിച്ചുതുടങ്ങും. ശ്രീകണ്ഠൻ പ്രസന്നമുഖനായി സകലതും കേൾക്കുക അല്ലാതെ ഒരക്ഷരം മറുത്തുപറയുകയില്ല. ഭാഗവതരുടെ ഈ ദുസ്സ്വഭാവത്തിൻെറ ഫലമായി ഒടുവിൽ അയാളെ വീട്ടിൽനിന്നും പറഞ്ഞയയ്ക്കുന്നതിനു തീച്ചപ്പെടുത്തി. ശ്രീകണ്ഠബാബു വിവരമറിഞ്ഞു് അയാളെ രക്ഷിക്കുന്നതിനു പല ശ്രമങ്ങൾ ചെയ്തു. സാധു ഒരിക്കലും കുററക്കാരനല്ലെന്നും, മദ്യമാണു് ഇതെല്ലാം ചെയ്യിച്ചതെന്നുമായിരുന്നു ബാബുവിൻെറ വാദം.

ആരെങ്കിലും ദുഃഖമനുഭവിക്കുന്നതു് ശ്രീകണ്ഠബാബുവിനു കാണാൻ ശക്തിയില്ല. അത്തരം കഥകൾപോലും കേൾക്കുന്നതു വലിയ വിഷമം. ആർക്കെങ്കിലും അയാളെ ഒന്നു വിഷമിപ്പിക്കണമെന്നുണ്ടെങ്കിൽ വിദ്യാസാഗറിന്റെ സീതാവനവാസത്തിലേയോ, ശാകുന്തളത്തിലേയൊ ചില കരുണഭാഗങ്ങൾ എടുത്തു് അദ്ദേഹത്തിന്റെ മുമ്പിൽവച്ചു വായിച്ചാൽ മതി. കൈകൾകൊണ്ടു കണ്ണുരണ്ടുംപൊത്തികൊണ്ടു വായന നിറുത്താൻ ഉടൻ അദ്ദേഹം അവരോടു് അപേക്ഷിക്കും.

ശ്രീകണ്ഠബാബു എന്റെ എന്നപോലെ ജ്യേഷ്ഠസഹോദരന്മാരുടേയും അച്ഛന്റെ തന്നെയും ഒരു സ്നേഹിതനായിരുന്നു. ആരുടെ വയസ്സിനോടും അയാളുടെ വയസ്സിനു യോജിപ്പുമുണ്ടായിരുന്നു. കവിത കേൾപ്പിക്കാൻ ഇത്ര അനുകൂലനായ ഒരു ശ്രോതാവിനെ ആർക്കും ഒരിക്കലും കിട്ടുകയില്ല. ഓളത്തിനു തുള്ളിച്ചാടാൻ ഒരു ചെറിയ കല്ലുമതിയാകുന്നപോലെ, ശ്രീകണ്ഠബാബുവിനു് ഏതെങ്കിലുമൊരവസരം കിട്ടിയാൻമതി. അതു തന്റെ നിത്യാനന്ദത്തിൽ നല്ലപോലെ കൊഴുപ്പിച്ചു് അനുഭവിച്ചുകൊള്ളും. ഞാൻ രണ്ടുമൂന്നു് ഈശ്വരസ്തോത്രങ്ങൾ നിർമ്മിച്ചിരുന്നു. സംസാരത്തിലെ കഷ്ടതകളുടെ ചില്ലറവർണ്ണനകൾകൂടി അതിൽ കൊടുത്തിട്ടുണ്ടായിരുന്നു. ഇത്ര സർവാംഗസുന്ദരമായ ഒരു പാരമാർത്ഥികകവിത അച്ഛനെ കേൾപ്പിച്ചാൽ തീർച്ചയായും അദ്ദേഹം വളരെ സന്തോഷിക്കുമെന്നു ശ്രീകണ്ഠബാബു തീർച്ചയാക്കി. കവിതയും കയ്യിലെടുത്തു് അത്യുത്സാഹത്തോടെ അതു വായിച്ചു കേൾപ്പിക്കാൻ അദ്ദേഹം അച്ഛന്റെ അടുത്തുപോയി. ഭാഗ്യവശാൽ ഞാനപ്പോൾ അവിടെ ഇല്ലായിരുന്നു. ലോകത്തിന്റെ ദുസ്സഹാവസ്ഥ, തന്റെ കനിഷ്ഠപുത്രനിൽ

നിന്നും ഒരു കവിതപൊട്ടിപ്പുറപ്പെടത്തക്കവണ്ണം അവനെ അത്രയ്ക്കു പീഡിപ്പിക്കുന്നല്ലൊ എന്ന് അച്ഛൻ പരിഹസിച്ചു പറഞ്ഞുവെന്നു പിന്നീട് ഞാനറിഞ്ഞു. വിഷയത്തിൻെറ ഗാംഭീര്യംകൊണ്ടു് അച്ഛനെ വശപ്പെടുത്താൻ ഒരിക്കലും സാധിക്കുകയില്ല. നമ്മുടെ സൂപ്രണ്ടു് ഗോവിന്ദബാബു ആയിരുന്നെങ്കിൽ ആ കവിത വളരെ ഇഷ്ടപ്പെട്ടമായിരുന്നു.

സംഗീതത്തിൽ ഞാൻ ഗോവിന്ദബാബുവിൻെറപ്രിയശിഷ്യനായിരുന്നു. 'മയ്ഛേരന്ധോ' വ്രജകീ, ബാഷരീ, എന്നു അദ്ദേഹത്തിനു വളരെ ഇഷ്ടമുള്ള ഒരു പാട്ടുണ്ടു്. അതെന്നെ പഠിപ്പിച്ചിട്ടു പാടി കേൾപ്പിക്കാൻ എല്ലാരുടേയുമടുത്തു് എന്നെ കൂട്ടിക്കൊണ്ടുപോകും. ഞാൻ പാടും, അദ്ദേഹം സിതാർ വായിക്കും. പാട്ടിൻെറ പല്ലവി ആകുമ്പോൾ സിതാറുമായി ശ്രീകണ്ഠബാബു ചാടി എഴുന്നേററു്, ഓരോരുത്തരുടേയും മുഖത്തു മാറിമാറി പുഞ്ചിരിതൂകി നോക്കിക്കൊണ്ടു് ഒരേ പദംതന്നെ ഒരായിരം തവണ പാടി നൃത്തം തുടങ്ങും. ആനന്ദത്തിൻെറ അഗാധതയിലേയ്ക്കു മററുള്ളവരെ ക്ഷണിക്കുകയായിരിക്കണം അതിൻെറ ആന്തരാത്ഥം.

ഇദ്ദേഹം അച്ഛൻെറ ഒരു ഭക്തനായിരുന്നുവെന്നു വേണം പറയാൻ. * "അന്തരതര, അന്തരതമ, തിനിബ്ബേ" എന്നപാട്ടു കൂടക്കൂടെ അച്ഛനെ പാടികേൾപ്പിക്കും. ഒരു ദിവസം പാടിപ്പാടി കസേരയിൽനിന്നും ചാടി എഴുന്നേററു് തുള്ളാൻ തുടങ്ങി. സിതാർ രണ്ടു മൂന്നു തവണ 'ഠിമ്' എന്നു മുഴക്കി, അച്ഛൻെറ നേരെ തിരിഞ്ഞു് തലകൊണ്ടു താളംപിടിച്ചു. "അന്തരതര, . അന്തരമത്തു

* അവിടുന്ന് അന്തരതരനും അന്തരതമനുമാകുന്നു.

തമിഴേ" എന്നുമാററിപ്പാടി. (നീ ആകുന്നു അന്തരാത്മരനം തമനം)

ശ്രീകണ്ഠബാബു അവസാനമായി കാണാൻവന്നപ്പോഠം അച്ഛൻ ചിൻസൂറായിൽ ഗംഗയുടെ തീരത്തു താമസിക്കുകയായിരുന്നു. വാർദ്ധക്യവും രോഗവും നിമിത്തം അന്നു് അദ്ദേഹത്തിനു് എഴുന്നേററുനിൽക്കുന്നതിനു പോലും ശക്തിയില്ല. കൺപോളകഠം കൈകൊണ്ടു നീക്കിവേണം വല്ലതും കാണേണ്ടതു്. ഈ അവസ്ഥയിൽ തന്റെ ഒരു പൌത്രികളുടെ സഹായത്തോടുകൂടി അന്നു് അച്ഛനെ കാണാൻ വരികയായിരുന്നു. വളരെ കഷ്ടപ്പെട്ടു് അച്ഛനെ ഒന്നു കണ്ടു വന്ദിച്ചിട്ടു് അല്പദിവസം കഴിയുന്നതിനുമുമ്പു് അദ്ദേഹം മൃതിയടഞ്ഞു. മരണവേളയിലും "കീ മധുരതവ കരുണാപ്രഭോ!" എന്നു സന്തോഷമായി പാടിക്കൊണ്ടിരുന്നുവെന്നു കേട്ടിട്ടുണ്ടു്.

---

# ബങ്കാളി പഠിച്ചുനിൎത്തി

ഞങ്ങൾ എട്ടുകെട്ടുപരീക്ഷയുടെ താഴത്തെ ക്ലാസ്സിൽ പഠിക്കുന്നു. ക്ലാസ്സിലെ ബങ്കാളി പുസ്തകങ്ങളെല്ലാം വീട്ടിലിരുന്നു പഠിച്ചുതീൎത്തു. അക്ഷയകുമാർദത്തന്റെ പദാൎത്ഥവിജ്ഞാനം കഴിഞ്ഞു് മധുസൂദനന്റെ മേഘനാദവധം ആരംഭിച്ചു. പദാൎത്ഥവിദ്യ പഠിച്ചുതീൎത്തെങ്കിലും പദാൎത്ഥവുമായി ഞങ്ങൾക്കു് ഒരു ബന്ധവും കിട്ടിയിരുന്നില്ല. വെറും ഏട്ടിലെ പഠിത്തം. സമയം വൃഥാ നഷ്ടപ്പെടുത്തിയെന്നുമാത്രം. എനിയ്ക്കു് പ്രത്യേകിച്ചും അതൊരു വലിയ നഷ്ടമായിത്തന്നെ തോന്നി. ഒന്നും ചെയ്യാതെ സമയം നഷ്ടമാകുന്നതിനേക്കാൾ എത്രയോ കഷ്ടമാണു് വല്ലതും ചെയ്തു അതു നഷ്ടപ്പെടുത്തുന്നതു്. മേഘനാദവധംപോലും എനിയ്ക്കു് രസകരമായി തോന്നിയില്ല. താഴെ വീണാൽസഹിക്കാവുന്ന പദാൎത്ഥംതന്നെ തലയിൽ എറിഞ്ഞാൽനമുക്കു രസിക്കുന്നില്ലല്ലൊ. ഭാഷ പഠിപ്പിക്കാൻ കാവ്യം ഉപയോഗിക്കുന്നതു് മുഖക്ഷൌരം ചെയ്യാൻ വാളുപയോഗിക്കുന്നതുപോലെ ആകുന്നു. വാളിനു അപമാനമെങ്കിൽ മുഖത്തിനു അതു് കഷ്ടത. കാവ്യം പഠിക്കുന്നതു് കാവ്യമായിത്തന്നെ വേണം. അതു രസാനുഗുണമായിരിക്കയും വേണം അല്ലാതെ ഒരു മഹാകാവ്യമെടുത്തുംകൊണ്ടു് വ്യാകരണക്കാരോടും ശബ്ദകോശക്കാരോടും അടിപിടിക്കിറങ്ങുന്നതു് സരസ്വതിക്കൊരിക്കലും സമ്മതമായിരിക്കുകയില്ല.

ഞങ്ങളുടെ നാൎമ്മൽസ്കൂൾപഠിത്തം പെട്ടെന്നവസാനിച്ചു. അതിൽ ഒരു ചെറിയ ചരിത്രംകൂടി ഇല്ലാതില്ല. ഒരു ദിവസം സ്കൂളിലെ അദ്ധ്യാപകന്മാരിലൊരാൾ, കിശോരീമോഹൻ എഴുതിയ എന്റെ പിതാമഹന്റെ ഒരു

ഇംഗ്ലീഷ് ജീവചരിത്രം വായിക്കുന്നതിന് വേണമെന്നാവശ്യപ്പെട്ട പുസ്തകം തരണമെന്ന് അച്ഛനോട് ചോദിക്കാൻ എനിക്ക് ധൈര്യംവന്നില്ല സത്യൻ, ഏതിനും ഒന്നു ചോദിക്കുകതന്നെ എന്നു് തീർച്ചപ്പെട്ടതു്. സാധാരണആളുകളോട് സംസാരിക്കുന്ന ഭാഷയിൽ അച്ഛനോട് സംസാരിക്കാൻ സാധിക്കുകില്ലെന്നായിരുന്നു അവൻെറ വിചാരം. അതുകൊണ്ടു് സാഹിത്യഭാഷയിൽ ചില വാക്യങ്ങൾ നേരത്തെ തയാറാക്കി അവൻ അതു അച്ഛൻെറ അടുത്തുചെന്നു വിളമ്പി. ഞങ്ങളുടെ ബംഗാളിഭാഷ ഇപ്പോൾ തന്നെ ധാരാളം വളർന്നുകഴിഞ്ഞെന്നും, ഇനിയും കൂടുതലായാൽ അതു സ്വന്തംപരിധി കടന്നിട്ടു് സർവത്രവ്യാപിച്ചുതുടങ്ങുമെന്നുമാണു് സത്യൻെറ ഭാഷകേട്ടു് അച്ഛൻ തീർച്ചപ്പെടുത്തിയതു്. പിറെറദിവസം രാവിലെ, വീട്ടിലെ തെക്കേവരാന്തയിൽ മേശയുമിട്ടു് ചുവരിൽ ബോർഡും ചാരി, നീലകമലബാബു പഠിപ്പിക്കാനിരുന്നപ്പോൾ അച്ഛൻെറ അടുത്തു നിന്നും ഞങ്ങൾക്കു് ആളു വന്നു. ബംഗാളി ക്ലാസ്സ് മേലാൽ നടത്തേണ്ട ആവശ്യമില്ലെന്നായിരുന്നു അച്ഛൻെറ ആജ്ഞ. അവിചാരിതമായ ആ ആജ്ഞ കേട്ടു് ഞങ്ങൾക്കുണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ വിഷമം!

നീലകമലമാഷായ് 'തറവട്ടത്തു തയ്യാറായി' വരാന്തയിൽത്തന്നെ ഇരിക്കുകയായിരുന്നു. ബംഗാളി ജാമട്രി പുസ്തകം അദ്ദേഹത്തിൻെറ മുമ്പിൽ തുറന്നു കിടക്കുന്നു. മേഘനാദവധത്തിൻെറ ഒരെയുമുള്ള നോട്ടം കണ്ടിട്ടു് പുള്ളിക്കാരനു് അതൊന്നുകൂടി ആവർത്തിക്കണമെന്നുള്ള മട്ടാണു് തോന്നിയതു്. മനുഷ്യർക്കു് മരണസമയത്തു ലൗകികവസ്തുപകരണങ്ങളുടെ 'മായാസ്വഭാവം' മനസ്സിലാകുന്നതുപോലെ പണ്ഡിതമാഷായ് തുടങ്ങി ബോർഡുവ

യ്യുന്ന സ്റ്റാൻഡുവരെയുള്ള സകലതും പെട്ടെന്നു് ഞങ്ങളുടെ കൺമുമ്പിൽ നിന്നു് മരുമരീചികപോലെ മറഞ്ഞു. വല്ലവിധത്തിലും ഗൗരവം നടിച്ചു് ഒരു കൃതജ്ഞത പറയുകയെന്നതുതന്നെ വിഷമമേറിയ ഒരു ജോലിയായി. ഏതായാലും നിശ്ചിതമായ നിയന്ത്രണശക്തി ഉപയോഗിച്ചു് ഞങ്ങൾ ആ കൃത്യംനിർവഹിച്ചു. ബ്ളാക്ക്ബോർഡിലെ ജാമട്രിവരകൾ ഞങ്ങളുടെ നേരേ തുറിച്ചുനോക്കി. അന്നുവരെ ശത്രുതയിൽ വർത്തിച്ചിരുന്ന മേഘനാദവധം മേശമേൽ മലർന്നുകിടന്നു ഞങ്ങളെ കരുണകരുണം നോക്കിക്കൊണ്ടിരുന്നു.

ശ്രുതായിരുന്ന നീലകമലമഷ്ടാരിയുടെ അവസാനവാക്കുകൾ—

“കർത്തവ്യകർമ്മങ്ങളുടെ അനുരോധത്താൽ പലപ്പോഴും നിങ്ങളോടു ഞാൻ കഠിനമായി പെരുമാറിട്ടുണ്ടാവാം. അതൊന്നും മനസ്സിൽ വയ്ക്കരുതു്. ഞാൻ എന്തെല്ലാം പഠിപ്പിച്ചോ അതിൻെറ ഫലങ്ങൾ ഭാവിയിൽ നിങ്ങൾ അറിഞ്ഞുകൊള്ളും.”

ഫലമറിവാൻ എനിക്കു് അധികനാൾ വേണ്ടിവന്നില്ല. കുട്ടിക്കാലത്തു ബംഗാളി പഠിച്ചതിൻെറ ഫലമായി മനസ്സിനും ബുദ്ധിക്കും ക്രമേണ വികാസമുണ്ടായി. വിദ്യാഭ്യാസം കഴിയുന്നിടത്തോളം ആഹാരംപോലെ സുഖകരമാക്കിത്തന്നെ കൊണ്ടുപോകണം. ഖാദ്യദ്രവ്യങ്ങൾ കടിച്ചുതുടങ്ങുമ്പോഴേക്കും അതിലുള്ള രസംകൊണ്ടു് ഉദരം ഉത്സാഹത്തോടെ അതിൻെറ സ്വീകരണത്തിനു തയാറാകുന്നു. ദഹനശക്തിയുണ്ടാക്കുന്ന ദ്രാവകങ്ങൾ സ്വയം വർദ്ധിക്കുകയും ചെയ്യുന്നു. നേരെ മറിച്ചു്, രസാനുഭൂതിക്കുവേണ്ടി ഈ അവയവങ്ങളെല്ലാം വയറുനിറയുന്നതു കാത്തിരുന്നാൽ പിന്നത്തെയവസ്ഥ ഊഹിച്ചുകൊ

ള്ളുക. ഒരു ബംഗാളിബാലനെ ഇംഗ്ലീഷിൽ പഠിപ്പിച്ചു തുടങ്ങുമ്പോൾ അവനു ഒരു രസാനുഭൂതിയും ഉണ്ടാകുന്നില്ല. ആദ്യത്തെ ഒററക്കടിക്കു് അവന്റെ വായിലെ പല്ലെല്ലാം കടിയുടെ കാഠിന്യംകൊണ്ടു ആടിത്തുടങ്ങും. പിന്നീടു വായ്ക്കകത്തു വലിയൊരു ഭൂകമ്പം. അകത്തിട്ടതു കരിങ്കല്ലല്ല. രസമുള്ള ഒരു പദാർത്ഥമാണെന്നു് അവനറിയുന്നതിനിടയ്ക്കു് ആയുസ്സിന്റെ അർദ്ധാംശവും കടന്നുകൂടുന്നു. വ്യാകരണത്തിലും ശബ്ദകോശത്തിലും കടിച്ചുപിടിച്ചു കണ്ണുംതള്ളി കുട്ടികൾ കണ്ണുനീരൊലിപ്പിക്കുന്ന ബഹളത്തിൽ അവരുടെ അകം മുഴുവൻ പട്ടിണി കിടക്കുന്നു. വളരെയൊക്കെ കഷ്ടപ്പെട്ടു ഖാദ്യവസ്തു കണ്ടുപിടിക്കുമ്പോൾ വിശപ്പു തനിയെ അടങ്ങിക്കഴിയും. ചിത്തവൃത്തിയെ ചലിപ്പിക്കുന്നതിനുള്ള ശക്തി ആദ്യമേ കിട്ടിത്തുടങ്ങിയില്ലെങ്കിൽ ക്രമേണ അതിനും മാന്ദ്യം ഭവിക്കും. ഇംഗ്ലീഷിന്റെ ഘോരാരവങ്ങൾ നാലു ചുററും ഇരച്ചുകയറിയ അവസരത്തിലും ഞങ്ങളെ ബംഗാളി പഠിപ്പിക്കുന്നതിനു ഏർപ്പാടുചെയ്തതു് എന്റെ ജ്യേഷ്ഠസഹോദരനായിരുന്നു. അതിന്റെ കൃതജ്ഞത ഞങ്ങളൊരുകാലവും മറക്കുകയില്ല.

# ഒരു പ്രൊഫസർ

നാമ്മൾസ്കൂൾ വിട്ടു് 'ബങ്കാൾ അക്കാഡമി' എന്ന യൂറേഷ്യൻ സ്കൂളിൽ ചേൎന്നു പഠിപ്പുതുടങ്ങിയതോടുകൂടി ഞങ്ങളുടെ ഗൗരവം ഒന്നു വളൎന്നു. സ്വാതന്ത്ര്യത്തിൻെറ ഒന്നു രണ്ടു പടികൾ ഞങ്ങൾ കേറിക്കഴിഞ്ഞു. സ്കൂളിൽ ഒരു പ്രാമാണ്യം കിട്ടിയതു് വാസ്തവത്തിൽ ഈ സ്വാതന്ത്ര്യബോധത്തിൻെറ ഫലമായിരുന്നു. പഠിപ്പിച്ചതൊന്നും ഞങ്ങൾ മനസ്സിലാക്കിയിരുന്നില്ല. മനസ്സിലാക്കുന്നതിനു ശ്രമിച്ചതുമില്ല. അക്കാഡമിയിലെ കുട്ടികൂറുകളു അധികപ്രസംഗം കൂടുതലായിരുന്നു. എങ്കിലും അവർ ചീത്തകളാണെന്നു പറയുന്നതു ശരിയല്ല. കയ്യിൽ ചാക്കുകൊണ്ടു Ass എന്നു മറിച്ചെഴുതി അടുത്തിരിക്കുന്ന കുട്ടികളുടെ പുറത്തു് സന്തോഷിച്ചു തടവുന്നപോലെ അവർ കൈ പതിക്കും. കുട്ടികൾ അതുംകൊണ്ടു വെളിയിലിറങ്ങുമ്പോൾ ബാക്കിയുള്ളവർ സംഘം ചേൎന്നു ചിരിക്കും. പുറകിലിരുന്നു് തലയ്ക്കു കൊട്ടിയിട്ടു് അറിയാത്തപോലെ ഗൗരവത്തിൽ ഇരുന്നുകളയും, പഴത്തൊലി എടുത്തു് പുറത്തെറിഞ്ഞിട്ടു് എങ്ങോട്ടെങ്കിലും മാറിക്കളയും. ഇതെല്ലാം അപ്പപ്പോൾ ഉപദ്രവമായിട്ടിരുന്നെങ്കിലും അവരോടാക്കും വിരോധം തോന്നിയില്ല. ചെളിയിൽനിന്നും കാലെടുത്തു കല്ലിൽ ചവിട്ടിയതുപോലെ എനിക്കു തോന്നി. കല്ലിൽ കാലു വേദനിക്കുമെങ്കിലും അവിടെ വൃത്തികേടില്ലല്ലോ എന്നതാണാശ്വാസം. നല്ലപോലെ ശ്രദ്ധിച്ചു പഠിച്ചു് മിടുക്കരായിക്കൊള്ളുമെന്നുള്ള അസംഭവദുരാശ ഭാഗ്യവ

ശാൽ ഞങ്ങളെപ്പററി സ്കൂളിൽ ആക്കും ഇല്ലായിരുന്നു. സ്കൂൾ ചെറുത്, വരവു വളരെ കുറവ്. ഞങ്ങളുടെ മേൽ ഹെഡ് മാസ്റ്റർക്ക് പ്രത്യേകകാര്യമായിരുന്നു. ഫീസിൻെറ കണിശമാണു് പ്രീതിക്കു കാരണം. അതു ചെയ്ത ഉപകാരമോ ഒട്ടും ചില്ലറയല്ല. ലാററിൻ വ്യാകരണം ഞങ്ങൾ തിരിഞ്ഞുപോലും നോക്കിയില്ല പാഠം ചൊല്ലുമ്പോൾ എത്ര ഭയങ്കര തെററുവന്നാലും ഞങ്ങളുടെ പൃഷ്ഠത്തിനു ഒരു ഛേതവുമില്ലായിരുന്നു ബാക്കിയുള്ള അദ്ധ്യാപകന്മാരേയും ഹെഡ്മാസ്റ്റർ വിവരം ധരിപ്പിച്ചിരുന്നുവെന്നു് അവരുടെ പെരുമാററംകൊണ്ടു് ഞങ്ങൾ മനസ്സിലാക്കി.

സ്കൂളിൽ ഞങ്ങൾക്കു ഉപദ്രവമൊന്നുമില്ല. എങ്കിലും അതുമൊരു സ്കൂൾ തന്നല്ലൊ. ക്ലാസ്സുമുറികൾ ഇരുട്ടഞ്ഞവയാണെങ്കിൽ ചുവരുകൾ പട്ടാളംപോലെ നാലു ചുററും കാവൽ നിൽക്കുന്നു ഒരു വീട്ടിൻെറ ആകൃതിയെക്കാൾ പ്രാക്കൂട്ടിൻെറ രൂപമാണു് സ്കൂൾ കെട്ടിടത്തിനു കൂടുതലുണ്ടായിരുന്നതു്. കുഞ്ഞുങ്ങളുടെ ഹൃദയത്തെ ആകർഷിക്കത്തക്ക വല്ല നിറമാകട്ടെ, ചിത്രമാകട്ടെ അവിടെങ്ങും കണ്ടിരുന്നില്ല. ഇഷ്ടമെന്നും അനിഷ്ടമെന്നും കുട്ടികൾക്കൊരു സ്വഭാവമുണ്ടെന്നുള്ള ചിന്ത വിദ്യാലയാധികൃതന്മാക്കില്ല. സ്കൂളിലെ വാതല്പിനകത്തു കടന്നാൽ അഗ്നികുണ്ഡത്തിൽ പ്രവേശിച്ചപോലൊരു പരിഭ്രമം. അതായിരുന്നു സ്കൂളും ഞാനുമായി സുഖപ്പൊരുത്തമില്ലാത്തതിനു പ്രധാന കാരണം

ഇത്തവണ എനിക്കൊരു സഹായിയെ കിട്ടി. ജ്യേഷ്ഠൻ ഒരാളിൻെറ അടുത്തു് പാഴ്സി പഠിച്ചുകൊണ്ടിരുന്നു. പേരു ഞാനോക്കുന്നില്ല; എല്ലാവരും അയാളെ

മുൻഷി എന്നാണു വിളിച്ചുവന്നിരുന്നതു്. അയാളൊരു മദ്ധ്യവയസ്കൻ. എല്ലും തോലുമില്ലാത്ത അയാളെ കണ്ടാൽ കങ്കാളത്തിൽ കറുത്ത ഉടുപ്പിട്ട മാതിരി തോന്നും. പേർസ്യൻ ഭാഷയിൽ അയാറം മഹാപണ്ഡിതൻ. ഇംഗ്ലീഷും ഏകദേശം ചിലവിനു വേണ്ടതുണ്ടായിരുന്നു. എങ്കിലും അതിലൊന്നിലും കീർത്തി സമ്പാദിക്കണമെന്നു അയാറംക്കാശയില്ല. വടിവീശിലും സംഗീതത്തിലുമാണു് തൻെറ വാസന മുഴുവൻ എന്നായിരുന്നു പുള്ളിക്കാരൻെറ പൂർണ്ണ വിശ്വാസം. നട്ടുച്ചയ്ക്കു് നടുമുററത്തുനിന്നു അത്ഭുതകരമാംവണ്ണം അയാറം വടിവീശും. സ്വന്തം നിഴലായിരിക്കും ചിലപ്പോഴൊക്കെ ജോടി. നിഴലിനു മുൻഷിയെ ജയിക്കാൻ ഒരിക്കലും സാധിച്ചിരുന്നില്ല. മുൻഷി ചീററിക്കൊണ്ടു മല്ലിട്ടു ജയിച്ചു് ജയഗർവോടെ നിവന്നു നില്ക്കുമ്പോറം സാധു നിഴൽ പേടിച്ചു വിറച്ചു് അയാളുടെ കാലിനടിയിൽ പതുങ്ങും. അനുനാസികം കലൻ അയാളുടെ പാട്ടിൽ കഴുതയുടേയും കുറുക്കൻേറയും സ്വരപ്പകർച്ച ശരിക്കു കാണാം. "മുൻഷി! താൻ എൻെറ വായിൽ മണ്ണടിയ്ക്കും" എന്നു കൂടക്കൂടെ ഞങ്ങളുടെ ഭാഗവതർ അയാളെ കളിയാക്കുമായിരുന്നു. അതിനെല്ലാം ഒരുണ്ണച്ചിരി അല്ലാതെ വേറെ ഉത്തരമുണ്ടായിരുന്നില്ല.

മുൻഷിയെ പിടികൂടുന്ന കാര്യം ഞങ്ങറംക്കു വളരെ എളുപ്പമായിരുന്നുവെന്നു വായനക്കാർക്കു ഇതിനിടെ ഊഹിക്കാമല്ലോ. ആവശ്യപ്പെടുമ്പോഴൊക്കെ നല്ല കാരണം കാണിച്ചു് അയാറം ഞങ്ങറംക്കു് സ്കൂളിലേയ്ക്കു അവധി ക്കെഴുതിത്തരും. അത്തരം കത്തുകളെപ്പററി ഹെഡ്മാസ്റ്റർ അധികം സംശയിച്ചിരുന്നില്ല. സ്കൂളിൽ പോയാലും ഇല്ലെങ്കിലും ഞങ്ങളെ സംബന്ധിച്ചിടത്തോളം ബാ

ക്കിയുള്ള കാര്യത്തിൽ ഒരു കുഴപ്പവും വരികയില്ലെന്നു അദ്ദേഹത്തിനറിയാമായിരുന്നു.

ഇതിനിടയിൽ എനിക്കൊരു സ്വന്തം സ്കൂൾ ഉണ്ടായിക്കഴിഞ്ഞു. അവിടേയും കുട്ടികളെല്ലാം 'ചട്ടമ്പികൾ' തന്നെ. കുററം ചെയ്യേണ്ടതു കുട്ടികളുടേയും ശിക്ഷിക്കേണ്ടതു അദ്ധ്യാപകൻേറയും കടമയാണല്ലോ. പക്ഷേ കുട്ടികളുടെ കുററങ്ങളിൽ അസ്വസ്ഥരായി അവരെ ശിക്ഷിക്കുന്നതിനു നാമൊരുങ്ങുമ്പോൾ നമ്മുടെ കുട്ടിക്കാലത്തെ കുസൃതിത്തരങ്ങളെല്ലാം വരിവരിയായി നിരന്നുനിന്നു നമ്മെ നോക്കി ചിരിക്കുന്നുണ്ടാവാം.

കുഞ്ഞുങ്ങളുടെ അപരാധങ്ങൾ, നാം വലിയവരുടെ അളവുകോൽ വച്ചളക്കുന്നു. അതു മഹാ മാത്തരം. കൊച്ചുകുട്ടികൾ നിർബ്ബാധവേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്നു. ആ പ്രവാഹത്തിൽ അല്പം അഴുക്കു കണ്ടാൽ നാമെന്തിനു കുണ്ഠിതപ്പെടുന്നു. ചലനത്തിൻെറ വേഗത്തിനകത്തുതന്നെ അതിൻെറ ദോഷത്തിനു പ്രതിവിധി വച്ചിട്ടുണ്ടു്. ഗതിയെവിടെ വിഘാതമോ അവിടെയാണു വിപത്തു്; അവിടെയാണു് നാം സൂക്ഷിക്കേണ്ടതും. അതുകൊണ്ടു കുട്ടികളുടെ കുററങ്ങളെക്കാൾ അദ്ധ്യാപകന്മാരുടെ തെററിനെപ്പററി നാം കൂടുതൽ ശ്രദ്ധിക്കണം.

ഭിന്നഭിന്നജാതികളുടെ സംരക്ഷണത്തിനു് വേണ്ടി സ്കൂളിൽ കുട്ടികൾക്കു് പലഹാരം കഴിക്കുന്നതിനു പ്രത്യേക മുറികൾ ഉണ്ടായിരുന്നു. അതിലൊരു മുറിയിൽവച്ചു് മററു കുട്ടികളുമായി ഞങ്ങൾക്കൊത്തു സംസാരിക്കുന്നതിനു് സൗകര്യം കിട്ടി. അവരെല്ലാം ഞങ്ങളെക്കാൾ വളരെ പ്രായം ചെന്നവർ ആയിരുന്നു. അതിലൊരുത്തനു് 'കാഫി'രാഗം വളരെ ഇഷ്ടം. ക്ലാസ്സില്ലാത്ത ഒരുനേരവും അവനു രാഗംമൂളാതിരിക്കാൻ കഴികയില്ല.

ഇനിയൊരു സ്നേഹിതനെപ്പററി കുറച്ചു വിസ്തരിച്ചു തന്നെ പറയേണ്ടിയിരിക്കുന്നു. മ്യാജിക് വിദ്യയിൽ വിരുതു ണ്ടായിരുന്നതാണു അയാളുടെ മെച്ചം. അതുസംബന്ധി ച്ചു ഒരു ചെറിയ പുസ്തകംപോലും അവനെഴുതി പ്രസി ദ്ധംചെയ്തു. പുസ്തകത്തിൻെറ പ്രസിദ്ധീകരണത്തോടുകൂ ടി പ്രഫസർ പട്ടവും കിട്ടിക്കഴിഞ്ഞു. സ്വന്തം പേരിൽ പുസ്തകം പ്രസിദ്ധീകരിച്ച ഒരു കുട്ടിയേയും ഞാൻ അതിനു മുമ്പു കണ്ടിരുന്നില്ല അതിനാൽ ഉള്ളുകൊണ്ടു എനിക്കു അവനോടു വളരെ ബഹുമാനമായി. അച്ചടിച്ച പുസ്തക ത്തിൽ അസത്യം കാണുമെന്നു വിചാരിക്കാൻ പോലും അന്നു ഞാൻ ശക്തനല്ലായിരുന്നു. വാസ്തവം പറയുന്നെ ങ്കിൽ അച്ചടിച്ച എന്തിനോടും അന്നുവരെ എനിക്കു വ ലിയ ബഹുമാനമായിരുന്നു മായാത്ത മഷിയിൽ, മനോ ഹരമായ അക്ഷരത്തിൽ സ്വന്തം കൃതികൾ പ്രസിദ്ധം ചെയ്യുക! എന്തൊ! അതത്ര ചില്ലറക്കാര്യമോ? ഒളിവില്ല, മറവില്ല വരികളെല്ലാം നേരിട്ടു നിവർന്നുനിൽക്കുന്നു മാറി ക്കളയുന്നതിനു മാർഗ്ഗമേ ഇല്ല. ഇങ്ങനെ ആത്മവിശ്വാ സം മൂർത്തീകരിച്ച അച്ചടിയെ നാമെങ്ങനെ അവിശ്വസി ക്കും. ബ്രഹ്മസമാജത്തിലെ അച്ചുക്കൂടത്തിൽ നിന്നും അ ച്ചക്ഷരങ്ങൾ പെറുക്കിക്കൊണ്ടുവന്ന കഥ ഞാനോക്കുന്നു. എൻെറ പേരിനുള്ള അക്ഷരങ്ങൾ മഷി പുരട്ടി കടലാ സ്സിലടിച്ചപ്പോൾ പേരു അതിൽ പതിഞ്ഞുകണ്ടു. അന്ന ത്തെ അത്യാനന്ദം ഇന്നും ഞാൻ മറന്നിട്ടില്ല.

നമ്മുടെ ഗ്രന്ഥകാരൻ പ്രഫസ്സരെ ദിവസവും ഞ ങ്ങൾ വണ്ടിയിൽ കയററി സ്കൂളിൽ കൊണ്ടുപൊയ്ക്കൊ ണ്ടിരുന്നു. അതുമൂലം ഞങ്ങളുടെ വീട്ടിൽ അയാളുടെ വര വും കൂടിക്കൂടി വന്നു. നാടകാഭിനയത്തിലും അയാൾ

വലിയ ഉത്സാഹിയായിരുന്നു. ഒരിക്കൽ അയാളുടെ സഹായത്തോടുകൂടി വീട്ടിന്റെ വെളിയിലത്തെ ഗോദായിൽ പലകകൾ നിരത്തി നിറക്കടലാസുകളൊട്ടിച്ച് ഞങ്ങൾ ഒരു സ്റ്റേജ് തയാറാക്കി. പക്ഷേ മുകളിൽനിന്നും വന്ന ഒരു നിരോധനാജ്ഞ നാടകം അഭിനയിക്കുന്നതിന്നിടയാക്കിയില്ല. എന്നിട്ടും താമസിയാതെ സ്റ്റേജ് കൂടാതെ ഒരു പ്രഹസനം ഞങ്ങൾ അഭിനയിച്ചു. 'ഭ്രാന്തിവിലാസം' എന്നു അതിന്നു പേരു കൊടുക്കാം. പ്രഹസനത്തിന്റെ കർത്താവുമായി വായനക്കാർ കുറേശ്ശെ പരിചയപ്പെട്ടുകഴിഞ്ഞിരിക്കുന്നു നമ്മുടെ സത്യപ്രകാശല്ലാതെ അതു മറ്റാരുമല്ല. നടക്കാത്ത കാര്യങ്ങൾ സൃഷ്ടിച്ചു നാടിളക്കാൻ അവനു ചെറുപ്പത്തിലുണ്ടായിരുന്ന സാമർത്ഥ്യം ഇപ്പോഴത്തെ അവന്റെ ശാന്തസ്വഭാവം കാണുന്നവർക്കു വിശ്വസിക്കാൻ തന്നെ തോന്നുകില്ല.

ഇനി ഞാൻ പറയാൻ പോകുന്നതു പിന്നീടു നടന്ന ഒരു സംഭവമാണ്. അന്നെനിയ്ക്കു വയസ്സ് പന്ത്രണ്ടാ പതിമ്മൂന്നോ കാണണം. ദ്രവ്യഗുണങ്ങളെപ്പററിയുള്ള നമ്മുടെ പ്രൊഫസരുടെ ചില വിവരണങ്ങൾ കേട്ടാൽ ആരും അമ്പരന്നുപോകും. കേട്ടകേട്ട ചിലതെങ്കിലും ഒന്നു പരിശോധിച്ചു നോക്കണമെന്ന് ഞങ്ങൾക്കു അത്യാശയായ് എന്നാൽ അയാൾ പറയുന്ന സാധനങ്ങൾ തേടിപ്പിടിക്കുന്നകാര്യം 'സിൻബാദി'ലെ 'നെയ്യില'ക്കുപോലും വിഷമം. ഒരിക്കൽ തന്റെ പ്രസംഗധോരണിയിൽ മതിമറന്ന് അറിയാതെ അയാൾ ഒരു സാധാരണ സാധനത്തിന്റെ പേരു പറഞ്ഞുപോയി; അതൊന്നു പരിശോധിച്ചു നോക്കണമെന്നു ഞാൻ തീർച്ചപ്പെടുത്തി. അതിപ്പാലിൽ ഇരുപ

ത്തിലുന്നതവണ മുക്കി ഉണങ്ങിയ ഏതണ്ടിയും മണ്ണിൽ കു ഴിച്ചിട്ടാൽ ഒരു മണിക്കൂറിനകത്തു മുളച്ചു വളൎന്നുപൂത്തുകാ യ്ക്കുമെന്നായിരുന്നു അയാളുടെ വാദം. പുസ്തകമെഴുതി പ്ര സിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു പ്രഫസരുടെ വാദം എ ങ്ങിനെ അത്രപെട്ടെന്നു അവിശ്വസിയ്ക്കാം.?

വീട്ടിലെ തോട്ടക്കാരനെ പിടികൂടി ഏതിനും ഞ ങ്ങൾ അത്തിപ്പാൽ ശേഖരിച്ചു. ഒരു. മാങ്ങഅണ്ടിയിലാം ണു പരീക്ഷണം നടത്തുന്നതിനു തീൎച്ചപ്പെടുത്തിയതു് സ്കൂൾ ഒഴിവുള്ള ഒരു ഞായറാഴ്ചയായിരുന്നു പരീക്ഷ ണവും

മാങ്ങഅണ്ടിയിൽ അത്തിപ്പാൽ പുരട്ടി അതിന്റെ കൂടെ ഞാനും വെയിലത്തിരുന്നു. പരീക്ഷയുടെഫലമെന്താ യെന്നു വായനക്കാർ ചോദിക്കുകയില്ലല്ലൊ. എന്നാലും, സ ത്യൻ ഇതിനിടയിൽ വേറൊരിടത്തിരുന്നു് ഒരു മണിക്കൂ റിനുള്ളിൽ കൊമ്പുംകവരവുമായി ഒരു വൃക്ഷം നട്ടുവളൎത്തി യ കഥ കുറച്ചുകഴിഞ്ഞാണു് ഞാനറിഞ്ഞതു്. അവന്റെ മാവു് നല്ലപോലെ കാച്ചിരിക്കയും ചെയ്തുന്നം.

പരീക്ഷണത്തിനുശേഷം പ്രഫസ്സർ ഞങ്ങളുടെ കൂട്ടു കെട്ടു് കുറേശ്ശെ കുറച്ചുകൊണ്ടുവരികയാണെന്ന വിവരം ആദ്യം എനിക്കു തീരെ മനസ്സിലായില്ല. വണ്ടിയിൽ പോ കുമ്പോൾ അയാൾ എന്റെ അടുത്തു ഇരിക്കുകയില്ല ഞാൻ അയാളെ നോക്കുമ്പോൾ അയാൾ വല്ലയിടത്തും നോക്കിക്കളയും. ഇങ്ങിനെ എപ്പോഴും എന്റെ അടുത്തു നിന്നു മാറിപ്പോകാൻ തന്നെ അയാൾ ശ്രമിച്ചുകൊണ്ടിരു ന്നു.

ഒരു ദിവസം ഉച്ചയ്ക്കു പഠിക്കുന്ന മുറിയിലെ ബെഞ്ചിലിരുന്നുകൊണ്ടു ഞങ്ങളൊരു പന്തയം നടത്തി. ബെഞ്ചിൻെറ പുറത്തുനിന്നുംകൊണ്ടു ആർക്ക് കൂടുതൽ ദൂരം ചാടാൻ കഴിയുമെന്നുള്ളതായിരുന്നു പന്തയം. ലോകത്തിലെ പല രഹസ്യങ്ങളും പ്രഫസ്സർക്കു നിശ്ചയമുള്ളതിനാൽ ചാട്ടം സംബന്ധിച്ചും ഏതോ രഹസ്യം അയാളുടെ കൈവശം ഇരിപ്പുണ്ടെന്നാണ് ഞാൻ വിചാരിച്ചുപോയതു്. എല്ലാവരും ചാടിത്തുടങ്ങി. ഞാനും ചാടി. പക്ഷെ, പ്രഫസ്സർ ഇതെല്ലാം കണ്ടു് ഘനമായി ഒന്നുമൂളി. ഗൗരവത്തിൽതല കുലുക്കിയതല്ലാതെ വളരെ നിർബന്ധിച്ചിട്ടും അതു സംബന്ധിച്ചു പിന്നീടൊന്നും അയാൾ തുറന്നു പറഞ്ഞില്ല.

ഏതോ ഒരു കുലീനകുടുംബത്തിലെ ചില കുട്ടികൾക്കു ഞങ്ങളെ ഒന്നുകണ്ടു സംസാരിക്കണമെന്നും അതിനുവേണ്ടി അവരുടെ വീടുവരെ ഒന്നു പോകണമെന്നും പിന്നൊരിക്കൽ അയാൾ ഞങ്ങളോടാവശ്യപ്പെട്ടു. അമ്മയുടെ അനുമതി വാങ്ങി ഞങ്ങൾ അങ്ങോട്ടുപോയി. ആളുകൾ അത്യൽകണ്ഠയോടെ അവിടെ കാത്തിരിക്കുകയായിരുന്നു. അവർക്കെല്ലാം എൻെറ പാട്ടു കേൾക്കണം. നിർബന്ധംമൂലം ഞാൻ ഒന്നു രണ്ടു പാട്ടുപാടി. വയസ്സ് അന്നെനിക്ക് വളരെ കുറവു്, കണ്ഠവും അത്ര തുറന്നിട്ടില്ലായിരുന്നു. പാട്ടുകേട്ടു പലരും തലകുലുക്കി; നല്ല ശാരീരമെന്നു സർട്ടിഫിക്കറെഴുതി.

പാട്ടു കഴിഞ്ഞു് ഞങ്ങൾ ഉണ്ണാനായിരുന്നു. അപ്പോഴും വീട്ടുകാർ വളഞ്ഞുകൂടി ഉണ്ണുന്നതു മട്ടു കണ്ടുകൊണ്ടു നില്പായി. അതിൻമുമ്പു അന്യ ആളുകളുമായി വളരെ കുറച്ചേ ഞാൻ പെരുമാറിയിട്ടുള്ളൂ. സ്വതേതന്നെ ഞാൻ ഒരു ലജ്ജക്കാരനുമായിരുന്നു. നമ്മുടെ പഴയ ഈശ്വ

രൻെറ കൂട്ടുകെട്ടോടെ തീററിക്കാര്യത്തിൽ ഞാൻ തീരെ പിന്നോക്കമായി. ഉണ്ണുന്നതിനുള്ള എൻെറ സങ്കോചം കണ്ടിട്ട് അടുത്തുനിന്നവർ അത്ഭുതപ്പെട്ടു. അന്നു അവിടെ കൂടിയിരുന്ന ആളുകൾ എന്നിൽ പ്രയോഗിച്ചു. നിരീക്ഷണശക്തിയുടെ പകുതി എങ്കിലും പിന്നീടു നാം ഉപയോഗിച്ചിരുന്നെങ്കിൽ നമ്മുടെ നാട്ടിലെ ജന്തുവിജ്ഞാനം എത്രയോ കൂടുതൽ അഭിവൃദ്ധിപ്പെട്ടുമായിരുന്നു.

അല്പദിവസങ്ങൾ കഴിഞ്ഞശേഷം പ്രൊഫസ്സറുടെ കയ്യിൽനിന്നും എനിക്ക് ചില കത്തുകൾ കിട്ടി. അത്തയാളുടെ പല രഹസ്യങ്ങളും തുറന്നു തന്നു. അതോടുകൂടി ആ നാടകത്തിൻെറ അഞ്ചാംഅങ്കം കഴിഞ്ഞു അവിടെത്തന്നെ കർട്ടനും വീഴട്ടെ.

പള്ളിക്കൂടത്തിലയച്ചു പഠിപ്പിക്കുന്നതിനുവേണ്ടി വീട്ടുകാർ എനിക്കു ആൺവേഷം കെട്ടിയതാണെന്നും, വാസ്തവത്തിൽ ഞാനൊരു പെൺകുട്ടിയാണെന്നും സത്യൻ പ്രൊഫസറെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നു. പെൺകുട്ടികൾ സാധാരണ ഇടത്തുകാൽ മുമ്പോട്ടുവച്ചാണു ചാടുന്നതുപോലും. എൻെറ ചാട്ടവും അങ്ങിനെ ആയിരപ്പായതു എനിക്കു പററിയ തെററും സത്യൻെറ വിജയവുമായിരുന്നു.

---

# പിതൃദേവർ

എൻെറ ജനനത്തിന ഏതാനം കൊല്ലങ്ങൾക്കമുമ്പു തുടങ്ങി അച്ഛൻ അധികകാലവും ദേശസഞ്ചാരത്തിൽ ഏൎപ്പെട്ടിരുന്നു ബാല്യത്തിൽ ഞങ്ങൾ തമ്മിൽ യാതൊരു പരിചയവുമില്ലായിരുന്നുവെന്നുതന്നെ പറയാം. കൂടെക്കൂടെ യാത്രനിറുത്തി പെട്ടെന്നു അദ്ദേഹം വീട്ടിലേയ്ക്കു മടങ്ങിവരും. അച്ഛനോടൊന്നിച്ചുവരുന്ന വിദേശികളായ വേലക്കാരുമായി ഇഷ്ടംകൂടുന്നതിനു എനിക്കതിയായ ആഗ്രഹമായിരുന്നു. ഒരു തവണ ലേണു എന്നുപേരുള്ള ഒരു പഞ്ചാബി ബാലൻ അദ്ദേഹത്തിൻെറ കൂടെവന്നു ചേൎന്നു. അവനു ഞാൻ നൽകിയ ബഹുമാനം രഞ്ജിത്ത്സിങ്ങിനു പോലും അസൂയാജനകമായിരിക്കും; ഒന്നാമത്തു് അവനൊരു വിദേശി; വിശേഷിച്ചും പഞ്ചാബി. അതാണെനിക്കത്ര സ്നേഹം തോന്നിയതു്. ഭീമാൎജ്ജുനന്മാരോടു നമുക്കു തോന്നുന്ന ബഹുമാനമായിരുന്നു പഞ്ചാബികളെപ്പററി എനിക്കുണ്ടായിരുന്നതു്. അവർ വീരയോദ്ധാക്കൾ! ചില്ലറ ചില യുദ്ധങ്ങളിൽ അവൎക്കു പററിയ തോൽവി ശത്രുക്കളുടെ കുററമായി ഞാൻ പരിഗണിച്ചു. ആ വൎഗ്ഗത്തിൽ പെട്ട ലേണുവിനെ വീട്ടിനുള്ളിൽവച്ചു് കണ്ടാൽ അതിരററ ആദരവു തോന്നുന്നതിൽ അത്ഭുതപ്പെടാനെന്തുള്ളൂ.

ജ്യേഷ്ഠൻെറ ഭാര്യയുടെ മുറിയിൽ കണ്ണാടിക്കൂട്ടിനകത്തു ഒരു കളിക്കപ്പൽ വച്ചിരുന്നു. അതിലൊന്നമൎത്തിയാൽ നിറമുള്ള ഒരു നാട നീളത്തിൽ നിവൎന്നുകൊണ്ടിരിക്കും, കപ്പലും താളത്തിനൊത്തു തുള്ളിത്തുടങ്ങും. അസാധാര

ണമായ അനുനയങ്ങൾമൂലം ചേട്ടത്തിയെ സന്തോഷിപ്പിച്ചു്, കൂടക്കൂടെ ആ കപ്പൽ കടംവാങ്ങി ഞാൻ ലേണുവിനെ കാണിച്ചുകൊടുത്തിരുന്നു. വീട്ടിലെ കൂട്ടിൽ അടച്ചിട്ടിരുന്നതുകൊണ്ടു് വിദേശത്തിലെ ഏതിനോടും എനിക്കു എന്തെന്നില്ലാത്ത ഒരാകർഷണമായിരുന്നു. അതാണു ലേണുവിനോടുള്ള അടുപ്പത്തിനു വേറൊരുകാരണം. കശവുവച്ചു ഉടുപ്പിട്ട ഒരു ജൂതൻ കൂടക്കൂടെ വീട്ടിൽ അത്തർ വിൽക്കാൻ വന്നിരുന്നു. അവനോടും വല്ലാത്ത ഒരാദരവു് ഞാൻ കാട്ടി. അതുപോലെ നെടുനെടുങ്കൻ കുപ്പായവും, കാലുറകളുമിട്ടു വന്നുചേരുന്ന കാബൂളികളുടെ രഹസ്യം അറിയുന്നതിലും എനിക്കു വലിയ അഭിവാഞ്ഛയായിരുന്നു.

അച്ഛൻ വീട്ടിൽവന്നാൽ അടുത്തുചെല്ലാൻ ഞങ്ങൾക്കു ധൈര്യമില്ല. അദ്ദേഹത്തിന്റെ വിവരങ്ങൾ കൂടെ വരുന്ന ജോലിക്കാരിൽനിന്നുമറിയും. അടുത്തെത്താനുള്ള യോഗ്യത ഞങ്ങൾക്കു് അന്നു തീരെ ലഭിച്ചിരുന്നില്ല.

ഒരിക്കൽ ബ്രിട്ടീഷുകാരുടെ 'ഉമ്മാക്കി'യായ റഷ്യയുടെ ഇൻഡ്യൻ ആക്രമണത്തെപ്പററിയുള്ള ഒരു വർത്തമാനം നാടൊട്ടുക്കു കാട്ടുതീപോലെ പരന്നു. എവിടെയും അതിനെപ്പററിയുള്ള വാഗ്വാദമേയുള്ളൂ. വീട്ടിലെ വേലക്കാരിലാരോ ആ വർത്തമാനം വിവരമായി അമ്മയെ പറഞ്ഞുകേൾപ്പിച്ചു. അച്ഛൻ അന്നു ഹിമാലയത്തിലായിരുന്നു. ടിബററ്കടന്നു് ഹിമാലയംവഴി അവർ ഇൻഡ്യയിലേക്കു കടക്കുന്നുവെന്നായിരുന്നു വിശ്വാസം. അമ്മയ്ക്കു് ഏതിനും വലിയ ഭയമായി. വീട്ടിലെ പ്രായംചെന്നവർ അമ്മയോടനുകൂലിച്ചില്ല. അമ്മ അതുകൊണ്ടു അവരെ വകവയ്ക്കാതെ എന്റെ കൂടെ ചേർന്നു. വിവര

ങ്ങൾ കാണിച്ച് ഉടൻതന്നെ അച്ഛനൊരെഴുത്തെഴുതുന്ന
തിനു എന്നോടാവശ്യപ്പെട്ടു. അമ്മയുടെ ആശങ്കയും
വഹിച്ചുകൊണ്ടുള്ള അന്നത്തെ ഒരു കത്തായിരുന്നു അച്ഛ
നുമായി എനിക്കുണ്ടായ ആദ്യത്തെ അടുത്ത ബന്ധം.
എഴുത്ത് എങ്ങിനെ തുടങ്ങണമെന്നും, ഏതു വിധത്തിൽ
അവസാനിപ്പിക്കണമെന്നും എനിക്കറിഞ്ഞുകൂടാ. കച്ചേ
രിയിലെ കണക്കപ്പിള്ളയെ ഞാൻ ചെന്നുപിടികൂടി.
അയാൾ ആവു ഭംഗിയായി എഴുതി. എങ്കിലും കച്ചേരി
യിലെ സാഹിത്യത്തിന്റെ ഗന്ധം അതിലാകപ്പാടെ നിറ
ഞ്ഞിരുന്നു.

എഴുത്തിന്റെ മറുപടി കിട്ടി. റഷ്യാക്കാരെ തുരത്തു
ന്നതിന് താൻ തന്നെ മതിയെന്നായിരുന്നു അതിലെസാര
വസ്തു. അമ്മയ്ക്കു അത്ര തൃപ്തികരമായില്ല. ഏതായാലും
അതോടുകൂടി എന്റെ അഹങ്കാരം വർദ്ധിച്ചു. അന്നുമുതൽ
ദിവസവും അച്ഛനു എഴുത്തെഴുതുന്നതിനുവേണ്ടി ഞാൻ 'മ
ഹാനന്ദ'ന്റെമുറിയിൽ കാവലായിരുന്നു. ഉപദ്രവം സഹി
യ്ക്കാതെ ചില ദിവസങ്ങൾ അയാൾ ചിലതെല്ലാം കുറിച്ചു
തരും. തപാൽക്കൂലി എന്നൊരുകാര്യം അന്നു ഞാൻ അ
റിഞ്ഞിരുന്നില്ല. മഹാനന്ദന്റെ കയ്യിൽ കത്തേല്പിച്ചു
കഴിഞ്ഞാൽ പിന്നെ എനിക്കിതിനെപ്പറ്റി വിചാരമേയു
മില്ല. അതെല്ലാം എത്തേണ്ടിടത്തു യഥാകാലം എത്തി
ക്കൊള്ളുമെന്നായിരുന്നു എന്റെ പൂർണ്ണവിശ്വാസം. മ
ഹാനന്ദൻ എന്നേക്കാൾ പ്രായം ചെന്നവനായിരുന്നതു
കൊണ്ട് എന്റെ കത്തുകൾ ഹിമാലയത്തിൽ എത്തി
ച്ചേർന്നില്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

വളരെ നാൾ വിദേശത്തുപാർത്തിട്ട് അച്ഛൻ അല്പ
ദിവസം കൽക്കത്തയ്ക്കു വരുമ്പോൾ അദ്ദേഹത്തിന്റെ പ്ര
ഭാവംകൊണ്ടു വീട്ടിലൊരു പുതുജീവൻ വീഴും. ഗുരുജന

ങ്ങൾ പോലും വൃത്തിയായി വസ്ത്രംധരിച്ച്, വായിൽ വെററിലകിടന്നാൽ അതുർന്നുകളഞ്ഞു്, വളരെ വണക്കത്തോടെ മാത്രമേ അച്ഛന്റെ അടുത്തു പോകുകയുള്ളു. വീട്ടിലെ സകലരും വളരെ സാവധാനത്തിൽ നടക്കും, ആഹാരകാര്യത്തിൽ അലംഭാവം വരാതിരിക്കാൻവേണ്ടി അമ്മ താന്നെ അടുക്കളയിലെ കാര്യഭരണം നടത്തും. വൃദ്ധൻ 'കിനു' കിന്നരിവച്ച തലപ്പാവും ധരിച്ച് വാതലിന്റെ നടയിൽ കാവൽ നില്ക്കും. അച്ഛന്റെ മുറിയുടെ വെളിയിലത്തെ വരാന്തയിൽ വല്ലെടത്തുമൊന്നെത്തിനോക്കിയാൽ 'കിനു' കണ്ണുരുട്ടി, കൈകൾകൊണ്ടു കടന്നുകൊള്ളാൻ ആജ്ഞാപിക്കും. ഞങ്ങൾ പതുക്കെ നടക്കും; അതിലും പതുക്കെ സംസാരിക്കും. അങ്ങോട്ടേയ്ക്കു് ഒന്നെത്തിനോക്കാൻ പോലും ആർക്കും ധൈര്യം വന്നിരുന്നില്ല.

ഒരുതവണ ഞങ്ങൾ മൂന്നുപേരുടെ ഉപനയനത്തിനു് അച്ഛൻ വീട്ടിൽ വന്നിരുന്നു. വേദാന്തവാഗീശന്റെ സഹായത്തോടുകൂടി അദ്ദേഹം ശ്രുതിലേയ്ക്കു ചില മന്ത്രങ്ങൾ തിരഞ്ഞെടുത്തു. ഞങ്ങൾ മൂവരേയും പ്രാത്ഥനാമന്ദിരത്തിൽ പിടിച്ചിരുത്തി വേച്ചാരാം ബാബു, അനേകനാൾ സ്വരംതെററാതെ മന്ത്രങ്ങൾ ഉച്ചരിക്കുന്നതിനു പഠിപ്പിച്ചു. പ്രാചീനവൈദികവിധിപ്രകാരം ഉപനയനവും നടന്നു. ങ്ങനെ ഉപനയനശേഷം തലമൊട്ടയിട്ടു്, കാതിൽ വളയവുമായി മൂന്നുദിവസം ഞങ്ങൾ മൂന്നു 'കുട്ടിപ്പട്ടന്മാരും' വീട്ടിന്റെ മൂന്നാമത്തെ നിലയുടെ ഒരു മൂലയിലിരുപ്പായി. അതു് വളരെ നേരമ്പോക്കുള്ള ഒരു സംഭവമായിരുന്നു. ഞങ്ങൾ കാതിലെ വളയത്തിൽ പിടിച്ചു് അങ്ങോട്ടുമിങ്ങോട്ടും വലി തുടങ്ങും. മുറിയുടെ അററത്തായി ഒരു പഴയ കൊട്ടു കിടന്നിരുന്നു താഴത്തെ നിലകളിൽ

കൂടെ വേലക്കാർ എല്ലാവരും പോകുന്നതുകണ്ടാൽ ഞങ്ങൾ വരാന്തയിൽ നിന്നുകൊണ്ടു് കൊട്ടെട്ടത്തു് 'ഠിമ്' എന്നൊരടി അടിക്കും. അവർ മേലോട്ടു് നോക്കുമ്പോൾ ഞങ്ങൾ ഒളിച്ചുകളയും, ശൂദ്രൻെറ കണ്ണിൽ പെട്ടാൽ ഉപനയനത്തിൻെറ ശക്തി ക്ഷയിച്ചല്ലോ! ഏതിനും, ഗുരുഗൃഹത്തിലെ ഋഷികുമാരന്മാരെപ്പോലെ ദൈവത്തിനെ വിചാരിച്ചാണു് ഞങ്ങൾ ദിവസം കഴിച്ചതെന്നു പറയാൻ സാധിക്കുകയില്ല.

പഴയകാലത്തെ തപോവനങ്ങളിൽ ഞങ്ങളെപ്പോലുള്ള കുട്ടികൾ ഇല്ലായിരുന്നുവെന്നു പറയാൻ ഞാൻ തയാറല്ല. അവർ എല്ലാത്തരത്തിലും നല്ലവരായിരുന്നു എന്നതിനു പ്രമാണമൊന്നുമില്ല. ശാർങ്ഗരവനും ശാരദ്വതനും പത്തുപന്ത്രണ്ടു വയസ്സുണ്ടായിരുന്ന കാലത്തുപോലും വേദമുച്ചരിച്ചു് ഹോമവും ചെയ്തുകൊണ്ടു കാലം കഴിച്ചിരുന്നതെന്നു വല്ല പുരാണത്തിൽ പറഞ്ഞിരുന്നാൽക്കൂടി അതങ്ങനെ വിശ്വസിക്കുന്നതു യുക്തമല്ല. ശിശുചരിത്രം എന്ന പുരാണം മററു പുരാണങ്ങളെക്കാൾ എത്രയോ പഴക്കം കൂടിയതാണു്. അതുപോലെ ഒരു പ്രാമാണികഗ്രന്ഥം ഒരു ഭാഷയിലും ഇതേവരെ ഉണ്ടായിട്ടുമില്ല.

പുതിയ ബ്രാഹ്മണ്യം കിട്ടിയശേഷം ഗായത്രി ജപിക്കുന്നതിനു് ഞങ്ങൾക്കു വലിയ ഉത്സാഹമായി. ഏകാഗ്രതയോടെ തന്നെ അതുച്ചരിക്കുന്നതിനു ഞാൻ യത്നിച്ചു. എങ്കിലും അന്നു ഞങ്ങൾക്കു് അർത്ഥം മുഴുവൻ മനസ്സിലാകത്തക്കവിധം ഗായത്രി അത്ര നിസ്സാര മന്ത്രമല്ല. "ഭൂർഭുവഃ സ്വഃ" എന്നുച്ചരിച്ചപ്പോൾ മനസ്സൊന്നു വിശാലമായെന്നു എനിക്കു തോന്നി. എന്തു മനസ്സിലാക്കി, എന്തു ചിന്തിച്ചു എന്നെല്ലാം പറയുന്ന കാര്യം വിഷമം

എങ്കിലും ഒരു കാൎയ്യം മാത്രം നിശ്ചയം. പാഠങ്ങളുടെ അൎത്ഥജ്ഞാനമല്ല മനസ്സിൻെറ പ്രധാന കൎമ്മം. കാൎയ്യങ്ങൾ മനസ്സിലാക്കുന്നതിനേക്കാൾ മനസ്സിലുള്ള ശക്തികളെ ഒന്നു തട്ടി ഉണൎത്തുന്നതാകുന്നു അദ്ധ്യാപനത്തിൻെറ ആദ്യജോലി. അത്തരം ഒരുണർവ്വുമൂലം മനസ്സിൽ എന്തൊരു ഫലമാണുണ്ടാകുന്നതെന്ന് കുട്ടികളോടു ചോദിച്ചാൽ അവരുടെ ഉത്തരം തീരെ നിസ്സാരമേ ആയിരിക്കയുള്ളു. പക്ഷേ അവർ പറയുന്നതിൽ എത്രയോ മടങ്ങു കൂടുതൽ ഫലം അതിനു കാണുമെന്നുള്ളതിനു സംശയമില്ല. പരീക്ഷാവിജയമാണു വിദ്യാഭ്യാസത്തിൻെറ പരമഫലമെന്നു കരുതുന്നവർ ഇക്കാൎയ്യം തീരെ വിസ്മരിച്ചുകളയുന്നു.

കുട്ടിക്കാലത്തു് പല കാൎയ്യങ്ങളും എനിക്കു് മനസ്സിലാകാതിരുന്നു. എങ്കിലും അവ അന്തരംഗത്തിൽ എന്തോ ചില വികാരങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. ഞങ്ങൾ ഗംഗയുടെ തീരത്തുള്ള തോട്ടത്തിൽ താമസിക്കുമ്പോൾ ഒരുദിവസം അവിടെ വലിയൊരു മഴക്കോളുണ്ടായി. മേഘങ്ങൾ നാലുപാടും വന്നു നിറയുന്നതു കണ്ടിട്ടു് ജ്യേഷ്ഠൻ മേഘദൂതിലെ ഏതാനും ശ്ലോകങ്ങൾ ഉറക്കെ ചൊല്ലിത്തുടങ്ങി. സംസ്കൃതമെന്നല്ലെ ഒന്നും അന്നെനിക്കറിഞ്ഞുകൂടാ. എന്നിട്ടും, ഒരു മഹാകവിയുടെ ആ പദ്യങ്ങൾ എൻെറ ഹൃദയത്തിൽ പെട്ടെന്നു ഒരു അത്ഭുതികവികാരം ജനിപ്പിച്ചു. അതുപോലെ തന്നെ, ഇംഗ്ലീഷ് പഠിക്കുന്നതിനു് മുമ്പു്, ഒരുദിവസം നിറയെ പടമുള്ള ഒരു "old curiosity shop" കയ്യിൽ കിട്ടി അതിലെ മുക്കാലെമുണ്ടാണി വാക്കുകളും എനിക്കു മനസ്സിലായിരുന്നില്ല. എങ്കിലും ഒരാവൎത്തി അടിതൊട്ടു മുടിവരെ പഠി

ച്ചുതീർത്തു. കഥകളുടെ ചില രൂപങ്ങൾ മനസ്സിൽ സങ്കല്പിച്ചു് പടങ്ങളുമായി ഒപ്പിച്ചുകൂട്ടി ഞാൻ വളരെ രസിച്ചു. ഇന്നത്തെ പരീക്ഷകന്മാർ അതിന്നു് ഒരു വട്ടപ്പൂജ്യമേ തരികയുള്ളൂ. പക്ഷേ വായന നിഷ്ഫലമായില്ലെന്നു് എനിക്കു് നല്ലപോലെ അറിയാം.

ഒരിക്കൽ അപ്പുനോടൊന്നിച്ചു ഞാൻ ബോട്ടിൽ യാത്രചെയ്യുകയായിരുന്നു. അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ കൂട്ടത്തിൽ 'ഫോർട്ടുവില്യംസു്' പ്രസിദ്ധീകരിച്ച ഒരു പഴയ ഗീതഗോവിന്ദം ഉണ്ടായിരുന്നു അക്ഷരം ബംഗാളിതന്നെയെങ്കിലും വരികളെല്ലാം ഒന്നായിച്ചേർത്തു് ഗദ്യം പോലെയാണു് അടിച്ചിരുന്നതു. അന്നുമെനിക്കു് സംസ്കൃതമറിഞ്ഞുകൂടാ. എങ്കിലും ബംഗാളി നല്ലപോലെ അറിയാമായിരുന്നതുകൊണ്ടു പല സംസ്കൃതപദങ്ങളുടേയും അർത്ഥം മനസ്സിലാകും. ഗീതഗോവിന്ദം അന്നു എത്രതവണ ഞാൻ വായിച്ചുവെന്നതിനു കണക്കില്ല. ജയദേവന്റെ കല്പനാശക്തി ഞാനറിഞ്ഞില്ല. എന്നാലും അതിലെ വൃത്തഭംഗിയും കഥാഘടനയും എന്റെ മനസ്സിനു നൽകിയ കുളുർമ അവർണ്ണനീയമായിരുന്നു. "നിഭൃതനികുഞ്ജഗൃഹം ഗതയാ നിശി രഹസി നിലീയ വസന്തം," എന്ന പദം എന്നെ വല്ലാതെ ഒന്നിളക്കി. 'നിഭൃതനികുഞ്ജഗൃഹം' തന്നെ സംഗീതം നിറഞ്ഞ ഒരു മധുരപദം. പുസ്തകം ഗദ്യരീതിയിലടിച്ചിരുന്നതുകൊണ്ടു് പാട്ടിന്റെ മട്ടുകൾ വായിച്ചു വായിച്ചു കണ്ടുപിടിക്കേണ്ടിവന്നു. അതു അതിലേറെ സന്തോഷകരം.

"അഹഹ! കലയാമി വലയാദിമണിഭൂഷണം
ഹരിവിരഹ ദഹന വഹനേന ബഹുദൂഷണം"

എന്ന പദം ഭംഗിയായി പാടാൻ കഴിഞ്ഞപ്പോഴ് ഞാന നുഭവിച്ച ആനന്ദം അഹോ! ബ്രഹ്മാനന്ദംതന്നെ.

ഗീതഗോവിന്ദം നല്ലപോലെ മനസ്സിലാക്കിയെന്നു പറയാൻ നിവൃത്തിയില്ല. എന്നാൽ കുറേശ്ശെമാത്രം മന സ്സിലാക്കി എന്നു പറയുന്നതു ശരിയുമല്ല. അതിൻെറ സൗ ന്ദര്യത്തിൽ എൻെറ മനസ്സു മുഴുവൻ മുങ്ങിയതിൻെറ ഫ ലമായി ഉടൻതന്നെ ഒരു നോട്ടുബുക്കിൽ പുസ്തകം മുഴുവൻ ഞാൻ പകർത്തി. പിന്നൊരു ദിവസം, കുറച്ചുകൂടി പ്രായ മായതിനു മേൽ ഞാൻ കുമാരസംഭവം വായിക്കുകയാ യിരുന്നു. അതിൽ—

മന്ദാകിനീ നിർഝര ശീകരാണാം
വോഢാ മുഹുഃ കമ്പിതദേവദാരുഃ
യദ്വായുരന്വിഷ്ടമൃഗൈഃ കിരാതൈ-
രാസേവ്യതേ ഭിന്നശിഖണ്ഡിബർഹഃ

എന്ന ശ്ലോകം വായിച്ചു. മന്ദാകിനി, നിർഝരശീകരം, ദേവദാരു, കിരാതൻ, ശിഖണ്ഡി എന്നീ ഒററപ്പദങ്ങളുടെ അർത്ഥം മാത്രമേ എനിക്കു മനസ്സിലായുള്ളുവെങ്കിലും ആ പദങ്ങളുടെ സാമർത്ഥ്യം, ശ്ലോകാർത്ഥം മനസ്സിലാക്കുന്ന തിനു എന്നെ വളരെ സഹായിച്ചു. എന്നാൽ പിന്നീടു പണ്ഡിതമാഷാരി വിവരമായി ശ്ലോകത്തിൻെറ അർത്ഥം പറഞ്ഞു കേൾപ്പിച്ചപ്പോഴ് അതിലെ രസമെല്ലാം പമ്പ കടന്നു. മൃഗാന്വേഷണതൽപരരായ കിരാതന്മാരുടെ തല യിലിരിക്കുന്ന മയൂരബർഹംപോലും കാററടിച്ചിളകുന്നു വെന്നു പണ്ഡിതർ പറഞ്ഞു. കവി ഇത്ര സൂക്ഷ്മമായി കാര്യം കണ്ടുപിടിച്ചതിൽ എനിക്കു വലിയ കഷ്ടമാണു തോന്നിയതു്.

ആദ്യന്തം സകലതും ഭംഗിയായി മനസ്സിലാക്കുന്നതില്ല മനുഷ്യരുടെ മെച്ചമെന്നു് ബാല്യകാലകഥകൾ ഓൎമ്മിക്കുന്നവർ സമ്മതിക്കും. നമ്മുടെ നാട്ടിലെ കഥാകാരന്മാർ ഈ വസ്തുത നല്ലപോലെ അറിഞ്ഞിരുന്നു. അവരുടെ കഥകളിൽ കടിച്ചാൽപൊട്ടാത്ത കഠിനപദങ്ങളും തത്വോപദേശങ്ങളും സാധാരണ കേൾവിക്കാൎക്കു സ്പഷ്ടമായി മനസ്സിലാവില്ല. അതിന്റെ ഒരു വെറും ഛായ മാത്രമേ കിട്ടുകയുള്ളു. എന്നാൽ ആ ഛായാജ്ഞാനത്തിന്റെ വില ഒട്ടും ചില്ലറയല്ല. വിദ്യാഭ്യാസത്തിന്റെ പ്രയോജനം ഭൗതികമായ ലാഭനഷ്ടരൂപത്തിൽ കണക്കാക്കുന്നവർ തങ്ങൾ ഉപദേശിച്ചുകൊടുക്കുന്നതെല്ലാം മററുള്ളവർ മനസ്സിലാക്കുന്നോയെന്നു ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. കുട്ടികളും, അഭ്യാസമധികം ലഭിച്ചിട്ടില്ലാത്ത മററുള്ളവരും ജ്ഞാനത്തിന്റെ ആദ്യത്തെ സ്വൎഗ്ഗലോകത്തിലധിവസിക്കുന്നു. കണ്ടതും കേട്ടതുമെല്ലാം മനസ്സിലാക്കണമെന്നവൎക്കാഗ്രഹമില്ല. ആ സ്വൎഗ്ഗത്തിൽനിന്നും താഴെ വിഴുമ്പോഴാണു ജ്ഞാനതൃഷ്ണയുടെ വായിൽ പതിയുന്നതു്. നിഷ്കൃഷ്ടമായ അവധാരണ കൂടാതെയുള്ള അവഗമമാകുന്നു ജ്ഞാനത്തിന്റെ രാജപഥം. ആ മാൎഗ്ഗം അടഞ്ഞിരുന്നാലും വ്യാപാരങ്ങൾ മുറയ്ക്കു നടന്നേക്കാം. പക്ഷെ സമുദ്രത്തിന്റെ തീരങ്ങളിലും പൎവ്വതത്തിന്റെ ശിഖരങ്ങളിലുമുള്ള സുന്ദരയാത്രയ്ക്കു് അതു പ്രതിബന്ധമായിത്തന്നെ നിൽക്കുന്നു.

ഗായത്രിയുടെ അൎത്ഥം മനസ്സിലായില്ലെങ്കിലും അതു് എന്റെ ഹൃദയത്തെ സ്പൎശിച്ചുവെന്നു പറഞ്ഞുവല്ലോ. ബുദ്ധിയുടെ സമ്പൂൎണ്ണസഹായം കൂടാതെ ചലിക്കത്തക്കവിധത്തിലുള്ള ഒരു വിശിഷ്ടവസ്തു നമ്മുടെ അന്തൎഭാഗത്തു് നിലീനമായി കിടക്കുന്നുണ്ടു്. ഒരു ദിവസം ഞാൻ വായ

നമുറിയിലെ ഒരു മൂലയിൽ, സിമ്മൻറിട്ട തറയിലിരുന്നു ഗായത്രി ജപിച്ചുകൊണ്ടിരുന്നു. എൻെറ കണ്ണുകരം രണ്ടിലും പെട്ടെന്നു കണ്ണുനീർ നിറഞ്ഞു ഒരു തരത്തിലും അതിൻെറ കാരണമറിവാൻ കഴിഞ്ഞില്ല. വല്ലവരും നിർബന്ധിച്ചു ചോദിച്ചിരുന്നുവെങ്കിൽ ഗായത്രിയോടു ബന്ധമില്ലാത്ത വല്ല സമാധാനവും ഞാൻ പറയുമായിരുന്നു. ഹൃദയത്തിൻെറ അന്തഃപുരത്തിൽ നടക്കുന്ന വാത്തകരം ബുദ്ധിയുടെ പ്രവൃത്തിക്ഷേത്രത്തിൽ എപ്പോഴും എത്തിച്ചേരുകില്ലെന്നുള്ളതാണു് അതിൻെറ പരമാത്ഥം

# ഹിമാലയ യാത്ര

ഉപനയനം സംബന്ധിച്ചു മുണ്ഡനം കഴിഞ്ഞശേഷം സ്കൂളിൽപോകുന്നതു ഞങ്ങരംക്കു വലിയ വിഷമമായി തോന്നി. പശുവിനോടു് അവക്കുള്ള ഭക്തി എങ്ങിനെയിരുന്നാലുംശരി, ബ്രാഹ്മണബാലരോടു യൂറോപ്യൻ കുട്ടികരംക്കു തീരെ ഭക്തിയില്ലായിരുന്നു അതിനാൽ ഞങ്ങളുടെ മൊട്ടത്തലകളിൽ വേറൊന്നും ചെയ്തില്ലെങ്കിലും ഹാസ്യവഷം അവർ നടത്തുമെന്നുള്ളതിനു സംശയമില്ല.

ഇങ്ങിനെ പലതും വിചാരിച്ചു കഴിച്ചുകൂട്ടുമ്പോരം ഒരു ദിവസം അച്ഛൻ പെട്ടെന്നു് എന്നെ ആളയച്ചു വിളിച്ചു. അദ്ദേഹത്തോടൊന്നിച്ചു് ഹിമാലയയാത്ര ചെയ്യുന്നതിനു ഞാൻ തയ്യാറാണോ എന്നായിരുന്നു അച്ഛൻെറ ചോദ്യം. 'തയ്യാർ' എന്നു് ആകാശം പൊട്ടുന്ന സ്വര

ത്തിൽ അറിയില്ലെങ്കിൽ അതെൻെറ മനസ്സിലെ വികാരത്തിനു യോജിച്ച ഒരു മറുപടി ആകുമായിരുന്നു. കൽക്കത്താപട്ടണത്തിലെ ഇരുളടഞ്ഞ ബെങ്കാൾ അക്കാഡമി എവിടെ?

യാത്ര പുറപ്പെടുന്നതിനുമുമ്പ് പതിവനുസരിച്ച് അച്ഛൻ വീട്ടിൽ എല്ലാപേരേയും ഉപാസനാമുറിയിൽ വിളിച്ചുവരുത്തി ഒരു പ്രാത്ഥന നടത്തി. പ്രാത്ഥന കഴിഞ്ഞു് ഗുരുജനങ്ങളെ വന്ദിച്ച് ഞാനും അച്ഛനുംകൂടി വണ്ടികയറി. ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു വിശേഷതരം ഉടുപ്പുകൾ അന്നെനിക്കു തയാറാക്കിയതു്. ഏതു നിറത്തിൽ ഏതെല്ലാംതരത്തിലുള്ള വസ്ത്രങ്ങൾ വേണമെന്നു് അച്ഛൻ നേരത്തെ നിർദ്ദേശിച്ചിരുന്നു. ആക്കൂട്ടത്തിൽ ഒരു കസവുതൊപ്പികൂടി സ്ഥാനം പിടിച്ചു. മൊട്ടത്തലയിൽ തൊപ്പി വയ്ക്കുന്നതിനുള്ള മടികൊണ്ടു അതു ഞാൻ കയ്യിൽതന്നെ വച്ചുകൊണ്ടിരുന്നു വണ്ടിയിൽ കയറിയ ഉടൻ തൊപ്പി തലയിൽ ധരിച്ചുകൊള്ളുന്നതിനു അച്ഛൻ ആജ്ഞനൽകി. ആജ്ഞാനിഷേധത്തിനു നിവൃത്തി ഇല്ലാത്തതിനാൽ നാണംകെട്ടിട്ടും തൊപ്പി എന്റെ തലയിൽ തന്നെ ഇരുന്നു. അച്ഛൻ അങ്ങോട്ടോ ഇങ്ങോട്ടോ നോക്കുന്നതിനിടയിൽ തലയിൽനിന്നും അതു കയ്യിലിറങ്ങും; അദ്ദേഹത്തിൻെറ നോട്ടമനുസരിച്ച് അതുവീണ്ടും തലയിലും കയറും.

കുട്ടിക്കാലം തുടങ്ങി അച്ഛൻെറ കാര്യങ്ങൾക്കെല്ലാം ഒരു നല്ല ചിട്ട ഉണ്ടായിരുന്നു. ചെയ്യേണ്ട കാര്യങ്ങൾ താളത്തിൽ നീക്കിവയ്ക്കുന്ന പതിവു അദ്ദേഹത്തിനില്ല. വല്ല വിധത്തിലും തുലച്ചുതീക്കുക എന്നതും അച്ഛനിഷ്ടമില്ല തനിക്കു അന്യരോടുള്ളതുപോലെ, തന്നോടു അന്യക്കുള്ള

ജോലികളും കണിശത്തിന് വിധേയമായിരിക്കണം; അതാണദ്ദേഹത്തിൻെറ സ്വഭാവം. എല്ലാകാര്യത്തിലും ഒരെഴിഞ്ഞ മട്ട് നമ്മുടെ ജാതിത്തൊഴിലാണ്. അല്പസ്വല്പം അററകുററങ്ങൾ നാം സാരമായിട്ട ഗണിക്കാറില്ല. അച്ഛനോടിടപെടുന്നതിൽ ഞങ്ങൾക്കെല്ലാം വളരെ ഭയമായിരുന്നു. അല്പംക്കൂടിയോ കുറഞ്ഞോ പോകുന്നതിലല്ല, കാര്യം കണിശമായിരിക്കാത്തതിലാണ അദ്ദേഹത്തിന വിരോധം. ഏത്തും വളരെ സൂക്ഷ്മമായാലോചിച്ചേ അദ്ദേഹം തീർച്ചപ്പെടുത്തൂ. ഇന്നിന്ന വസ്തുക്കൾ ഇന്നിന്നതരത്തിൽ ഇരിക്കണമെന്നും, ആരാരെല്ലാം ഇന്നാതു ചെയ്യണമെന്നും മററും അദ്ദേഹം നേരത്തെ ഭാഗിച്ചായി കണക്കാക്കും. അതിൽനിന്ന് ഒരംശവും വ്യത്യസ്തമായി വരുന്നതിഷ്ടമല്ല. വീട്ടിൽ വല്ല അടിയന്തിരാദി വിശേഷങ്ങളുണ്ടായാൽ വ്യവസ്ഥപ്രകാരം കാര്യങ്ങൾ നടന്നോ എന്നറിയുന്നതിനവേണ്ടി അദ്ദേഹം ഓരോരുത്തരിൽനിന്നും പ്രത്യേകം വിവരങ്ങൾ ശേഖരിക്കും. കണിശത്തിൻെറ കാര്യത്തിൽ മററുള്ളവരിൽനിന്ന അദ്ദേഹം എത്രയോ ഭിന്നനായിരുന്നു. തൻെറ ചിന്തയിലോ, സങ്കല്പത്തിലോ, പ്രവൃത്തിയിലോ ഒരു ശൈഥില്യം വരാൻ അദ്ദേഹം ഒരിക്കലും അനുവദിക്കില്ല. യാത്രയിൽ അദ്ദേഹത്തോടൊന്നിച്ചു താമസിച്ചിരുന്ന കാലം മുഴുവൻ ഒരുതരത്തിൽ എനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിൽ വേറൊരു തരത്തിൽ വലിയ അസ്വാതന്ത്ര്യമായിരുന്നു.

യാത്രയുടെ ആരംഭത്തിൽ ഏതാനും നാൾ ഞങ്ങൾ ബോൾപ്പൂർ താമസിക്കുകയുണ്ടായി. അതിന കുറച്ചുമുമ്പ് സത്യൻ അവൻെറ അച്ഛനോടുകൂടെ അവിടെ പോയിരുന്നു. സത്യൻെറ യാത്രാവിവരണങ്ങൾ 19-ാംനൂററാണ്ടിലെ ഒരു കുട്ടികളെപ്പോലും വിശ്വസിക്കാത്തക്കവിധത്തിലല്ല.

പക്ഷെ നടക്കുന്നതും നടക്കാത്തതുമായ കാര്യങ്ങളുടെ വിവേചന അന്നെനിക്കു തീരെ കുറവായിരുന്നു കൃത്തിവാസൻെറയോ രാമദാസൻെറയോ ഗ്രന്ഥങ്ങൾ അതൊന്നും ഞങ്ങളെ പഠിപ്പിച്ചില്ല. പട്ടങ്ങളുള്ള അന്നത്തെ പാഠപുസ്തകങ്ങളും അത്ര മനസ്സിലാക്കിത്തന്നില്ല. ഓരോന്നിൻെറയും വാതുക്കൽ ചെന്നു മുട്ടിത്തന്നെ അതാതിൻെറ സാദ്ധ്യാസാദ്ധ്യതകൾ ഞങ്ങൾക്കു മനസ്സിലാക്കേണ്ടിയിരുന്നു.

പ്രത്യേകവിധ അഭ്യാസങ്ങൾ വശമില്ലെങ്കിൽ റയിൽ വണ്ടി കയറുന്നതു് വളരെ അപകടമെന്നായിരുന്നു സത്യൻെറ വിവരണം. കാലൊന്നു തെററിപ്പോയാൽ പിന്നത്തെ കഥ നോക്കണ്ടത്രെ. വണ്ടി നീങ്ങിത്തുടങ്ങുമ്പോൾ സകല ശക്തികളുമുപയോഗിച്ചു സീററിൽ ഇരുന്നുകൊള്ളണം. സ്വല്പമൊന്നിളകിയാൽ ദൂരെത്തെറിച്ചുപോകും. ഭ്രുതക്കണ്ണോടിവച്ചു നോക്കിയാൽ തന്നെ പൊടിപോലും പിന്നെക്കാണുകില്ല. ഇതെല്ലാം കേട്ടിട്ടു് റയിൽവേസ്റ്റേഷനിലെത്തിയപ്പോൾ വാസ്തവത്തിൽ എനിക്കു വലിയ ഭയമായി. ഏതിനും വിഷമമില്ലാതെ വണ്ടികയറി. പിന്നത്തെ ഭയം വണ്ടി നീങ്ങുന്നതിനെപ്പററി ആയിരുന്നു. അതും കഴിഞ്ഞു; മനസ്സിനു സുഖവുമായി.

വണ്ടി ഓടിത്തുടങ്ങി. മനോഹരമായ പാടങ്ങൾ പാതഅരികിൽ നിൽക്കുന്ന തരുശ്രേണികളോടുകൂടി ഇരുഭാഗത്തും വളരെ വേഗത്തിൽ പുറകോട്ടു ഓടിക്കൊണ്ടിരുന്നു. സന്ധ്യ ആയപ്പോൾ ഞങ്ങൾ ബോൾപ്പൂരെത്തി. വണ്ടിയിൽനിന്നുമിറങ്ങി പല്ലക്കിൽ കയറിയ ഉടൻ കണ്ണു രണ്ടും ഞാൻ ഇറുകെ അടച്ചു. ബോൾപ്പൂരിലെ മനോഹരമായ സമസ്തകാഴ്ചകളും പിറെറന്നാൾ കാലത്തു ഒന്നായി കൺമുമ്പിൽ നിറയണമെന്നായിരുന്നു എൻെറ ആഗ്രഹം. ഇരുട്ടിൻെറ അസ്പഷ്ടതയിലൂടെ വല്ലതുമൊന്നു കണ്ടു

പോയാൽ ആനന്ദരസത്തിനു അതു ഒരു ഭംഗമെന്നാണു് ഞാൻ കരുതിയതു്.

പിറേറദിവസം രാവിലെ എഴുമണിക്ക്, ഉള്ളിൽ കൊള്ളാത്ത വികാരപരമ്പരകളോടെ ഞാൻ വീട്ടിനു വെളിയിൽ വന്നുനിന്നു. ബോറംപ്പൂരിലെ കെട്ടിടത്തിൽ പ്രധാന ഗൃഹത്തിൽനിന്നും അടുക്കളയിലേയ്ക്കു പോകുന്ന വഴി മേൽക്കൂര ഇല്ലെങ്കിലും വെയിലും മഴയും താഴെ വീഴുകയില്ലെന്നു സത്യൻ എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു. ആ വിശേഷപ്പെട്ട വഴിയാണു ഞാൻ ആദ്യമായി അവിടെ അന്വേഷിച്ചതു്. പക്ഷെ ഇതേവരെ അതെനിയ്ക്കു കാണാൻ കഴിഞ്ഞില്ല എന്നു പറയുമ്പോൾ വായനക്കാർ അത്ഭുതപ്പെടുകയില്ലല്ലോ?

ഞങ്ങളെല്ലാം പട്ടണത്തിൽ വളൎന്നുവന്ന കുട്ടികൾ. വിളവു തരുന്ന പാടങ്ങളാകട്ടെ, അവിടെ വിളയുന്ന ധാന്യങ്ങളാകട്ടെ ഒരിക്കലും ഞങ്ങൾ കണ്ടിരുന്നില്ല. 'കാലിമേയ്ക്കുന്ന കന്നാലിപ്പിള്ളേരെ'പ്പററി പുസ്തകങ്ങളിൽ വായിച്ചു ആ സുന്ദരരൂപങ്ങൾ ഞങ്ങളുടെ മനസ്സിൽ വരച്ചു വച്ചിരുന്നു. ബോറംപ്പൂരിൽ എവിടെ നോക്കിയാലും വിളവുനിറഞ്ഞ പാടങ്ങളെ കാണാനുള്ളവെന്നും, കന്നാലിപ്പിള്ളേരുമായുള്ള കളി അവിടെ ഒരു പതിവാണെന്നുമായിരുന്നു സത്യന്റെ വിവരണം. പാടങ്ങളിൽ പോയി ധാന്യങ്ങൾ ശേഖരിച്ചുകൊണ്ടുവന്നു് കുട്ടികളുമായി അതു പാകം ചെയ്തു ഭക്ഷിക്കുന്നതു് അവിടത്തെ കളിയുടെ ഒരു പ്രധാന ഭാഗമാണത്രേ! സത്യന്റെ വൎണ്ണനകളോൎത്തു അവ കാണാനുള്ള കൗതുകത്തോടെ ഞാൻ നാലുചുററും നോക്കി. വിശാലമായ മരുഭൂമികളല്ലാതെ പാടങ്ങളൊന്നും അവിടെ കണ്ടില്ല. കന്നുകാലി മേയ്ക്കുന്ന കുട്ടികളെ അങ്ങിങ്ങു പലരേയും ഞാൻ കണ്ടു. പക്ഷെ മററുള്ളവരിൽ നിന്നു

GRANDHA SALA
TRIVANDRUM



തിരിച്ചറിയാനുള്ള അടയാളങ്ങൾ അവക്കൊന്നുംതന്നെ ഇല്ലായിരുന്നു.

കാണാത്ത കാര്യങ്ങൾ പെട്ടെന്നു ഞാൻ മറന്നു. കണ്ടതുതന്നെ സന്തോഷത്തിനു ധാരാളം പോരുമായിരുന്നു. വേലക്കാരുടെ കീഴുള്ള വട്ടക്കറെക്കങ്ങളൊന്നും ബോറംപ്പുരിൽ ഇല്ലെന്നുള്ളതാണു് വലിയ ആശ്വാസം. പ്രകൃതിദേവിടിക് ചക്രവാളത്തിൽ വരച്ച ഒരു പച്ചവളയം അവിടേയും കാണുന്നുണ്ടു്. എങ്കിലും, അതിനകത്തു യഥേഷ്ടം സഞ്ചരിക്കുന്നതിനു എനിക്കൊരു വിഘ്നവുമുണ്ടായിരുന്നില്ല.

ഞാൻ വളരെ കുട്ടിയായിരുന്നെങ്കിലും അവിടെല്ലാം ഇഷ്ടംപോലെ സഞ്ചരിക്കുന്നതിനു അച്ഛനൊരു തടസ്സവും പറഞ്ഞില്ല. മഴപെയ്തു് മധ്യത്തുനിന്നും മണ്ണും കല്ലും ഒലിച്ചുപോയ മൈതാനങ്ങളിൽ അവിടവിടെ കാണുന്ന ചെറിയചെറിയ കുന്നുകളും കുഴികളും ഗുഹാഗഹ്വരങ്ങൾക്കിടയിൽ പലതരം തോടുകൾ നിർമ്മിക്കപ്പെട്ടിട്ടുള്ള ലിലിപ്പുട്ടിലെ വിവരണങ്ങളെ എന്നെ എളുപ്പത്തിൽ ഓർമ്മിപ്പിച്ചു. അവിടുന്നെല്ലാം വെള്ളവെളുത്ത പാറക്കല്ലുകൾ പെറുക്കി മുണ്ടിൽകെട്ടി, അച്ഛന്റെ മുമ്പിൽകൊണ്ടുവന്നു ഞാൻ കാണിക്കുമായിരുന്നു. അച്ഛൻ ഒരിക്കലും അതു തുച്ഛമായി തള്ളിവിട്ടില്ല. “ഹാ! എത്ര മനോഹരം!! നിനക്കിതെല്ലാം എവിടെനിന്നുകിട്ടി”? എന്നു പലപ്പോഴും അദ്ദേഹം ഉത്സാഹത്തോടെ ചോദിക്കും. ‘ഇനിയുമിതാ വണ്ടിക്കണക്കിനു കിടക്കുന്നു.; ഞാൻ ദിവസവും വാരിക്കൊണ്ടുവരാം’ അച്ഛൻ: —ശരി നല്ലതു്; കൊണ്ടുവാ; എന്റെ കുന്നിന്റെ നാലുചുറ്റും ഒരലങ്കാരമായി വച്ചുതരിക.

ഞങ്ങളുടെ താമസസ്ഥലത്തിനടുത്തായി ഒരു കുളം കുഴിക്കുന്നതിന്നു ജോലിചെയ്തിട്ട് വെള്ളം കാണാതെ എന്നു വിട്ടേണ്ടിവന്നു. കുഴിച്ചെടുത്ത മണ്ണെല്ലാം കരയ്ക്കുകൂട്ടി ഒരു കുന്നുണ്ടാക്കി. ആ കുന്നിൻെറ പുറത്ത് അച്ഛൻ അതിരാവിലെ ഉപാസന നടത്തുന്നതിന്നു ചെന്നിരിക്കുമായിരുന്നു. അതിന്നു നേരെ കിഴക്കായി ഒരു മറവും കൂടാതെ സൂര്യനുദിച്ചുപൊങ്ങും. ആ കുന്നിനെ അലങ്കരിക്കുന്നതിനാണു അച്ഛൻ എന്നോടാജ്ഞാപിച്ചതു്.

ബോംപ്പൂർ വിടുന്ന സമയം അവിടെ സമ്പാദിച്ചുകൂട്ടിയിരുന്ന കല്ലുകൾകൂടി വാരിക്കൊണ്ടുപോകാൻ സാധിച്ചില്ലല്ലോ എന്നു എനിക്കു വല്ലരെമനസ്താപമുണ്ടായിരുന്നു. സാമാനങ്ങൾ കൊണ്ടുപോകുന്നതിന് ട്രയിനിൽ കൂലി കൊടുക്കണമെന്നുള്ള കാര്യം അന്നു ഞാനറിഞ്ഞിരുന്നില്ല. സാധനങ്ങൾ സംഗ്രഹം ചെയ്തുകൊണ്ടുമാത്രം അതിനെ പരിരക്ഷിക്കാനുള്ള അവകാശം നമുക്കു ലഭിക്കുന്നോ എന്നുള്ള കാര്യം ഇന്നും എനിക്കു സംശയമായിരിക്കുന്നു. എൻെറ ഏകാന്തപ്രാർത്ഥനയുടെ ഫലമായി ആ കല്ലുകൾ എന്നെന്നും വച്ചുകൊള്ളുന്നതിന്നു എനിക്കു വരം കിട്ടിയിരുന്നുവെങ്കിൽ, അതേപ്പററി ആലോചിച്ചു രസിക്കാനുള്ള സൗകര്യം നമുക്ക് ഇന്നെങ്ങനെ ലഭിക്കും?

മൈതാനത്തിൻെറ മറെറാരു ഭാഗത്തായി ഒരു ചെറിയ ഊററുകുഴിയുണ്ടായിരുന്നു. കുഴിയിലെ വെള്ളം നിറഞ്ഞുകവിഞ്ഞ് എപ്പോഴും കുറേശ്ശെ ഒഴുകിക്കൊണ്ടിരിക്കും. ചെറിയ ചെറിയ മത്സ്യങ്ങൾ ഒലിപ്പിനടുത്തുനിന്നു തുള്ളിച്ചാടിക്കളിക്കും. അതെല്ലാം ആദ്യമായി കണ്ട ദിവസം വൈകുന്നേരം ഞാൻ അച്ഛനോടു പറഞ്ഞു. "കണ്ണീരുപോലത്തെ വെള്ളമുള്ള ഒരൂററുകുഴി ഞാൻ കണ്ടുപിടിച്ചു.

കുളിപ്പാനും കുടിക്കാനും നമുക്ക് അവിടെനിന്നു വെള്ളം കൊണ്ടുവരാം" "ആഹാ! ശരി, അങ്ങിനെ ഏർപ്പാടുചെയ്തുകളയാം" എന്നായിരുന്നു അച്ഛന്റെ മറുപടി. അന്നു മുതൽ അങ്ങനെ വ്യവസ്ഥചെയ്തു.

ഊററുകുഴിയിലും അതിന്റെ പരിസരങ്ങളിലും ഞാൻ മുറയ്ക്കു സഞ്ചരിച്ചുകൊണ്ടിരുന്നു. അഭൂതപൂർവമായ വല്ല വസ്തുക്കൾ കണ്ടുപിടിക്കുന്നതും ഉടനെ അച്ഛന്റെ അടുത്തു അതു റിപ്പോർട്ടുചെയ്യുന്നതുമായിരുന്നു എന്റെ സഞ്ചാരത്തിന്റെ പ്രധാനോദ്ദേശം. അജ്ഞാതമായ ആ ചെറുരാജ്യത്തിന്റെ ഒരു 'ലിവിംസ്റ്റൺ' ആയിരുന്നു ഞാനെന്നു പറയാം. അവിടത്തെ കാഴ്ചകൾക്കെല്ലാം ഭൂതക്കണ്ണാടിയുടെ മറുവശത്തുകൂടി നോക്കിയപോലെ ഒരു പ്രത്യേകതയുണ്ടായിരുന്നു. നദികൾ, കുന്നുകൾ, വൃക്ഷങ്ങൾ തുടങ്ങിയ സകലതും വളരെ ചെറുതായിട്ടു തോന്നി. ഊററുകുഴിയിലെ മത്സ്യങ്ങൾക്കുപോലും അതിനനുസരിച്ച ആകാരവിശേഷങ്ങളായിരുന്നു.

എന്നെ കണിശവും കൃത്യനിഷ്ഠയും പഠിപ്പിക്കുന്നതിനവേണ്ടി അച്ഛൻ ചിലപ്പോഴൊക്കെ കയ്യിൽ നാലണ തന്നിട്ടു കണക്കു ചോദിക്കുമായിരുന്നു. അദ്ദേഹത്തിന്റെ സ്വർണ്ണവാച്ചു് താക്കോലു കൊടുക്കുന്ന ജോലിയും അല്പദിവസത്തേക്കു എനിക്കുതന്നെ കിട്ടി. അതിന്റെ എല്ലാം ഗുണദോഷങ്ങളെപ്പററി അച്ഛൻ ചിന്തിച്ചതേയില്ല. എനിക്കു ഒരു പരിശീലനം തരുന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രധാനോദ്ദേശം. കാലത്തു നടക്കാൻ പോകുമ്പോൾ എന്നെക്കൂടി കൊണ്ടുപോകും. വഴിയിൽ ഭിക്ഷക്കാരെ കണ്ടാൽ ഭിക്ഷകൊടുക്കുന്നതിനാവശ്യപ്പെടും. ഒടുവിൽ നോക്കുമ്പോൾ കണക്കു ഒരിക്കലും കൃത്യമായിരിക്കുയില്ല. ഒരു ദിവസം കൂടുതൽ കാശു കയ്യിലിരിക്കുന്നതുകണ്ടു

അച്ഛൻ ഇങ്ങനെ ആക്ഷേപിച്ചു പറഞ്ഞു. "നിന്നെത്തന്നെ എന്റെ മുതൽപിടിത്തക്കാരനാക്കാം. നിന്റെ കയ്യിൽ പണം വളൎന്നുതന്നെ വരുന്നു."

വാച്ചിന്റെ കഥ അതിലും വിശേഷം. താക്കോൽ കൊടുത്തുകൊടുത്തു് അതിന്റെ സ്പ്രിങ്ങു രണ്ടും പൊട്ടി. അതുനിമിത്തം താമസിയാതെ വാച്ചു കൽക്കത്തയ്ക്കു 'മടങ്ങി.'

പ്രായംചെന്നു ഭരണമേററശേഷവും അച്ഛന്റെ മുമ്പെ കണക്കു കേൾപ്പിക്കുന്ന കാൎയ്യം എനിയ്ക്കു വലിയ വിഷമമായിരുന്നു. അന്നു് അദ്ദേഹം പാക്ക്സ്ട്രീററിലാണു താമസിച്ചിരുന്നതു്. എല്ലാ മാസവും രണ്ടാംതീയതി അല്ലെങ്കിൽ മൂന്നാംതീയതി കൃത്യമായി കണക്കു തിക്കണം. കണ്ണിന്നു കാഴ്ച കുറഞ്ഞതുമൂലം അദ്ദേഹത്തിന്നു വായിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു മുൻമാസത്തെ കണക്കൊപ്പിച്ചു്, തൻമാസം കണക്കു ശരിപ്പെടുത്തി വിവരമായി വായിച്ചു കേൾപ്പിക്കേണ്ടിയിരുന്നു. മൊത്തത്തുകകൾ ഒത്തുവന്നില്ലെങ്കിൽ ചില്ലറ തുകകൾ വീണ്ടും പരിശോധിക്കും. ചിലപ്പോഴൊക്കെ കണക്കിൽ കുഴപ്പമുള്ളിടത്തു വിവരമായി വായിക്കാതെ മറിച്ചു തള്ളാൻ ഞാൻ ശ്രമിച്ചിരുന്നു. ആകത്തുകകൾ നല്ലപോലെ ഓത്തുകൊണ്ടു എവിടെയാണോ കുഴപ്പം അവിടെത്തന്നെ അച്ഛൻ പിടികൂടും. അതുകൊണ്ടു എല്ലാ മാസവും രണ്ടാംതീയതി എനിക്കു സമാധാനമില്ലാത്ത ഒരു ദിവസമായിരുന്നു.

സകല കാൎയ്യങ്ങൾക്കും നേരത്തേകൂട്ടി പൂൎണ്ണമായ വ്യവസ്ഥചെയ്യുന്നതു് അച്ഛന്റെ സ്വഭാവമാണെന്നു മുമ്പു പറഞ്ഞല്ലോ. കണക്കുകൾ പരിശോധിക്കുന്നതിലായാലും ശരി, പ്രകൃതിസൌന്ദൎയ്യം വീക്ഷിക്കുന്നതിലായാലും ശരി, മതകൎമ്മങ്ങളിലായാലും സമുദായകാൎയ്യങ്ങളിലായ

ലും ശരി, അതിനു ഭേദമൊന്നുമില്ല. ശാന്തിനികേതന ത്തിലെ പ്രാർത്ഥനാമന്ദിരം അദ്ദേഹം കണ്ണുകൊണ്ടു കണ്ടി ട്ടില്ല, എങ്കിലും അതിന്റെ ശരിയായ രൂപം കണ്ടതു പോലെ അദ്ദേഹം അറിഞ്ഞിരുന്നു. മന്ദിരം കണ്ടിട്ടു കൽ ക്കത്തയ്ക്കു ചെല്ലുന്ന ആളുകളിൽ നിന്നും വിവരങ്ങൾ ശേഖ രിച്ചു ഓരോന്നിന്റേയും രൂപം അദ്ദേഹം ശരിക്കു മന സ്സിലാക്കും. ധാരണാശക്തിയും ഓർമ്മശക്തിയും അസാ ധാരണമായിരുന്നതിനാൽ ഒരിക്കൽ കേൾക്കുന്ന കാര്യം അദ്ദേഹം അത്ര എളുപ്പത്തിൽ മറന്നിരുന്നില്ല.

അപ്പന്റെ ഭഗവദ്ഗീതയിൽ അദ്ദേഹത്തിനിഷ്ടമാ യ ശ്ലോകങ്ങൾ പ്രത്യേകിച്ചു മാർക്കു ചെയ്തിരുന്നു. ബങ്കാളി തർജ്ജിമയോടുകൂടി ആ ശ്ലോകങ്ങൾ പകർത്തി എഴുതുന്നതി നു എന്നെ ഏർപ്പെടുത്തി. വീട്ടിൽ വെറുമൊരു മൈന റായിരുന്ന എനിക്കു ഇങ്ങനെ പല ജോലികൾ ലഭിക്കുക നിമിത്തം ഗൗരവം ക്രമേണ വർദ്ധിച്ചുതുടങ്ങി.

ഇതിനിടയിൽ എന്റെ പഴയ നീല നോട്ടുബുക്കു് യാത്രപറഞ്ഞു പിരിഞ്ഞു. പകരം ബയൻഡുചെയ്ത ഒരു ഡയറി കയ്യിൽ കിട്ടി. ബാഹ്യാഡംബരങ്ങളുടെ കുറവു മൂലം കവിതയ്ക്കു ന്യൂനത സംഭവിക്കുന്നതു യുക്തമല്ലെന്നു ഞാൻ കണ്ടുപിടിച്ചു. കവിതയെഴുതുക മാത്രമല്ല കവി യാണെന്നുള്ള ബോധവും എനിക്കുണ്ടായിത്തുടങ്ങി. അതു കൊണ്ടായിരിക്കാം ബോൾപ്പൂരിൽ ഒരു ചെറിയ തെങ്ങി ന്റെ ചുവട്ടിൽ ഇരുന്നു കവിത എഴുതിയ ദിവസം, അതു കുറിച്ചിട്ട ഡയറിയോടു കൂടുതൽ സ്നേഹം എനിക്കു തോന്നി യതു്. കവികൾക്കു അതു സാധാരണ തന്നെ എന്നായി രുന്നു എന്റെ സമാധാനവും. നട്ടുച്ചയ്ക്കു പരുപരുത്ത കല്ലിന്മേലിരുന്നു പിന്നൊരുദിവസം ഞാൻ "പൃഥ്വീരാജ

ൻെറ പരാജയം" എന്നൊരു കവിത എഴുതി. അതു വളരെ വീരരസപ്രധാനമായിരുന്നിട്ടും വിനാശത്തിൻെറ കൈകളിൽ നിന്നും അതിനെ രക്ഷിക്കുന്നതിന്ന എനിക്കു സാധിച്ചില്ല. അന്നത്തെ ഡയറിയും അതിൻെറ മുൻഗാമിയായ നീല നോട്ടുബുക്കിനെ അനുകരിച്ച് അന്തർദ്ധാനം ചെയ്തു. അവ രണ്ടിൻേറയും യാതൊരു വിവരവും അനന്തരകാലത്തു എനിക്കു കിട്ടിയിട്ടില്ല.

ബോറംപ്പൂരിൽ നിന്നു തിരിച്ചു്, സാഹേബ് ഗഞ്ച് നാനാപൂർ, അലഹബാദ്, കാൺപൂർ തുടങ്ങിയ പല സ്ഥലങ്ങളിലും വിശ്രമിച്ച് അവസാനമായി ഞങ്ങൾ അമൃതസരസ്സിൽ എത്തിച്ചേർന്നു. വഴിയിൽവച്ചുണ്ടായ വേറൊരു സംഭവം കൂടി എൻെറ മനസ്സിൽ പതിഞ്ഞുകിടക്കുന്നുണ്ടു്. ഏതോ ഒരു വലിയ സ്റ്റേഷനിൽ ഞങ്ങൾ കയറിയിരുന്ന വണ്ടി നിന്നു. ടിക്കററു പരിശോധകൻ വന്നു എൻെറ ടിക്കററ് പരിശോധിച്ചിട്ട് മുഖത്തൊന്നു സൂക്ഷിച്ചുനോക്കി. ഒന്നും അയാൾ തുറന്നു പറഞ്ഞില്ല. കുറച്ചുകഴിഞ്ഞു് വേറൊരാളുമായി അയാൾ വീണ്ടും വണ്ടിയിൽ വന്നു കയറി. അല്പനേരം അവർ തമ്മിൽ എന്തോ മന്ത്രിച്ചശേഷം തിരിച്ചുപോയി. മൂന്നാമത്തെ തവണ സ്റ്റേഷൻ മാസ്റ്ററുമായി മടങ്ങിവന്നു. എൻെറ അരടിക്കററ് ഒന്നുകൂടി പരിശോധിച്ചിട്ട് "എന്താ, ഈ കുട്ടിക്കു വയസ്സു പന്ത്രണ്ടിൽ കൂടുതലില്ലേ?" എന്നു മാസ്റ്റർ അച്ഛനോടു ചോദിച്ചു "ഇല്ലാ" എന്നു അച്ഛൻ കണിശമായി ഉത്തരം നൽകി. അന്നു എനിക്കു വയസ്സു പതിനൊന്നേ കഴിഞ്ഞിരുന്നുള്ളു. എങ്കിലും പ്രായത്തെക്കവിഞ്ഞ വളർച്ച ശരീരത്തിന്നുണ്ടായിരുന്നു. "മുഴുവൻ ചാർജ്ജും ഇവനു കൊടുക്കണം" എന്നു സ്റ്റേഷൻ മാസ്റ്റർ

ഉത്തരവായി. അച്ഛന്റെ കണ്ണു രണ്ടും ചെന്തീപോലെ ചുവന്നു. അദ്ദേഹം പെട്ടെന്നു പെട്ടി തുറന്നു് ഒരു നോട്ടെടുത്തു് അയാളുടെ കയ്യിൽ കൊടുത്തു. ടിക്കററിന്റെ വില കഴിച്ചു ബാക്കി തിരിയെ കൊണ്ടുവന്നപ്പോൾ അച്ഛൻ അതു വാങ്ങി ദൂരത്തെറിഞ്ഞുകളഞ്ഞു. പ്ളാററുഫാറത്തിൽ തിരിച്ചുവീണ ആ നാണയങ്ങൾ ഉരുണ്ടുരുണ്ടു് എങ്ങോ പോയി മറയുന്നതുകണ്ടു് സ്റ്റേഷൻമാസ്റ്റർ വല്ലാതെ വിഷമിച്ചു. പണം ലാഭപ്പെടുത്താൻ കള്ളം പറഞ്ഞെന്നുള്ള സ്റ്റേഷൻമാസ്റ്ററുടെ കുററാരോപണം അച്ഛനെ വല്ലാതെ ദേഷ്യപ്പെടുത്തി.

അമൃതസരസ്സിലെ 'ഗുരുഡർബാർ' ഒരു സ്വപ്നംപോലെ മാത്രമേ എന്റെ മനസ്സിൽ കിടപ്പുള്ളു. പല ദിവസവും പ്രഭാതത്തിൽ ഞാൻ അച്ഛനോടൊന്നിച്ചു സരസ്സിന്റെ നടുവിലുള്ള സിക്കുകാരുടെ ആ ക്ഷേത്രത്തിൽ പോയിരുന്നു. ദിവസവും മുറയ്ക്കവിടെ ഭജന നടന്നുകൊണ്ടിരിക്കും. അച്ഛൻ ക്ഷേത്രത്തിൽ കയറി മററുള്ളവരുടെ കൂട്ടത്തിലിരുന്നു് ഭജന തുടങ്ങും. ഒരു വിദേശിയുടെ മുഖത്തുനിന്നു് സ്വന്തം പ്രാർത്ഥനാഗാനങ്ങൾ പുറപ്പെടുന്നതു കണ്ടു് സിക്കുകാർ വളരെ സന്തോഷിച്ചു. പ്രാർത്ഥന കഴിഞ്ഞു് മടങ്ങി വരുമ്പോൾ കൽക്കണ്ടു് മുതലായ സാധനങ്ങളും അവിടന്നു കൊണ്ടുവരും.

ഒരുദിവസം ഗുരുഡർബാറിലെ ഒരു ഭജനക്കാരനെ ഞങ്ങൾ താമസിക്കുന്ന സ്ഥലത്തു കൂട്ടിക്കൊണ്ടുവന്നുപാടിച്ചു. അയാൾക്കു സമ്മാനമായി അച്ഛൻ അബദ്ധത്തിൽ കുറെ അധികം പണം കൊടുത്തുപോയി. അടുത്ത ദിവസം മുതൽ പാട്ടു കേൾപ്പിക്കാൻ വരുന്ന ആളുകൾക്കു സംഖ്യയില്ലാതായി. ഒടുവിൽ അവരെ നിയന്ത്രിക്കുന്നതിനു ബല

മായ കാവൽതന്നെ ഏർപ്പെടുത്തേണ്ടിവന്നു. വീട്ടിൽ കയറാൻ വിഷമമായപ്പോൾ വഴിയിൽ നിന്നു അവർ പാട്ടുതുടങ്ങി. ദിവസവും കാലത്തു അച്ഛൻ എന്നെയും കൂട്ടിക്കൊണ്ടു നടക്കാൻ പോകമായിരുന്നു. അപ്പോഴൊക്കെ അവിടവിടെയായി തംബുരുവും തോളിൽ കേററിക്കൊണ്ടു പാട്ടുകാർ അടുത്തുതുടങ്ങും. വേട്ടക്കാരന്റെ തോളിൽ തോക്കു കാണുമ്പോൾ പക്ഷികൾക്കുണ്ടാകുന്ന വികാരമായിരുന്നു പാട്ടുകാരുടെ തോളിൽ തംബുരു കണ്ടാൽ ഞങ്ങൾക്കു പിന്നീടു തോന്നിത്തുടങ്ങിയതു്. തംബുരുവിന്റെ നാദം വെടിയുടെ ഭയവും ഞങ്ങൾക്കുണ്ടാക്കിക്കൊണ്ടിരുന്നു.

സന്ധ്യ ആകുമ്പോഴേക്കു അച്ഛൻ ഞങ്ങൾ താമസിക്കുന്നിടത്തെ തോട്ടത്തിനു മുമ്പിലുള്ള വരാന്തയിൽ ഇരിക്കും. ബ്രഹ്മധർമ്മം സംബന്ധിച്ച പാട്ടുകൾ പാടി കേൾപ്പിക്കുന്നതിനു് അപ്പൊഴൊക്കെ അദ്ദേഹമെന്നെ വിളിക്കുമായിരുന്നു. ചന്ദ്രൻ ഉദിച്ചു പൊങ്ങുമ്പോൾ വൃക്ഷഛായയുടെ ഇടയിൽ കൂടി ജ്യോത്സ്നയുടെ കിരണങ്ങൾ അങ്ങിക്കായി വരാന്തയിൽ പതിയും.

"തുമി വിനാ കേ പ്രഭു സങ്കടനിബാരെ
കേ സഹായ ഭവ—അന്ധകാരേ"

(അവിടുന്നല്ലാതെ ഹേ പ്രഭോ! എന്റെ സങ്കടനിവാരണത്തിനാരാണു ശക്തൻ? ഈ സംസാരാന്ധകാരത്തിൽ വേറാരാണു് എനിക്കു സഹായം?) എന്നു് ഞാൻ 'ബെഹാഗ്' രാഗത്തിൽ പാടിത്തുടങ്ങും. അച്ഛൻ തല ചാച്ചു്, കൈകൾ കോർത്തു കുനിഞ്ഞിരുന്നു പാട്ടു കേൾക്കും. ആ സന്ധ്യാസമയങ്ങളിലെ ഇത്തരമനേകം ചിത്രങ്ങൾ എന്റെ മനസ്സിൽ പതിഞ്ഞുകിടക്കുന്നു.

മുമ്പൊരിക്കൽ എൻെറ ചില വൈരാഗ്യകവിതകൾ ശ്രീകണ്ഠബാബുവിൽനിന്നു കേട്ട് അപ്പൂനൊന്നു പുഞ്ചിരിത്തുകി എന്നു ഞാൻ പറഞ്ഞുവല്ലോ. എന്നാൽ കുറച്ചുകൂടി പ്രായമായതിനു മേൽ ഞാൻ അതിൻെറ കടം വീട്ടി. അക്കഥയും ഇവിടെ പറയുന്നതു് ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഒരു തവണ മഹോത്സവത്തിനുവേണ്ടി ഞാൻ ഒട്ടനേകം പാട്ടുകൾ നിർമ്മിച്ചു അതിലൊന്നിതാണു്.

"നയനതോമാരെ പായ്‌നാ
ദേഖിതേ രോയേഛേ നയനേ നയനേ"

(നയനങ്ങൾക്കു ദർശനശക്തിയായ പ്രഭോ! നിന്നെ നയനങ്ങൾ എങ്ങിനെ കാണുന്നു?)

അപ്പൂൻ അന്നു ചുംചുരയിൽ താമസിക്കുകയായിരുന്നു. എന്നേയും ജ്യേഷ്ഠനേയും അങ്ങോട്ടാളയച്ചു വിളിച്ചു്, പാടാൻ ആവശ്യപ്പെട്ടു. ജ്യേഷ്ഠൻ ഹാർമ്മോണിയം വായിച്ചു; ഞാൻ പാടി. ആയിട നിർമ്മിച്ച എല്ലാ പാട്ടും ഞാൻ ഓരോന്നോരോന്നായി പാടിത്തുടങ്ങി. ചില പാട്ടുകൾ രണ്ടും മൂന്നും തവണ ആവർത്തിക്കേണ്ടിവന്നു. പാട്ടെല്ലാം കഴിഞ്ഞശേഷം അപ്പൂൻ ഇപ്രകാരം പറഞ്ഞു.

"നാട്ടിലെ രാജാവിനു ജനങ്ങളുടെ ഭാഷ അറിയാമായിരുന്നെങ്കിൽ അദ്ദേഹം അതിലെ സാഹിത്യത്തിൽ രസിക്കുകയും കവികളെ സമ്മാനിക്കുകയും ചെയ്യുമായിരുന്നു. അത്തരം രാജാക്കന്മാർ ഇന്നു് ഇല്ലാത്തതുകൊണ്ടു് ആ ജോലി എൻേറതായിത്തീർന്നിരിക്കുന്നു" എന്നു പറഞ്ഞു് അഞ്ഞൂറുറുപ്പികയുടെ ഒരു ചെക്കെഴുതി അദ്ദേഹം എന്നെ ഏല്പിച്ചു.

വഴിമദ്ധ്യേ എന്നെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുവേണ്ടി 'Peter Parley's Tales' ൻെറ ഏതാനും ലക്ക

ങ്ങൾ അഛൻ കൊണ്ടുവന്നിരുന്നു. അതിൽ ബെഞ്ചമിൻ ഫ്രാംഗ്ലിന്റെ ജീവിതകഥകൾ ആദ്യമായി പഠിക്കുന്നതിന് എന്നോടാവശ്യപ്പെട്ടു. ജീവചരിത്രങ്ങൾ കഥകൾപോലെയായതുകൊണ്ട് എനിക്കു രസകരമായിരിക്കുമെന്ന് അദ്ദേഹം വിചാരിച്ചു. പക്ഷേ പഠിപ്പിച്ചുതുടങ്ങിയപ്പോഴാണ് അതിന്റെ തരം മനസ്സിലായത്. ബെഞ്ചമിൻ സ്വതേ വളരെ ബുദ്ധിമാനായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ ആപാദമൂലമുള്ള ധർമ്മനീതികൾ അഛനെ വിഷമിപ്പിച്ചു. ഓരോ ഭാഗങ്ങളും കൂടുതൽ കൂടുതൽ വായിക്കുന്തോറും ഫ്രാങ്ക്ലിന്റെ അതിഗാഢമായ ലൗകിക വിജ്ഞാനവും ഉപദേശവാക്യങ്ങളും ഞങ്ങളെ വല്ലാതെ വിരക്തരാക്കി.

മുഗ്ദ്ധബോധം കാണാതെ പഠിച്ചതല്ലാതെ സംസ്കൃതഭാഷാസംബന്ധമായി ഞാൻ അതിനുമുമ്പൊന്നും പഠിച്ചിരുന്നില്ല. അഛൻ ആദ്യമായി ഋജുപാഠം ദ്വിതീയഭാഗം പഠിപ്പിച്ചുതുടങ്ങി. ഇതിനിടക്കു ഉപക്രമണികയിലെ ശബ്ദരൂപങ്ങളും ഞാൻ ഉരുവിട്ടുകഴിഞ്ഞു. ബങ്കാളി നല്ലപോലെ വശമാക്കിയിരുന്നത് സംസ്കൃതം പഠിക്കുന്നതിനു വളരെ സഹായിച്ചു. ആരംഭംമുതൽ സംസ്കൃതത്തിൽ വാക്യങ്ങൾ രചിക്കുന്നതിനു അച്ഛൻ എന്നോടാവശ്യപ്പെട്ടു. പഠിച്ചിരുന്ന വാക്കുകൾ മറിച്ചും തിരിച്ചും പ്രയോഗിച്ച്, നീണ്ട നീണ്ട സമാസങ്ങളുമായി ഇടയ്ക്കു ഇടയ്ക്കു ചില അനുസ്വാരങ്ങളും ചേർത്തു ഞാൻ വാക്യങ്ങൾ രചിച്ചു. വാക്യങ്ങൾ ദേവഭാഷയുടെ അന്തസ്സിനു അപമാനകരമായിരുന്നെങ്കിലും എന്റെ ദുഃസാഹസത്തെ അച്ഛൻ ഒരിക്കലും നിരാശപ്പെടുത്തിയില്ല. സംസ്കൃതം കൂടാതെ പ്രൊക്ടറുടെ (Proctor) 'പാപ്പുലർ അസ്ട്രോണമി'യിൽ നിന്നു പല വിഷയങ്ങളും അദ്ദേഹമെനിക്കു പറഞ്ഞുതന്നു.

അതെല്ലാം, അപ്പഴപ്പോൾ ഞാൻ ബങ്കാളിയിൽ എഴുതിയു മിരുന്നു.

അച്ഛൻ സ്വന്തമായി വായിക്കുന്നതിനു കൊണ്ടുവന്നി രുന്ന പുസ്തകങ്ങളുടെ കൂട്ടത്തിൽ 'ഗിബ്ബൺസ് റോം' (Gibbon's Rome) എന്നൊരു ഗ്രന്ഥംകൂടി ഉണ്ടായിരു ന്നു. വളരെ വലുപ്പത്തിൽ ബയൻഡു് ചെയ്ത ആ പത്തു പന്ത്രണ്ടു വാല്യങ്ങൾ കണ്ടിട്ടു എനിക്കു അത്ഭുതംതോന്നി പ്രസ്തുത ഗ്രന്ഥങ്ങളിൽ വല്ല രസവും കാണുമെന്നു എനി ക്കു തോന്നിയില്ല. "ഒരു കുട്ടിയായതുകൊണ്ടു എനിക്കു പഠിക്കാതിരിക്കാൻ കഴിയുകയില്ല എന്നാൽ അച്ഛനു ഇഷ്ടംപോലെ സുഖമായിരിക്കാം. പിന്നെന്താ വായിച്ചു വായിച്ചു് അദ്ദേഹമിങ്ങനെ കഷ്ടപ്പെടുന്നതു്" എന്നായി രുന്നു എന്റെ വിചാരം.

---

## ഹിമാലയത്തിൽ

---

അമൃതസരസ്സിൽ ഒരു മാസം താമസിച്ചശേഷം ഏ പ്രിൽമാസം മദ്ധ്യത്തിൽ അവിടെനിന്നു ഞങ്ങൾ ഡാൽ ഹൗസിയിലേക്കു തിരിച്ചു. ഹിമാലയം കാണുന്നതിനു ള്ള ആഗ്രഹം ക്രമത്തിലധികമായിരുന്നതുകൊണ്ടു അമൃത സരസ്സിലെ അവസാനദിവസങ്ങൾ തീരെ നീങ്ങുന്നില്ലെ ന്നു എനിക്കു തോന്നി.

ഞങ്ങൾ ഒരു ഝംപാനിൽ (ഒരുതരം പല്ലക്കു്) ക യറി ഹിമാലയത്തിലേക്കു യാത്ര തിരിച്ചു. പർവതത്തി ന്റെ പ്രാന്തപ്രദേശങ്ങളിലെ ഓരോ കാഴ്ചകളും സൗന്ദ ര്യത്തിന്റെ ശാശ്വത പ്രഭകൾ നാലുപുറവും ചിതറിക്കൊ ണ്ടിരുന്നു. കാലത്തു ആഹാരം കഴിച്ചു തിരിച്ചു ഞങ്ങൾ

വൈകുന്നേരമാകുമ്പോൾ അടുത്ത താവളസ്ഥലത്തെത്തി. വഴിയിൽ എങ്ങും തന്നെ എന്റെ കണ്ണുകൾക്കു വിശ്രമമുണ്ടായിരുന്നില്ല. കാണാതെ വല്ലതും മറഞ്ഞുപോയെങ്കിലോ എന്നായിരുന്നു എപ്പോഴും എന്റെ ഭയം ഝമ്പാൻ വഹിച്ചിരുന്നവർ അവിടവിടെ വിശ്രമിച്ചാണ് വൈകുന്നേരത്തു താമസസ്ഥലത്തെത്തിച്ചേർന്നതു്. അവരുടെ വിശ്രാമസ്ഥലങ്ങളോരോന്നും വിശേഷതരത്തിൽ മനോഹരങ്ങളായിരുന്നു പർവതങ്ങളുടെ പരിസരങ്ങളിൽ, വഴികളുടെ വളവിൽ, വളർന്നു തളിർത്തുനിവർന്നു നിൽക്കുന്ന വല്ലിയ വലിയ വനസ്പതികളുടെ നടുവിലായിരിക്കും അവർ സാധാരണയായി ഝമ്പാൻ ഇറക്കുന്നതു. തപോനിരതരായ താപസശ്രേഷ്ഠന്മാരുടെ ചുററുപാടും കളിച്ചു നടക്കുന്ന മുനികന്യകകളെപ്പോലെ, ആ വൃക്ഷങ്ങളുടെ പാർശ്വങ്ങളിൽ ശുദ്ധജലമുള്ള ചെറുകുല്യകൾ ഒലിച്ചൊഴുകുന്നതു കാണാം. പച്ച നിറഞ്ഞുപരന്നതും, പായൽ പററിയകല്ലുകൾ നിറഞ്ഞതുമായ പ്രസ്തുത സ്ഥലങ്ങളിലെ നിശ്ചലതയും നിഭൃതതയും എന്നെ അത്യധികം ആകർഷിച്ചു ഓരോ സ്ഥലങ്ങൾ വിട്ടുപിരിയുമ്പോഴും വീണ്ടും അവിടെ താമസിക്കാനുള്ള ആഗ്രഹം എനിക്കു കൂടിവന്നു

മനസ്സിനു ആനന്ദകരമായ പദാത്ഥങ്ങൾ ലോകത്തു് അധികമുണ്ടെന്നുള്ള വിവരം മനോഹരവസ്തുക്കളുമായുള്ള ആദ്യപരിചയത്തിൽ നാം അറിയുന്നില്ല അതു മനസ്സിലാക്കിക്കഴിഞ്ഞാൽ കാര്യങ്ങളുടെ കണക്കുകൂട്ടുന്നതിനാമിടുമിടുക്കുള്ള മനസ്സ് തന്റെ ശക്തികൾ ദുർവ്യയം ചെയ്യാൻ മടിക്കും. വിശേഷപ്പെട്ട വസ്തുക്കൾ എവിടെ കാണുന്നുവോ അവിടെ മാത്രമേ അതു പിന്നീടു തിരിഞ്ഞുനിൽക്കുകയുള്ളു. കൽക്കത്തയിലെ തെരുവുകളിൽ സഞ്ചരിക്കു

ന്ന കാലത്തു് പലപ്പോഴും ഞാനൊരു വിദേശിയാണെന്ന എനിക്കു തോന്നിയിരുന്നു. വിദേശകാര്യങ്ങളിൽ വാസ്തവത്തിൽ വലിയ അഭിരുചിയുമെനിക്കുണ്ടായിരുന്നു. മനസ്സുവച്ചു പ്രവർത്തിക്കാത്തതുകൊണ്ടാണു് കാര്യങ്ങൾ നാം ശരിക്കു കാണാതിരിക്കുന്നതു്. കാഴ്ച കാണുന്നതിനുള്ള ആഗ്രഹം പ്രബലപ്പെടുമ്പോൾ അതു സാധിക്കുന്നതിന എങ്ങിനെയും നാം സ്ഥലത്തു എത്തിച്ചേരും.

അച്ഛൻെറ ചെറിയ പണസഞ്ചി അദ്ദേഹമെന്നെ ഏൾപ്പിച്ചിരുന്നു. പണംസൂക്ഷിക്കുന്നതിന ഞാൻ യോഗ്യനാണെന്നു അദ്ദേഹം ഒരിക്കലും വിചാരിക്കയില്ല. വഴിച്ചെലവിൻെറ വകയ്ക്കുള്ള പണം മുഴുവൻ അതിലായിരുന്നു വച്ചിരുന്നതു്. അച്ഛൻെറ പരിചാരകൻ കിശോരിയുടെ കയ്യിൽ ഏൾപ്പിച്ചാൽ അതവൻ നല്ലപോലെ സൂക്ഷിച്ചുകൊള്ളും. പക്ഷെ എന്നെ ഉത്തരവാദിത്വം പഠിപ്പിക്കുന്നതു അച്ഛൻെറക്കൂടി ആവശ്യത്തിലുൾപ്പെട്ടിരുന്നു. ററിബി-യിൽ താമസിക്കുമ്പോൾ ഒരു ദിവസം ഞാൻ ആ സഞ്ചി അറിയാതെ മേശമേൽ ഇട്ടിരുന്നു. അതുകണ്ടു അദ്ദേഹമെന്നെ ശാസിച്ചു.

ററി. ബി-യുടെ വരാന്തയിൽ കസേരയുമിട്ടു അധികസമയവും അച്ഛൻ വെളിയിലിരിക്കും. സന്ധ്യകഴിഞ്ഞാൽ പർവതോപരിയുള്ള പ്രസന്നാകാശത്തിൽ നക്ഷത്രങ്ങൾ നിറയുകയായി. അവ പംക്തിനേയും പററിയുള്ള വിവരങ്ങൾ അദ്ദേഹം എനിക്കു പലപ്പോഴും പറഞ്ഞുതന്നിരുന്നു.

'വക്രോട'യിൽ ഞങ്ങളുടെ വാസസ്ഥാനം ഒരു പർവതത്തിൻെറ മുകൾപ്പരപ്പിൽ ആയിരുന്നു. മേ മാസം മദ്ധ്യമാണെങ്കിലും അന്നു തണുപ്പിന ഒരു കുറവുമില്ല

സൂൎയ്യരശ്മികൾ പതിയാത്ത ആ വഴികളിൽ മഞ്ഞുകട്ടികൾ നിറഞ്ഞുകിടന്നിരുന്നു. ഏകാന്തമായ പൎവ്വതശിഖരങ്ങളിൽ ഇഷ്ടംപോലെ സഞ്ചരിക്കുന്നതിനു അച്ഛൻ എനിക്കൊരു പ്രതിബന്ധവും നൽകിയില്ല. ഞങ്ങളുടെ താമസസ്ഥലത്തിനു താഴെ വിസ്തീൎണ്ണമായ മുകൾപ്പരപ്പോടുകൂടിയ ഒരു കുന്നുണ്ടായിരുന്നു. വെള്ളികെട്ടിയ ഒരു വടിയുമെടുത്തു ദിവസവും ഞാൻ അവിടെ നടക്കാൻപോകും. ദീൎഘകായരായ ദൈത്യന്മാരെപ്പോലെ വലിയവലിയ വൃക്ഷങ്ങൾ ധാരാളം ഛായകളുമായി അവിടെ നിരന്നുനിന്നിരുന്നു. എത്രയോ ശതാബ്ദങ്ങളിലെ ദീൎഘജീവിതം അവ തീൎച്ചയായും തരണം ചെയ്തിരിക്കണമെന്നതിനു സംശയമില്ല. എന്നിട്ടും, ഇന്നലത്തെ മഴയത്തു കുരുത്തുവന്ന ഒരു മനുഷ്യശിശുവിന്റെ നിൎദ്ദയമായ കരപീഡനങ്ങൾ അവ തിരിഞ്ഞു നോക്കുന്നതുപോലുമില്ല. അവയുടെ ഛായാതലങ്ങളിൽ പ്രവേശിച്ച ഉടൻ ഏതോ ഒരഖണ്ഡാനുഭൂതി ഞാൻ അനുഭവിച്ചു. അസാധാരണമായ തണുപ്പും, നിഴലും പ്രകാശവും ഇടകലൎന്നു പതിഞ്ഞ കരിയിലകളുടെ വിവിധവൎണ്ണങ്ങൾകൊണ്ടു പലയിടത്തും ആ ഛായകൾ പെരുമ്പാമ്പിനോടു സാമ്യം വഹിച്ചിരുന്നു.

എന്റെ ശയനമുറി ററി. ബി. യുടെ ഒരരികിലാണ്. രാത്രി കിടക്കയിൽ കിടന്നുകൊണ്ടു കണ്ണാടിജന്നലിൽകൂടെ നക്ഷത്രങ്ങളുടെ മങ്ങിയ വെളിച്ചത്തിൽ പൎവ്വതശൃംഗങ്ങളുടെ പാണ്ഡുരവൎണ്ണമായ തുഷാരദീപ്തി എനിക്കു കാണാമായിരുന്നു. ചിലപ്പോഴൊക്കെ ഒരു ചുവന്ന പുതപ്പും പുതച്ചു കയ്യിൽ റാന്തലുമായി അച്ഛൻ വരാന്തയിൽ സഞ്ചരിക്കുന്നതു കാണാം. ദിവസവും രാത്രിയുടെ അന്ത്യയാമത്തിനു അല്പം മുമ്പേ അദ്ദേഹം വെളിയിലെ

വരാന്തയിൽ ചെന്നു ധ്യാനത്തിനിരിക്കുക പതിവായിരുന്നു.

ഒന്നുകൂടി കണ്ണടച്ചാൽ ഉടൻ അച്ഛൻ അടുപ്പത്തുവന്നു എന്നെ ഉണർത്തിവിളിക്കുകയായി. ഇരുട്ടു അപ്പോഴും മാറിയിരിക്കയില്ല, വൃക്ഷഃ, വൃക്ഷൌ, വൃക്ഷാഃ, എന്നു സിദ്ധരൂപം കാണാതെ പഠിക്കാൻ നിശ്ചയിച്ചിരുന്ന സമയം അതായിരുന്നു. പുതപ്പിന്റെ ഉള്ളിലെ പരമസുഖം വിട്ടു് 'ചിലുചിലു' തട്ടുന്ന തണുപ്പിൽ സിദ്ധരൂപം ചൊല്ലാൻ വെളിയിലിറങ്ങുന്നതു എന്തൊരു പ്രാണസങ്കടമാണെന്നു വായനക്കാർ ഓർത്തുകൊള്ളുക?

കാലത്തെ ഉപാസന കഴിഞ്ഞാൽ ഞങ്ങൾ പാൽ കഴിയ്ക്കും. അതു കഴിഞ്ഞു കൈകാൽ കഴുകി എഴുന്നേററുനിന്നു ഉപനിഷത്തിലെ ഏതാനും മന്ത്രങ്ങൾ ചൊല്ലും. പിന്നീടു പതിവായി നടക്കാൻ പോകും. അച്ഛനോടൊപ്പം നടക്കുന്നതിനു എനിക്കു വളരെ വിഷമമായിരുന്നു. എന്നേക്കാൾ പ്രായം ചെന്നവൎക്കുതന്നെ അതു എളുപ്പമായ ഒരു കാര്യമല്ല. അതുകൊണ്ടു പലപ്പോഴും എളുപ്പവഴിയിൽ കൂടി നേരത്തെ മടങ്ങി ഞാൻ വീട്ടിലെത്തും.

നടന്നു കഴിഞ്ഞു മടങ്ങി വന്നാൽ ഒരു മണിക്കൂർ നേരം ഇംഗ്ലീഷ് പഠിത്തമായി. പഠിത്തം കഴിഞ്ഞു പത്തുമണിയോടെ, ഐസ്പോലെ തണുത്ത വെള്ളത്തിൽ കുളിക്കണം. ആ വയ്യാവേലിയിൽനിന്നു വിമുക്തി നേടുന്നതിനു ഒരു മാൎഗ്ഗവുമില്ലായിരുന്നു. അച്ഛന്റെ ആദേശത്തിനു വിരുദ്ധമായി വെള്ളം ചൂടുപിടിപ്പിച്ചു തരുന്ന കഥ വേലക്കാർ സ്വപ്നം പോലും കാണുകയില്ല. പച്ചവെള്ളത്തിന്റെ ഗുണഗണങ്ങൾ എ

ന്നെ മനസ്സിലാക്കുന്നതിന്നു വേണ്ടി അച്ഛൻ പലപ്പോഴും തന്റെ കുട്ടിക്കാലത്തെ കഥകൾ പറഞ്ഞുതരുമായിരുന്നു.

പാലു കുടിക്കുന്ന കാര്യമാണു പിന്നൊരു പ്രാണസങ്കടം. അച്ഛൻ പറക്കണക്കിന്നു പാലുതട്ടും. ആ സ്വഭാവഗുണം അദ്ദേഹത്തിൽനിന്നു ഞാൻ അല്പവും പകർത്തിയില്ല. എന്റെ കുട്ടിക്കാലത്തെ പാലുകുടിയുടെ കഥ മുൻപു തന്നെ പറഞ്ഞുകഴിഞ്ഞതല്ലോ. അച്ഛന്റെ കൂടെയാണു ഇവിടെ, ഞാൻ പാലുകുടിക്കാനിരുന്നതു്. അതുകൊണ്ടു് വേലക്കാരുടെ കാരുണ്യംമാത്രമേ ശരണമുണ്ടായിരുന്നുള്ളു. അവർ എന്നോടുള്ള ദയകൊണ്ടോ സ്വന്തം ഉദരങ്ങളോടുള്ള സ്നേഹം കൊണ്ടോ എന്നറിഞ്ഞില്ല—ഏതായാലും പാലിനേക്കാൾ പതചേർത്താണു എന്റെ മുമ്പേ പാത്രം കൊണ്ടുവന്നിരുന്നതു്. ഉച്ചയ്ക്കു ഊണുകഴിഞ്ഞശേഷം ഒരു തവണക്കൂടി എനിക്കു പഠിത്തമുണ്ടായിരുന്നു പക്ഷേ അത്ര എളുപ്പമുള്ള ഒരു കാര്യമായിരുന്നില്ല. വെളുപ്പാൻ കാലത്തെ ഉറക്കത്തിന്റെ കടം വീടേണ്ടതു ആ സമയത്താണു്. അച്ഛൻ പഠിപ്പിച്ചുതുടങ്ങും; ഞാൻ ഉറങ്ങിത്തുടങ്ങും. ഒഴിവുകിട്ടിയാലുടൻ ഉറക്കവും തീരും. പിന്നെ വീണ്ടും ഹിമാലയപര്യടനമായി.

കയ്യിലൊരു കുറുവടിയുമായി, ഒരുകുന്നിൽനിന്നു വേറൊന്നിലേയ്ക്കും, അതിൽനിന്നു മറ്റൊന്നിലേയ്ക്കും കൂട്ടുകാരുടെ ഉച്ചയ്ക്കുമേൽ ഞാൻ ചുററിക്കറങ്ങിനടന്നു. അച്ഛൻ അതിന്നൊരു വിരോധവും പറഞ്ഞില്ല. സ്വാതന്ത്ര്യത്തിന്നു സ്വൈരക്കേടുണ്ടാകരുതെന്നു് അദ്ദേഹം ജീവിതകാലം മുഴുവൻ ശ്രദ്ധിച്ചിരുന്നു. അച്ഛന്റെ അഭിരുചിക്കും അഭിമതത്തിനും വിരുദ്ധമായ പ്രവൃത്തികൾ പലതും ഞാൻ ചെയ്തിട്ടുണ്ടു്. വേണമെങ്കിൽ അതെല്ലാം അദ്ദേഹത്തിന്നു ഉട

നടൻ നിൎത്തിക്കളയാമായിരുന്നു. പക്ഷെ ഒരിക്കലും അദ്ദേഹമതു ചെയ്തിട്ടില്ല. ചെയ്യേണ്ട കാൎയ്യങ്ങൾ സ്വയമേവ ജനങ്ങൾ മനസ്സിലാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. സത്യജ്ഞാനവും സൗന്ദൎയ്യബോധവും ബാഹ്യമായി അദ്ദേഹം ഭാവിച്ചില്ല. സത്യത്തെ സ്വയം ഗ്രഹിക്കാതെ അതിന്റെ സംപ്രാപ്തി വരികയില്ലെന്നായിരുന്നു അച്ഛന്റെ ഉപദേശം. ഒരുവൻ സത്യത്തിൽനിന്നു് വളരെ ദൂരത്തിലിരുന്നാലും ഒരിക്കൽ അതിലേയ്ക്കു തിരിച്ചുവന്നുവെന്നു വരാം. പക്ഷെ, കൃത്രിമശാസനകളാൽ അതിന്റെ രൂപം അന്ധരീതിയിൽ അറിയുന്നവനു അങ്ങോട്ടു കയറാനുള്ള മാൎഗ്ഗം എന്നും അടഞ്ഞുതന്നെയിരിക്കും.

ഒരു കാളവണ്ടിയിൽ കയറി 'ഗ്രാൻഡുട്രങ്ക്' റോഡുവഴി കൽക്കത്താ മുതൽ, പെഷവാർവരെ യാത്രചെയ്യണമെന്നു് കുട്ടിക്കാലത്തു് എനിക്കൊരു കിറുക്കുണ്ടായിരുന്നു. അതു കേട്ടവരാരും എന്നോടനുകൂലിച്ചില്ല. ഉപായമെങ്കിൽ അതത്ര എളുപ്പമുള്ള ഒരു കാൎയ്യവുമല്ലല്ലോ? എന്തായാലും എന്റെ അഭിപ്രായം ഞാൻ അച്ഛനെ അറിയിച്ചു "ബലേ! വളരെ നല്ലൊരഭിപ്രായം. ട്രെയിനിലെ യാത്ര ഒരിക്കലും ഒരു യാത്രയെന്നു പറയാൻ തരമില്ല" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. നടന്നും കുതിരപ്പുറത്തുമായി അദ്ദേഹം തനിയേ സഞ്ചരിച്ച കാലത്തെ പല അനുഭവങ്ങൾ കൂടി അന്നു എന്നെ പറഞ്ഞു കേൾപ്പിച്ചു. കഷ്ടതയുടെ കാൎയ്യം ഒരക്ഷരംപോലും സംസാരിച്ചില്ല.

വേറൊരിക്കൽ എന്നെ ആദിബ്രഹ്മസമാജത്തിന്റെ സിക്രട്ടറിയായി തിരഞ്ഞെടുത്തു. അച്ഛൻ അന്നു കൽക്കത്തയിൽ 'പാക്ക്സ്ട്രീറ്റി'ൽ താമസിക്കയായിരുന്നു. ആദിബ്രഹ്മസമാജത്തിലെ മന്ദിരങ്ങളിൽ ആചാൎയ്യരായി ബ്രാഹ്മ

ണർ മാത്രമേ ആകാവൂ എന്നായിരുന്നു അന്നത്തെ പതിവ്. അതെനിക്കു തീരെ ഇഷ്ടമായില്ല. ഞാൻ പാർക്കു സ്ക്രീററിൽ ചെന്നു അച്ഛനോടു ഇതിനെപ്പററി സംസാരിച്ചു. "ശരി! വളരെ നല്ലതു്! കഴിയുമെങ്കിൽ ആ ഏർപ്പാടു മാററിക്കളയണം" എന്നായിരുന്നു മറുപടി. അതിൽ അച്ഛന്റെ ആജ്ഞ കിട്ടിയശേഷം എന്റെ അശക്തിയെപ്പററിയുള്ള ബോധമെനിക്കുണ്ടായി. അസംപൂർണ്ണത ആർക്കും കാണാൻ കഴിയുമെങ്കിലും പൂർണ്ണത സൃഷ്ടിക്കുന്നതു അത്ര എളുപ്പമല്ല. ലോകത്തിന്റെ വിശാലത എവിടെ, ലോകത്തെ പരിഷ്കരിക്കാനിറങ്ങുന്ന വ്യക്തികളുടെ അല്പശക്തി എവിടെ? ഒന്നിനെ ഉടയ്ക്കണമെങ്കിൽ അതിന്റെ സ്ഥാനത്തു വേറൊന്നു കെട്ടിപ്പൊക്കാനുള്ള സാമത്ഥ്യമുണ്ടായിരിക്കണം. സൃഷ്ടിശക്തികളുള്ള മഹാപുരുഷന്മാർ വന്നു ചേരുന്നതുവരെ പൊള്ളയെങ്കിലും പുറംപൂച്ചിൽ നിന്നുകൊള്ളട്ടെ എന്നായിരുന്നു അച്ഛന്റെ അഭിപ്രായം. എന്നാലും ഒരു കാര്യത്തിലും ഒരിക്കലും അദ്ദേഹം ഞങ്ങൾക്കു വിപരീതമായി സംസാരിച്ചിട്ടില്ല. പർവതങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽ യഥേഷ്ടം വിഹരിക്കുന്നതിനു അനുമതി തന്നതുപോലെ, സത്യത്തിന്റെ സങ്കടമാർഗ്ഗങ്ങളിലും സ്വയം സഞ്ചരിക്കുന്നതിനും അദ്ദേഹമെന്നെ പ്രേരിപ്പിച്ചു. തെററു ചെയ്യുമെന്നു ഭയപ്പെടുന്നതും കഷ്ടപ്പെടുമെന്നു കരുതിക്കുന്നതും അച്ഛന്റെ സ്വഭാവമല്ല. ജീവിതത്തിന്റെ ഒരു വിശിഷ്ടാദർശം അദ്ദേഹം ഞങ്ങൾക്കു കാണിച്ചുതന്നു. പക്ഷേ ശാസനത്തിന്റെ ഉഗ്രദണ്ഡം ഒരിക്കലും അദ്ദേഹം പൊക്കിയിട്ടില്ല.

അച്ഛനുമായി പലപ്പോഴും ഞാൻ വീട്ടിലെ കഥകൾ പറയുമായിരുന്നു. വീട്ടിൽനിന്നു ആരെങ്കിലും എ

നിക്കു എഴുത്തയച്ചാൽ ഉടൻ അതു അച്ഛനെ കാണിക്കും. അതുപോലെ ജ്യേഷ്ഠനും മററും അച്ഛനയച്ചിരുന്ന കത്തുകളും എനിക്കു വായിക്കാൻ തരും. അങ്ങനെയാണു എഴുത്തെഴുതുന്നതിനു അദ്ദേഹം എന്നെ പഠിപ്പിച്ചതു്. ലോഹ്യത്തിനു വേണ്ടിയുള്ള ആചാരമുറകൾ പലതും അച്ഛൻ ആവശ്യമെന്നു തന്നെ കരുതി. ജ്യേഷ്ഠന്റെ ഒരെഴുത്തിൽ അയാൾ "കർമ്മക്ഷേത്രത്തിൽ ഗളബദ്ധരജ്ജുവായി കിടന്നു ശ്വാസം മുട്ടി മരിക്കുന്നു" എന്നെഴുതിയിരുന്നു. ആ ഭാഗം വായിച്ചു അതിന്റെ അർത്ഥം പറയാൻ അച്ഛൻ എന്നോടാവശ്യപ്പെട്ടു. എന്റെ അർത്ഥം രസിക്കാത്തതുകൊണ്ടു അദ്ദേഹം അതിനെ വേറെ ഒരുതരത്തിൽ വ്യാഖ്യാനിച്ചു. പക്ഷെ എന്റെ അർത്ഥമാണു ശരിയെന്നു സ്ഥാപിക്കുന്നതിനുവേണ്ടി ഞങ്ങൾതമ്മിൽ അധികസമയം വാഗ്വാദം നടത്തി. വേറെ വല്ലവരുമായിരുന്നെങ്കിൽ ഒരൊററ നോട്ടത്തിനു എന്റെ ധാർഷ്ട്യം മുഴുവൻ നശിപ്പിക്കുമായിരുന്നു. നേരെ മറിച്ചു് അദ്ദേഹം ശാന്തമായി എന്റെ വാദങ്ങൾ കേട്ടിട്ടു് അതിലെ തെററുകൾ എന്നെ മനസ്സിലാക്കുന്നതിനു ശ്രമിച്ചു

അച്ഛൻ ഇടയ്ക്കിടയ്ക്കു നേരമ്പോക്കുള്ള പലകഥകളും പറയുമായിരുന്നു. അന്നത്തെ പ്രഭുക്കന്മാരുടേയും ഏതാനും ചിത്രങ്ങൾ ഞാനന്നു മനസ്സിലാക്കി. 'ഢാക്കാമസ്ലി'ന്റെ കരയിലെ പരുപരുപ്പുകൊണ്ടു കരവലിച്ചുകീറി ഉടുത്തിരുന്ന ചില വങ്കപ്രഭുക്കന്മാർ അന്നുണ്ടായിരുന്നു. പാൽക്കാരൻ പാലിൽ വെള്ളം ചേർക്കുന്നുവെന്നു സംശയിച്ചിട്ടു് അതു് സൂക്ഷിക്കുന്നതിനൊരു പ്രഭു ഒരു ജോലിക്കാരനെ നിയോഗിച്ചു. സൂക്ഷിപ്പുകാരൻ പാൽക്കാരനോടു ചേർന്നപ്പോൾ വീണ്ടുമൊരു പരിശോധന ഉദ്യോഗസ്ഥനെ നിയ

മിക്കേണ്ടി വന്നു. ഇങ്ങനെ പരിശോധകന്മാർ കൂടിക്കൂടി പാലിന്റെ നിറംകൂടെ മാറിപ്പോയി. ഒടുവിൽ യജമാനൻ പാൽക്കാരനെ വിളിച്ചു കാര്യം ചോദിച്ചപ്പോൾ "പരിശോധകന്മാർ കൂട്ടന്തോറും എന്റെ പൊന്നേമാനേ! പാലിന്റെ നിറം പച്ചതന്നെ ആക"ന്നെന്നവൻ സമാധാനം പറഞ്ഞു

ഇങ്ങിനെ ഹിമാലയത്തിൽ ഏതാനും മാസം കഴിച്ചുകൂട്ടിയശേഷം കിശോരിയുമായി ഞാൻ കൽക്കത്തയ്ക്കു തിരിച്ചുപോന്നു.

## പ്രത്യാവർത്തനം

ഹിമാലയയാത്ര കഴിഞ്ഞു മടങ്ങിവന്നതോടുകൂടെ വീട്ടിലെ നിരന്തരമായ നിയന്ത്രണങ്ങളിൽ നിന്നു എനിക്കു വിമുക്തി കിട്ടി അധികാരങ്ങൾ പലതും ഇപ്പോൾ ലഭിച്ചുകഴിഞ്ഞു. കൺമുമ്പിൽ കിടന്ന കാലത്തു് ഒരുത്തരും എന്നെ നോക്കിയില്ല. കണ്ണൊന്നു മറഞ്ഞിരുന്നു വീണ്ടും പ്രത്യക്ഷമായതോടുകൂടി എല്ലാവരും നോക്കിത്തുടങ്ങി വീട്ടിലേക്കു വരുന്ന വഴി വണ്ടിയിൽവച്ചു തന്നെ എന്റെ ഭാഗ്യചക്രം അനുകൂലമായി കറങ്ങാൻ തുടങ്ങി. തലയിൽ ഒരു സ്വർണ്ണത്തൊപ്പിയിട്ടു് രണ്ടാംക്ലാസ്സു് വണ്ടിയിൽ ഞാൻ ഒററയ്ക്കു സഞ്ചരിക്കുകയായിരുന്നു. ഒരു ഭൃത്യൻ മാത്രമേ കൂട്ടിനുള്ളു ഹിമാലയത്തിലെ സുഖജീവിതം മൂലം എന്റെ ദേഹം നല്ലപോലെ തടിച്ചുകൊഴുത്തിരുന്നു.

അതിനാൽ ഞാനിരുന്ന മുറിയിൽ കയറിവന്ന മദാമ്മമാരും എന്നെ ഒന്നു സൂക്ഷിക്കാതെ വിട്ടില്ല.

വീട്ടിൽ വന്നുചേർന്നതോടുകൂടി എൻെറ പ്രാധാന്യം ഒന്നുവളൎന്നു. വിദേശത്തുനിന്നു മടങ്ങി വന്നതു മാത്രമല്ല, ഭൃത്യഭരണത്തിൽനിന്നു മോചനവും കിട്ടിക്കഴിഞ്ഞിരിക്കുന്നു. അന്തഃപുരത്തിൽ 'അഡ്മിഷന്' ഇപ്പോൾ ഒരു വിഷമവുമില്ല. അമ്മയുടെ അടുത്തു മഹാസദസ്സു കൂടുമ്പോഴൊക്കെ എനിക്കൊരു പൂജ്യസ്ഥാനം ലഭിക്കും. വീട്ടിലെ സ്ത്രീകൾക്കും എന്നോടു വലിയ കാര്യമായി.

ശൈശവത്തിൽ നാം ആശിക്കാതെ സ്ത്രീകൾ നമ്മെ സ്നേഹിക്കുന്നു. വായുവും വെളിച്ചവുംപോലെ ഇതും നമുക്കു അത്യാവശ്യമുള്ള ഒരു കാര്യമാണ്. എന്നാൽ വെളിച്ചവും വായുവും കിട്ടിയെന്നു വിചാരിച്ച് ആരും ഉല്ലസിച്ചുകാണാത്തതുപോലെ സ്ത്രീകളുടെ സ്നേഹവും കൊച്ചുകുട്ടികൾ അത്ര കാര്യമായി ഗണിക്കുന്നില്ല. എന്നുമാത്രമല്ല അധികമായ ആദരവിൽനിന്നു സ്വാതന്ത്ര്യം നേടുന്നതിന്നു അവർ ശ്രമിക്കുകയും ചെയ്യുന്നു. നേരെമറിച്ച് ഒന്നിൻെറ ആവശ്യം ശരിയായി തോന്നുന്ന കാലത്ത് അതു കിട്ടാതിരിക്കുന്നതു് പല വിഷമങ്ങൾക്കും കാരണമാണ്, ഞാൻ കുറച്ചുമുമ്പ് ഈ അവസ്ഥയിലായിരുന്നു. കുട്ടിക്കാലം മുഴുവൻ വേലക്കാരുടെ നിയന്ത്രണത്തിൽ കഴിഞ്ഞുകൂടിയശേഷം പെട്ടെന്നു സ്ത്രീജനങ്ങളുടെ സ്നേഹവർഷത്തിലേയ്ക്കു ഒരു കയററം കിട്ടിയപ്പോൾ അസാധാരണമായ ആ മാററം എനിയ്ക്കറിയാതിരിക്കാൻ കഴിഞ്ഞില്ല. ശൈശവത്തിൽ അന്തഃപുരം വിദൂരതയിലായിരുന്നു. അതുകൊണ്ടു എപ്പോഴും അവിടത്തെ സുഖാനുഭവങ്ങളോൎത്തു ഞങ്ങൾ മനഃപ്പായസം കുടിച്ചു. 'അവരോധ'മെന്നു വിളി

ച്ചുവരുന്ന അന്തഃപുരത്തിൽ വാസ്തവത്തിൽ അസ്വാതന്ത്ര്യത്തിന്റെ അവസിതി മാത്രമേ ഞാൻ കണ്ടിട്ടുള്ളു. അവിടെ സ്കൂളില്ല, വാദ്ധ്യാരില്ല; ഒരു കാര്യത്തിലുമൊരു നിർബന്ധവുമില്ല. നിത്യനഷ്ടതമായ അന്തഃപുരാന്തരീക്ഷം എന്നും രഹസ്യമയം. അവിടത്തെ ജോലികളുടെ കണക്കുകൾ പോലും ആർക്കും ആരേയും കേൾപ്പിക്കേണ്ട. കളികാര്യം അവരവരുടെ ഇഷ്ടംപോലെ.

എന്റെ മൂത്ത സഹോദരി ഞങ്ങളോടൊന്നിച്ചു പണ്ഡിതമാഷായിയുടെ അടുത്തു പഠിച്ചുകൊണ്ടിരുന്നു. പാഠങ്ങൾ പഠിച്ചാലും ശരി, ഇല്ലെങ്കിലും ശരി അവക്കൊരു വിഷമവുമില്ല. പത്തുമണി ആകുമ്പോൾ തിടുക്കത്തിൽ ഊണുകഴിഞ്ഞു ഞങ്ങൾ സ്കൂളിൽ പോകാൻ തയാറാകണം. അവർക്കാണെങ്കിൽ ആ ഉപദ്രവമില്ല. സാവേരി മട്ടിൽ സംഗീതവുമായി അങ്ങോട്ടുമിങ്ങോട്ടും നടന്നാൽ മതി. കഴുത്തുനിറയേ സ്വർണ്ണാഭരണവുമായി ഒരു നവവധു വീട്ടിൽ വന്നുചേർന്നശേഷം അന്തഃപുരത്തിലെ കാര്യം കുറേക്കൂടി രഹസ്യമായി. വെളിയിൽനിന്നു വന്നവരാണെങ്കിലും അവർ പെട്ടെന്നു വീട്ടിലെ വകയായിത്തീർന്നു ആരും അവരെ അറിയുകയില്ലെങ്കിലും എല്ലാവക്കും അവർ സ്വന്തം. അവരുമായി അടുത്ത പരിചയത്തിനു ഞാൻ വളരെ ആഗ്രഹിച്ചു. വല്ല വ്യാജവും പറഞ്ഞു അവരുടെ മുറിയുടെ അടുത്തോട്ട ഒന്നു പൊയ്പോയാൽ "നിനക്കെന്തെടാ! ഇവിടെ കാര്യം? പൊയ്ക്കോ വെളിയിൽ" എന്നു ജ്യേഷ്ഠത്തി അടിച്ചോടിക്കും. അതു കേട്ടാൽ നൈരാശ്യവും അതിനുമീതേ അപമാനവുമായി. അവരുടെ അലമാരിയ്ക്കകത്തു പല തരം കളിപ്പാട്ടങ്ങൾ ഇരുന്നതു കണ്ണാടിയിൽക്കൂടെ ഞങ്ങൾക്കു കാണാമായിരുന്നു അവയുടെ നിറവും

ഭംഗിയും ഞങ്ങളെ വളരെ ആകർഷിച്ചു. പക്ഷേ ഒന്നു തൊടുന്നതിനുപോലും ഞങ്ങൾക്കധികാരമില്ല. കയ്യിലെടുക്കുന്നതിനുള്ള മോഹം കാണിച്ചിട്ട് പിന്നെ ഫലവുമില്ലല്ലൊ? ഇതെല്ലാമായിരുന്നു അന്തഃപുരത്തിലെ ആകർഷണം അടിക്കടി വർദ്ധിപ്പിച്ചുകൊണ്ടിരുന്ന വസ്തുവകകൾ.

ഇങ്ങനെ വീട്ടിലുള്ള മററംഗങ്ങളിൽ നിന്നകന്ന് വളരെനാൾ ഞങ്ങൾ കഴിച്ചുകൂട്ടി. വെളിയിലെ ലോകംപോലെ വീട്ടിനകവും എനിയ്ക്കു വിഭിന്നമായിരുന്നു. വല്ലതുമൊന്നു കണ്ടാൽ അതു ചിത്രംപോലെ മനസ്സിൽ പതിഞ്ഞു കിടക്കും. രാത്രിയിൽ ഒമ്പതുമണിക്കു അമ്മാവൻബാബുവിന്റെ ക്ലാസ്സുകഴിഞ്ഞു് അകത്തേക്കു ഞാൻ ഉറങ്ങാൻ പോകും. വഴിയിലെ വരാന്തയിൽ ഒരു റാന്തൽ വിളക്കു മിന്നിക്കൊണ്ടിരിക്കും. വരാന്തകഴിഞ്ഞു് അപ്പുറത്തായി ഇരുട്ടടഞ്ഞ നാലഞ്ചു പടികൾകൂടി കയറി ഇറങ്ങിയാൽ അന്തഃപുരത്തിനകത്തെത്തി. അകത്തെ വരാന്തയുടെ പടിഞ്ഞാറരുകിൽ കിഴക്കുനിന്നു വരുന്ന ചന്ദ്രകിരണങ്ങൾ പതിഞ്ഞുകിടക്കും. ആ വരാന്തയുടെ മറുഭാഗങ്ങൾ എപ്പോഴും ഇരുട്ടടഞ്ഞിരിക്കും. വീട്ടിലെ വേലക്കാരികൾ വെളിച്ചമുള്ളിടത്തു കൂട്ടംകൂടി വളഞ്ഞിരുന്നു കാലും നീട്ടി വിളക്കിലേക്കു തിരിതെറുക്കും. ഇടയ്ക്കിടെ മന്ദസ്വരത്തിൽ സ്വന്തം വീട്ടിലെ കഥകളും അവർ പറയും. ഇങ്ങനെ പല ചിത്രങ്ങളും എന്റെ മനസ്സിൽ പതിഞ്ഞുകിടക്കുന്നു.

അത്താഴം ആയാൽ കൈകാലുകൾ തേച്ചുകഴുകി ഞങ്ങൾ കട്ടിലിൽപോയി കിടപ്പായി 'ശങ്കരി'യോ 'ദിന

കാരിയോ ആരെങ്കിലും അടുത്തുവന്നിരുന്നു കഥ പറയും. 'മണ്ഡലാരണ്യ'ത്തിന്റെ നടുക്കുകൂടി സഞ്ചരിക്കുന്ന രജപുത്രരിൽ ആരുടെയെങ്കിലും ഒരു കഥ അവസാനിക്കുന്നതോടുകൂടി കിടക്കമുറിയിൽ ഒരു നിശ്ശബ്ദത വ്യാപിക്കും. കഥ കേട്ടുതീർന്നു മലർന്നു കിടക്കുമ്പോൾ, മങ്ങിയ വെളിച്ചത്തിൽ അവിടവിടെയായി അടർന്നു വീണതുകൊണ്ടു് നാനാവർണ്ണങ്ങളുള്ള ചുവരുകളിലെ പല ചിത്രങ്ങളും കാണാം. ആ കാഴ്ചകൾ കണ്ടു കണ്ടു ക്രമേണ കണ്ണടയും. ചിലപ്പോഴൊക്കെ അർദ്ധരാത്രി, ഉറക്കേറിവക്കിൽ ദർവാന്റെ (കാവൽക്കാരൻ) ഉച്ചസ്വരത്തിലുള്ള ആക്രോശങ്ങളും ഞാൻ കേട്ടിട്ടുണ്ടു്.

അല്പപരിചിതമായ അന്തഃപുരത്തിൽ, ഇങ്ങനെ വളരെക്കാലം മനസ്സഞ്ചാരം ചെയ്തശേഷം ഒരു ദിവസം അകത്തു കടക്കുന്നതിനു അവകാശം കിട്ടി. ഓരോ ദിവസമായി, കുറേശ്ശെ കുറേശ്ശെ അനുഭവിക്കേണ്ട വസ്തുക്കൾ, ഒന്നായി പഴയ ബാക്കിയുടെ പലിശകൂട്ടി കിട്ടിയപ്പോൾ ഞാൻ ഒന്നമ്പരന്നില്ലെന്നു പറയാൻ തരമില്ല.

ഹിമാലയയാത്ര കഴിഞ്ഞുവന്ന ഈ ചെറു സഞ്ചാരിക്കു് കുറേനാൾ മുറികൾതോറും നടന്നു് യാത്രാവിവരങ്ങൾ കൊടുക്കുക ഒരു തൊഴിലായിത്തീർന്നു. പലവുരു പറഞ്ഞുപറഞ്ഞു് ഒടുവിൽ വിവരങ്ങൾ വാസ്തവസംഗതികളോടു വലിയ പൊരുത്തമില്ലാത്തവയായി. മററു വസ്തുക്കൾപോലെ കഥകളും കാലം ചെല്ലുമ്പോൾ പഴകിപ്പോകുന്നു. പഴകിയാൽ അതിന്റെ കൊഴുപ്പും പോയി; പറയുന്നവന്റെ ഗൗരവവും കുറഞ്ഞു. അല്ലെങ്കിൽ അതു പഴകാതിരിക്കുന്നതിനുവേണ്ടി പറയുമ്പോഴൊക്കെ ചില പൊടിപ്പും തൊങ്ങലും കൂട്ടിച്ചേർക്കണം.

അമ്മയുടെ സായന്തനസദസ്സിൽ ഇതിന്നിടെ ഞാ നൊരു പ്രധാന പ്രസംഗക്കാരനായിത്തീൎന്നു. അമ്മയുടെ മുമ്പിൽ കീൎത്തിനേടുന്നതിനുള്ള ആഗ്രഹം മക്കൾക്കു സാധാരണയാണല്ലൊ. അതത്ര പ്രയാസമുള്ള ഒരു കാൎയ്യവുമല്ല. നാമ്മൾസ്കൂളിൽ പഠിക്കുന്ന കാലത്തു് സൂൎയ്യൻഭൂമിയെക്കാൾ എത്രയോ ഇരട്ടി വലുതാണെന്നു ആദ്യമായി ഏതോ ഒരു പുസ്തകത്തിൽ വായിച്ച ഉടൻ ആ വിശേഷ വൎത്തമാനം ഓടിച്ചെന്നു ഞാൻ അമ്മയുടെ സദസ്സിൽ പ്രസ്താവിച്ചു. ചെറുതായി തോന്നുന്നവകകൾ കാൎയ്യത്തിൽ അത്ര ചെറുതായി കാണിക്കുന്നില്ലെന്നതായിരിക്കാം അതിന്റെ ഉദ്ദേശം. അലങ്കാരഗ്രന്ഥങ്ങളിലും വൃത്തമഞ്ജരിയിലുമുണ്ടായിരുന്ന ഉദാഹരണശ്ലോകങ്ങൾ കാണാതെപഠിച്ചു് അമ്മയെ ഞാൻ ചൊല്ലിക്കേൾപ്പിക്കുമായിരുന്നു. ഇപ്പോഴത്തെ പ്രസംഗവിഷയം പ്രോക്റററുടെ ജ്യോതിശ്ശാസ്ത്രത്തിൽ നിന്നും അച്ഛൻ പഠിപ്പിച്ചുതന്ന ഗ്രഹതത്വങ്ങളായിരുന്നു.

അച്ഛന്റെ അനുചരൻ കിശോരി ഒരിക്കൽ പാഞ്ചാലി (ബംഗാളിലെ ഒരുതരം ഗായകസംഘം)യിലെപാട്ടുകാരനായിരുന്നു. എന്നെക്കിട്ടിയാൽ അയാളുടെ പാഞ്ചാലിസംഘം 'പൊടിപൂര'മാകുമെന്നു ഞങ്ങൾ ഹിമാലയത്തിൽ താമസിക്കുന്ന കാലത്തു അയാൾ കൂടക്കൂടെ പറഞ്ഞിരുന്നു. കിശോരിയുടെ ദീൎഘദൎശനം എന്നെ ഒന്നാകൎഷിക്കാതിരുന്നില്ല. ഒരു സംഘത്തിൽ ചേൎന്നു നാട്ടുതോറും പാടിപ്പാടി സഞ്ചരിക്കുന്നതിലുള്ള സന്തോഷം ചില്ലറയല്ല; അയാൾ അതിന്നുവേണ്ടി പല പാട്ടുകളും എന്നെ പഠിപ്പിച്ചു അതിലെല്ലാമെനിക്കു ക്രമാധികമായ ഉത്സാഹം തോന്നി.

സാധാരണയായി ബങ്കാളിൽ കൃത്തിവാസന്റെ രാമായണമാണു വായിക്കാറുള്ളതു്. അച്ഛന്റെകൂടെ ഹിമാലയത്തിൽ താമസിച്ചിരുന്ന കാലത്തു് ഞാൻ വാത്മീകിയുടെ സംസ്കൃതരാമായണം വായിച്ചുവന്നു് ഒരിക്കൽ വെറുതേ അമ്മയെ പറഞ്ഞുകേൾപ്പിച്ചു. അവർ അതുകേട്ടു ഇളകിപ്പോയി. "കുഞ്ഞേ! എന്നെ ഒന്നു വായിച്ചുകേൾപ്പിക്കുക" എന്നായി അവരുടെ അപേക്ഷ. ഞാൻ വായിച്ചു വാത്മീകിരാമായണം മുഴുവൻ ഋജുപാഠത്തിലെ ഉദാഹരണശ്ലോകങ്ങളായിരുന്നു. അതിൻ്റെ തന്നെ പഠിച്ചതു എത്രയോ അല്പം; അതിൽ പാതി മറന്നും കഴിഞ്ഞു. പക്ഷെ പുത്രന്റെ പാണ്ഡിത്യം കണ്ടാനന്ദിക്കാൻ അത്യാശയോടെ ഒരുങ്ങിയിരിക്കുന്ന അമ്മയുടെ അടുത്തു എങ്ങിനെ മറന്നുപോയെന്നു പറയാൻ എനിക്കു ധൈര്യമുണ്ടാകും. ഏതിനും ഋജുപാഠത്തിൽനിന്നു ഏതാനും ഭാഗങ്ങൾ ഞാൻ ചൊല്ലിക്കേൾപ്പിച്ചു. അതിനും വാത്മീകിയുടെ കവിതയ്ക്കും തമ്മിൽ അജഗജങ്ങളുടെ അന്തരമുണ്ടായിരിക്കണം. ശ്ലോകങ്ങളുടെ വ്യാഖ്യാനം എന്റെ ഇഷ്ടംപോലെ ആയിരുന്നു. പരമകാരുണികനായ ആ മഹർഷിപുംഗവൻ സ്വർഗ്ഗത്തിരുന്നുകൊണ്ടു്, അമ്മയുടെ മുമ്പിൽ അനശ്വരകീർത്തിനേടാൻ ശ്രമിക്കുന്ന ഒരു കുട്ടിയുടെ ചാപല്യംനോക്കി പുഞ്ചിരി തൂകിയിരിക്കാം.

മകന്റെ അത്ഭുതപ്രവൃത്തികൾ അമ്മയെ വളരെ തൃപ്തിപ്പെടുത്തിയെന്നതിനു സംശയമില്ല. ബാക്കിയുള്ളവരെക്കൂടി വിവരമറിയിക്കാതെ ഇരിക്കുന്നതു ബുദ്ധിപൂർവമല്ലെന്നു അവർ തീർച്ചപ്പെടുത്തി. വാത്മീകിരാമായണത്തിലെ വായിച്ച ഭാഗങ്ങൾ ദ്വിജേന്ദ്രജ്യേഷ്ഠനെ കൂടി കേൾപ്പിക്കണമെന്നു അവർ ആവശ്യപ്പെട്ടു. കാര്യം വിഷമ

മമായി. ഞാൻ ഒഴിഞ്ഞുമാറാൻ നോക്കിയിട്ടും അമ്മ അതു സമ്മതിച്ചില്ല, അവൾ പെട്ടെന്നു ജ്യേഷ്ഠനെ ആളയച്ചു വരുത്തി. "രവി വാത്മീകിരാമായണം വായിക്കുന്നു എന്താ നിനക്കു കേൾക്കേണ്ടേ?" എന്നവർ ജ്യേഷ്ഠനോടു ചോദിച്ചു. നിവൃത്തി ഇല്ലാത്ത ഘട്ടം വന്നപ്പോൾ ഞാൻ വായിച്ചുതുടങ്ങി. ഭക്തവത്സലനായ ഭഗവാൻ എന്നെ ഒന്നു വലച്ചുവിട്ടേയുള്ളൂ; ഓടിച്ചില്ല. ജ്യേഷ്ഠൻ എന്തോ എഴുതിക്കൊണ്ടിരിക്കയായിരുന്നു. അതുകൊണ്ടു് എന്റെ ബങ്കാളി വ്യാഖ്യാനം കേൾക്കാൻ അദ്ദേഹം കാത്തിരുന്നില്ല. അതു ഏതിനും ഭാഗ്യമായി. രണ്ടുമൂന്നു ശ്ലോകങ്ങൾ മാത്രം കേട്ടിട്ടു "ശരി നന്നായിരിക്കുന്നു" എന്നുപറഞ്ഞു അദ്ദേഹം നടന്നുകഴിഞ്ഞു.

സ്കൂളിൽപോകുന്നകാര്യം ഇപ്പോൾ എനിക്കു മുമ്പിലത്തേതിൽനിന്നും വിഷമമായി. 'ബങ്കാൾ അക്കാഡെമി'യിൽ നിന്നു് പല പണികളും പണിഞ്ഞു് വെളിയിലിറങ്ങിയപ്പോൾ വീട്ടുകാർ എന്നെ 'സെന്റ് ക്സേവിയേഴ്സി'ൽ കൊണ്ടുചെന്നാക്കി. അവിടെയും അവരുടെ പ്രയത്നം ഫലിച്ചില്ല. പഠിച്ചപണി പതിനെട്ടും നോക്കിയശേഷം ജ്യേഷ്ഠന്മാർ എന്റെ പഠിത്തത്തിലുള്ള ആശ കളഞ്ഞു. പിന്നീടു അവർ എന്നെ ശകാരിയ്ക്കുകൂടിഇല്ല. "രവി പഠിച്ചു പ്രായമായാൽ മനുഷ്യരെപ്പോലെ ആകുമെന്നാണു ഞങ്ങൾ വിചാരിച്ചതു്. കഷ്ടം: അവന്റെ കാര്യം ഇനി ഒന്നും നോക്കാനില്ല" എന്നായിരുന്നു ഒരിക്കൽ എന്റെ മൂത്തസഹോദരി അമ്മയോടു പറഞ്ഞതു്. പഠിത്തത്തിലുള്ള അശ്രദ്ധമൂലം സമുദായത്തിൽ സ്ഥാനം കുറയുന്നുവെന്നു എനിക്കു മനസ്സിലായി. എങ്കിലും ജീവിതത്തിലെ സുന്ദരഭാഗങ്ങളിൽനിന്നു വിദൂരം ഭിന്നമായി. ജയിലിന്റേയും

ആസ്ഥപത്രിയുടേയും ഐക്യമുള്ള ഒരു സ്ഥാപനവുമായി പൊരുത്തപ്പെട്ടുപോകുന്നതു് ഒരുതരത്തിലും എനിക്കിഷ്ടമില്ലായിരുന്നു.

സെൻറുക്ലേവിയേർസിലെ ഒരു പവിത്രസ്മൃതികൂടി പറഞ്ഞുകൊള്ളട്ടെ. അതു് അവിടത്തെ അദ്ധ്യാപകന്മാരുടെ സ്മൃതിതന്നെ. അവരെല്ലാം ഒരുപോലിരുന്നുവെന്നു പറയാൻ നിവൃത്തിയില്ല. വിശേഷിച്ചും എൻെറ ക്ലാസ്സിൽ അദ്ധ്യാപകരായിരുന്ന ഒന്നുരണ്ടുപേരിൽ ഒരു വിശേഷഗുണവും ഞാൻ കണ്ടില്ല. ഭയങ്കരമായ ശിക്ഷായന്ത്രവും കൊണ്ടു കുട്ടികളുടെ നേരെ ചാടിവീഴുന്ന സാധാരണ അദ്ധ്യാപകന്മാരിൽ നിന്നും അവക്കു യാതൊരുഭേദവും ഉണ്ടായിരുന്നില്ല. പഠിത്തം തന്നെ ഒരു വലിയ ഭാരം. അതിൻെറ കൂടെ മതധമ്മങ്ങളുടെ മഹാഭാരവും കൂടി കേററാൻ ശ്രമിച്ചാൽ കുട്ടികളുടെ കുറുക്കൊടിയാൻ പിന്നെ വേറൊന്നും വേണ്ട. മതത്തിൻെറ ബാഹ്യവേഷത്തിൽ മാത്രം ചുററിക്കറങ്ങുന്നവരെ ആചാര്യപദത്തിൽ ആരോഹണം ചെയ്യുന്നതു് ഒരിക്കലും ശുഭോദക്കമല്ല. ഞങ്ങളുടെ അദ്ധ്യാപകന്മാരിൽ അധികംപേരും അത്തരക്കാരായിരുന്നു. എന്നാൽ സെൻറുക്ലേവിയേർസിലെ ബാക്കി അദ്ധ്യാപകന്മാരെപ്പോലും ഉച്ചകോടിയിൽ ഉയത്തിക്കൊണ്ടുപോകുന്ന ഒരു പാവനസ്മൃതി എൻെറ മനസ്സിൽ പതിഞ്ഞു കിടക്കുന്നു. അതു് ഫാദർ ഡി. പെനറൻഡയുടെ സ്മരണകൾ തന്നെ.

ഫാദർ പെനറൻഡയുമായി അധികം ഇടപെടുന്നതിനു ഞങ്ങൾക്കു സൌകര്യമുണ്ടായില്ല. ക്ലാസ്സദ്ധ്യാപകനു പകരം അദ്ദേഹം കുറച്ചുദിവസം ഞങ്ങളുടെ ക്ലാസ്സിൽ വന്നിരുന്നതു ഞാനോക്കുന്നു. സ്പെയിൻകാരനാകയാൽ ഇംഗ്ലീഷു സംസാരിക്കുന്നതിൽ അദ്ദേഹത്തിനു ചില്ലറ തട

സ്സമുണ്ട്. തന്മൂലം ക്ലാസ്സിലെ കട്ടികൾ അദ്ദേഹത്തെ അത്ര വകവച്ചിരുന്നില്ല. കുട്ടികളുടെ അശ്രദ്ധ തീർച്ചയായും പാതിരിയെ വേദനപ്പെടുത്തിയിരിക്കണം. പക്ഷേ അദ്ദേഹം അതെല്ലാം സഹിച്ചതേയുള്ളു. അജ്ഞേയമായ ഏതോ ഒരു ശക്തിയുടെ പ്രേരണമൂലം എനിക്കു അദ്ദേഹത്തോട്ട ആദ്യം മുതൽ അതിരററ ഭക്തിയായിരുന്നു. ആകാരം അത്ര ആകർഷകമല്ലെങ്കിലും അദൃശ്യമായ ഒരാന്തരശക്തി എന്നെ അങ്ങോട്ട ആകർഷിച്ചു. ഞാൻ കാണുമ്പോഴെല്ലാം അദ്ദേഹ ഒരു ധ്യാനനിരതനെപ്പോലെ തോന്നിയിരുന്നു. അമാനുഷമായ ഒരു ശക്തി എപ്പോഴും അദ്ദേഹത്തെ ആവരണം ചെയ്തുകൊണ്ടിരിക്കും.

കാപ്പി എഴുതാനുള്ള അരമണിക്കൂർനേരം പേനയും കൈയ്യിൽവച്ച് പലതും ചിന്തിച്ചു കഴിച്ചുകൂട്ടുക ദിവസവും എൻെറ ഒരു പതിവായിരുന്നു; ഒരു ദിവസംകാപ്പി എഴുത്തുസമയത്തു ഫാദർ ക്ലാസ്സിൽ ഇരിക്കുകയായിരുന്നു. ഓരോ ബഞ്ചിൻെറയും പുറകിൾക്കൂടി, കുട്ടികൾ എഴുതുന്നതും നോക്കിനോക്കി അദ്ദേഹം എഴുന്നേററു നടന്നുതുടങ്ങി. എൻെറ പേന ഒരിക്കലും അനങ്ങാതെ ഇരിക്കുന്നതു അദ്ദേഹം മൂന്നുനാലുതവണ സൂക്ഷിച്ചിരിക്കണം. ഒടുവിൽ എൻെറ പുറകിൽവന്നു കുറച്ചുനേരം നോക്കിനിന്നു് തോളിൽ കൈവച്ചു കുനിഞ്ഞു്, കരുണാമസൃണമായ സ്വരത്തിൽ എന്നോടു ചോദിച്ചു: "ടാഗ്രർ, എന്താ നിനക്കു സുഖമില്ലയോ?" അധികമൊന്നും അദ്ദേഹമെന്നോടു ചോദിച്ചില്ല. എങ്കിലും ആ ചോദ്യം ഇന്നും എൻെറ കർണ്ണങ്ങളിൽ അതേ സ്വരത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. മററു കുട്ടികൾ അദ്ദേഹത്തെപ്പററി എന്തു വിചാരിച്ചുവെന്നെനിയ്ക്കറിഞ്ഞുകൂടാ ഞാൻ ഫാദർ പെനറാൻഡിൽ ഒരു

യഥാൎത്ഥ മഹാപുരുഷനെക്കണ്ടു. ഇന്നും അദ്ദേഹത്തെ ഓൎക്കുമ്പോൾ ദേവാലയത്തിലെ ഒരു പവിത്രത ഞാനനുഭവിക്കുന്നു.

സെൻറ്സേവിയേർസിലെ വേറൊരു പാതിരിയെ കുട്ടികൾ വളരെ സ്നേഹിച്ചിരുന്നു. അതു ഫാദർ ഹെൻറി ആണു്. ഉയൎന്ന ക്ലാസ്സുകളിൽ മാത്രം പഠിപ്പിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തെ ഞാൻ നല്ലപോലെ അറിഞ്ഞിരുന്നില്ല. എങ്കിലും അദ്ദേഹത്തെപ്പററിയും ഒരു കാൎയ്യം ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പാതിരിക്കു കുറേശ്ശെ ബങ്കാളി അറിയാം. ഒരുദിവസം ക്ലാസ്സിലെ നീരദൻ എന്ന കുട്ടിയോടു അവൻെറ പേരിൻെറ അൎത്ഥമെന്താണെന്നു അദ്ദേഹം ചോദിച്ചു. ആത്മവിശ്വാസം കൂടുതലുണ്ടായിരുന്ന നീരദൻ, അതേവരെ തൻെറ പേരിൻെറ അൎത്ഥത്തെപ്പററി ഒന്നും സംശയിച്ചിരുന്നില്ല. പക്ഷേ, നീരദപദത്തിൻെറ അൎത്ഥം അവനത്ര എളുപ്പം തോന്നിയില്ല. കടിച്ചാൽ പൊട്ടാത്ത പദങ്ങളുടെ പോലും അൎത്ഥം അഭിധാനങ്ങളിൽ വിവരിച്ചിരിക്കുന്ന സ്ഥിതിക്കു് സ്വന്തം പേരിൽ ഒരു തോൽവി വരുന്നതു് താൻ കയറിയ വണ്ടി കേറി തന്നത്താനെ മരിക്കുന്നതുപോലെയായാണെന്നു അവനുതോന്നി. അതുകൊണ്ടു്, നീരദൻ ധൈൎയ്യമായി ഇങ്ങനെ ഉത്തരം പറഞ്ഞു. *"നീരോദ് ചൂടില്ലാത്തതു്. ഏതു വസ്തു ആകാശത്തിൽ പൊങ്ങിക്കഴിഞ്ഞാൽ സൂൎയ്യനു ചൂടില്ലാതാകുന്നോ അതു നീരദം."

---

"*ബംഗാളികൾ അ, ഒ, എന്നുച്ചരിക്കുന്നു. രോദ് ശബ്ദത്തിനു ബംഗാളിയിൽ വെയിലെന്നുമൎത്ഥമുണ്ടു്.""

# വീട്ടിലെ പഠിത്തം

ആനന്ദചന്ദ്ര വേദാന്തവാഗീശന്റെ പുത്രൻ ജ്ഞാനചന്ദ്രഭട്ടാചാൎയ്യർ വീട്ടിൽവച്ചു ഞങ്ങളെപഠിപ്പിച്ചുകൊണ്ടിരുന്നു. സ്കൂളിലെ പഠങ്ങൾ പഠിപ്പിക്കുന്നതു വിഷമമായിക്കണ്ട ഉടൻ അദ്ദേഹം അതുപേക്ഷിച്ചു വേറൊരു മാൎഗ്ഗം സ്വീകരിച്ചു. കാളിദാസന്റെ കുമാരസംഭവം ബങ്കാളിയിൽ നല്ലപോലെ വിവരിച്ചു അദ്ദേഹം പഠിപ്പിച്ചുതുടങ്ങി. കുറച്ചുദിവസം കഴിഞ്ഞു 'മാക്ബെത്തു' എടുത്തു മാക്ബെത്തിൽ അന്നോടന്നു എടുക്കുന്ന ഭാഗങ്ങൾ ബങ്കാളി ഛന്ദസ്സിൽ ഞാൻ തൎജ്ജമ ചെയ്യണമെന്നായിരുന്നു ഏൎപ്പാടു്. തൎജ്ജമ ചെയ്തു തീരുന്നതുവരെ പഠിക്കുന്ന മുറി വിട്ടു പോകാൻ എന്നെ അനുവദിക്കയുമില്ല. ഇങ്ങനെ ആ ഗ്രന്ഥം മുഴുവൻ എനിക്കു തൎജ്ജമ ചെയ്യേണ്ടിവന്നു. ഭാഗ്യവശാൽ അധികം താമസിയാതെ തൎജ്ജമകൾ എഴുതിവച്ചിരുന്ന നോട്ടുബുക്കു കളഞ്ഞുപോയി. അതുകൊണ്ടു അത്രയും കൎമ്മബന്ധത്തിൽ നിന്നു എനിക്കൊരു വിമുക്തി കിട്ടി.

രാമസൎവ്വസ്വപണ്ഡിതമഹാശയിയായിരുന്നു ഞങ്ങളുടെ സംസ്കൃതാദ്ധ്യാപകൻ. വ്യാകരണം പഠിപ്പിക്കുന്ന പണി എന്റെ അടുത്തു പററുകില്ലെന്നു കണ്ടു് അദ്ദേഹം ശാകുന്തളം പഠിപ്പിച്ചു തുടങ്ങി. ഒരു ദിവസം എന്റെ മാക്ബെത്തു തൎജ്ജമ വിദ്യാസാഗരെ കാണിക്കണമെന്നു പറഞ്ഞു്, അദ്ദേഹമെന്നെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോയി. ഞങ്ങൾചെന്ന സമയം വിദ്യാസാഗരുടെ അടുത്തു രാജ

കൃഷ്ണമുക്കർജികൂടി ഉണ്ടായിരുന്നു ഗ്രന്ഥങ്ങൾ നിറഞ്ഞിരുന്ന ഒരു മുറിയിൽ പ്രവേശിച്ചക്ഷണത്തിൽ ഞാൻ ഒന്നമ്പരന്നു. വിദ്യാസാഗരുടെ മുഖത്തു തിളങ്ങിയ ആ പ്രഭാപൂരം കണ്ടിട്ട് എൻെറ സാഹസത്തെപ്പററി ഞാൻ ലജ്ജിച്ചു. അതുപോലുള്ള വിശിഷ്ടപുരുഷൻെറ സമ്മതി എൻെറ കവിതയ്ക്കിതേവരെ കിട്ടിയിട്ടില്ലെന്ന വിചാരം എനിയ്ക്കു ധൈര്യം നൽകി. കവിത വായിച്ചു കേൾപ്പിച്ചശേഷം ഉത്സാഹത്തോടുകൂടിത്തന്നെ ഞാൻ തിരിച്ചുപോന്നു. തർജ്ജമയിൽ 'വിച്ചസ്സി'ൻെറ ഭാഗം മററു ഭാഗങ്ങളെ അപേക്ഷിച്ച് ഭാഷയ്ക്കും വൃത്തത്തിനും കുറച്ചു വ്യത്യാസം വരുത്തണമെന്നു മാത്രം രാജകൃഷ്ണമുക്കർജി ഉപദേശിച്ചു.

ഞങ്ങളുടെ ബാല്യകാലത്തു ബങ്കാളിസാഹിത്യം വളരെ കൃശമായിരുന്നു. വായിക്കാൻ കൊള്ളാവുന്നതും അല്ലാത്തതുമായ അതിലെമിക്കവാറും പുസ്തകങ്ങൾ ഞാനന്നു വായിച്ചു തീർത്തിരിക്കണം. കുട്ടികളുടെയും പ്രായംചെന്നവരുടേയും സാഹിത്യങ്ങൾ തമ്മിൽ അക്കാലത്തു പറയത്തക്ക വ്യത്യാസമുണ്ടായിരുന്നില്ല. പക്ഷെ, എനിക്കതുസാരമില്ലായിരുന്നു. സാഹിത്യാമൃതത്തിൽ നിറയേ വെള്ളം ചേർത്ത്, കുട്ടികളുടെ ആവശ്യത്തിനെന്നും പറഞ്ഞു് ഇന്നെഴുതിക്കൂട്ടുന്ന പുസ്തകങ്ങൾ കുട്ടികളെ വെറും കുട്ടികളാക്കിത്തള്ളിക്കളയുന്നു. മനുഷ്യത്വം അതു അവർക്കു തീരെ കൊടുക്കുന്നില്ല. കുട്ടികൾ വായിക്കുന്ന ഏതു ഗ്രന്ഥവും കുറെ അവർ മനസ്സിലാക്കും, ബാക്കിമധസ്സിലാക്കാതെ വിട്ടും എന്നതു സാധാരണയാണ്. കയ്യിൽ കിട്ടിയ ഗ്രന്ഥങ്ങളെല്ലാം ഞാൻ വായിച്ചുതീർത്തു മനസ്സിലായാലും ശരി, ഇല്ലെങ്കിലും ശരി, അതിനൊരു ഫലം കാണാതിരിക്കയില്ല. ഉള്ളിലുള്ള ചില യന്ത്രങ്ങൾക്കു അതു പ്രവൃത്തി നൽകുന്നു.

ലോകവും ഇങ്ങിനെയാണു കുഞ്ഞുങ്ങളിൽ ജോലിചെയ്തുകൊണ്ടിരിക്കുന്നത്. ശക്തിക്കൊത്തു അവർ മനസ്സിലാക്കുമ്പോൾ ബാക്കിയുള്ളവ അവയെ മുന്നോട്ടു തള്ളിനീക്കും.

ദീനബന്ധുമിത്രന്റെ പ്രഹസനങ്ങൾ വെളിയിലായ കാലത്തു് അതു് വായിക്കാനുള്ള പ്രായം എനിക്കില്ല. വീട്ടിലെ ഒരു ബന്ധുസ്ത്രീ ഒരിക്കൽ ആ പുസ്തകം വായിക്കുന്നതു ഞാൻ കണ്ടു. പല പണികളും നോക്കിയിട്ടും എനിക്കതു ഒന്നു വായിക്കാൻ അവർ തന്നില്ല. പുസ്തകം അവർ പെട്ടിക്കകത്തുവച്ചുപൂട്ടി. അതെന്റെ ആഗ്രഹം വർദ്ധിപ്പിച്ചു. എന്തുവന്നാലും ശരി, ആ പുസ്തകം ഒന്നു വായിക്കണമെന്നു ഞാൻ ശപഥംചെയ്തു. ഒരു ദിവസം ഉച്ചയ്ക്കു അവർ ചീട്ടുകളിക്കുകയായിരുന്നു. മുണ്ടിന്റെ അറ്റത്തു കെട്ടിയിരുന്ന പെട്ടിയുടെ താക്കോൽ അവരുടെ പുറകിൽ കിടന്നു. ചീട്ടുകളിക്കുന്നതിലോ കളികാണുന്നതിലോ എന്റെ മനസ്സു ഒരിക്കലും പ്രവേശിച്ചിട്ടില്ല. ഏതിനും, അന്നു കളിയിലൊരു അഭിരുചിയെല്ലാം അഭിനയിച്ചു ഞാൻ അവരുടെ അടുത്തു ചെന്നുപറ്റി. കളി മുറുകിയ തക്കംനോക്കി പതുക്കെ മുണ്ടിൽ കൈവച്ചു് താക്കോൽ അഴിച്ചെടുക്കാൻ ഞാൻ ശ്രമിച്ചു. പക്ഷെ 'കരുത്തം'കെട്ട എന്റെ കൈകൾക്കു് ശക്തിപോരാ പോരെങ്കിൽ ആഗ്രഹംകൊണ്ടുള്ള ചാഞ്ചല്യവും. കള്ളനെ തൊണ്ടിയോടെ പിടികിട്ടിപ്പോയി. അവർ ചിരിച്ചുകൊണ്ടു താക്കോലെടുത്തു മടിയിൽവച്ചു വീണ്ടും കളിതുടങ്ങി.

അതു കഴിഞ്ഞു് എനിക്കു വേറൊരു പണി തോന്നി നമ്മുടെ പുസ്തകത്തിന്റെ ഉടമസ്ഥ വെറ്റില മുറുക്കുന്നതിൽ വളരെ ഭ്രാന്തുള്ളവരായിരുന്നു. എവിടെന്നോ ഒരു

മുറുക്കാൻപെട്ടി കൊണ്ടുവന്നു ഞാനവരുടെ മുമ്പിൽ വച്ചു കൊടുത്തു. കാര്യം വിചാരിച്ചതുപോലെ പററി. തുപ്പാനെഴുന്നേററു കഴിഞ്ഞപ്പോൾ താക്കോൽ വീണ്ടും പുറകിൽവന്നു. ഇത്തവണ താക്കോൽ മോഷണംപോയി. കള്ളനെ പിടികിട്ടിയുമില്ല. അങ്ങനെ ഞാൻ പുസ്തകം വായിച്ചു. താക്കോൽ തിരിയെ കൊണ്ടുകൊടുത്തപ്പോൾ അവരെന്നെ ശകാരിച്ചെങ്കിലും അത്ര ഗൌരവമായിട്ടല്ല. ഞാനൊന്നു ചിരിച്ചു; അതു കണ്ടു അവരും ചിരിച്ചുപോയി.

ഡാക്ടർ, രാജേന്ദ്രലാൽമിത്ര, അക്കാലത്തു് 'വിവിധാർത്ഥസംഗ്രഹ'മെന്നൊരു മാസിക നടത്തിക്കൊണ്ടിരുന്നു അതിൽ ധാരാളം ചിത്രങ്ങളുണ്ടു്. ആ മാസികയുടെ ഒരു കെട്ടു പുസ്തകം ജ്യേഷ്ഠൻെറ അലമാരിക്കകത്തുണ്ടായിരുന്നു. സൂത്രത്തിൽ ഞാനതു കൈക്കലാക്കി. എത്ര തവണ തിരിച്ചുംമറിച്ചും അതു വായിച്ചിട്ടും എനിക്കാഗ്രഹം തീർന്നില്ല. ഭാരമുള്ള ആ പുസ്തകവും നെഞ്ചിൽകേററി. മലന്നു കിടന്നുകൊണ്ടു, നർഹാലിലെ തിമിംഗലത്തിൻെറയും കാസികളുടെ നീതിന്യായവകുപ്പിൻെറയും വിവരണങ്ങൾ, കൃഷ്ണകുമാരിയുടെ കഥ തുടങ്ങിയ പലതും വായിച്ചു വായിച്ചു എത്ര മദ്ധ്യാഹ്നങ്ങൾ ഞാൻ കഴിച്ചുകൂട്ടിയെന്നതിനു കണക്കില്ല.

അത്തരം മാസികകൾ ഇക്കാലത്തു ഒന്നു കാണാൻപോലും കിട്ടുന്നില്ല. ഒരു ഭാഗത്തു തത്വജ്ഞാനവും, പുരാതത്വവും, വേറൊരുഭാഗത്തു ചെറുകഥകളും യാത്രാവിവരണങ്ങളും ഇതായിരിക്കും ഇന്നത്തെ മാസികകൾ. സാധാരണമനുഷ്യൎക്കു രസകരങ്ങളായ കാര്യങ്ങൾ പത്രങ്ങളിൽ വളരെ ചുരുക്കമേ കാണുന്നുള്ളൂ. ഇംഗ്ലണ്ടിൽ, 'ചേംബർ

സ്ജണ്ണൽ', 'കാസിൽസ് മ്യാഗസിൻ', 'സ്റ്റാറൻഡു' മുതലായ പത്രങ്ങൾ സാധാരണക്കാരുടെ ആവശ്യത്തിനുള്ളതാണു്. മനുഷ്യക്കത്യാവശ്യമായ പല കാര്യങ്ങളെപ്പററിയുള്ള വിവരങ്ങൾ സാധാരണ ഭാഷയിൽ അവ പ്രദാനം ചെയ്യുന്നതനാൽ ഭൂരിപക്ഷം ജനങ്ങൾക്കു അതു വളരെ ഉപകാരപ്രദമാകുന്നു.

ബാല്യകാലത്തിൽ ഞാൻ പരിചയിച്ചിരുന്ന വേറൊരുപത്രഗ്രന്ഥം 'അബോധബന്ധു'വാണു്. അതിന്റേയും പഴയ ലക്കങ്ങൾ ജ്യേഷ്ഠന്റെ അലമാരിയിൽനിന്നുമെടുത്തു് അന്തർഗൃഹത്തിന്റെ മുറിയുടെ ഒരററത്തു തുറന്നുകിടന്ന ജന്നലിന്നരികെ ഇരുന്നു പലപ്പോഴും ഞാൻ വായിച്ചിരുന്നു. ബിഹാരിലാൽ ചക്രവർത്തിയുടെ കവിതകളാദ്യമായി ഞാൻ വായിച്ചതു ആ മാസികയിലായിരുന്നു. അക്കാലത്തെ കവിതകളിൽ ഒക്കെക്കൊണ്ടും ബിഹാരിയുടെ കവിത എനിക്കു വളരെ ഇഷ്ടമായിരുന്നു. മധുരമായ വേണുനാദത്തിൽ, ആ കവിതകൾ എന്റെ മനസ്സിൽ പ്രകൃതിയുടെ സുന്ദരസംഗീതം സദാ പാടിക്കൊണ്ടിരിക്കും. അബോധബന്ധുവിൽ. ഇംഗ്ലീഷിൽ നിന്നും തർജ്ജമ ചെയ്തു പ്രസിദ്ധം ചെയ്തുകൊണ്ടിരുന്ന പാളിന്റേയും വിർജീനിയുടേയും കഥകൾ വായിച്ചു പലവുരു ഞാൻ കണ്ണീരൊലിപ്പിച്ചിട്ടുണ്ടു്. ആഹാ! എന്തൊരു മനോഹരമായ സമുദ്രതീരം! സമുദ്രത്തിലെ കാററടിച്ചിളകുന്ന തെങ്ങോലകൾ, ആടുകൾ പററംപററമായി സഞ്ചരിക്കുന്ന പർവതതടങ്ങൾ ഇതെല്ലാം അതിൽ എനിക്കു വളരെ ആകർഷകമായിരുന്നു. കൽക്കത്താ പട്ടണത്തിലെ ഒരു വീട്ടിന്റെ വരാന്തയിൽ ഇരിക്കുന്ന എന്റെ മുമ്പേ ഈ ചിത്രങ്ങൾ നൂതനമോഹനമായ പല മരീചികകൾ നിർ

മ്മിച്ചു. നിർജ്ജന ദ്വീപിലെ ശ്യാമളവനപ്രദേശത്തിലുള്ള ആ 'വർജി'നോട്ട ഈ സാധു ബങ്കാളിബാലൻ അന്നു പ്രേമത്തിൽ പോലും പെട്ടുപോയി.

ബങ്കിംചന്ദ്രൻെറ 'ബങ്കദർശനവും' അക്കാലത്താണു പുറപ്പെട്ടതു്. അതു വാസ്തവത്തിൽ ബങ്കാളികളുടെ ഹൃദയം കവർന്ന ഒരു പത്രഗ്രന്ഥമായിരുന്നു. ബങ്കദർശനത്തിൻെറ ലക്കങ്ങൾ കിട്ടുന്നതിനുവേണ്ടി ഓരോമാസവും കാത്തിരിക്കുന്ന കാര്യം എനിക്കു വിഷമമായിത്തോന്നി. അതിനുംപുറമേ, മാസിക വീട്ടിൽ വന്നുകഴിഞ്ഞാൽ വലിയവരെല്ലാം വായിച്ചുതീർന്നേ എൻെറ കയ്യിൽ കിട്ടൂ. അതെല്ലാത്തിലും വിഷമം. 'വിഷവൃക്ഷം' 'ചന്ദ്രശേഖരൻ' മുതലായ ഗ്രന്ഥങ്ങളെല്ലാം ഇന്നൊരു രസവിച്ഛിത്തിയും വരാതെ നമുക്കു ഒന്നായി വായിച്ചുതീർക്കാൻ കഴിയും. എന്നാൽ മാസാമാസം കാത്തിരുന്നു്, മുൻമാസങ്ങളിൽ വായിക്കുന്നഭാഗങ്ങൾ മറക്കാതെ മനസ്സിൽവച്ചു്, തൃപ്തിയും അതൃപ്തിയും നിരാശയും കൌതുകവും ഇടകലർത്തി വളരെനാൾകൊണ്ടാണു അവ ഞങ്ങൾ വായിച്ചു തീർത്തതു്.

അതുപോലെ ശ്രീ ശാരദാചരൺമിത്രൻേറയും അക്ഷയസർക്കാരിൻേറയും പ്രാചീനകാവ്യസംഗ്രഹവും എൻെറ സാഹിത്യതൃഷ്ണക്കു ഒട്ടൊട്ടു ശമനം നൽകി. ജ്യേഷ്ഠന്മാർ വരിക്കാരായിരുന്നെങ്കിലും ഗ്രന്ഥങ്ങൾ മുഴുവൻ അവർ വായിച്ചിരുന്നില്ല. പുസ്തകങ്ങൾ എളുപ്പം എൻെറ കൈവശം വന്നുചേരുന്നതിനു അതു സഹായമായിരുന്നു. വിദ്യാപതിയുടെ വികൃതവും വിഷമമേറിയതുമായ മൈഥിലിഭാഷയിൽ എനിക്കു നല്ല രസം തോന്നി. വ്യാഖ്യാനങ്ങൾ അപേക്ഷിക്കാതെ അവ മനസ്സിലാക്കുന്നതിനു

ഞാൻ ശ്രമിച്ചു. മനസ്സിലാകാത്ത പദങ്ങൾ ഒരു നോട്ടു ബുക്കിൽ കുറിച്ചെടുത്തു. വ്യാകരണവിശേഷങ്ങളും അറിയാവുന്നിടത്തോളം അവിടവിടെ ഞാൻ നോട്ടുചെയ്തു.

---

## വീടും പരിസരവും

---

രാത്രിയും പകലും വീട്ടിൽ ഒരു സാഹിത്യാന്തരീക്ഷം ബാല്യകാലത്തിൽ എനിക്കു ലഭിച്ചതു വലിയകാര്യം തന്നെന്നു പറയണം. വളരെ കുട്ടിയായിരുന്ന കാലത്തു്, സന്ധ്യാസമയങ്ങളിൽ വരാന്തയുടെ അഴികളിൽ പിടിച്ചു വെളിയിൽ നോക്കിക്കൊണ്ടു ഞാൻ നിൽക്കുമായിരുന്നു വീട്ടിലെ 'ഇരിപ്പു' മുറിയിൽ വിളക്കു കത്തിക്കൊണ്ടിരിക്കും. ആളുകൾ അങ്ങോട്ടുമിങ്ങോട്ടും തെരുതെരെ നടന്നുകൊണ്ടിരിക്കും. വഴിയരികിൽ വണ്ടികൾ വന്നുകിടക്കും. അകത്തു എന്തു നടക്കുന്നു എന്നറിയാൻ കഴിഞ്ഞില്ലെങ്കിലും വെളിയിലെ കാഴ്ചകൾ നോക്കിക്കൊണ്ടു പലപ്പോഴും ഞാൻ ഇരുട്ടത്തുതന്നെ നിന്നിരുന്നു. ഞാൻ നിൽക്കുന്ന വരാന്തയ്ക്കും ആ മുറിയ്ക്കും തമ്മിലുള്ള അകലം അത്ര വലുതല്ലെങ്കില്ലും എന്റെ പ്രായത്തിനും ആ മുറിയ്ക്കും തമ്മിൽ അന്തരം അധികമായിരുന്നു.

അച്ഛന്റെ ഒരു സഹോദരപുത്രൻ ഗണേന്ദ്രൻ ഒരിക്കൽ രാമനാരായണതർക്കഭൂഷണനെക്കൊണ്ടു ഒരു നാടകമെഴുതിച്ചു് വീട്ടിൽവച്ചഭിനയിച്ചു. സാഹിത്യത്തിലും

മററു ലളിതകലകളിലും അദ്ദേഹത്തിന്റെ അഭിരുചി വളരെ ശ്ലാഘ്യമായിരുന്നു. ബംഗാളിസാഹിത്യത്തിന്റെ നാനാമുഖമായ പരിവൎത്തനത്തിനുവേണ്ടി ശ്രമിച്ചിരുന്ന അന്നത്തെ ഒരു സംഘം യുവാക്കന്മാരുടെ ജീവനായിരുന്നു ഗണേന്ദ്രൻ. വേഷം, ഭൂഷാ, കാവ്യം, ഗാനം, ചിത്രം, നടനകല, ധൎമ്മം എന്നീ സകലത്തിലും സർവാംഗസമ്പൂൎണ്ണമായ ഒരു ദേശീയതയുടെ ആദർശം അദ്ദേഹത്തിൽ വിളങ്ങിയിരുന്നു. അതുപോലെ തന്നെ ലോകചരിത്രത്തിലും അയാൾക്കു വലിയ അഭിരുചി ആയിരുന്നു. ചരിത്രവിഷയകമായ പല ഗ്രന്ഥങ്ങളും ബങ്കാളിയിൽ എഴുതുന്നതിനദ്ദേഹമാരംഭിച്ചു പൂൎത്തിയാക്കാതെ വിട്ടിട്ടുണ്ടു്. വിക്രമോൎവശീയം നാടകത്തിന്റെ ഒരു തർജ്ജമ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ബ്രഹ്മതത്വങ്ങൾ അനുസരിച്ചു രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ പല പാട്ടുകളും ഇന്നും പ്രചാരത്തിലിരിക്കുന്നു. ബങ്കാളിസാഹിത്യത്തിൽ രാഷ്ട്രീയകവിതകൾക്കു സൂത്രപാതം ചെയ്തതു ഗണേന്ദ്രനാണെന്നുള്ളതിനു സംശയമില്ല.

"ലജ്ജായ് ഭാരതയശ ഗാഹിബോ കി കൊരേ"

(ഭാരതമാതാവിന്റെ അപദാനങ്ങൾ ഇന്നു ലജ്ജിച്ചിട്ടു ഞാൻ എങ്ങിനെ പാടുന്നു) എന്ന പാട്ടു, അന്നത്തെ ഹിന്ദുസമ്മേളനങ്ങളിൽ അനേകകാലം മുറയ്ക്കു പാടിക്കൊണ്ടിരുന്നു. അദ്ദേഹം മരിക്കുന്ന കാലത്തു എനിക്കു വളരെ ചെറുപ്പം. സൗമ്യഗംഭീരമായ ആ സുന്ദരശരീരം മരിക്കൽ കണ്ടവൎക്കു പിന്നെ അതു മറക്കാൻ കഴികയില്ല. അജയ്യമായ ഒരസാധാരണപ്രഭാവം അദ്ദേഹത്തിനുണ്ടു്. ആളുകളെ എളുപ്പം ആകർഷിക്കും, വശീകരിക്കും; എങ്കിലും സ്വന്തം കാൎയ്യങ്ങൾ യാതൊരു പ്രതിബന്ധവും കൂടാതെ തന്നേ മുറയ്ക്കു നടന്നുപോകും.

ജീവിതത്തിലെ ചില വിശിഷ്ടശക്തികൾ കൊണ്ടു ചുററുപാടുമുള്ള ജനങ്ങളെ ആകർഷിക്കാൻ കഴിയുന്നവർ നമ്മുടെ ഇടയിൽ ധാരാളമുണ്ടല്ലോ. രാഷ്ട്രീയവും വ്യവസായസംബന്ധവുമായ അസമത്വങ്ങളനുഭവിക്കുന്ന ഒരു ദേശത്തു് ഇത്തരം ആളുകൾ ജനിച്ചാൽ എളുപ്പത്തിൽ അവർക്കു ജനസമ്മതി നേടാൻ കഴിയുന്നു. എങ്കിലും പലരുടെയും സഹകരണത്തോടെ പൊതുകാര്യങ്ങൾ സാധിക്കുകയെന്നതു് അത്ര എളുപ്പമുള്ള ഒരു കാര്യമല്ല. അതിനുള്ള ശക്തികൾ, പലപ്പോഴും നമ്മുടെ നാട്ടിൽ പല കുടുംബങ്ങളിൽ ഉത്ഭവിച്ചു് അവിടെത്തന്നെ അസ്തമിക്കുന്നതു കാണാം. സ്വർഗ്ഗലോകത്തുനിന്നു നക്ഷത്രങ്ങളെ പിടിച്ചു ഭൂമിയിൽ കൊണ്ടുവന്നു തീപ്പെട്ടിയുടെ പകരം ഉപയോഗിക്കുന്നതുപോലെ ലജ്ജാകരമായ ഒരു സംഭവമാകുന്നു പ്രഭുത്വശക്തി അതാതു കുടുംബങ്ങളിൽമാത്രം ലയിച്ചുകിടക്കുന്നതു്.

ഗണേന്ദ്രൻെറ അനുജൻ ഗുണേന്ദ്രനും ഒരു വിശിഷ്ടപുരുഷൻ തന്നെ. അദ്ദേഹം വീട്ടിനൊരലങ്കാരമായിരുന്നു. അനുചരന്മാർ, ആശ്രിതർ, അതിഥികൾ, സുഹൃത്തുകൾ തുടങ്ങിയവരെക്കൊണ്ടു് അദ്ദേഹത്തിൻെറ പരിസരം എപ്പോഴും നിറഞ്ഞിരിക്കും. തൻെറ മുറിയുടെ തെക്കേ വരാന്തയിലും, തോട്ടത്തിലും, മീൻപിടിക്കുന്ന കുളത്തിൻെറ കരയിലും എവിടെ നോക്കിയാലും ഒരു വലിയ സംഘം ഗുണജ്യേഷ്ഠനെ അനുഗമിക്കുന്നതു കാണാം. ഉദാരതയുടെ മൂർത്തീകരണംപോലെ നിന്നു് അദ്ദേഹം എല്ലാവരേയും ഒന്നുപോലെ രക്ഷിക്കയും ചെയ്യും. കലകളിലും കാര്യഗ്രഹണത്തിലും തനിയ്ക്കുള്ള വാസന മുഖത്തൊരു പുതുതേജസ്സു പ്രദാനംചെയ്യും. നാടകങ്ങൾ, ഉത്സവങ്ങൾ മററു

തരം ആഘോഷങ്ങൾ ഇവയെല്ലാം അദ്ദേഹത്തെ ആശ്രയിച്ചു ബങ്കാളിൽ ഒരുണർവു സമ്പാദിച്ചു. അത്തരം ഏത്തു പ്രാരംഭങ്ങൾക്കും അദ്ദേഹമൊരു രക്ഷാധികാരിയായിരുന്നു.

ഗുണേന്ദ്രൻെറ പ്രവൃത്തികളിൽ പങ്കെടുക്കുന്നതിനു കുട്ടിക്കാലത്തു ഞങ്ങൾക്കവകാശമുണ്ടായിരുന്നില്ല. എങ്കിലും ഉത്സാഹത്തിൻെറ ഓളങ്ങൾ വന്നുതട്ടി വീട്ടിൽ എല്ലാവരും ഇളകിക്കൊണ്ടിരുന്നു. മൂത്തജ്യേഷ്ഠൻ ഒരിക്കൽ ഒരു പ്രഹസനമെഴുതി. ഗുണേന്ദ്രജ്യേഷ്ഠൻെറ മുറിയിലായിരുന്നു അതിൻെറ റിഹേർസൽ നടന്നതു്. ഞങ്ങൾ വരാന്തയിൽനിന്നു് ജന്നലുകളിൽ കൂടെ വരുന്ന പാട്ടുകളും അട്ടഹാസങ്ങളും കേട്ടുകൊണ്ടിരുന്നു. അക്ഷയമജൂംദാരുടെ ഇളകിമറിഞ്ഞ നൃത്തവും കൂടെക്കൂടെ കാണാമായിരുന്നു. ഇത്ര വലിയ നേരമ്പോക്കിൻെറ കാരണമെന്തെന്നു ഞങ്ങൾക്കു മനസ്സിലായില്ല. അതെല്ലാം പിന്നീടറിയാമെന്നു വിചാരിച്ചു സമാധാനപ്പെട്ടു.

ഗുണജ്യേഷ്ഠനു എന്നോടു എത്ര കാര്യമായിരുന്നുവെന്നു ഒരു നിസ്സാരസംഗതികൊണ്ടു വെളിപ്പെടുത്താം. സ്കൂളിൽനിന്നു സാധാരണമായി എനിയ്ക്കു പ്രൈസ് കിട്ടുന്ന പതിവില്ല. ഒരിക്കൽ സൽഭാവഗുണത്തിനു ഒരു പുസ്തകം മാത്രം സമ്മാനം കിട്ടിയിട്ടുണ്ടു്. ഞങ്ങളുടെ കൂട്ടത്തിൽ സത്യനായിരുന്നു പഠിത്തത്തിനു മിടുക്കൻ. പരീക്ഷയിൽ ഉയർന്നു ജയിച്ചതിനു അവനൊരിക്കൽ പ്രൈസ് കിട്ടി. ആ വിവരം അറിയിക്കാനായി വീട്ടിൽവന്നു വണ്ടിയിൽ നിന്നും ഇറങ്ങിയ ഉടൻ ഞാൻ ഗുണജ്യേഷ്ഠൻെറ അടുക്കലേക്കു ഓടി. അദ്ദേഹം തോട്ടത്തിൽ ഇരിക്കുകയായിരുന്നു. 'സത്യനു പ്രൈസ് കിട്ടി' എന്നു ഞാൻ ദൂരെനിന്നു

തന്നെ ഉറക്കെ വിളിച്ചു പറഞ്ഞു അതുകേട്ട സന്തോഷത്തോടെ എന്നെ അടുത്തു പിടിച്ചു അദ്ദേഹം ചോദിച്ചു. "നിനക്കു പ്രൈസ് കിട്ടിയില്ലയോ?" "ഇല്ല, എനിക്കു കിട്ടിയില്ല, സത്യൻ കിട്ടി" ഉത്തരം അദ്ദേഹത്തിനു വളരെ രസിച്ചു എനിക്കു പ്രൈസ് കിട്ടാതെതന്നെ സത്യനു കിട്ടിയതിൽ ഞാൻ ആത്മാർത്ഥതയോടെ സന്തോഷിച്ചതു അദ്ദേഹത്തെ വാസ്തവത്തിൽ രസിപ്പിച്ചു. അതിലുള്ള സദ്ഗുണത്തെ പ്രശംസിച്ചു പിന്നീടു പലരോടും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു. എൻെറ വാക്കിൽ വല്ല മഹത്വവുമുണ്ടായിരുന്നോയെന്നു സംശയംപോലും എനിക്കില്ല. അതുകൊണ്ടു പെട്ടെന്നു പ്രശംസ കിട്ടിയപ്പോൾ ഞാനും അതിശയിച്ചുപോയി. ഇങ്ങിനെ സമ്മാനം കിട്ടാതെ ഒരിക്കൽ എനിയ്ക്കൊരു ബഹുമതികിട്ടി ...ക്കു അതു നല്ലതാണെന്നു ഞാൻ വിചാരിക്കുന്നില്ല. കുട്ടികൾക്കു സമ്മാനം കൊടുക്കുന്നതു നല്ലതുതന്നെ; എന്നാൽ അതു പ്രശംസാരൂപത്തിലാകരുത്. സ്വന്തം മഹത്വത്തെപ്പററിയുള്ള അഭിമാനം അവരുടെ ഭാവിയ്ക്കു ശോഭനമല്ല.

ഉച്ചയ്ക്കു ഊണു കഴിഞ്ഞതശേഷം ഗുരുജ്യേഷ്ഠൻ എൻെറ മുറിയുടെ അടുത്തുള്ള കച്ചേരിയിൽ വരുമായിരുന്നു. കച്ചേരിക്കും ക്ലബ്ബിനും തമ്മിൽ അദ്ദേഹത്തിൻെറ കാര്യത്തിൽ ഒരു വ്യത്യാസവുമുണ്ടായിരുന്നില്ല. കാര്യാലോചന ഒരിക്കലും നേരമ്പോക്കിനു പ്രതിബന്ധമല്ല. കച്ചേരിയിൽ അദ്ദേഹം ഒരു ചാരുകസേരയിൽ ഇരിക്കുന്ന തക്കം നോക്കി ഞാൻ അടുത്തുചെന്നു പറയും ഇൻഡ്യാചരിത്രത്തിലെ പല കഥകളും അദ്ദേഹമെനിക്കു പറഞ്ഞുതരും. ഇൻഡ്യയിൽ ഇംഗ്ലീഷ് സാമ്രാജ്യം സ്ഥാപിച്ച

കഴിഞ്ഞശേഷം ക്ലൈവ് ഇംഗ്ലണ്ടിൽ മടങ്ങിയെത്തി ആത്മഹത്യ ചെയ്തുവെന്ന ഭാഗം കേട്ടപ്പോൾ എനിക്കു വലിയ ആശ്ചര്യം തോന്നി. ഒരു ഭാഗത്തു് ഒരു മഹാരാജ്യത്തിൻെറ നൂതനമായ ചരിത്രഘട്ടന, മറുഭാഗത്തു മനുഷ്യഹൃദയത്തിൻെറ അന്തരാളത്തിൽ ഒളിഞ്ഞുകിടന്ന പരമരഹസ്യം! അകത്തു ഇത്ര നിരാശയായിരുന്നപ്പോൾ പുറമേ വലിയ വിജയം എങ്ങിനെ സാധിച്ചുവെന്നു എനിക്കു് ഇനിയും മനസ്സിലാകുന്നില്ല.

ചില ദിവസങ്ങൾ, എൻെറ മുഖഭാവം നോക്കി പാഠത്തിൽ നോട്ടുബുക്കുകളെടുത്തു അദ്ദേഹം മനസ്സിലാക്കും. അദ്ദേഹം ചെറുതായൊന്നു മൂളിയാൽ എന്റെ നോട്ടുബുക്കു അതിൻെറ മൂടുപടം നീക്കി വെളിയിൽ ചാടും. ജ്യേഷ്ഠൻ നിർദ്ദയനായ ഒരു വിമർശകനായിരുന്നെന്നു പറയുന്നതു ശരിയല്ല. അഭിപ്രായങ്ങൾക്കു പരസ്യത്തിൻെറ ഛായ പലപ്പോഴുമുണ്ടെങ്കിലും എൻെറ കവിതയിൽ ബാലചാപല്യം കൂടുതലുള്ള ഭാഗം വരുമ്പോൾ അദ്ദേഹം ഉറക്കെ പൊട്ടിച്ചിരിക്കും. ഭാരതമാതാവിനെപ്പററിയായിടെ ഞാനൊരു കവിതയെഴുതി. അതിൽ ഒരു വരിയുടെ അവസാനം 'നികടെ' എന്ന പദത്തിനനുഗുണമായി വേറെ പദമൊന്നും കിട്ടാത്തതുകൊണ്ടു അടുത്ത വരിയുടെ അവസാനം 'ശകടെ' എന്നു ഞാൻ പ്രയോഗിച്ചു. ഒരു ശകടത്തിനു് അവിടെ വന്നിട്ടു യാതൊരാവശ്യവുമില്ലെന്നു മാത്രമല്ല, വരുന്നതിനു വഴിപോലുമുണ്ടായിരുന്നില്ല. പ്രാസത്തിൻെറ ഭ്രാന്തു് എങ്ങിനേയോ അതിനെ അവിടെ ഉന്തിത്തള്ളിക്കേററി എന്നു മാത്രം. ആ ഭാഗം വായിച്ചു കേട്ടപ്പോൾ ഉണ്ടായ ജ്യേഷ്ഠൻെറ പൊട്ടിച്ചിരിയുടെ കോലാഹലത്തിൽ പാവപ്പെട്ട ശകടം എ

വിടെപ്പോയി ഒളിച്ചുവെന്നു ഇതേവരെ ഞാൻ അറിഞ്ഞിട്ടില്ല.

മൂത്ത ജ്യേഷ്ഠൻ, വരാന്തയിൽ മെത്തയുമിട്ട് മുമ്പിൽ ചെറിയ എഴുത്തുമേശയും വച്ച് ധിറുതിയിൽ അദ്ദേഹത്തിന്റെ 'സ്വപ്നപ്രയാണം' എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. ഇളയജ്യേഷ്ഠനും ദിവസവും വരാന്തയിൽ വന്നിരിക്കും. അദ്ദേഹത്തിന്റെ കാവ്യരസികത വസന്തമാരുതനെപ്പോലെ കവിതയുടെ വികാസത്തിന് ധാരാളം സഹായമായിരുന്നു ജ്യേഷ്ഠൻ എഴുതുന്നതു അപ്പഴപ്പോൾ ഇളയജ്യേഷ്ഠനെ വായിച്ചു കേൾപ്പിക്കും. വരാന്തമുഴുവൻ അട്ടഹാസംകൊണ്ടു മാറ്റൊലിക്കൊള്ളും. ആവശ്യത്തിൽ എത്രയോ അധികം എഴുതത്തക്കവണ്ണം ജ്യേഷ്ഠന്റെ കവിതാശക്തി അത്രയ്ക്കു പ്രാബല്യമായിരുന്നു വസന്തകാലത്തു മാവിൻചുവട്ടിൽ പൂക്കൾ വീണു ചിതറിക്കിടക്കുന്നതുപോലെ, ജ്യേഷ്ഠന്റെ കവിതയിലെ ഉപേക്ഷിക്കപ്പെട്ട ഭാഗങ്ങൾ വീട്ടിനുചുറ്റും ധാരാളമായി പറന്നുകിടക്കും. അവയെല്ലാം ആരെങ്കിലും പെറുക്കി സൂക്ഷിച്ചിരുന്നുവെങ്കിൽ ഇന്നു ബങ്കാളിസാഹിത്യത്തിനു തീച്ചയായും ഒരനർഘ സമ്പത്തുതന്നെ ആയിരുന്നേനെ.

ഇങ്ങനെ നിരന്തരമായ നടന്നുകൊണ്ടിരുന്ന കാവ്യരസപാനത്തിൽ ഒളിച്ചും പതുങ്ങിയുമെങ്കിലും ഞാനും പങ്കുകൊള്ളാതിരുന്നില്ല. ശക്തിയ്ക്കൊത്തവീതം എല്ലാക്കും കിട്ടത്തക്കവിധം അതിന്റെ പ്രസക്തി അത്ര കൂടുതലായിരുന്നു. ജ്യേഷ്ഠന്റെ പേനത്തുമ്പിൽ കവിതാകാമിനി കളിയാടുകതന്നെചെയ്തു. അദ്ദേഹത്തിന്റെ കവിതാപ്രവാഹത്തിലെ നിരന്തരതരംഗങ്ങളാൽ കൂലോപകൂലങ്ങൾ

കൂടി ഇളകിമറിഞ്ഞു. 'സ്വപ്നപ്രയാണം' മുഴുവൻ ഞങ്ങൾക്കു മനസ്സിലാകുമായിരുന്നില്ല. രസം അനുഭവിക്കുന്നതിനു ഒന്നിന്റെ സകലതും മനസ്സിലായിരിക്കണമെന്നില്ലെന്നു മുമ്പുതന്നെ ഞാൻ പറഞ്ഞതല്ലോ. സമുദ്രത്തിന്റെ അഗാധതയിൽ കിടന്ന രത്നങ്ങൾ ഞങ്ങൾക്കു കിട്ടിയില്ലെന്നുവരാം. കിട്ടിയാൽ തന്നെ അതിന്റെ ശരിയായ വില എങ്ങനെ ഞങ്ങൾ അറിയും. തിരമാലയിലെ കുളിർകാററുകൾ ഞങ്ങളെ സാനന്ദം വീശിക്കൊണ്ടിരുന്നു. അതിന്റെ സുഖാനുഭോഗത്തിൽ ഞങ്ങളുടെ സകല സിദ്ധാന്താധികളും ഒന്നുണർന്നു.

അക്കാലത്തെ കഥകളെപ്പററി ഓർക്കുമ്പോഴൊക്കെ ഒരുതരം സമാജത്തെപ്പററിയും ഞാനോർക്കുന്നു. ആർക്കും പ്രത്യേക ക്ഷണംകൂടാതെയുള്ള ഒരു സമ്മേളനമായിരുന്നു അതു്. അത്തരം സമാജങ്ങൾ ഇന്നു കാണുന്നില്ല. കഴിഞ്ഞ തലമുറകളിലെ പരസ്പരസ്നേഹത്തിന്റെ പ്രകടഫലമായ ആ സ്ഥാപനത്തിന്റെ അന്ത്യശകലങ്ങൾ ബാല്യകാലത്തു ഞങ്ങൾ അനുഭവിച്ചു. ആളുകൾ തമ്മിൽ തമ്മിൽ അന്നു വളരെക്കൂടുതൽ ബന്ധമുണ്ടായിരുന്നു. കൂട്ടംകൂടാൻ വരുന്നവർക്കു പ്രത്യേക സ്ഥാനവും ലഭിച്ചിരുന്നു. ഇപ്പോൾ ജനങ്ങൾ തമ്മിൽ കാണുന്നതു ഒന്നുകിൽ വല്ലകാര്യം പ്രമാണിച്ചു് അല്ലെങ്കിൽ ലോഹ്യത്തിനു് കൂട്ടകെട്ടിനുവേണ്ടി കൂടുന്നതിനു ഇന്നാർക്കും നേരമില്ല; ആഗ്രഹവുമില്ല. അന്നു വീട്ടിൽ എപ്പോഴും ആളുകളുടെ എന്തൊരു വരവും പോക്കുമായിരുന്നു? വരാന്തയിൽ ബഹളവും പൊട്ടിച്ചിരിയുമൊഴിഞ്ഞ സമയമേ ഇല്ല. പലതരത്തിലുള്ള ജനങ്ങളെ വിളിച്ചുകൂട്ടുക, രസകരമായ സംഭഷണങ്ങൾകൊണ്ടു പരസ്പരം രസിപ്പിക്കുക മുതലായ പൂർവികഗുണങ്ങൾ ഇന്നു എവിടെയോ പോയിമറഞ്ഞു. ആ

ളുകളുടെ വരവും പോക്കും നിശ്ശേഷം നിലച്ചിട്ടില്ലെങ്കിലും വരാന്തകളും അതിഥിമുറികളും ഇന്നു ജനശ്ശൂന്യം.

പഴയ കാലത്തു ആഡംബരങ്ങളും അടിയന്തരങ്ങളും പലരുടേയും തൃപ്തിക്കുവേണ്ടിയായിരുന്നു. അതുകൊണ്ടു അതിൽ ഔദ്ധത്യത്തിൻെറ ചിഹ്നങ്ങൾ കണ്ടിരുന്നില്ല. വലിയവരുടെ ആഡംബരങ്ങൾ ഇന്നു വർദ്ധിച്ചിരിക്കുന്നെങ്കിലും അവയുടെ ജീവനും ഔദാര്യവും കുറഞ്ഞുപോയി. ഉടുപ്പില്ലാതെ മുഷിഞ്ഞ മുണ്ടുടുക്കുന്ന ഒരുവനു ഇന്നു പ്രസന്നമുഖനായി വലിയവരുടെ മുറികളിൽ അനുവാദം കൂടാതെ പ്രവേശിക്കാനർഹതയില്ല. ആചാരങ്ങളിലും മുറകളിലും നാം ആരെ അനുകരിക്കാൻ ശ്രമിക്കുന്നുവോ, അവർക്കു സ്വന്തരീതിയിൽ സമാജങ്ങൾ ധാരാളമുണ്ടു്. അവയ്ക്കു് നല്ല വികാസവുമുണ്ടു്. നമ്മുടെ സമുദായരീതി കളഞ്ഞുംപോയി. യൂറോപ്പിൻേറതു കിട്ടിക്കഴിഞ്ഞുമില്ല. ഇതാണു നമുക്കു പററിയ അബദ്ധം. ഗൃഹജീവിതത്തിന്റെ ശുഷ്കതയാണു അതിൻെറ ഫലം. കാര്യാലോചനകൾക്കുവേണ്ടി നാം സമാജങ്ങൾ കൂട്ടുന്നു. ആവശ്യം ഒന്നും കൂടാതെ തമ്മിൽ കണ്ടു സന്തോഷമായി സംസാരിക്കുന്നതിനു മാത്രം പത്തുപേർ ഒരിടത്തു കൂടുകയെന്നതു ഇന്നു തീരെ നടപ്പില്ല. അന്നു ഹൃദയം തുറന്നു ചിരിച്ചും സംസാരിച്ചും ലോകജീവിതം ഗൗരവം ഇല്ലാതെ കഴിച്ചുകൂട്ടിയിരുന്ന ആളുകൾ ഒരു ഭിന്നലോകത്തിലാണു അധിവസിച്ചിരുന്നതെന്നു തോന്നിപ്പോകുന്നു.

# അക്ഷയചന്ദ്രചൗധ്രി

ബാല്യകാലത്തു എൻെറ സാഹിത്യപരിശ്രമങ്ങൾക്കു വലിയ ഒരു സഹായിയുണ്ടായി. ജ്യേഷ്ഠൻെറ സഹപാഠിയായിരുന്ന അക്ഷയചന്ദ്രചൗധ്രി എം. ഏ പരീക്ഷ പാസ്സായിരുന്നെന്നു മാത്രമല്ല, ഇംഗ്ലീഷ് സാഹിത്യത്തിൽ അദ്ദേഹത്തിനു നല്ല പാണ്ഡിത്യവും അഭിരുചിയും കൂടി ഉണ്ടായിരുന്നു. ബങ്കാളിസാഹിത്യത്തിലും, പല കവികളോട്ട് പ്രത്യേകിച്ചു വൈഷ്ണവകവികളോട്ട് അദ്ദേഹത്തിനു ബഹുമാനമാണ്. ഒട്ടനേകം ബങ്കാളിപ്പാട്ടുകൾ അക്ഷയബാബുവിനു കാണാതെ അറിയാം. പാട്ടുകൾ വായിൽ വന്ന രാഗത്തിനു അദ്ദേഹം പാടിത്തുടങ്ങും. കേൾക്കുന്നവർ ചിരിച്ചാലും അത്ര സാരമല്ല. പാട്ടിനൊത്തു താളം പിടിക്കുന്നതിനും മടിയില്ല. മേശയായാലും ശരി പുസ്തകമായാലും ശരി കയ്യിൽ കിട്ടുന്നതെടുത്തു 'പടപടാ' താളം തുടങ്ങും. ആനന്ദിക്കാനുള്ള ശക്തി അദ്ദേഹത്തിനു അസാധാരണമായിരുന്നു. ഹൃദയം തുറന്നു ഏല്ലും അനുഭവിക്കുന്നതുപോലെതന്നെ മനസ്സുവച്ചു ആരേയും അദ്ദേഹം അഭിനന്ദിക്കയും ചെയ്യും. പാട്ടുകളും ഖണ്ഡകാവ്യങ്ങളും എഴുതുന്നതിലും ഒരസാമാന്യവാസനയുണ്ട്. ഇതിലെല്ലാറ്റിലും വിശേഷം തൻെറ ഗുണഗണങ്ങളിൽ ഒരഭിമാനലേശമില്ലെന്നുള്ളതാണ്. പെൻസിൽ കൊണ്ടു അവിടവിടെയായി എഴുതിക്കൂട്ടുന്ന കവിതകളെ വീണ്ടും തിരിഞ്ഞുനോക്കുന്നതിനുപോലും അദ്ദേഹം ശ്രദ്ധിക്കയില്ല. കവിതാവാസനയിലൊട്ടും കുറയാത്ത ഒരു വാസന അശ്രദ്ധയിലും അദ്ദേഹത്തിനുണ്ട്. 'ഉദാസീനി'

എന്ന അദ്ദേഹത്തിന്റെ ഒരു കവിത ബങ്കിമിന്റെ ബ ങ്കദർശനത്തിൽ ഒരിക്കൽ വലിയ പ്രശംസയ്ക്കു പാത്രമായി. അക്ഷയബാബുവിന്റെ പാട്ടുകൾ ഇന്നും പലരും പാടുന്നുണ്ടെങ്കിലും അതിന്റെ കർത്താവാരെന്നു ചുരുക്കം ചിലർക്കേ അറിയാവൂ. സാഹിത്യത്തിൽ അകൃത്രിമമായ അഭിരുചി പാണ്ഡിത്യത്തേക്കാൾ എത്രയോ ദുർലഭം. അക്ഷയബാബുവിന്റെ വിശിഷ്ടഗുണങ്ങൾ ഞങ്ങൾക്ക വളരെ പ്രചോദകമായിരുന്നു.

സാഹിത്യത്തിലെന്നപോലെ സൗഹാർദ്ദത്തിലും അക്ഷയബാബു വലിയ ഉദാരനാണ്. പരിചയമില്ലാത്തവരുടെ മുമ്പിൽ അദ്ദേഹം വെള്ളത്തിൽനിന്നു കരയ്ക്കിട്ട മത്സ്യംപോലെയാണെങ്കിലും സ്നേഹിതന്മാരിൽ വയസ്സിന്റെയോ വിദ്യയുടേയോ വ്യത്യാസം പരിഗണിച്ചിരുന്നില്ല കുട്ടികളുടെ കൂട്ടത്തിൽ കുട്ടിയെങ്കിൽ, വൃദ്ധന്മാരുടെ മദ്ധ്യേ അദ്ദേഹം വൃദ്ധൻ. ജ്യേഷ്ഠന്മാരുടെ സുഹൃത്സമ്മേളനംകഴിഞ്ഞു രാത്രിയിൽ വെളിയിൽ ഇറങ്ങുന്ന തക്കംനോക്കി ഞങ്ങൾ പള്ളിക്കാരനെ പിടികൂടും. പഠിത്തമുറിയിലെ മേശമേൽ കയററിയിരുത്തി വീണ്ടും വേറൊരുയോഗം നടത്തും. ഇംഗ്ലീഷുകവിതകളും അവയുടെ വ്യാഖ്യാനങ്ങളും വിമർശനങ്ങളുമായിരിക്കും ഞങ്ങളുടെ ബാലസദസ്സിലെ കാര്യപരിപാടി. ചിലപ്പോഴൊക്കെ സ്വന്തം കവിത വായിച്ചു കേൾപ്പിച്ച് അദ്ദേഹത്തിന്റെ അഭിനന്ദനങ്ങൾ ഞാൻ വാങ്ങിച്ചിരിക്കും.

സാഹിത്യസംബന്ധമായ എന്റെ പരിശീലനങ്ങൾക്ക ബാല്യകാലം മുതൽ പ്രധാന ഒരു സഹായി ജ്യോതീന്ദ്ര ജ്യേഷ്ഠനായിരുന്നു. പ്രകൃത്യാതന്നെ സാഹിത്യത്തിൽ അഭിരുചിയുള്ളതുമൂലം മററുള്ളവരെക്കൂടി അതിൽ അഭിരുന്മാരാക്കിത്തീർക്കുന്നതിനു അദ്ദേഹത്തിനു നിഷ്പ്ര

യശസ്സു സാധിച്ചു. രസം, അലങ്കാരം, ഗുണം, മുതലായ പലതിനെപ്പററിയും ഞങ്ങൾ വാദപ്രതിവാദം ചെയ്യുമായിരുന്നു. പ്രായക്കുറവു പരിഗണിച്ചു ഒരിക്കലും അദ്ദേഹം എന്നെ അവഗണിച്ചിരുന്നില്ല ജ്യേഷ്ഠന്റെ മുമ്പിൽ ഞാൻ സർവസ്വതന്ത്രയായിരുന്നു. ലജ്ജാഭാരവും സങ്കോചവും എനിക്കു കുറഞ്ഞു തുടങ്ങിയതു് വാസ്തവത്തിൽ അദ്ദേഹവുമായുള്ള സംസർഗ്ഗം മൂലമാണു്. ഇത്ര സ്വാതന്ത്ര്യം എനിക്കു വേറെ ആരും അനുവദിച്ചു തന്നില്ലെന്നു മാത്രമല്ല, പലരും അതിനു ജ്യേഷ്ഠനെ കുററപ്പെടുത്തിക്കൊണ്ടുമിരുന്നു. വലിയൊരു വരൾച്ച കഴിഞ്ഞാൽ പിന്നെമഴയുടെ ആവശ്യംപോലെ, കുട്ടിക്കാലത്തെ പരാധീനത കഴിഞ്ഞു് എനിക്കിത്രയും സ്വാതന്ത്ര്യത്തിന്റെ അത്യാവശ്യംതന്നെഉണ്ടായിരുന്നു ഇത്രയും സ്വാതന്ത്ര്യം അന്ന കിട്ടിയിരുന്നില്ലെങ്കിൽ എന്റെ ജീവിതം മുഴുവൻ ഒരു അല്പത്വം വ്യാപിച്ചുപോകുമായിരുന്നു. അധികാരത്തിലിരിക്കുന്നവർ, അപഥത്തിൽ സഞ്ചരിക്കുമെന്നു പറഞ്ഞു് സ്വാതന്ത്ര്യം വിട്ടുകൊടുക്കാൻ മടിക്കും. എന്നാൽ ദുരുപയോഗം ചെയ്യുന്നതിനുകൂടി അവകാശമില്ലാത്ത സ്വാതന്ത്ര്യം സ്വാതന്ത്ര്യമല്ല ദുരുപയോഗത്തിൽ നിന്നും പഠിക്കുന്ന സദുപയോഗപാഠമാണു് ശരിയായ പാഠം. എന്റെ അനുഭവത്തിലാണെങ്കിൽ, എനിക്കുകിട്ടിയ സ്വാതന്ത്ര്യംകൊണ്ടു ഏതെല്ലാം ദോഷങ്ങൾ വന്നോ അതിന്റെ പരിഹാരവും അതിൽ നിന്നുതന്നെ ഞാൻ പഠിച്ചു. അടിച്ചും പിടിച്ചും പഠിപ്പിച്ചതൊന്നും ഞാൻ പഠിച്ചില്ല. അതു വെറും ബുദ്ധിമുട്ടും പ്രാണസങ്കടവും മാത്രം. നല്ലതും ചീത്തയും ഉപദേശം ചെയ്യുന്നതിനു ജ്യേഷ്ഠൻ സ്വാതന്ത്ര്യം അനുവദിച്ചു തന്നതിനുശേഷം മാത്രമേ എന്റെ സ്വന്തം

ശക്തികൾ വികസിക്കാൻ തുടങ്ങിയുള്ളു. നന്മ പഠിക്കുന്നതിനുള്ള നിർബന്ധശ്രമങ്ങൾ തിന്മയെക്കാൾ കൂടുതൽ ഞാൻ ഭയപ്പെട്ടിരുന്നു. രാഷ്ട്ര നിയമങ്ങൾ പരിരക്ഷിക്കുന്ന പോലീസുകാരേക്കാൾ എത്രയോ കൂടുതൽ ഭയങ്കരന്മാരാണു് ധർമ്മനീതിപരിരക്ഷകന്മാർ. അവരുടെ ഉപദ്രവം മൂലമാണു് ലോകം അധികം അസ്വാതന്ത്ര്യം അനുഭവിക്കുന്നതു്.

ചിലപ്പോഴൊക്കെ ജ്യേഷ്ഠൻ 'പിയാനോ' വായിച്ചു് പുതിയ പുതിയ പാട്ടുകൾ ശരിപ്പെടുത്തുന്നതിനു ശ്രമിക്കും. അദ്ദേഹത്തിന്റെ വിരലുകളിൽ സംഗീതം നടനം ചെയ്യുകയായിരുന്നു. പിയാനോയിൽ സ്വരം ശരിപ്പെട്ടുകഴിഞ്ഞാൽ ഞാനും അക്ഷയബാബുവും അതനുസരിച്ചു പദങ്ങൾ നിർമ്മിക്കും. ഇങ്ങനെ ആയിരുന്നു പാട്ടെഴുതുന്നതിനു എനിക്കു പരിചയം ലഭിച്ചതു്.

സംഗീതത്തിന്റെ നടുവിലായിരുന്നു ഞങ്ങളുടെ ജനനവും വളർച്ചയും. കൂടാതെ, ഒരു പ്രയാസവുമില്ലാതെ ഏതു പാട്ടും പാടുന്നതിനു് എനിക്കു ഒരു പ്രത്യേകവാസനയുമുണ്ടായിരുന്നു. എങ്കിലും ശരിയായവിധത്തിൽ അഭ്യസിക്കുന്നതിനുള്ള പ്രവൃത്തിശക്തി ലഭിച്ചില്ല. അതുമൂലം ഒരു ശാസ്ത്രജ്ഞാനം അന്നു കിട്ടിയിരുന്നില്ല.

---

# സാഹിത്യസഹായി

ഹിമാലയയാത്രകഴിഞ്ഞു വന്നശേഷം എൻെറ സ്വാതന്ത്ര്യത്തിൻെറ അളവു് ക്രമേണ വർദ്ധിച്ചുവന്നു. ഭൃത്യന്മാരുടെ ഭരണം തീൎന്നു. സ്കൂളിലേയും ബന്ധനം വല്ലവിധത്തിലും അവസാനിപ്പിച്ചു. വീട്ടിലും അദ്ധ്യാപകന്മാരുടെ അക്രമത്തിന്ന അധികം ഇടവന്നില്ല. ജ്ഞാനബാബു, എന്നെ കുമാരസംഭവത്തിൽ ഒന്നുരണ്ടു സൎഗ്ഗങ്ങൾ, അല്ലറചില്ലറ വേറെ ചില കാവ്യങ്ങൾ ഇവയെല്ലാം പഠിപ്പിച്ചിട്ടു് വക്കീൽ പണിയിൽ പ്രവേശിച്ചു. പിന്നീടു് വ്രജബാബുവിൻെറ വരവായി അദ്ദേഹം ആദ്യം തന്നെ ഗോൾഡ്സ്മിത്തിൻെറ 'വിക്കാർ ആഫ് വേക്ഫീൽഡ്' തർജ്ജമ ചെയ്വാൻ എന്നോടു പറഞ്ഞു. അതെനിക്കു രസകരമായിത്തോന്നി. എങ്കിലും കൂടുതൽ കൂടുതൽ ഉപദ്രവിച്ചു തുടങ്ങിയപ്പോൾ ഞാൻ അതിൽനിന്നു പതുക്കെ പിൻമാറി.

വീട്ടുകാർ എന്നെ നിശ്ശേഷം ഉപേക്ഷിച്ചുവെന്നു പറഞ്ഞല്ലോ. ഒരുകാലത്തും എനിക്കെന്തെങ്കിലും ചെയ്യാൻ കഴിയുമെന്നു് ഞാനോ മററുള്ളവരോ വിചാരിച്ചില്ല വേറൊന്നിലും ശ്രദ്ധിക്കാതെ നോട്ടുബുക്കു മുഴുവൻ കവിതയെഴുതി നിറയ്ക്കണമെന്നായിരുന്നു എൻെറ ആഗ്രഹം. എഴുതുന്ന കവിതകളാണെങ്കിൽ അതു അതിലും വിശേഷം. 'വെടിയും പുകയു'മല്ലാതെ അതിൻെറ ഉള്ളിൽ വേറൊന്നുമില്ല. കാററടഞ്ഞ കുമിളകളും ആവേഗംകൊണ്ടുള്ള പതകളും എൻെറ കല്പനാവർത്തത്തിൽ കറ

ങ്ങിക്കറങ്ങി നിരർത്ഥകഭാവത്തിൽ പ്രത്യക്ഷപ്പെട്ടു. ഗതിയുടെ ചാഞ്ചല്യമല്ലാതെ ഒരുതരം സൃഷ്ടിഗുണവും അതിലുണ്ടായിരുന്നില്ല. പെട്ടെന്നു കിളിൎക്കുക, അതിലും പെട്ടെന്നു പൊട്ടിത്തെറിക്കുക ഇതുതന്നെ അതിന്റെ സ്വഭാവം. സത്തുവല്ലതുമുണ്ടെങ്കിൽ അതു സ്വന്തമല്ല, വല്ലവരിൽനിന്നു് കടം വാങ്ങിയ വക. അസ്വാസ്ഥ്യവും, അകത്തൊരു സ്വാതന്ത്ര്യേച്ഛയുമല്ലാതെ എന്റെ വകയായി വേറൊന്നുമില്ല. ശക്തിയുടെ പരിണതിക്കു മുമ്പു് വേഗത്തിന്റെ പ്രവൃത്തി തുടങ്ങിയാൽ അന്ധമായ ഒരു സംഭ്രമം മാത്രമായിരിക്കും അതിന്റെ ഫലം.

ജ്യോതീന്ദ്രജ്യേഷ്ഠന്റെ ഭാൎയ്യക്കു് സാഹിത്യത്തിൽ നല്ല വാസനയുണ്ടായിരുന്നു. സമയം പോക്കാൻവേണ്ടി പുസ്തകം വായിക്കുന്ന പതിവു അവൎക്കില്ല. വായിക്കുന്ന ഗ്രന്ഥങ്ങൾ അവർ നല്ലപോലെ മനസ്സിലാക്കുകയും അതിനെപ്പററി ചർച്ചചെയ്യുകയും ചെയ്യും. അവരുടെ സാഹിത്യപരിശ്രമങ്ങളിൽ പലപ്പോഴും ഞാൻ കൂടി പങ്കുകൊണ്ടിരുന്നു. 'സ്വപ്നപ്രയാണം' അവൎക്കു വളരെ ഇഷ്ടമുള്ള ഒരു ഗ്രന്ഥമായിരുന്നു, എനിക്കും ആ ഗ്രന്ഥം രസകരമായിത്തന്നെ തോന്നി. പ്രത്യേകിച്ചും, അതിന്റെ രചനയിലും വിമർശങ്ങളിലും വിശ്വസിച്ചു് ഞങ്ങൾ ജീവിച്ചിരുന്നതുകൊണ്ടു് ഹൃദയത്തിന്റെ തന്തുക്കളിൽ പോലും അതിന്റെ രസം പ്രവേശിച്ചു കഴിഞ്ഞിരുന്നു. എങ്കിലും അതിന്റെ അനുകരണം എന്റെ ശക്തിക്കു അതീതമായിരുന്നതിനാൽ ആ രീതിയിൽ ഒരു കാവ്യമെഴുതുന്നതിനു എനിക്കു സാധിച്ചില്ല.

സ്വപ്നപ്രയാണം രൂപകങ്ങളുടെ ഒരു രാജഗൃഹമാണെന്നു പറയാം. അതിലെ മുറികൾ, വരാന്തകൾ, ജന്നലുകൾ, വാതലുകൾ ഇവയുടെ കലാനൈപുണ്യം

വളരെ വിചിത്രമായിരുന്നു. മാളികകൾ മനോഹരങ്ങൾ വെളിയിലുള്ള വാടികകൾ, ക്രീഡാശൈലങ്ങൾ, നികുഞ്ജങ്ങൾ, ലതാവിതാനങ്ങൾ ഇവ എത്രയെന്നു കണക്കില്ല. രസത്തിന്റെ നിർഭരത കൂടാതെ രചനയുടെ വിപുലവൈചിത്ര്യവും അതിലെ ഒരു വിശേഷ ഗുണമായിരുന്നു. ഇത്ര മഹത്വമേറിയ ഒരു പദാർത്ഥം അതിന്റെ സർവാവയവങ്ങളിലുമുള്ള സമ്പൂർണ്ണത്വത്തോടുകൂടി നിർമ്മിക്കുകയെന്നതു എളുപ്പമുള്ള ഒരു കാര്യമല്ല. അതായിരിക്കാം അതിന്റെ ഒരനുകരണത്തിനുപോലും എനിക്കു സാധിക്കാതെ വന്നതു്.

ബിഹാരിലാൽ ചക്രവർത്തിയുടെ 'ശാരദാമംഗളഗാനങ്ങൾ' അന്നു ആര്യദർശനപത്രത്തിൽ പ്രസിദ്ധംചെയ്തുതുടങ്ങി. ജ്യേഷ്ഠത്തിക്കു ആ പാട്ടുകളിൽ വലിയ ഭ്രമമായിരുന്നു. പാട്ടുകൾ പലതും അവർ കാണാതെ പഠിച്ചു. കൂടക്കൂടെ അതിന്റെ കവിയെ അവർ വീട്ടിലേക്കു ക്ഷണിച്ചു് സൽക്കരിക്കുകയും ചെയ്തിരുന്നു. അതുമൂലം എനിക്കും അദ്ദേഹവുമായി പരിചയിക്കുന്നതിനിടയായി. ബിഹാരിലാലിനു എന്നെ വളരെ കാര്യമാണു്. ഞാനും, കാലത്തും ഉച്ചയ്ക്കും വൈകുന്നേരവും ഏതു സമയവും അദ്ദേഹത്തിന്റെ വീട്ടിൽ പോകും. ശരീരം പോലെ തന്നെ അദ്ദേഹത്തിന്റെ ഹൃദയവും വളരെ വിശാലമായിരുന്നു. പ്രസന്നമായ അദ്ദേഹത്തിന്റെ മുഖത്തെ, കവിത്വത്തിന്റെ ഒരു രശ്മിമണ്ഡലം സദാ വലയംചെയ്തിരുന്നു. കവിതയുടെ കരുണാമൂർത്തിയാണദ്ദേഹം എന്നു പറഞ്ഞാലും അതു തെറ്റല്ല. കവിതയുടെ ആ പരമാനന്ദം എപ്പോഴും അദ്ദേഹമനുഭവിക്കും. വീട്ടിൽ ചെന്നിരുന്ന സമയങ്ങളിലെല്ലാം ആ കാറ്റു എന്നേയും വീശാതിരുന്നില്ല. മുകളിൽ മൂന്നാ

മത്തെ നിലയിലുള്ള ഒരു ചെറിയ മുറിയിൽ, സിമ്മൻറിട്ട തറയിൽ കുനിഞ്ഞിരുന്നു മൂളിക്കൊണ്ടു കവിതയെഴുതുന്ന പല മദ്ധ്യാഹ്നങ്ങളിലും ഞാൻ അവിടെ കയറിച്ചെല്ലും. കുട്ടിയാണെങ്കിലും എന്നെ വളരെ സ്നേഹാദരങ്ങളോടെ വിളിച്ചിരുത്തി അദ്ദേഹം കവിത വായിച്ചു കേൾപ്പിക്കും. ചിലപ്പോഴൊക്കെ പാടുകയും ചെയ്യും. പാട്ടിൻെറ സ്വരം അത്ര മധുരമാണെന്നു പറയാൻ നിവൃത്തിയില്ല. എങ്കിലും ഒരിക്കലും അസുഖമായി തോന്നിയിട്ടില്ല. നേരേമറിച്ച് രാഗത്തിൻെറ സ്വഭാവം അതിൽനിന്നു ആർക്കും എളുപ്പത്തിൽ മനസ്സിലാക്കുകയും ചെയ്യാം, ഗംഭീരമായ സ്വരത്തിൽ കണ്ണുകൾ രണ്ടും നല്ലപോലെ തുറന്നാണ് അദ്ദേഹം പാടുന്നതു്. പാട്ടിൽ പ്രകടിതമാകാത്ത ഭാവങ്ങൾ രസാഭിനയത്തിൽ തീർച്ചയായും കാണാൻ കഴിയും. അന്നത്തെ പാട്ടുകൾ പലതും ഇന്നും ഞാൻ കേൾക്കുന്നുവെന്നു തോന്നിപ്പോകുന്നു. ചിലപ്പോഴൊക്കെ ഞാനും അദ്ദേഹത്തിൻെറ താളമൊപ്പിച്ചു പാടും.

ബിഹാരിലാൽ ബാബുവിന് വാല്മീകിയേയും കാളിദാസനേയും വലിയ ബഹുമാനമായിരുന്നു. ഒരുദിവസം കുമാരസംഭവത്തിലെ ആദ്യത്തെ ശ്ലോകം നല്ല സ്വരവ്യക്തിയോടെ ചൊല്ലിക്കേൾപ്പിച്ചിട്ടു അദ്ദേഹമെന്നോടു പറഞ്ഞു.

"ഈ ശ്ലോകത്തിൽ ഒട്ടധികം ദീർഘ ആകാരം കവി പ്രയോഗിച്ചിരിക്കുന്നു. അതു ഒരിക്കലും ഒരു ആകസ്മികസംഭവമല്ല. ഹിമാലയത്തിൻെറ ഉദാരമഹിമ, ശബ്ദശ്രവണത്തിൽ പോലും തോന്നിപ്പിക്കുന്നതിനുവേണ്ടിയാണ് 'ദേവതാത്മാ' എന്നു തുടങ്ങി അവസാനംവരെ അനേകം ആകാരങ്ങൾ കവി നിർബന്ധപൂർവ്വം ശ്ലോകത്തിൽ നിർബന്ധിച്ചിരിക്കുന്നതു"

ബിഹാരിബാബുവിനെപ്പോലെ കവിതയെഴുതണമെന്നായി പിന്നീട്ട എന്റെ ആശ. ചിലപ്പോഴൊക്കെ എന്റെ കവിത ആ തോതിലെത്തിയെന്ന എനിക്കു തോന്നി. പക്ഷേ ജ്യേഷ്ഠത്തി അതു വകവച്ചുതന്നില്ല. "മന്ദഃ കവിയശഃ പ്രാത്ഥീ ഗമിഷ്യാമ്യുപഹാസ്യതാം" എന്നു കൂടക്കൂടെ അവർ എന്നോടു പറയുമായിരുന്നു. അഹങ്കാരത്തിന്ന പ്രോത്സാഹനം നൽകിയാൽ അതാപത്തായിത്തീരുമെന്നു അവക്കറിയാം. അതുകൊണ്ടു എന്റെ കവിതയെന്നല്ല പാട്ടുപോലും ഒരിക്കലും അവർ പ്രശംസിച്ചിരുന്നില്ല. ഇന്നാരുടെ കണ്ഠം എത്ര മധുരമായിരിക്കുന്നുവെന്നു ചിലരെ പററി എന്റെ മുമ്പിൽ ചിലപ്പോഴൊക്കെ അവർ പ്രസ്താവിക്കും. അതെല്ലാം കേട്ടു കേട്ടു എന്റെ സ്വരം അത്ര നല്ലതല്ലെന്നു ഒരു ധാരണ എനിക്കുണ്ടായി. കവിതയുടെ കാൎയ്യത്തിലു കഥ ഏകദേശം ഇതുതന്നെ. എങ്കിലും അഭിമാനത്തിന്ന അന്നെനിക്കു ആ ഒരു ക്ഷേത്രം മാത്രമേ ശേഷിച്ചിട്ടുണ്ടായിരുന്നുള്ളൂ. അതുകൊണ്ടു അന്യരുടെ അഭിപ്രായങ്ങൾ അക്കാൎയ്യത്തിൽ എന്നെ നിരുത്സാഹനാക്കിയില്ല. പോരെങ്കിൽ ഹൃദയത്തിലിരുന്ന കവിതാശക്തിയെ അപ്പടി അമൎത്തിക്കളയുന്നതിന്ന ആക്കും സാധിച്ചതുമില്ല.

# പ്രസിദ്ധീകരണം

എന്റെ കവിതകൾക്കു ഇതേവരെ സ്വന്തം വീട്ടിനകത്തു മാത്രമേ പ്രചാരമുണ്ടായിരുന്നുള്ളു. ഇപ്പോൾ 'ജ്ഞാനാങ്കുരം' എന്നൊരു പത്രം കൽക്കത്തയിൽ നിന്നും പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. പത്രത്തിന്റെ പേരനുസരിച്ച്, അങ്കുരിച്ചുവരുന്ന ഒരു കവിയേയും അതിന്റെ ആവശ്യത്തിന് പ്രവർത്തകന്മാർ തിരഞ്ഞെടുത്തു. അന്നുമുതൽ എന്റെ കവിതാപ്രലാപങ്ങൾ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. കാലന്റെ ഡർബാറിൽ എന്റെ കണക്കെടുക്കുന്ന കാലത്ത്, അവിടുള്ള വല്ല സാഹിത്യ പോലീസും പഴയ റിക്കാർഡുകൾ പരിശോധിച്ചു തുടങ്ങുമെങ്കിൽ അതു വലിയ അപകടത്തിലാകുമെന്നു ഞാൻ പലപ്പോഴും ഭയപ്പെടാറുണ്ട്. എന്റെ ആദ്യത്തെ ഗദ്യപ്രബന്ധം ജ്ഞാനാങ്കുരത്തിലാണ് പ്രസിദ്ധപ്പെടുത്തിയതു്. അതൊരു വിമർശനമായിരുന്നു. ഒരു ചെറിയ ചരിത്രം കൂടി അതിനില്ലാതില്ല.

'ഭുവനമോഹിനീപ്രതിഭ' എന്ന് അക്കാലത്തു ഒരു പദ്യ ഗ്രന്ഥം പ്രസിദ്ധീകൃതമായി. ഭുവനമോഹിനിയെന്ന ഏതോ ഒരു കവിയിത്രിയുടെ കവിതകളായിരിക്കണം അതെന്നാണ് പലരും വിചാരിച്ചതു്. 'സാധാരണി'പത്രത്തിൽ അക്ഷയസർക്കാരും 'എഡ്യുക്കേഷൻ ഗസററിൽ' ഭൂദേവബാബുവും ആ കവിതയ്ക്കു മംഗളം ആശംസിച്ചു സ്തുതിച്ചു.

എനിക്കു അന്നൊരു സ്നേഹിതനുണ്ടായിരുന്നു. വയസ്സു എന്നെക്കാൾ അയാൾക്കു വളരെ കൂടുതലുണ്ട്. കൂട

ക്കൂടെ ഭുവനമോഹിനി എഴുതിയിട്ടുള്ള എഴുത്തുകൾ കൊണ്ടുവന്നു് അയാൾ എന്നെ കാണിക്കും. പ്രതിഭയിലെ കവിതയിലും സ്നേഹിതൻ വല്ലാതെ ഇളകിപ്പോയി. അതുകൊണ്ടു അയാ എഴുത്തിലെ മേൽവിലാസത്തിൽ പല പ്പോഴും പല സമ്മാനങ്ങളും അദ്ദേഹം അയച്ചുകൊണ്ടിരുന്നു.

പ്രതിഭയിലെ പല ഭാഗങ്ങളിലും അതൊരു സ്ത്രീയുടെ കവിതയാണെന്നു വിചാരിക്കാൻ വയ്യാത്തവിധം ഭാഷയിലും ഭാവത്തിലും അസാധാരണമായ ഒരനിയന്ത്രണമുണ്ടു്. കത്തിലെ കൈയെഴുത്തു നോക്കിയാലും അതൊരു സ്ത്രീയുടേതാണെന്നു വിശ്വസിക്കുന്ന കാര്യം വിഷമം. പക്ഷേ ഞാനെത്ര സംശയിച്ചിട്ടും എന്റെ സ്നേഹിതന്റെ അഭിപ്രായത്തെ അതു ലവലേശം ബാധിച്ചില്ല. ഏതായാലും 'ഭുവനമോഹിനീപ്രതിഭ' 'ദുഃഖസംഗിനീ' 'അവസരസരോജിനീ' എന്നീ മൂന്നു ഗ്രന്ഥങ്ങളെ അവലംബിച്ചു ഒരു ദീർഘവിമർശനമെഴുതി ജ്ഞാനാങ്കുരത്തിൽ ഞാൻ പ്രസിദ്ധപ്പെടുത്തി.

വിമർശം തീരെ നിർദ്ദയമായിരുന്നു. ഖണ്ഡകാവ്യത്തിന്റേയും ഗീതികാവ്യത്തിന്റേയും ലക്ഷണങ്ങൾ, അവ തമ്മിലുള്ള വ്യത്യാസം ഇതെല്ലാം ഭംഗിയായി വിശകലനം ചെയ്ത ഒരു പ്രൗഢലേഖനമായിരുന്നു അതു്. ഭാഷയുടേയോ ആശയത്തിന്റേയോ ഏതെങ്കിലുമൊരുഭാഗത്തുനിന്നു് ലേഖകന്റെ സ്ഥിതിഗതികളുടെ സൂചനകൾ ഒന്നും കിട്ടാൻ സാധിച്ചില്ലെന്നുള്ളതാണു് ആ ലേഖനത്തിന്റെ വേറൊരു വിശേഷം. ഏതിനും പ്രസിദ്ധംചെയ്ത പിറേറദിവസം സ്നേഹിതൻ ഓടിവന്നു എന്റെ ലേഖനത്തിനു ശരിയായ ഒരു മറുപടി ഒരു ബി. എ-ക്കാരൻ എഴുതിത്തയാറാക്കുന്നുവെന്നു എന്നെ അറിയിച്ചു. അമ്പടാ

ഒരു ബി. ഏ-ക്കാരൻ! അല്പനേരം എനിക്കു സംസാരിക്കാൻ പോലും കഴിഞ്ഞില്ല. ശൈശവത്തിൽ ഒരു ദിവസം സത്യൻ, എന്നെ പേടിപ്പെടുത്താൻ വീട്ടിൻെറ വരാന്തയിൽ നിന്നു പോലീസുകാരനെ വിളിച്ചപ്പോൾപോലും എനിക്കിത്ര ഭയമുണ്ടായില്ല. ഖണ്ഡകാവ്യത്തിൻെറ മഹിമയെപ്പററി ഞാൻ കെട്ടിപ്പൊക്കിയ മനോഹരസൗധം ഇതാ ഒരു ബി. ഏ-ക്കാരൻെറ പ്രമാണങ്ങൾ നിറഞ്ഞ പീരങ്കിതൾ കൊണ്ടു തകടം മറിയാൻ പോകുന്നു. ഇനി എങ്ങിനെ ഞാൻ വായനക്കാരുടെ മുഖത്തു നോക്കും. എൻെറ വിമർശമേ! നിനക്കു ശനിദശ തന്നെ. എത്രയോ ദിനരാത്രങ്ങൾ ഞാൻ ഇങ്ങനെ നിരാശയിൽ കഴിച്ചുകൂട്ടി. എന്നാൽ സത്യൻെറ പോലീസുകാരനെപ്പോലെ തന്നെ സ്നേഹിതൻെറ·വിമർശക ബി. ഏ-യും ഒരിക്കലും പ്രത്യക്ഷനായേ ഇല്ല.

---

# ഭാനുസിംഹൻെറ പദാവലി

---

അക്ഷയചന്ദ്രസക്കാറും ശാരദാചരൺമിത്രനും കൂടി പ്രസിദ്ധംചെയ്ത പ്രാചീനകാവ്യസംഗ്രഹം വളരെ ശ്രദ്ധയോടെ ഞാൻ വായിച്ചുവെന്നു പറഞ്ഞതല്ലൊ. മൈഥിലി കലർന്ന അതിലെ ഭാഷ എനിക്കു നല്ലപോലെ മനസ്സിലായില്ല. അതുകൊണ്ടു കുറേക്കൂടി ശ്രദ്ധിച്ചു വായിക്കേണ്ടി വന്നു. അണ്ഡിസ്ലൂക്കളിലുള്ള അങ്കുരശക്തി, ഭൂമിക്കു താഴെയുള്ള രഹസ്യങ്ങൾ, ഇവപോലെ പ്രാചീനകവികളുടെ കാവ്യരചനയിലും അസാധാരണമായ ഒരു കൗതുകം എനിക്കു തോന്നി. ആവരണങ്ങൾ ക്രമേണ മാറുംതോറും അപരിചിതമായ ഒരു കാവ്യരത്നം എൻെറ കൺമുമ്പിൽ വീഴുമെന്നായിരുന്നു പ്രത്യാശ. ഇങ്ങനെ അന്ധകാരത്തിൽ കിടക്കുന്ന അനർഘ രത്നങ്ങൾ തേടിപ്പിടിക്കുന്നതിനു ശ്രമിച്ച കൂട്ടത്തിൽ എനിക്കും അത്തരം ഒരു ഹാസ്യാവരണത്തിൽ അല്പം ആശ തോന്നി. അക്ഷയ ബാബുവിൻെറ അടുത്തുനിന്നും ഇംഗ്ലീഷുകവിയായ ചാററർട്ടൻെറ കവിതയെപ്പററി ഒരു രൂപവും എനിക്കുണ്ടായിരുന്നില്ല. അക്ഷ ബാബു തന്നെ വിശേഷമായി അതിനെപ്പററി വല്ലതുമറിഞ്ഞിരുന്നോ എന്ന കാര്യം സംശയം. എതിനും എൻെറ കാര്യത്തിൽ ഞാൻ അതറിയാതെ ഇരുന്നതു ഭാഗ്യമായി. ചാററർട്ടൻെറ ജീവിതകഥയിൽ ഒരു നാടകീയത ഉണ്ടായിരുന്നു. അതെൻെറ കല്പനാശക്തിയെ നല്ലപോലെ സ്പർശിച്ചു. പ്രാചീന

കവികളുടെ മാതൃകയനുസരിച്ചു അദ്ദേഹം ഒരിക്കൽ എഴുതിയ കവിത മററുള്ളവർക്കു മനസ്സിലാക്കാൻ സാധിച്ചില്ല. പതിനാറാമത്തെ വയസ്സിൽ ആ യുവകവി ആത്മഹത്യചെയ്തു. ആത്മഹത്യ ഒഴിച്ചു് ബാക്കിയുള്ള കാര്യങ്ങളിൽ ചാറററ്ട്ടിനെ ഒന്നനുകരിക്കണമെന്നു ഏതായാലും ഞാൻ തീർച്ചപ്പെടുത്തി.

ഒരു ദിവസം ഉച്ചയ്ക്കു് വലിയൊരു മഴക്കോളു കണ്ടു. കറുത്തിരുണ്ട മേഘങ്ങളുടെ തണലിൽ വീട്ടിനകത്തു ഒരു കട്ടിലിലിരുന്നുകൊണ്ടു് "ഗഹനകുസുമകുഞ്ജമാഝെ" എന്നു ഞാൻ സ്ലേററിലെഴുതി. അതു വായിച്ചുനോക്കിയപ്പോൾ വളരെ സന്തോഷമായി. കുറച്ചുകഴിഞ്ഞു് മുറിയിൽ വന്നുചേന്ന വേറൊരുവനേയും ഞാനതു വായിച്ചു കേൾപ്പിച്ചു. 'ഭേഷ്, ബലേഭേഷ്' എന്നയാൾ സമ്മതിച്ചു സർട്ടിഫിക്കററെഴുതി. അയാൾ അറിഞ്ഞതുമൂലം കാര്യത്തിനു വിഷമമൊന്നും വരാനില്ല.

ബ്രഹ്മസമാജംവക ഗ്രന്ഥശാല തിരഞ്ഞുനോക്കിയ കൂട്ടത്തിൽ ഒരു പഴയഗ്രന്ഥം കണ്ടുകിട്ടിയെന്നും അതിൽനിന്നു് ഭാനുസിംഹൻ എന്ന ഒരു പ്രാചീനകവിയുടെ ചില പദാവലി ഞാൻ പകർത്തി എടുത്തുവെന്നും ഏതാനും ദിവസങ്ങൾ കഴിഞ്ഞു് ഒരു ദിവസം എൻെറ ഒരു പഴയ സ്നേഹിതനെ ഞാൻ അറിയിച്ചു. കവിതയും കുറെ വായിച്ചു കേൾപ്പിച്ചു. അതുകേട്ടു അദ്ദേഹമൊന്നു ഞെട്ടിപ്പോയി.

"ഈ ഗ്രന്ഥം തീർച്ചയായും എനിക്കു വേണം. വിദ്യാപതിയിലൊ ചണ്ഡിദാസനിലൊ നിന്നുപോലും ഇത്ര മനോഹരമായ കവിതകൾ പുറപ്പെടുന്ന കാര്യം വിഷമം. ഇതിനെ പ്രാചീനകാവ്യസംഗ്രഹഗ്രന്ഥാവലിയിൽ ചേത്തു പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി ഞാൻ അക്ഷയബാ

ബുവിനയച്ചുകൊടുക്കാം" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

വീണ്ടും കാപ്പിബുക്ക മുഴുവൻ കാണിച്ചു. അതൊരിക്കലും വിദ്യാപതിയുടേയോ ചണ്ഡിദാസന്റേയോ ആയിരിക്കാൻ തരമില്ലെന്നു ഞാൻ സമത്ഥിച്ചു "തീച്ചയായും അല്ല" എന്നു സ്നേഹിതൻ സമ്മതിക്കയും ചെയ്തു. വാസ്തത്തിൽ ആ പ്രാചീനഗ്രന്ഥത്തിന്റെ കവി വേറാരുമല്ല, ഞാൻതന്നെ.

'ഭാരതി'മാസികയിൽ 'ഭാനുസിംഹൻ' പ്രസിദ്ധപ്പെടുത്തിയ കാലത്തു്, ഡാക്ടർ നിശികാന്തചാററർജി ജമ്മനിയിൽ താമസിക്കുകയായിരുന്നു. ബങ്കാളിഗീതികാവ്യവും പാശ്ചാത്യകവിതയുമായി താരതമ്യപ്പെടുത്തി അദ്ദേഹം ആയിടെ ഒരു ചെറുഗ്രന്ഥമെഴുതി. അതിൽ ഭാനുസിംഹന്റെ കവിതയ്ക്കു കൊടുത്തിരുന്ന സ്ഥാനം ഇന്നത്തെ കവികൾക്കു സ്വപ്നം കാണാൻപോലും സാധിക്കുകയില്ല. ആ ഗ്രന്ഥമെഴുതിയാണു് നിശികാന്തൻ പി. എച്ചു്. ഡി സ്ഥാനം സമ്പാദിച്ചതു്.

ഭാനുസിംഹന്റെ കവിത ഇപ്പോൾ എന്റെ കയ്യിൽ കിട്ടിയാൽ ഞാൻ കുഴഞ്ഞുപോകും. ഭാഷയ്ക്കു പ്രാചീനതയുടെ ഒരു ഛായയുണ്ടെന്നുള്ളതിനു സംശയമില്ല. മൈഥിലി പ്രാചീനകവികളുടെ മാതൃഭാഷയായിരുന്നില്ല. അതു വെറുമൊരു കൃത്രിമഭാഷമാത്രം. ഭിന്നഭിന്നകവികളുടെ ഭാഷകളിൽ അന്നു അല്പാല്പം ഭേദമുണ്ടായിരുന്നെങ്കിലും അവയുടെ രസഭാവങ്ങളിൽ യാതൊരു കൃത്രിമതയുമുണ്ടായിരുന്നില്ല. നേരേമറിച്ചു് ഭാനുസിംഹന്റെ കവിത ഒന്നു ഞെക്കിനോക്കിയാൽ ഉടൻ പൂച്ച വെളിയിലാകും. വൈഷ്ണവകവികളുടെ വിശിഷ്ടമായ വേണുഗാനത്തിനുപകരം, ആധുനികകാലത്തെ 'പറ പറ'ഗാനമാണു് അതിൽ മുഴങ്ങിക്കൊണ്ടിരുന്നതു്.

# ദേശാഭിമാനം

വെളിയിൽ നിന്നുള്ള ഒററനോട്ടത്തിന് ഞങ്ങളുടെ വീട്ടിൽ പാശ്ചാത്യപരിഷ്കാരത്തിൻെറ ഭ്രമം ധാരാളമുണ്ടായിരുന്നുവെന്നുതോന്നും. എന്നാൽ അതിനെല്ലാം അകത്തായി ദീപ്തമായ ഒരു ദേശാഭിമാനവും ജ്വലിക്കുന്നുണ്ടായിരുന്നു. അച്ഛൻെറ സകല പ്രവൃത്തികളിലും പരിശോഭിച്ചിരുന്ന ആ അഭിമാനമാണു വീട്ടിലും നിഴലിച്ചു കണ്ടിരുന്നതെന്നുള്ളതിനു സംശയമില്ല. പക്ഷെ ആക്കാലം ഒരിക്കലും സ്വദേശസ്നേഹത്തിൻെറ കാലമല്ല. അഭ്യസ്തവിദ്യരായ സകലരും സ്വന്തം ഭാഷയും സ്വന്തം ദേശവും വെറുത്തിരുന്നു. എൻെറ ജ്യേഷ്ഠന്മാരെ മാത്രം ബംഗാളിഭാഷയിൽ ഒരനാസ്ഥയും കാണിക്കാൻ അച്ഛൻ അനുവദിച്ചില്ല. ഒരു ദിവസം അവരിലാരോ ഇംഗ്ലീഷിൽ എഴുതി അയച്ച ഒരു കത്തു അച്ഛൻ തുറന്നുനോക്കാതെ തിരിച്ചയച്ചുകളഞ്ഞു.

ഞങ്ങളുടെ എല്ലാം സഹായത്തോടെ വീട്ടിനടുത്ത ഒരു സ്ഥലത്തായി ഒരു 'ഹിന്ദു സമ്മേളനം' ആരംഭിച്ചു. നവഗോപാലമിത്രനായിരുന്നു അതിൻെറ സെക്രട്ടറി. ഭാരതമാതാവിനെ ഭക്തിയോടു പൂജിക്കാനുള്ള സമാരംഭങ്ങളിൽ പക്ഷേ ഇൻഡ്യയിൽ ഇതാദ്യത്തേതായിരിക്കാം. മൂത്തജ്യേഷ്ഠൻെറ 'ഭാരതേർജയ' എന്ന പ്രസിദ്ധദേശീയഗാനം അന്നായിരുന്നു രചിക്കപ്പെട്ടതു്. ദേശീയഗാനങ്ങളും കവിതകളും നിർമ്മിച്ചു പാടുക, സ്വദേശിപ്രദർശനങ്ങൾ നടത്തുക, കലകളും കായികാഭ്യാസങ്ങളും പ്രദർശിപ്പിക്കുക, ദേശാഭിമാനികളേയും പണ്ഡിതന്മാരേയും

ക്ഷണിച്ചുവരുത്തി അഭിനന്ദിക്കുക ഇതെല്ലാമായിരുന്നു ഹിന്ദുമേളയിലെ ചില ചടങ്ങുകൾ.

ലാർഡ് കർസൻെറ ഡൽഹിഡർബർകാലത്തു് ഞാനൊരു ഗദ്യപ്രബന്ധമെഴുതി, ലിട്ടൻെറ കാലത്തു അതുപോലൊരു കവിതയുമെഴുതി. അന്നത്തെ ബ്രിട്ടീഷ് ഗവൺമെൻറ് റഷ്യാക്കാരെ വല്ലാതെ ഭയപ്പെട്ടിരുന്നു. പതിനാറു വയസ്സു മാത്രം പ്രായം ചെന്ന ഒരു ബാലകവിയുടെ ചേഷ്ടകളെപ്പററി അന്നാരും അത്ര വകവച്ചിരുന്നില്ല. അതുകൊണ്ടു പ്രാസത്തിനനുസരിച്ചു എൻെറ കവിതയിൽ തീപ്പൊരികൾ ധാരാളമുണ്ടായിരുന്നെങ്കിലും സേനാപതി തുടങ്ങി പോലീസുകാരൻ വരെയുള്ള സമാധാനപരിപാലകരിലാരും അനങ്ങിയതേയില്ല. ബാലകവിയുടെ ഈ ധൃഷ്ടത മുളയിൽ തന്നെ നുള്ളിക്കളയണമെന്നു ബ്രിട്ടീഷ് ഗവൺമെൻറിനെ ഉദ്ബോധിപ്പിച്ചുകൊണ്ടു ടൈംസ് പത്രത്തിൽ ലേഖനമെഴുതുന്നതിനും അന്നു് ആരും മുതിർന്നില്ല. ഹിന്ദുസമ്മേളനം കൂടിയിരുന്ന വടവൃക്ഷത്തിൻെറ ചുവട്ടിൽ നിന്നു് ഉറക്കെ ഞാൻ ആ കവിത വായിച്ചു സദസ്സിനെ രസിപ്പിച്ചു. സദസ്യരുടെ കൂട്ടത്തിൽ മഹാകവി നവീൻസേനനുമുണ്ടായിരുന്നു. പ്രായമായതിനുശേഷം ഒരുദിവസം ഈ കഥ അദ്ദേഹമെന്നോടു പറയുകയുണ്ടായി.

ജ്യോതിജ്യേഷ്ഠൻെറ ഉത്സാഹത്തിൽ ഞങ്ങൾ ഒരു രാഷ്ട്രീയസഭ സ്ഥാപിച്ചു. രാജനാരായണബാബുവായിരുന്നു അതിൻെറ അദ്ധ്യക്ഷൻ. കൽക്കത്തെയിലെ ഒരൊഴിഞ്ഞ കോർണ്ണിൽ പഴയ ഒരു വീട്ടിൽ വച്ചു അതിൻെറ യോഗങ്ങൾ നടത്തി. നടപടികൾ വളരെ രഹസ്യമായി ഞങ്ങൾ സൂക്ഷിച്ചു. പക്ഷെ, ആ രഹസ്യത്തിൽ വലിയ

അത്ഥമൊന്നുമുണ്ടായിരുന്നില്ല. ഭരണാധികാരികൾക്കാകട്ടെ, ഭരണീയക്കാകട്ടെ, ഭയപ്പെടത്തക്കവിധം യോഗനടപടികളിൽ ഒന്നുമില്ലായിരുന്നു. എങ്കിലും സഭക്കൂടാറുള്ള മധ്യാഹ്നസമയങ്ങളിൽ ഞങ്ങൾ എവിടെയായിരുന്നുവെന്നു വീട്ടുകാക്കുപോലും അറിയാൻ കഴിഞ്ഞില്ല. യോഗശാലയുടെ കതകടച്ചിരിക്കും; മുറി ഇരുട്ടടഞ്ഞിരിക്കും; വേദമന്ത്രം ചൊല്ലി നടപടികൾ ആരംഭിക്കും; പതുക്കെ പതുക്കെ സംഭാഷണം ചെയ്യും, ഇതെല്ലാം സഭയുടെ ഗൗരവത്തിനു ധാരാളം മതിയായിരുന്നു. കൂട്ടത്തിലൊന്നും ഞങ്ങൾ ആശിച്ചില്ല. എന്നെപ്പോലെ ഏററവും പ്രായം കുറഞ്ഞവരും സംഘത്തിൽ അംഗങ്ങളായിട്ടുണ്ടായിരുന്നു. ഉത്സാഹപൂണ്ണമായ അന്തരീക്ഷത്തിൽ പലപ്പോഴും ഞങ്ങൾ അറിയാതെ ഉയന്നു പൊങ്ങിപ്പോകും. ലജ്ജയാകട്ടെ, ഭയമാകട്ടെ അല്പംപോലുമില്ല. ഉത്സാഹത്തിൻെറ ഉണർച്ചയിൽ അല്പനേരം ഞങ്ങൾ ആനന്ദിച്ചുവെന്നതാണു യോഗത്തിൻെറ പ്രധാന ഫലം.

വീയ്യപരാക്രമങ്ങൾ പലപ്പോഴും നമുക്കു അസൌകയ്യം ജനിപ്പിക്കും. എങ്കിലും ജനങ്ങളുടെ ബഹുമാനം അവയിൽ ഒരിക്കലും കുറയുകയില്ല. ആ ബഹുമാനം സ്ഥിരമായി നിലനിത്തുന്നതിനുവേണ്ടിയുള്ള ശ്രമം ലോകത്തിലെ ഏതു സാഹിത്യത്തിലും സ്ഥാനം പിടിച്ചിട്ടുണ്ട്. പലവിധ നിലകളിലുള്ള ജനങ്ങൾ അവിടവിടെ എങ്ങിനെ എല്ലാം ജീവിച്ചിരുന്നാലും, ആ ഉത്തേജനശക്തിയുടെ തള്ളൽ അവരെ ഒന്നാക്കാതിരിക്കയില്ല. സഭക്കൂടിയും, സംസാരിച്ചും, പാട്ടുപാടിയും മററും ഞങ്ങളും ആ പ്രേരണയോടു നല്ലപോലെ അനുഭാവം കാണിച്ചുപോന്നു.

മനുഷ്യക്ക് സ്വാഭാവികവും സമാദരണീയവുമായ വികാരങ്ങളുടെ ഗതാഗതങ്ങൾക്കുള്ള മാർഗ്ഗങ്ങൾ നിശ്ശേഷം ബന്ധിച്ചുകളയുന്നതു എപ്പോഴും അപായകരമാകുന്നു. ഒരു മഹാസാമ്രാജ്യത്തിന്റെ ഭരണക്രമത്തിൽ വെറും പേന കറക്കുന്ന ജോലിമാത്രം നമുക്കു കിട്ടിയതുകൊണ്ടു് വിശി ഷ്ടമായ നമ്മുടെ വിചിത്ര ശക്തികളുടെ പ്രയോഗത്തിനു അവ എങ്ങിനെ സഹായിക്കും? രാജ്യഭരണത്തിൽ വീര കർമ്മത്തിനു ശരിയായ സ്ഥാനമില്ലെങ്കിൽ മനുഷ്യധർമ്മം മലിനപ്പെടുക തന്നെചെയ്യും. സ്വാതന്ത്ര്യം ലഭിക്കാത്തി ടത്തു് രഹസ്യശക്തികൾ പ്രവർത്തനം നടത്തുന്നു. പിന്നീ ടുള്ള രാജ്യഗതി എങ്ങോട്ടെന്നു് നിർണ്ണയിക്കാൻ വിഷമം. അന്നത്തെ ഗവണ്മെൻറു ഇന്നത്തെപ്പോലെ സകലത്തി നേയും സംശയിച്ചുതുടങ്ങിയിരുന്നെങ്കിൽ ഞങ്ങളുടെ സഭ കളുടേയും സ്വഭാവഗതി മാറിയിരുന്നേനെ എന്നു ഞാൻ വിചാരിക്കുന്നു. ഏതിനും ആ നാടകം അങ്ങിനെ അവ സാനിച്ചു. ഫോർട്ടുവില്യമിന്റെ ഒരു ചെങ്കല്ലുപോലും അതുമൂലമിളകിയില്ല. അതെല്ലാമോർത്തു ഞങ്ങൾക്കു് ഇന്നു ചിരിക്കാനേ കഴിയുന്നുള്ളു.

ഇൻഡ്യക്കു ആകപ്പാടെ ഒരു ദേശീയ വസ്ത്രധാരണ രീതി വേണമെന്നു ജ്യോതിജ്യേഷ്ഠനു അഭിപ്രായമുണ്ടായി രുന്നു. അതു സംബന്ധിച്ച് പല നിർദ്ദേശങ്ങളും അദ്ദേ ഹം ഞങ്ങളുടെ സമാജത്തിൽ ഹാജരാക്കി. 'ധോത്തി' സ്വാതന്ത്ര്യം തരുന്നതല്ലെങ്കിൽ 'പൈജാമ' വെറും വി ദേശി. അതുകൊണ്ടു അവ രണ്ടിനും തമ്മിൽ ഒരു സന്ധി ഏർപ്പെടുത്തുന്നതിനു് ഞങ്ങൾ നിശ്ചയിച്ചു മുമ്പിലും പിമ്പിലും ചില കിന്നരിപ്രയോഗങ്ങൾ നടത്തി പൈ ജാമയ്ക്കു ധോത്തിയുടെ രൂപം കൊടുക്കണമെന്നായിരുന്നു

ജ്യേഷ്ഠന്റെ തീരുമാനം. തൊപ്പിയും തലപ്പാവും കൂട്ടച്ചേർത്തു വാർത്തെടുത്ത വേറൊരു സാധനം തലയിൽ വയ്ക്കുന്നതിനു മുഴക്കിറുക്കന്മാർക്കുപോലും മടിതോന്നും. ഇങ്ങനെ പുതുതായി കണ്ടുപിടിച്ച ഒരു ദേശീയവേഷം മററുള്ളവർ അറിയുന്നതിനു മുമ്പു് തന്നെ ധരിച്ചുകൊണ്ടു വെളിയിൽ ഇറങ്ങുകയെന്നതു് അത്ര നിസ്സാരകാര്യമല്ല. ജ്യേഷ്ഠൻ ഒരു ദിവസം ഈ പുതിയ വേഷവും ധരിച്ചു് വീട്ടിൽനിന്നു വെളിയിലിറങ്ങി സഗൗരവം വണ്ടിയിൽ കയറി വീട്ടുകാരും, വഴിപോക്കരും, വണ്ടിക്കാരനും എല്ലാവരും അതുകണ്ടു അമ്പരന്നുനിന്നുപോയി. പക്ഷേ അദ്ദേഹം അതൊന്നും വകവച്ചില്ല. ദേശത്തിനുവേണ്ടി ആത്മബലി കൊടുക്കുന്ന ആളുകൾ അധികമുണ്ടാകാം. എന്നാൽ ഇത്തരം സ്വപ്നത്തിലിരിക്കുന്ന ഒരു ദേശീയവേഷവും ധരിച്ചു് കൽക്കത്താ പട്ടണത്തിന്റെ തെരുവുകളിൽ കൂടി നടക്കാൻ ധൈര്യമുള്ളവർ എത്രപേർ കാണുമെന്നെനിക്കറിഞ്ഞുകൂടാ!

എല്ലാ ഞായറാഴ്ചയും ജ്യോതിജ്യേഷ്ഠൻ ഒരു നായാട്ടു ഏർപ്പാടുചെയ്തിരുന്നു. ക്ഷണിച്ചും അല്ലാതേയും ആ സംഘത്തിൽ ധാരാളമാളുകൾ ചേർന്നിരുന്നതുകൊണ്ടു അതിൽ പലരേയും ഞാൻ അറിഞ്ഞിരുന്നില്ല. കൊല്ലൻ, പണിക്കൻ, ചെമ്മാൻ തുടങ്ങിയ നാനാവർഗ്ഗക്കാരും നായാട്ടു സംഘത്തിലെ അംഗങ്ങളാണു്. കൊലയും രക്തപാതവുമില്ലാതിരുന്നുവെന്നതായിരുന്നു ഞങ്ങളുടെ നായാട്ടിന്റെ ഒരു വിശേഷം. മറെറല്ലാ ചടങ്ങുകളും പരിപൂർണ്ണമായിരുന്നതുകൊണ്ടു പശുപക്ഷികളുടെ മൃതദേഹത്തിന്റെ കുറവു ഞങ്ങളത്ര വകവച്ചില്ല. കാലത്തു നായാട്ടിനു തിരിക്കുമ്പോൾ ജ്യേഷ്ഠത്തി പലഹാരങ്ങൾ നിറഞ്ഞ ഒരു പൊതി കെട്ടി ഞങ്ങളുടെ കയ്യിൽ തരും. ആഹാരസാധനം വേട്ട

യാടി സമ്പാദിക്കേണ്ട ആവശ്യം നേരിടാത്തതുകൊണ്ടു് ഒരു ദിവസവും നായാട്ടിൽ ഞങ്ങൾക്കു പട്ടിണി കിടക്കേണ്ടിവന്നില്ല. മാണിക്യതലത്തെരുവിൽ അന്നു കുറിക്കാട്ടുകൾ പുരയിടങ്ങൾക്കു ഒരു കുറവുമില്ല. ഏതെങ്കിലുമൊരുപുരയിടത്തിൽ കയറി നായാട്ടുകഴിച്ചു് വല്ല കുളക്കടവിലും ഞങ്ങൾ പലഹാരം കഴിക്കാനിരിക്കും. ഉച്ചനീചഭാവംകൂടാതെ നടക്കുന്ന അത്തരം മിശ്രഭോജനങ്ങളിൽ പലഹാരം പൊതിഞ്ഞിരുന്ന ഇലകൾ എങ്കിലും ശേഖരിച്ചാൽ ഭാഗ്യമായി.

വ്രജബാബു വേട്ടക്കൂട്ടത്തിലെ ഒരു പ്രമാണിയായിരുന്നു. അദ്ദേഹം മെട്രോപോളിട്ടൻകാളേജിലെ സൂപ്രണ്ടും കുറച്ചുകാലം ഞങ്ങളുടെ ട്യൂട്ടറും ആയിരുന്നു. ഒരു ദിവസം നായാട്ടുകഴിഞ്ഞു മടങ്ങിവരുന്നവഴി അടുത്തുള്ള ഒരു തെങ്ങിൻതോട്ടത്തിൽ കയറി തോട്ടക്കാരനെ വിളിച്ചു് "അങ്ങുന്നുണ്ടോടാ" എന്നു അദ്ദേഹം അവനോടു ചോദിച്ചു. സാധു തോട്ടക്കാരൻ പേടിച്ചു വിറച്ചു സലാം ചെയ്തു് "ഇല്ലങ്ങത്തേ" എന്നുത്തരം നൽകി. "ശരി! ആ തെങ്ങിൽനിന്നു ഒരു പത്തു കരിക്കു് ഇങ്ങട്ടു താ" എന്നായി അടുത്ത ആജ്ഞ. അന്നേതിനും ഞങ്ങൾക്കു കണ്ഠശത്തിനു കരിക്കു ഓരോന്നു കിട്ടി.

ഞങ്ങളുടെ നായാട്ടുസംഘത്തിൽ ഒരു ഇടത്തരം ജെമിൻഡാർകൂടി ഉണ്ടായിരുന്നു. അദ്ദേഹത്തിനു ഗംഗയുടെ തീരത്തു ഒരു വലിയ തോട്ടമുണ്ടു്. ഞങ്ങളെല്ലാം ഒരുദിവസം ആ തോട്ടത്തിൽപോയി ഒരു മിശ്രഭോജനം നടത്തി. വൈകുന്നേരമായപ്പോൾ ഭയങ്കരമായ ഒരു കൊടുങ്കാറ്റു വീണു. ആ തക്കംനോക്കി നദിയുടെ കരയിൽ ചെന്നു. ഞങ്ങൾ ഉല്ലാസമായി പാട്ടുതുടങ്ങി. രാജനാരായൺ

ബാബുവിന്റെ രാഗജ്ഞാനമില്ലെങ്കിലും അദ്ദേഹം കണ്ടും തുറന്നു നിലവിളിച്ചു പാട്ടും. സംസ്കൃതശാസ്ത്രഗ്രന്ഥങ്ങളിൽ സൂത്രത്തിന്റെ നൂറിരട്ടിഭാഷ്യം കാണുന്നതുപോലെ പാട്ടിന്റെ പതിരട്ടി അദ്ദേഹത്തിന്റെ ആംഗ്യമായിരുന്നു. താളത്തിന്നു തലയിട്ടു അറയുമ്പോൾ താടികിടന്നു കാററിലാടും. ഒന്നു ഞങ്ങൾ വീട്ടിലേയ്ക്കു തിരിക്കുമ്പോൾ രാത്രി വളരെ അസമയമായി. കോളും പെശരും മാറി നക്ഷത്രങ്ങൾ തെളിഞ്ഞു കഴിഞ്ഞു. നിബിഡമായ അന്ധകാരം. നിസ്സബ്ധമായ ആകാശം. വഴിയിൽ ജനസഞ്ചാരം നിലച്ചിരുന്നു. അയോഗോളത്തിൽനിന്നു പൊട്ടിത്തെറിച്ച അഗ്നിസ്ഫുലിംഗങ്ങൾപോലെ, മിന്നാമിനുങ്ങുകൾമാത്രം വഴിയുടെ ഇരുവശങ്ങളിലുമുള്ള കുററിക്കാടുകളിൽ നിശ്ശബ്ദമായി മിന്നിക്കൊണ്ടിരുന്നു.

തീപ്പെട്ടി തുടങ്ങിയ ചെറുതരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതു് ഞങ്ങളുടെ സംഘത്തിന്റെ ഉദ്ദേശങ്ങളിൽ ഒന്നായിരുന്നു. അവരവരുടെ വരവിന്റെ പത്തിലൊരുഭാഗം എല്ലാ അംഗങ്ങളും സംഘത്തിനു സംഭാവനചെയ്യണം. തീപ്പെട്ടി ഉണ്ടാക്കുന്ന കാര്യം സാരമല്ല. കോലിനുള്ള തടിക്കായിരുന്നു വിഷമം. ഒരു കെട്ടു ഈരക്കിൽ (ചൂൽ) നല്ല ചുണ്ണാമ്പുള്ള ഒരു കയ്യിൽ കിട്ടിയാൽ എത്ര ശക്തിയോടാണു് അതിന്റെ പ്രയോഗമെന്നു നമുക്കറിയാം. പക്ഷേ, അതു കയറുന്ന മരുന്നുകിൽനിന്നു പുക അല്ലാതെ തീ പറക്കാറില്ല. പല പരീക്ഷണങ്ങളും നടത്തിയ പുറകു ഒടുവിൽ ഒരു പെട്ടി തീക്കററി തയാറായി. സംഘാംഗങ്ങളുടെ ഉത്സാഹം മാത്രമായിരുന്നു അതിൽ വിലയുള്ളതെന്നു വിചാരിക്കരുതു്, ഒരു പെട്ടി

തീക്കററിക്ക ഞങ്ങൾ ചിലവാക്കിയ തുക ഒരു കുടുംബത്തിൻെറ ഒരു കൊല്ലത്തെ ചിലവിന്ന് ധാരാളം മതിയാകും. ഞങ്ങളുടെ തീപ്പെട്ടിക്കുണ്ടായിരുന്ന ഒരു ദോഷം അതു തീയിൽ കാട്ടിയാലേ കത്തുകയുള്ളു വെന്നതായിരുന്നു. എന്നാൽ അംഗങ്ങളുടെ ദേശാഭിമാനത്തിൻെറ ജ്വാലകൾ മാത്രം ആ തീപ്പെട്ടികൾ സ്വീകരിച്ചിരുന്നെങ്കിൽ തീർച്ചയായും അവയ്ക്കിന്നും ചന്തയിൽ ഒരു സ്ഥാനം കാണുമായിരുന്നു.

അടുത്ത വീട്ടിലെ ഒരു വിദ്യാർത്ഥി ഒരു നെയ്ത്തുയന്ത്രം കണ്ടുപിടിച്ചിരിക്കുന്നുവെന്നു അറിവു കിട്ടിയ ഉടൻ അതു കാണുന്നതിനു ഞങ്ങൾ സംഘംചേർന്നു യാത്രയായി. യന്ത്രം വല്ല ഉപയോഗത്തിനും കൊള്ളാവുന്നതാണോ എന്നു പരിശോധിക്കുവാനുള്ള ശക്തി ഞങ്ങൾക്കാക്കുമുണ്ടായിരുന്നില്ല. എന്നാൽ കേൾക്കുന്നതെല്ലാം വിശ്വസിക്കുന്ന കാര്യത്തിൽ ഞ ൾ ആരും പിന്നോക്കമല്ല. യന്ത്രമുണ്ടാക്കി, യന്ത്രമുണ്ടാക്കി പാവത്തിനു കുറേ കടംവന്നു. അതെല്ലാം ഞങ്ങൾ കൊടുത്തുതീർത്തു. ഇങ്ങനെ കുറെനാൾ കഴിഞ്ഞു് ഒരു ദിവസം വ്രജബാബു ഒരു വൃത്തികെട്ട തോർത്ത് തലയിൽ കെട്ടിക്കൊണ്ടു വീട്ടിൽ കയറിവന്നു. അതു തൻെറ വീട്ടിൽ നെയ്തെടുത്തതാണെന്നും പറഞ്ഞു അദ്ദേഹം കൈരണ്ടും പൊക്കി ചാട്ടം തുടങ്ങി. തലയെല്ലാം മുമ്പിന്നിന്നു അന്നു നരച്ചു കഴിഞ്ഞിരുന്നു.

താമസിയാതെ ഞങ്ങളുടെ സംഘത്തിൽ പ്രായംചെന്ന ചിലർകൂടി അംഗങ്ങളായി ചേർന്നു. അവർ ഞങ്ങളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി അതോടെ ഞങ്ങളുടെ ആകാശക്കോട്ടകളും ഇടിഞ്ഞുവീഴാൻ തുടങ്ങി. രാജനാരായണബാബുവിൻെറ നാനാവിധമായ ഗുണഗണ

ങ്ങൾ മനസ്സിലാക്കുന്നതിനു ഞങ്ങൾക്കു ആദ്യം തീരെ ശക്തിയുണ്ടായിരുന്നില്ല. പലതരം വിപരീതശക്തികളുടെ സംഘടന അദ്ദേഹത്തിന്റെ ഘടനയിലുണ്ടായിരുന്നു. മീശയും താടിയും നരച്ചുകഴിഞ്ഞെങ്കിലും ഞങ്ങളുടെ സംഘത്തിൽ ഏററവും പ്രായംകുറഞ്ഞവനേക്കാൾ പ്രായംകുറഞ്ഞമട്ടിലായിരുന്നു അദ്ദേഹത്തിന്റെ പെരുമാററം. വെളിയിൽ കാണുന്ന വെളുപ്പു അകത്തുള്ള അഗ്നിനവത സൂക്ഷിച്ചുവയ്ക്കുന്നതിനായിരിക്കാം. അസാധാരണ പണ്ഡിതനായിരുന്നെങ്കിലും ഒരിക്കലും അദ്ദേഹം സാധാരണമനുഷ്യരിൽനിന്നു ഭിന്നത നടിച്ചില്ല. വയസ്സിന്റെ വളർച്ചയോ ശരീരത്തിന്റെ അസ്വാസ്ഥ്യമോ, വീട്ടിലെ പ്രാരബ്ധങ്ങളോ ഒന്നുംതന്നെ അദ്ദേഹത്തെ ബാധിച്ചിരുന്നുമില്ല. മരണംവരെ ചിരിച്ചുകളിച്ചു സന്തുഷ്ടനായി കഴിച്ചുകൂട്ടി. ഒരു ഭാഗത്തു ജീവിതത്തെ നിത്യാനന്ദനായ സത്യസ്വരൂപനിൽ സമർപ്പിക്കുമ്പോൾ മറുഭാഗത്തു രാജ്യസേവനത്തിനു വേണ്ടി അദ്ദേഹം അതുപയോഗിക്കുന്നു. രാജബാബു പ്രൊഫസ്സർ റിച്ചാർഡ്സിന്റെ പ്രധാനശിഷ്യനായിരുന്നു. ഇംഗ്ലീഷ് ഭാഷയുടേയും സാഹിത്യത്തിന്റേയും നടുവിലാണു അദ്ദേഹത്തിന്റെ വളർച്ച. എന്നിട്ടും സ്വന്തശ്രമവും വാസനയും നിമിത്തം ബങ്കാളി സാഹിത്യത്തിലും നല്ലൊരു പാണ്ഡിത്യം അദ്ദേഹം സമ്പാദിച്ചു. പ്രകൃത്യാ പ്രശ്രയശാലിയാണെങ്കിലും പൗരുഷത്തിനു ഒരു കുറവുമില്ല. ദേശാഭിമാനത്തിലായിരുന്നു തന്റെ പൗരുഷത്തിന്റെ പ്രകടനം മുഴുവൻ. സ്വന്തംനാട്ടിലെ അസ്വാതന്ത്ര്യത്തെപ്പററി സംസാരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയം കത്തിജ്വലിക്കും.

കണ്ണുകളിൽനിന്ന് നീപ്പൊരിപാറും. സഹമായാലും അപസഹമായാലും ഞങ്ങളുടെ കൈകൾ കോർത്തു പിടിച്ചുകൊണ്ടു ഉച്ചസ്വരത്തിൽ അദ്ദേഹമിങ്ങനെ പാടും.

"ഏകസൂത്രെ ബാധിയാഛി, സഹസ്രടി,മൻ
ഏകകാര്യെ സാംപിയാഛി, സഹസ്രജീവൻ"

(ഹൃദയങ്ങൾ ആയിരക്കണക്കിനു ഒരൊററച്ചരടിൽ കോർത്തുകഴിഞ്ഞിരിക്കുന്നു; ഒരേ ഒരു കാര്യത്തിൻെറ സാധ്യതയ്ക്കുവേണ്ടി ജീവിതവും ആയിരക്കണക്കിനു അർപ്പിച്ചുകഴിഞ്ഞിരിക്കുന്നു.)

ഇത്തരം 'നിത്യബാലൻ'ൻെറ തേജഃപ്രദീപ്തവും ഹാസ്യമധുരവുമാകാത്ത ജീവിതവും, രോഗത്തിലും ശോകത്തിലും പരിമ്ലാനമാകാത്ത പവിത്രമായ നവീനതയും നമ്മുടെ ദേശത്തിൻെറ സ്മൃതിഭണ്ഡാരത്തിൽ സൂക്ഷിച്ചുവയ്ക്കേണ്ട സാമഗ്രികളാണെന്നുള്ളതിനു സംശയമില്ല.

---

## ഭാരതി

---

എൻെറ ജീവിതത്തിലെ ഉന്മത്തമായ ഒരു കാലത്തെപ്പററിയാകുന്നു ഇനി ഞാനെഴുതാൻ പോകുന്നതു്. അന്ന് എത്രയോ രാത്രികൾ ഉറക്കമില്ലാതെ ഞാൻ കഴിച്ചുകൂട്ടി. വല്ല ആവശ്യത്തിനും വേണ്ടിയാണു അങ്ങനെ പ്രവർത്തിച്ചതെന്നു ആരും തെററിദ്ധരിക്കരുതു്. രാത്രിയിൽ ഉറങ്ങിയില്ലെങ്കിൽ എന്താ എന്ന ഒററ വിചാരം

മാത്രമേ അതിന്നു കാരണമായിട്ടുണ്ടായിരുന്നുള്ളൂ. വായനാമുറിയിലെ മങ്ങിയ വെളിച്ചത്തിരുന്ന് ചില ദിവസങ്ങൾ ഞാൻ നിശ്ശബ്ദനായി പുസ്തകം വായിച്ചിരുന്നു. അടുത്തുള്ള പള്ളിയിൽ നിന്നും ഓരോ പതിനഞ്ചുമിനിട്ടും ഇടവിട്ട് മണിനാദം മുഴങ്ങിക്കൊണ്ടിരിക്കും. ചിൽപൂർ റോഡിൽ കൂടി നിമ്തലയിലെ ശ്മശാനത്തിലേക്ക് ശവംകൊണ്ടു പോകുന്നവരുടെ "ഹരീബോലൊ" "ഹരീബോലോ" വിളികൾ അടിയ്ക്കടി കേൾക്കാം. വേനൽക്കാലത്തെ രാത്രികൾ പലതും മട്ടുപ്പാവിന്റെ മുകളിൽ കയറി, അടുത്തുനില്ക്കുന്ന വൃക്ഷങ്ങളുടെ ഛായകളോടുകലർന്ന് പുഞ്ചിരിതൂകുന്ന പൂനിലാവിൽ അങ്ങോട്ടുമിങ്ങോട്ടും ഞാൻ ഉലാത്തിക്കഴിച്ചുകൂട്ടും. ഇതെല്ലാം വെറും കവികല്പനയാണെന്നു ആരെങ്കിലും സംശയിക്കുന്നെങ്കിൽ അതൊട്ടും ശരിയല്ല. ഭൂകമ്പവും അഗ്നിശ്വാസവും (അഗ്നിപർവ്വതംപൊട്ടുക) കൂടുതലുണ്ടായിരുന്ന ഒരു കാലഘട്ടം ഭൂമിയുടെ ജീവിതത്തിൽ തന്നെ ഉണ്ടായിരുന്നു. ഭൂമിക്കു വേണ്ടത്ര കടുപ്പം ലഭിച്ചുകഴിഞ്ഞിരിക്കുന്ന ഇക്കാലത്തുപോലും ഭൂകമ്പം അപൂർവമല്ലല്ലോ. ശരീരത്തിനു മാർദ്ദവം കൂടിയിരുന്ന കാലത്തു അകംമുഴുവൻ ആടിക്കൊണ്ടിരിക്കയും അടിയ്ക്കടി ഉൽപാതങ്ങൾ നടനം ചെയ്യുകയും ചെയ്തിരുന്നു. മനുഷ്യരുടെ താരുണ്യത്തിലും അത്തരമുള്ള അവസ്ഥകളുണ്ട്. ജീവിതത്തിന്റെ ഘടനകൾ അതാതിന്റെ സ്ഥാനത്തു ഉറച്ചുകഴിയുന്നതുവരെ അവ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടുതന്നെ ഇരിക്കും.

എൻെറ ഈ അസ്വസ്ഥാവസ്ഥയിലായിരുന്നു ജ്യോതി ജ്യേഷ്ഠൻെറ 'ഭാരതി' പത്രം പ്രസിദ്ധപ്പെടുത്തി ത്തുടങ്ങിയതു്. മൂത്ത ജ്യേഷ്ഠൻ പത്രാധിപരായി നിയമിക്കപ്പെട്ടു. എൻെറ ഇളക്കത്തിനു് അതൊരു വളംകൂട്ടി ആയി. വയസ്സു പതിനാറോ ഉള്ളുവെങ്കിലും ഭാരതിയുടെ പ്രവത്തനത്തിൽ എനിയ്ക്കുമൊരു സ്ഥാനം കിട്ടി. ചോരത്തിളപ്പിൻെറ കൂടുതൽകൊണ്ടു അന്നു ഞാൻ 'മേഘനാദവധ'ത്തിനു നിർദ്ദയമായ ഒരു വിമർശനമെഴുതി. പച്ചമാങ്ങായിൽ പുളിരസം മുന്നിട്ടു നിൽക്കുന്നപോലെ ചെറുപ്പത്തിലെ വിമർശങ്ങളിൽ ദോഷത്തിനായിരിക്കും പ്രാധാന്യം. വിശേഷശക്തികൾ വിപുലമാക്കുന്നതിനുമുമ്പു മനുഷ്യരിൽ മക്കടശക്തി ഭരണം നടത്തുന്നു. ഉദിച്ചു വരുന്ന യശസ്സിൻെറ ഉന്നതപതാക പറപ്പിക്കുന്നതിനു ഒരു മഹാകവിയുടെ കാവ്യരത്നത്തെ തന്നെ കൈയേററം ചെയ്യണമെന്നു് ഞാൻ നിശ്ചയിച്ചു. വികടമായ ആ വിമർശവുമായിട്ടാണു് ഭാരതിയിൽ ഞാൻ ആദ്യമായി പ്രത്യക്ഷപ്പെട്ടതു്.

ഭാരതിയുടെ ഒന്നാം വാല്യത്തിൽ "കവികാഹിനി" എന്നൊരു കാവ്യം ഞാനെഴുതി പ്രസിദ്ധപ്പെടുത്തി. സ്വന്തം ജീവിതത്തിലെ ഛായാമൂത്തികളല്ലാതെ, ലോകത്തിൻെറ വിചിത്രരൂപങ്ങളൊന്നും അതേവരെ ഞാൻ കണ്ടിരുന്നില്ല. അതുകൊണ്ടു കഥാനായകനായി ഒരു കവിയെത്തന്നെ ഞാൻ തിരിഞ്ഞെടുത്തു. എന്നാൽ ഗ്രന്ഥത്തിലെ കവി ഞാനല്ല. എൻെറ കല്പനാലോകത്തിൽ അസ്പഷ്ടമായി നിഴലിച്ചുകണ്ട ആദർശകവിയുടെ ഒരു രൂപമായിരുന്നു കാഹിനിയിലെ കവിയെന്നു പറയാം. സ്വന്തം ഭാവിയുടെ ആശയാണു് അതിലെ ചിത്രങ്ങൾ

എന്നതും ശരിയല്ല. ഒരാൾ എങ്ങിനെ ആയാൽ മററുള്ളവർ 'ശരി! അവനൊരുകവിതന്നെ' എന്നു സമ്മതിച്ചുകൊടുക്കുമോ ആ തരത്തിലാണു് ഞാൻ കവിയെ കല്പിച്ചതു്. കാഥിനീകൎത്താവിന്റെ പ്രധാന വിഷയമായ വിശ്വപ്രേമത്തിനു ആ കവിതയിൽ അന്നും സ്ഥാനമുണ്ടായിരുന്നു. കേൾക്കുന്നവൎക്കു വലുതെങ്കിലും പറയുന്നതിനെളുപ്പമുള്ള ഒരു കാൎയ്യമാണു വിശ്വപ്രേമം. സ്വയം സത്യമായാതിരിക്കുകയും, കടംവാങ്ങിയ വസ്തുക്കൾകൊണ്ടു കൈകാൎയ്യം ചെയ്യുകയും ചെയ്യുന്ന പ്രായത്തിൽ കൃതികൾക്കു സരളതയോ സംയമമോ ഉണ്ടാകാൻ തരമില്ല. വലുതായ വസ്തുക്കൾപോലും വലുതാക്കി വൎണ്ണിച്ചാൽ അക്കാലത്തു അതു വികൃതവും പരിഹാസ്യവുമായേ ഇരിക്കുകയുള്ളു.

ബാല്യകാലത്തിലെ എന്റെ കൃതികൾ വായിക്കുമ്പോൾ കൃത്രിമതയുടെ ഛായ പിന്നീടുള്ള കവിതകളിലും കാണുമാറിരിക്കാമെന്നു ഞാൻ സംശയിച്ചുപോകുന്നു. കാൎയ്യങ്ങൾ വലുതാക്കി വൎണ്ണിച്ചാൽ പലപ്പോഴും അതിന്റെ സൌന്ദൎയ്യവും ഗാംഭീൎയ്യവും പൊയ്പോയെന്നുവന്നേക്കാം. വാക്കുകളുടെ വങ്കത്തത്തിൽ കാൎയ്യങ്ങൾ അമഴ്ത്തിക്കളെയുന്നുവെന്ന കുററത്തിനു എന്നെ വല്ലവരും പിടിയിട്ടെന്നും വരാം.

എന്റെ ഗ്രന്ഥങ്ങളിൽ പുസ്തകരൂപത്തിൽ ആദ്യമായി പ്രസിദ്ധംചെയ്തതു് കവികാഥിനിയാണു്. ജ്യേഷ്ഠനമായി ഞാൻ അഹമ്മദാബാദിൽ താമസിക്കുന്ന കാലത്തു് ഉത്സാഹശീലനായ ഒരു സ്നേഹിതൻ എന്നെ അറിയിക്കാതെ ആ പുസ്തകം അച്ചടിപ്പിച്ചു. അയാൾ ചെയ്തതു് ശരിയാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും

അതെനിക്കു വലിയ വിരോധമായി തോന്നിയില്ല. ഏതായാലും പ്രസാധകന് തൻെറ പ്രവൃത്തിയുടെ ശിക്ഷ കണക്കിനു കിട്ടി. ഗ്രന്ഥകർത്താവിൻെറ അടുത്തുനിന്നു അല്ലെങ്കിൽ അതു് വായനക്കാരുടെ അടുത്തുനിന്നു തന്നെ. കവികാഹിനി കെട്ടുകെട്ടായി പുസ്തകക്കച്ചവടക്കാരുടെ അലമാരികളിലും, അതിൻെറ ദുർവഹമായ ഭാരം മുഴുവൻ പ്രസാധകൻെറ ചുമലിലും വളരെക്കാലമിരുന്നുവെന്നു് പിന്നീടു ഞാനറിഞ്ഞു.

ഭാരതിയിൽ എഴുതിത്തുടങ്ങിയ കാലത്തെ എൻെറ കൃതികൾ പ്രകാശയോഗ്യങ്ങളാണെന്നു് ഞാൻ വിചാരിക്കുന്നില്ല. ബാല്യത്തിൽ കൃതികൾ പ്രസിദ്ധപ്പെടുത്തുന്നതിനു ആശ ആൎക്കും അധികമായിരിക്കും. പ്രായമായതിനു ശേഷം പശ്ചാത്താപത്തിനു എളുപ്പവഴി അതുപോലെ വേറൊന്നുമില്ല. എന്നാൽ ഒരു സൌകൎയ്യമുണ്ടു്. സ്വന്തം കൃതികൾ അച്ചടിച്ചുകാണാനുള്ള പ്രബലമോഹം ചെറുപ്രായത്തിൽ ഏകദേശം തീൎന്നുപോകും. ആരു വായിക്കും, വായിക്കുന്നവർ എന്തു പറയും, അച്ചടിത്തെറ്റുകൾ അവർ കാണുമോ എന്തോ എന്നും മറ്റുമുള്ള 'അലോഹ'ങ്ങൾ ക്രമേണ നീങ്ങി ഒടുവിൽ സ്വസ്ഥചിത്തരായി എഴുതുന്നതിന് നമുക്കു അവസരം കിട്ടുന്നു. തൻെറ കൃതികൾ വായിച്ചു് വായനക്കാർ അഭിനന്ദിക്കണമെന്ന ആശ എത്ര വേഗത്തിൽ മാറുന്നോ അത്രയും ഗ്രന്ഥകാരനു നല്ലതുതന്നെ.

സാഹിത്യത്തിലെ രചനാരീതികൾ ഗ്രന്ഥകാരന്മാൎക്കു് മാർഗ്ഗദർശനത്തിന് മതിയാകാത്തവിധം ബങ്കാളി സാഹിത്യം അന്നു അത്ര വിപുലമല്ലായിരുന്നു. എഴുതി എഴുതി ഒരു രീതിയും ശൈലിയും നാം തനിയേ സമ്പാദി

ക്കണം. അതുകൊണ്ടു് കുറേക്കാലമെങ്കിലും അസംബന്ധങ്ങൾ എഴുതാതിരിക്കുന്നതു് സാദ്ധ്യമല്ല. അല്പസമയംകൊണ്ടു് അനശ്വരയശസ്സു സമ്പാദിക്കാനുള്ള ആഗ്രഹം ചെറുപ്പകാലത്തു് ചില്ലറയല്ല. അതിന്റെ ഫലമായി അവനവന്റെ ശക്തിക്കും സൌന്ദര്യബോധത്തിനും അതീതമായുള്ള വ്യവസായങ്ങളിൽ നാം വ്യാപരിച്ചുപോകുന്നു. അതിൽനിന്നു വിരമിച്ചു സ്വന്തം ശക്തികളുടെ ബോധമുണ്ടാകുന്ന കാൎയ്യം കാലത്തിന്റെ കയ്യിലിരിക്കുന്നു.

എന്റെ ബാലലീലകളുടെ വിചിത്രവികാരങ്ങളുടെ ലജ്ജാകരമായ പല ഫലങ്ങളും ഇങ്ങനെ ഭാരതിയിൽ സ്ഥലം പിടിച്ചു, കൃതികളുടെ അപാകത്തെക്കാൾ അവയിലുള്ള ഔദ്ധത്യത്തിന്റെ വിളയാട്ടം, അതിശയോക്തിയുടെ പാരമ്യം, കൃത്രിമതയുടെ നഗ്നത ഇതൊക്കെയായിരുന്നു എനിക്കു കൂടുതൽ ലജ്ജാകരം.

അന്നത്തെ കൃതികളെപ്പററി ലജ്ജിക്കുന്നെങ്കിലും അവ എഴുതുന്നതിൽ ഉപയോഗിച്ച ഉത്സാഹശക്തി വളരെ അഭിനന്ദനീയമാണു്. ബാല്യം തെററുചെയ്യാൻ മാത്രമല്ല, വിശ്വസിക്കാനും, ആശിക്കാനും, ഉല്ലാസമായി കഴിയാനും കൂടി ഉള്ള കാലമാകുന്നു. തെററുകൾക്കു് വളം വയ്ക്കുന്ന ഉത്സാഹശീലം വളർന്നുവരവെ, കളകൾ ക്രമേണ നശിക്കുകയും വിലയുള്ള വസ്തുക്കൾ വിപുലമാകുകയും ചെയ്യും.

# അഹമ്മദാബാദ്

'ഭാരതി' അതിന്റെ ദ്വിതീയവയസ്സിൽ പ്രവേശിച്ച അവസരത്തിൽ മൂത്തജ്യേഷ്ഠൻ എന്നെ ബിലാത്തിയിൽ കൂട്ടിക്കൊണ്ടു പോകുന്നതിന്നു നിശ്ചയിച്ചു. അതിന്നു അച്ഛന്റെ അനുമതി ലഭിച്ചതോടുകൂടി എന്റെ ഭാഗ്യചക്രം അനുക്രമമായി കറങ്ങിത്തുടങ്ങി. യൂറോപ്പുയാത്രയുടെ പ്രാരംഭമായി ജ്യേഷ്ഠൻ എന്നെ അഹമ്മദാബാദിലേക്കു കൂട്ടിക്കൊണ്ടുപോയി. അദ്ദേഹം അന്നവിടെ ഒരു ജഡ്ജിയായിരുന്നു. ജ്യേഷ്ഠന്റെ ഭാര്യയും മക്കളും അപ്പോൾ ഇംഗ്ലണ്ടിൽ താമസിക്കുകയായിരുന്നു. വീട്ടിൽ വേറെ ആരുമുണ്ടായിരുന്നില്ല.

'സാഹിബാഗി'ലാണു അഹമ്മദ്ബാദിലെ ജഡ്ജിയുടെ താമസം. വിശിഷ്ടമായ സാഹിബാഗ്പ്രാസാദം പാദുഷാമാരുടെ പഴയ കൊട്ടാരങ്ങളിലൊന്നാണു്. കൊട്ടാരത്തിന്റെ പുറമതിലിന്നോടു ചേർന്നു ഗ്രീഷ്മകാലത്തിലെ സ്വച്ഛസ്രോതസ്സായ സബർമതീനദി അതിന്റെ നടുവിലുള്ള മണൽത്തിട്ടയിലൂടെ ഇരുഭാഗങ്ങളിലും കൂടി ഒഴുകിക്കൊണ്ടിരിക്കുന്നു. നദിയ്ക്കഭിമുഖമായി കെട്ടിടത്തിന്നു വിശാലമായ ഒരു മട്ടുപ്പാവുണ്ടു്. ജ്യേഷ്ഠൻ കോടതിയിലേക്കു പോയിക്കഴിഞ്ഞാൽ വീട്ടിൽ ഞാനല്ലാതെ വേറാരുമില്ല. മദ്ധ്യാഹ്നവേളയിലെ നിശ്ശബ്ദതയ്ക്കു ഭംഗം വരുത്താൻ പോലും കപോതങ്ങളുടെ 'കർകുറാ'രവമല്ലാതെ അവിടെ വേറൊന്നുമുണ്ടായിരുന്നില്ല. അകാരണമായ ഒരു കൗതുകത്തോടെ ഞാൻ മുറികൾ തോറും ചുററിക്കറങ്ങി. ഒരു വലിയ മുറിയിലെ ചുവരലമാരകളിൽ ജ്യേഷ്ഠൻ അനേകം ഗ്രന്ഥങ്ങൾ ശേഖരിച്ചു വച്ചിരുന്നു. വലി

യ വലിയ അക്ഷരത്തിൽ, ധാരാളം ചിത്രങ്ങൾ ചേർത്തു അച്ചടിച്ച, ടെനിസൻെറ കൃതികളടങ്ങിയ ഒരു വലിയ ഗ്രന്ഥം ഞാൻ അക്കൂട്ടത്തിൽ കണ്ടുപിടിച്ചു. പക്ഷേ, സാഹിബാഗ് കൊട്ടാരം പോലെ അതും എനിക്ക് നിർജ്ജീവമായി തോന്നി. പടങ്ങൾ മാത്രം ഞാൻ ഒന്നു തിരിച്ചും മറിച്ചും നോക്കി. അതിലെ വാക്യങ്ങൾ എനിക്കു മനസ്സിലായില്ലെന്നു പറയാൻ നിവൃത്തിയില്ല. എങ്കിലും ഏകാന്തമായ ഒരു കൂജനം മാത്രമേ ഞാൻ അതിൽനിന്നും കേട്ടുള്ളൂ. ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ വേറൊന്നു സെറാംപൂർ മിഷനറിമാർ പ്രസിദ്ധപ്പെടുത്തിയ ഒരു സംസ്കൃത കാവ്യസംഗ്രഹമായിരുന്നു. അതും എനിക്കൊന്നും മനസ്സിലായില്ല. എങ്കിലും അതിലുള്ള അമരുകശതകത്തിലെ ശ്ലോകങ്ങളുടെ മാധുര്യവും മൃദംഗധ്വനിയും പല ദിവസവും എന്നെ സമാശ്വസിപ്പിച്ചുകൊണ്ടിരുന്നു.

സാഹിബാഗിലെ മുകളിലത്തെ നിലയിലുള്ള ഒരു ചെറിയ മുറിയായിരുന്നു എൻെറ ആശ്രമം. വലയിൽ പാർത്തിരുന്ന ഏതാനും ചിലന്തികളല്ലാതെ അവിടെ എനിക്കു വേറെ കൂട്ടരാരുമുണ്ടായിരുന്നില്ല. രാത്രി ഉറക്കവും എനിക്കു ആ മുറിയിൽ തന്നെ. ചിലപ്പോഴൊക്കെ വലയിൽ നിന്നു കൂട്ടുകാർ കിടക്കയിൽ വീഴാറുണ്ട്. ഉറക്കത്തിൽ അറിയാതെ ഞാനൊന്നു ചരിഞ്ഞുപോയാൽ കിടക്കയിലെ കൂട്ടുക്കു പ്രാണാപായമായി. ശുക്ലപക്ഷത്തിലെ രാത്രികൾ പലതും നദിയ്ക്കഭിമുഖമായുള്ള മട്ടുപ്പാവിൽ ഞാൻ കഴിച്ചുകൂട്ടും. ഇങ്ങനെയുള്ള ഒരു രാത്രിയിലാണു ആദ്യമായി എൻെറ പാട്ടിനു ഞാൻ സ്വരവിന്യാസം ചെയ്തത്. ആ പാട്ടുകൾ പലതും ഇന്നും എൻെറ പ്രസിദ്ധീകരണങ്ങളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷയിലുള്ള പാണ്ഡിത്യം പോരെന്നു തോന്നിയതുമുതൽ ഒരു നിഘണ്ടുവിന്റെ സഹായത്തോടുകൂടി ഞാൻ പുസ്തകങ്ങൾ വായിച്ചു തുടങ്ങി. വായിക്കുന്നവ ശരിയായി മനസ്സിലാക്കിയില്ലെങ്കിലും തുടൎന്നു വായിച്ചുകൊണ്ടുപോകുന്ന സ്വഭാവം എനിക്കു ബാല്യംമുതൽ ഉണ്ടായിരുന്നു. അങ്ങിങ്ങു വല്ലതും മനസ്സിലാകുന്നതിനോടു സ്വന്തമായി പലതും കൂട്ടിച്ചേൎത്തു ഒരു തരത്തിൽ കാൎയ്യങ്ങൾ ഒപ്പിച്ചുകൊള്ളും. ഈ സ്വഭാവത്തിന്റെ ഗുണദോഷങ്ങൾ ഇന്നും ഞാൻ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

---

## സമുദ്രയാത്ര

---

അഹമ്മദാബാദിലും ബാംബെയിലുമായി ഇങ്ങനെ ആറേഴുമാസം കഴിച്ചുകൂട്ടിയശേഷം ഞങ്ങൾ യൂറോപ്പിലേക്കു കപ്പൽകയറി. യാത്രാവിവരങ്ങളെപ്പററിയുള്ള കത്തുകൾ "ഭാരതി" പത്രത്തിനും സ്നേഹിതന്മാൎക്കും ഞാൻ എഴുതിത്തുടങ്ങിയതു ഒരു അശുഭലക്ഷണത്തിലാണെന്നുള്ളതിനു സംശയമില്ല. അവയെല്ലാം പിൻവലിക്കുന്നതിനു ഇപ്പോൾ എനിക്കു ശക്തിയില്ലല്ലോ. എഴുത്തുകളിൽ അധികവും ചെറുപ്പത്തിലെ ചോരത്തിളപ്പിന്റെ പ്രത്യക്ഷോദാഹരണങ്ങൾ മാത്രമായിരുന്നു. ശ്രദ്ധയും സ്വീകരണവുമാണു മഹത്തരമായ രണ്ടു ശക്തികളെന്നും വിനയമാണു വിജയസോപാനമെന്നുമുള്ള കാൎയ്യങ്ങൾ യൌവനം സമ്മതിച്ചുതരുന്നില്ല. അഭിനന്ദിക്കുന്നതും ആദരിക്കുന്നതും അന്തസ്സിനു കുറവാണെന്നു തോന്നുന്നതുകൊണ്ടു ആരേയും അവ

ഗണിച്ച് സ്വന്തം ശ്രേഷ്ഠത സ്ഥാപിക്കാൻ അതു നമ്മെ പ്രേരിപ്പിക്കുന്നു. ഈ ഭയങ്കരമായ ഭ്രാന്തസ്വഭാവം പിന്നീട്ടും വളർന്നുവന്നിരുന്നെങ്കിൽ എൻെറ ഭാവി എത്രയോ അശുഭകരമായിരുന്നേനെ.

കുട്ടിക്കാലം മുതൽ എനിക്കു ബാഹ്യലോകവുമായി അധികം ബന്ധമുണ്ടായിരുന്നില്ല. അതുമൂലം പതിനേഴാമത്തെ വയസ്സിൽ പെട്ടെന്നു കിട്ടിയ ഈ മാററം എന്നെ ഇംഗ്ലണ്ടിലെ സമുദായസമുദ്രത്തിൽ താഴ്ത്തിക്കളയുമായിരുന്നു. ജ്യേഷ്ഠത്തി അന്ന് കുഞ്ഞുങ്ങളുമായി ബ്രൈട്ടണിൽ താമസിക്കുകയായിരുന്നു. ഞാൻ അവരുടെ അധീനതയിലായിരുന്നതുകൊണ്ട് എനിക്കു വലിയ അപകടം ഒന്നും പററിയില്ല.

തണുപ്പു കൂടുതലുള്ള ഒരു രാത്രി ഞങ്ങൾ തീക്കുണ്ഡത്തിനരികിലിരുന്ന് കൽക്കത്തയിലെ കഥകൾ പറയുകയായിരുന്നു. കുഞ്ഞുങ്ങൾ ഉത്സാഹഭരിതരായി ഓടിവന്ന് മഞ്ഞുകട്ട പൊഴിയുന്നു എന്നു പറഞ്ഞു. ഉടൻതന്നെ ഞാൻ വെളിയിൽ ഇറങ്ങിനോക്കി. താടിവെട്ടി വിറയ്ക്കുന്ന തണുപ്പ്. നാലുപുറവും മനോഹരമായ പൂനിലാവു് പൊഴിയുന്നു. തറമുഴുവൻ മഞ്ഞുകട്ടികൾ നിറഞ്ഞുകഴിഞ്ഞിരുന്നു ഭൂമിയുടെ ആകൃതി അന്നുവരെ കണ്ടരീതിയിലല്ല; ആകപ്പാടെ മാറിപ്പോയി. സമീപത്തിരുന്ന വസ്തുക്കൾ ദൂരത്തെവിടയോ നീങ്ങിപ്പോയതുപോലെ തോന്നി. ശുഭകായനായ ഒരു താപസവരേണ്യൻ നിശ്ചലസമാധിയിൽ മുഴുകിയപോലുള്ള ഒരു നിസ്തബ്ധത എവിടേയും വ്യാപിച്ചു. വീട്ടിനു വെളിയിൽ ഇറങ്ങിയ സമയത്താണു് ഈ മനോഹര കാഴ്ച, എനിക്കു കാണാൻ കഴിഞ്ഞത്. ഇത്തരം ഒരത്ഭുതകാഴ്ച ജീവിതത്തിൽ ഞാൻ വേറെങ്ങും കണ്ടിട്ടില്ല.

ജ്യേഷ്ഠത്തിയുടെ സംരക്ഷണത്തിലും കുഞ്ഞുങ്ങളുടെ കൂട്ടുകെട്ടിലും ചേർന്ന് ദിവസങ്ങൾ ഇങ്ങനെ സന്തോഷമായി കഴിഞ്ഞുകൂടി. പ്രത്യേകരീതിയിലുള്ള എന്റെ ഇംഗ്ലീഷുച്ചാരണം കേൾക്കുമ്പോഴൊക്കെ കുട്ടികൾ പരിഹസിച്ചു ചിരിക്കുമായിരുന്നു. അവരുടെ മറു വിനോദങ്ങളെല്ലാം എനിക്കു രസിച്ചെങ്കിലും ഈ കാര്യം അത്ര പിടിച്ചില്ല. "warm" എന്നതിലെ "ഏ"യും "worm"-ലെ "ഒ"യും വ്യത്യസ്തമായുച്ചരിക്കുന്നതിനുള്ള എന്റെ വൈഷമ്യം അവർ മനസ്സിലാക്കിയില്ല. ഭാഗ്യംകെട്ട ഞാൻ ഇങ്ങനെ കുഞ്ഞുങ്ങളുടെ പരിഹാസത്തിനു പാത്രമായെങ്കിലും വാസ്തവത്തിൽ അതർഹിക്കുന്നതു് ഇംഗ്ലീഷ് ഭാഷയിലെ ഉച്ചാരണമുറകൾ കൂടിയാണല്ലോ?

കുഞ്ഞുങ്ങളെ കളിപ്പിക്കുന്നതിനും രസിപ്പിക്കുന്നതിനും വേണ്ടി പ്രതിദിനം പുതിയ പുതിയ സൂത്രങ്ങൾ ഞാൻ കണ്ടുപിടിച്ചു. അനന്തരം അവസരങ്ങൾ എന്റെ ജീവിതത്തിൽ കൂടെക്കൂടെ ലഭിച്ചുകൊണ്ടിരുന്നെങ്കിലും അന്നത്തെ ആ സൃഷ്ടിശക്തി പിന്നൊരിക്കലും കിട്ടിയില്ല. കുട്ടികളുമായി സഹവസിക്കുന്നതിനുള്ള സൗകര്യം അന്നാണു് എനിക്കു ആദ്യമായി ലഭിച്ചതു്. അതുകൊണ്ടു് പ്രഥമ സന്ദർഭത്തിന്റെ പുതുമ മുഴുവൻ എന്റെ പ്രവൃത്തികളിൽ പ്രതിഫലിച്ചു കണ്ടു.

സമുദ്രത്തിന്റെ ഇക്കരയിൽനിന്നു് അക്കരെ പോയി താമസിക്കുന്നതാണു് എന്റെ ബിലാത്തിയാത്രയുടെ ഉദ്ദേശമെന്നു് ആരും വിചാരിച്ചുപോകരുതു്. 'ലാ പഠിച്ചു് ബാരിസ്റ്ററായി മടങ്ങിവരണമെന്നായിരുന്നു വീട്ടുകാരുടെ ആഗ്രഹം. അതിനുവേണ്ടി ബ്രൈട്ടണിലെ ഒരു പബ്ലിക്

സ്കൂളിൽ എനിക്കു ചേരേണ്ടിവന്നു. സ്കൂളിലെ ഹെഡ് മാസ്റ്റർ ആദ്യമായി എന്നെ കണ്ട ദിവസം ഒന്നു സൂക്ഷിച്ചു നോക്കിയിട്ടു പറഞ്ഞു:—"നിന്റെ തലവളരെ വിശേഷപ്പെട്ട ഒന്നു തന്നെ." ഈ നിസ്സാര സംഗതി മനസ്സിലിരിക്കുന്നതിന് ഒരു കാരണം കൂടി ഇല്ലാതില്ല. ഇളയ ജ്യേഷ്ഠത്തി എന്റെ അഹങ്കാരം ശമിപ്പിക്കുന്നതിനുവേണ്ടി പല പണികളും പ്രയോഗിച്ച വിവരം മുമ്പു പറഞ്ഞതല്ലോ. എന്റെ മുഖവും നെററിത്തടവും സാധാരണരീതിയിൽ നിന്ന് താണതരത്തിലാണെന്ന് അവർ പലപ്പോഴും എന്നോടു പറഞ്ഞു. ജ്യേഷ്ഠത്തി പറഞ്ഞതു് അതുപോലെ ഞാൻ വിശ്വസിച്ചു എന്നുമാത്രമല്ല ഇത്തരം ഒരു അക്രമം ചെയ്തതിന് ബ്രഹ്മാവിനോട് എനിക്ക് അല്പം നീരസവും തോന്നി. ജ്യേഷ്ഠത്തിയുടെ അഭിപ്രായത്തിനു വിപരീതമായ ഒരു കണ്ടുപിടിത്തം പബ്ലിക് സ്കൂളിലെ ഹെഡ്മാസ്റ്റർ നടത്തിയപ്പോഴും അതു ദേശഭേദം കൊണ്ടുള്ള അഭിപ്രായവ്യത്യാസമെന്നാണ് ഞാൻ വിചാരിച്ചു പോയതു്.

പബ്ലിക്സ്കൂളിലെ കുട്ടികൾ ഒരുതരത്തിലും ഉപദ്രവകാരികളായിരുന്നില്ല. ചിലപ്പോഴൊക്കെ എന്റെ പാക്കററിൽ ആപ്പിൾ, നാരങ്ങ മുതലായവ ഇട്ടിട്ട് അറിയാത്ത മട്ടിൽ അവർ കടന്നുകളയും. ഞാനൊരു വിദേശിയായതുകൊണ്ടായിരിക്കാം ഈ അനുകൂലമായ നേരമ്പോക്കുകളെന്ന് എനിക്കും തോന്നി

സ്കൂളിൽ അധികനാൾ ഞാൻ പഠിച്ചില്ല. പക്ഷെ അതു സ്കൂളിന്റെ ദോഷമല്ല. താരക്പാലിത് ബാബു അന്നു് ഇംഗ്ലണ്ടിൽ താമസിക്കുകയായിരുന്നു. പബ്ലിക് സ്കൂളിലെ പഠിത്തം അത്ര ശരിയാകുന്നില്ലെന്നു മനസ്സിലാക്കി അദ്ദേഹം ജ്യേഷ്ഠനെ വിവരമറിയിച്ചു.

ജ്യേഷ്ഠന്റെ സമ്മതം കിട്ടിയ ഉടൻ എന്നെ ലണ്ടനിൽ കൊണ്ടുപോയി. 'റീജൻഡ്' പാർക്കിന്ന മുമ്പിലുള്ള ഒരു വീട്ടിൽ താമസിപ്പിച്ചു. തണുപ്പ് അതിഭയങ്കരം. തോട്ടത്തിലെ വൃക്ഷങ്ങളിലുള്ള ഇലകളെല്ലാം പൊഴിഞ്ഞിരുന്നു. മഞ്ഞുമൂടിയ കവരങ്ങളുമായി വളഞ്ഞുപുളഞ്ഞു് ആകാശത്തു മിഴിച്ചുനോക്കിക്കൊണ്ടിരുന്ന മരങ്ങൾ കണ്ടിട്ടു് എനിക്കു വളരെ ദുഃഖം തോന്നി.

പുതുതായി ഇംഗ്ലണ്ടിലേയ്ക്കു പോകുന്ന ഒരുവനു് തണുപ്പുകാലത്തു് ലണ്ടൻ നഗരത്തിനേക്കാൾ ഭയങ്കരമായ വേറൊരു സ്ഥലമില്ല. അടുത്തെങ്ങും എനിക്കു പരിചയക്കാരില്ലെന്നു മാത്രമല്ല ലണ്ടനിലെ വഴികളുമായി ഒരു പഴക്കംപോലും ലഭിച്ചിരുന്നുമില്ല. വഴിയരികെ വെറുതെയിരുന്നു് ജന്നലിൽക്കൂടെ വെളിയിലേയ്ക്കു നോക്കുന്ന ജീവിതം ഒന്നുകൂടി ഞാൻ അനുഭവിച്ചു. പക്ഷെ ഇപ്പോഴത്തെ വെളിസ്ഥലം മുമ്പിലത്തെപ്പോലെ എന്നെ സ്വാഗതം ചെയ്യുന്നതിന്നു പകരം, പരികം വളച്ചു ഭയപ്പെടുത്താനാണു് അതു ശ്രമിക്കുന്നതു്. ആകാശം ആവിലവും അവിടത്തെ പ്രകാശം മൃതദേഹത്തിന്റെ കണ്ണുകൾപോലെ നിഷ്പ്രഭവുമായിരുന്നു. അന്തരീക്ഷം ഒരു ഔദാര്യവുമില്ലാത്ത മട്ടിൽ എത്രയോ സങ്കുചിതം. മുറികളുള്ളിൽ ഒരു ഹാർമ്മോണിയമല്ലാതെ പറയത്തക്ക മററു സാധനങ്ങളൊന്നുമില്ല. പകൽ സമയം സാധാരണമായി നേരത്തെ അവസാനിക്കുന്നതോടുകൂടി ഞാൻ ഹാർമ്മോണിയം വായിച്ചുതുടങ്ങും. ലണ്ടനിലെ താമസക്കാരായ ഇൻഡ്യാക്കാരിൽ ചിലർ കൂടക്കൂടെ എന്നെ വന്നു കാണുമായിരുന്നു. അവരുമായി നേരിട്ടുള്ള പരിചയം വളരെ കുറവായിരുന്നെങ്കിലും യാത്രപറഞ്ഞു പിരിയുമ്പോൾ അവരുടെ ഉടുപ്പിൽ

പിടിച്ചു നിറുത്തട്ടോ എന്നുപോലും പലപ്പോഴും എനിക്കുതോന്നിപ്പോയി.

ലണ്ടനിൽ താമസിക്കുന്ന കാലത്തു് ഒരുത്തൻ എന്നെ ലാററിൻ പഠിപ്പിക്കാൻ വന്നിരുന്നു. ആളൊരു രോഗി; പോരെങ്കിൽ അയാളുടെ ഉടുപ്പുമുഴുവൻ കീറിപ്പറിഞ്ഞതു്. ശീതകാലത്തിലെ നഗ്നവൃക്ഷങ്ങൾ പോലെ അയാൾക്കും തണുപ്പിനെ തടുത്തുനില്ക്കാൻ കഴിഞ്ഞിരുന്നില്ല. അയാളുടെ വയസ്സു് എത്രയെന്നു നിശ്ചയിക്കാൻ വിഷമമെങ്കിലും വാസ്തവത്തിൽ ഉള്ളതിനേക്കാൾ കൂടുതൽ പ്രായം തോന്നിക്കുമെന്നുള്ളതിനു സംശയമില്ല. ചിലപ്പോഴൊക്കെ പഠിപ്പിക്കുന്നതിന്നിടയ്ക്കു് വല്ല പദവും മറന്നുപോയാൽ വായുംപിളന്നു് കുറച്ചുനേരം അയാൾ വല്ലാതെയിരിക്കും. വീട്ടുകാർ അയാളെ "അരക്കിറുക്കൻ" എന്നുതന്നെ തീർച്ചപ്പെടുത്തി. ലോകത്തു് ഭിന്ന ഭിന്ന ദേശങ്ങളിൽപോലും ഒരേകാലത്തു് ഒരേ ധർമ്മം തന്നെ പ്രചാരത്തിലിരിക്കുമെന്നു് അദ്ദേഹത്തിനൊരു സിദ്ധാന്തമുണ്ടായിരുന്നു. അതാതുദേശങ്ങളുടെ പരിഷ്കാരഗതി അനുസരിച്ചു് അതിൻെറ സ്വഭാവത്തിനു് ബാഹ്യമായി അല്പാല്പം വ്യത്യാസം കണ്ടാലും തത്വം ഒന്നു തന്നെ ആയിരിക്കും. ജനങ്ങൾ ഒ[illegible] പരസ്പരം സംസർഗ്ഗം ഇല്ലെങ്കിലും ഈ തത്വം എല്ലാരിലും ഒന്നുപോലെ പ്രതിഫലിക്കത്തക്കവണ്ണം അതു് യുഗസാധാരണമാണുപോലും. സ്വന്തം സിദ്ധാന്തത്തിൻെറ സ്ഥാപനത്തിനു വേണ്ടിയായിരുന്നു ലാററിൻ പ്രൊഫസർ തൻെറ ശ്രദ്ധയും സമയവും അധികം ചിലവഴിച്ചിരുന്നതു്. ഉണ്ണുന്നതിനു് ആഹാരവും ഉടുക്കുന്നതിനു് വസ്ത്രവും ഇല്ലെന്നാകുമ്പോൾ പ്രൊഫസരെ വീട്ടുകാർ ക്രമത്തിലധികം സൽക്കരിച്ചുതുട

ങ്ങം. സിദ്ധാന്തത്തിന്ന് പ്രമാണാനുകൂല്യങ്ങൾ കിട്ടിക്കഴിഞ്ഞെന്ന് പലപ്പോഴും അദ്ദേഹത്തിന്റെ മുഖം നോക്കി നമുക്കു മനസ്സിലാക്കാം. അതുപോലെ ഞാനും ഒന്നു താങ്ങി സംസാരിക്കും. അനുകൂലികളിൽ ആരെങ്കിലും വല്ല സംശയവും പുറപ്പെടുവിച്ചാൽ മുഖമെല്ലാം കറുത്തു കരുവാളിച്ചുകഴിഞ്ഞു. പിന്നെ പഠിപ്പിച്ചു തുടങ്ങുമ്പോഴും മിനിട്ടു തോറും സംശയം തന്നെ. കണ്ണു രണ്ടും എവിടേയോ സഞ്ചരിച്ചുതുടങ്ങും. മനസ്സ് ഒരിക്കലും ലാററിൻ വ്യാകരണത്തിലിരിക്കയുമില്ല. ഇങ്ങനെ പട്ടിണി കിടന്നു 'സിദ്ധാന്തബാധ' കൂടിയിരുന്ന ആ മനുഷ്യനെ കാണുമ്പോഴൊക്കെ എനിക്കു വലിയ സഹതാപം തോന്നി. സമയം കൊല്ലുന്നതുകൊണ്ടു മാത്രം ലാററിൻ പഠിക്കാൻ സാധിക്കയില്ലെന്ന് എനിക്ക് നല്ലപോലെ മനസ്സിലായിരുന്നു. എങ്കിലും അയാളോട് യാത്രപറയുന്നതിന്ന് തീരെ ധൈര്യം വന്നില്ല. ആദ്യത്തെ വസതിയിൽ താമസിച്ചിടത്തോളം കാലം ലാററിൻ പഠിക്കുക എന്ന വ്യാജം എനിക്കു തുടരേണ്ടതായിത്തന്നെവന്നു. ഒടുവിൽ യാത്രപറഞ്ഞ സമയം ശമ്പളത്തിന്റെ കണക്കു തീർത്തപ്പോൾ ലാററിൻ പഠിപ്പിച്ചത് എനിക്ക് പ്രയോജനപ്പെട്ടില്ലല്ലോ എന്നുപറഞ്ഞു ശമ്പളംവാങ്ങാൻ അയാൾ വിസമ്മതിച്ചു വളരെ നിർബന്ധിച്ചശേഷമാണ് വീണ്ടും അതു സ്വീകരിച്ചത്. തന്റെ സിദ്ധാന്തത്തെപ്പററി പ്രസംഗിച്ച് അദ്ദേഹം ഒരിക്കലും എന്നെ ഉപദ്രവിച്ചിരുന്നില്ല. എങ്കിലും ആ തത്വം അവിശ്വസിക്കുന്നതിന്ന് എനിക്ക് ഇതേവരെ കഴിഞ്ഞിട്ടില്ല. സമസ്തമനുഷ്യരേയും ഒന്നായി ബന്ധിക്കുന്ന ഒരാന്തരശക്തി ലോകത്ത് വിളയാടുന്നുണ്ടെന്ന് ഞാൻ ഇന്നും വിശ്വസിക്കുന്നു. അതിന്റെ എന്തെങ്കിലുമൊരററത്ത്

ഒരു ചലനമുണ്ടായാൽ ക്രമേണ അതു് എല്ലായിടത്തും വ്യാപിക്കുകയും ചെയ്യുന്നു.

ആദ്യത്തെ താമസസ്ഥലത്തുനിന്നു് പാലിത്മാഷായി എന്നെ വേറൊരിടത്തുകൊണ്ടുചെന്നു താമസിപ്പിച്ചു. അതു് ബാർക്കർ എന്ന ഒരു അദ്ധ്യാപകൻെറ വീട്ടിലായിരുന്നു. വിദ്യാർത്ഥികളെ വീട്ടിൽ താമസിപ്പിച്ചു് പരീക്ഷയ്ക്കു തയ്യാറാക്കുന്നതായിരുന്നു അയാളുടെ ജോലി. സ്വഭാവഗുണമുള്ള ഒരു ചെറുപ്പക്കാരി ഭാര്യ അല്ലാതെ ആ അദ്ധ്യാപകനിലോ അയാളുടെവീട്ടിലോ ആകർഷകമായി വേറൊന്നും ഉണ്ടായിരുന്നില്ല കുട്ടികൾക്കു് സ്വന്തം അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഇല്ലാത്തതുകൊണ്ടു് ഇത്തരം അദ്ധ്യാപകന്മാർക്കു് ശിഷ്യന്മാരെ കിട്ടുന്നു. എന്നാൽ അവർക്കു ഭാര്യമാരെ എങ്ങനെ കിട്ടുന്നുവെന്ന കാര്യം എനിക്കു് അത്ഭുതകരമായി തോന്നി. വീട്ടുകാരിക്കു സ്നേഹമുള്ള ഒരു പദാർത്ഥം അവിടത്തെ ഒരു ചെറിയ പട്ടി മാത്രമായിരുന്നു. അതുകൊണ്ടു് അവരോടു കോപിക്കുമ്പോഴൊക്കെ ബാർക്കർ ആ പട്ടിയെ ക്രമത്തിലധികം ഉപദ്രവിക്കും. പട്ടിയെ സ്നേഹിച്ചതുമൂലതൻെറ ദുഃഖത്തിൻെറ പരിധി ഇങ്ങനെ ഒന്നുകൂടി വസ്തൃതമാക്കാൻമാത്രമേ ആ സാധുസ്ത്രീക്കു സാധിച്ചുള്ളു.

ഈ പരിതഃസ്ഥിതികളിൽ ഡേവൻഷറിലെ ടക്കിനഗരിയിൽനിന്നു ജ്യേഷ്ഠത്തി ആളയച്ചപ്പോൾ എനിക്കുണ്ടായ സന്തോഷത്തിനളവില്ല. പറന്നതുപോലെ വെട്ടെന്നു ഞാൻ അവിടെ ചെന്നുചേർന്നു. പർവതങ്ങൾ, സമുദ്രം പുഷ്പങ്ങൾ കൊഴിഞ്ഞു കിടക്കുന്ന ഭൂപ്രദേശങ്ങൾ, പൈൻ വൃക്ഷങ്ങളുടെ ദീർഘഛായകൾ തുടങ്ങിയ അവിടത്തെ മനോഹരകാഴ്ചകൾ ലീലാഭരിതരായ

കുട്ടികളുമായി ചേൎന്നു് ഞാൻ ഇഷ്ടംപോലെ അനുഭവിച്ചു. കണ്ണുകൾ കാഴ്ചകളിൽ മുഗ്ദ്ധമായും ഹൃദയം ആനന്ദത്തിൽ മഗ്നമായും ഇരുന്നു. സംപൂൎണ്ണങ്ങളും സ്വാതന്ത്ര്യങ്ങളുമായ ദിവസങ്ങൾ പ്രതിദിനം എന്നെ നിതാന്തസുഖം അനുഭവിപ്പിച്ചു. നീലാകാശത്തിന്റേയും നീലസമുദ്രത്തിന്റേയും അനന്തതയിലും നിസ്തബ്ധതയിലും ഞാൻ ആനന്ദിച്ചു. എന്നിട്ടും എന്താ കവിതയുടെ പ്രേരണ ഉണ്ടാകാത്തതു് എന്നു പല ദിവസവും ഞാൻ ചിന്തിച്ചു ഒരു ദിവസം നോട്ടുബുക്കും കുടയുമായി ഏതിനും ഒന്നു പരീക്ഷിക്കാമെന്ന മട്ടിൽ സമുദ്രക്കരയിലേയ്ക്കു നടന്നു. അതിസുന്ദരമായ ഒരു സ്ഥലത്തു് ഇരുപ്പും പിടിച്ചു. സ്ഥലത്തിന്റെ സൗന്ദൎയ്യം ഛന്ദസ്സിനോ രസത്തിനോ സാധാരണ കാരണമാകുന്നില്ലല്ലോ. ഞാൻ ഇരുന്നതിന്നരികിലായി സാമാന്യം പൊക്കമുള്ള ഒരു കുന്നു് ദാഹിച്ചു വെള്ളം കുടിക്കാനെന്നപോലെ സമുദ്രത്തിലേക്കു് തല നീട്ടുന്നുണ്ടായിരുന്നു. ഫേനരേഖാങ്കിതമായ നീലതരംഗങ്ങൾ തീൎത്ത ഒരു ഊഞ്ഞാലിൽ കിടന്നു്, താളമേളം ചേൎന്ന പാട്ടുകൾ കേട്ടു് പുഞ്ചിരി തൂകിത്തൂകി സന്ധ്യാകാശം ഉറങ്ങിക്കഴിഞ്ഞു പുറകിൽ നില്ക്കുന്ന പൈൻവൃക്ഷങ്ങളുടെ ഛായകൾ വനലക്ഷ്മിയുടെ വിഹാരവേളയിൽ വീണുപോയ ദുകൂലംപോലെ ദിക്കെങ്ങും പരന്നു. അതിനിടയിൽ ഒരു ശിലാതലത്തിലിരുന്നു് ഞാൻ "മഗ്നതരീ" എന്നൊരു കവിതയെഴുതി. അതു് അപ്പോൾ തന്നെ അവിടത്തെ അനന്തമായ സമുദ്രത്തിൽ ഒഴുക്കിക്കളഞ്ഞെങ്കിലോ എന്നു പലപ്പോഴും ഞാൻ വിചാരിച്ചു. കാൎയ്യം ഏതായാലും കഴിഞ്ഞുപോയി; ആ കവിത ഇപ്പോഴും ജീവനോടെ ഇരിക്കുന്നു. അച്ചു

ിച്ച ഗ്രന്ഥങ്ങളിൽ അതിന്നു സ്ഥാനം ഇല്ലെങ്കിലും ഒരൊററ വിളിക്കു പ്രത്യക്ഷപ്പെടത്തക്കവിധം ഇതാ ഇന്നും അതു കാത്തുനില്ക്കുന്നു.

കർത്തവ്യത്തിന്റെ കാലദൂതൻ എന്നെ വിട്ടുമാറിയില്ല. വീണ്ടും ലണ്ടനിലേയ്ക്കു പോകാൻ എല്ലാവരും എന്നെ നിർബ്ബന്ധിച്ചുതുടങ്ങി. ഇത്തവണ ഡാഃ സ്കോട്ട്'ന്റെ വീട്ടിലാണു താമസത്തിന്നുള്ള ഏർപ്പാട്. ഒരു ദിവസം സന്ധ്യാസമയത്താണ് പെട്ടികളും പുസ്തകങ്ങളുമായി ഞാൻ അവിടെ ചെന്നു കയറിയതു്. തല നരച്ച ഡാക്ടർ സ്കോട്ടും അദ്ദേഹത്തിന്റെ ഭാര്യയും മൂത്തമകളും മാത്രമേ അന്നു വീട്ടിൽ താമസക്കാരായുണ്ടായിരുന്നുള്ളു. ഇളയ പെൺകുട്ടികൾ രണ്ടുപേരും ഒരിന്ത്യാക്കാരനെ വീട്ടിൽ താമസിപ്പിക്കുന്നതിന്നുള്ള അപ്രിയംനിമിത്തം അയൽപക്കത്തുള്ള ഒരു ബന്ധുഗൃഹത്തിലേയ്ക്കു താമസം മാററി. പുതിയ അതിഥിയെക്കൊണ്ട് ആപത്തൊന്നും വരാനില്ലെന്നു തീർച്ചയായശേഷം മാത്രമേ അവർ വീണ്ടും വീട്ടിൽ വന്നു ചേർന്നുള്ളു.

ഏതാനും ദിവസങ്ങൾക്കകം ഞാൻ വീട്ടുകാരുടെ സ്നേഹം സമ്പാദിച്ചു. ഡാക്ടരുടെ ഭാര്യ എന്നെ സ്വന്തം പുത്രനെപ്പോലെ കരുതി. അവരുടെ കുഞ്ഞുങ്ങൾ എന്നോടു കാണിച്ച സ്നേഹാദരങ്ങൾ സ്വഗൃഹത്തിൽപോലും എനിക്കു ലഭിച്ചിരുന്നില്ല.

മനുഷ്യരുടെ സ്വഭാവം ഏറെക്കുറെ എല്ലായിടത്തും ഒരുപോലെയാണെന്നുള്ളതു് ലണ്ടനിലെ താമസകാലത്തു് എനിക്കു മനസ്സിലായി. ഭാരതീയ സ്ത്രീകളുടെ ഭർത്തൃഭക്തി ലോകത്തു് വേറെ ഒരിടത്തും കാണാൻ കഴികയില്ലെന്നു് നാം സാധാരണ വിശ്വസിച്ചുവരുന്നുണ്ടു്. പക്ഷ

ഡാക്ടർ സ്കോട്ടിൻെറ ഭാര്യയ്ക്കു് ഇൻഡ്യാചരിത്രത്തിലെ ഉത്തമ സ്ത്രീകളിൽനിന്നുപോലും ഒരു വ്യത്യാസവും കാണാൻ സാധിക്കയില്ല. ഭർത്താവിൻെറ ശുശ്രൂഷയിൽ അവരുടെ സകല സമയവും വ്യാപൃതമായിരുന്നു. പണക്കാരല്ലാത്തതുകൊണ്ടു് അധികം വേലക്കാർ വീട്ടിൽ ഉണ്ടായിരുന്നില്ല. നിസ്സാരമായ ജോലികൾകൂടി അവർതന്നെചെയ്യണം. സന്ധ്യയ്ക്കു് ജോലികഴിഞ്ഞു് ഡാക്ടർ വീട്ടിൽവന്നതിനുമുമ്പായി തീക്കുണ്ഡത്തിനടുത്തു് ഒരു ചാരുകസേര അവർ ഒരുക്കിവയ്ക്കും. ഭർത്താവിൻെറ ഇഷ്ടാനിഷ്ടങ്ങൾ ഒരു ക്ഷണനേരംപോലും ആ സാധ്വി ഓർക്കാതിരുന്നിട്ടില്ല. പ്രഭാതത്തിൽ ഒരു വേലക്കാരിയുമായി അടുക്കളമുതൽ ഏണിപ്പടികൾ, ജന്നലിൻെറ പിത്തള വലയങ്ങൾവരെയുള്ള സകലതും അവർ തുടച്ചു മിനുസപ്പെടുത്തും. കൂടാതെ പല സമുദായ കാര്യങ്ങളും അവൎക്കു് അന്വേഷിക്കേണ്ടതായിട്ടുണ്ടു്. ജോലികളെല്ലാം തീർത്തുകഴിഞ്ഞു് സന്ധ്യയാകുമ്പോഴേയ്ക്കു ഞങ്ങളുടെ വായനയിലും വിനോദങ്ങളിലും പങ്കെടുക്കുന്നതിനു് അവർ വന്നുചേരും. അവസരംപോലെ ആനന്ദം വർദ്ധിപ്പിക്കുന്നതും വീട്ടിലെ സ്ത്രീകളുടെ കർത്തവ്യങ്ങളിൽപ്പെടുന്ന ഒന്നാണല്ലോ.

ഡാക്ടരുടെ പെൺകുട്ടികളുമായി മേശപിടിച്ചു കറക്കുന്ന ഒരുകളിയിൽ ചിലപ്പോഴൊക്കെ ഞാൻ ഏർപ്പെട്ടുമായിരുന്നു. ചെറിയ ഒരു മേശമേൽ കൈകൾവച്ചു് അതു് മുഴുവൻ ഞങ്ങൾ കറക്കിക്കൊണ്ടു നടക്കും. ഇങ്ങനെ ഏതു വസ്തുവിൽ ഞങ്ങൾ കൈവച്ചാലും അതു കറങ്ങിത്തുടങ്ങുമെന്ന മട്ടായി. മിസ്സിസ്സ് സ്കോട്ടിനു് ആ കളി അത്ര രസിച്ചില്ല. എങ്കിലും "ഈ കളി നിങ്ങൾക്കു

ത്ര നല്ലതല്ല" എന്ന ഗൗരവത്തിൽ ശാസിച്ചതല്ലാതെ കളികളുടെ നേരമ്പോക്കു് അവർ നിശ്ശേഷം നിരുത്തിക്കളഞ്ഞില്ല. അങ്ങനെയിരിക്കെ, ഒരു ദിവസത്തെ ഞങ്ങളുടെ 'കറക്കിക്കളി' ഡാക്ടർസ്കോട്ടിന്റെ ഹാററിലായിപ്പോയി. അതവക്കു തീരെ സഹിച്ചില്ല. കോപാവേശത്തോടെ ഓടിവന്നു് "ഇല്ല; മേലാൽ ഈ കളി ഇവിടെ നടപ്പില്ല" എന്നു നിർബന്ധമായി അവർ നിരോധിച്ചു. ഭർത്താവിന്റെ തൊപ്പിയിലുള്ള കളി മിസ്സിസ് സ്കാട്ടിനു് ഒരു നിമിഷംപോലും കണ്ടു സഹിക്കാൻ സാധിച്ചില്ല.

ഭർത്താവിനോടുള്ള പരമഭക്തിയാണു് ഈ ഉദാഹരണങ്ങളിലെല്ലാം വിശദമായി കാണുന്ന ഒരു പരമാർത്ഥം. നിസ്സ്വാർത്ഥമായ അവരുടെ ഇത്തരം പ്രവൃത്തികൾ കണ്ടാൽ സ്ത്രീലോകത്തിന്റെ സ്നേഹപരിണതി ഭക്തിയാണെന്നു നാം വിശ്വസിച്ചുപോകും. പ്രേമത്തിന്റെ സ്വാഭാവികമായ വളർച്ചയ്ക്കു യാതൊരു വിഘ്നവുമില്ലെങ്കിൽ അതു് പൂജയിൽ ചെന്നു പരിണമിക്കുന്നു. ഭോഗവിലാസങ്ങളുടെ ഉപകരണങ്ങൾ കൂടുതൽ കാണുന്നിടത്തു്—രാവും പകലും ഒരുപോലെ അലസസുഖങ്ങളിൽ വിഹരിക്കുന്നിടത്തു—പ്രേമത്തിനു് വൈകല്യം സംഭവിക്കുന്നു. അവിടെ സ്ത്രീപ്രകൃതിക്കു് പൂർണ്ണത ലഭിക്കാൻ സാധിക്കുന്നില്ല.

ഏതാനുംമാസങ്ങൾ ഇങ്ങനെ കഴിഞ്ഞുകൂടി. അപ്പോഴേയ്ക്കും ജ്യേഷ്ഠനു നാട്ടിലേയ്ക്കു തിരിച്ചുപോകേണ്ട കാലമായി. എന്നെക്കൂടി കൂട്ടിക്കൊണ്ടുചെല്ലുന്നതിനു് അച്ഛൻ എഴുതിഅയയ്ക്കുകയുംചെയ്തു. എനിക്കു വളരെ സന്തോഷമായി. ബങ്കാളിലെ നിർമ്മലമായ ഋതുകാലവും അതിലെ വെളിച്ചവും മൗനസഞ്ചാരത്തിൽ എന്നെ ആക്രോ

ട്ടക്കണ്ണിച്ചു. യാത്രചോദിച്ച സമയം എന്റെ കൈപ്പു പിടിച്ചു കരഞ്ഞുംകൊണ്ട് മിസ്സിസ് സ്കൂാട്ടപറഞ്ഞു:- "ഇത്രവേഗം യാത്രപറയാനായിരുന്നെങ്കിൽ നീ ഇവിടെ വരേണ്ടി ഇല്ലായിരുന്നു" ഡാക്ടരുടെ കുടുംബം ലണ്ടനിൽ ഇന്നു കാണാനില്ല. കുടുംബത്തിലെ അംഗങ്ങളിൽ ചിലർ പരലോകത്തും മററു ചിലർ ഇഹലോകത്തു പലടത്തായും താമസിക്കുന്നു എങ്കിലും എനിക്ക് അവരെ ഒരിക്കലും മറക്കാൻ കഴികയില്ല.

തണുപ്പുള്ള ഒരു ദിവസം ടൺബ്രിഡ്ജ്‌വെയിൽസിൽ നിന്നു ഞാൻ വെളിയിലേയ്ക്കു വരുമ്പോൾ റോഡിന്നരികെ ഒരാൾ നിൽക്കുന്നതു കണ്ടു. അയാളുടെ പാദങ്ങൾ ബൂട്ട്സിന്റെ അററത്തുകൂടെ പകുതിയും വെളിയിൽ ചാടിയിരുന്നു. ദേഹത്തുകിടന്ന ഉടുപ്പിന്റെ മുൻഭാഗം മുഴുവൻ കീറിപ്പോയി. അത്യന്തം വ്യാകുലതയോടെ അയാൾ എന്റെ മുഖത്ത് ഒന്നുതുറിച്ചുനോക്കി. തെണ്ടുന്നതു് നിരോധിച്ചിരുന്നതുകൊണ്ടായിരിക്കാം എന്നോട്ട് വല്ലതും എന്തെങ്കിലും ചോദിക്കാൻ അയാൾ ധൈര്യപ്പെടാഞ്ഞതു്. എതിനും ഞാൻ കൊടുത്ത തുക അയാളുടെ പ്രതീക്ഷയിൽ എത്രയോ ഇരട്ടി കവിഞ്ഞതായിരുന്നു. കുറച്ചു ദൂരം മുന്നോട്ടു ഞാൻ നടന്നുകഴിഞ്ഞപ്പോൾ അയാൾ ഓടിവന്ന് ഇരച്ചുംകൊണ്ടു് "സാർ, അവിടുന്നു് ഓർക്കാതെ എനിക്ക് ഒരു പവൻ തന്നുപോയി." എന്നു പറഞ്ഞു് അതു തിരിയെ തരാൻ ഭാവിച്ചു. ഇതുപോലെ വേറെയും പല സംഭവങ്ങളുണ്ടായതുകൊണ്ടാണു് ഇതിത്ര നല്ലപോലെ ഞാൻ ഓർമ്മിച്ചുവച്ചിരിക്കുന്നതു്.

ടക്കി സ്റ്റേഷനിൽ ആദ്യമായി എത്തിയ ദിവസം ട്രയിനിൽനിന്നും ഒരു പോർട്ടർ എന്റെ സാമാനങ്ങൾ എടുത്തു വണ്ടിയിൽ കൊണ്ടുവച്ചു. കൂലികൊടുക്കാൻ

GRANDHA SALA THENNOORKONAM

കൈയിൽ ചില്ലറയില്ലാതിരുന്നതിനാൽ ഒരു അരപ്പവൻ അവനു കൊടുത്തിട്ടു ഞങ്ങൾ വണ്ടിവിട്ടുപോയി. കുറച്ചുകഴിഞ്ഞു് അയാൾ പുറകെ ഓടിവന്നു് വണ്ടിനിറുത്താൻ ആവശ്യപ്പെട്ടു. എന്റെ വിദേശിവേഷം കണ്ടിട്ടു് കൂടുതൽ കൂലി ആവശ്യപ്പെടാൻവരുകയാണെന്നാണു ഞാൻ ധരിച്ചുപോയതു്. എന്നാൽ വണ്ടിനിറുത്തിയപ്പോൾ അയാൾ എന്നോടു പറഞ്ഞതു ഒരു പെനി എന്നു വിചാരിച്ചു് അരപ്പവൻ ഞാൻ അവനു കൊടുത്തിരിക്കുന്നു എന്നായിരുന്നു.

ഇംഗ്ലണ്ടിൽ താമസിച്ചിരുന്നകാലത്തു് ആരും എന്നെ വഞ്ചിക്കാൻ ശ്രമിച്ചില്ലെന്നു പറയുന്നതുശരിയല്ല. ചില്ലറ ചില സംഭവങ്ങൾ ഉണ്ടെങ്കിലും അവ അത്ര പറയത്തക്ക വിധത്തിലുള്ളതല്ല. ആത്മവിശ്വാസം കുറഞ്ഞിരിക്കുന്ന ആളുകളാണു് അന്യരേയും സാധാരണ അവിശ്വസിക്കുന്നതെന്നാണു് എന്റെ വിശ്വാസം. വിദേശികൾ ലണ്ടനിലെ കച്ചവടക്കാരനെ സംശയിക്കപോലും ചെയ്തിരുന്നില്ല.

ഇംഗ്ലണ്ടിലെ എന്റെ ആദ്യത്തെ താമസം ആകപ്പാടെ ഒരു പ്രഹസനമായിരുന്നു. ഇൻഡ്യയിൽ ഉദ്യോഗത്തിലിരുന്ന ഒരു സായിപ്പിന്റെ വിധവയുമായി എനിക്കു അന്നു കുറച്ചു പരിചയം ലഭിച്ചു. അവർ എന്നെ വളരെ വാത്സല്യമായി 'റബി' എന്നാണു വിളിച്ചു വന്നതു്. ഭർത്താവിന്റെ മരണം സംബന്ധിച്ചു് അവരുടെ ഇൻഡ്യൻ സ്നേഹിതന്മാരിലൊരാൾ . ഇംഗ്ലീഷിൽ ഒരു പാട്ടുണ്ടാക്കിയിരുന്നു. പാട്ടിന്റെ രചനാഭംഗിയേയോ കവിതാഗുണത്തേയോ പററി ഞാൻ ഒന്നും തന്നെ പറയുന്നില്ല. എന്നാൽ എന്റെ കഷ്ടകാലംകൊണ്ടു് ആ പാ

ട്ടു 'ബേഹാഗ്' രാഗത്തിലാണു പാടേണ്ടതെന്നു് അതിന്റെ കവി അവരെ അറിയിച്ചിരുന്നു. ആ രാഗത്തിൽ പാട്ടൊന്നു് പാടിക്കേൾപ്പിക്കണമെന്നു് മദാമ്മ ഒരിക്കൽ എന്നോടാവശ്യപ്പെട്ടു. ആരുടെ അപേക്ഷയും അത്ര നിർദ്ദയം ഉപേക്ഷിക്കുന്ന കാര്യം എനിക്കത്ര എളുപ്പമല്ല. പാട്ടിന്റെ രാഗം എത്ര വികൃതമായാണു് ഘടിപ്പിച്ചിരിക്കുന്നതെന്നു് ആർക്കും അവിടെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. തന്റെ ഭർത്താവിനെപ്പററി ഒരു ഇൻഡ്യൻ നിർമ്മിച്ചപാട്ടു് വേറൊരു ഇൻഡ്യൻ പാടിക്കേട്ടപ്പോൾ മദാമ്മയുടെ സന്തോഷം വളരെ വർദ്ധിച്ചു. അതോടുകൂടി എന്റെ ഉപദ്രവമൊഴിയുമെന്നാണു് ഞാൻ വിചാരിച്ചതു്. പക്ഷെ ഫലം നേരെ വിപരീതമായിരുന്നു.

പല യോഗങ്ങളിലും പിന്നീടു് ആ സ്ത്രീയുമായി ഞാൻ കൂട്ടിമുട്ടി. സദ്യകഴിഞ്ഞു് അതിഥികൾ ഒരിടത്തു കൂടിയിരിക്കുന്ന തക്കം നോക്കി പഴയ പാട്ടുപാടാൻ അവർ എന്നോടാവശ്യപ്പെട്ടു. ഇൻഡ്യൻ സംഗീതത്തിന്റെ ഏതോ ഒരു അപൂർവമായ മാതൃക കേൾക്കാൻ പോകുന്നുവെന്ന വിചാരത്തോടെ മററുള്ളവരെല്ലാം എന്നെ നിർബന്ധിക്കും. അതിനിടയിൽ മദാമ്മയുടെ പാക്കററിൽനിന്നും അച്ചടിച്ച ഒരു കടലാസ്സു തുണ്ടു് പൊങ്ങിക്കഴിഞ്ഞു. ഗത്യന്തരമില്ലാതെ ആകുമ്പോൾ ലജ്ജകൊണ്ടു തലകുനിച്ചു് ഞാൻ പാടിത്തുടങ്ങും. ആ വിലാപഗാനം എനിക്കല്ലാതെ വേറെയാർക്കും ശോകജനകമായിരുന്നില്ലെന്നുള്ളതിനു സംശയമില്ല. എങ്കിലും പാട്ടു കഴിയുമ്പോൾ "Thank you very much. How interesting" എന്നു് പലർകൂടി ഒററസ്വരത്തിൽ പറയും. തണുപ്പുകാലമായിരുന്നെങ്കിലും പാടിക്കഴിയുമ്പോഴേയ്ക്കു്

ഞാൻ നല്ലപോലെ വിയത്തുകഴിയും. ഇങ്ങനെ ഒരു കഷ്ടകാലം എനിക്കു വന്നുചേരുമെന്നു് എന്റെ ജനനകാലത്തോ, സായിപ്പിന്റെ മരണകാലത്തോ യാതൊരു ദീർഘദർശിക്കും സ്വപ്നം കാണാൻപോലും കഴിഞ്ഞിരുന്നില്ല

ഡാക്ടർ സ്കാട്ടിന്റെ വീട്ടിൽ താമസിച്ചുകൊണ്ടു് ഞാൻ ലണ്ടൻ സർവ്വകലാശാലയിൽ പഠിച്ചിരുന്ന കാലങ്ങളിൽ മദാമ്മയുടെ ഉപദ്രവം അധികമുണ്ടായില്ല. ലണ്ടനിൽനിന്നു് കുറച്ചുദൂരെയാണു് അവരുടെ വീടു്. അവിടെ ചെല്ലുന്നതിനു് അവർ എനിക്കു കൂടക്കൂടെ ക്ഷണക്കത്തു് അയയ്ക്കുമായിരുന്നു പാട്ടിയെ പേടിച്ചു് ഒരിക്കലും ഞാൻ അവിടെ പോയിട്ടില്ല. അതിനിടയിൽ ഒരു ദിവസം എനിക്കു് അവരിൽനിന്നു് ഒരു കമ്പികിട്ടി. കമ്പികിട്ടിയ സമയം ഞാൻ സ്കൂളിലേക്കു പോവുകയായിരുന്നു. കൽക്കത്തയ്ക്കു് മടങ്ങേണ്ടകാലവും അടുത്തു. ഏതായാലും ഇംഗ്ലണ്ടുവിട്ടു് നാട്ടിലേയ്ക്കു മടങ്ങുന്നതിനുമുമ്പു് ഒരു തവണകൂടി മദാമ്മയെ കണ്ടുകളയാമെന്നുതന്നെ തീർച്ചപ്പെടുത്തി.

കാളേജിൽനിന്നും വൈകുന്നേരം വീട്ടിൽപോകാതെ ഞാൻ സ്റ്റേഷനിലേക്കു തിരിച്ചു. തണുപ്പു് അതികലശൽ. മഞ്ഞുകട്ടകൾ ധാരാളം വർഷിക്കുന്നുണ്ടായിരുന്നു. വണ്ടിയിൽ കയറി ഞാൻ നിശ്ചിന്തനായി ഇരുന്നു. എനിക്കു പോകേണ്ട സ്റ്റേഷൻ വണ്ടി അവസാനമായി നിൽക്കുന്ന സ്ഥലമായതുകൊണ്ടു് കൂടുതൽ അന്വേഷണമൊന്നും നടത്തിയില്ല.

വഴിയിലെ സ്റ്റേഷനെല്ലാം വലത്തുഭാഗത്തായിരുന്നു അതുകൊണ്ടു് വണ്ടിയുടെ വലത്തുവശത്തായി ഒരു മൂലയിലിരുന്നു് ഞാൻ പുസ്തകം വായിച്ചുതുടങ്ങി, ഇരുട്ടു ക്രമേ

ണ വൎദ്ധിച്ചുവൎദ്ധിച്ചു് വെളിയിൽ യാതൊന്നും കണ്ടു കൂടാതെയായി. യാത്രക്കാർ മിക്കപേരും അതാതു സ്റ്റേഷനിൽ ഇറങ്ങിത്തുടങ്ങി. എനിക്ക പോകേണ്ട സ്റ്റേഷന്റെ മുമ്പിലത്തെ സ്റ്റേഷൻ കഴിഞ്ഞു. അടുത്തായി ഒരു സ്ഥലത്തു് വണ്ടി പെട്ടെന്നു നിന്നു. ജന്നലിൽക്കൂടി വെളിയിലേക്ക നോക്കിയപ്പോൾ എല്ലാം അന്ധകാരമയം. ആളുകളില്ല; വിളക്കില്ല; വെളിയിൽ ഒന്നുമേ കാണാനില്ല. ട്രെയിൻ അസ്ഥാനത്തു് ചിലപ്പോൾ നിന്നുപോയാൽ അതിനെപ്പററി ചോദിക്കാൻ യാത്രക്കാൎക്കവകാശമില്ലല്ലോ. ഞാൻ വീണ്ടും പുസ്തകം വായിച്ചുതുടങ്ങി. അല്പസമയംകഴിഞ്ഞു് വണ്ടിനീങ്ങി. അടുത്ത സ്റ്റേഷനിൽവന്നു ചേൎന്നപ്പോൾ വലിയ സംഭ്രമമായി. സ്റ്റേഷനിൽ കൂടിനിന്ന ആളുകളോടു എനിക്കു പോകേണ്ടസ്ഥലം ഏതുഭാഗത്താണെന്നു ചോദിച്ചു. അവിടെ പോയിട്ടു് വണ്ടി തിരിയെ വന്നിരിക്കയാണെന്നു് എനിക്കു് അപ്പോഴാണു് മനസ്സിലായതു്. ഇനി വണ്ടി എങ്ങോട്ടുപോകുന്നു എന്നു ചോദിച്ചപ്പോൾ ലണ്ടനിലേയ്ക്കെന്നു് ഉത്തരം കിട്ടി. അതു് ഒരു ഷട്ടിൽ വണ്ടിയായിരുന്നു. ഏതായാലും ഞാൻ അവിടെത്തന്നെ ചാടി ഇറങ്ങി. ഇനി അടുത്ത ദിവസമേ വണ്ടിവരുകയുള്ളൂ. ആത്യമെച്ചിനാട്ടത്തു് അവിടെങ്ങും ഒരുഹോട്ടൽ കൂടിഇല്ല.

കാലത്തു പത്തുമണിക്കു് ആഹാരം കഴിഞ്ഞതിനുമേൽ പച്ചവെള്ളംപോലും ഞാൻ കുടിച്ചിട്ടില്ല. ഗതിയില്ലാതാകുമ്പോൾ വൈരാഗ്യത്തിനു ശക്തിവൎദ്ധിക്കും. കോട്ടിലെ ബട്ടനെല്ലാം ഇട്ടുമുറുക്കി പ്ലാററുഫാറത്തിൽതന്നെ ഒരു വിളക്കിന്റെ അരികിലിരുന്നു ഞാൻ പുസ്തകവായന തുടൎന്നു.

ആയിടെ പ്രസിദ്ധപ്പെടുത്തിയ സ്പെൻസരുടെ Date of Ethics ആയിരുന്നു പുസ്തകം. ഏകാഗ്രതയോടെ വായിക്കുന്നതിനു ലഭിച്ച സമയം ഒരുതരത്തിലും മോശമല്ല അല്പസമയംകഴിഞ്ഞു് പോർട്ടർവന്നു് 'ഇന്നു് ഒരു സ്പെഷ്യൽ ഉണ്ടെന്നും 'അതു് അരമണിക്കൂറിനകം വന്നുചേരുമെന്നും' എന്നെ അറിയിച്ചു. അതിനുശേഷം വായിക്കാൻ എനിക്കു മനസ്സമാധാനമുണ്ടായില്ല.

ഏഴുമണിക്കു് എത്തേണ്ട ഞാൻ ഒമ്പതരമണിക്കു് ആതിഥേയഗൃഹത്തിൽ എത്തിച്ചേർന്നു എൻെറ മടക്കത്താമസം ഒന്നും അവരെ പറഞ്ഞുധരിപ്പിക്കാൻ ഞാൻ തുനിഞ്ഞില്ല പ്രത്യേകം ക്ഷണിച്ചിരുന്ന അതിഥികളുടെ ആഹാരം അപ്പോഴേയ്ക്കും കഴിഞ്ഞിരുന്നു. താമസിച്ചുപോയതു് എൻെറ മാത്രം കുററമല്ലാത്തതുകൊണ്ടു് അധികം ശിക്ഷ ഞാൻ അനുഭവിക്കേണ്ടി വരുമെന്നു വിചാരിച്ചില്ല പോരെങ്കിൽ ഗൃഹനായിക ഒരു സ്ത്രീയുമാണല്ലോ. എന്നാൽ ഇൻഡ്യയിലെ ഉയന്ന ഒരു യൂറോപ്യൻ ഉദ്യോഗസ്ഥൻെറ ആ വിധവ എന്നോടു് ഒരു കപ്പുചായ കഴിക്കണമെന്നുമാത്രമേ പറഞ്ഞുള്ളു

സാധാരണയായി ഞാൻ ഒരു ചായകുടിക്കാരനല്ല. എങ്കിലും വിശപ്പിൻെറ കൂടുതൽകൊണ്ടു് നാലഞ്ചു ഉണക്കബിസ്കററും ഒരു കപ്പുചായയും വല്ലവിധത്തിലും ഉള്ളിലാക്കി. സല്ക്കാരമുറിയിൽ പ്രായംചെന്ന ഒട്ടധികം സ്ത്രീകൾ കൂടിയിരുന്നു. അക്കൂട്ടത്തിൽ സുന്ദരിയായ ഒരു അമേരിക്കൻ വനിതയുമുണ്ടായിരുന്നു. നമ്മുടെ ഡൊമ്മയുടെ അനന്തിരവനെക്കൊണ്ടു് അവളെ വിവാഹം ചെയ്യിക്കുന്നതിനു തീർച്ചപ്പെടുത്തിയിരുന്നതിനാൽ അതിൻെറ പൂർവരംഗങ്ങളായ സരസസല്ലാപാദികൾ അവിടെ മുറ

യ്യുന്നടക്കന്നു! 'ശരി, ഇനി ഒരു നൃത്തം നടക്കട്ടെ', എന്നായി ഗൃഹനായിക. എനിക്കു നൃത്തം ചെയ്യുന്നതിനു ആഗ്രഹം ഇല്ല. പോരെങ്കിൽ ശരീരാസ്വാസ്ഥ്യം അതിനു അനുവദിച്ചുമില്ല. എന്നാൽ സുഖം മുഷിഞ്ഞു സംസാരിക്കാൻ ശീലിച്ചിട്ടില്ലാത്തവക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ പലപ്പോഴും ചെയ്യേണ്ടിവരുമല്ലോ. നൃത്തം നവദമ്പതികൾക്കു വേണ്ടി ആയിരുന്നുവെങ്കിലും പത്തുമണിക്കൂർ പട്ടിണി കിടക്കുന്ന വയററിൽ രണ്ടു കഷണം ബിസ്കൂററും ഇട്ടുംകൊണ്ടു എനിക്കു മററു പെണ്ണുങ്ങളോടൊപ്പം ചാടേണ്ടതായി വന്നുകൂടി.

ദുഃഖത്തിൻെറ പരിധി ഇവിടെയും നിന്നില്ല. നൃത്തം കഴിഞ്ഞപ്പോൾ "രബി, രാത്രി നീ എവിടെ കഴിച്ചുകൂട്ടുന്നു" എന്നു ചോദ്യമായി. അത്തരം ഒരു ചോദ്യം ഒരിക്കലും ഞാൻ പ്രതീക്ഷിച്ചില്ല. ചോദ്യത്തിനുത്തരമായി അമ്പരന്നു ഞാൻ നോക്കുന്നതു കണ്ടിട്ടു അവർ വീണ്ടും പറഞ്ഞു:

"അടുത്തുള്ള സത്രം ഇനി അധികംനേരം തുറന്നിരിക്കയില്ല. അതുകൊണ്ടു നീ അങ്ങോട്ടുതന്നെ വേഗം പൊയ്ക്കൊള്ളുക." മദാമ്മയുടെ ദാക്ഷിണ്യം അതോടെ അവസാനിച്ചെന്നു വിചാരിക്കരുതു്. സത്രം കാണിച്ചുതരുന്നതിനു വിളക്കുമായി ഒരു വേലക്കാരനെ അവർ എന്റെകൂടെ അയച്ചുതന്നു.

'ഉർവശീശാപം ഉപകാരം ആയ'തുപോലെ സത്രത്തിൽ വല്ലതുമൊന്നു കഴിക്കാൻ കിട്ടിയെങ്കിൽ ഭാഗ്യമാകുമെന്നു ഞാൻ ആശിച്ചു. ഇറച്ചിയോ, ഇലക്കറിയോ, ചൂടുള്ളതോ, തണുത്തതോ ഏതായാലും തരക്കേടില്ല, വല്ലതുമിത്തരാമോ എന്നു ഞാൻ സത്രമുടമസ്ഥനോടു് ചോദിച്ചു.

മത്സ്യവകകളല്ലാതെ തിന്നാനുള്ളവ ഒന്നും അവിടെ ഉണ്ടായിരുന്നില്ല. വല്ലടത്തും കിടന്നൊന്നുറങ്ങി വശപ്പുമറന്നാൽ മതിയെന്നായി പിന്നത്തെ എൻെറ വിചാരം. എങ്ങിനെ ഉറങ്ങുന്നു. മണ്ണുനിറഞ്ഞ മുറിയിലെ വെറും തറയിൽ തുണുത്തിട്ട് കാലെടുത്തുവയ്ക്കാൻ മേല. ഒരു പഴഞ്ചൻകട്ടിലും കാലൊടിഞ്ഞ മേശയുമല്ലാതെ മുറിയ്ക്കകത്തു വേറൊന്നും കാണാനുമില്ല.

പിറേറദിവസം പ്രഭാതത്തിൽ എന്നെ ചായ കുടിക്കുന്നതിനു ക്ഷണിക്കാൻ മദാമ്മ ആളയച്ചു. ചില തണുത്ത സാധനങ്ങൾ മുമ്പിൽ കൊണ്ടുവന്നുനിരത്തി. രാത്രിയിലെ സദ്യയുടെ അവശിഷ്ടങ്ങളാണു് അവയെന്നുള്ളതിനു സംശയമില്ല. അതിലേതെങ്കിലും തലേനാൾ രാത്രി കിട്ടിയിരുന്നെങ്കിൽ ഞാൻ സുഖമായി ഒന്നു കണ്ണടച്ചുറങ്ങുമായിരുന്നു. എൻെറ നൃത്താവും ചൂണ്ടയിൽപിടിച്ച മീനിൻെറ നൃത്തങ്ങളിൽനിന്നു് അല്പമെങ്കിലും ഭേദപ്പെട്ടിരിക്കുമായിരുന്നു.

പ്രധാനമായി എൻെറ പാട്ടു കേൾക്കേണ്ടവർ അന്നു രോഗശയ്യയിൽ കിടപ്പായിരുന്നു. എന്നിട്ടും എൻെറ കഷ്ടകാലം തീർന്നില്ല. രോഗി കിടക്കുന്ന മുറിയുടെ വെളിയിൽ നിന്നുകൊണ്ടു് ഞാൻ ആ വിലാപഗാനം ഒന്നു പാടണം. അതിലേയ്ക്കു് എന്നെ ഒരു ഏണിപ്പടിയുടെ ചുവട്ടിൽ കൊണ്ടുനിറുത്തി. അല്പം ദൂരെയായി ഒരു മറി ചൂണ്ടിക്കാണിച്ചുതന്നു. ഞാൻ അവിടെനിന്നു് ആകാശത്തു നോക്കി വായുംപിളർന്നു് ബേഹാഗ് രാഗം പാടിത്തുടങ്ങി. പാട്ടുകേട്ട രോഗിയുടെ കഥ എന്തായി എന്നു് പിന്നീടു് ഒരിക്കലും എനിക്കു് അറിയാൻ സാധിച്ചില്ല.

ആതിഥ്യസ്വീകരണം കഴിഞ്ഞു ലണ്ടനിൽ തിരിച്ചുവന്നശേഷം മൂന്നു നാലു ദിവസം ക്ഷീണം കൊണ്ടു് എനിക്കു് എഴുന്നേൽക്കാൻപോലും കഴിഞ്ഞില്ല. എന്നാൽ ഇതാണു് ഇംഗ്ലണ്ടിലെ ഔദാര്യത്തിന്റെ മാതൃക എന്നു വിചാരിച്ചുപോകരുതെന്നും ഇൻഡ്യാഗവമ്മെന്റിന്റെ ഉപ്പും ചോറും തിന്നതിന്റെ ഗുണമാണു് ആ ക്കിഴവി കാണിച്ചതെന്നും ഡാക്ടർ സ്കാട്ടിന്റെ പെൺകുട്ടികൾ എന്നോടു കൂടക്കൂടെ പറഞ്ഞിരുന്നു.

---

## ലോകേൻപാലിത്

ഞാൻ യൂനിവേഴ്സിററി കാളേജിൽ പഠിച്ചിരുന്നകാലത്തു് ലോകേൻപാലിത് എന്റെ ഒരു സഹപാഠിയായിരുന്നു. വയസ്സു് അയാൾക്കു് എന്നേക്കാൾ നാലഞ്ചു കുറവായിരിക്കണം. ഇതെഴുതുന്ന കാലത്തു് നാലഞ്ചു വയസ്സിന്റെ വ്യത്യാസം പറയത്തക്ക ഒന്നല്ല. എന്നാൽ പതിനേഴും പതിമ്മൂന്നും വയസ്സിനു മദ്ധ്യേയുള്ള കാലം എളുപ്പത്തിൽ മാററാവുന്ന ഒന്നല്ല. വയസ്സു കുറയുന്തോറും അതിന്റെ ഗൗരവം വച്ചു സൂക്ഷിക്കാനുള്ള മോഹം കൂടിക്കൊണ്ടേ ഇരിക്കുന്നു. പക്ഷേ പാലിത്തിനു് അങ്ങനെ ഒരു വിചാരമുണ്ടായിരുന്നില്ല. ബുദ്ധിശക്തിയിലോ മറേറതുകാര്യത്തിലോ അയാൾ ആരിൽനിന്നും താഴെ അല്ലായിരുന്നു എന്നുള്ളതായിരിക്കാം അതിന്റെ കാരണം.

യൂനിവേഴ്സിററിയിലെ ലൈബ്രറിയിൽ ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരുന്നാണ് പഠിച്ചിരുന്നതു്. അതു് എനിക്കും പാലിതത്തിനും കഥകൾ പറയാൻ ധാരാളം അവസരം നൽകി. ഞങ്ങളുടെ കഥാലാപങ്ങൾ കുറെ പതുക്കെ ആയിരുന്നെങ്കിൽ അതു മററുള്ളവർക്കു ഉപദ്രവകരമാകയില്ലായിരുന്നു. പക്ഷെ നിസ്സാരകാര്യങ്ങൾ കണ്ടാൽ കൂടി ഞങ്ങൾക്കുണ്ടാകുന്ന ചിരി ഒരു തരത്തിലും നിയന്ത്രിക്കാൻ സാധിച്ചിരുന്നില്ല. എല്ലാ നാട്ടിലും പെൺകുട്ടികൾ പാഠം വായിക്കുമ്പോൾ കൂടുതൽ ശ്രദ്ധ കാണിക്കാറുണ്ടു്. ഞങ്ങളുടെ ഈ ഉപദ്രവം അവിടത്തെ പെൺകുട്ടികൾക്കു് തീരെ രസിച്ചില്ല. കോപം നിറഞ്ഞ അവരുടെ നോട്ടങ്ങൾ ഞങ്ങളുടെ മേൽ അന്നു എത്ര പതിഞ്ഞിരിക്കുന്നുമെന്നോർക്കുമ്പോൾ ലജ്ജ തോന്നിപ്പോകുന്നു. വായിക്കുന്ന കുട്ടികളെ ഉപദ്രവിക്കുന്നതിനു് അക്കാലത്തു് ഒരു സങ്കോചവും തോന്നിയില്ല. ചിരിച്ചുചിരിച്ചു് എനിക്കു് തലവേദനവരുമെന്നു തോന്നി. വായിക്കുന്നവരെ വിഷമിപ്പിച്ചതിനു് ഈ ശിരസ്താപം കൊണ്ടു വേറെ ശിക്ഷ ഒന്നും കിട്ടിയില്ല.

ലൈബ്രറിയിലെ ചിരിയുടേയും കളിയുടേയും ബഹളത്തിനിടയിൽ ഏതാനും ചില സാഹിത്യചർച്ചകൾ ഞങ്ങൾ നടത്തി. പാലിത വളരെ കുറച്ചു ബങ്കാളിപുസ്തകങ്ങളേ വായിച്ചിരുന്നുള്ളു. എങ്കിലും അവന്റെ അസാധാരണ ബുദ്ധിശക്തി അവനെ ഈക്കാര്യത്തിലും വളരെ സഹായിച്ചിരുന്നു.

ഈ വിവിധ വാദപ്രതിവാദങ്ങളുടെ കൂട്ടത്തിൽ ബങ്കാളിശബ്ദതത്വത്തെപ്പററി ഞങ്ങൾ ഒരിക്കൽ ഒരു വാദം നടത്തി. അതിന്റെ കാരണമിതായിരുന്നു. ഡാക്ടർ സ്കാട്ടിന്റെ ഒരു മകളെ ഞാൻ ബങ്കാളി പഠിപ്പിച്ചുകൊ

ണ്ടിരുന്നു. അക്ഷരം പഠിപ്പിച്ച സമയം ബംഗാളിഭാഷയിൽ ഉച്ചാരണത്തിന് ഇംഗ്ലീഷിലെപ്പോലെ അവ്യവസ്ഥ ഒന്നുമില്ലെന്നു ഞാൻ പറഞ്ഞുപോയി. പക്ഷേ, പഠിത്തം തുടന്നപ്പോഴാണ് വിഷമം മനസ്സിലായതു്. ശൈശവംമുതലുള്ള അഭ്യാസംമൂലം ബങ്കാളിയുച്ചാരണത്തിന്റെ അവ്യവസ്ഥ നാം മനസ്സിലാക്കുന്നില്ലെന്നേ ഉള്ളു. ഉച്ചാരണവ്യത്യാസങ്ങൾ അതിലും ധാരാളം ഉണ്ടു്. ഏതായാലും എന്റെ ഭാഷാപാണ്ഡിത്യം പരിരക്ഷിക്കുന്നതിനുവേണ്ടി ഉച്ചാരണഭേദങ്ങൾക്കു് ഒരു സാധാരണനിയമം കണ്ടുപിടിക്കേണ്ടിവന്നു. അക്കാര്യത്തിൽ ലോകേൻ ചെയ്തുതന്ന സഹായം എന്നെ വളരെ അത്ഭുതപ്പെടുത്തി

ഏതാനുംകൊല്ലങ്ങൾ കഴിഞ്ഞു് ലോകേൻ ഐ. സി. എസ്സ്. പാസ്സായി നാട്ടിലേയ്ക്കു മടങ്ങിവന്നശേഷം ലണ്ടനിലെ ലൈബ്രറിമുറിയിൽ ആരംഭിച്ച സാഹിത്യചർച്ച പ്രയോജനകരമായി പിൻതുടരുന്നതിനു ഞങ്ങൾക്കു് അവസരം ലഭിച്ചു. ലോകേന്റെ പ്രബലമായ സാഹിത്യാഭിരുചി എന്റെ സാഹിത്യശ്രമങ്ങളുടെ ഗതിവേഗത്തെ വളരെ സഹായിച്ചിട്ടുണ്ടു്. യൗവ്വനദശയിൽ എന്റെ പേനയിൽനിന്നു പ്രവഹിച്ചുകൊണ്ടിരുന്ന ഗദ്യപദ്യ പ്രബന്ധങ്ങൾക്കു് ലോകേൻ വലിയ ഒരു പ്രേരകൻ ആയിരുന്നു. അവയിൽ പലതും ഞാൻ അദ്ദേഹത്തിന്റെ ബംഗ്ലാവിൽവച്ചു് എഴുതിയിട്ടുള്ളതാണു്. സന്ധ്യയോടെ ആരംഭിക്കുന്ന ഞങ്ങളുടെ സംഗീതസാഹിത്യസദസ്സുകൾ എത്രയോ ദിവസങ്ങൾ പ്രഭാതംവരെ നീണ്ടുനിന്നിട്ടുണ്ടു്. സരസ്വതിയുടെ പദ്മദളങ്ങളിൽ സ്നേഹത്തിന്റെ ദളമായിരിക്കണം അവയ്ക്കു് അധികം ഇഷ്ടമായിട്ടുള്ളതു്. സ്വർണ്ണപ്പൂമൊട്ടുകൾ അ

പത്മാസനത്തിൽ അധികമായി ഞാൻ കണ്ടിട്ടില്ല. എങ്കിലും സ്ലേഹത്തിൻെറ സൗഗന്ധ്യം പരത്തുന്ന മധുരരസം അതിൽ കുറവാണെന്നു പറയുന്നതു ശരിയല്ല.

---

## ഭഗ്നഹൃദയം

---

ഇംഗ്ലണ്ടിൽ താമസിക്കുന്ന കാലത്തു് ഞാൻ ഒരു കവിത എഴുതാൻ ആരംഭിച്ചു. തിരിയെ വീട്ടിലേയ്ക്കു മടങ്ങി വന്ന വഴിയിലും, പിന്നീടു വീട്ടിൽവച്ചും അതു മുഴുവൻ എഴുതിത്തീർത്തു് ഭഗ്നഹൃദയം എന്നപേരിൽ താമസിയാതെ പ്രസിദ്ധപ്പെടുത്തി. കവിത വളരെ നന്നായിരുന്നുവെന്നാണു് അന്നെനിക്കു തോന്നിയതു്. കവിയ്ക്കു് സ്വന്തം കവിതയെപ്പററി ഇങ്ങനെ ഒരു അഭിപ്രായമുണ്ടാകുന്നതു് അസാധാരണമാണു് എൻെറ കവിതയുടെ കാര്യത്തിലാണെങ്കിൽ വായനക്കാർപോലും വിപരീതാഭിപ്രായം ഒന്നും പറഞ്ഞില്ല എന്നു മാത്രമല്ല ഭഗ്നഹൃദയം പ്രസിദ്ധപ്പെടുത്തി ഏതാനും വർഷങ്ങൾ കഴിഞ്ഞ ഉടൻ അന്നത്തെ ത്രിപുരാ മഹാരാജാവായിരുന്ന വീരചന്ദ്രമാണിക്യൻെറ മന്ത്രി വീട്ടിൽ വന്നു് എന്നെ കാണുകയുണ്ടായി. കവിത മഹാരാജാവിനു വളരെ രസിച്ചിരിക്കുന്നു എന്നും ശോഭനമായ ഒരു ഭാവി അദ്ദേഹം എനിക്കു് ആശംസിക്കുന്നു എന്നുമുള്ള വിവരം എന്നെ ധരിപ്പിക്കുന്നതിനാണു് മന്ത്രി വീട്ടിൽ വന്നിരുന്നതു്.

പതിനെട്ടാമത്തെ വയസ്സിൽ നിർമ്മിച്ച ഈ കവിതയെപ്പററി മുപ്പത്തേ മൂന്നാം വയസ്സുള്ള ഒരവസരത്തിൽ ഞാൻ ഇങ്ങനെ എഴുതി.

"ഭഗ്നഹൃദയം എഴുതാൻ ആരംഭിച്ച കാലത്തു് എനിക്കു വയസ്സു പതിനെട്ടുമാത്രം. ബാല്യമവസാനിച്ചു കഴിഞ്ഞു; യൗവ്വനം തുടങ്ങിയുമില്ല. ഈ ദശാസന്ധിയിൽ സത്യത്തിന്റെ പ്രകാശം കാണുന്നതു് തുലോം വിഷമകരമായിരുന്നു. എന്നാൽ അവിടവിടെ ആയി ചില്ലറമിനുക്കവും ഛായകളും കാണാതിരുന്നുമില്ല. സങ്കല്പങ്ങൾ സായംകാലത്തിലെ ഛായകളെപ്പോലെ ദീർഘങ്ങളും അസ്പഷ്ടങ്ങളും ആയിരുന്നു. പരമാർത്ഥമായ ലോകം അന്നു് ഒരു സ്വപ്നലോകമായി തീർന്നു. എന്റെ വയസ്സുമാത്രമല്ല, ചുറ്റും കാണുന്ന സകല വസ്തുക്കളുടേയും വയസ്സു പതിനെട്ടാണെന്നു് എനിക്കു തോന്നി"

പതിനാറുവയസ്സു മുതൽ ഇരുപത്തിമൂന്നുവയസ്സുവരെയുള്ള എന്റെ ജീവിതകാലം അവ്യവസ്ഥയുടെ കേളീരംഗമായിരുന്നു. ഭൂമിയിൽ സ്ഥലജലവിഭാഗം ശരിയാകാതിരുന്നകാലത്തു് ഉഭയചരങ്ങളായ വികൃതജന്തുക്കൾ പങ്കിലമായ ഭൂപ്രദേശങ്ങളിൽ സഞ്ചരിച്ചിരുന്നു. അതുപോലെ അപരിണതമായ മനസ്സും, സന്ധ്യയുടെ മങ്ങിയ വെളിച്ചത്തിൽ വികൃതരൂപങ്ങൾ ധരിച്ചു് ദുർഗമവും ദുർഘടപൂർണ്ണവുമായ അരണ്യഛായകളിൽ സഞ്ചരിച്ചു തുടങ്ങുന്നു. അതു് സ്വയം അറിയുന്നില്ല, സ്വന്തം ലക്ഷ്യവും മനസ്സിലാക്കുന്നില്ല. എപ്പോഴും അന്യരെ അനുകരിക്കുന്നതിനു തന്നെ ശ്രമിച്ചുകൊണ്ടിരിക്കും. സത്യം കാണാതിരിക്കുന്നിടത്തോളം കാലം അസത്യം അതിശക്തിയായി സത്യത്തിന്റെ സ്ഥാനം സ്വീകരിക്കുന്നു. ജീവിതത്തിന്റെ സംപൂർണ്ണമായ ഈ അവസ്ഥയിൽ ഉള്ളിലുള്ള ഓരോ ശക്തികളും അനിയന്ത്രിതമായ ഗതിവേഗത്തിൽ പല മാർഗങ്ങളിലും പ്രവർത്തിച്ചു തുടങ്ങുന്നു.

കുഞ്ഞുങ്ങൾക്കു പല്ലു മുളച്ചു വരുമ്പോൾ പലപ്പോഴും പനി ഉണ്ടാകാറുണ്ടു് പല്ലുകൾ വെളിയിൽവന്നു് ആഹാരസാധനത്തിന്റെ സ്വീകരണത്തിനു സാധകമായിത്തീരുന്നതുവരെ അവയുടെ ബദ്ധപ്പാടവസാനിക്കുന്നില്ല പരിപക്വമാകാത്ത മനസ്സിന്റെ ആവേഗവും ഇത്തരത്തിലാണു് ബാഹ്യവസ്തുക്കളുമായുള്ള സംബന്ധം ശരിയായി സ്ഥാപിച്ചു കഴിയുന്നതുവരെ അതു രോഗങ്ങൾ പോലെ മനസ്സിനെ പീഡിപ്പിച്ചുകൊണ്ടിരിക്കും

ഈ പരിവർത്തനഘട്ടത്തിൽ ഞാൻ അഭ്യസിച്ച പാഠങ്ങൾ എല്ലാ ധർമ്മശാസ്ത്രങ്ങളിലും അടയാളപ്പെടുത്തിട്ടുണ്ടാകാം എന്നാൽ അതു് അവയുടെ അവഗണനയ്ക്കു കാരണമാകുന്നില്ല നമ്മുടെ പ്രവൃത്തികൾക്കു ശരിയായ സ്വാതന്ത്ര്യമനുവദിക്കാതെ ഏതു ശക്തി അതിനെ ഉള്ളിൽ തടുത്തുവയ്ക്കുന്നുവോ അതാണു് ജീവിതത്തിൽ വിഷം കലർത്തുന്ന വസ്തു സ്വാർത്ഥം ശോഭനപ്രവൃത്തികളുടെ പരിണതിക്കു പ്രതിബന്ധമായി നിൽക്കുന്നു. അവയുടെ ഇഷ്ടംപോലുള്ള സഞ്ചാരത്തിനു് അതു സ്വാതന്ത്ര്യം നൽകുന്നില്ല ജീവിതത്തിൽകാണുന്ന പലവിധമായ അസമ്പൂർണ്ണതയ്ക്കും അനാവശ്യതിന്നും അതു തന്നെയാണു പ്രധാനകാരണം. മനുഷ്യരുടെ വികാരങ്ങൾക്കു മംഗളകർമ്മങ്ങളിൽ സ്വാതന്ത്ര്യം ലഭിക്കുമ്പോൾ, കുപഥങ്ങളിലെ സഞ്ചാരം മതിയാക്കി അവ സ്വയം സ്വാഭാവികത നേടുന്നു. അവിടെയാണു നമ്മുടെ പ്രവൃത്തികളുടെ വാസ്തവത്തിലുള്ള പരിണാമം ആനന്ദത്തിന്റെ അനശ്വരമാർഗ്ഗവും അതുതന്നെ.

പ്രസ്തുത വിവരണത്തിനു വിഷയമായ കാലഘട്ടത്തിലെ എന്റെ മനോഗതിയെപ്പറ്റി ഞാൻ പറഞ്ഞു കഴി

ത്തു. അക്കാലത്തെ അഭ്യാസവും ശിക്ഷയുമെല്ലാം അതിനനുകൂലമായിത്തന്നെയിരുന്നു. പരിതഃസ്ഥിതികളുടെ അനന്തരഫലങ്ങൾ ഇന്നും എന്നിൽ വല്ലതും ശേഷിച്ചു കിടക്കുന്നുണ്ടാവാം. അന്നത്തെ ഇംഗ്ലീഷ് സാഹിത്യത്തെപ്പററി പറയുകയാണെങ്കിൽ അതിൽ നിന്നും എത്ര വാതകദ്രവ്യങ്ങൾ ഞങ്ങൾക്കു കിട്ടിയോ അത്രത്തോളം ഖാദ്യദ്രവ്യങ്ങൾ ലഭിച്ചില്ല. ഷേക്സ്പീയർ, മിൽട്ടൺ, ബയറൺ മുതലായവർ ഞങ്ങളുടെ സാഹിത്യദേവതകളായിരുന്നു. അവരുടെ ഗ്രന്ഥങ്ങൾ ഞങ്ങൾക്കു നൽകിയ സമ്പത്തുകളിൽ പ്രധാനം പ്രബലമായ ഒരു ഹൃദയ വികാരം തന്നെ. പാശ്ചാത്യരുടെ ലൌകികവ്യവഹാരങ്ങളിൽ ആ വികാരം അമർത്തിവച്ചിരിക്കുന്നതുമൂലം അവരുടെ സാഹിത്യത്തിൽ അതിന് ആധിപത്യം ലഭിച്ചിരിക്കുന്നു. ഇത്തരം വികാരങ്ങളെ അതിശയോക്തിപരമായി വർണ്ണിച്ച് അവസാനം അവയെ അഗ്നികുണ്ഡത്തിൽ ചാടിക്കുന്നതാണ് ഇംഗ്ലീഷ് സാഹിത്യത്തിന്റെ ഒരു പ്രത്യേകസ്വഭാവം. ആ അഭിപ്രായം പക്ഷെ ശരിയല്ലെങ്കിലും ഞങ്ങൾ മനസ്സിലാക്കിയത് അങ്ങിനെയായിരുന്നു ഇംഗ്ലീഷു സാഹിത്യത്തിലേക്കു ഞങ്ങളെ 'ജ്ഞാനസ്നാനം' ചെയ്യിച്ച അക്ഷയചൗദ്രി മാഷായി ആ സാഹിത്യത്തിൽ ഞങ്ങൾക്കു ഗാഢമായ ഒരു അഭിനിവേശം ഉണ്ടാക്കുന്നതിനു ശ്രമിച്ചു. റോമിയോയുടെയും ജൂലിയററിന്റേയും പ്രേമോന്മാദം, കിങ്ങ് ലീയരുടെ വ്യർത്ഥമായ വിലാപങ്ങൾ ഒഥല്ലോയുടെ ഈർഷ്യാനലൻ ഇവയൊക്കെ ബാലഹൃദയങ്ങൾക്കു വല്ലാത്ത ഉത്തേജനം നൽകി. ഞങ്ങളുടെ ചെറിയ സമുദായം, കർമ്മക്ഷേത്രം തുടങ്ങിയ സകലതും നിശ്ചിതവും ഒരേതരത്തിൽ രൂപീകൃതവുമായിരുന്നു. ശാ

ന്തിക്കും അല്പംഭാവത്തിനും മാത്രമേ അന്നു് അവിടെ സ്ഥാനമുണ്ടായിരുന്നുള്ളൂ. അതിനാൽ ഇംഗ്ലീഷ് സാഹിത്യത്തിൽക്കൂടി കടന്നുവന്ന ഹൃദയോത്തേജകമായ ആ നൂതനശക്തിക്കു് നല്ലൊരു സ്വീകരണം ലഭിച്ചു. സ്ഥിരതയിൽ ലയിച്ചിരുന്ന സ്വഭാവവിശേഷങ്ങൾക്കു് ഒരു സഞ്ചലനം കിട്ടിയെന്നല്ലാതെ സാഹിത്യത്തിന്റെ സൗന്ദര്യം ഞങ്ങൾ അന്നു അനുഭവിച്ചുവെന്നു പറയാൻ നിവൃത്തിയില്ല. പക്ഷെ ആ ചലനം ഹൃദയഹ്രദത്തിന്റെ അടിത്തട്ടിൽ മറഞ്ഞുകിടന്ന വികാരങ്ങളെപ്പോലും ഇളക്കുന്നതിനു പര്യാപ്തമായിരുന്നു.

യൂറോപ്പിൽ മദ്ധ്യകാലത്തുണ്ടായിരുന്ന അനിയന്ത്രിതവും മർദ്ദിതവുമായ ഒരു സമുദായസ്ഥിതിയുടെ പ്രതിക്രിയാരൂപമായ പരിവർത്തനയുഗത്തിന്റെ (റെനെയിസൻസ്) സ്വാതന്ത്ര്യലീല മുഴുവൻ നാം ഷേക്സ്പീയരുടെ നാടകങ്ങളിൽ കാണുന്നു. നന്മതിന്മകളുടേയും, ധർമ്മാധർമ്മങ്ങളുടേയും, സൗന്ദര്യാസൗന്ദര്യങ്ങളുടേയും വിവേചനത്തിനു അതിൽ വലിയസ്ഥാനമില്ല. മനുഷ്യൻ അവന്റെ സ്വാഭാവികശക്തികളെ ആന്തരികമായ സകല പ്രതിബന്ധങ്ങളിൽ നിന്നും വേർപെടുത്തി സ്വാതന്ത്ര്യമായി വിടുന്നതിനു് ആഗ്രഹിച്ചു. അതുകൊണ്ടു് ആ സാഹിത്യത്തിൽ ധൈര്യത്തിന്റെയും പ്രകാശത്തിന്റെയും പ്രാചുര്യവും നിഷ്കർഷയും കാണാൻകഴിയും. യൂറോപ്പിലെ ഈ സാമുദായികക്ഷോഭത്തിന്റെ വീചികൾ ശാന്തമായിരുന്ന ഞങ്ങളുടെ സമുദായ ശരീരത്തിലും വ്യാപിച്ചു. ആചാരങ്ങളുടെ അടിയിൽകിടന്നു ശ്വാസം വലിച്ചിരുന്ന ഹൃദയങ്ങൾക്കു് ഒരു ഉണർവ്വും സ്വാതന്ത്ര്യവും ലഭിച്ചുകഴിഞ്ഞപ്പോൾ ഞങ്ങൾ അറിയാതെ ഒന്നു് അമ്പരന്നു.

പോപ്പിൻെറ മന്ദസഞ്ചാരം മാററി ഫ്രഞ്ചുവിപ്ലവത്തിൻെറ താരസഞ്ചാരം പ്രതിധ്വനിച്ച വേറൊരുകാലം ഇംഗ്ലീഷുസാഹിത്യത്തിലുണ്ടു്. ബൈറൺ ആയിരുന്നു അന്നത്തെ ആദർശകവി. അദ്ദേഹത്തിൻെറ കവിതയിൽ കാണുന്ന വേഗത്തിൻെറ ഉദ്ദാമത ഞങ്ങളുടെ ഹൃദയത്തിൽ നല്ലപോലെ സ്പർശിച്ചു.

ഇംഗ്ലീഷുസാഹിത്യത്തിലെ ഈ വിശേഷഗുണങ്ങൾ നാട്ടിലെ അഭ്യസ്തവിദ്യരായ സകല യുവാക്കന്മാരേയും സവിശേഷം ബാധിച്ചു. ചഞ്ചലതയുടെ ആ തരംഗങ്ങൾ എന്നെ നാലുഭാഗത്തുനിന്നും പിടിച്ചാട്ടിത്തുടങ്ങി. ആദ്യത്തെ ജാഗരണദിവസങ്ങൾ സായമത്തിനു യാതൊരു സ്ഥാനവും നല്കാതെ ഉത്തേജകങ്ങളായി തന്നെ പ്രവത്തിച്ചു.

എന്നാൽ യൂറോപ്പിലേയും ഇൻഡ്യയിലേയും അവസ്ഥകൾക്കു് സാരമായ ഭേദമുണ്ടു്. നിയമബന്ധങ്ങളിൽ നിന്നും വിമുക്തി നേടുന്നതിനുള്ള വിപ്ലവസംരംഭങ്ങൾ യൂറോപ്യൻ സാഹിത്യത്തിൽ അവിടുത്തെ ചരിത്രത്തിൽ നിന്നു പ്രതിഫലിക്കുകയായിരുന്നു. അതിനാൽ. അവിടത്തെ ബാഹ്യപ്രകടനങ്ങൾക്കു ആന്തരികമായ അനുഭവങ്ങളുമായി ഐക്യമുണ്ടു. യൂറോപ്പിൽ ഭയങ്കരമായ ഒരു കൊടുങ്കാററുണ്ടായതുകൊണ്ടു് അതിൻെറ ശരിയായ ഗർജ്ജനങ്ങൾ നാം കേട്ടു. നേരേമറിച്ചു് അവിടെ നിന്നും നമ്മുടെ സമുദായശരീരത്തിൽ വീശിയ ചെറുതെന്നൽ ഒരു മർമ്മരധ്വനി ഉളവാക്കുന്നതിനു മാത്രമേ പര്യാപ്തമായിരുന്നുള്ളു. അതു നമുക്കു് തൃപ്തികരമായില്ല. ഒരു മഹാവാതത്തിൻെറ ബലവേഗത്തെ അനുകരിക്കുന്നതിനു ശ്രമിച്ച നാം അനുകരണം മൂത്തു് അതിശയോക്തിയിൽ ചെന്നു

ചാടി. ഇന്നും നമുക്കു അതിൽ നിന്നു് കരകയറാൻ സാധിക്കുന്നില്ല. കയറുന്നതു് അത്ര എളുപ്പവുമല്ല. സാഹിത്യകലയിലെ സംയമങ്ങളും ഇംഗ്ലീഷ് സാഹിത്യത്തിൽ ഇനിയും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. അത്യുക്തിയും ആവേഗപ്രകടനവും അതിൽ സർവത്ര കളിയാടുന്നു. ഹൃദയാവേഗം സാഹിത്യത്തിന്റെ ഒരു ഉപകരണം മാത്രമേ ആകുന്നുള്ളൂ; അല്ലാതെ ഒരിക്കലും അതിന്റെ ലക്ഷ്യമല്ല. സരളതയും സംയമവും കൊണ്ടലംകൃതമായ പരിപൂർണ്ണതയുടെ സൗന്ദര്യമാണു് സാഹിത്യത്തിന്റെ ലക്ഷ്യമെന്നുള്ള തത്വം ഇംഗ്ലീഷുസാഹിത്യകാരന്മാർ ഇന്നും പൂർണ്ണരൂപത്തിൽ സ്വീകരിച്ചിട്ടില്ല.

ജനനംമുതൽ മരണംവരെ സാധാരണയായി നമുക്ക് ഇംഗ്ലീഷുസാഹിത്യവുമായിട്ടേ പരിചയപ്പെടാൻ സാധിക്കുന്നുള്ളു നിയന്ത്രണവും സംയമവുംമൂലം സാഹിത്യകലയിൽ സമ്പൂർണ്ണത പ്രാപിച്ചിട്ടുള്ള പ്രാചീനങ്ങളും നവീനങ്ങളുമായ മററു യൂറോപ്യൻ സാഹിത്യങ്ങൾ നമ്മുടെ അദ്ധ്യയനത്തിനോ ചിന്തയ്ക്കോ ഒരിക്കലും വിഷയമാകുന്നില്ല. തൻമൂലം സാഹിത്യരചനയുടെ സാമാന്യരീതിയേയും ലക്ഷ്യത്തേയും പററി നിഷ്കൃഷ്ടമായ ഒരഭിപ്രായം രൂപീകരിക്കുന്നതിനു് വിഷമം നേരിടുന്നു.

ഇംഗ്ലീഷ് സാഹിത്യത്തോടു് സജീവമായ ഒരു പ്രതിപത്തി ഞങ്ങളിൽ ഉത്പാദിപ്പിച്ചുതന്ന അക്ഷയബാബു ഹൃദയത്തിന്റെ മാത്രം ഒരു ഉപാസകനായിരുന്നു. യഥാർത്ഥത്തെ സൗമ്യഭാവത്തിൽ സാക്ഷാത്കരിക്കണമെന്നു് അദ്ദേഹത്തിനു് ആഗ്രഹമില്ല ഹൃദയത്തിൽ അപ്പോഴപ്പോൾ ഉദ്ഭൂതമാകുന്ന വികാരപരമ്പരകളാൽ അദ

ഹം തൃപ്തി അടഞ്ഞിരുന്നു. മതകാര്യങ്ങളിൽ ആദ്ധ്യാത്മികമായ അനുഭവമൊന്നും ഇല്ലായിരുന്നെങ്കിലും കാളീസ്തോത്രങ്ങൾ പലപ്പോഴും അദ്ദേഹത്തിന്റെ നേത്രങ്ങളിൽ കണ്ണുനീർ നിറച്ചിരുന്നു. പരമമായ ഒരു സത്യവസ്തു ഉണ്ടെന്നും അതറിയണമെന്നും അക്ഷയകുമാരൻ ഒരിക്കലും ആഗ്രഹിച്ചില്ല. ഹൃദയത്തിന് ആവേശകരങ്ങളായ താത്കാലികസംഭവങ്ങളെ അദ്ദേഹം ശാശ്വതസ്വരൂപത്തിൽ സങ്കല്പിച്ചു. സത്യോപലബ്ധിയേക്കാൾ ഹൃദയാനുഭൂതിയുടെ പ്രയോജനം പ്രബലതരമായി തോന്നിയതുകൊണ്ട് അതിന്റെ സമാർജ്ജനകാര്യങ്ങളിൽ ഒന്നിനും അദ്ദേഹം അപ്രാധാന്യം നൽകിയില്ല.

അക്കാലത്തു് യൂറോപ്യൻഗദ്യസാഹിത്യത്തിൽ നാസ്തികതയുടെ പ്രഭാവം ബലപ്പെട്ടിരുന്നു ബെൻതാം, മിൽ തുടങ്ങിയ പ്രസിദ്ധ സാഹിത്യകാരന്മാരുടെ വാദമുഖങ്ങളെ അനുകരിച്ചു് നമ്മുടെ യുവാക്കന്മാരും വാദപ്രതിവാദം ചെയ്തുതുടങ്ങി. ബ്രിട്ടീഷ് ചരിത്രത്തിൽ 'മിലിൻെറ' കാലം സ്വാഭാവികമായ ഒരു പരിവർത്തനദശയാണ്. മനുഷ്യക്ക് സ്വതേ ഒരു ആവർജ്ജനസ്വഭാവമുള്ളതു് നശിപ്പിക്കുന്നതിനുവേണ്ടി അല്പകാലത്തേയ്ക്കു് അവരിൽ സർവനാശകമായ ഒരു പ്രളയശക്തി ഉദിച്ചുയരുന്നു. നമ്മുടെ നാട്ടിൽ അതു വെറുമൊരു വിദേശച്ചരക്കായി പരിണമിച്ചു. പുസ്തകങ്ങളിൽ കണ്ട തത്വങ്ങൾ വായിച്ചു മനസ്സിലാക്കിയല്ലാതെ ന്യായമായ മാർഗ്ഗങ്ങളിൽ അവ ഉപയോഗപ്പെടുത്തുന്നതിനു നാം ഉത്സാഹിച്ചില്ല. മില്ലിൻെറ യുക്തികൾ മാനസികമായ ഒരു സാമ്രാജ്യികവിപ്ലവത്തിനുമാത്രം വേണ്ടി ഉപയോഗിച്ചതുമൂലം അവ നമുക്കു മാദകദ്രവ്യമായേ തീർന്നുള്ളൂ.

അന്നത്തെ അഭ്യസ്തവിദ്യരെ രണ്ടായി തരംതിരിക്കാം ഒരു തരക്കാർ ഈശ്വരവിശ്വാസത്തെ ഛിന്നഭിന്നമാക്കുന്നതിന്ന് യുക്തിഖഡ്ഗവുമേന്തി അങ്ങുമിങ്ങും ചുററിനടന്നു. വൃക്ഷങ്ങളുടെ ചെറുശാഖകളിൽ പക്ഷികളെക്കണ്ടാൽ വേട്ടക്കാരൻെറ കൈകൾക്കുണ്ടാകുന്ന 'കിലികിരുക്ക്'പോലെ വാദപ്രതിവാദബഹളത്തിലെങ്ങുമിടപെടാതെ വല്ലടത്തും ഒതുങ്ങി ജീവിക്കുന്ന ഒരു ഈശ്വരവിശ്വാസിയെക്കണ്ടാൽ ഇക്കൂട്ടർ ഉടൻ അവിടെ ഓടിയെത്തും. ഈ വർഗ്ഗത്തിൽപെട്ട ഒരു അദ്ധ്യാപകൻ അല്പകാലം ഞങ്ങളെ പഠിപ്പിക്കുന്നതിന്നു വന്നിരുന്നു. അന്നു ഞാൻ വെറും കുട്ടിയാണെങ്കിലും എന്നേയും അദ്ദേഹം വിട്ടില്ല. പറയത്തക്ക പാണ്ഡിത്യമോ നിരീക്ഷണബുദ്ധിയോ അയാൾക്കുണ്ടായിരുന്നില്ല, വല്ലവരുടേയും വാദങ്ങൾ പകർത്തി മററുള്ളവരോടു തർക്കിക്കുകയായിരുന്നു അയാളുടെ പതിവ്. എൻെറ സർവശക്തികളുമുപയോഗിച്ച് ഞാൻ എതിർവാദം ചെയ്തിരുന്നെങ്കിലും ഞങ്ങൾ തമ്മിലുള്ള പ്രായവ്യത്യാസം എനിക്കു തന്നെ പലപ്പോഴും പരാജയം വരുത്തി. നൈരാശ്യവും ലജ്ജയുംമൂലം ചിലപ്പോൾ ഞാൻ കരയുകകൂടി ചെയ്തിട്ടുണ്ട്.

മറേറത്തരക്കാർ മതത്തെ യുക്തിയുക്തമായി വിശ്വസിക്കുന്നതിന്നു പകരം മതാചാരങ്ങൾ അനുഭവിച്ചു സുഖിക്കുന്നു. മതത്തിൻെറ പേരിൽ നടക്കുന്ന ക്രിയാകലാപങ്ങളിൽ ഏർപ്പെട്ട്, രൂപരസഗന്ധസ്പർശാദികളിൽ സുഖിച്ച് അവർ സംതൃപ്തി നേടുന്നു. ഭക്തിതന്നെ അവർക്ക് പരമപദം. എന്നാൽ ഈ രണ്ടുകൂട്ടരുടേയും വിശ്വാസാവിശ്വാസങ്ങൾ അവരുടെ സത്യാന്വേഷണത്തിൻെറ ഫലമായിരുന്നില്ല.

മതസംബന്ധമായ വിപ്ളവങ്ങൾ എന്നെ വേദനിപ്പിച്ചുകൊണ്ടിരുന്നെങ്കിലും, അവയുടെ പ്രഭാവം തീരെ സ്പർശിച്ചില്ലെന്നു പറയാൻ നിവൃത്തിയില്ല. യൌവനത്തിന്റെ പ്രാരംഭദശയിൽ ബുദ്ധിക്കു ഔദ്ധത്യം ലഭിച്ചതോടുകൂടി വിപരീതഗതികൾ എന്റെ മനസ്സിലും പ്രവൎത്തനമാരംഭിച്ചു. വീട്ടിലെ മതാനുഷ്ഠാനങ്ങളിൽ എനിക്കു യാതൊരുപങ്കും ഇല്ലാതെയായി. അതിന്റെ ഗുണദോഷങ്ങളെപ്പററി ചിന്തിക്കുന്നതിനു മനസ്സു തോന്നിയില്ല. ഹൃദയത്തിൽ പററിപ്പിടിക്കുന്ന ആവേഗാഗ്നിയുടെ ജ്വാലകളെ ഊതിപ്പെരുക്കുന്നതുമാത്രം എന്റെ ഒരു തൊഴിലായിത്തീൎന്നു. ആഹുതിദാനംചെയ്തു് അഗ്നിയെ വളൎത്തിയെന്നല്ലാതെ അതിനു ലക്ഷ്യമായി ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ലക്ഷ്യഹാനി പരിണാമഹാനിക്കു കാരണമാകയാൽ ആവേഗാഗ്നിയെ എത്രത്തോളം ഞാൻ വളൎത്തിയോ അത്രയും മാത്രം അതു വളൎന്നുവന്നു.

ധാൎമ്മികകാൎയ്യങ്ങളിലെന്നപോലെ ഹൃദയാവേഗങ്ങളിലും ഒരു സത്യാന്വേഷണബുദ്ധിയുടെ ആവശ്യം എനിക്കു തോന്നിയില്ല. ആന്തരികമായ ഒരു ഉത്തേജനം ധാരാളം തൃപ്തി നൽകി. അന്നത്തെ എന്റെ ഒരു കവിത ഞാൻ ഓൎക്കുന്നു.

> ആമാർഹൃദയ് ആമാർഹൃദയ്
> ബേചിനി തോ താഹാ കാഹാരേ കാഛേ,
> ഭാങ്ങാചോരോഹോക്, ജാഹോക് താ ഹോക്
> ആമാർഹൃദയ് ആമാരിആഛേ.

"എന്റെ ഹൃദയം എന്റേതുതന്നെ ആകുന്നു. അതു ഞാൻ വേറൊരുത്തൎക്കും വിററിട്ടില്ല. ഉടഞ്ഞതാകട്ടെ, ചതഞ്ഞതാകട്ടെ, അകം പൊള്ളയാകട്ടെ എന്റെ ഹൃദ

യത്തിൻെറ അധികാരാവകാശങ്ങൾ എനിക്കു തന്നേ"

സത്യത്തെക്കുറിച്ചു പര്യാലോചിച്ചു വിഷമിച്ചു ബുദ്ധിമുട്ടുന്ന സ്വഭാവം സാധാരണയായി ഹൃദയത്തിനു കാണുന്നില്ല. ദുഃഖവൈരാഗ്യങ്ങളിൽ കാണുന്ന സത്യാംശങ്ങൾ സ്പൃഹണീയമല്ലെങ്കിലും അതിൽനിന്നു വേർതിരിച്ചെടുത്താൽ അവ ഉപഭോഗക്ഷമങ്ങളാകാം. ഈശ്വരനെ മറന്നും ഈശ്വരോപാസന നടത്തുന്നതുപോലെ കവികൾ മുൻപ്രസ്താവിച്ച രാഗത്തിന് പലപ്പോഴും കൂടുതൽ പ്രാധാന്യം കൊടുക്കുന്നു. ഈ ഗ്രഹപ്പിഴയിൽനിന്ന് നമ്മുടെ നാട് ഇനിയും മുക്തമായിട്ടില്ല. മതപരമായ ഒരു സത്യവസ്തു കാണാത്ത സ്ഥലത്ത്, ബാഹ്യമായ ആചാരാഡംബരങ്ങളിൽ നാം തൃപ്തിയടയുന്നു. അതുപോലെ നമ്മുടെ രാജ്യസേവയും യഥാർത്ഥമായ പൊതുജനസേവയ്ക്കുപകരം, ഹൃദയത്തിലുള്ള വികാരങ്ങൾക്ക് സമാധാനം വരുത്തുന്ന ഒരു സംരംഭമായി സാധാരണ തീർന്നു പോകുന്നു.

---

# യൂറോപ്പിലെ സംഗീതം

ബ്രിട്ടനിൽ താമസിക്കുന്ന കാലത്തു് ഒരിക്കൽ ഒരു സംഗീതശാലയിൽ പാട്ടു കേൾക്കുന്നതിനു് ഞാൻ പോയി. മാഡം നിൽസന്നോ, മാഡം ആൽബാനിയോ ആരാണു് അന്നത്തെ പാട്ടുകാരി എന്നു് ഓർക്കുന്നില്ല. സ്വരത്തിൽ ഇത്ര അത്ഭുതകരമായ സ്വാധീനമുള്ള ഒരു പാട്ടു് അതിനു മുമ്പു് ഞാൻ കേട്ടിരുന്നില്ല. നമ്മുടെ നാട്ടിലെ പാട്ടുകാർക്കു പാടുന്നതിനുള്ള പ്രയത്നങ്ങൾ സദസ്യരിൽനിന്നു മറച്ചുവെയ്ക്കാൻ സാധിക്കുകയില്ലല്ലോ. താരമന്ദ്രാദി സ്വരഭേദങ്ങൾ പ്രകടിപ്പിക്കുന്ന അവസരങ്ങളിൽ അവർ നിർല്ലജ്ജം കാണിക്കുന്ന ഗോഷ്ടികൾക്കു് കൈയും കണക്കുമില്ല. സദസ്സിലുള്ള സംഗീതരസികന്മാർ സ്വന്തം ബോധശക്തിയുടെ ബലംകൊണ്ടു് സംഗീതത്തിന്റെ കുറവും കുറവും പരിഹരിച്ചു് പരിതൃപ്തി അടയേണ്ടിയിരിക്കുന്നു. ശാസ്ത്രദൃഷ്ട്യാ രാഗത്തിനു വലിയ കുറവുകൾ കാണുന്നില്ലെങ്കിൽ, സ്വരത്തിന്റെ കാർക്കശ്യമോ മുഖത്തു കാണുന്ന വിക്രിയകളോ അവർ അത്ര വകവയ്ക്കുന്നില്ല. നേരേമറിച്ചു്, പരമശിവന്റെ ബാഹ്യമായ ദാരിദ്ര്യലക്ഷണങ്ങൾ അദ്ദേഹത്തിന്റെ മഹത്വത്തിനു പ്രയോജകീഭവിക്കുന്നതുപോലെ, പാട്ടുകാരുടെ ഇത്തരം വികൃതികൾ സംഗീതത്തിന്റെ ആന്തരമായ മേന്മയ്ക്കു കാരണമാകുമെന്നുകൂടി നാം പലപ്പോഴും വിചാരിക്കുന്നതുപോലെ തോന്നുന്നു.

ഇങ്ങനെയുള്ള ഒരു മനോഭാവം യൂറോപ്പിൽ തീരെ കാണാനില്ല. ബാഹ്യമായ സകല അനുഷ്ഠാനങ്ങൾക്കും അവിടെ ഒരു പൂർണ്ണത ഉണ്ടായിരിക്കണം. അതിനെന്തെ

കിലും ഹാനി പററിയാൽ പാട്ടുകാരന്നു ലജ്ജകൊണ്ടു് തലതാഴ്ത്തുകയേ ഗതിയുള്ളൂ. വീണക്കമ്പികൾ മീട്ടിയും, മൃദംഗത്തിന്നു ശ്രുതിയിട്ടും നമ്മുടെ നാട്ടിൽ എത്രനേരം നമ്മെ സദസ്സിലിരുത്തി മുഷിപ്പിച്ചാലും നാം അതു സഹിക്കും. യൂറോപ്പിൽ ഇത്തരം ജോലികൾ അണിയറയ്ക്കകത്തുവച്ചു് ചെയ്തുതീൎത്തശേഷമേ പാട്ടുകാർ രംഗത്തു പ്രവേശിക്കയുള്ളൂ. സദസ്സിൽ കാണുന്നതിനെല്ലാം അവിടെ ഒരു പരിപൂൎണ്ണത ഉണ്ടായിരിക്കും. സ്വരത്തിൽ കാണുന്ന വൈകല്യംപോലും അവർ സഹിക്കുന്നില്ല. ശാസ്ത്രാനുസാരം ഉള്ള രാഗാലാപത്തിന്നു നാം പ്രാധാന്യം കല്പിക്കുന്നതിനാൽ നമ്മുടെ ഗായകന്മാർ അതിൽ മാത്രം ശ്രദ്ധിക്കുന്നു. യൂറോപ്പിലാകട്ടെ സ്വരത്തിനാണു് പ്രാധാന്യം. മനോഹരമായ സ്വരവിന്യാസംകൊണ്ടു് അസാദ്ധ്യമായ പലതും അവർ സാധിക്കുകയും ചെയ്യുന്നു. ഇൻഡ്യയിലെ സാധാരണ ശ്രോതാക്കൾ പാട്ടുകേട്ടു തൃപ്തി അടയുമ്പോൾ യൂറോപ്യന്മാർ പാടുന്നതു കേൾക്കാനും കാണാനും ആഗ്രഹിക്കുന്നു. ഞാൻ അന്നു ബ്രൈററനിൽ കണ്ടതും അതുതന്നെ. അന്നത്തെ ആ പാട്ടു് വാസ്തവത്തിൽ ആശ്ചര്യകരമായിരുന്നു. ഭംഗിയേറിയ ഒരു സർക്കസ്സുകളി കാണുന്നതുപോലെള്ള സന്തോഷം എനിക്കുണ്ടായി. സ്വരത്തിന്റെ സ്വതന്ത്രലീലയ്ക്കു് കണ്ഠനാളത്തിലെങ്ങും ഒരു തടസ്സമുണ്ടായിരുന്നില്ല. എന്നാൽ ഗാനം എനിക്കത്ര രസിച്ചെന്നു പറയാൻ നിവൃത്തിയില്ല. പ്രത്യേകിച്ചും ഇടയ്ക്കിടയ്ക്കു ഉണ്ടാക്കിക്കൊണ്ടിരുന്ന പക്ഷികളുടെ അനുകരണ ഗാനങ്ങൾ വെറും പരിഹാസ്യമായി തോന്നി. അതു് വാസ്തവത്തിൽ മനുഷ്യന്റെ മനോഹര കണ്ഠത്തെ ദുരുപയോഗപ്പെടുത്തുകയായിരുന്നു. ഒടുവിൽ രംഗത്തുനിന്നും പുറപ്പെട്ട ഒരു പുരുഷസ്വരം എന്നെ വളരെ സന്തുഷ്ടനാക്കി. അതു് ഒരു അശരീരി

വിലാപം ആയിരുന്നില്ല. 'ടെനർ' എന്നു പറയുന്ന ആ ഉച്ചസ്വരത്തിൽ മാംസരക്ഷകങ്ങളുടെ സമ്മർദ്ദനശക്തി നല്ലപോലെ നമുക്കു കാണാം. അതുകഴിഞ്ഞു് അനേകം നാൾ അവരുടെ സംഗീതം കേട്ടും അഭ്യസിച്ചും എനിക്കു് അതിൽ വലിയ ആസക്തി ഉണ്ടായി. എങ്കിലും യൂറോപ്പിലെയും ഇന്ത്യയിലെയും സംഗീതം അത്യന്തം ഭിന്നമായ രണ്ടുരീതികളും ശ്രേണികളുമാണു് അവലംബിച്ചിരിക്കുന്നതെന്നുള്ള എന്റെ അഭിപ്രായത്തിനു ഇതേവരെ യതൊരു മാററവും വന്നിട്ടില്ല. അവ രണ്ടും ഹൃദയത്തിന്റെ ഒരു തട്ടിൽ ഒരിക്കലും പ്രവേശിക്കുന്നുമില്ല.

യൂറോപ്പിലെ സംഗീതം അവിടത്തെ സാമുദായികജീവിതവുമായി വിചിത്രരൂപത്തിൽ സംഘടിപ്പിച്ചിരിക്കുന്നു. സമുദായത്തിലെ നാനാരൂപത്തിലുള്ള സ്ഥിതിഗതികളേയും അനുഭവങ്ങളേയും ആശ്രയിച്ചാണു്, സംഗീതത്തിന്റേയും സ്വരത്തിന്റേയും പോക്കു്. നാം അനുകരിക്കാൻ ശ്രമിക്കുന്നെങ്കിൽ വൈരസ്യവിക്രിയകൾക്കും, തന്മൂലം പരിഹാസത്തിനും മാത്രമേ പാത്രമാകയുള്ളു. ഭാരതീയസംഗീതം ഇവിടത്തെ ദൈനന്ദിന ജീവിതപരിപാടികളെ അതിക്രമിച്ചു നിൽക്കുന്നു. കരുണവും ശാന്തവുമാണു് അതിലെ പ്രധാനരസങ്ങൾ. മനുഷ്യഹൃദയത്തിൽ നിഗൂഢമായിക്കിടക്കുന്ന അനിർവചനീയമായ ഏതോ ഒരു രഹസ്യത്തിന്റെ രൂപത്തെ അതു കാണിച്ചുതരുന്നു. നിർജ്ജനവും അവ്യക്തവുമായ ആ രഹസ്യലോകത്തിൽ ഭോഗിയുടെ ഭോഗനികുഞ്ജവും, ഭക്തന്റെ തപോവനവും സ്ഥിതിചെയ്യുന്നു. പക്ഷെ കർമ്മനിരതനായ സംസാരിക്കുമാത്രം അവിടെ വിഹരിക്കുന്നതിനു് വ്യവസ്ഥകൾ കാണുന്നില്ല.

പാശ്ചാത്യസംഗീതത്തിന്റെ മർമ്മം ഞാൻ ഗ്രഹിച്ചു കഴിഞ്ഞുവെന്നു പറയുന്നതു ശരിയല്ല. എന്നാൽ ഗ്രഹി

ക്കാൻ കഴിഞ്ഞിടത്തോളം ഒരു കാര്യത്തിൽ എന്നെ അതു വളരെ ആകർഷിച്ചു. അവരുടെ സംഗീതം വളരെ 'റൊമാന്റിക്ക്'' ആണെന്നുള്ളതിന് സംശയമില്ല. ആ പദം കൊണ്ടു് ഞാൻ ഉദ്ദേശിക്കുന്ന അർത്ഥം വ്യക്തമാക്കുന്നകാര്യം വലിയ വിഷമം തന്നെ. എങ്കിലും വൈചിത്ര്യത്തിനും പ്രാചുര്യത്തിനും അതിൽ വലിയ സ്ഥാനമുണ്ടെന്നു സംക്ഷിപ്തമായി പറയാം. സമുദ്രത്തിലെ തരംഗലീലകൾപോലെ, വിശ്രാന്തി അടയാത്ത ജീവിതഗതികളുടെ ചാഞ്ചല്യത്തിൽ മാറിമാറിത്തട്ടുന്ന ഛായാലോകങ്ങൾ നാം അതിൽ കാണുന്നു. ഇനിയൊന്നു് അതിന്റെ വൈപുല്യമാണു്. ആകാശനീലിമയുടെ നിർന്നിമേഷതയും ദിക്ചക്രവാളത്തിന്റെ നിസ്തബ്ധനിസ്സീമതയും അതിൽ പ്രകടമായിരിക്കുന്നു. എന്റെ ഇംഗിതം വ്യക്തമാക്കാൻ കഴിയുന്നില്ലെങ്കിലും പാശ്ചാത്യ സംഗീതത്തിന്റെ രസം അനുഭവിക്കുമ്പോഴൊക്കെ "റൊമാൻറിക്ക്'' എന്നു ഞാൻ അടിക്കടി പറഞ്ഞുപോകാറുണ്ടു്. മനുഷ്യജീവിതത്തിന്റെ വൈചിത്ര്യമത്ര ഗാനസ്വരത്തിൽ അതു പ്രകടിപ്പിക്കുന്നു എന്നുള്ളതാണു് അതിന്റെ വിശേഷസ്വഭാവം. നമ്മുടെ സംഗീതത്തിൽ അത്തരം ഭാഗങ്ങൾ തീരെ ഇല്ലെന്നു പറയുന്നതു ശരിയല്ല. പക്ഷെ അവയ്ക്കു് പ്രാബല്യവും സാഫല്യവും ലഭിക്കുന്നില്ല. ഭാരതീയസംഗീതം ഭാരതവർഷത്തിലെ നക്ഷത്രഖചിതമായ നിശീഥിനിയ്ക്കും, നവോന്മിഷിതമായ അരുണരാഗത്തിനും സല്ലാപശക്തി പ്രദാനം ചെയ്യുന്നു. അതു് മേഘച്ഛന്നമായ വർഷകാലത്തിൽ ലോകം മുഴുവൻ വ്യാപിക്കുന്ന വിരഹവേദനയും, ഉന്മത്തനായ നവവസന്തത്തിന്റെ ശാന്തഗംഭീരമായ മൌനഭംഗമായുമാകുന്നു.

---

# വാത്മീകിപ്രതിഭ

വീട്ടിലെ ഗ്രന്ഥശാലയിൽ മൂറിൻെറ "ഐറിഷ് മെലഡീസ്" എന്ന ഗ്രന്ഥത്തിൻെറ ചിത്രങ്ങൾ ചേർത്തച്ചടിച്ച മനോഹരമായ ഒരു പ്രതിയുണ്ടായിരുന്നു. അതിൽനിന്നും പല കവിതകളും അക്ഷയബാബു രസകരമായി വായിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്. ചിത്രങ്ങളോടിടകലന്ന അതിലെ കവിതകൾ എൻെറ മനസ്സിൽ അയർലണ്ടിലെ അതിപുരാതനമായ ഒരു മായാലോകം സൃഷ്ടിച്ചു. അതിലെ പാട്ടുകൾ പാടി ഞാൻ കേട്ടിരുന്നില്ല. എങ്കിലും സ്വമേധയാ ചിലതെല്ലാം കല്പിച്ചുകൂട്ടി വായന തുടങ്ങി. ഗ്രന്ഥത്തിൻെറ പല ഭാഗങ്ങളിലും അച്ചടിച്ചിരുന്ന വീണാദിസംഗീതയന്ത്രങ്ങളുടെ മധുരസ്വരങ്ങൾ എൻെറ ശ്രവണപുടങ്ങളിൽ പതിഞ്ഞു. ആ പാട്ടുകൾ എങ്ങിനെയെങ്കിലും കേട്ടുപഠിച്ചു് അക്ഷയബാബുവിനെ ചൊല്ലിക്കേൾപ്പിക്കണമെന്ന മോഹം എനിക്കു വളരെ ബലവത്തായിരുന്നു. മനുഷ്യരുടെ ആഗ്രഹങ്ങൾ ചിലപ്പോഴൊക്കെ അതാതു ജന്മത്തിൽ തന്നെ സാധിക്കാറുണ്ടു്. ആഗ്രഹസാദ്ധ്യത്തിനുള്ള പ്രയത്നത്തിനിടയിൽ മററു ചിലർ മൃതിയടഞ്ഞെന്നും വരാം.

പിന്നീടു ഞാൻ ഇംഗ്ലണ്ടിൽപോയ അവസരത്തിൽ "ഐറിഷ്മെലഡി" പാടുന്നതു് പലപ്പോഴും കേട്ടു; കുറച്ചൊക്കെ പഠിക്കയും ചെയ്തു. പക്ഷേ മുഴുവൻ മനസ്സിലാക്കുന്നതിനു് മനസ്സു തോന്നിയില്ല. പാട്ടുകളിൽ ചിലതു് മധുരവും ചിലതു കരുണവും മററു ചിലതു സരളവുമായിരുന്നു. എങ്കിലും എൻെറ കല്പനാലോകത്തു സ്ഥിതി

ചെയ്തിരുന്ന അയർലണ്ടിലെ കവിസഭയിലെ നിശ്ശബ്ദമായ ആ വീണാനാദം അതിലെങ്ങും ഞാൻ കണ്ടില്ല.

നാട്ടിൽ മടങ്ങിവന്നശേഷവും അതിലെ പാട്ടുകളിൽ പലതും ഞാൻ ബന്ധുജനങ്ങളെ പാടിക്കേൾപ്പിച്ചു. എന്റെ കണ്ഠത്തിന് സാരമായ ഏതോ തകരാറു പററിയെന്നും, അതിനൊരു വിദേശിച്ചുവ വന്നുപോയെന്നും അവരെല്ലാം ഒന്നുപോലെ അഭിപ്രായപ്പെട്ടു. സാധാരണസംഭാഷണത്തിൽ തന്നെ എന്റെ സ്വരത്തിന്നു വലിയ വ്യത്യാസം വന്നുപോയി എന്ന് അവർ തീരുമാനിച്ചു.

ഇങ്ങനെ സ്വദേശിയും വിദേശിയുമായ രാഗങ്ങളുടെ താരതമ്യപഠനത്തിൽനിന്നുമാണ് 'വാത്മീകിപ്രതിഭ' എന്ന സംഗീതനാടകത്തിന്റെ ഉത്പത്തി. അതിലെ പാട്ടുകളിൽ അധികവും നാടൻരീതിയിലാണെങ്കിലും, നിശ്രദ്ധമായ മഹാസ്ഥാനങ്ങളിൽനിന്നും അവയെ താഴത്തിറക്കി സാധാരണന്മാൎക്കും ഉപയോഗക്ഷമമാക്കി എന്നുള്ള ഒരു മെച്ചമുണ്ട്. ആകാശദേശത്തു പറന്നു സഞ്ചരിച്ചിരുന്നവയെ സാമാന്യജനങ്ങളുടെ സഞ്ചാരമാർഗ്ഗങ്ങളിൽ പ്രവേശിപ്പിച്ചു. ഒരു ദിവസമെങ്കിലും ആ നാടകം അഭിനയിച്ചു കണ്ടിട്ടുള്ളവർ സംഗീതം ഈ വിധം നാട്യകാര്യത്തിൽ ഉപയോഗശൂന്യമാക്കിത്തീർത്തത് അസംഗതവും നിഷ്ഫലവുമല്ലെന്നു സമ്മതിക്കും. അതാണ് പ്രതിഭയുടെ ഒരു പ്രത്യേകമെച്ചം. സംഗീതത്തിന്റെ ഈവിധമുള്ള ബന്ധവിമുക്തിയും അത്ര നിസ്സങ്കോചം ഏതു തരത്തിലും ഉപയോഗിക്കുന്നതിനുള്ള സൗകര്യവും എനിക്ക് അത്യാനന്ദം പ്രദാനംചെയ്തു.

വാത്മീകിപ്രതിഭയിലെ ചില പാട്ടുകൾ പഴയ മട്ടിലുള്ളവ ആയിരുന്നു. വേറെ ചിലതിന് ജ്യോതിജ്യേഷ്ഠ

നാണ് സ്വരവിന്യാസം ചെയ്തതു്. അപൂർവം ചിലതു് ഇംഗ്ലീഷുമട്ടിലുമുണ്ടു്. നമ്മുടെ പഴയ പാട്ടുകളിൽ പലതിനെയും നാടകരൂപത്തിൽ സൗകര്യത്തിനു് രംഗപ്രവേശം ചെയ്യിക്കാം. പ്രസ്തുത നാടകത്തിൽ അതു ഞാൻ സാധിച്ചിട്ടുമുണ്ടു്. ഇംഗ്ലീഷുമട്ടിലുള്ള രണ്ടു പാട്ടുകൾ തസ്കരസംഘത്തിൻെറ ഉന്മത്തഗാനത്തിനും, ഒരു ഐറിഷ്മട്ട് വനദേവതയുടെ ഒരു വിലാപഗാനത്തിനും, ഞാൻ ഉപയോഗിച്ചു. വാത്മീകി പ്രതിഭ പാഠയോഗ്യമായ ഒരു കാവ്യഗ്രന്ഥമല്ല. അതു് സംഗീതത്തിൻെറ ഒരു നൂതന പരീക്ഷണമായതുകൊണ്ടു് അഭിനയത്തോടുകൂടി കേട്ടില്ലെങ്കിൽ രസാനുഭൂതിയ്ക്കു് വിഘ്നം നേരിടും. യൂറോപ്പിലെ "ഓപ്പറ"പോലെ, പ്രതിഭ വെറുമൊരു സംഗീതനാടകമല്ല. പാട്ടിനാണു് അതിൽ പ്രാധാന്യം എന്നു പറയാൻ നിവൃത്തിയില്ല. സ്വതന്ത്രമായി മാധുര്യമുള്ള സംഗീതം അതിൽ കുറച്ചേ കാണുന്നുള്ളൂ. എങ്കിലും നാടകത്തിൻെറ അഭിനയവിഷയത്തിൽ പാട്ടുകൾക്കെല്ലാം ഒരു മേന്മ കാണുന്നുണ്ടു്.

ഞാൻ ഇംഗ്ലണ്ടിലേയ്ക്കു പോകുന്നതിനു മുമ്പു് കൂടക്കൂടെ വീട്ടിൽ വച്ചു് ചില സാഹിത്യസമാജങ്ങൾ നടത്തുമായിരുന്നു. പാട്ടുകൾ, കവിതകൾ, സാഹിത്യവിമർശനങ്ങൾ ഇവയ്ക്കു പുറമേ ലഘുഭക്ഷണവും അതിലെ ഒരു ചടങ്ങായിരുന്നു. ഇംഗ്ലണ്ടിൽനിന്നു മടങ്ങിവന്നതിൽ പിന്നീടും ഒരു തവണ അതു നടന്നു. അതായിരുന്നു അവസാനസമാജം. സമാജംവകയായി അഭിനയിക്കുന്നതിനുവേണ്ടിയാണു് വാത്മീകി പ്രതിഭ എഴുതിയതു്. നാടകത്തിൽ വാത്മീകിയുടെ ഭാഗം ഞാനും, സരസ്വതിയുടേതു് ജ്യേഷ്ഠൻെറ പുത്രി പ്രതിഭയും അഭിനയിച്ചു.

ഹൃദയാവേഗത്തിന് ശക്തി കൂടുമ്പോൾ സംഭാഷണം സംഗീതരൂപത്തിൽ പരിണമിക്കുമെന്ന് ഹെർബർട്ടുസ്പെൻസർ പറഞ്ഞിട്ടുണ്ട്. രാഗദ്വേഷാദികൾ വാസ്തവത്തിൽ നാം വാക്കുകളെക്കൊണ്ടു മാത്രമല്ല പ്രകടിപ്പിക്കുന്നത്. അവയുടെ ശക്തിമത്തായ ആവിഷ്കരണത്തിന് സ്വരങ്ങളും പ്രയോജകങ്ങളാകുന്നു. ഹൃദയാവേഗത്തോടെയുള്ള ശബ്ദോച്ചാരണത്തിന്റെ അത്യുച്ച നിലയിൽ നിന്നാണ് സംഗീതത്തിന്റെ ഉത്പത്തി എന്ന സ്പെൻസറിന്റെ വാദം എനിക്കു വളരെ ശരിയായിട്ടുതോന്നി. ആ മതം അടിസ്ഥാനപ്പെടുത്തി ആദ്യന്തം സംഗീതരൂപത്തിൽ ആശയപ്രകടനം ചെയ്യുന്ന ഒരു നാടകം എഴുതണമെന്നായി എന്റെ വിചാരം. നമ്മുടെ നാട്ടിലെ കഥാകാലക്ഷേപക്കാരുടെ രീതി ഏകദേശം ഇതാണ്. പക്ഷേ അവരുടെ ഗദ്യങ്ങൾ ഇടയ്ക്കിടയ്ക്കാശ്രയിക്കുന്ന സംഗീതത്തിന് ഒരു ക്രമമോ ഐകരൂപ്യമോ കാണുന്നില്ല. ഛന്ദശ്ശാസ്ത്രത്തിലെ മാത്രാവൃത്തങ്ങളെപ്പോലെ അവ എത്ര വേണമെങ്കിലും ശൈഥില്യം സഹിക്കും. താളവും മട്ടും അവയ്ക്കില്ല. ഒരു ലയംമാത്രം സർവത്ര കാണും. കഥാഭാഗങ്ങളിലെ ഭാവാവേഗത്തെ ഭംഗിയായി പ്രകടിപ്പിക്കുന്നതുമാത്രം ഉദ്ദേശ്യമായിരിക്കുന്നതുകൊണ്ട് ഒരു വിശേഷരാഗമോ താളമോ ആശ്രയിക്കേണ്ട ആവശ്യം അവയ്ക്കില്ല. വാത്മീകിപ്രതിഭയിലെ ഗാനങ്ങൾക്കു ശൈഥില്യം സംഭവിച്ചിട്ടില്ലെങ്കിലും താളത്തിനു അതിൽ വലിയ പ്രാധാന്യമില്ല. അഭിനയത്തിന്റെ പൂർണ്ണതയിൽ താളത്തിന്റെ വ്യതിക്രമം സദസ്യർക്ക് സാധാരണ അസുഖമായി തോന്നാറില്ലല്ലോ?

ന്തനമായ ഒരു സാഹിത്യസരണി അനുസരിച്ച് സൃഷ്ടിച്ച വാല്മീകി പ്രതിഭയുടെ വിജയം അത്തരത്തിൽ ഒരു ഗ്രന്ഥം കൂടി സൃഷ്ടിക്കുന്നതിനു് എന്നെ പ്രേരിപ്പിച്ചു. "കാലമൃഗയാ" എന്നായിരുന്നു അതിന്റെ പേരു്. അന്ധനായ ഒരു മഹർഷിയുടെ പുത്രനെ ദശരഥൻ അറിയാതെ അമ്പെയ്തുകൊന്നതാണു് അതിലെ കഥാവസ്തു. മട്ടുപ്പാവിന്റെ മുകളിൽ സ്റ്റേജു തയ്യാറാക്കി അവിടെയായിരുന്നു നാടകം അഭിനയിച്ചതു്. അതിലെ കരുണരസം സദസ്യരെ വല്ലാതെ ഇളക്കി. കാലമൃഗയയിലെ പലേ ഭാഗങ്ങളും കൂടി വാല്മീകിപ്രതിഭയിൽ ചേർത്തു് ഒടുവിൽ അച്ചടിപ്പിച്ചു. അതുനിമിത്തം ഗ്രന്ഥാവലിയിൽ അതിനു് പ്രത്യേകിച്ചു് സ്ഥാനമില്ലാതെ ആയിപ്പോയി.

കുറേക്കാലം കഴിഞ്ഞു് ഞാൻ 'മായയുടെ ഖേലാ" എന്നൊരു സംഗീതനാടകമെഴുതി. അതു് വേറൊരു വിഭാഗത്തിൽ പെടുന്നു. അഭിനയത്തിനേക്കാൾ പാട്ടിനാണു് അതിൽ പ്രാധാന്യം. വാല്മീകിപ്രതിഭയും കാലമൃഗയയും ഗാനസൂത്രത്തിൽ കോർത്തു ചേർത്തിരിക്കുന്ന അഭിനയമാലയാണെങ്കിൽ, 'മായയുടെ ഖേലാ' അഭിനയമാകുന്ന ചരടിൽ കോർത്ത ഗാനമാലയാകുന്നു. സംഭവഗതികളുടെ പ്രാധാന്യത്തെ ഹൃദയാവേഗം അതിൽ പിന്നിലാക്കുന്നു. ആ കവിത രചിക്കുന്ന കാലത്തു്, സംഗീതരസത്തിൽ ഞാൻ ആകണ്ഠം മഗ്നനായിരുന്നുവെന്നുതന്നെ പറയാം,

വാല്മീകി പ്രതിഭയുടേയും രചനയിൽ കാണിച്ചിരുന്ന ഉത്സാഹവും പ്രേരണയും മറെറാരു കവിതയുടേയും നിർമ്മിതിയിൽ എനിക്കു ലഭിച്ചിട്ടില്ല. അക്കാലത്തെ

സംഗീതകലയുടെ ഒരു ഉത്തേജനം ആ രണ്ടു നാടകങ്ങളിലും പ്രതിബിംബിച്ചു കാണാം. ജ്യോതിജ്യേഷ്ഠൻ അന്നു പ്രായേണ എല്ലാ ദിവസവും പഴയ പാട്ടുകൾക്കു് പിയാനോയിൽ പുതിയ രൂപം കൊടുക്കുന്നതിന് ശ്രമിക്കുകയായിരുന്നു. ഓരോ പാട്ടും ഭാവപ്രകടന വിഷയത്തിൽ പ്രതിക്ഷണം അത്ഭുതകരമായ പരിവൎത്തനം പ്രാപിച്ചുവന്നു. നിയമങ്ങളുടെ ദൃഢബന്ധം കൊണ്ടു് മന്ദഗതി അടഞ്ഞിരുന്ന താളസ്വരങ്ങൾ മാമൂലിനെ ഭേദിച്ചു് സ്വതന്ത്രമായി ദ്രുതഗതിയിൽ പുറപ്പെട്ടപ്പോൾ അവയ്ക്കു ഒരു അപൂർവ ശക്തി കണ്ടുതുടങ്ങി. അതു് ഞങ്ങൾക്കെല്ലാം അളവററ സന്തോഷം നൽകി. പുതിയ ഗാനങ്ങൾ സജീവങ്ങളായി സംസാരിക്കുന്നതുപോലെ തോന്നി. ജ്യേഷ്ഠന്റെ സ്വരവിന്യാസമനുസരിച്ചു് ഞാനും അക്ഷയബാബുവും പുതിയ പാട്ടുകൾ നിൎമ്മിച്ചുകൊണ്ടേ ഇരുന്നു. പാട്ടിലെ കവിതകൾക്കു് പറയത്തക്ക മെച്ചമൊന്നുമില്ലെങ്കിലും സംഗീതത്തിനു സാധകമായി അവ പ്രവൎത്തിച്ചുപോന്നു.

മാമൂലിനെ ഭേദിച്ചുകൊണ്ടുള്ള ഗീതവിപ്ലവത്തിന്റെ പ്രളയാനന്ദത്തിൽ നിന്നാണു് ഈ രണ്ടു നാടകങ്ങളുടേയും ഉത്ഭവം. അതുകൊണ്ടു താളമേളങ്ങൾ അതിൽ ഓളം തല്ലുന്നതു കാണാം. ശാസ്ത്രനിയമങ്ങളെ അവ അനുസരിക്കുന്നോ ഇല്ലയോ, രീതി സ്വദേശിയോ വിദേശിയോ എന്നും മററുമുള്ള ചിന്തകൾക്കു അധികം സ്ഥാനം ഇല്ല. നൂതനങ്ങളായ അഭിപ്രായഗതികളും പ്രതിപാദനരീതികളും കൊണ്ടു് ഞാൻ പലപ്പോഴും ബംഗാളിലെ സാഹിത്യകാരന്മാരെ ഇളക്കിവിട്ടിട്ടുണ്ടു്. എന്നാൽ സംഗീതവിഷയത്തിൽ ഞാൻ കാണിച്ച ഈ സാഹസം നാടകങ്ങൾ അഭിനയിച്ചു കാണാൻ സാധിച്ചവരെ എല്ലാം സ

ന്തോഷിപ്പിക്കയാണു് ചെയ്തിട്ടുള്ളതു്. വാല്മീകി പ്രതിഭയിൽ അക്ഷയബാബുവിന്റെ ഏതാനും പാട്ടുകളും ബീഹാരി ചക്രവർത്തിയുടെ ശാരദാമംഗളത്തെ അനുകരിച്ച ഒന്നുരണ്ടു ഗാനങ്ങളും കൂടി ചേർത്തിട്ടുണ്ടു്.

പ്രസ്തുത നാടകങ്ങളുടെ അഭിനയത്തിലും ഞാൻ പ്രധാനമായ ഒരു ഭാഗം സ്വീകരിച്ചു. ബാല്യകാലം മുതൽ നാടകാഭിനയത്തിൽ എനിക്കു് ഒരു പ്രത്യേക വാസനയും ശ്രദ്ധയും ഉണ്ടായിരുന്നു. എന്റെ നാട്യവാസന പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ആദ്യം മുതൽ തന്നെ ലഭിച്ചുകൊണ്ടുമിരുന്നു. നാടകവേദിയിൽ ബഹുജനസമക്ഷം പ്രത്യക്ഷപ്പെടുന്നതിനു മുമ്പു് ഒരിക്കൽ ജ്യോതിജ്യേഷ്ഠന്റെ ഒരു പ്രഹസനത്തിൽ ഞാൻ പങ്കെടുത്തിട്ടുണ്ടു്. അതായിരുന്നു എന്റെ ആദ്യത്തെ രംഗപ്രവേശം. ചെറുപ്പമായിരുന്നതുകൊണ്ടു് കണ്ഠത്തിനു ഒരുഗ്ലാനിയോ തടസ്സമോ എനിക്കുണ്ടായിരുന്നില്ല. അന്നു വീട്ടിൽ പ്രതിദിനം, പ്രതിക്ഷണം സംഗീതത്തിന്റെ നിരർഗ്ഗളപ്രവാഹത്തിൽ ഞങ്ങൾ മുങ്ങിക്കളിക്കുകയായിരുന്നു. നവയൌവനത്തിന്റെ നൂതനോന്മേഷം പുതിയ പുതിയ സമാരംഭങ്ങൾക്കു് വഴി തുറന്നുതന്നു. ലോകത്തു കാണുന്ന സകലതും ഒന്നു പരീക്ഷിച്ചുതന്നെ വിടണമെന്നായിരുന്നു ഞങ്ങളുടെ ആഗ്രഹം സാദ്ധ്യാസാദ്ധ്യവിചാരത്തിനു അന്നു സ്ഥാനമേ ഇല്ല. സാഹിത്യം, സംഗീതം, അഭിനയം എന്നുവേണ്ട ഞങ്ങൾ പ്രവേശിക്കാത്ത തുറകളൊന്നും ശേഷിച്ചിരുന്നില്ല. ഇങ്ങനെയാണു ഞാൻ എന്റെ ഇരുപതാം വയസ്സിൽ പ്രവേശിച്ചതു്.

ഇപ്രകാരം വിഭിന്നക്ഷേത്രങ്ങളിൽക്കൂടി സദാ സഞ്ചരിച്ചുകൊണ്ടിരുന്ന ഞങ്ങളുടെ സൃഷ്ടിശക്തിയുടെ പ്രവർത്ത

'നചക്രത്തിൻെറ നേതാവ് ജ്യോതിജ്ജ്യേഷ്ഠനായിരുന്നു. ഭയമെന്നുള്ളതു് അദ്ദേഹത്തെ ഒരിക്കലും തീണ്ടിയിട്ടില്ല. ഞാൻ കുട്ടിയായിരുന്ന കാലത്തു് ഒരുദിവസം അദ്ദേഹം എന്നെ ഒരു കുതിരപ്പുറത്തു കയററി സവാരിക്കു കൊണ്ടു പോയി. കുതിരപ്പുറത്തു കയറി പരിചയമില്ലാത്ത ഞാൻ താഴെ വീണുപോകുമെന്ന ഭയം അദ്ദേഹത്തിനു തോന്നിയതേ ഇല്ല. അതുപോലെ വേറൊരു ദിവസം ഞങ്ങൾ 'ഷീയാൻഡാ'യിൽ താമസിക്കുമ്പോൾ അതിനടുത്തു് എവിടയോ ഒരു കടുവാ ഇറങ്ങി എന്നു കേട്ടു. ഉടൻതന്നെ അതിനെ വെടിവയ്ക്കാൻ അദ്ദേഹം എന്നെക്കൂടെ കൂട്ടിക്കൊണ്ടുപോയി. എൻെറ കൈയിൽ തോക്കാകട്ടെ മററായുധങ്ങളാകട്ടെ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ തന്നേ അതു കടുവായേക്കാൾ എനിക്കുതന്നെ കൂടുതൽ അപായകരമായിരുന്നേനെ. ചെരുപ്പുകൾ ഊരി താഴത്തു മാച്ചുവച്ചിട്ടു് ഞങ്ങൾ ഒരു മുളക്കൂട്ടത്തിൻെറ മുകളിൽ കയറി. ജ്യേഷ്ഠൻെറ പുറകിലായി ഞാൻ ഭയവിഹ്വലനായി പഞ്ചപ്രാണമടക്കി വല്ലവിധത്തിലും വെടി തീരുന്നതുവരെ ഇരുന്നു. ഭയങ്കരനായ ആ ദുഷ്ടജന്തു ചീറിക്കൊണ്ടടുത്താൽ ചെരുപ്പെടുത്തെറിഞ്ഞു് ഒന്നവമാനിക്കുന്നതിനുപോലും അന്നു് എനിക്കു ധൈര്യമില്ല. ഇത്തരത്തിലുള്ള തീക്ഷ്ണപരീക്ഷണങ്ങൾ മൂലമാണു് ജ്യേഷ്ഠൻ എൻെറ ഭയം നശിപ്പിച്ചു് ബാഹ്യവും ആഭ്യന്തരവുമായ സ്വാതന്ത്ര്യം എനിക്കു നേടിത്തരുന്നതിനു് പ്രയത്നിച്ചതു് ആചാരങ്ങളും അന്ധവിശ്വാസങ്ങളും ബഹുമാനിക്കാതിരുന്നതുകൊണ്ടു എൻെറ സമസ്ത ഭയസങ്കോചങ്ങളേയും നശിപ്പിക്കുന്നതിനു് അദ്ദേഹത്തിനു് സാധിച്ചു.

# സന്ധ്യാസംഗീതം

മുൻപ്രസ്താവിച്ചതുപോലെ സ്വന്തം ഹൃദയാവരോധത്തിൽ ചുററിക്കറങ്ങി നടക്കുന്ന ആ കാലത്തു് ഞാൻ പലേ കവിതകളുമെഴുതി. മോഹിതബാബു പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥാവലിയിൽ 'ഹൃദയാരണ്യം' എന്ന പേരിൽ അവയിൽ ചിലതു ചേർത്തിട്ടുണ്ടു്. പ്രഭാതസംഗീതത്തിലെ ഒരു കവിതയിൽ,

"ഹൃദയനാമേതേ ഏകു് വിശാല ആരണ്യ ആഛേ"

എന്നൊരുഭാഗമുണ്ടു്. അതിൽനിന്നാണു് ഹൃദയാരണ്യം എന്ന പേരു് പ്രസ്തുത കവിതയ്ക്കു ലഭിച്ചതു്.

ബാഹ്യലോകവുമായി ബന്ധമില്ലാതിരുന്ന എൻെറ കല്പനാശക്തി നിഷ്കാരണമായ ഹൃദയാവേശത്തിലും, ലക്ഷ്യഹീനമായ ആകാംക്ഷയിലും സദാ ഭ്രമണം ചെയ്തുകൊണ്ടിരുന്നു. അന്നത്തെ പല കവിതകളും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടില്ല. സന്ധ്യാസംഗീതത്തിലെ ഏതാനും ചില കവിതകൾ മാത്രമേ ഹൃദയാരണ്യത്തിൽ ചേർത്തിരുന്നുള്ളൂ.

ഒരിക്കൽ ജ്യോതിജ്യേഷ്ഠനും ഭാര്യയുംകൂടി എവിടെയോ ഒരു ദീർഘയാത്ര പോയിരിക്കുകയായിരുന്നു. മൂന്നാമത്തെ നിലയിലുള്ള അവരുടെ മുറികൾ ഒഴിഞ്ഞുകിടന്നു. ആ തക്കം നോക്കി നിർജ്ജനമായ ആ മുറികൾ കൈവശപ്പെടുത്തി ഞാൻ താമസം തുടങ്ങി. ഇങ്ങിനെ തനിയെ അവി

ടെ കഴിച്ചുകൂട്ടുന്ന കാലത്തു് ഞാനറിയാതെ എൻെറ കവിതയ്ക്കു പൂർവരീതിയിൽ നിന്നു് ഒരു വ്യത്യാസം വന്നു. ബന്ധുജനങ്ങളുടെ നിരന്തര സഹവാസ സംസർഗ്ഗങ്ങൾ അവക്കിഷ്ടമായ തരത്തിലുള്ള കവിതകൾ എഴുതുന്നതിന്നു് എന്നെ സ്വാഭാവികമായി പ്രേരിപ്പിച്ചിരുന്നതിനാൽ അവരുടെ ദീർഘമായ വിദേശവാസം ആ കവിതാരീതിയിൽ നിന്നു് എനിക്കു ഒരു വിമുക്തി നൽകിയിരിക്കണം.

ഒരു സ്ലേററു കൈയിലെടുത്തു് ഞാൻ കവിതയെഴുതിത്തുടങ്ങി. അതും വാസ്തവത്തിൽ ഒരു സ്വാതന്ത്ര്യലാഭംതന്നെ. മുമ്പൊക്കെ ഒരുങ്ങിയിരുന്നു് നോട്ടുബുക്കിൽ കവിതയെഴുതുമ്പോൾ ഏതോ ചില നിയമങ്ങൾക്കു് അടിമപ്പെട്ടിരിക്കുന്നുവെന്നു ഞാൻ വിചാരിച്ചുപോയി. കവിയശസ്സിൻെറ കാററു വീശിയെന്നുള്ള വിചാരംമൂലം കവിതയുടെ മേന്മയിലും അല്പം ദൃഷ്ടി പതിപ്പിച്ചിരുന്നേക്കാം. എന്നാൽ സ്ലേററിലെ കവിതയെഴുത്തു് എനിക്കു് സ്വസ്വാതന്ത്ര്യമായ ഒരു ഏർപ്പാടായിത്തീൎന്നു. "എന്തിനു ഭയപ്പെടുന്നു ഇഷ്ടംപോലെ എഴുതിക്കൊള്ളു" എന്നു സ്ലേററു പറയുന്നതുപോലെ തോന്നി. ഒന്നു തുടച്ചാൽ സകലവും മാഞ്ഞു കഴിഞ്ഞല്ലോ!

ഇത്തരത്തിൽ ഞാൻ ഒന്നുരണ്ടു കവിതകളെഴുതി. മനസ്സിൽ അവിചാരിതമായ ഒരാനന്ദം ഉളവായി. 'ഹാ! രക്ഷയായി; മേലാൽ ഞാൻ എന്തെഴുതുന്നോ അതെൻെറ സ്വന്തംതന്നെ ആയിരിക്കും" എന്നു് സമസ്തഅന്തഃകരണവും പ്രതിജ്ഞചെയ്തു. ഇതു് ആത്മപ്രശംസാപരമായ ഒരു പ്രസ്താവന ആണെന്നു് ആരും തെററിദ്ധരിക്കരുതു. നേരെമറിച്ചു്, മുമ്പെഴുതിയിരുന്ന കവിതകളെപ്പററി എനിക്കു വലിയ അഭിമാനമുണ്ടായിരുന്നു. അഹംഭാവമായിരി

ക്കാം അതുകളുടെ പ്രതിഫലം പക്ഷേ, തന്റെ സ്ഥാനത്തെപ്പററി ഒരു സംശയമില്ലായ്മ അനുഭവിക്കുകയും, തൻമൂലം പരിതൃപ്തി അടയുകയും ചെയ്യുന്നതിനെ അഹങ്കാരമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. സ്വന്തം കുഞ്ഞുങ്ങളെപ്പററി മാതാപിതാക്കന്മാക്കുണ്ടാകുന്ന പ്രഥമസ്നേഹം ഒരിക്കലും അവരുടെ സൗന്ദര്യബോധംകൊണ്ടായിരിക്കുകില്ല; അതു് ആത്മജത്വംകൊണ്ടു മാത്രമായിരിക്കാനേ തരമുള്ളു. കുട്ടിയുടെ ഗുണഗണങ്ങളെ സ്മരിച്ചു് കൂടുതൽ അഭിമാനം പിന്നീടു അവക്കു തോന്നുന്നതിനുള്ള കാരണം വേറെ ആയിരിക്കാം.

കവിത എഴുതുന്നതിനു് സ്വാതന്ത്ര്യം കിട്ടിയപ്പോരം ആദ്യമായി ഞാൻ ചെയ്തതു് വൃത്തബന്ധത്തിലുള്ള നിർബന്ധമുപേക്ഷിക്കുകയായിരുന്നു. നദികരം സാധാരണ നേരെ തന്നെ പ്രവഹിക്കാതിരിക്കുന്നതുപോലെ എന്റെ ഛന്ദസ്സുകളും വളഞ്ഞുപുളഞ്ഞു് വിഭിന്നരൂപത്തിൽ സഞ്ചരിച്ചു തുടങ്ങി. മുമ്പൊക്കെ അതൊരു മഹാപരാധമായി പരിഗണിച്ചിരുന്നെങ്കിലും ഇപ്പോരം വൃത്തത്തിന്റെ കാര്യത്തിൽ ഏതു സ്വാതന്ത്ര്യം കാണിക്കുന്നതിനും എനിക്കു സങ്കോചമുണ്ടായില്ല. സ്വാതന്ത്ര്യം ആദ്യമായി ബാഹ്യനിയമങ്ങളെ നിഷേധിക്കുന്നു. പിന്നീടു് സ്വയം പ്രവത്തനങ്ങരംക്കുള്ള നിയമങ്ങരം നിർമ്മിക്കുന്നു.

എന്റെ സ്വതന്ത്രകവിതകളുടെ പ്രാരംഭകാലത്തു് അനുകൂലിയായ ഒരു ശ്രോതാവു് അക്ഷയബാബു മാത്രമായിരുന്നു. കവിതകരം വായിച്ചു് അത്യന്തം സന്തുഷ്ടനായ

അദ്ദേഹം എന്നെ വളരെ പ്രശംസിച്ചു. അനുമോദനങ്ങളും പ്രശംസകളും എൻെറ സ്വാതന്ത്ര്യപഥത്തെ കൂടുതൽ വിസ്തൃതമാക്കി.

ബീഹാരീചക്രവത്തി അദ്ദേഹത്തിൻെറ ബങ്കസുന്ദരീകാവ്യത്തിൽ മൂന്നുമാത്രകളുള്ള ഒരു തരം ഛന്ദസ്സുപയോഗിച്ചിട്ടുണ്ട്. അതു് ദ്വിമാത്രകഛന്ദസ്സുപോലെ അത്ര പതിഞ്ഞ ഒന്നല്ല. ഗോളംപോലെ വേഗത്തിൽ അതോടുമ്പോൾ ആ ഗതിയിലുള്ള നൃത്തം നൂപുരത്തിൻെറ മധുരസംഗീതം പുറപ്പെടുവിക്കും. ഒരു കാലം എനിക്കു ആ ഛന്ദസ്സു വളരെ പ്രിയമായിരുന്നു. അതുപയോഗിക്കുമ്പോൾ രണ്ടു കാലിൽ നടക്കുന്നതിനുപകരം സൈക്കളിൽ സവാരിചെയ്യുന്നു എന്നാണെനിക്കു തോന്നിയതു്. കുറെക്കാലം ഞാൻ അധികമായി അവയോഗിച്ചുകൊണ്ടിരുന്നു എങ്കിലും സന്ധ്യാസംഗീതം എഴുതുന്ന കാലത്തു് അറിയാതെ അതിൽനിന്നും ഒരു വ്യതിചലനമുണ്ടായി. പക്ഷെ അംഗീകൃതമായ ഏതെങ്കിലും രീതിയോടു് ഒരു പ്രത്യേക ബന്ധമോ അതു് ഉല്ലംഘിക്കുന്നതിൽ ഭയമോ അന്നെനിക്കുണ്ടായിരുന്നില്ല. ആരോടും യാതൊരുത്തരവാദിത്വവും ഭാവിക്കാതെ മുറയ്ക്കു് എഴുതു തുടങ്ങി. സർവസ്വതന്ത്രമായ ഈ സമാരംഭത്തിൽ നിന്നു ലഭിച്ച ധൈര്യം ഞാൻ വളരെക്കാലമായി പലടത്തും അന്വേഷിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യം എൻെറ ഉള്ളിൽ തന്നെ ഉണ്ടായിരുന്നു എന്നു് എന്നെ പഠിപ്പിച്ചു. സ്വന്തം ശക്തിയുടെ സാക്ഷാത്കാരത്തിനു് വലിയൊരു പ്രതിബന്ധം ആത്മവിശ്വാസം ഇല്ലായ്മയാകുന്നു. എൻെറ കൈ

കളെ ബന്ധിച്ചിരുന്ന ശൃംഖലകൾ ഉറക്കത്തിൽ പെട്ടെന്നു പൊട്ടിത്തെറിച്ചതുപോലെ എനിക്കുതോന്നി. കൈകൾക്കു ലഭിച്ച പൂർണ്ണസ്വാതന്ത്ര്യത്തെ പരീക്ഷിക്കുന്നതിനു വേണ്ടി ഒരു സങ്കോചവും കൂടാതെ അവ ഞാൻ ഉപയോഗിച്ചു തുടങ്ങി.

അക്കാലം എന്റെ കവിതാചരിത്രത്തിൽ സ്മരണീയമായ ഒരു ഘട്ടകമാണു്. സന്ധ്യാസംഗീതത്തിനും മററും കാവ്യദൃഷ്ട്യാ വലിയ സ്ഥാനം ഇല്ലാതെ വന്നേക്കാം. അതിലെ കവിതയ്ക്കു് തീർച്ചയായും മെച്ചമൊന്നുമില്ലായിരിക്കാം. വൃത്തമോ ഭാഷയോ ഭാവമോ ശരിയായ ഒരു രൂപം ധരിച്ചുകഴിഞ്ഞില്ലെന്നും വരാം. എന്നാൽ സ്വന്തം ശക്തികളുടെ സാക്ഷാത്കാരത്തിൽ എന്റെ ഹൃദയത്തിലുണ്ടായ വികാരങ്ങളെ ഞാൻ ആദ്യമായി സ്വതന്ത്രമായി രേഖപ്പെടുത്തി എന്നുള്ള മെച്ചം അതിന്നുണ്ടെന്നുള്ളതു് നിശ്ചയം തന്നെ. കലയുടെ മാററു കുറഞ്ഞിരുന്നാലും അതിന്റെ സ്വാതന്ത്ര്യത്തിലുള്ള സന്തോഷത്തിന്റെ വില ഒരിക്കലും ഇല്ലാതെ വരികയില്ല.

## സംഗീതശാസ്ത്രം സംബന്ധിച്ച ഒരു പ്രബന്ധം

---

ബാരിസ്റ്റർ പരീക്ഷക്കുള്ള പഠിത്തം ഞാൻ ഇംഗ്ലണ്ടിൽ ആരംഭിച്ച കാലത്താണു് നാട്ടിലേക്കു തിരിച്ചുവരുന്നതിനു് അച്ഛൻ എന്നോടാവശ്യപ്പെട്ടതു്. ഭാഗ്യലാഭത്തിന്റെ പ്രാരംഭത്തിനുള്ള ഉദ്യമത്തിനു പ്രതിബന്ധം നേരിട്ടതിൽ ദുഃഖിതരായ പല ബന്ധുക്കളും എന്നെ വീണ്ടും ഇംഗ്ലണ്ടിലേക്കയയ്ക്കുന്നതിനു് അച്ഛനെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. നിർബന്ധം കൂടിത്തുടങ്ങിയപ്പോൾ ഒരിക്കൽകൂടി ഞാൻ യൂറോപ്പിലേക്കു യാത്ര തിരിച്ചു സഹായത്തിനു് ഒരു ബന്ധുകൂടി ഉണ്ടായിരുന്നു. എന്നാൽ ഞാൻ ബാരിസ്റ്ററാകുന്നതിനു വിപരീതമായ വിധിയുടെ പ്രാബല്യംകൊണ്ടു് ഇത്തവണ ഇംഗ്ലണ്ടിൽ എത്താൻതന്നെ ഞങ്ങൾക്കു സാധിച്ചില്ല. ചില പ്രത്യേക കാരണങ്ങളാൽ യൂറോപ്പിലേക്കു തിരിച്ചു ഞങ്ങൾ മദ്രാസ്സിൽ എത്തിയശേഷം തിരിയെ കൽക്കട്ടായ്ക്കു പോന്നു. സംഭവം ഗൗരവമുള്ളതാണെങ്കിലും അതിന്റെ കാരണം അത്ര സാരമുള്ളതല്ല. കാരണം കേട്ടാൽ അതു് വായനക്കാർക്കു് പരിഹാസ്യമായി തോന്നാവുന്നതുകൊണ്ടും, അതിൽ എന്നേക്കാൾ ഉത്തരവാദിത്വം ബാക്കി പലക്കുമായതുകൊണ്ടും, അതിവിടെ പരസ്യമായി പ്രസ്താവിക്കുന്നില്ല. ഏതായാലും ലക്ഷ്മീദേവിയുടെ പ്രസാദലാഭത്തിനുള്ള എന്റെ രണ്ടുദ്യമങ്ങളും ഈ വിധം പരാജയപ്പെടുകയാണുണ്ടായതു്. വക്കീൽ ബഞ്ചിന്റെ ഭാരം വർദ്ധിപ്പിക്കാത്തതിനു് നിയമ

ദേവത എന്നെ കൃതജ്ഞതയോടെ കടാക്ഷിക്കുമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു.

അച്ഛൻ അന്നു "മസൂരി"യിൽ താമസിക്കുകയായിരുന്നു. പേടിച്ചു വിറച്ച് ഞാൻ വല്ല വിധവും അദ്ദേഹത്തിന്റെ അടുത്തു ചെന്നു. യാതൊരു വിരോധഭാവവും അച്ഛൻ കാണിച്ചില്ല. എന്നു മാത്രമല്ല വളരെ സന്തുഷ്ടനായിട്ടാണു എന്നെ അദ്ദേഹം സ്വാഗതം ചെയ്തതു്. മടങ്ങിവന്നതു് ഏതായാലും നന്നായി എന്നും അതു ഈശ്വരേച്ഛ തന്നെ ആയിരിക്കണമെന്നും അദ്ദേഹം വിചാരിച്ചിരിക്കണം.

രണ്ടാമത്തെ തവണ ഇംഗ്ലണ്ടിലേക്കു തിരിച്ചതിന്റെ തലേദിവസം വൈകുന്നേരം കൽക്കട്ടയിലെ ബെഥൂൺ സംഘത്തിന്റെ ക്ഷണപ്രകാരം ഞാൻ ഒരു ഉപന്യാസമെഴുതി വായിച്ചു. മഹാജനങ്ങളടങ്ങിയ ഒരു സമ്മേളനത്തിൽ പ്രസംഗിക്കുന്നതു് അന്നു് ആദ്യമായിട്ടായിരുന്നു. ബഹുമാന്യനായ കെ. എം. ബാനർജിയായിരുന്നു അദ്ധ്യക്ഷൻ. സംഗീതമാണു് എന്റെ പ്രസംഗവിഷയം. വാക്കുകൾകൊണ്ടു് നാം പ്രകടിപ്പിക്കുന്ന അർത്ഥങ്ങളും അനുഭവങ്ങളും കൂടുതൽ സുന്ദരമായ വിധത്തിൽ പ്രകാശിപ്പിക്കുന്നതാണു് സംഗീതത്തിന്റെ മുഖ്യോദ്ദേശ്യം എന്ന തത്വം സ്ഥാപിക്കുന്നതിനു് ആ പ്രസംഗത്തിൽ ഞാൻ യത്നിച്ചു. പ്രബന്ധം വളരെ സംക്ഷിപ്തമായിരുന്നെങ്കിലും ഉദാഹരണങ്ങളും വിവരണങ്ങളും കൊണ്ടു അതു സാമാന്യം ദീർഘിച്ചുപോയി. യോഗാവസാനത്തിൽ "വന്ദേ വാൽമീകികോകിലം" എന്നൊക്കെ എന്നെ അദ്ധ്യക്ഷൻ ക്രമാധികമായി പ്രശംസിച്ചതിനു കാരണം ശ്രുതിമധുരമായ എന്റെ അന്നത്തെ കണ്ഠസ്വരംതന്നെ ആയിരിക്കണം

പക്ഷെ അന്നു ഞാൻ സ്ഥാപിക്കാൻ ശ്രമിച്ച മതം ശരിയ ല്ലെന്നാണു് ഇന്നു് എന്റെ വിശ്വാസം.

ഗാനകലയ്ക്കു് സ്വന്തമായി ഒരു വിശേഷരൂപവും പ്രവൃത്തിയും ഉണ്ടു്. പാട്ടിന്റെ വെറും വാഹനങ്ങളായ പദങ്ങൾ അവയ്ക്കില്ലാത്ത അധികാരങ്ങൾ കവരുന്നതു യുക്തമല്ല. പാട്ടിനുതന്നെ സ്വയം വേണ്ടത്തക്ക മഹത്വമിരിക്കുമ്പോൾ അതിനുവേണ്ടി വാക്കുകളെ സമാശ്രയിക്കേണ്ട ആവശ്യമില്ല. വാക്യത്തിന്റെ അവസിതിയിലാണു വാസ്തവത്തിൽ സംഗീതത്തിന്റെ പ്രാരംഭം. പാട്ടിന്റെ പ്രഭാവം അതിന്റെ അനിർവചനീയതയിലാകുന്നു. വാക്കുകൾക്കു പറയാൻ സാധിക്കാത്ത പലതും സംഗീതത്തിനു പറഞ്ഞുതരാൻ സാധിക്കും.

കഥാവസ്തുക്കളുടെ ഉപദ്രവം പാട്ടിൽ കുറയുന്നിടത്തോളം അതിനു സൗന്ദര്യം വർദ്ധിക്കുന്നു. ഹിന്ദുസ്ഥാനി സംഗീതം അതിന്റെ കഥാവസ്തുവിനെ അതിക്രമിച്ചു് സ്വന്തം ശക്തി പ്രകടിപ്പിക്കത്തക്കവിധം അത്ര സ്വതന്ത്രമാണു്. എവിടെ രാഗങ്ങൾ സ്വന്തരൂപത്തിൽ മനുഷ്യചിത്തത്തെ ആകർഷിക്കുന്നതിനു പര്യാപ്തമായി തീരുന്നുവോ അവിടെ ആണു് സംഗീതത്തിന്റെ ഉത്കർഷം. ബംഗാളിൽ വളരെക്കാലമായി കഥാവസ്തു സംഗീതത്തെ അധഃകരിച്ചു വച്ചിരിക്കുന്നു. ശുദ്ധമായ സംഗീതത്തിനു സ്വതന്ത്രമായി വിഹരിക്കുന്നതിനു സാധിക്കുന്നില്ല. അതുമൂലം ആ കല സ്വഭഗിനിയായ കാവ്യകലയെ ഏറെക്കുറെ ആശ്രയിച്ചുതന്നെ കഴിഞ്ഞുകൂടുന്നു. വൈഷ്ണവകവികളുടെ പദാവലി തുടങ്ങി നിധുബാബുവിന്റെ പാട്ടുകൾവരെ സംഗീതകല കാവ്യകലയിൽ മറഞ്ഞുനിന്നു് സ്വകാന്തി പുറപ്പെടുവിച്ചതേ ഉള്ളു. നമ്മുടെ നാട്ടിലെ സ്ത്രീകൾ

ത്തുപരാധീനകളാണെങ്കിലും ചിലപ്പോഴൊക്കെ പുരുഷന്മാരിൽ ആധിപത്യം സ്ഥാപിക്കാറുള്ളതു പോലെ വാക്യത്തിനെ ആശ്രയിച്ചു ജീവിക്കുന്ന സംഗീതം ചിലപ്പോൾ അതിനെ അതിക്രമിച്ചു എന്നുവരാം. ഗാനരചനയിൽ ഏർപ്പെട്ടിരിക്കുമ്പോൾ പലപ്പോഴും എനിക്കു ഈ തത്വം അനുഭവപ്പെടാറുണ്ടു്. മുളിമുളി "തോമാർ ഗോപൻ കഥാടി സഖിരഖോ ന മകേ" (നിന്റെ ഹൃദയരഹസ്യങ്ങൾ സഖി, നീ എന്നെ അറിയിക്കുകയില്ലയോ) എന്നെഴുതുമ്പോൾ സ്വരം എവിടെ എത്തിച്ചേരുന്നുവോ അതിനടുത്തുപോലും എത്തുന്നതിനു വാക്കുകൾക്കു ശക്തിയില്ല. ഞാൻ അറിയുന്നതിനാഗ്രഹിച്ച രഹസ്യം വനശ്രേണികളുടെ ശ്യാമളിമയോടു ചേന്നോ, പൂർണ്ണിമയുടെ നിതാന്തശുഭ്രതയിൽ ലയിച്ചോ, ദിക്ചക്രവാളത്തിന്റെ നീലിമ നിറഞ്ഞ സുദൂരതയിൽ മറഞ്ഞോ കിടക്കുകയാണെന്നു ആ സംഗീതത്തിൽനിന്നും എനിക്കു് അറിയാൻ സാധിച്ചു. ജലത്തിലും സ്ഥലത്തിലും ആകാശത്തിലും വിലയംചെയ്തിരിക്കുന്ന ഒരൊററ രഹസ്യവും അതായിരുന്നു.

"തോമായ് വിദേശിനീ ഷാജിയേ കേ ഡിലോ" (നിന്നെ ആരാണു് ഈ വിദേശവേഷം ധരിപ്പിച്ചതു്) എന്നൊരു പാട്ടു് ഞാൻ ബാല്യകാലത്തു കേട്ടിട്ടുണ്ടു്. ആ വരികൾ ഇന്നും എന്റെ ഹൃദയത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. കുറേ കാലം കഴിഞ്ഞു് അതിനെ അനുകരിച്ചു ഞാൻ ഒരു പാട്ടെഴുതി.

"അമി ചിനി ഗോ ചിനി തോമാരെ ഓഗോ വിദേശിനീ" (ഓഹോ ഞാൻ നിന്നെ തിരിച്ചറിഞ്ഞുകഴിഞ്ഞു. നിന്റെ വിശേഷവേഷത്തിനു എന്നെ കളി

പ്പിക്കാൻ കഴിഞ്ഞില്ല) എന്ന വരി ഞാൻ എഴുതിത്തീ ൎത്തു.

സ്വരത്തിൻെറ ഭംഗി ഇല്ലാതിരുന്നെങ്കിൽ കവിതയുടെ പിന്നീട്ടുള്ള പോക്ക എങ്ങോട്ടായിരിക്കുമെന്നു പറയുന്നതു് അത്ര എളുപ്പമല്ല. സ്വരത്തിൻെറ മാന്ത്രിക ശക്തിയിൽ വിദേശിനിയുടെ ഒരു സുന്ദരസ്വരൂപം എൻെറ മനസ്സിൽ ഉദിച്ചുയൎന്നു. ഏതോ ഒരു രഹസ്സിന്ധുവിൻെറ മറുകരയിൽ നിന്നും ഒരു വിദേശിനി ഇഹലോകത്തു് വന്നും പോയുമിരിക്കുന്നുവെന്നു് എനിക്കു പെട്ടെന്നു തോന്നി. ശരദൃതുവിലെ പ്രാതഃകാലങ്ങളിലും മധുമാസത്തിലെ രാത്രികളിലും, പ്രതിക്ഷണം ആ വിദേശിനിയെ ഞാൻ കാണുന്നു. ഹൃദയത്തിൻെറ അന്തരാളത്തിൽ ചിലപ്പോഴൊക്കെ ആ സ്വരൂപത്തിൻ്റെ ശകലങ്ങൾ പ്രത്യക്ഷപ്പെടുന്നതുപോലെ ആകാശത്തിൻെറ നിശ്ശബ്ദതയിൽ അവളുടെ കണ്ഠസ്വരവും കേൾക്കാം. വിശ്വമോഹിനിയായ ആ വിദേശിനിയുടെ വാതുക്കൽ എൻെറ പാട്ടിൻെറ സ്വരം എന്നെ കൊണ്ടു നിറുത്തിയപ്പോൾ ഞാൻ വീണ്ടും ഇങ്ങനെ പാടി.

ഭുവനേ ഭ്രമിയാ ശേഷേ
എഷേഛി തോമാരി
ദേശേ അമി അതിഥി തോ മാരിദ്വാരേ
ഓഗോ വിദേശിനീ

(ലോകമെല്ലാം ചുററിക്കറങ്ങി ഒടുവിൽ ഞാനിതാ നിൻെറ വാതുക്കൽ വന്നിരിക്കുന്നു. അല്ലയോ വിദേശിനീ, ഞാൻ ഇന്നു നിൻെറ അതിഥിയാണു്.)

വളരെക്കാലം കഴിഞ്ഞു് ഒരു ദിവസം ബോാംപൂരിലെ ഒരു ഇടവഴിയിൽ ഞാൻ ഇങ്ങനെ വേറൊരു പാട്ടു കേട്ടു.

ഖാചാർ മാതേധ അചിൻ പാഖീകമ്മേ ആഷേജായ്
ധർതേ പാർലേ മനോരബേരിദിതേ്പാഖിർപായ്

ഒരു സന്യാസി പാടിയ ആ പാട്ടിലും പറയുന്ന കാര്യം ഒന്നുതന്നെ. 'പാവപ്പെട്ട പക്ഷി കൂടക്കൂടെ കൂട്ടിന്റെ അരികത്തു വന്നു് സ്വാതന്ത്ര്യലോകത്തെപ്പററി ചിന്തിക്കുന്നു. മനസ്സു് അതിൻെറ ബന്ധം ചിന്തനമാകുന്നതിനു് ആഗ്രഹിക്കുന്നെങ്കിലും അതു സാധിക്കുന്നില്ല അജ്ഞാതമായ ആ പക്ഷിയുടെ നിശ്ശബ്ദമായ വരവും പോക്കും നമ്മെ അറിയിക്കുന്നതിനു് സംഗീതത്തിൻെറ മധുരസ്വരത്തിനല്ലാതെ പിന്നെന്തിനു സാധിക്കും.?

ഗാനഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനു് വളരെക്കാലം ഞാൻ മടിച്ചിരുന്നതിൻെറ കാരണം ഇതായിരുന്നു. പാട്ടുകൾ അച്ചടിച്ചു കഴിഞ്ഞാൽ .അതിൻെറ ജീവനും നശിച്ചുകഴിഞ്ഞു. സംഗീതം പരിത്യജിച്ചിട്ടു് അതിൻെറ വാഹനമായ പദങ്ങൾ മാത്രം സൂക്ഷിക്കുന്നതു് ഗണപതിയെ വിസ്മരിച്ചിട്ടു് മൂഷികനെ സംരക്ഷിക്കുന്നതുപോലെ ആയിരിക്കും.

# ഗംഗാതീരം

ഇംഗ്ലണ്ടിലേക്കു തിരിച്ചു് മദ്രാസ്സുവരെ പോയിഞങ്ങൾ മടങ്ങിവന്ന സമയം ജ്യോതിജ്ജ്യേഷ്ഠൻ ചന്ദൻനഗരത്തിൽ ഗംഗാതീരത്തുള്ള ഒരു തോട്ടത്തിൽ താമസിക്കുകയായിരുന്നു. ഞാനും അവരുടെ കൂടെ താമസമാക്കി. വീണ്ടും ഗംഗാനദിയുടെ സമീപസംസർഗ്ഗം! ആലസ്യത്തിലും, ആനന്ദത്തിലും, വിഷാദത്തിലും വ്യാകുലതയിലും ആശ്രയമരുളുന്ന സ്നിഗ്ദ്ധശ്യാമളമായ ആ നദീതീരത്തിലെ കളകളധ്വനികൊണ്ടു് മധുരമായ ദിനരാത്രികൾ! സ്വന്തം ഗൃഹത്തിലെ സ്വാതന്ത്ര്യവും സ്വന്തംമാതാവിന്റെ ദയാഹസ്തങ്ങൾകൊണ്ടുള്ള താലോലിപ്പും അവിടെ നാം അനുഭവിക്കുന്നു. ബംഗാളിലെ പ്രസന്നമായ ആകാശതലം, പ്രിയതമമായ മന്ദമാരുതൻ ഗംഗാനദിയുടെ നിരന്തരപ്രവാഹം, അതിന്റെ രാജകീയപ്രഭാവം, വിശാലവും നീലവുമായ ആകാശത്തിനും വിസ്തൃതമായ ഭൂപ്രദേശത്തിനും മദ്ധ്യേ മനുഷ്യദൃഷ്ടിക്കെത്താവുന്ന ദിക്ചക്രവാളത്തിനകത്തായി കാണുന്ന മനോഹരമായ ആ അന്തരീക്ഷം ഇവയെല്ലാം എന്റെ വിശപ്പിനു് ആഹാരവും ദാഹത്തിനു് ജലവും തരുന്നതിനുകൂടി പര്യാപ്തമായിരുന്നു.

കാലം വളരെ കഴിഞ്ഞിട്ടില്ലെങ്കിലും ആ സ്ഥലത്തിനു ഇന്നു് പല പരിവത്തനങ്ങളും വന്നു കഴിഞ്ഞിരിക്കുന്നു. പ്രച്ഛായശീതളമായ ആ ഗംഗാതീരത്തിലെ നിഭൃതനികുഞ്ജങ്ങൾക്കിടയിലായി ഇന്നു കാണുന്ന മില്ലുകൾ കാളസപ്പങ്ങൾഫണമുയത്തുന്നതുപോലെ ഉന്നതമായ കുഴലുകൾ ഉയത്തി നീലനീലമായ വിഷപ്പുകകൾ എപ്പോഴും വമി

ച്ചുകൊണ്ടിരിക്കുന്നു. ആധുനികജീവിതത്തിന്റെ മാധ്യാഹ്നാതപം ശാന്തിക്കും സമാധാനത്തിനും അവസരം നൽകുന്നില്ല. അസാധാരണമായ ഒരസ്വാസ്ഥ്യം തന്റെ സഹസ്രബാഹുക്കളും വിടൎത്തു് ലോകത്തെ മുഴുവൻ ആശ്ലേഷിക്കുന്നു. ഈ ദുരവസ്ഥ ശോഭനമായ ഒരു ഭാവിയുടെ നാന്ദിയാണെന്നു ചിലർ പറഞ്ഞേക്കാം. എന്നാൽ എനിക്കു അതിന്റെ ശുഭോദർക്കതയിൽ സമ്പൂർണ്ണമായ വിശ്വാസമില്ല.

ഗംഗാദേവിയുടെ നിർമ്മലജലത്തിൽ സമർപ്പണം ചെയ്യപ്പെട്ട വികസിതപദ്മങ്ങൾ പോലെ, ഗംഗാതീരത്തിലെ മനോഹര ദിവസങ്ങൾ ഇങ്ങനെ ഒന്നൊന്നായി കഴിഞ്ഞുകൂടി. ധാരമുറിയാത്ത മഴപെയ്തുകൊണ്ടിരുന്ന വർഷകാലത്തിലെ പല മദ്ധ്യാഹ്നങ്ങളും ഹാർമ്മോണിയവും വിദ്യാപതി ഗാനങ്ങളും കൊണ്ടു് ഞാൻ കഴിച്ചുകൂട്ടി. സായാഹ്നങ്ങൾ പലതും ഞങ്ങൾ വള്ളം കളിക്കുപയോഗിക്കും. ഞാൻ പാടുമ്പോൾ ജ്യേഷ്ഠൻ "വയലിൻ" വായിക്കും ഇങ്ങനെ പലതരം പാട്ടുകൾ കഴിയുമ്പോഴേയ്ക്കു് പശ്ചിമതടത്തിലെ ആകാശപ്രദേശം, സുവർണ്ണമയമായ കളിപ്പാട്ടങ്ങൾ നിറഞ്ഞ ആ മനോഹരാലയം, അടച്ചുകഴിയുകയും, പൂർവദിക്കിലെ വനാന്തരങ്ങൾക്കിടയിൽകൂടി ചന്ദ്രൻ ഉദിച്ചുയരുകയും ചെയ്യും. ഞങ്ങൾ തോട്ടത്തിലേയ്ക്കു മടങ്ങിവന്നു് നദിയരികിലുള്ള മട്ടുപ്പാവിൽ വട്ടമിട്ടിരുന്നു് പൂനിലാവിൽ തിളങ്ങുന്ന നദിയിലും കരയിലും ശുഭ്രകാന്തി കളിയാടുന്നതുകണ്ടു രസിക്കും. നദിയിൽകൂടി നിരന്തരം ഓടിക്കൊണ്ടിരിക്കുന്ന ബോട്ടുകളും വള്ളങ്ങളും ക്രമേണ കുറഞ്ഞു തുടങ്ങും. തടപ്രദേശങ്ങളിലെ വനരേഖകൾ അന്ധ

കാരത്തിൽ കൂട്ടതലായിത്തഴപ്പു കയറും. നദിയിലെ തരംഗഹീനമായ പ്രവാഹത്തിൽ ചന്ദ്രിക പ്രതിഫലിക്കുകയും ചെയ്യും.

ഞങ്ങൾ താമസിച്ചിരുന്നത് "റോമൻതാട്ടം" എന്ന സ്ഥലത്തായിരുന്നു. നദിയിൽനിന്നു കെട്ടിപ്പൊക്കിയ സോപാനങ്ങൾ വീട്ടിന്റെ കവിങ്കൽ വരാന്തയോളം എത്തിചേർന്നിരുന്നു. മുറികൾ ഏതെങ്കിലും ഒരു മുറയോ രീതിയോ അനുസരിച്ചാണു് പണിതീർത്തിരുന്നതെന്നു പറവാൻ നിവൃത്തിയില്ല. അവയിൽ ചിലതു താണതാണെങ്കിൽ മററു ചിലതു ഉയന്നവയായിരുന്നു. നദിക്കഭിമുഖമായി പണിചെയ്തിരുന്ന അതിവിശാലമായ ഹാൾ പലതരത്തിലുള്ള ചിത്രങ്ങൾകൊണ്ടലംകൃതമായ കണ്ണാടികൾ നിറഞ്ഞതായിരുന്നു. പല്ലവപരിപൂർണ്ണമായ ഒരു വൃക്ഷത്തിന്റെ ശാഖയിൽ തൂങ്ങുന്ന ഒരു ഊഞ്ഞാലിന്റെ ചിത്രമായിരുന്നു അതിലൊന്നു്. വൃക്ഷത്തിനു താഴെ ഉള്ള നികുഞ്ജത്തിനരികെ ഊഞ്ഞാലിൽ രണ്ടുപേരിരുന്നാടുന്നു. അത്യുന്നതമായ ഒരു പ്രാസാദത്തിലേക്കു കയറുന്ന ഏണിപ്പടികളിൽ ഉത്സവവേഷധാരികളായ ഒട്ടനേകം സ്ത്രീപുരുഷന്മാർ കയറുകയും ഇറങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നതാണു് വേറൊരു ചിത്രം. കണ്ണാടികൾ പ്രകാശം തട്ടുമ്പോൾ നല്ലപോലെ തിളങ്ങും. മേൽപ്പുറത്ത ചിത്രങ്ങൾ ഉണ്ടു. ഗംഗാതീരത്തിലെ ആകാശതലത്തിൽ നിശ്ശബ്ദമായ സംഗീതം മുഴക്കി. വിദൂരദേശത്തിലെ ഏതോ ഒരു ഉത്സവം അതിന്റെ നിശ്ശബ്ദമായ കോലാഹലത്തെ നിലാവിന്റെ വെളിച്ചത്തിൽ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. അതുപോലെ ഏതോ നവദമ്പതികൾ ഊഞ്ഞാലാടുന്ന രസമാധുര്യംകൊണ്ടു് നദീതീരത്തിലെ വനശ്രേണിയെ സജീവമാക്കിത്തീർത്തുകൊണ്ടുമിരുന്നു.

ഗൃഹത്തിൻെറ ഏററവും ഉയർന്നഭാഗത്തായി ഗോപുരാകൃതിയിലുള്ള ഒരു മുറിയുണ്ടു്. നാലു വശവും തുറന്നു കിടന്ന ആ മുറിയാണു് ഞാൻ കവിതയെഴുതുന്നതിന്നുപയോഗിച്ചിരുന്നതു്. വൃക്ഷങ്ങളുടെ അഗ്രഭാഗങ്ങളും ആകാശതലവുമല്ലാതെ വേറൊന്നും ആ മുറിയിൽ നിന്നാൽ ദൃഷ്ടിക്കു വിഷയമായിരുന്നില്ല. അന്നു ഞാൻ സന്ധ്യാസംഗീതം എഴുതിക്കൊണ്ടിരിക്കയായിരുന്നു. അതിൽ ഇങ്ങനെ ഒരു കവിത എഴുതി.

അനന്ത ഏ ആകാശേർ കോലേ
ഠൽമൽ മേഘേർ മാഝർ
ഏയിഖാനെ ബാംധിയാഛി ഘർ
തോർ തരേ കവിതാ ആമാർ

(മേഘങ്ങൾ വിഭ്രമമനുഭവിക്കുന്ന അനന്തമായ ആകാശത്തിൻെറ മടിയിൽ അല്ലയോ കവിതാദേവി, ഞാൻ അവിടത്തേയ്ക്കു് ഒരു അരമന നിർമ്മിച്ചിരിക്കുന്നു)

ഇതിനിടയിൽ ഞാൻ മുറിവൃത്തങ്ങളുടേയും അസ്പഷ്ടഭാഷയുടേയും കവിയാണെന്നുള്ള അപവാദം സാഹിത്യവിമർശകന്മാരുടെ ഇടയിൽ പരന്നു കഴിഞ്ഞു. ഞാനും എൻെറ കവിതയും മൂടൽമഞ്ഞോ നിഴലോ കൊണ്ടു മൂടിക്കിടക്കുകയായിരുന്നു. അപവാദം എനിക്കിഷ്ടമായാലും ശരി അല്ലെങ്കിലും ശരി അതിൽ പരമാർത്ഥം ഇല്ലെന്നു പറയാൻ നിവൃത്തിയില്ല. അന്നത്തെ കവിതകളിൽ ലൌകികമായ വാസ്തവ സംഭവങ്ങളുടെ ഛായ വളരെ കുറവായിരുന്നു. ജീവിതത്തിൻെറ യഥാർത്ഥരൂപത്തിൽനിന്നും സുദൂരമായ പരിതഃസ്ഥിതികളിൽ വളർന്നുവന്ന എനിക്കു അതിൻെറ വസ്തുസ്ഥിതികൾ പ്രതിഫലിക്കുന്ന കവിതകൾ നിർമ്മിക്കുന്നതിന്നു് എങ്ങനെ സാധിക്കും?

എങ്കിലും ഒരു കാര്യം സമ്മതിക്കാൻ നിവൃത്തിയില്ല. കവിയുടെ അസ്പഷ്ടതയെപ്പററി ആക്ഷേപിച്ചിരുന്ന വിമർശകന്മാർ എൻെറ ഈ പുതിയ രീതി പെട്ടെന്നു കീർത്തി സമ്പാദിക്കുന്നതിനുള്ള ഒരു "ഫാഷൻ" ആണെന്നുകൂടി അഭിപ്രായപ്പെട്ടു. കണ്ണിനു നല്ലപോലെ കാഴ്ചയുള്ള പ്രായത്തിൽ കണ്ണാടി ധരിക്കുമ്പോൾ അതു് വെറും ആഡംബരത്തിനു വേണ്ടിയാണെന്നു പറയാറുണ്ടു്. കണ്ണിൻെറ കാഴ്ചക്കുറവിനെപ്പററി സംശയിക്കുന്നതു പക്ഷെ ക്ഷമിച്ചേക്കാം. എന്നാൽ കാണാൻ പാടില്ലെന്നഭിനയിക്കുന്നു എന്ന ദോഷാരോപം തീർച്ചയായും കുറച്ചു കടന്നതു തന്നെ.

അവ്യക്താവസ്ഥയെ സംസാരത്തിനു ബാഹ്യമായി തള്ളുന്നതു് ശരിയല്ല. അതു് തീർച്ചയായും സൃഷ്ടിയുടെ ഒരു അവസ്ഥാവിശേഷമാണു്. അതുപോലെ, അസ്ഫുടമായ കവിതകളെ നിശ്ശേഷം പരിത്യജിച്ചുകളയുന്നെങ്കിൽ കാവ്യകലയുടെ ഒരു പരിണാമദശയെ നാം അപലപിക്കുകയാണു് ചെയ്യുന്നതു്. അവ്യക്തതയുടെ വ്യാകുലതയും അപൂർണ്ണതയുടെ ദുഃഖവും അനുഭവിക്കുന്ന ദശാസന്ധി മനുഷ്യരിൽ നമുക്കു കാണാൻ കഴിയും. മനുഷ്യജീവിതത്തിലുള്ള ആ പരമാർത്ഥം നാം എങ്ങിനെ മിത്ഥ്യയെന്നു പറഞ്ഞു തള്ളിക്കളയും? കവിത നിർമ്മൂലകമാണെന്നു പറയുന്നതു ശരിയല്ല. വേണമെങ്കിൽ നിരർത്ഥകമെന്നു പറയാം. അതുതന്നെ അതിശയോക്തിസ്പർശം ഇല്ലാത്തതല്ല. മനുഷ്യൻ കവിതവഴി തൻെറ ഹൃദയത്തെ ഭാഷയിൽ പ്രകാശിപ്പിക്കുന്നതിനു യത്നം ചെയ്യുന്നു. ഹൃദയത്തിൻെറ ഏതെങ്കിലും ഒരവസ്ഥയിലെ

വികാരങ്ങൾ കവിതയിൽ പ്രതിഫലിച്ചിട്ടുണ്ടെങ്കിൽ ആ ഭാഗം തീർച്ചയായും നമ്മുടെ സംരക്ഷണമർഹിക്കുന്നു. നേരെമറിച്ച് വികാരങ്ങൾ വ്യക്തമാകുന്നില്ലെങ്കിൽ അവയെ പരിത്യജിക്കുന്നതിന്ന വിരോധമില്ല. ഹൃദയത്തിലെ അവ്യക്തമായ വികാരങ്ങൾ വെളിയിൽ പ്രകടിതമാകുന്നതു് ഒരപരാധമല്ല. പ്രകടിപ്പിക്കുന്നതിലുള്ള അശക്തിയാണു് അപരാധം.

മനുഷ്യരിൽ ഒരു ദ്വൈതഭാവം കാണാറുണ്ടു്. നമ്മുടെ ബാഹ്യമായ സകല ജീവിതത്തിന്റേയും ചിന്തയുടേയും വികാരത്തിന്റേയും ഉള്ളിലായി ഒരു ശക്തി സ്ഥിതിചെയ്യുന്നു. അതു നമുക്കു നല്ലപോലെ അറിയാൻ കഴിയുന്നില്ലെങ്കിലും നമ്മുടെ. സകല ജീവിതത്തിലുമുള്ള അതിന്റെ സത്ത വിഗണിക്കാൻ നിവൃത്തിയില്ല. ബാഹ്യജീവിതവുമായി ആന്തരപ്രകൃതിക്കു യോജിപ്പില്ലാതെ വരുമ്പോൾ അവയുടെ സാമഞ്ജസ്യത്തിനും സൗന്ദര്യത്തിനും സമ്പൂർണ്ണത പോരാതെ . വരും. അപ്പോൾ അന്താതമനായ പുരുഷൻ വേദന അനുഭവിക്കുകയും അതു ബാഹ്യപ്രകൃതിയിൽ (Outer consci-ouness) പ്രതിഫലിക്കുകയും ചെയ്യും. അനിർവ്വചനീയമായ ആ വികാരത്തിനു് ഒരു നാമകരണം ചെയ്യുവാനോ, അതിനെ വർണ്ണിക്കയോ സാദ്ധ്യമല്ല. അതിന്റെ ഭാഷ അസ്പഷ്ടവും അതിലെ പദങ്ങൾ അധികവും പ്രത്യക്ഷത്തിൽ അർത്ഥഹീനവും ആകുന്നു.

സന്ധ്യാസംഗീതത്തിൽ പ്രതിഫലിതമായ വിഷാദവും വ്യാകുലതയും എന്റെ .അന്തഃകരണജീവിതത്തിന്റെ അടിത്തട്ടിൽ കിടന്നതാണു്. സമസ്ത ജീവിതത്തിന്റേയും അർത്ഥമായി കാണുന്ന ഒരു ഐക്യം അ

ന്ന് എനിക്കു സാക്ഷാത്കരിക്കാൻ സാധിച്ചില്ല നിദ്രയിൽ അഭിഭൂതമായിരിക്കുന്ന ജീവൻ സ്വപ്നങ്ങളോടു മല്ലിട്ട് ക്രമേണ ഉണരുന്നതുപോലെ ആന്തരമായ ആ ചൈതന്യശക്തി ബാഹ്യമായ സമസ്ത പ്രതിബന്ധങ്ങളോടും മല്ലിട്ടു സ്വാതന്ത്ര്യം നേടുന്നതിൽ ശ്രമം ചെയ്യുന്നു. അദൃശ്യമായ നിഗൂഢപ്രദേശത്തു നടന്ന ആ യുദ്ധത്തിന്റെ ചരിത്രമാണു് അസ്പഷ്ടഭാഷയിൽ ഞാൻ സന്ധ്യാസംഗീതത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു്. മററു വസ്തുക്കളുടെ സൃഷ്ടിയിലെന്നപോലെ കവിതയുടെ സൃഷ്ടിയിലും പരസ്പരവിരുദ്ധങ്ങളായ രണ്ടു ശക്തികളുടെ സംയോജനം നാം കാണുന്നുണ്ടു്. അസാമഞ്ജസ്യത്തിനു ആധിക്യമോ സാമഞ്ജസ്യത്തിനു സമ്പൂർണ്ണതയോ ഉള്ളിടത്തു് കവിതയ്ക്കു പ്രസക്തി ഇല്ല. അസാമഞ്ജസ്യത്തിന്റെ വേദന (Pain) സാമഞ്ജസ്യവുമായി ലയിക്കുന്നതു് പ്രബലമായി പ്രകടിതമാകുമ്പോഴം, വേണുമദ്ധ്യത്തിൽ നിരുദ്ധമായ നിഃശ്വാസത്തിൽനിന്നു് സംഗീതം പുറപ്പെടുന്നപോലെ മനുഷ്യഹൃദയത്തിൽനിന്നു കവിതയും പൊട്ടിപ്പുറപ്പെടുന്നു.

സന്ധ്യാസംഗീതം പ്രസിദ്ധപ്പെടുത്തിയ ഉടൻ ആഘോഷപൂർണ്ണമായ ഒരു സ്വീകരണം അതിനുണ്ടായില്ല. എങ്കിലും അഭിനന്ദകന്മാർ ധാരാളമുണ്ടായിരുന്നു. അക്കാലത്തെ ഒരു സംഭവം ഞാൻ ഇതിനുമുമ്പും പ്രസ്താവിച്ചിട്ടുണ്ടായിരിക്കാം. രമേശ്ചന്ദ്രന്റെ മൂത്തമകളുടെ വിവാഹത്തിനു് ക്ഷണമനുസരിച്ചു് ബങ്കിമചന്ദ്രനും വന്നുചേന്നിരുന്നു. അന്നത്തെ ആചാരമനുസരിച്ചു് ബങ്കിമിനെ രമേശ്ബാബു വാതലിൽവച്ചു് മാലയിടുന്നതിനു ഭാവി

ച്ചപ്പോൾ ഞാൻ അടുത്തുനിൽക്കുകയായിരുന്നു. ബങ്കിമ് പെട്ടെന്നു മാല വാങ്ങി എന്റെ കഴുത്തിലിട്ടിട്ടു പറഞ്ഞു: "ഈ മാലയുടെ സ്ഥാനം ഇതാണു്. എന്താ രമേശ്, നിങ്ങൾ സന്ധ്യാസംഗീതം വായിച്ചില്ലെന്നുണ്ടോ?" ഇല്ലെന്നുള്ള രമേശന്റെ മറുപടികേട്ടു് അതിലെ ചില കവിതകളെപ്പററി അദ്ദേഹം പ്രകടിപ്പിച്ച പ്രശംസകൾ എനിക്കു് എന്നന്നേയ്ക്കും ധാരാളം മതിയാകും.

---

## പ്രിയബാബു

---

സന്ധ്യാസംഗീതത്തിന്റെ പ്രസിദ്ധീകരണം എനിക്കു വേറൊരു സ്നേഹിതനെക്കൂടി സമ്പാദിച്ചുതന്നു. അദ്ദേഹത്തിന്റെ പ്രോത്സാഹനങ്ങൾ പ്രഭാതസൂര്യന്റെ കിരണങ്ങൾപോലെ കവിതാരചനയിൽ എനിക്കൊരു നവജീവൻ പ്രദാനം ചെയ്തു. സ്നേഹിതൻ ശ്രീയുത് പ്രിയനാഥസെന്നാണു്. ഭഗ്നഹൃദയം വായിച്ചു ഭഗ്നാശയനായ അദ്ദേഹത്തിനു് സന്ധ്യാസംഗീതം വായിച്ചപ്പോൾകൂടി എന്നെപ്പററിയുള്ള ആശ വീണ്ടും വർദ്ധിച്ചു. സാഹിത്യസമുദ്രത്തിന്റെ കരകൾ മുഴുവൻ കണ്ടവനാണു് പ്രിയബാബു എന്നു് അദ്ദേഹവുമായി പരിചയപ്പെട്ടിട്ടുള്ള ആരും തലകുലുക്കി സമ്മതിക്കും. സ്വദേശിയും വിദേശിയുമായ സകല സാഹിത്യത്തിന്റെയും എല്ലാ ഖണ്ഡാഫഥങ്ങളിലും ഊടുവഴികളിലുംകൂടി സർവദാ അദ്ദേഹം സഞ്ചരിച്ചുകൊണ്ടിരിക്കയായിരുന്നു. അദ്ദേഹത്തോടു സംഭാഷണം ചെ

യ്യുക എന്നതു് ആശയസാമ്രാജ്യത്തിൽ അതിദൂരം സ്ഥിതിചെയ്യുന്ന വസ്തുക്കളെപോലും പ്രത്യക്ഷത്തിൽ കാണുന്നതിന്നു് വളരെ സഹായമാകും. എനിക്കു് അതു് ഒരു മഹാകാര്യവുമായിരുന്നു. സാഹിത്യസംബന്ധമായ ഏതു പ്രശ്നത്തിനും പ്രിയബാബുവിനു് ധൈര്യമായി സമാധാനം പറയാൻ സാധിക്കും. അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ കേവലം വ്യക്തിഗതമായ രുചിഭേദത്തെ ആശ്രയിച്ചിരുന്നില്ല. വിശ്വസാഹിത്യത്തിന്റെ രത്നഭണ്ഡാഗാരത്തിലുള്ള പ്രവേശം ഒരു ഭാഗത്തു്, സ്വന്തംശക്തിയിലുള്ള പൂർണ്ണവിശ്വാസം വേറൊരു ഭാഗത്തു്; ഇങ്ങനെ പ്രബലമായ രണ്ടു ശക്തികൾ പൂർണ്ണമായി വികസിച്ചിരുന്ന ഒരു മഹാന്റെ സഹവാസം യൗവനത്തിന്റെ ആരംഭംമുതൽ എനിക്കു വളരെ ഉപകാരം ചെയ്തുകൊണ്ടിരുന്നു. അന്നു ഞാൻ എഴുതിയ എല്ലാ കവിതകളും ഉടനുടൻ അദ്ദേഹം വായിച്ചു കേട്ടു അദ്ദേഹത്തിന്റെ ആനന്ദാഭിനന്ദനങ്ങളിലായിരുന്നു എന്റെ കവിതയുടെ വളർച്ച. ആ ഭാഗ്യം ഇല്ലായിരുന്നെങ്കിൽ അന്നത്തെ എന്റെ വ്യവസായം അനന്തരകാലത്തു് ഇത്ര ഫലപ്രദമാകുമായിരുന്നോ എന്നു തീർത്തു പറയാൻ സാധ്യമല്ല.

---

# പ്രഭാതസംഗീതം

ഗംഗാതീരത്തിൽ താമസിക്കുന്ന കാലത്തു് സന്ധ്യാസംഗീതം കൂടാതെ ചില ഗദ്യപ്രബന്ധങ്ങളും ഞാൻ എഴുതി. അതിനും ഒരു നിയമമോ രീതിയോ ഉണ്ടായിരുന്നില്ല. കുട്ടികൾ പൂച്ചികളെ പിടിക്കുന്നതുപോലുള്ള ഒരു ചാപല്യം മാത്രമേ എനിക്കതിൽ ഉണ്ടായിരുന്നുള്ളു. ഹൃദയസാമ്രാജ്യത്തിൽ വസന്തരാജൻ എഴുന്നെള്ളുമ്പോഴേയ്ക്കു ക്ഷണഭംഗുരങ്ങളായ ചെറിയ ചെറിയ ഭാവനകൾ അവിടെ ഉദിച്ചു പൊങ്ങും. പക്ഷേ അതിനെ ആരും അത്ര ബഹുമാനിക്കാറില്ല. എനിക്കവസരം കിട്ടിയപ്പോൾ അതൊക്കെ ഒന്നു പിടിച്ചു ശേഖരിക്കണമെന്നാഗ്രഹം തോന്നി. പ്രബലമായ ഒരു ഉത്കണ്ഠ എന്നെ ആവരണംചെയ്തു. ഇഷ്ടംപോലെ എഴുതുമെന്നു് മനസ്സ് ധൈര്യമായി പ്രതിജ്ഞചെയ്തു. എന്തെഴുതുമെന്നു് ഒരു നിശ്ചയവുമില്ല. എങ്കിലും എഴുതുന്നതു് സ്വന്തമായിരിക്കണമെന്നു മനസ്സു് ഉറച്ചുകഴിഞ്ഞു. അന്നത്തെ ഗദ്യലേഖനങ്ങൾ 'വിവിധപ്രസംഗം' എന്ന പേരിൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു് ഒന്നാംപതിപ്പോടുകൂടി അതിന്റെ ഉദകക്രിയയും നടത്തുന്നതിനാൽ പിന്നത്തെ പതിപ്പുകൾക്കു് ഒരു നവജീവൻ കൊടുക്കേണ്ട ഭാരം എനിക്കുണ്ടായില്ല. "ബൗഠാകുറാണി" എന്ന നോവലും അക്കാലത്തുതന്നെ എഴുതാനാരംഭിച്ചു എന്നാണു് എന്റെ ഓർമ്മ.

കുറച്ചുകാലം ഗംഗാതീരത്തു താമസിച്ചശേഷം ജ്യോതിജ്യേഷ്ഠൻ കൽക്കട്ടയിൽ കാഷ്ഠബംഗ്ലാവിനടുത്തു് ഒരു

വീടെടുത്തു താമസമായി. ഞാനും അദ്ദേഹത്തോടൊന്നിച്ച് താമസിച്ചു. ഇങ്ങനെ ഒരു നോവലും സന്ധ്യാസംഗീതത്തിലെ മററു ചില ഭാഗങ്ങളും എഴുതി താമസിക്കുന്ന കാലത്താണ് അവിചാരിതമായ ചില പരിവത്തനങ്ങൾ എൻെറ ജീവിതഗതിയിലുണ്ടായത്.

ഒരുദിവസം സായാഹ്നത്തിൽ* 'ജോറാഷങ്കോ'യിലെ മട്ടുപ്പാവിൽ അങ്ങോട്ടുമിങ്ങോട്ടും ഞാൻ നടക്കുകയായിരുന്നു. ദിനാവസാനത്തിലെ മ്ലാനതയോടിടകലൎന്ന അസ്തമയകിരണങ്ങൾ അന്നത്തെ സന്ധ്യയ്ക്കു് അനിതരസാധാരണമായ ഒരു സൌന്ദൎയ്യം കൊടുത്തു. നാലുചുററുമുള്ള ഗൃഹഭിത്തികൾ തന്നെ മനോഹരങ്ങളായി എനിക്കു തോന്നി. സായംകാലത്തിലെ സൌന്ദൎയ്യപ്രഭയിലുള്ള ഒരു മാന്ത്രികശക്തി ലോകത്തിലെ പരിചിതവസ്തുക്കളുടേയുമുള്ള തുച്ഛഭാവം പെട്ടെന്നു മാററിക്കളയുകയാണോ എന്നു ഞാൻ സംശയിച്ചു. പക്ഷേ അതല്ല. സ്വന്തം ജീവനു തന്നെ മനോഹരമായ ഒരു സന്ധ്യാകാലം വന്നിരിക്കുന്നു എന്നു പിന്നീട്ട് എനിക്കു മനസ്സിലായി. അതിൻെറ കിരണങ്ങൾ എൻെറ അഹന്താശക്തികളെ നിഷ്പ്രഭങ്ങളാക്കി. ദിവസത്തിൻെറ വെളിച്ചത്തിൽ ധൃഷ്ടത കൈക്കൊണ്ടിരുന്ന ഞാൻ കണ്ടതും കേട്ടതുമെല്ലാം പുറകിൽ തള്ളിയിരുന്നു ഇന്നു ആ ധാൎഷ്ട്യത്തെ സായംകാലം പുറകിലാക്കിയപ്പോൾ ലോകത്തെ അതിൻെറ സുന്ദരരൂപത്തിൽ എനിക്കു് കാണാൻ കഴിയുന്നു. ജഗത്തിൻെറ യഥാൎത്ഥസ്വരൂപം ഒരിക്കലും തുച്ഛമായ ഒന്നല്ല. നേരേമറിച്ച് അതു് അതിസുന്ദരവും ആനന്ദമയവുമാണു്. പിന്നീടു പലപ്പോഴും ഞാൻ അഹംബുദ്ധിയെ പുറംതള്ളി

---

* മഹാകവിയുടെ സ്വന്തം, ഗൃഹം.

ഒരു സാക്ഷിയെന്നപോലെ ലോകത്തെ കാണുന്നതിനു ശ്രമിച്ചു. അതുമൂലം മനസ്സിനു് അനിർവചനീയമായ ഒരാനന്ദവും ലഭിച്ചു. ബാഹ്യലോകത്തെ എങ്ങിനെയാണു് വീക്ഷിക്കേണ്ടതെന്നും ജീവിതം യാതൊരു ഭാരവുമില്ലാതെ എങ്ങിനെയാണു് സുഖകരമാക്കിത്തീർക്കേണ്ടതെന്നും അന്നു ഞാൻ എന്റെ ഒരു ബന്ധുവിനു് ഉപദേശിച്ചുകൊടുത്തു. ഉപദേശത്തിന്റെ സാഫല്യത്തെപ്പററി അധികമൊന്നും പറയുന്നില്ല. എന്നാൽ അന്നു് എനിക്കു് അനുഭവപ്പെട്ട ആ ജീവിതമഹത്വം ഇന്നും ഏകദേശം ഞാൻ അനുഭവിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു.

കൽക്കത്തയിലെ 'സദർസ്റ്റ്രീററി'ന്റെ അവസാനവും ഫ്രീസ്കൂളിന്റെ പരിസരങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങളും ഞങ്ങൾ താമസിച്ച സ്ഥലത്തുനിന്നു നോക്കിയാൽ ഭംഗിയായി കാണാമായിരുന്നു. ഒരുദിവസം പ്രഭാതത്തിൽ വീട്ടിലെ വരാന്തയിൽ നിന്നുകൊണ്ടു് ഞാൻ അങ്ങോട്ടേക്കു നോക്കി. വൃക്ഷവ്യൂഹത്തിലെ പല്ലവപത്രങ്ങൾക്കിടയിൽക്കൂടി സൂര്യഭഗവാൻ ഉദിച്ചുവരുന്നു. അല്പനേരം നോക്കിക്കൊണ്ടിരുന്നപ്പോൾ എന്റെ നേത്രങ്ങളിൽ നിന്നും എന്തോ ഒരാവരണം നീങ്ങിയതുപോലെ തോന്നി. അന്യാദൃശമായ ഒരു മഹിമയിൽ സമസ്തലോകവും വിലയം പ്രാപിച്ചിരിക്കുന്നതും, ആനന്ദത്തിന്റെയും സൌന്ദര്യത്തിന്റെയും തരംഗങ്ങൾ ലോകമാസകലം തത്തിക്കളിക്കുന്നതും ഞാൻ കണ്ടു. ഹൃദയത്തിൽ വളരെക്കാലമായി കൂടികൊണ്ടിരുന്ന വിഷാദവും വ്യാകുലതയും ഒരു നിമിഷംകൊണ്ടു മാറി സർവത്ര കോൾമയിർകൊള്ളിക്കുന്ന ഒരു ദിവ്യപ്രകാശം പരിവ്യാപ്തമായി. അന്നാണു് "നിർത്ധരേർസ്വപ്നഭാഗ" എന്ന കവിത എഴുതാൻ ആരംഭിച്ചു

ത്തു്. കവിത ഒരു നിർഝരം പോലെ തന്നെ മുറയ്ക്കു പ്രവഹിച്ചുകൊണ്ടിരുന്നു അതു പൂർത്തിയായിട്ടും ജഗത്തിൻെറ ആനന്ദരൂപത്തിനു് ഒരു പ്രതിബന്ധവുമുണ്ടായില്ല. ലോകത്തുള്ള യാതൊരു വസ്തുവും എനിക്കു നിസ്സാരമായി തോന്നിയില്ല. അന്നന്നു നടക്കുന്ന സംഭവങ്ങളിൽ പ്രത്യേകം ഒരു അഭിരുചിയും തോന്നിത്തുടങ്ങി.

പണ്ടത്തെ വിലക്ഷണ ചോദ്യങ്ങൾകൊണ്ടു എന്നെ അലട്ടിക്കൊണ്ടിരുന്ന ഒരു മനുഷ്യൻ ഒരിക്കൽ എന്നോടു് അവിടുന്നു് ദൈവത്തെ കണ്ടിട്ടുണ്ടോ എന്നു ചോദിച്ചു. "ഇല്ല" എന്നു ഞാൻ മറുപടി പറഞ്ഞപ്പോൾ താൻ കണ്ടിട്ടുണ്ടെന്നും, തൻെറ കൺമുമ്പിൽ വിങ്ങിയും കരഞ്ഞും അവിടന്നു കഴിച്ചുകൂട്ടി എന്നും അയാൾ എന്നെ ധരിപ്പിച്ചു.

ഇമ്മാതിരി മനുഷ്യരുമായി സംഭാഷണമോ വാഗ്വാദമോ നടത്തുന്നതു് ആക്കും അത്ര തൃപ്തികരമല്ല. പ്രത്യേകിച്ചും അന്നു ഞാൻ കവിതയെഴുത്തിൽ മുഴുകിയിരിക്കയായിരുന്നു. അയാൾ സാമാന്യം ഭേദപ്പെട്ടവനായിരുന്നതുകൊണ്ടു് എനിക്കു് അയാളെ വിഷമപ്പെടുത്താനും തോന്നിയില്ല.

ഒരു ദിവസം മദ്ധ്യാഹ്നവേളയിൽ അയാൾ വീട്ടിൽ വന്നുചേർന്നപ്പോൾ ഞാൻ സന്തോഷത്തോടെ സ്വാഗതമരുളി. അയാളുടെ പഴയ മാതിരവും വിലക്ഷണ വാദഗതികളും ഏകദേശം മാറിത്തുടങ്ങി എന്നെനിക്കു തോന്നി. ഞാൻ സത്കരിച്ചു സ്വീകരിച്ചിരിക്കുന്ന മനുഷ്യൻ മാംസചക്ഷുസ്സുകൾക്കു മാത്രം ഗോചരനല്ല. അയാളുടെ ആന്തരികപുരുഷനോടു് എനിക്കു് ഏതോ ഒരു ഉററബന്ധമുണ്ടായിരിക്കണം. അയാളെക്കൊണ്ടു യാതൊരുവിധമായ

ഉപദ്രവവുമില്ലെന്നും എൻെറ സമയം അയാൾ നഷ്ടപ്പെടുത്തുന്നില്ലെന്നും അനുഭവപ്പെട്ടതോടുകൂടി അത്ഭുതപൂർവമായ ഒരാനന്ദാനുഭൂതി എനിക്കുണ്ടായി. എനിക്കു് അസ്വസ്ഥത നൽകിയിരുന്ന മിഥ്യാബോധവും അകന്നുകഴിഞ്ഞു. വരാന്തയിൽ നിന്നു നോക്കുമ്പോൾ റോഡിൽകൂടി കടന്നുപോകുന്ന നിസ്സാര മനുഷ്യരുടെപോലും ഗതിഭംഗിയും ശരീരഘടനയും മുഖസൌന്ദര്യവും എനിക്കു ആശ്ചര്യകരമായിട്ടു തോന്നി. സർവതോഭാസുരമായ ജഗത്പാരാവാരത്തിൻെറ ശോഭനതരംഗങ്ങൾ പോലെ അവ പ്രത്യക്ഷപ്പെട്ടു. കാണുന്ന വസ്തുക്കളെല്ലാം ശ്രദ്ധയോടെ നിരീക്ഷിക്കുന്നതു് ബാല്യം മുതൽ എനിക്കു പ്രിയമായ ഒരു സ്വഭാവമായിരുന്നു. ഇപ്പോൾ അതു കുറെക്കൂടി വളൎന്നു. വഴിയിൽകൂടി ഒരു യുവാവു് വേറൊരുവൻെറ കഴുത്തിൽ കൈയുമിട്ടു് സരസ സല്ലാപം നടത്തി യാത്രചെയ്യുന്ന കാഴ്ച എൻെറ സകല അന്തഃകരണങ്ങളേയും ഇളക്കിമറിക്കും. ജഗത്തിലെ അതലസ്പർശിയായ ഗംഭീരതയ്ക്കിടയിൽ കാണുന്ന ആനന്ദരസം . നാലുചുററും അതിൻെറ കിരണങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുന്നതു് എനിക്കു കാണാമായിരുന്നു.

മനുഷ്യരുടെ സാധാരണപ്രവൃത്തികളിൽ കാണുന്ന ഗതിവൈചിത്ര്യം അതിനു മുമ്പു ഞാൻ അത്ര സൂക്ഷിച്ചു മനസ്സിലാക്കിയിരുന്നില്ല. മനുഷ്യശരീരത്തിൻെറ ചലനങ്ങൾ ഓരോ ക്ഷണനേരവും എന്നെ അത്യാനന്ദപരവശനാക്കി. എന്നാൽ അവയിലെല്ലാം പ്രത്യേകം ഒരു സൌന്ദര്യം കാണാൻ സാധിച്ചതുമില്ല. എല്ലാത്തിലും എന്നിലും കൂടി വ്യാപിച്ചു കിടക്കുന്ന ഒരു സമഷ്ടിസൌന്ദര്യമാണു് എനിക്കനുഭവപ്പെട്ടതു്. അതിവിശാലമായ ഈ ഭൂവിഭാഗത്തിൽ നാനാകൎമ്മങ്ങളിലേർപ്പെട്ടു് നാനാഭവനങ്ങളിൽ

താമസിക്കുന്ന അനേകകോടി ജനങ്ങളുടെ ശരീരവ്യാപാരങ്ങൾ ഒന്നാകെ അതിസുന്ദരമായ ഒരു മഹാനൃത്തമായി ഞാൻ കണ്ടു. സുഹൃത്തുക്കൾ സുഹൃത്തുക്കളോടു കളിച്ചുരസിക്കുന്നു; മാതാക്കൾ കുഞ്ഞുങ്ങളെ താലോലിക്കുന്നു. ഗോക്കൾ പോലും പരസ്പരം സ്നേഹബദ്ധരായിട്ട് അടുത്തുനിൽക്കുന്ന മററു ഗോക്കളുടെ ശരീരംനോക്കി സ്നേഹം പ്രകടിപ്പിക്കുന്നു. ഇത്തരം സംഭവങ്ങളുടെ അടിയിലായി കാണുന്ന അനന്തമായ ഒരു അപരിമേയത എൻെറ ഹൃദയത്തെ വല്ലാതെ സ്പർശിച്ചു. അന്നു ഞാൻ എഴുതിയ ഒരു പദ്യഖണ്ഡം ഇവിടെ ചേക്കാം.

ഹൃദയ ആജി മോർ കേമനേ ഗേലോഖുലി
ജഗത് ആസേഥാ കരിഛേ കോലാക്കുലി.

എൻെറ ഹൃദയം എങ്ങിനെയോ ഇതാ തുറന്നുകഴിഞ്ഞിരിക്കുന്നു. ലോകത്തിലെ സകല ജീവജാലങ്ങളും ആനന്ദഭരിതരായി പരസ്പരം ആലിംഗനം ചെയ്തുകൊണ്ട് അങ്ങോട്ടു ഇനി പ്രവേശിച്ചുകൊള്ളട്ടെ."

ഇതു് അതിശയോക്തിസമ്പൂർണ്ണമായ ഒരു കവികല്പനയാണെന്നു് വിചാരിച്ചുപോകരുതു്. വാസ്തവത്തിൽ ഞാൻ അനുഭവിച്ച വികാരങ്ങളുടെ ഏകദേശാംശം പോലും പ്രകടിപ്പിക്കുന്നതിനുള്ള ശക്തി എനിക്കുണ്ടായിട്ടില്ല.

ആത്മവിഭ്രമകമായ ഈ ആനന്ദാവസ്ഥയിൽ കുറെക്കാലം ഞാൻ ജീവിച്ചു ജ്യേഷ്ഠൻ അപ്പോൾ ഡാർജിലിങ്ങിലേക്കു പോകുന്നതിനു തീർച്ചപ്പെടുത്തി. എനിക്കും അതു വളരെ ഇഷ്ടമായ ഒരു അഭിപ്രായമായി തോന്നി. സഡർസ്റ്റ്റീററിൽ താമസിച്ചപ്പോൾ കാണാൻ കഴിഞ്ഞ സൌന്ദര്യം കൂടുതൽ വിശാലവും സമ്പൂർണ്ണ

വ്വമായ രീതിയിൽ ഹിമാലയത്തിൻെറ ഉത്തുംഗശിഖരങ്ങളിൽ കാണാൻ കഴിയുമെന്നു ഞാൻ നിശ്ചയിച്ചു നൂതനമായ നിരീക്ഷണശക്തിയിൽ ഹിമാലയത്തിൻെറ സൗന്ദയ്യപ്രഭ പതിന്മടങ്ങു വദ്ധിക്കുമെന്നായിരുന്നു എൻെറ പ്രതീക്ഷ.

സമർസ്റ്റീററിലെ ചെറുഗൃഹങ്ങൾ പ്രദാനം ചെയ്ത കാഴ്ചകൾ വാസ്തവത്തിൽ വിജയപ്രദങ്ങളായിരുന്നു. എന്നാൽ ഹിമാലയത്തിൻെറ മുകൾപ്പരപ്പിൽനിന്നു നോക്കിയപ്പോൾ കണ്ട കാഴ്ചകൾ എൻെറ സങ്കല്പത്തിൽനിന്ന് വളരെ വ്യത്യസ്തമായിപ്പോയി. വെളിയിൽനിന്ന് യഥാത്ഥ സൗന്ദയ്യം കണ്ടുകളയാമെന്ന വിചാരം വലിയ അബദ്ധമാണെന്നു എനിക്കു മനസ്സിലായി. മഹത്വമേറിയ ആ ഹിമവാൻ എനിക്ക് ഒന്നും തരാൻ പയ്യാപ്തനായില്ല. നേരെമറിച്ച്, ആരാണോ യഥാത്ഥ ദാനശീലൻ അദ്ദേഹത്തിനു നിസ്സാരമായ ഒരു തെരുവിൻെറ നടുവിൽപോലും ലോകമഹത്വം കാണിച്ചുതരാൻ സാധിക്കും.

ഹിമാലയത്തിലെ ദേവദാരുവനങ്ങളിലും അരുവികളുടെ അരികിലുമായി ഞാൻ പല തവണ ചുററിസ്സഞ്ചരിച്ചു. കാഞ്ചനശൃംഗത്തിൻെറ മേഘനിർമ്മുക്തമായ മഹിമകണ്ടു് പലവുരു ഞാൻ ആനന്ദിച്ചു. എന്നാൽ ഞാൻ അന്വേഷിച്ച പദാത്ഥം അവിടെങ്ങും കണ്ടുകിട്ടിയില്ല. വസ്തുവിൻെറ വാസ്തവസ്വഭാവം അറിയാൻ കഴിഞ്ഞു; അതിനെ പിന്നീടു കാണാൻ സാധിച്ചില്ല. രത്നത്തെ കണ്ടുകൊണ്ടിരിക്കെ പെട്ടെന്നു അതിനെ മൂടിക്കളഞ്ഞു. മൂടിമാത്രമേ ഇപ്പോൾ കാണുന്നുള്ളു. എങ്കിലും ആ മൂടിയിലുള്ള ശില്പിവൈചിത്ര്യം അതു്

വെറുമൊരു ആവരണമാണെന്നു പറഞ്ഞു് തള്ളിക്കളയുന്നതിനു പ്രതിബന്ധമായി നിൽക്കുന്നു.

പ്രഭാതസംഗീതത്തിലെ ഗാനങ്ങൾ ഞാൻ എഴുതിത്തീർന്നു. അതിന്റെ ഒരു പ്രതിധ്വനിമാത്രമേ ഡാർജിലിംഗിൽ വീണ്ടുമുണ്ടായുള്ളു. കവിത ഒരു ദുർബോധ (Mistic) സ്വഭാവമാണു് സ്വീകരിച്ചതു്. ഒരിക്കൽ പ്രഭാതസംഗീതത്തിന്റെ ശരിയായ അർത്ഥം എന്താണെന്നുള്ളതിനെപ്പററി രണ്ടു സ്നേഹിതന്മാർ തമ്മിൽ പന്തയംവച്ചു വാതുകെട്ടി. വാതുമൂത്തു് അർത്ഥനിർണ്ണയം ചെയ്യുന്നതിനു് അവർ എന്റെ അടുത്തു വന്നുചേർന്നു. എന്നാൽ എന്റെ സഹായം അതിന്റെ അർത്ഥനിർണ്ണയത്തിനു സാധകമാകാത്തതുകൊണ്ടു് അവർക്കാർക്കും തന്നെ പന്തയത്തുക നഷ്ടപ്പെടേണ്ട ആവശ്യമുണ്ടായില്ല. കഷ്ടം! താമരയെപ്പററിയും സരസ്സിനെപ്പററിയും മററും സരസലളിത കവിതകൾ എഴുതിയ ആക്കാലം എത്ര വേഗത്തിൽ കഴിഞ്ഞുപോയി!

കാര്യം വിശദമാക്കുന്നതിനുവേണ്ടി ആണു് കവിത എഴുതുന്നതെന്നു് എനിക്കു് അഭിപ്രായമില്ല. സ്വന്തഹൃദയത്തിന്റെ വികാരാനുഭവങ്ങൾ കവിതയിൽ കൂടി ഒരു ബാഹ്യരൂപം ധരിച്ചു വെളിയിലേയ്ക്കു വരുന്നതിനു ശ്രമം ചെയ്യുന്നു. അതുകൊണ്ടു് കവിത വായിച്ചിട്ടു് അതു മനസ്സിലായില്ലെന്നു പറയുന്നതു് അത്ര ശരിയല്ല. പുഷ്പത്തിന്റെ ഗന്ധമനുഭവിച്ചിട്ടു മനസ്സിലായില്ലെന്നു പറയുന്നെങ്കിൽ അതു് വെറുമൊരു ഗന്ധമാണെന്നും അതിൽ മനസ്സിലാകാൻ വേറൊന്നുമില്ലെന്നും മാത്രം പറയാനേ നിവൃത്തിയുള്ളു. "ഗന്ധം തന്നെ എന്നെനിക്കറിയാം. പക്ഷെ ആ ഗന്ധം എവിടെ നിന്നു്? അതിന്റെ അർത്ഥമെന്തു്? എന്നയാൾ വീണ്ടും ചോദിക്കുന്നു എന്നു വിചാരി

ക്കുക ഒന്നുകിൽ അപ്പോഠം സംഭാഷണവിഷയം മാററണം, അല്ലെങ്കിൽ പ്രകൃതിയുടെ ആന്തരികമായ ആനന്ദം പുഷ്പങ്ങളിൽ സുഗന്ധരൂപത്തിൽ പ്രകടിതമാകുന്നുവെന്നോ മറേറാ വളച്ചുകെട്ടി പറയണം.

കവിതയ്ക്കു് അത്ഥംകൂടിയുള്ളതു് പ്രയാസമേറിയ ഒരു കാര്യമാണു്. അതുകൊണ്ടു 'അത്ഥം തുറന്നുപറയാതെ മറച്ചുവച്ചു് വികാരങ്ങഠംക്കു കൂടുതൽ പ്രകാശം കൊടുക്കുന്നതിനുവേണ്ടി ഛന്ദോബന്ധം മുതലായ കൗശലപ്പണികഠം കവി പ്രയോഗിക്കുന്നു. കവിതയിലെ ഭാവമെന്നു പറയുന്നതു് ഒരു തത്വജ്ഞാനമോ വിജ്ഞാനശകലമോ അല്ല. അതൊരു സന്മാർഗ്ഗോപദേശവുമല്ല. കണ്ണിലെ കണ്ണുനീരുപോലെയും മുഖത്തിലെ മന്ദസ്മിതംപോലെയും അകത്തു നടക്കുന്ന വികാരങ്ങളുടെ ബഹിസ്ഫുരണമാകുന്നു കവിത. തത്വജ്ഞാനമോ ശാസ്ത്രമോ അതിൽ കാണുന്നെങ്കിലും അതു പ്രധാനമല്ല; ഗൗണമാകുന്നു. കടത്തുതോണിയിൽ കയറിപ്പോകുമ്പോഠം മീൽപിടിക്കാൻകൂടി സാധിക്കുന്നെങ്കിൽ അതു് നമ്മുടെ ഭാഗ്യംകൊണ്ടു മാത്രം. അല്ലാതെ അതുകൊണ്ടു് കടത്തുവള്ളം4മീൻപിടിക്കാനുള്ള വള്ളമാകുന്നില്ല. മീൻ പിടിക്കാൻ സാധിക്കുന്നെങ്കിൽ അതിനു കടത്തുകാരനെ ചീത്ത പറയുന്നതും ശരിയല്ല.

പ്രതിധ്വനി ഞാൻ വളരെ മുമ്പെഴുതിയ ഒരു കവിതയാണു്. ഇപ്പോഠം അതു എല്ലാവരുടെയും വിസ്മൃതിപഥത്തിൽ എത്തിയിരിക്കുന്നതുകൊണ്ടു അതിൻെറ പ്രതിപാദ്യവസ്തു വിവരിച്ചുകേഠംപ്പിക്കേണ്ട ആവശ്യമില്ല. കവിതയിലെ ഗുണദോഷങ്ങഠം എങ്ങിനെയിരുന്നാലും ഒരുകാര്യം എനിക്കു തീത്തുപറയാൻ കഴിയും. വായനക്കാരെ ഏതെങ്കിലും തരത്തിൽ ഒന്നിളക്കണമെന്നോ

ഗൗരവമേറിയ പുതിയ തത്വങ്ങൾ വല്ലതും അവരെ പഠിപ്പിക്കണമെന്നോ എനിക്കാഗ്രഹമുണ്ടായിരുന്നില്ല. ഹൃദയത്തിലുദിച്ച ഒരു വ്യാകുലതയ്ക്കു ബാഹ്യരൂപം ധരിക്കണമെന്നു വിചാരം തോന്നി. എന്തിന്റെ വ്യാകുലതയാണോ എന്നെ അലട്ടിക്കൊണ്ടിരുന്നതു് അതിനു വേറെ പേരൊന്നും കിട്ടാഞ്ഞതിനാൽ ഞാൻ പ്രതിധ്വനി എന്നു അതിനു നാമകരണം ചെയ്തു.

ജഗത്തിന്റെ കേന്ദ്രത്തിൽ സംഗീതസൗന്ദര്യത്തിന്റെ ജാഗരണമുണ്ടാകുമ്പോൾ പ്രിയജനങ്ങളുടെ മന്ദസ്മിതങ്ങൾ മുഖേനയോ/ പ്രിയതമങ്ങളായ മററു വസ്തുക്കൾമുഖേനയോ അതിന്റെ പ്രതിഛായ നമ്മുടെ ഹൃദയത്തിലുമുണ്ടാകുന്നു. സാധാരണമായി നാം സ്നേഹിക്കുന്നതു് പ്രതിഛായയെയാണു്; സാക്ഷാത് വസ്തുക്കളെ അല്ല. മുമ്പിൽ പ്രത്യക്ഷമായാലും നാം ശ്രദ്ധിക്കാത്ത വസ്തുക്കൾ ചിലപ്പോഴൊക്കെ നമ്മുടെ സകല ശ്രദ്ധയേയും ആകർഷിക്കുന്നതായിട്ടു കാണാം.

ജീവലോകത്തെ ഞാൻ ബാഹ്യദൃഷ്ടികൊണ്ടുമാത്രം നോക്കിയ ഒരു കാലമുണ്ടായിരുന്നു. അന്നു അതിൽ സമഗ്രമായ ഒരാനന്ദരൂപം കാണുന്നതിനു സാധിച്ചില്ല. ഒരു ദിവസം എന്റെ ഹൃദയാന്തർഭാഗത്തുനിന്നും പെട്ടെന്നു് ഒരു ദിവ്യരശ്മി ഉദിച്ചുയർന്നു് ലോകം മുഴുവൻ പ്രകാശിപ്പിച്ചു. നാം അധിവസിക്കുന്ന ഈ ലോകം പദാർത്ഥങ്ങളുടേയും സംഭവങ്ങളുടേയും കേന്ദ്രസ്ഥലമാണെന്നുള്ളതു് മറന്നിട്ടു് ഒരു പരിപൂർണ്ണ വസ്തുവായി അന്നു ഞാൻ കണ്ടു. ജഗത്തിന്റെ അത്യഗാധമായ ഏതോ ഒരു സ്ഥലത്തുനിന്നു പുറപ്പെടുന്ന സംഗീതധ്വനി ദേശകാലങ്ങളെ അതിക്രമിച്ചു വ്യാപിച്ചുകൊണ്ടിരിക്കുന്നുവെന്നും അതിന്റെ പ്രതിധ്വനി ആനന്ദസ്രോതോരൂപത്തിൽ വീണ്ടും ഉത്പത്തി

സ്ഥാനത്തുതന്നെ വന്നു ലയിക്കുന്നു എന്നും എന്റെ അനുഭവം എനിക്കുപദേശിച്ചു തന്നു. ഇങ്ങനെ സീമാവിഹീനമായ അനന്തതയിലേയ്ക്കുള്ള ആത്മാവിന്റെ ആഭിമുഖ്യമാണു് നമ്മുടെ ഹൃദയത്തിൽ സൗന്ദര്യത്തിനു സ്ഥാനം നൽകുന്നതു്. ഒരു കലാകാരൻ വികാരസമ്പൂർണ്ണമായ സ്വഹൃദയത്തിൽനിന്നും ഗാനങ്ങൾ പുറപ്പെട്ടുവിക്കുന്നതു് ആനന്ദാനുഭൂതികൊണ്ടാണു്. സ്വന്തം സംഗീതംതന്നെ ശ്രോതാവെന്ന നിലയിൽ അയാളുടെ ശ്രവണപുടങ്ങളിൽ പ്രവേശിക്കുമ്പോൾ ആ ആനന്ദം ദ്വിഗുണിതമാകുന്നു ഒരു വിശ്വകവിയുടെ കാവ്യഗാനം ആനന്ദരൂപത്തിൽ അവനെത്തന്നെ സന്തോഷിപ്പിക്കുമ്പോൾ നാം അതിനെ നമ്മുടെ ഹൃദയത്തിൽക്കൂടി കവിഞ്ഞൊഴുകുന്നതിനു സമ്മതിക്കുന്നെങ്കിൽ ജഗത്തിന്റെ പരമപരിണാമം അനിർവചനീയമായ രൂപത്തിൽ നമുക്കറിയാൻ കഴിയും. അങ്ങനെ അറിയുന്ന ക്ഷണം നമുക്കു് ആനന്ദാനുഭൂതിയുണ്ടാകുന്നു. നമ്മുടെ ഭാനസ്സും അനന്തതയിലേയ്ക്കു് അഭിമുഖമായി പ്രയാണം ചെയ്യുന്ന ആനന്ദ സ്രോതസ്സിന്റെ ഓളങ്ങൾ തട്ടി അതിൽ കൂടി ഒഴുകുന്നതിനു യത്നിക്കുന്നു. സുന്ദരപദാർത്ഥങ്ങൾ കാണുമ്പോൾ നമുക്കുണ്ടാകുന്ന വ്യാകുലതയ്ക്കു കാരണമിതുതന്നെ. നിസ്സീമതയിൽ നിന്നും പുറപ്പെട്ടു് സീമതയ്ക്കഭിമുഖമായി പ്രയാണം ചെയ്യുന്ന പ്രവാഹത്തിനാണു് സത്യം എന്നു പേർ പറയുന്നതു്. അതു തന്നെയാണു് ശുദ്ധവും. അതു നിയമത്തിനധീനവും നിർദ്ദിഷ്ടമായ ആകാരത്തോടുകൂടിയതുമാണു്. വീണ്ടും അസീമതയിലേയ്ക്കു പ്രതിനിവർത്തനം ചെയ്യുന്ന അതിന്റെ പ്രതിധ്വനിക്കു് സൗന്ദര്യമെന്നോ ആനന്ദമെന്നോ പേരിടാം. ആ ബോധം അത്ര സുഗ്രഹമല്ലാത്തതുകൊണ്ടു് നമ്മെ

എപ്പോഴും വ്യാകുലപ്പെട്ടുത്തിക്കൊണ്ടിരിക്കും. എൻെറ ഹൃദയത്തിലുണ്ടാകുന്ന അത്തരം അനുഭവങ്ങളെ കവിതാരൂപത്തിൽ പ്രകടിപ്പിക്കുന്നതിനുള്ള ശ്രമമാണു് പ്രതിധ്വനിയിൽ കാണുന്നതു്. ശ്രമം ഫലപ്രദമായെന്നു തീർത്തുപറയാൻ നിവൃത്തിയില്ല. ശ്രമത്തിൻെറ തന്നെ സ്വന്തരൂപം അന്നു തെളിഞ്ഞിരുന്നുമില്ല.

പ്രഭാത സംഗീതത്തെപ്പററി പിന്നീടു ഞാൻ എഴുതിയ ഒരു ലേഖനത്തിൻെറ ഏതാനും ഭാഗങ്ങൾ താഴെ ചേക്കാം.

"അവരവരുടെ ഹൃദയത്തിലെ പ്രതിഭാനങ്ങളല്ലാതെ ലോകത്തിൽ അന്യമായ ഒരു സത്ത ഇല്ല എന്ന വിശ്വാസം പ്രായത്തിൻെറ ഒരു അവസ്ഥാവിശേഷമാകുന്നു. പല്ലു കരുത്തുവരുന്ന ഒരു ശിശുവിനു ലോകത്തു കാണുന്ന സകലതും തൻെറ ആഹാരസാധനമാണെന്നു തോന്നും ഹൃദയത്തിനു പ്രഥമജാഗരണമുണ്ടാകുമ്പോൾ സമസ്തലോകവും അതു സ്വന്തമാക്കാൻ ശ്രമിക്കുന്നു. മനസ്സു് വാസ്തവത്തിൽ എന്താഗ്രഹിക്കുന്നു, എന്തു വെറുക്കുന്നു എന്നുള്ളതു് ക്രമേണ മാത്രമേ അറിയാൻ കഴിയൂ. അപ്പോഴേയ്ക്കും പരിതപ്തമായ ഹൃദയാവേഗം സങ്കീർണ്ണമായ സീമകൾ അവലംബിച്ചു് ജ്വലിക്കുന്നതിനും ജ്വലിപ്പിക്കുന്നതിനും തുടങ്ങും. ലോകം മുഴുവൻ സ്വന്തമാക്കുമ്പോൾ നമുക്കു് ഒന്നുംതന്നെ കിട്ടാതെ വരാം. ഏതെങ്കിലും ഒരു പ്രത്യേക താല്പര്യത്തിൽ ഹൃദയം മുഴുവൻ കേന്ദ്രീകരിച്ചിരുന്നാൽ അസീമതയിലേയ്ക്കുള്ള പ്രവേശനദ്വാരം വ്യക്തമായി കാണാൻ കഴിയും. പ്രഭാതസംഗീതം എൻെറ അന്തരപ്രകൃതിയുടെ ബഹിർമ്മുഖമായ പ്രഥമോച്ഛ്വാസമായിരുന്നു അതുകൊണ്ടു് ഹ്രസ്വവികാരങ്ങൾക്കു് അതിൽ സ്ഥാനമില്ല."

മോഹിതബാബുവിൻെറ ഗ്രന്ഥാവലിയിൽ പ്രഭാത സംഗീതത്തിലെ കവിതകരം നിഷ്ക്രമണം എന്നപേരിൽ പ്രസിദ്ധപ്പെട്ടത്തിയിട്ടുണ്ടു്. ഹൃദയാരണ്യത്തിൽനിന്നുള്ള വിമുക്തിക്കുശേഷം ആദ്യത്തെ സന്ദേശമായതുകൊണ്ടു് ആ പേരിനു് വലിയ അനൗചിത്യം കാണാൻ വകയില്ല. അതുകഴിഞ്ഞു് സുഖദുഃഖങ്ങളും ആലോകാന്ധകാരങ്ങളും നിറഞ്ഞിരിക്കുന്ന സംസാരപഥത്തിലേക്കു യാത്ര തിരിച്ചു എൻെറ ഹൃദയം വിചിത്രരൂപത്തിൽ ഒന്നൊന്നായി പരിചയം സമ്പാദിച്ചും ഇങ്ങനെ വിഭിന്നങ്ങളായ സോപാനങ്ങരംവഴി പലതിലും പരിചയപ്പെട്ടു സഞ്ചരിച്ചും ഒടുവിൽ അസീമതയിൽ എത്തിച്ചേരും. അസീമതയാകട്ടെ അനിർദ്ദിഷ്ടമായ ഒരു ആഭാസത്തിൻെറ വ്യാപ്തിയല്ല; അതു പരിപൂർണ്ണമായ സത്യത്തിൻെറ പരിവ്യാപ്തി ആകുന്നു.

ബാല്യകാലംമുതൽ പ്രകൃതിയുമായി എനിക്കു അപാരമായ ഒരു സ്നേഹമുണ്ടായിരുന്നു. വീട്ടിൻെറ പരിസരങ്ങളിലുള്ള തെങ്ങുകളിൽ ഓരോന്നും സജീവങ്ങളായ സത്വവസ്തുക്കളാണെന്നു് എനിക്കു തോന്നി. നാർമൽസ്കൂളിൽനിന്നും നാലുമണികഴിഞ്ഞു് വണ്ടി കയറി വീട്ടിലേക്കു വരുമ്പോരം ചിലപ്പോഴൊക്കെ കാണാറുള്ള ജലധരങ്ങരം എത്ര പരമാനന്ദം പ്രദാനം ചെയ്തിരുന്നുവെന്നു് പറഞ്ഞറിയിക്കാൻ വിഷമം. പ്രഭാതത്തിൽ എഴുന്നേറവു് കണ്ണു തുറന്നു കഴിഞ്ഞാൽ ഉടൻ തന്നെ പ്രകൃതിമാതാവു് സ്വന്തം മടിയിലിരുന്നു കളിക്കുന്നതിനു് എന്നെ വിളിക്കയായി. ആകാശവും അന്തരീക്ഷവുംസമസ്തലോകവും ഉഗ്രമായ ഉഷ്ണംകൊണ്ടു് സന്തപിപ്പിക്കുന്ന മദ്ധ്യാഹ്നം എന്നെയും ഒരു വൈരാഗ്യത്തിൽ ചാടിക്കും. അതുപോലെ രാത്രി

യിലെ അന്ധകാരം മാന്ത്രാമയിയായ ഗോപനദേവതയുടെ വാതലുകളെല്ലാം തുറന്നു് സംഭവാസംഭവങ്ങളുടെ സീമകളെ ഉല്ലംഘിക്കുന്ന സർവസ്വാതന്ത്ര്യമായ ഒരു സങ്കല്പരാജ്യത്തിൽ എന്നെ കൊണ്ടുചെന്നെത്തിക്കും. അതുകഴിഞ്ഞു് യൗവനത്തിൻെറ പ്രാരംഭദശയിൽ ഹൃദയത്തിൽ ഒരു ഗൗരവം ഉദിച്ചപ്പോൾ ബാഹ്യലോകവുമായുള്ള ബന്ധത്തിന് അതു വിഘാതമായിത്തീൎന്നു. വ്യാകുലമായ ഹൃദയത്തെച്ചുററി അതിൻെറ ഹ്രസ്വപരിധിയിൽതന്നെ ഞാൻ കഴിച്ചുകൂട്ടി. എൻെറ ചൈതന്യശക്തി അന്നു് ഏകാന്തത്തടവു് അനുഭവിക്കുകയായിരുന്നു.

ഹൃദയത്തിൻ്റെ വ്യാകുലതമൂലംഅതിനു ബാഹ്യലോകവുമായുള്ള ബന്ധം കുറയുകയും ഞാൻ വളരെക്കാലമായി അനുഭവിച്ചിരുന്ന ആനന്ദത്തിനു് വിഘ്നം നേരിടുകയും ചെയ്ത അവസ്ഥയാണു് സന്ധ്യാസംഗീതത്തിൽ പ്രതിഫലിച്ചു കാണുന്നതു്. ഒരു ദിവസം അവിചാരിതമായി ആ പ്രതിബന്ധം മാറി നഷ്ടമായിരുന്ന വസ്തുവീണ്ടും പ്രത്യക്ഷമായി. ഇടയ്ക്കു നേരിട്ട വിച്ഛേദം അതിൻെറ ശക്തി വർദ്ധിപ്പിച്ചതേ ഉള്ളു.

ഇങ്ങനെ പ്രകൃതിയുമായി യോഗവും അല്പകാലത്തെ വിയോഗം കഴിഞ്ഞു് പുനര്യോഗവുമായി എൻ്റെ ജീവിതത്തിൻെറ പ്രഥമഭാഗം അവസാനിക്കുന്നു. അഥവാ അവസാനിച്ചെന്നു പറയുന്നതു ശരിയല്ല. പ്രസ്തുത ഭാഗം തന്നെ വിചിത്രരൂപത്തിൽ ഗുരുതരമായ പല നൂതന പ്രശ്നങ്ങളേയും ഉത്പാദിപ്പിച്ചു് ജീവിതത്തിൽ വീണ്ടും തുടൎന്നുകൊണ്ടിരിക്കുന്നു. മനുഷ്യർ ജീവിതത്തിൻെറ ഓരോ ഭാഗങ്ങൾ അവസാനിപ്പിക്കാനായി ശ്രമിക്കുന്നു. എന്നാൽ പ്രവൃത്തിചക്രം ക്രമേണ വളൎന്നുവളൎന്നു്

വലുതായിത്തീരുന്നതേയുള്ളൂ. ക്രിയാചക്രത്തിലെ ഓരോ അംശവും ഭിന്നമായി തോന്നുമെങ്കിലും സൂക്ഷിച്ചുപരിശോധിച്ചാൽ അവയുടെ കേന്ദ്രസ്ഥാനം ഒന്നാണെന്നറിയാം.

സന്ധ്യാസംഗീതം എഴുതിയ കാലത്തെ എൻെറ ഗദ്യലേഖനങ്ങൾ 'വിവിധപ്രസംഗം' എന്ന പേരിൽ പ്രസിദ്ധം ചെയ്തുവെന്നു് പറഞ്ഞതല്ലോ. പ്രഭാതസംഗീതത്തിൻെറ സമകാലികങ്ങളായ ഗദ്യപ്രബന്ധങ്ങൾ "ആലോചന" എന്നപേരിലും പ്രസിദ്ധപ്പെടുത്തി. ഈ രണ്ടു ഗ്രന്ഥങ്ങളിലും കാണുന്ന വ്യത്യാസം ലേഖകൻെറ മനോഗതിയുടെ വ്യത്യാസത്തിന്നു് പ്രത്യക്ഷോദാഹരണമാണു്.

# രാജേന്ദ്രലാൽമിത്ര

ഈ അവസരത്തിലായിരുന്നു ജ്യേഷ്ഠൻ ജ്യോതിരിന്ദ്രടാഗോർ ഒരു സാഹിത്യസഭ ഏർപ്പെടുത്തുന്നതിനു നിശ്ചയിച്ചതു്. അന്നത്തെ പ്രസിദ്ധ സാഹിത്യകാരന്മാരെ എല്ലാം കൂട്ടിച്ചേർത്തു് അദ്ദേഹം സഭ രൂപീകരിച്ചു. ബങ്കാളിഭാഷയിൽ ശരിയായ സാങ്കേതികപദങ്ങൾ നിർമ്മിക്കുകയും ഭാഷയുടെ അഭിവൃദ്ധിയെ ത്വരിതപ്പെടുത്തുന്ന മററു മാർഗ്ഗങ്ങൾ പ്രവൃത്തിരൂപത്തിൽ കൊണ്ടുവരികയുമായിരുന്നു സഭയുടെ കാര്യപരിപാടി. ബങ്കാളിസാഹിത്യപരിഷത്തിൻെറ അന്നത്തെ പ്രവൎത്തനപരിപാടിയിൽ നിന്നും ഇതിനു ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നെങ്കിലും രണ്ടിൻേറയും ഉദ്ദേശ്യങ്ങൾക്കു പറയത്തക്ക വ്യത്യാസമൊന്നും ഇല്ല.

ഡാ: രാജേന്ദ്രലാൽമിത്ര സഭയോടു വലിയ ആനുകൂല്യം പ്രകടിപ്പിക്കുകയും അതു ജീവിച്ചിരുന്ന അല്പകാലം അതിൻെറ അദ്ധ്യക്ഷനായിരിക്കയും ചെയ്തു. ഈശ്വരചന്ദ്രവിദ്യാസാഗറിനോടു് സഭയുടെ ഉദ്ദേശങ്ങളേയും ആദർശങ്ങളേയും അംഗങ്ങളേയുംപററി സംസാരിച്ചു് അതിലെ ഒരംഗമായിരിക്കണമെന്നപേക്ഷിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഞങ്ങളെ എല്ലാം ഈ സഭയിൽനിന്നു മാററിനിർത്തണമെന്നുപദേശിക്കുന്നു. വലിയ ആളുകളെ ഒത്തുചേർത്തു് ഒരു കാര്യം നടത്താൻ സാധിക്കുകയില്ല. എത്ര ന്യായമായ കാര്യമായാലും ശരി അവർ തമ്മിൽ യോജിക്കുന്ന കാര്യം വളരെ വിഷമമായിരിക്കും." വിദ്യാസാഗർ സഭയിൽ അംഗമായി

ചെന്നതേയില്ല. ബങ്കിമ്ബാബു ചേന്നിരുന്നെങ്കിലും ഞെങ്ങളുടെ സമാരംഭങ്ങളിൽ യാതൊരു ശ്രദ്ധയും കാണിച്ചില്ല. ചുരുക്കത്തിൽ സഭ നടത്തിയിടത്തോളം കാലം രാജേന്ദ്രലാൽ നിസ്സ്വാർത്ഥനായി ജോലിചെയ്തുപോന്നു. ഭൂമിശാസ്ത്രസംബന്ധമായ സാങ്കേതികപദങ്ങളാണ് ആദ്യമായി ആരംഭിച്ചത്. പദങ്ങളുടെ ഒരു ലിസ്റ്റ് സ്വന്തമാക്കി തയാറാക്കി അച്ചടിപ്പിച്ച് എല്ലാ അംഗങ്ങൾക്കും അദ്ദേഹം അഭിപ്രായത്തിനയച്ചുകൊടുത്തു. ഓരോരോ സ്ഥലങ്ങളുടേയും പേരുകൾ അതാതു സ്ഥലത്തുച്ചരിക്കുന്നതുപോലെ ബങ്കാളിയിൽ എഴുതുന്നതിന്ന പരിശീലിപ്പിക്കണമെന്ന് ഞങ്ങൾക്കാഗ്രഹമുണ്ടായിരുന്നു.

പണ്ഡിതവിദ്യാസാഗരിന്റെ ദീർഘദർശനം താമസിയാതെ ഫലിച്ചു. വലിയവരെക്കൊണ്ട് കാര്യം സാധിക്കുന്നതു എളുപ്പമല്ലെന്നു ഞങ്ങൾക്ക മനസ്സിലായി. ജനനം കഴിഞ്ഞു അധികം താമസിയാതെ ആ സഭ മരണവുമടഞ്ഞു, എന്നാൽ ഡാ: മിത്ര സകലകലകളുടേയും ഒരു വിളനിലമായിരുന്നതിനാൽ അദ്ദേഹവുമായുള്ള കൂട്ടുകെട്ടുമൂലം എന്റെ പ്രയത്നങ്ങളുടെ ഫലം ഒന്നിന്നിരട്ടിയായി ലഭിച്ചുവോ എന്നുള്ളതിൽ സംശയമില്ല. എന്റെ ജീവിതകാലത്തിന്നിടയിൽ സാഹിത്യകാരന്മാരായ പലേ ബങ്കാളികളുമായി പരിചയപ്പെട്ടിട്ടുണ്ടെങ്കിലും രാജേന്ദ്രലാലിനെപ്പോലെ ശാശ്വതമായ ശോഭനസ്മരണകൾ എന്നിൽ ഉറപ്പിച്ചവർ വേറെ ആരുംതന്നെ ഇല്ല.

മാണിക്തലയിലുള്ള ആഫീസിൽചെന്നു ഞാൻ രാജേന്ദ്രലാലിനെ കാണുക പതിവായിരുന്നു. ഞാൻ കാണാൻ ചെന്നിരുന്ന എല്ലാപ്രഭാതങ്ങളിലും അദ്ദേഹം ഗ്രന്ഥങ്ങ

ളിൽ വ്യാപൃതനായിട്ടാണു കണ്ടിട്ടുള്ളതു്. യൗവനത്തി
ന്റെ അവിവേകം മൂലം അദ്ദേഹത്തെ ഉപദ്രവിക്കുന്ന
തിൽ ഞാൻ ഒരു സങ്കോചവും കാണിച്ചില്ല. എങ്കിലും
ഒരു ദിവസംപോലും അല്പവും കാണാത്തഭാവം അദ്ദേഹം
പ്രകടിപ്പിച്ചില്ല. എന്നെ കാണുന്ന ക്ഷണത്തിൽ പുസ്ത
കം മടക്കിവച്ചിട്ടു അദ്ദേഹം സംഭാഷണം ചെയ്യാനാരം
ഭിക്കും. ശ്രവണേന്ദ്രിയത്തിനു അല്പം മാന്ദ്യം ഉണ്ടായിരു
ന്നതുകൊണ്ടു അദ്ദേഹം സാധാരണയായി ചോദ്യങ്ങൾ ചോ
ദിക്കുന്നതിനു അവസരം കൊടുത്തിരുന്നില്ല. വിശാലമായ
വിഷയങ്ങളെപ്പററിയേ അദ്ദേഹം സംസാരിക്കയുള്ളു. വി
ചാരകാൎയ്യങ്ങളുടെ വിശകലനരീതിയും വിമൎശനചാ
തുരിയും എന്നെ വളരെ ആകൎഷിച്ചു. വിവിധ വിഷയ
ങ്ങളിൽ ഇത്ര ആശയങ്ങൾ പ്രദാനം ചെയ്‌വാൻ കഴി
യുന്ന ഒരു പണ്ഡിതനെ ഞാൻ വേറെങ്ങും കണ്ടിരുന്നി
ല്ല. സംഭാഷണത്തിലുള്ള രസാധിക്യംമൂലം അദ്ദേഹ
ത്തിന്റെ മുഖത്തുനിന്നും ദൃഷ്ടി പിൻവലിക്കാതെ നാം
നിന്നിമേഷരായി ഇരുന്നുപോകും.

രാജേന്ദ്രലാൽ ടെക്സ്റ്റ്ബുക്കകമ്മിററിയിലെ ഒരം
ഗമായിരുന്നു. അഭിപ്രായത്തിനായി കിട്ടുന്ന എല്ലാ പു
സ്തകങ്ങളും ആദിമുതൽ അവസാനംവരെ വായിച്ചു അവി
ടവിടെ പലതും അദ്ദേഹം കുറിച്ചിടും. ബങ്കാളിയിലെ
നൂതനമായ പല ഭാഷാശൈലികളേയും രീതികളേയും
സാധാരണശബ്ദതത്വങ്ങളേയുംപററി സംസാരിക്കുമ്പോൾ
അപൂൎവമായി ഇത്തരം പുസ്തകങ്ങൾ കൂടി അദ്ദേഹം ഉ
പയോഗിച്ചിരുന്നു. അതെല്ലാം എനിക്കു വളരെ പ്രയോ
ജനം നല്കി. അദ്ദേഹം പഠിച്ചിട്ടും അറിഞ്ഞിട്ടുമില്ലാ
ത്ത വിഷയങ്ങൾ ലോകത്തു നന്നേ ചുരുങ്ങും. പഠിച്ചു

തെല്ലാം ഭംഗിയായി പറഞ്ഞുതരാൻ സാധിക്കുമെന്നുള്ളതാണ വേറൊരു മെച്ചം. സാഹിത്യസഭയുടെ പ്രവൎത്തനങ്ങളിൽ ഞങ്ങൾ മററുള്ള അംഗങ്ങളെ വിശ്വസിക്കാതെ മുഴുവൻ ഭാരവും രാജേന്ദ്രലാലിൽ സമൎപ്പിച്ചിരുന്നെങ്കിൽ അതിന്റെ നേട്ടങ്ങൾ കൂടുതൽ ആശാസ്യമായിരുന്നേനെ എന്നുള്ളതിന്ന സംശയമില്ല.

അസാധാരണനായ ഒരു പണ്ഡിതനെന്നതിന്ന പുറമേ ഡാ. രാജേന്ദ്രലാലിന്ന ആരേയും ആകൎഷിക്കത്തക്ക വ്യക്തിമാഹാത്മ്യവുമുണ്ടായിരുന്നു പൊതുജീവിതത്തിൽ അദ്ദേഹമൊരു തീക്ഷ്ണസ്വഭാവിയായിരുന്നെങ്കിലും എത്ര വിഷമമേറിയ വിഷയങ്ങളെപ്പററിയും യാതൊരുദ്ധികാരസ്വരവും കാണിക്കാതെ ശാന്തമായും സമാധാനമായും സംസാരിക്കാൻ അദ്ദേഹത്തിന്ന കഴിയും. ആ സദ്ഗുണങ്ങളെ ഉപയോഗപ്പെടുത്തി ഭാരതിയിൽ പ്രസിദ്ധപ്പെടുത്തുന്നതിന്ന ഒരു ലേഖനം ഞാനൊരിക്കൽ അദ്ദേഹത്തിൽനിന്നും കയ്യിലാക്കി. അദ്ദേഹത്തിന്റെ സമകാലീനന്മാരായ മററു പലരോടും എനിക്ക ഇത്ര സ്വാതന്ത്ര്യം പ്രയോഗിക്കുന്നതിന്ന സാധിച്ചിരുന്നില്ല, പ്രയോഗിച്ചിരുന്നെങ്കിൽ തന്നെ വല്ല ഫലവും ഉണ്ടാകുമായിരുന്നോ എന്നും സംശയമാണ്.

രാജേന്ദ്രലാലിന്റെ പ്രാഭവകാലത്തു കൽക്കട്ടാ കാൎപ്പറേഷനിലും സൎവകലാശാലാഭരണസമിതിയിലും ഉള്ള എതിൎപക്ഷത്തിലെ അംഗങ്ങൾക്ക അദ്ദേഹത്തെ വലിയ ഭയമായിരുന്നു. ക്രിസ്റ്റോദാസ്പാൽ, നയശാലിയായ ഒരു രാഷ്ട്രനേതാവായിരുന്നുവെങ്കിൽ രാജേന്ദ്രലാൽ ധീരനായ ഒരു ധൎമ്മയോദ്ധാവായിരുന്നു.

ഏഷ്യാററിക് സൊസൈററിയുടെ ഗവേഷണങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കുമായി രാജേന്ദ്രലാലിന്ന ഏ

താനും സംസ്കൃതപണ്ഡിതന്മാരെ നിയമിക്കേണ്ടിവന്നു. അവരുടെ പ്രവൃത്തി അധികവും കായികമല്ലാതെ ബുദ്ധിപരമായിരുന്നില്ല. എങ്കിലും ഈ ഏർപ്പാട് അസൂയാലുക്കളായ ചില ദുർബ്ബുദ്ധികൾക്ക അപവാദങ്ങൾ പരത്തുന്നതിന് ഒരവസരം നൽകി. പ്രസിദ്ധീകരണം സംബന്ധിച്ച സകല ജോലികളും പണ്ഡിതന്മാരാണ് ചെയ്യുന്നതെന്നും രാജേന്ദ്രലാൽ നിർല്ലജ്ജം പ്രശസ്തിക്കവേണ്ടി സകലതും തൻെറ പേരിൽ പ്രസിദ്ധപ്പെടുത്തുന്നുവെന്നുമായിരുന്നു അവരുടെ ദോഷാരോപം. അപ്രധാനരായ അംഗങ്ങൾ അനാവശ്യപ്രാധാന്യം അഭിനയിച്ച് അർഹതയുള്ളവരെ അപമാനിക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്യുന്നത് ഇന്നും എല്ലായിടത്തും നാം കാണുന്നുണ്ടല്ലോ. പാവപ്പെട്ട പേനത്തലയ്ക്ക ഒരു വായുണ്ടായിരുന്നെങ്കിൽ താൻ കഷ്ടപ്പെട്ട എഴുതിക്കൂട്ടുന്നതിൻെറ പ്രശസ്തി മുഴുവൻ എഴുത്തുകാരൻ എടുത്തുകളയുന്നുവെന്നു പരാതി പറയുകയില്ലെന്നു ആരറിഞ്ഞു?

ഇത്ര അസാധാരണ ഗുണവിശേഷങ്ങളുള്ള ഒരു മഹാന് മരണശേഷമെങ്കിലും സ്വന്തം നാട്ടിൽ ഒരംഗീകാരം ലഭിച്ചില്ലെന്നുള്ളതു അത്ഭുതകരംതന്നെ. രാജേന്ദ്രലാലിൻെറയും വിദ്യാസാഗറിൻെറയും മരണം ഏകദേശം അടുത്തടുത്തായിരുന്നു. ഈശ്വരചന്ദ്രൻെറ ദേഹവിയോഗത്തിൽ ഭാരതഭൂമി കാണിച്ച സഹതാപത്തിന്റെ ഉഗ്രതയ്ക്കിടയിൽ രാജേന്ദ്രലാലിൻെറ കാര്യം വിസ്മൃതമായി എന്നു വന്നേക്കാം. അല്ലെങ്കിൽ തൻെറ പ്രയത്നങ്ങളിൽ അധികവും സാഹിത്യവിഷയകമല്ലാത്തതിനാൽ അദ്ദേഹത്തിൻെറ വിശാലഹൃദയത്തിൽ നിന്നും പുറപ്പെട്ടിരുന്ന ആ നൂതനസന്ദേശം ബങ്കാളിലെ ജനങ്ങളുടെ.പടിവാതലുകളിൽ എത്തിച്ചേന്നില്ലെന്നും വരാം.

# കാർവാർ

---

ഞങ്ങളുടെ സമർസ്സീററ്സംഘം കുറച്ചുകഴിഞ്ഞു പശ്ചിമസമുദ്രത്തിന്റെ തീരഭൂമിയിലുള്ള കാർവാറിലേക്കു സ്ഥലം മാറി. ബോംബെപ്രസിഡൻസിയുടെ തെക്കെ ഭാഗത്തു ക്യാനറാഡിസ്ട്രിക്ടിന്റെ തലസ്ഥാനമാണു കാർവാർ. ഏലാലതകളും ചന്ദനവൃക്ഷങ്ങളും സമൃദ്ധിയായി വളരുന്ന മലയാദ്രിയുടെ താഴ്‌വരയിലാണു പ്രസ്തുത സ്ഥലം സ്ഥിതിചെയ്യുന്നതു്. എന്റെ രണ്ടാമത്തെ ജ്യേഷ്ഠസഹോദരൻ അന്നവിടെ ജഡ്ജിയായി ഇരിക്കുകയായിരുന്നു.

നാലുചുറ്റും മനോഹരമായ ചെറുകുന്നുകൾ വളഞ്ഞിരിക്കുന്ന അവിടത്തെ ആ തുറമുഖത്തിനു സാധാരണ തുറമുഖങ്ങളുടെ ലക്ഷണമൊന്നുമില്ല. അർദ്ധചന്ദ്രാകാരമായ അവിടത്തെ കടലോരം അനന്തമായ പരിപൂർണ്ണതയെ ആശ്ലേഷിക്കുന്നതിനൊരുങ്ങുന്ന മൂർത്തിമത്തായ ഒരഭിലാഷംപോലെ, അതിവിശാലമായി തുറന്നുകിടക്കുന്ന മഹാസമുദ്രത്തിലേയ്ക്കു കൈകൾ നീട്ടുന്നു. വിസ്താരമേറിയ കടൽപ്പുറത്തിന്റെ ഒരുഭാഗത്തായി മലകളുടെ ഇടയിൽക്കൂടി പ്രവഹിക്കുന്ന കാലനദി ഇരുഭാഗങ്ങളിലും കാണുന്ന കുന്നുകൾക്കിടയിൽ കൂടി അല്പം ദൂരം ഒഴുകി സമുദ്രത്തിൽ ചേരുന്നു.

ചന്ദ്രിക നിറഞ്ഞ ഒരു മനോഹരരാത്രി ഒരു ചെറുവള്ളത്തിൽ കയറി ഞങ്ങൾ ഈ നദിയിൽ കൂടി മേലോട്ടു സഞ്ചരിച്ച കഥ ഞാൻ ഓർക്കുന്നു. മലമേലുള്ള ശിവാജിയുടെ കോട്ടയ്ക്കു സമീപം വള്ളം നിറുത്തി കരയ്ക്കിറങ്ങിയ ഉടൻ ഞങ്ങൾ അടുത്തൊരു കൃഷിക്കാരന്റെ പുരയിട

ത്തിൽ പ്രവേശിച്ചു. വൃത്തിയായി സൂക്ഷിച്ചിരുന്ന ആ പൂരയിടത്തിൻെറ ഒരു ഭാഗത്തു പകൽപോലെ പൂനിലാവു പൊഴിഞ്ഞിരുന്നു. അതിനടുത്തായി ഞങ്ങാം താഴത്തിരുന്നു് പൊതിഞ്ഞുകെട്ടിക്കൊണ്ടുവന്നിരുന്ന പലഹാരങ്ങാം അഴിച്ചു. വിനോദയാത്രകഴിഞ്ഞു് മടങ്ങിവരുന്നവഴി നദിയുടെ കീഴൊട്ടുള്ള ഒഴുക്കിൽ ഞങ്ങളുടെ ബോട്ടു് സ്വച്ഛന്ദം സഞ്ചരിച്ചു. പ്രശാന്തയായ നിശാദേവി, തൻെറ കാന്തൻെറ പുഞ്ചിരിപ്പൂകാം നാലുചുററുംകാണുന്ന മലകളിലും കുന്നുകളിലും സമതലങ്ങളിലും നിശ്ശബ്ദമായി പ്രവഹിക്കുന്ന കാലനദിയുടെ സ്ഫടികസ്വച്ഛമായ ജലത്തിലും നിശ്ശങ്കം വ്യാപിക്കുന്നതു കണ്ടു് അനങ്ങാതെ അത്ഭുതപ്പെട്ടുനിന്നു. ഹൃദയമോഹനമായ ഈ കാഴ്ചകളിൽ മതിമറന്നു്, ഞങ്ങാം നദീമുഖത്തെത്തിയപ്പോാം സമയം വളരെ അതിക്രമിച്ചു. അതുകൊണ്ടു് തിരിയെ കടൽവഴി പോകുന്നതിനു പകരം ബോട്ടുകരയ്ക്കടുപ്പിച്ചിട്ടു് ഞങ്ങാം കടലോരത്തെ മണലിൽക്കൂടി നടന്നുതുടങ്ങി. അർദ്ധരാത്രിയുടെ ഭീകരനിശ്ശബ്ദത ദിക്കെങ്ങും വ്യാപിച്ചിരുന്നു. സമുദ്രത്തിൽ തിരമാലകാം ഓളംതല്ലിയില്ല. സന്താപശബ്ദായമാനമായ വനങ്ങളിൽ മർമ്മരങ്ങാം പോലും കേട്ടില്ല; വിശാലമായ കടലോരത്തിൻെറ അതിർത്തിയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ നിഴലുകാം നിലാവെളിച്ചത്തിൽ നിശ്ചലമായി നിലകൊണ്ടു. ചന്ദ്രികതട്ടി ശുഭ്രത അണിഞ്ഞ നീലമലകളുടെ നിരകളും അനന്തമായ ആകാശത്തിൻെറ അടിത്തട്ടിൽ നിശ്ചല സുഷുപ്തിയിൽ ലയിച്ചു.

നിശീഥിനിയുടെ ഈ നിശാന്തതയിൽ അനന്തമായ ശുഭ്രവർണ്ണതയിലൂടെ ഞങ്ങാം മൂന്നു മനുഷ്യജീവികാം

മാത്രം സ്വന്തം നിഴലുകളുടെ കൂട്ടുകെട്ടുമായി നിശ്ശബ്ദതയിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. വീട്ടിലെത്തിയപ്പോഃ എൻെറ നിദ്ര ഗാഢതരമായ എന്തോ ഒന്നിൽ ലയിച്ചിരിക്കുന്നതായി കണ്ടു. അപ്പോഃ ഞാനെഴുതിയ കവിത കടൽത്തീരത്തെ ആ മനോഹരരാത്രിയിൽനിന്നും വേർതിരിക്കാൻ വിഷമമേറിയ ഒന്നാണു്. അന്നത്തെ സ്മരണകളോടു സമ്പർക്കമില്ലാത്ത വായനക്കാർക്കു അതെങ്ങിനെ രസിക്കുമെന്നു എനിക്കറിയാൻ പാടില്ല. പ്രസ്തുത കവിത മോഹനബാഷ്പം പ്രസിദ്ധപ്പെടുത്തിയ എൻെറ കവിതാഗ്രന്ഥങ്ങളിൽ പ്രവേശിക്കാതിരുന്നതിൻെറ ഒരു കാരണവും അതായിരുന്നു. ഏതായാലും എൻെറ ഈ സ്മരണകളിൽ അതിനൊരു സ്ഥാനം കൊടുക്കുന്നതു ഒരിക്കലും അസംഗതമാകുകയില്ലല്ലോ.

അനുഭവങ്ങളും വിചാരധാരകളും ശക്തിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഃ നാം എഴുതുന്നതെല്ലാം നന്നായിരിക്കുമെന്നുള്ള വിചാരം അത്ര ശരിയല്ല. അമ്മാതിരി അവസരങ്ങഃ ചിന്തകനെ ചിന്തയിൽനിന്നു വേർതിരിക്കാതിരിക്കുന്നതുപോലെ കവിതയുടെ പൂർണ്ണതയിലും അയാളെ എത്തിച്ചേക്കുന്നില്ല. അതു വികാരപരവശമായ ഒരു സ്വസ്ഥാവസരമാകുന്നു. യഥാർത്ഥകവിതയുടെ വർണ്ണങ്ങഃ പൂർണ്ണമാക്കാനുള്ള തൂലിക സ്മരണതന്നെ. സാമീപ്യത്തിനു നിർബന്ധത്തിൻെറ ഛായയുണ്ടെങ്കിൽ കല്പനകഃ അത്ര സ്വതന്ത്രങ്ങളല്ല. കാവ്യകലയിലെന്നപോലെ സർവ കലകളിലും കലാകാരൻ പ്രാപിക്കേണ്ട സ്വാതന്ത്ര്യത്തിനു ഒരു നിലയുണ്ടു്. മനുഷ്യൻെറ ഉള്ളിലുള്ള കലാഭാവത്തിനു് സർവ വിധേനയുള്ള സ്വാതന്ത്ര്യവുമുണ്ടായിരി

ക്കണം. വിഷയത്തിന്റ സൃഷ്ടിയുടെ വൈശിഷ്ട്യം ലഭി ക്കണമെങ്കിൽ കഥാകാരന്റെ സ്വാതന്ത്ര്യത്തിന്ന പ്രതി ബന്ധം ഉണ്ടാകരുത്തു്.

---

## പ്രകൃതിയുടെ പ്രതികാരം

---

കാർവാറിൽ താമസിക്കുന്ന കാലത്തു് "പ്രകൃതി യുടെ പ്രതികാരം" എന്നൊരു സംഗീതനാടകം ഞാ നെഴുതി. കാമലോഭാദികളുടെ ബന്ധങ്ങളിൽനിന്നും നി ശ്ശേഷം വിമുക്തി നേടി, പ്രകൃതിശക്തികളെ ജയിച്ചു് ആത്മതത്വം സാക്ഷാത്കരിക്കുന്നതിന്ന ശ്രമംചെയ്യുന്ന ഒരു സന്ന്യാസിയാണു് ആ നാടകത്തിലെ നായകൻ. ഒരു ബാലിക, ആ സന്ന്യാസിയെ ആത്മീകജീവിതത്തിൽ നിന്നും പിന്തിരിപ്പിച്ചു് വീണ്ടും ലൗകികബന്ധങ്ങ ളിൽ ചാടിക്കുന്നു. മഹത്വം അല്പവസ്തുക്കളിലും കാണാൻ കഴിയുമെന്നും നാമരൂപവ്യവഛിന്നമായ പദാർത്ഥങ്ങ ളിലും പൂർണ്ണതയുണ്ടെന്നും പ്രേമത്തിലാണു് ജീവൻ അതിന്റെ സ്വാതന്ത്ര്യം നേടുന്നതെന്നും പിന്നീടു് സ ന്ന്യാസി മനസ്സിലാക്കി സ്നേഹത്തിന്റെ തേജസ്സിൽ സക ലവിധ അസമ്പൂർണ്ണതകളും സമ്പൂർണ്ണതയിൽ ലയിക്കും.

പ്രകൃതിയുടെ സൗന്ദര്യം നിരർത്ഥകമായ കല്പന കൾകൊണ്ടു നിർമ്മിച്ച ഒരു മരീചിക അല്ലെന്നും, നേരെ മറിച്ചു് അതു ശാശ്വതമായ ഒരു പൂർണ്ണവസ്തുവിന്റെ പ്രതിഫലനമാണെന്നും മനസ്സിലാക്കുന്നതിന്ന കാർവാ

റിലെ സമുദ്രതീരം എന്നെ വളരെ സഹായിച്ചു. പ്രകൃതിയുടെ നിയമങ്ങൾക്കിടയിൽ അതിൻെറ പൂർണ്ണത വിസ്തരിച്ചുന്നു വരാം. എന്നാൽ നിസ്സാരമായ പദാർത്ഥത്തിൻെറ പോലും സൗന്ദര്യത്തിൽ ഹൃദയം ലയിക്കുമ്പോൾ സന്ദേഹങ്ങൾക്കു അവകാശമുണ്ടാകുന്നതെങ്ങിനെ?

ഹൃദയവീഥിയിലൂടെ, അനന്തപൂർണ്ണതയിൽ മൂടിക്കിടക്കുന്ന പൂർണ്ണതയുടെ തിരുമുമ്പിൽ പ്രകൃതി സന്യാസിയെ കൊണ്ടുനിറുത്തി. അലൗകികമായ കാര്യങ്ങളിലൊന്നിലും ശ്രദ്ധ പോകാതെ സാംസാരികമായ ഗാർഹികബന്ധങ്ങളിൽ മാത്രം വ്യാപരിച്ചു കഴിച്ചുകൂട്ടുന്ന ഗൃഹസ്ഥനെ ഒരു ഭാഗത്തും, തൻെറ സമസ്തവും തന്നേയും പരിത്യജിച്ചിട്ടു് സ്വകപോലകല്പിതമായ ഒരാദ്ധ്യാത്മികലോകത്തിലേക്കു് അഭിമുഖനായിരിക്കുന്ന സന്യാസിയെ മറുഭാഗത്തും പ്രകൃതിയുടെ പ്രതിശോധത്തിൽ ഞാൻ ചിത്രീകരിച്ചു. പ്രേമം ഈ രണ്ടു അവസ്ഥകളുടേയും ഭേദം നശിപ്പിച്ചപ്പോൾ സന്യാസിയും ഗൃഹസ്ഥനും ഒരുമിച്ചു. ലൗകികവസ്തുക്കളുടെ അർത്ഥശൂന്യത എന്നപോലെ ആത്മീകലോകത്തിൻെറ ശൂന്യതയും അപ്പോൾ അന്തർദ്ധാനം ചെയ്തു.

പ്രകൃതിയുടെ പ്രതിശോധത്തിൽ എൻെറ ജീവിതകഥയാണു് ഞാൻ ചിത്രീകരിച്ചതു്. ജീവിതത്തിൻെറ പ്രഥമഘട്ടത്തിൽ എൻെറ ഹൃദയത്തിൽനിന്നുദ്ഗമിച്ച അനിർവാച്യസ്വരൂപമായ ഒരന്ധകാരം ബാഹ്യപ്രകൃതിയുമായി മുമ്പു എനിക്കുണ്ടായിരുന്ന സ്നേഹബന്ധത്തെ നശിപ്പിച്ചു കളഞ്ഞു. എന്നാൽ അടുത്തുതന്നെ വെളിയിൽനിന്നും അവിടെ പ്രവേശിച്ച ഒരു ചെറുകിരണം പ്രകൃതിയോടു പരിപൂർണ്ണമായി എന്നെ യോജിപ്പിച്ചു. 'പ്രകൃതിയുടെ പ്രതിശോധം' പിന്നീടുള്ള എൻെറ

സകല കവിതകൾക്കും ഒരു ഭൂമികപോലെ നില്ക്കുന്ന അതിലെ പ്രധാന തത്വം അപൂർണ്ണതയുടെ മദ്ധ്യത്തിൽ പൂർണ്ണതയുടെ സാക്ഷാൽകാരം എന്നതാണു്. അതാണു അട്ടത്തകാലത്തെ എന്റെ കവിതകളുടേയും കഥാബീജം. 'ആലോചന'യിലെ ഗദ്യപ്രബന്ധങ്ങളിലും ആദ്യമൊക്കെ പ്രകൃതിയുടെ പ്രതിശോധത്തിലെ തത്വങ്ങളെ വ്യാഖ്യാനിക്കാനാണു് ഞാൻ ശ്രമിച്ചിട്ടുള്ളതു്. സീമാബന്ധങ്ങൾക്കു അതലസ്പർശിയായ ഒരു ഗംഭീരതയെ പ്രാപിക്കുന്ന വസ്തുക്കളിൽ സമാഹരിച്ചിരിക്കുന്നതാണു സീമത്തിൽ കാണുന്നതെന്നു ഞാനതിൽ സമർത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ടു്. തത്വശാസ്ത്രത്തിൽ അതിനു വല്ല സ്ഥാനവുമുണ്ടെന്നോ കാവ്യഗണനയിൽ പ്രകൃതിയുടെ പ്രതിശോധത്തിനു സ്ഥാനമുണ്ടെന്നോ ഞാൻ വാദിക്കുന്നില്ല. എങ്കിലും ഈ തത്വം പലേ വേഷത്തിൽ എന്റെ സകല കൃതികളിലും സ്ഥാനം പിടിച്ചിരിക്കുന്നുവെന്നുള്ളതു സമ്മതിച്ചേ തീരു.

കാർവാറിൽനിന്നും മടങ്ങിവരുന്ന വഴി കപ്പലിൽ വച്ചു പ്രകൃതിയിലെ ചില പാട്ടുകൾ ഞാനെഴുതി. അടക്കാൻ വയ്യാത്ത അത്യാനന്ദത്തോടെ കപ്പലിന്റെ മേൽത്തട്ടിൽ ഇരുന്നു എഴുതിയ അതിലെ ഒരു പാട്ടു് താഴെ ചേർക്കുന്നു.

"ഹ്യാദേഗോ നന്ദരാണി
ആമാദേർ ശ്യാമകെ ഛേഡേ ദാ ഒ;
ആമ്റാ റാഖല് ബാലക്, ഗോഷ്ഠേ ജാബോ
ആമാദേർ ശ്യാമകേ ദിയേ ജാ ഒ.

'അല്ലയോ പ്രകൃതിദേവി! സൗന്ദര്യദേവതേ! ഞങ്ങളുടെ കൂട്ടുകാരനായ 'കണ്ണനെ' കാണിച്ചുതരിക. ഞങ്ങൾ വെറും ഇടയപ്പിള്ളേർ. ഞങ്ങളുടെ കൂട്ടുകാരനെ ഞങ്ങൾക്കു തന്നിട്ടു പോയാലും.'

പ്രഭാതത്തിൽ സൂര്യൻ ഉദിച്ചുയൎന്നു. പുഷ്പങ്ങൾ വിടൎന്നുകഴിഞ്ഞു. 'ഇടയച്ചെറുബാലകർ' മേച്ചിൽ സ്ഥലങ്ങളിലേക്കു തിരിച്ചു. മനോഹരമായ സൂൎയ്യോദയം, പുഷ്പങ്ങളുടെ വികാസം, പച്ചനിറഞ്ഞ മേച്ചിൽ സ്ഥലങ്ങൾ ഇവയൊന്നും ഇവൎക്കു ശൂന്യമായി കാണാൻ സാധിക്കുന്നില്ല. അവരവിടെ അവരുടെ ജീവനായ 'ശ്യാമ'ൻെറ സാന്നിധ്യം മാത്രം ആഗ്രഹിക്കുന്നു. അസീമതയുടെ രൂപം അലംകൃതമായി അവൎക്കു കാണേണ്ടിയിരിക്കുന്നു. കാട്ടിലും മലയിലും വീട്ടിലും വഴിയിലും അസീമതയുടെ ആനന്ദം അനുഭവിക്കുന്നതിനുവേണ്ടിയാണു് അവർ ഇറങ്ങിത്തിരിച്ചിരിക്കുന്നതു്. ദൂരത്തുനിന്നോ ഐശ്വൎയ്യത്തിലിരുന്നോ അല്ല അവർ ആനന്ദം അനുഭവിക്കുന്നതു്. അവരുടെ ഉപകരണങ്ങൾ വെറും സാധാരണങ്ങൾ. മഞ്ഞമുണ്ടും വനമാലയും അവൎക്കു് ധാരാളം മതിയാകും. സൎവ്വവ്യാപിയായ ഒരാനന്ദവസ്തുവിൻെറ സംപ്രാപ്തിക്കുവേണ്ടി ആഡംബരങ്ങൾ കൂട്ടുന്നതു് ലക്ഷ്യം നഷ്ടപ്പെടുന്നതിനു സൌകൎയ്യമുണ്ടാക്കുകയാകുന്നു.

കാർവാറിൽനിന്നു മടങ്ങിവന്ന ഉടൻ എൻെറ വിവാഹമായി. അന്നെനിക്കു വയസ്സ് ഇരുപത്തിരണ്ടു കാണും.

---

# ഛബി ഒ ഗാൻ

'ഛബി ഒ ഗാൻ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥത്തിലെ കവിതകളിൽ അധികവും ഞാൻ ഇക്കാലത്തു എഴുതീട്ടുള്ളതാകുന്നു. 'ചൗരംഗി'ക്കടുത്തു 'ലോവർ സർക്കലർ റോഡി'ലുള്ള ഒരു വീട്ടിലായിരുന്നു ഞങ്ങൾ താമസിച്ചിരുന്നതു്. വീട്ടിന്റെ തെക്കുഭാഗത്തു വേലക്കാർ കൂട്ടംകൂട്ടമായി താമസിച്ചിരുന്നു. ജന്നലിന്നരികത്തിരുന്നു് പലപ്പോഴും ഞാൻ ആ കുടിലുകളിലെ കാഴ്ചകൾ കണ്ടാനന്ദിച്ചിട്ടുണ്ടു്. വേലക്കാരുടെ വേല, വിശ്രമം, കളികൾ തുടങ്ങിയ സകലതും ഞാൻ അത്യുത്സാഹത്തോടെ നോക്കിക്കൊണ്ടിരിക്കും. അതെല്ലാം എനിക്കു ചിത്രങ്ങൾ പോലെ മനോഹരമായിരുന്നു.

പദാർത്ഥങ്ങളെ ഒന്നായി കാണ്മാനുള്ള ദൃഷ്ടി അന്നെനിക്കു വശമായിരുന്നു. ചിത്രങ്ങളൊന്നും കല്പനാശക്തിയുടെ വെളിച്ചത്തിലും ഹൃദയത്തിന്റെ ആനന്ദത്തിലും മാററിയും മറിച്ചും ഞാൻ നോക്കിക്കൊണ്ടിരിക്കും. വസ്തുക്കൾ വിചിത്രതരമായ രൂപത്തിലും രസത്തിലും എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നു. സ്വന്തം കല്പനാശക്തികൊണ്ടു പരിവേഷ്ടിതമായ ചിത്രങ്ങൾ കാണുന്നതു് എല്ലാവർക്കും സന്തോഷകരമാണു്. തൂലികാചിത്രങ്ങളിൽ നിന്നും അവ അത്ര വ്യത്യസ്തവുമല്ല. കണ്ണുകൊണ്ടു കാണുന്നതിനെ മനസ്സിൽ കൂടി പ്രതിഫലിപ്പിക്കുന്നതിനും മനസ്സുകൊണ്ടു കാണുന്നതിനെ കണ്ണിനുമുമ്പിൽ പ്രത്യക്ഷപ്പെടുത്തുന്നതിനുമുള്ള ഒരു വിചാരമാണല്ലോ രണ്ടിലും പ്രധാനമായി നിലനിൽക്കുന്നതു്.

ഞാനൊരു ചിത്രകാരനായിരുന്നെങ്കിൽ മനസ്സിന്റെ സങ്കല്പസൃഷ്ടികൾക്കു വർണ്ണങ്ങൾ കൊടുത്തു ചിത്രത്തിൽ പ്രതിഫലിപ്പിക്കുമായിരുന്നു. പക്ഷേ, ആ വിദ്യ എനിക്കു വശമില്ല. എന്റെ കൈവശമുള്ള കരുക്കൾ വാക്കുകളും വൃത്തങ്ങളും മാത്രം. അവതന്നെ സ്പഷ്ടരൂപത്തിൽ പ്രയോഗിക്കുന്നതിനു ഞാൻ പഠിച്ചിട്ടില്ല. വർണ്ണങ്ങൾ പലപ്പോഴും നിശ്ചിതരേഖകളെ കടന്നുപോകുന്നു. പുതുതായ ചായപ്പെട്ടി സമ്മാനം ലഭിക്കുന്ന കുട്ടികളെപ്പോലെ ഞാനും എന്റെ നവയൗവനത്തിന്റെ നാനാവർണ്ണങ്ങളായ കല്പനകളെ താറുമാറായി പ്രയോഗിച്ചു കവിതാചിത്രങ്ങൾ നിർമ്മിച്ചു. എങ്കിലും ആ കവിതകൾ, അന്നത്തെ എന്റെ പ്രായംകൂടി ഓർത്തു പരിശോധിച്ചു നോക്കുന്നുവെങ്കിൽ അസ്പഷ്ടമായ ആ രേഖകളുടേയും നിയന്ത്രിതമല്ലാത്ത നിറങ്ങളുടേയും മദ്ധ്യേ ചില ഭാഗങ്ങളിൽ ചില്ലറ പ്രകാശങ്ങൾ കാട്ടുന്നതായി കാണാം.

എന്റെ സാഹിത്യജീവിതത്തിന്റെ പ്രഥമാദ്ധ്യായം പ്രഭാതസംഗീതത്തോടുകൂടി അവസാനിച്ചുവെന്നു പറഞ്ഞുവല്ലൊ. 'ഛബിഒഗാന'ത്തിലും പ്രസ്തുതാദ്ധ്യായം തന്നെ വ്യത്യസ്തമായ ഒരു രൂപത്തിൽ പ്രതിഫലിതമായി. പുതുതായ സമാരംഭങ്ങളിൽ ആവശ്യമില്ലാത്ത വിസ്തൃതികൾ പലതും കണ്ടേയ്ക്കാം. കാര്യങ്ങൾ മുമ്പോട്ടു പോകുന്തോറും വിസ്തൃതി കുറഞ്ഞുകുറഞ്ഞു വരും. എന്റെ ജീവിതാദ്ധ്യായത്തിലും പ്രയോജനമില്ലാത്ത പുറങ്ങൾ ധാരാളം കാണാൻ വഴിയുണ്ട്. വൃക്ഷത്തിന്റെ ഇലകൾ പഴുക്കുമ്പോൾ കൊഴിഞ്ഞുപോകുന്നു. എന്നാൽ പുസ്തകത്തിലെ കടലാസുകൾ ആവശ്യമില്ലാതായാലും അവിടത്തന്നെ ഇരിക്കുന്നതേയുള്ളു. നിസ്സാര വസ്തുക്കളെപ്പോലും സാരമായി

വീക്ഷിക്കുന്ന ഒരു ദശാസന്ധിയാണ് 'ഛബികഗാന' ത്തിൽ കാണുന്നതു്. സംഗീതത്തിലെ സ്വരഭംഗി നിസ്സാരകഥകളെ ശ്രേഷ്ഠമാക്കുന്നതുപോലെ സാമാന്യവസ്തുക്കളെപ്പോലും ഹൃദയത്തിൻെറ നിർമ്മലരസത്തിൽ മുക്കി ശ്രേഷ്ഠത സൃഷ്ടിക്കുന്നതിനു പ്രസ്തുതഗ്രന്ഥം ശ്രമിക്കുന്നു. അല്ലെങ്കിൽ അതങ്ങനെയുമാകാം. സ്വന്തം ഹൃദയവീണയുടെ തന്ത്രികൾ വൃത്തിയായി മീട്ടിവച്ചിരിക്കുമ്പോൾ വിശ്വസംഗീതത്തിൻെറ ഝങ്കാരം എല്ലാ ഭാഗത്തുനിന്നും ഉദിച്ചുയന്നു് അതിൽ അനുരണനം ചെയ്തുകൊണ്ടിരിക്കുന്നു. ആ അവസ്ഥയിൽ ലേഖകന്മാരുടെ ചിത്തയന്ത്രത്തിൽ തട്ടുന്ന ഒരു സ്വരവും ക്ഷുദ്രമായി തോന്നുകയില്ല. ദൃഷ്ടിയിൽ പെടുന്ന സകല വസ്തുക്കളിലും മനസ്സിനു് അനു ഒരു ആദരമുണ്ടായിരിക്കും. കൊച്ചുകുട്ടികൾ മണ്ണോ കല്ലോ ചിപ്പിയോ കയ്യിൽ കിട്ടുന്നതുകൊണ്ടു കളിക്കാൻ തുടങ്ങുന്നതിനു കാരണം അവരുടെ ഹൃദയത്തിൽ കളിയുടെ വിലാസം കാണുന്നതുതന്നെ. സ്വന്തം ഹൃദയത്തിലെ ലീലകളുടെ ആനന്ദംകൊണ്ടു് ജഗത്തിൻെറ ആനന്ദലീല അവർ സത്യമായി സ്വീകരിക്കുന്നു. അതിനാൽ എല്ലാം അവക്കു ഉപകരണങ്ങൾ തന്നെ. അതുപോലെ നമ്മിലും യൗവനത്തിൻെറ സംഗീതം നാനാസ്വരത്തിൽ പ്രവേശിച്ചുകഴിയുമ്പോൾ വിശ്വവീണയുടെ അനേകലക്ഷം കമ്പികൾ തട്ടസ്സംക്രൂടാതെ മുഴങ്ങിത്തുടങ്ങും. സമീപത്തു കേൾക്കുന്ന സംഗീതത്തിൽ തന്നെ വേണ്ടതക്ക താളമേളങ്ങൾ ധാരാളമുള്ളപ്പോൾ വിദൂരത്തിൽ അതന്വേഷിച്ചു പോകേണ്ട ആവശ്യവുമില്ലല്ലോ.

---

## 'ബാലക്'

---

'ഛബിഓഗാന'ത്തിനും 'കഡിഓകോമലി'നും മദ്ധ്യേയായി 'ബാലക്' എന്നൊരു മാസികാഗ്രന്ഥം തകരപോലെ പെട്ടെന്നു ജനിച്ചു മൃതിയടഞ്ഞു. കുട്ടികളുടെ ഉപയോഗത്തിനുവേണ്ടി ഒരു സചിത്രമാസിക നടത്തണമെന്നു എൻെറ ജ്യേഷ്ഠൻെറ ഭാര്യക്കു ഒരു വിചാരമുണ്ടായി. വീട്ടിലെ ബാലന്മാർ തന്നെ അതിലെ ലേഖകന്മാരായിരിക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. അതു സാധിക്കുന്നില്ലെന്നു കണ്ടപ്പോൾ ജ്യേഷ്ഠത്തിതന്നെ പത്രാധിപത്യം സ്വീകരിച്ചു് ഞാൻ കൂടി അതിൽ സഹായിക്കണമെന്നാവശ്യപ്പെട്ടു. മാസികയുടെ ഒന്നു രണ്ടു ലക്കങ്ങൾ വെളിയിലായശേഷം ഒരുദിവസം ഞാൻ രാജനാരായണബാബുവിനെ കാണുന്നതിനു 'ദേവഘരി'ൽ പോയിരുന്നു. മടങ്ങിവരുന്നവഴി വണ്ടിയിൽ വലിയ ആൾക്കൂട്ടമായിരുന്നു. വെളിച്ചത്തിൻേറയും തിരക്കിൻേറയും ഉപദ്രവംകൊണ്ടു ഉറങ്ങാൻ സാധിച്ചതേയില്ല. ആ അവസരം 'ബാലകി'നു ഒരു കഥ എഴുതുന്നതിനു ഞാൻ ശ്രമിച്ചു. പക്ഷെ കഥയ്ക്കുവേണ്ടി കുത്തിയിരുന്നാലോചിച്ചപ്പോൾ കിട്ടിയതു് ഉറക്കമാണു് ഒരു ക്ഷേത്രത്തിൻെറ മുമ്പിലെ ബലിക്കല്ലിൽ രക്തം പുരണ്ടു കിടക്കുന്നതു കണ്ട കുട്ടി അടുത്തുനിന്ന അച്ഛനോടു അതിൻെറ കാരണം ചോദിക്കുന്നതായി ഉറക്കത്തിൽ ഞാനൊരു സ്വപ്നം കണ്ടു. കുട്ടിയുടെ കാതര്യം കണ്ടിട്ടു പിതാവിനു ദുഃഖമുണ്ടായി. എങ്കിലും അദ്ദേഹം കോപം അഭിനയിച്ചു് വല്ല വിധത്തിലും ചോദ്യം തടസ്സപ്പെടുത്താൻ ശ്രമിച്ചു. ഉടൻതന്നെ ഞാനു

ന്നു. ഇങ്ങനെ സ്വപ്നത്തിൽ ഒരു കഥ കിട്ടി. ഇതു പോലെ വേറെയും പല കഥകളും കവിതകളും സ്വപ്നം എനിക്കു തന്നിട്ടുണ്ട്. മുൻപറഞ്ഞ സ്വപ്നവും ത്രിപുരമഹാരാജാവായ ഗോവിന്ദമാണിക്യന്റെ ചരിത്രവും കൂടി കൂട്ടിക്കലർത്തി ഞാൻ 'രാജർഷി' എന്നൊരു കഥയെഴുതി, ബാലക് മാസികയിൽ മുറയ്ക്കു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു.

ഈ കാലങ്ങളിൽ എനിക്കു വേറൊരു ചിന്തയുമുണ്ടായിരുന്നില്ല. എന്റെ ജീവിതത്തിലൊ കൃതികളിലൊ പ്രതിഫലിപ്പിക്കുന്നതിനു പ്രത്യേക അഭിപ്രായങ്ങളും ഒന്നുമില്ലായിരുന്നു. ജീവിതമാർഗ്ഗങ്ങളിൽ കൂടി സഞ്ചരിക്കുന്നവരുടെ കൂട്ടത്തിൽ ചേരാതെ മാറിനിന്നു അവരെ നോക്കുകയായിരുന്നു ഞാൻ ചെയ്തിരുന്നതു്. നാനാകർമ്മങ്ങളിൽ വ്യാപൃതരായ പലതരം മനുഷ്യർ വഴികളിൽ കൂടി സഞ്ചരിച്ചുകൊണ്ടിരിക്കും. ചിരപ്രവാസമനുഭവിച്ചിരുന്ന അതിഥികളെപ്പോലെ ശരത്തു്, വസന്തം, വർഷം, മുതലായ ഋതുക്കളും കൂടക്കൂടെ വന്നു എന്നെ സന്ദർശിക്കും.

ഋതുക്കളുടെ സന്ദർശനം മാത്രംകൊണ്ടു കാര്യങ്ങൾ അവസാനിച്ചില്ല. എന്റെ ചെറിയ മുറിയ്ക്കകത്തു വന്നുകൊണ്ടിരുന്ന ആളുകൾക്കു അതിരില്ല. അമരമില്ലാത്ത വള്ളങ്ങൾ പോലെ ഒരു ലക്ഷ്യവുമില്ലാതെ അവർ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കൊണ്ടിരുന്നു. അവരിൽ ചിലർ പല വ്യാജങ്ങളും പറഞ്ഞു് എന്നെ കബളിപ്പിച്ചു് ആവശ്യമുള്ള സാധനങ്ങൾ വാങ്ങാൻ ശ്രമിച്ചു. എന്നെ കബളിപ്പിക്കുന്നതിനു അവർക്കൊരു പ്രയാസവും വേണ്ടിവന്നില്ല. എനിക്കന്നു് ഒന്നിലും ഒരുത്തരവാദിത്വവുമുണ്ടായിരുന്നില്ലെന്നു മാത്രമല്ല ചതിയെന്നതെന്തെന്നുകൂടി അറിഞ്ഞുകൂടായിരുന്നു. ഒട്ടനേകം വിദ്യാർത്ഥികൾക്കു യാതൊരു പ്രയോജനവു

മില്ലാതെ ഞാൻ സഹായധനം കൊടുത്തുകൊണ്ടിരുന്നു. സ്കൂളിൽ ചേൎന്നതുമുതൽ അവസാനംവരെ എല്ലാ ദിവസവും അനദ്ധ്യായമനുഭവിച്ച് സുഖിച്ചവരായ വിദ്യാൎത്ഥികൾക്ക എന്റെ സഹായം എങ്ങിനെ പ്രയോജനപ്പെട്ടും?

നീണ്ട തലമുടിക്കാരനായ ഒരു കുട്ടി അവന്റെ സഹോദരിയുടേതെന്നും പറഞ്ഞു് ഒരെഴുത്തുംകൊണ്ടു ഒരു ദിവസം എന്റെ അടുത്തുവന്നു. അമ്മ മരിച്ചതിൽ പിന്നീടു ചിററമ്മയുടെ നിൎദ്ദയമൎദ്ദനമേററു അവൻ വിഷമിക്കുന്നുവെന്നും ഞാൻ രക്ഷ നൽകണമെന്നുമായിരുന്നു എഴുത്തിലെ സാരം. പുതിയ ചിററമ്മയും അവരുടെ നിൎദ്ദയത്വവും അവരെ കുററം പറയുന്ന സഹോദരിയും എല്ലാം കുട്ടിയുടെ കല്പനാശക്തിയുടെ സൃഷ്ടികളാണെന്നു എനിക്കു പിന്നീടു മനസ്സിലായി. പറക്കാത്ത പക്ഷിയെ വെടിവയ്ക്കുന്നതിനു വലിയ സാമൎത്ഥ്യമൊന്നുമാവശ്യമില്ല. അതുപോലെ എന്നെ കളിപ്പിക്കുന്നതിനും ഈ ദീൎഘസൂത്രത്തിന്റെ ആവശ്യമില്ലായിരുന്നു.

വേറൊരുദിവസം ഒരുത്തൻ വന്നു ബി. ഏ. ക്കു പഠിക്കുകയാണെന്നും ബുദ്ധിക്കു നല്ല സ്ഥിരതയില്ലാത്തതുകൊണ്ടു പരീക്ഷക്കു ചേരാൻ സാധിച്ചില്ലെന്നും എന്നെ അറിയിച്ചു. അതുകേട്ടു എനിക്കു വളരെ വിഷമം തോന്നി. ചികിത്സാവിദ്യയിൽ യാതൊരു ജ്ഞാനവുമില്ലാത്ത ഞാൻ എന്താണു ചെയ്യേണ്ടതെന്നറിയാതെ വിഷമിച്ചു. അതിനിടയിൽ അയാരം വീണ്ടും പറഞ്ഞു. "കഴിഞ്ഞജന്മം അങ്ങയുടെ ഭാൎയ്യ എന്റെ മാതാവായിരുന്നുവെന്നും അതുകൊണ്ടു അവരുടെ പാദോദകം സേവിച്ചാൽ സുഖക്കേടു ഭേദമാകുമെന്നും ഇന്നലെ ഞാനൊരു സ്വപ്നം കണ്ടിരിക്കുന്നു."

അല്പമൊന്നു പുഞ്ചിരി തൂകിയിട്ട് അയാാം തുടൎന്നു. "പക്ഷേ അവിടുന്ന് ഇതിലൊന്നും അത്ര വിശ്വസിക്കുന്നില്ലായിരിക്കാം". "എനിക്കു വിശ്വാസമില്ലെങ്കിലും നിങ്ങളുടെ രോഗം ശമിക്കുമെങ്കിൽ ശമിക്കട്ടെ" എന്നു പറഞ്ഞു പാദോദകവ്യാജേന ഞാൻ അല്പം വെള്ളം കൊണ്ടുകൊടുത്തു. അതു കുടിച്ചു പൂൎണ്ണസുഖം കിട്ടിയതായി അയാാം നടിച്ചു. എന്നാൽ വെള്ളം കുടി താമസിയാതെ ഊണായി മാറി. കുറച്ചുകഴിഞ്ഞു് എൻെറ മുറിയുടെ ഒററം കൂടി അയാാം കൈയ്യേലാക്കി. കൂട്ടുകാരുടെ വെടിപറച്ചിലും സിഗററുവലിയും മററുശല്യങ്ങളും സഹിക്കവയ്യാതായി. നിവൃത്തിയില്ലാതെ പലപ്പോഴും എനിക്കു് ആ മുറിവിട്ടു വെളിയിൽ പോകേണ്ടിവന്നിട്ടുണ്ടു്. ബുദ്ധിക്കു തിരിച്ചിലല്ലാതെ ഭ്രമമൊന്നും അയാാംക്കില്ലെന്നു് ഒടുവിൽ എനിക്കു മനസ്സിലായി. അതിൽപിന്നീടു് പൂൎവജന്മസന്തതികളെ അത്ര എളുപ്പം ഞാൻ സ്വീകരിക്കാറില്ല. എങ്കിലും എൻെറ ഈ ദൗൎബ്ബല്യതയുടെ ഖ്യാതി പെട്ടെന്നു വ്യാപിച്ചുകഴിഞ്ഞു. എൻെറ മുൻജന്മത്തിലെ വേറൊരു പെൺസന്താനം പിതാവിൻെറ സംരക്ഷണം കാത്തിരിക്കുന്നുവെന്നു വീണ്ടുമൊരു കത്തുകിട്ടി, പുത്രൻ പഠിപ്പിച്ച പാഠം ബലവത്തായിരുന്നതുകൊണ്ടു് പുത്രിയെ സ്വീകരിക്കുന്നതിനു് എനിക്കു ധൈൎയ്യം വന്നില്ല.

ഇതിനിടയിൽ ശ്രീശചന്ദ്രമജുംദാരുമായുള്ള എൻെറ ബന്ധം കൂടിക്കൂടിവന്നു. മിക്ക സന്ധ്യാസമയങ്ങളിലും എൻെറ മുമ്പിൽ അദ്ദേഹവും പ്രിയബാബുവും വന്നുചേരും.

സംഗീതവും സാഹിത്യവുംകൊണ്ടു് പലേ രാത്രികളും ഉറങ്ങാതെ കഴിച്ചുകൂട്ടും. എൻെറ ജീവിതം അന്നു് ശരത്കാലത്തെ മേഘംപോലെ, പ്രബലവും പരിപുഷ്ടവുമല്ലാതെ അനിശ്ചിതമായി സ്വതന്ത്രസഞ്ചാരം ചെയ്തുകൊണ്ടിരുന്നു.

---

## ബങ്കിമചന്ദ്രൻ

ബങ്കിമചന്ദ്രനുമായി പരിചയം സമ്പാദിച്ചതു് ഇക്കാലത്താണു്. അദ്ദേഹത്തെ ആദ്യമായി ഞാൻ കണ്ടതു് അതിനൊക്കെ വളരെ മുമ്പായിരുന്നു. കൽക്കത്താ സർവ്വകലാശാലയിലെ പൂർവ്വവിദ്യാർത്ഥികൾ അവിടെ അവരുടെ ഒരു വാർഷികസമ്മേളനം ആരംഭിച്ചു. അതിൻെറ പ്രധാനി ബാബു ചന്ദ്രനാഥബസുവായിരുന്നു. ആ സമ്മേളനത്തിൽ ഒരു കവിത എഴുതി വായിക്കണമെന്നു് ഒരിക്കൽ അവർ എന്നോടാവശ്യപ്പെട്ടു. വിദൂരമായ ഒരു ഭാവിയിലെങ്കിലും ഞാനതിൽ ഒരംഗമായിത്തീരുമെന്നു് അവർ ആശിച്ചിരിക്കാം. ചന്ദ്രനാഥ് അന്നു വളരെ ചെറുപ്പം. ഒരു ജർമ്മൻ കവിയുടെ 'യുദ്ധ'കവിത ഇംഗ്ലീഷിൽ തർജ്ജിമചെയ്തു സദസ്സിൽ വായിക്കാനായി അദ്ദേഹം ഉത്സാഹത്തോടെ തയ്യാർ ചെയ്യുകയായിരുന്നു. ആ വീരകവി സ്വന്തം കരവാളത്തെ അഭിസംബോധനം ചെയ്തുകൊണ്ടു് എഴുതിയ പ്രസ്തുത കവിതയിൽ ഇത്ര ബഹുമാനം ചന്ദ്രനാഥബാബുവിനു തോന്നിയതു തൻെറ യൗവനംകൊണ്ടു മാത്ര

മാണെന്നു വിചാരിച്ചുപോകരുത്. ആ കാലവും അതിനു അനുസരിച്ചതായിരുന്നു.

സമ്മേളനഹാളിൽ ചുററിത്തിരിഞ്ഞു നടക്കുന്നതിനിടയ്ക്കു സദസ്യരിൽ ഒരസാമാന്യവ്യക്തി എന്റെ ദൃഷ്ടിയിൽ പെട്ടു. തേജസ്വിയും ദീർഘകായനുമായ അദ്ദേഹത്തിന്റെ മുഖത്തു സ്ഫുരിച്ചുകൊണ്ടിരുന്ന അപൂർവകാന്തി ആരേയും അങ്ങോട്ടാകർഷിക്കത്തക്കതായിരുന്നു. അവിടെ കൂടിയിരുന്ന അനേകായിരംപേരിൽ അദ്ദേഹത്തെ മാത്രമേ വേർതിരിച്ചറിയണമെന്നു എനിക്കാഗ്രഹമുണ്ടായുള്ളു. എന്റെ ഉൽകണ്ഠയ്ക്കു പാത്രമായ മാന്യൻ ബങ്കിമബാബുവാണെന്നറിഞ്ഞപ്പോഠം എനിക്കു ഉണ്ടായ സന്തോഷത്തിനതിരില്ല. ബങ്കിമിന്റെ സാഹിത്യത്തിനെന്നപോലെ അദ്ദേഹത്തിന്റെ ശരീരത്തിനും ഇത്ര മനോഹരതയുണ്ടെന്നു കണ്ടു ഞാൻ അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ ഉന്നതമായ നാസികയിലും, പതിഞ്ഞു ഘനം കുറഞ്ഞ അധരപുടങ്ങളിലും, അതിതീക്ഷ്ണമായ ദൃഷ്ടികളിലും പ്രാബല്യത്തിന്റെ ലക്ഷണങ്ങഠം കാണാമായിരുന്നു. കൈകഠം രണ്ടും മാറോടണച്ചു സംഘത്തിൽനിന്നും ഭിന്നനായി നടക്കുന്ന കാഴ്ചയാണു എന്നെ കൂടുതൽ ആകർഷിച്ചതു. പ്രതിഭാശാലിയും ചിന്താശീലനുമായ ഒരു സാഹിത്യകാരനായിട്ടു മാത്രമല്ല, സാമ്രാജ്യം ഭരിക്കുന്ന പ്രഭാവശാലിയായ ഒരു ചക്രവർത്തി ആയും അദ്ദേഹം അവിടെ പ്രത്യക്ഷപ്പെട്ടു

അന്നത്തെ ഒരു ചെറിയ സംഭവം എനിക്കൊരിക്കലും മറക്കാൻ കഴിയുന്നതല്ല. സമ്മേളനഹാളിന്റെ ഒരു ഭാഗത്തായി ഒരു ശാസ്ത്രി, താൻ നിർമ്മിച്ച ഏതാനും സംസ്കൃതശ്ലോകങ്ങഠം സദസ്യരിൽ ചിലരെ വായിച്ചുകേഠ

ച്ചിച്ച് അത്ഥം പറയുകയായിരുന്നു. ബങ്കിമബാബുവും പത്തുക്കെ അതിനടുത്തുചെന്നു പററി. കവിതയിൽ അശ്ലീലമായ ഒരു പദപ്രയോഗമുണ്ടായിരുന്നു. ശാസ്ത്രി ആ ഭാഗം വ്യാഖ്യാനിച്ചുതുടങ്ങിയപ്പോൾ ബങ്കിമ് കൈകൊണ്ടു മുഖം മൂടി ചിരിച്ചുംകൊണ്ടു സ്ഥലം വിട്ടുപോയി. വാതലിനരികേ നിന്നു ഞാൻ കണ്ട ആ കാഴ്ച ഇതാ മനസ്സിൽ പതിഞ്ഞു കിടക്കുന്നു.

ഈ സംഭവം കഴിഞ്ഞശേഷം ബങ്കിമിനെ കാണുന്നതിനു പല തവണ ഞാൻ ആഗ്രഹിച്ചെങ്കിലും സാധിച്ചില്ല. പിന്നീട് അദ്ദേഹം ഹൌറ ഡെപ്യൂട്ടി മജിസ്ട്രേട്ടായിരിക്കുമ്പോൾ ഒരുദിവസം ഞാൻ പെട്ടെന്നു വീട്ടിൽ കയറിച്ചെന്നു കണ്ടു. എന്തൊക്കെയോ ഞങ്ങൾ സംസാരിച്ചെങ്കിലും തിരിയെ പോരുന്ന വഴി എനിക്കു വലിയ വൈഷമ്യം തോന്നി. ഒരു പരിചയവും ആവശ്യവും കൂടാതെ തനിയേ വലിഞ്ഞുകയറിച്ചെന്നു കണ്ടു് അദ്ദേഹത്തെ ഉപദ്രവിച്ചതു തെററായിപ്പോയി എന്നു പിന്നീടാണു എനിക്കു തോന്നിയതു്.

കുറച്ചുകാലം കഴിഞ്ഞു്, അല്പംകൂടി പ്രായമായപ്പോൾ ബങ്കാളിലെ സാഹിത്യകാരന്മാരുടെ ഇടയ്ക്കു് എനിക്കുമൊരു സ്ഥാനം ലഭിച്ചു. പക്ഷേ ആ സ്ഥാനം ഏതു തരത്തിലുള്ളതെന്നോ എവിടെയാണെന്നോ അന്നു നിശ്ചിതമായില്ല. അല്പം യശസ്സു ഞാൻ സമ്പാദിച്ചുവെങ്കിലും അപവാദവും അവജ്ഞയും അതിൽ ധാരാളമുണ്ടായിരുന്നു. നാട്ടിലെ സാഹിത്യകാരന്മാരെ ഇംഗ്ലീഷുസാഹിത്യകാരന്മാരുമായി താരതമ്യപ്പെടുത്തി അവരുടെ പേരിനോടു ഘടിപ്പിക്കുന്ന സമ്പ്രദായം അന്നുതന്നെ ബങ്കാളിൽ തുടങ്ങിക്കഴിഞ്ഞിരുന്നു. ബങ്കാളി ബൈറൺ, ബങ്കാളി എമേഴ്സൺ, തുടങ്ങിയ കൂട്ടത്തിൽ ബങ്കാളിലെ ഷെല്ലി

പദമാണ് എനിക്കു ലഭിച്ചതു്. ആ പുതിയ സ്ഥാനം ഷെല്ലിക്കു അപമാനകരവും എനിക്കു പരിഹാസകാരണവുമായിരുന്നു.

അസ്പഷ്ടകവിതകൾ എഴുതുന്ന യുവകവി എന്നായിരുന്നു എൻെറ അന്നത്തെ പ്രസിദ്ധി. വിദ്യാഭ്യാസമോ ലോകപരിചയമോ എനിക്കു പറയത്തക്കവിധത്തിലുണ്ടായിരുന്നില്ല. കവിതയിലാകട്ടെ കാര്യവസ്തുക്കളെക്കാൾ കല്പനകളായിരുന്നു അധികം. അതുകൊണ്ടു് ആൎക്കും അതിനെ പ്രശംസിക്കുന്നതിനു് അത്ര എളുപ്പമില്ല. കവിതയിൽ മാത്രമല്ല എൻെറ വേഷഭൂഷാദികളിലും വ്യവഹാരത്തിലും ആ സ്ഫുടത കാണാം. തലമുടി നീളത്തിൽ വളൎന്നുകിടക്കും. സ്വഭാവഗതിയിലും കവികളുടെ ഉദാസീനത പ്രത്യക്ഷമായിരുന്നു. ചുരുക്കത്തിൽ എല്ലാത്തരത്തിലും വിലക്ഷണഗതിയായ എനിക്കു നിത്യജീവിതത്തിൽ സാധാരണ മനുഷ്യരെപ്പോലെ കഴിഞ്ഞുകൂടുന്നതിനു തീരെ സാധിച്ചിരുന്നില്ല.

ഏകദേശം ഇക്കാലത്താണു് അക്ഷയസൎക്കാർ 'നവജീവൻ' മാസിക പ്രസിദ്ധപ്പെടുത്തി തുടങ്ങിയതു്. ഞാനും ചിലപ്പോഴൊക്കെ അതിനു ലേഖനസഹായം ചെയ്തുകൊണ്ടിരുന്നു. ബങ്കിമബാബു 'ബങ്കദർശന'ത്തിൻെറ ജോലി മതിയാക്കി 'പ്രചാർ' മാസിക തുടങ്ങി. അതിലും ഞാൻ ചിലതൊക്കെ എഴുതുമായിരുന്നു.

അന്നുമുതൽ ഞാൻ ബങ്കിമബാബുവുമായി അടുത്തു പരിചയിക്കാൻ തുടങ്ങി. അദ്ദേഹം ഭവാനീചരണ്ടത്തു് തെരുവിൽ താമസിക്കുകയായിരുന്നു. ഞങ്ങൾ തമ്മിൽ മുറയ്ക്കു കണ്ടുമുട്ടുമെങ്കിലും സംഭാഷണം ചെയ്യുന്നതിനു് അധികം സൌകൎയ്യം ലഭിച്ചില്ല. കഥകൾ കേൾക്കുന്നതി

നല്ലാതെ പറയുന്നതിനുള്ള പ്രായമോ പ്രാഗത്ഭ്യമോ എനിക്കില്ലായിരുന്നു. വല്ലതും സംസാരിക്കണമെന്നാഗ്രഹിച്ചാലും ലജ്ജ അതിനെ തടുത്തു നിറുത്തും. ചിലപ്പോഴൊക്കെ അവിടെ സഞ്ജീവബാബു (ബങ്കിമിന്റെ സഹോദരൻ) വുമുണ്ടായിരിക്കും. സംഭാഷണശീലനായ അദ്ദേഹത്തിന്റെ ദർശനം തന്നെ എനിക്കു സന്തോഷപ്രദമാണ്. കഥകൾ പറയുന്നതിൽ തനിക്കുള്ള താല്പര്യംപോലെ തന്നെ അതു കേൾക്കുന്നവർക്കു രസിക്കത്തക്കവിധം പൊടിപ്പും തൊങ്ങലും വയ്ക്കുന്നതിലും സഞ്ജീവബാബുവിനു് ഒരു പ്രത്യേകസാമർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ വായിച്ചിട്ടുള്ളവർക്കു രസകരമായ അതിന്റെ ദ്രുതഗതി തീർച്ചയായും അനുഭവപ്പെട്ടിരിക്കണം. ഇത്ര സജീവമായ സംഭാഷണചാതുരി വളരെ ചുരുക്കംപേരക്കേ ഞാൻ കണ്ടിട്ടുള്ളൂ. അസാധാരണമായ ആ സാമർത്ഥ്യം സാഹിത്യത്തിൽ പ്രതിഫലിപ്പിക്കാൻ സാധിക്കുന്നവർ ലോകത്തു് അതിലും ചുരുക്കമേ കാണുകയുള്ളൂ.

അക്കാലത്തു് കൽക്കത്തയിൽ ശശധരതക്ചൂഡാമണിക്കു പ്രാമാണ്യം സിദ്ധിച്ചു വരികയായിരുന്നു. ബങ്കിമ് ബാബുവിൽ നിന്നാണു ഞാൻ തക്ചൂഡാമണിയെപ്പററി ആദ്യമായി കേട്ടതു്. അദ്ദേഹത്തെ ബഹുജനങ്ങളുമായി പരിചയപ്പെടുത്തിയതുതന്നെ ബങ്കിമ് ആയിരുന്നുവെന്നാണു് എന്റെ ഓർമ്മ. പാശ്ചാത്യവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ടു ഹിന്ദുധർമ്മത്തിന്റെ പ്രാമാണ്യം ഒന്നുകൂടി കുത്തിപ്പൊക്കുന്നതിനു് അന്നു തീവ്രമായ ഒരു യത്നം നടന്നുകൊണ്ടിരുന്നു. അപ്രകാരമുള്ള ഒരു സമാരംഭത്തിനു തിയോസഫിക്കാർ കുറച്ചു മുമ്പുതന്നെ അനുകൂലമായ ഒരന്തരീക്ഷം സൃഷ്ടിച്ചു. ബങ്കിമ്ബാബു

ആ പ്രസ്ഥാനത്തോടു പൂർണ്ണമായി അനുകൂലിച്ചില്ല. പ്രചാർമാസിക മുഖേന അദ്ദേഹം പുറപ്പെടുവിച്ചിരുന്ന അഭിപ്രായങ്ങളിൽ തക്ചൂഡാമണിയുടെ അഭിപ്രായത്തിന്റെ ഒരു ഛായപോലും ഉണ്ടായിരുന്നില്ല.

അതിനിടയ്ക്കു ഞാനും മൂലവിട്ടു വെളിയിലിറങ്ങി വാദപ്രതിവാദങ്ങളിൽ പങ്കെടുത്തു തുടങ്ങി. എന്റെ ലേഖനങ്ങളിൽ ചിലതു വ്യംഗ്യരൂപത്തിലും മററുചിലതു ഹാസ്യവേഷത്തിലുമായിരുന്നു. ഏതായാലും അതോടുകൂടി ഞാൻ കല്പനാലോകത്തിലെ ഏകാന്തവാസം മതിയാക്കി വാസ്തവലോകത്തിൽ പ്രവേശിച്ചു കഴിഞ്ഞു. വാദപ്രതിവാദയുദ്ധത്തിനിടയ്ക്കു് ബങ്കിമബാബുവുമായി ഒരിക്കൽ എനിക്കു് ഒരു ചെറിയ രസക്കേടിനു കാരണമുണ്ടായി. അതിന്റെ ചരിത്രം മുഴുവൻ അന്നത്തെ ഭാരതി' യിലും 'പ്രചാർ'ലും രേഖപ്പെടുത്തിയിരുന്നു. വഴക്കിന്റെ അവസാനത്തിൽ ബങ്കിമ് എനിക്കെഴുതിയ ഒരു കത്തു് കഷ്ടകാലംകൊണ്ടു കളഞ്ഞുപോയി. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ക്ഷമാശക്തിക്കു് അതൊരു മകുടോദാഹരണമായിരുന്നേനെ.

# കപ്പൽവ്യവസായം

ഒരിക്കൽ ജ്യോതിജ്യേഷ്ഠൻ പരസ്യം കണ്ടു ഭ്രമിച്ച് ഒരു കപ്പൽ ലേലത്തിൽ പിടിച്ചു. ഏഴായിരം രൂപാ ചെലവായിക്കഴിഞ്ഞെങ്കിലും അതൊരു കപ്പലാകണമെങ്കിൽ എൻജിൻ മുഴുവനും ക്യാബിനും വീണ്ടും വാങ്ങിച്ചേർക്കേണ്ടിയിരുന്നു. പേനകൊണ്ടും രസനകൊണ്ടും നിരന്തരവ്യാപാരം ചെയ്യുന്ന നാട്ടുകാർ കപ്പൽവ്യാപാരത്തിൽ ഇത്ര വൈമുഖ്യം കാണിക്കുന്നതു നല്ലതല്ലെന്നു വിചാരിച്ചായിരിക്കാം ജ്യേഷ്ഠൻ ഈ സമാരംഭത്തിനൊരുമ്പെട്ടതു്. തീപ്പെട്ടി ഉണ്ടാക്കുന്നതിന് ഒരിക്കൽ അദ്ദേഹം ഭഗീരഥപ്രയത്നം ചെയ്തു. പക്ഷേ എന്തൊക്കെ ചെയ്തിട്ടും അദ്ദേഹം ഉണ്ടാക്കിയ തീപ്പെട്ടി കത്തുകില്ല. യന്ത്രനെയ്ത്തു ഏർപ്പെടുത്തുന്നതിനും അദ്ദേഹം വളരെ ശ്രമം ചെയ്തു. അതും ടൗവലിന്റെ ആവിർഭാവത്തോടുകൂടി അപ്രത്യക്ഷമായി. ഒടുവിൽ സ്വദേശി കപ്പൽ വ്യാപാരത്തിനുവേണ്ടി ഒരോട്ടക്കപ്പൽ വാങ്ങിച്ചു. കപ്പൽ കടലിൽ ഇറങ്ങണമെങ്കിൽ എൻജിനും ക്യാബിനും ഉടൻതന്നെ മാറണം. അതിൽനിന്നു കിട്ടിയ പ്രതിഫലം കടവും നഷ്ടവും മാത്രം.

ഒരു കാര്യം നാം ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പുതിയ വ്യവസായസമാരംഭമൂലമുള്ള നഷ്ടം മുഴുവൻ ജ്യേഷ്ഠൻ തനിയെ സഹിക്കേണ്ടിവന്നെങ്കിലും ആ പരീക്ഷണത്തിന്റെ ലാഭം പൊതുവേ രാജ്യത്തിനാണു ലഭിച്ചതു്. നാട്ടിൽ സാധാരണമായി വ്യവസായനദികൾ പ്രവഹിക്കുന്നതു് ലാഭനഷ്ടങ്ങൾ കണക്കുകൂട്ടാത്ത ഇത്തരം

ഉത്സാഹശീലരാകുന്നു. ആ പ്രവാഹം വരുന്നതും നിലയ്ക്കുന്നതും പെട്ടെന്നാണെങ്കിലും അതിൽ അടിച്ചു വരുന്ന എക്കലും ചെളിയും ഭൂമിയെ വളമുള്ളതാക്കിത്തീർക്കുന്നു. എന്നാൽ പിന്നീടു കൃഷിചെയ്യുന്നവർ കൊയ്ത്തുകാലം വരുമ്പോൾ ഇവരെ ഒന്നു സ്മരിക്കകൂടി ചെയ്യാത്തതാണു കഷ്ടം! ജീവിതകാലം മുഴുവൻ സ്വന്തം കഷ്ടനഷ്ടങ്ങൾ വകവയ്ക്കാതെ പ്രവൃത്തിചെയ്തിരുന്നവർ മരണശേഷമുള്ള ഈ നിസ്സാരകുറവിനെപ്പററി വിചാരിച്ചിരിക്കാൻ ന്യായവുമില്ലല്ലോ.

ഒരു ഭാഗത്തു പ്രബലമായ യൂറോപ്യൻകമ്പനി, മറുഭാഗത്തു നിസ്സഹായനായ ജ്യേഷ്ഠൻ! ഇവർ തമ്മിലുള്ള വാണിജ്യയുദ്ധം എത്ര ശക്തിമത്തായിരുന്നുവെന്നു് ഖുൽനയിലും ബാരിസലിലുമുള്ള ജനങ്ങൾ പക്ഷേ ഇന്നും ഓർത്തിരിക്കും. മത്സരം വർദ്ധിച്ചതോടുകൂടി കപ്പലിന്റെ എണ്ണവും കടത്തിന്റെ വണ്ണവും കൂടിത്തുടങ്ങി. വരവാണെങ്കിൽ അത്ര കുറഞ്ഞുകുറഞ്ഞു് ടിക്കററു് അടിക്കാനുള്ള വകമാത്രമായി. ഖുൽനയ്ക്കും ബാരിസലിനും മദ്ധ്യേയുള്ള സ്റ്റീമർ സർവീസിനു് സുവർണ്ണകാലം കണ്ടുതുടങ്ങി. യാത്രക്കാർക്കു വെറുതെ യാത്ര ചെയ്യാമെന്നു മാത്രമല്ല പലപ്പോഴും സമ്മാനമായി ലഘുഭക്ഷണം കൂടി ലഭിച്ചു. അതിലും നിൽക്കാതെ അവസാനം ഒരു വാളണ്ടിയർസംഘം രൂപീകൃതമായി. അവർ ദേശീയപതാകയും ഗാനങ്ങളുമായി സ്വദേശി സർവ്വീസിനെ സഹായിക്കുന്നതിനു് യാത്രക്കാരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഇങ്ങനെ യാത്രക്കാരുടെ അഭാവം പരിഹരിക്കപ്പെട്ടുവെങ്കിലും അതനുസരിച്ചു് മററു അഭാവങ്ങൾ വർദ്ധിച്ചുകൊണ്ടേ വന്നു. സ്വദേശസ്നേഹം ഒരിക്കലും ഗണിതശാസ്ത്രത്തെ ഭേദപ്പെടുത്തുന്നില്ല. ദേശീയഗാനങ്ങൾ കേട്ടിട്ടു് ജനങ്ങളുടെ ഉത്സാഹ

വഹ്നി വർദ്ധിച്ചതുപോലെ ബാക്കിപത്രത്തിലെ നഷ്ടക്ക ണക്കുകളും മറയ്ക്കു വർദ്ധിച്ചുകൊണ്ടിരുന്നു.

വാസനയില്ലാതെ വ്യവസായത്തിലേർപ്പെടുന്നവരുടെ ഒരു വലിയ ദോഷം അവർക്കു ലോകത്തെ മനസ്സിലാക്കാൻ കഴിയുന്നില്ല എന്നുള്ളതാണു്. എന്നാൽ ലോകം അവരെ എളുപ്പത്തിൽ മനസ്സിലാക്കുകയും ചെയ്യുന്നു. അവർ എന്തെങ്കിലും മനസ്സിലാക്കുന്നെങ്കിൽ അതു സ്വന്തം ധനവും ജീവിതവും മുഴുവൻ നഷ്ടപ്പെട്ടതിനുശേഷമായിരിക്കും. അതുകൊണ്ടു് ആ പരിജ്ഞാനം പിന്നീടു് അവർക്കു പ്രയോജനകരമായിട്ടു തീരുന്നുമില്ല. യാത്രക്കാർ മിഷ്ടാന്നം ഭക്ഷിച്ചുകൊണ്ടിരുന്നപ്പോഴും കമ്പനിയിലെ ജോലിക്കാർ തപസ്വികളെപ്പോലെ ഉപവാസം അനുഷ്ഠിച്ചില്ല. എന്നാൽ ഇതിലെല്ലാം കൂടുതൽ പ്രശംസാർഹമായിട്ടുള്ളതു് ജ്യേഷ്ഠൻ സകല നഷ്ടങ്ങളും ധൈര്യസമേതം സഹിച്ചു എന്നുള്ളതാണു്.

സ്റ്റീമർ വ്യവസായത്തിന്റെ പ്രതിദിനമുള്ള ജയാപജയങ്ങൾ അറിയുന്നതിനു ഞങ്ങൾക്കു വലിയ ആഗ്രഹമായിരുന്നു. അങ്ങനെ ഇരിക്കെ സ്വദേശിസ്റ്റീമർ ഹൌറാപാലത്തിൽതട്ടി ഉടഞ്ഞുപോയി എന്നൊരു വർത്തമാനം കേട്ടു. ജ്യേഷ്ഠന്റെ ശക്തി ഏകദേശം അവസാനിച്ചിരിക്കുകയായിരുന്നു. അതിൽ പിന്നീടൊന്നും ശേഷിച്ചില്ല. ഇങ്ങനെ സ്റ്റീമർവ്യവസായവും നിലച്ചു.

# മൃത്യുശോകം

ഇതിനിടയ്ക്കു വീട്ടിൽ അകാലമൃത്യു പ്രവേശിച്ചുതുട
ങ്ങി. അതിനു മുമ്പു ഒരിക്കലും മരണത്തെ ഞാൻ അഭി
മുഖമായി കണ്ടിട്ടില്ല. അമ്മ മരിക്കുന്ന കാലത്തു എനി
ക്കു വയസ്സു വളരെ കുറവായിരുന്നു. അധികകാലം അവർ
രോഗശയ്യയിൽ കിടന്നിരുന്നതുകൊണ്ടു എന്നാണു രോഗം
അപകടനില പ്രാപിച്ചതെന്നു് ഞങ്ങൾക്കറിയാൻ കഴി
ഞ്ഞില്ല. ഞങ്ങൾ കിടക്കുന്ന മുറിയിൽ തന്നെ വേറൊരു
കട്ടിലിലാണു അമ്മ കിടന്നിരുന്നതു്. ഡാക്ടരുടെ നിർദ്ദേ
ശപ്രകാരം സുഖക്കേടിന്റെ മൂർദ്ധന്യദശയിൽ ഒരിക്കൽ
അവരെ ഒരു ബോട്ടുയാത്രയ്ക്കു കൂട്ടിക്കൊണ്ടുപോയി. യാത്ര
കഴിഞ്ഞു് മടങ്ങിവന്നതിൽ പിന്നെ മൂന്നാമത്തെ നിലയി
ലുള്ള ഒരു മുറിയിൽ അവർ കിടപ്പായി.

അമ്മ മരിക്കുന്ന രാത്രി ഞങ്ങൾ ദീർഘനിദ്രയിലാ
ണ്ടിരിക്കുകയായിരുന്നു. അർദ്ധരാത്രിയായപ്പോൾ വീട്ടി
ലെ വൃദ്ധയായ ഒരു വേലക്കാരി ഓടി വന്നു് കരഞ്ഞും
കൊണ്ടു 'അയ്യോ എന്റെ കുഞ്ഞുങ്ങളെ! എല്ലാം നശി
ച്ചുകഴിഞ്ഞു' എന്നു നിലവിളിച്ചു പറഞ്ഞു. ജ്യേഷ്ഠത്തി അ
വളെ ശകാരിച്ചു അവിടെ നിന്നും ഓടിച്ചു. അർദ്ധരാത്രി
അസമയത്തു് ഞങ്ങളുടെ മനസ്സിനു് ഒരിളക്കം തട്ടേണ്ട
എന്നായിരിക്കണം ജ്യേഷ്ഠത്തിയുടെ ഉദ്ദേശം. ഉറക്ക
ത്തിൽനിന്നു പെട്ടെന്നു എഴുന്നേററതുകൊണ്ടു എനിയ്ക്കൊ
രു വല്ലായ്മ തോന്നി. എന്നാൽ കാര്യമെന്താണെന്നുള്ള
തിനു ഒരു രൂപവും കിട്ടിയില്ല. പിറേറദിവസം കാത്തു

മരണവൃത്താന്തം അറിഞ്ഞപ്പോഴും അത്ര ഗൗരവമുള്ള ഒരു സംഭവമായി തോന്നിയില്ല. ഞങ്ങൾ വെളിയിലെ വരാന്തയിൽ വന്നപ്പോൾ ശവശരീരം പുറത്തൊരു കട്ടിലിൽ കിടത്തിയിരിക്കുകയായിരുന്നു. മരണത്തിന്റെ ഭയങ്കരതയുടെ യാതൊരു ചിഹ്നവും ആ മൃതദേഹത്തിൽ കണ്ടില്ല. പ്രഭാതംഗത്തിലെ പ്രശാന്തതയിൽ ആ മരണം ഒരു സുഖസ്വപ്നംപോലെ മനോഹരമായി പ്രത്യക്ഷപ്പെട്ടു. മരണത്തിനും ജീവിതത്തിനുമുള്ള മഹാന്തരം ഞങ്ങൾക്ക് അന്നു അനുഭവപ്പെട്ടില്ല. ശവശരീരം അകമ്പടിയോടുകൂടി ശ്മശാനത്തിലേയ്ക്കു തിരിച്ചു. ഞങ്ങളും അതിനെ അനുഗമിക്കുന്നുണ്ടായിരുന്നു. അമ്മ ഈ വഴി ഇനി തിരിയെ വരില്ലെന്നും ചിരകാലമായി ഞങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ആ മാതൃവാത്സല്യം ഇനി ഉണ്ടാകയില്ലെന്നും അപ്പോൾ എനിക്കു തോന്നി. ആ വിചാരംകൊണ്ടുള്ള ദുഃഖം ഹൃദയത്തെ നല്ലപോലെ സ്പർശിച്ചു. ശവസംസ്കാരം കഴിഞ്ഞു മടങ്ങിവന്ന വഴി ഞാൻ റോഡിൽനിന്നുകൊണ്ടു അച്ഛന്റെ മുറിയിലേയ്ക്കൊന്നു നോക്കി. അപ്പോഴും അദ്ദേഹം വെളിയിലെ വരാന്തയിൽ ധ്യാനനിരതനായി ഇരിക്കുകയായിരുന്നു.

അമ്മയുടെ മരണശേഷം ഞങ്ങൾ ഇളയജ്യേഷ്ഠത്തിയുടെ സംരക്ഷണയിലായി. മാതാവിന്റെ അഭാവം പരിഹരിക്കുന്നതിനുവേണ്ടി അവർ എപ്പോഴും ഞങ്ങളെ അടുത്തുതന്നെ നിറുത്തുകയും ആഹാരം വസ്ത്രധാരണം മുതലായ എല്ലാ കാര്യങ്ങളും ശ്രദ്ധയായി അന്വേഷിക്കുകയും ചെയ്യുവന്നു. നഷ്ടങ്ങൾ പരിഹരിക്കുന്നതും അപരിഹരണീയമായവ മറക്കുന്നതും ജീവിതശക്തിയുടെ ഒരു സ്വഭാവവിശേഷമാണു്. പ്രത്യേകിച്ചും ശൈശവത്തിൽ ഈ സ്വഭാ

വം ബലവത്തരമായതുകൊണ്ടു ഏതുതരം ആഘാതവും ന മ്മെ അധികം ബാധിക്കുകയോ അതിന്റെ രേഖ മനസ്സിൽ ദൃഢമായി പതിയുകയോ ചെയ്യുന്നില്ല. അതിനാൽ അ ച്ഛൻ്റെ മരണദുഃഖം വെറുമൊരു ഛായപോലെ വരി കയും പെട്ടെന്നു മാഞ്ഞുപോകയും ചെയ്തു. അല്പംക്രീഡാ പ്രായം ചെന്നതിനുമേൽ, വസന്തകാലത്തിലെ പ്രഭാത ങ്ങളിൽ അധികം വിടരാത്ത പിച്ചിപ്പൂക്കൾ പറിച്ചു മുണ്ടിൻെറ അററത്തു കെട്ടി അതിൽ ചിലതെടുത്തു നെ ററിയുമ്മകളിൽ അലങ്കരിച്ചുവച്ചു ഭ്രാന്തനെപ്പോലെ ചു ററിത്തിരിഞ്ഞു നടക്കുമ്പോൾ അമ്മയുടെ സ്പർശം ഞാന നുഭവിച്ചു. ആ കോമളാംഗുലികളുടെ മാധുര്യം പുഷ്പ ങ്ങളിൽ വന്നു വികസിക്കുന്നുവെന്നു എനിക്കു തോന്നി. നാമനുഭവിച്ചാലും ശരി, ഇല്ലെങ്കിലും ശരി ആ മാധുര്യം ലോകം നിറഞ്ഞു കിടക്കുകയാണെന്നുള്ളതിനു സംശയ മില്ല.

അതുകഴിഞ്ഞ് എൻെറ ഇരുപത്തിനാലാമത്തെ വയസ്സിൽ വീട്ടിൽ വേറൊരു മരണമുണ്ടായി. അതിന്റെ ദുഃഖം അസഹ്യമായ ഒന്നായിരുന്നു. തുടർന്നുണ്ടായ പല വിരഹങ്ങളോടും ചേർന്ന് നിരന്തരമായി അതിദീർഘ മായ ഒരശ്രുമാല അതു സൃഷ്ടിച്ചു. ശൈശവത്തിലെ ഗൗര വമില്ലാത്ത മനസ്സ് ഏതുതരം ദുഃഖങ്ങളേയും നിസ്സാര മായിത്തള്ളുന്നു. പ്രായമാകുന്തോറും ആ മനോഭാവത്തി നു വ്യത്യാസം വരും. അതായിരിക്കാം ഇത്തവണത്തെ ദുഃഖം എന്നെ വളരെ വിഷമിപ്പിച്ചതു്.

സുഖത്തിൻേറയോ ദുഃഖത്തിൻേറയോ നിരന്തര ഭാ വത്തിനു എപ്പോഴെങ്കിലും ഒരു തടസ്സമുണ്ടാകുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. നാം കാണുന്ന ജീവിതത്തി

ന്നതീതമായി ഒന്നുംതന്നെ ഇല്ലെന്നായിരുന്ന എൻെറ നിശ്ചയം. ഇങ്ങനെ ഇരിക്കെ പെട്ടെന്നു വീട്ടിലുണ്ടായ മരണങ്ങൾ എൻെറ ജീവിതത്തിൻെറ ആ സമാധാനഗതിയെ ഇളക്കി ഞാൻ വല്ലാതെ അമ്പരന്നു. വൃക്ഷങ്ങൾ, ഭൂമി, ജലം, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങിയ സകല വസ്തുക്കളും മുമ്പിലത്തെപ്പോലെ സത്യവസ്തുക്കളായി ഇപ്പോഴും മുമ്പിൽ നില്ക്കുന്നു. അതുപോലെ വേറൊരു സത്യവസ്തുവായിരുന്ന മനുഷ്യൻ, ആത്മാവിനോടും ശരീരത്തോടുംകൂടി അനേകവിധബന്ധംമൂലം മററുവസ്തുക്കളേക്കാൾ കൂടുതൽ സത്യരൂപമായിരുന്നിട്ടും, ഒരു നിമിഷത്തിനുള്ളിൽ ഈ സ്വപ്നതുല്യം മറഞ്ഞുകഴിഞ്ഞു. അത്ഭുതകരമായ ഒരു പരസ്പരവിരോധം അതിൽ എനിക്ക പ്രത്യക്ഷപ്പെട്ടു. ഉള്ളതും ഇല്ലാത്തതുമായ വസ്തുക്കളെ എങ്ങിനെ ഞാൻ തമ്മിൽ യോജിപ്പിക്കും.

ജീവിതത്തിൻെറ മറുഭാഗം കാണിച്ചുതന്ന പ്രസ്തുതസംഭവം ഒരിക്കലുമെനിക്ക മറക്കാൻ കഴിഞ്ഞില്ല. രാവും പകലും എന്നെ അതു അനുസ്മരിപ്പിച്ചുകൊണ്ടേ ഇരുന്നു. എവിടെ ചുററിക്കറങ്ങിയാലും ഞാൻ തിരിയെവന്നു ആ അന്ധകാരത്തിലേയ്ക്കു നോക്കിക്കൊണ്ടു്, കഴിഞ്ഞുപോയതിൻെറ സ്ഥാനത്തു എന്തു ശേഷിക്കുന്നുവെന്നു ചിന്തിക്കും. ശൂന്യത മനുഷ്യന്നു പരിപൂർണ്ണമായി വിശ്വസിക്കാവുന്ന ഒരു പദാർത്ഥമല്ല. യാതൊന്നാണോ ഇല്ലാത്തതു അതാണു മിഥ്യ, അല്ലാതെ മിഥ്യയാണു ഇല്ലാത്തതെന്നു പറയുന്നതു ശരിയല്ല. അതിനാൽ ഒന്നും കാണാത്തിടത്തു വല്ലതും കണ്ടുപിടിക്കുന്നതിനും കിട്ടാത്തിടത്തുനിന്നു വല്ലതുംവാങ്ങുന്നതിനും മനുഷ്യൻ നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ചെറിയ ചെടികളെ നാം ഇരുട്ടത്തു മൂടിവയ്ക്കുമ്പോൾ വെളിച്ചത്തിലേയ്ക്കു തല നീട്ടുന്നതിനു അവ നാലുഭാഗത്തും വഴികൾ അന്വേഷിക്കുന്നു. അതുപോലെ മരണം മനുഷ്യാത്മാവിനെ 'നേതി' സ്വരൂപമായ അന്ധകാരത്തിലിട്ടു നട്ടം തിരിക്കുമ്പോൾ മനുഷ്യൻ അതിൽ അസ്തിത്വമുള്ള പ്രകാശവസ്തുവുണ്ടോ എന്നന്വേഷിച്ചു കണ്ടുപിടിക്കുന്നതിൽ ജാഗരൂകനാകുന്നു. എന്നാൽ അന്ധകാരത്തിൽ നിന്നു ബഹിർഗ്ഗമിക്കുന്നതിനുള്ള മാർഗ്ഗം കൂടി അന്ധകാരാവൃതമാണെങ്കിൽ അതിൽ കൂടുതൽ ദുസ്സഹമായ ഒരു ദുഃഖം വേറൊന്നില്ല.

ദുസ്സഹമായ ഈ ദുഃഖത്തിനിടയ്ക്കും എന്റെ മനസ്സിൽ കൂടക്കൂടെ ആകസ്മികമായി ആനന്ദോദയമുണ്ടായിക്കൊണ്ടിരുന്നതിൽ എനിക്കുതന്നെ അത്ഭുതം തോന്നി. ജീവിതം അവിചലിതവും നിശ്ചിതസ്വഭാവവുമായ ഒന്നല്ലെന്നുള്ള വിശ്വാസം ജീവികൾക്കു ആശ്വാസപ്രദം തന്നെ. നിശ്ചിതസത്യങ്ങളാകുന്ന കരിങ്കൽമതിലുകൾക്കുള്ളിൽ മനുഷ്യൻ ഏകാന്തതടവു അനുഭവിക്കുന്നില്ലെന്നുള്ള ബോധം ഓരോ നിമിഷവും എനിക്കു വർദ്ധിച്ചുകൊണ്ടെ ഇരുന്നു. ബലാൽക്കാരേണ ബന്ധിച്ചു വച്ചിരുന്നതു വിട്ടുകൊടുക്കേണ്ടതായി വന്നുകൂടി. ബദ്ധന്റെ നിലയിൽ അതൊരു നഷ്ടമാണെങ്കിലും മുക്തന്റെ വീക്ഷണഗതിയിൽ അതു സമാധാനത്തിനുള്ള ഒരു സാധനമാകുന്നു. ജീവിതത്തിന്റെ വിപുലഭാരത്തെ മരണംകൊണ്ടു നിയന്ത്രിച്ചു് പ്രകൃതി മുറയ്ക്കു ലോകയാത്ര നടത്തുന്നു അതുകൊണ്ടു മനുഷ്യർക്കു ആ മഹാഭാരത്തിന്റെ അടിയിൽപ്പെട്ടു അധികം അവശത അനുഭവിക്കേണ്ടിവരുന്നില്ല. ഈ പരമാർത്ഥം എനിക്കു അന്നാണു ആദ്യമായി മനസ്സിലായതു്.

ലോകവുമായുള്ള മമതാബന്ധത്തിന് ശൈഥില്യം സംഭവിച്ചതോടുകൂടി പ്രകൃതിയുടെ സൌന്ദര്യം ശ്രേഷ്ഠതരമായ രൂപത്തിൽ ഞാൻ അനുഭവിച്ചു തുടങ്ങി. നക്ഷത്രങ്ങൾ നിറഞ്ഞ നീലാകാശത്തിന്റെ കീഴിൽ നിൽക്കുന്ന വൃക്ഷലതാദികൾ കാട്ടുന്ന ചലനനൃത്തങ്ങൾ അശ്രുധൌതമായ എന്റെ നേത്രങ്ങളിൽ സൌന്ദര്യമാധുര്യങ്ങൾ വർഷിച്ചു. ജഗത്തിനെ സമ്പൂർണ്ണമായ സൌന്ദര്യരൂപത്തിൽ കാണുന്നതിനുള്ള ഒരു വീക്ഷണശക്തി ബന്ധുജനമരണം എനിക്കു പ്രദാനംചെയ്തു. ആ ശക്തി പ്രയോഗിച്ചു നിർവ്വികല്പനായി നിന്നു നോക്കിയപ്പോഴാണ് മരണത്തിന്റെ ഭൂമികയുടെ മുകളിൽ കൂടെ സംസാരത്തിന്റെ മനോഹരചിത്രം ഭംഗിയായി എനിക്കു കാണാൻ കഴിഞ്ഞതു്.

അക്കാലത്തു കുറച്ചുനാൾ എന്റെ സ്വഭാവത്തിലും പ്രവൃത്തികളിലും ഒരു വികൃതിത്തരം കണ്ടിരുന്നു. സമുദായത്തിലെ ആചാരങ്ങളോടും മാമൂലുകളോടും ആദരം കാണിച്ചു് അവയെ സത്യവസ്തുക്കളായി സ്വീകരിക്കുന്നതിനു എനിക്കു സമ്മതമുണ്ടായില്ല. ജനങ്ങൾ എന്തു പറയുമെന്നോ, അവരുടെ ഇടയിൽ എനിക്കു വല്ല സ്ഥാനമുണ്ടെന്നോ, ഞാൻ വിചാരിച്ചില്ല. ഒരു മുണ്ടുടുത്തു് പാദരക്ഷയില്ലാതെ ഒരു പുതപ്പും കീറിപ്പറിഞ്ഞ ഷെർട്ടുമായി പുസ്തകക്കടകൾതോറും ഞാൻ തെണ്ടിനടക്കുകയായിരുന്നു. ആഹാരത്തിന്റെ കാര്യത്തിൽ യാതൊരു ശ്രദ്ധയുമുണ്ടായിരുന്നില്ല. മഞ്ഞായാലും മഴയായാലും വീട്ടിലെ മൂന്നാമത്തെ നിലയുടെ വെളിയിലെ വരാന്തയിലാണു വളരെക്കാലമായി എന്റെ ഉറക്കം. ആകാശത്തിലെ പല നക്ഷത്രങ്ങളുമായി അടുത്ത ബന്ധം ഇതിനിടെ ഞാൻ സമ്പാദിച്ചുകഴിഞ്ഞു.

അനേകം രാത്രികളിൽ ഈ വിധമുള്ള നക്ഷത്രങ്ങളുടെ സന്ദേശം അവസാനിക്കുന്നതിനു മുമ്പ് പുലരിയുടെ പരിമളവും ഞാൻ അനുഭവിച്ചിരുന്നു.

എന്റെ ജീവിതത്തിലെ ഈ അവസ്ഥാഭേദം വൈരാഗ്യത്തിന്റെ പ്രാരംഭമാണെന്നു പറയാൻ നിവൃത്തിയില്ല. അതു എനിക്കൊരു വിശ്രമലാഭം മാത്രമായിരുന്നു. ഗൃഹനാഥന്റെ വടിയും അതിന്റെ നിർദ്ദയപ്രയോഗങ്ങളും നിത്യവസ്തുക്കളല്ലെന്നു മനസ്സിലായതോടുകൂടി ലോകപാഠശാലയിലെ പ്രത്യേക ശാസനങ്ങളും ശിഥിലമായി ഭവിച്ചു. ഒരുദിവസം പ്രഭാതത്തിൽ നാം എഴുന്നേല്ക്കുമ്പോൾ ഭൂമിയുടെ ആകർഷണശക്തി കുറഞ്ഞിരിക്കുന്നു എന്നായിരുന്നെങ്കിൽ നമ്മുടെ മുൻപിൽ കാണുന്ന രാജപാതയിൽകൂടി പിന്നീടു നെട്ടനെടെ നടക്കുന്നതിനു നമുക്കു ആഗ്രഹം തോന്നുകയില്ല. വലിയ കെട്ടിടങ്ങളേയും മരങ്ങളേയും ചുററിക്കറങ്ങി പോകുന്ന റോഡുകളിൽകൂടി സഞ്ചരിച്ചു് കഷ്ടപ്പെടാതെ അവയെല്ലാം ചാടിക്കടക്കുന്നതിനും പറന്നുചാട്ടുന്നതിനും നാം ശ്രമിച്ചുതുടങ്ങും. എന്റെ നിലയും അതായിരുന്നു. ലൗകികമായ ദൃഢബന്ധങ്ങളിൽനിന്നും പാദങ്ങൾക്കു വിമുക്തി ലഭിച്ചപ്പോൾ നാമുൽ സൃഷ്ടിച്ച മാർഗ്ഗങ്ങൾ ഉപേക്ഷിക്കുന്നതിനു എനിക്കു ധൈര്യം ലഭിച്ചു.

വീട്ടിന്റെ മട്ടുപ്പാവിന്റെ മുകളിൽ പലേ രാത്രികൾ ഞാൻ ഏകാകിയായി കഴിച്ചുകൂട്ടി. മൃത്യുരാജ്യത്തിലെ കാളിമയുടെയിടയിൽ കിടക്കുന്ന കറുത്ത പദാർത്ഥങ്ങളിൽ ഏതോ നേടാൻ ശ്രമിക്കുന്ന മട്ടിൽ ചിലപ്പോഴൊക്കെ ഞാൻ അന്ധനായി നാലുചുററും കൈകൊണ്ടു തപ്പിനോക്കും. എന്നാൽ ഒന്നും ലഭിക്കുകയില്ല. പ്രഭാതത്തിൽ മെത്തയിൽ പതിയുന്ന വെളിച്ചംതട്ടി ഉണർന്നു് കൺമിഴി

ച്ചുനോക്കുന്ന സമയം ശരീരത്തിലെ എന്നപോലെ മന സ്സിലെയും ആവരണങ്ങൾ സ്ഫടികംപോലെ നിർമ്മലമാകു ന്നതു കാണാം. മൂടൽമഞ്ഞു മാറിക്കഴിയുമ്പോൾ പൃ ഥിവിയിലെ വസ്തുക്കൾ തെളിഞ്ഞുകാണുന്നു. അതുപോ ലെ ശിശിരസിക്തമായ സകല ജീവലോകവും എന്റെ മുമ്പിൽ നവീനമായ ഒരു സൗന്ദൎയ്യപ്രഭയോടെ തെളി ഞ്ഞുകണ്ടു.

---

## വർഷർത്തുവും ശരത്തും

ഹിന്തുക്കളുടെ ജ്യോതിശ്ശാസ്ത്രപ്രകാരം ഓരോരോ സം വത്സരങ്ങളിൽ ഓരോ ഗ്രഹങ്ങൾ അധിരാജപദം സ്വീക രിക്കുന്നു. നമ്മുടെ ജീവിതത്തിന്റെയും ഓരോ ഘട്ടങ്ങ ളിൽ ഓരോരോ ഋതുക്കൾ ആധിപത്യം വഹിക്കുന്നുണ്ടു്. ബാല്യകാലത്തിലേയ്ക്കു തിരിഞ്ഞുനോക്കിയാൽ സ്പഷ്ടമാ യി മനസ്സിൽ പതിയുന്നതു വർഷകാലമാണു്. കാററി ന്റെ ഗതിവേഗം വരാന്ത മുഴുവൻ മഴവെള്ളം നിറച്ചുക ഴിഞ്ഞിരിക്കുന്നു. വരിവരിയായുള്ള വീട്ടിലെ വാതിലു കളും അടച്ചുകഴിഞ്ഞു. വൃദ്ധയായ ഒരു വേലക്കാരി ചന്ത യിൽനിന്നും മലക്കറിവാങ്ങി കൊട്ടയിലാക്കി നനഞ്ഞുകുഴ ഞ്ഞു വലത്തു കൈകൊണ്ടു ഉടുത്തിരുന്ന മുണ്ടു അല്പം മേ ലോട്ടു താങ്ങി വെള്ളത്തിൽ കൂടി വീട്ടിലേക്കു വരുന്നു. ഞാൻ നിഷ്കാരണമായി ആനന്ദപുളകംകൊണ്ടു് വരാന്ത കൾതോറും തുള്ളിച്ചാടി നടന്നു.

ഇതാണു് വേറൊരു സ്മരണ. ഒരു ദിവസം ഞാൻ സ്കൂളിലിരിക്കുകയായിരുന്നു. തട്ടികൊണ്ടു മറച്ചിട്ടുള്ള തുറന്ന ഒരു മുറിയിലായിരുന്നു ഞങ്ങളുടെ ക്ലാസ്സു നടത്തിവന്നതു്. ഉച്ചതിരിഞ്ഞതോടുകൂടി ആകാശമെല്ലാം മേഘരാശികൾ കൊണ്ടു നിറഞ്ഞു. ധാര മുറിയാതെ മഴയും പെയ്തുതുടങ്ങി. മേഘങ്ങൾ കൂടക്കൂടെ ദീർഘമായും ഭയങ്കരമായും ഗർജ്ജിച്ചുകൊണ്ടിരുന്നു. കരാളമൂർത്തിയായ ഒരസാധാരണ സത്വം തന്റെ വിദ്യുന്നഖങ്ങൾകൊണ്ടു ആകാശത്തിന്റെ ഒരററംമുതൽ മറേറഅററംവരെ ചീന്തിക്കീറാൻ ഉദ്യമിക്കുന്നതുപോലെയും ചിലപ്പോൾ എനിക്കതോന്നി. കാററിന്റെ കഠിനശക്തിയിൽ ചായ്ത്തട്ടികൾ പേടിച്ചുവിറച്ചു താഴെ വീഴാൻ തുടങ്ങി. ഇരുട്ടുകൊണ്ടു പുസ്തകങ്ങളിലെ അക്ഷരങ്ങൾ ശരിയായി വായിക്കാൻ കഴിഞ്ഞില്ല. കണ്ണു തീരെ പററുന്നില്ലെന്നുകണ്ടപ്പോൾ വായന നിറുത്തിക്കൊള്ളാൻ അദ്ധ്യാപകന്റെ അനുമതി ലഭിച്ചു, ഓടുന്നതിനും ചാടുന്നതിനുമുള്ള അവകാശം മേഘങ്ങൾക്കു വിട്ടുകൊടുത്തിട്ടു് ഞങ്ങൾ ബെഞ്ചിലിരുന്നു സന്തോഷംകൊണ്ടു കാലാട്ടിത്തുടങ്ങി. അപ്പോഴേക്കും എന്റെ മനസ്സു് ദ്വീപാന്തരങ്ങളിലെ പല വിശേഷവസ്തുക്കളിലും പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു.

അതുപോലെ ശ്രാവണമാസത്തിലെ ചില ഭയങ്കരരാത്രികളും ഞാൻ ഓക്കുന്നു. ഉറക്കത്തിനിടയിൽ അപ്പപ്പോഴുണ്ടാകാറുള്ള അർദ്ധസ്വപ്നാവസ്ഥകളിൽ തക്കം നോക്കി ശ്രവണപുടങ്ങളിൽ പ്രവേശിക്കുന്ന പേമഴയുടെ ചറപറശബ്ദം ദീർഘനിദ്രയുടെ പരമാനന്ദത്തേക്കാളും സുഖകരമായ ഒരു നിർവൃതി എനിക്കു പ്രദാനം ചെയ്തിട്ടുണ്ടു് 'മഴയുടെ ഈ ധാരാപ്രവാഹം പകലുംകൂടി തുടൎന്നുകൊണ്ടിരിക്കട്ടെ, തെരുവുകളിൽ വെള്ളം നിറയട്ടെ, കുളത്തി

ലെ ജല്പടികം മുഴുവൻ മുങ്ങിക്കഴിയട്ടെ', എന്ന പ്രാർത്ഥനയോടായിരിക്കും ആ രാത്രികളിൽ ഞാൻ ഉണൎന്നെഴുന്നേല്ക്കുന്നതു്.

അല്പം മുമ്പു ഞാൻ വൎണ്ണിച്ചുകൊണ്ടിരുന്ന കാലം ശരത്താണെന്നു വായനക്കാർ ഇതിനിടെ മനസ്സിലാക്കിയിരിക്കുമല്ലോ. ആശ്വിനമാസത്തിലെ അതിസുന്ദരമായ വിശ്രമവേളയിൽ യൗവനത്തിൻെറ മനോഹരത കളിയാടുന്നു. ഒരു ദിവസം പ്രഭാതത്തിൽ അരുണഭഗവാൻ ദിക്കെങ്ങും സ്വർണ്ണപ്രഭതൂകുന്ന സമയം വീട്ടിലെ തെക്കേവരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും ഞാൻ നടക്കുകയായിരുന്നു. എൻെറ മനസ്സിൽ അപ്പോഴുദിച്ചുയൎന്ന ഒരു പാട്ടു ഇതാണു്.

"ആജി ശരത്തപനെ പ്രഭാതസ്വപനേ
കീ ജാനി പരാൺ കീ ജേ ചായ്"

(ശരത്തപനൻെറ ശോഭനകരങ്ങൾ പിതറുന്ന ഈ സുപ്രഭാതത്തിൽ ഹൃദയത്തിൻെറ അഭിലാഷമെന്തെന്നു എനിക്കറിയാൻ കഴിയുന്നില്ല )

ദിവസം ക്രമേണ നീങ്ങിത്തുടങ്ങി. വീട്ടിലെ നാഴികമണി പന്ത്രണ്ടടിച്ചു: പാട്ടിൻെറ മുഴക്കം എൻെറ ശ്രവണപുടങ്ങളിൽ അപ്പോഴും കേൾക്കുന്നുണ്ടായിരുന്നു യാതൊരുവിധത്തിലുള്ള മററു ജോലികൾക്കും ഉത്സാഹവും തോന്നിയില്ല. വീണ്ടും ഞാൻ ഇങ്ങനെ പാടി

"ഖേലാഖേലാ, സാരാബേലാ
ഏകീഖേലാആപൻ മനേ"

(എല്ലാം സമയവും അനങ്ങാതെയിരുന്നു് തന്നത്താനെ ഇതെന്തൊരുകളിയാണു എൻെറ ഹൃദയമേ!)

മദ്ധ്യാഹ്നവേളയിൽ എൻെറ ചെറിയ മുറിയുടെ തറയിൽ വിരിച്ചിരുന്ന വിരിപ്പിൻെറ ഒരററത്തു കിടന്നുകൊണ്ടു പാഠം വായ്ക്കുന്ന നോട്ടുപുസ്തകം കയ്യിൽവച്ചു് ഞാനതു

വെറുതേ നോക്കിക്കൊണ്ടിരിക്കും. ചിത്രം വരയ്ക്കുന്നതിനുള്ള ശ്രമത്തേക്കാറം ചിത്രകലയിലുള്ള കൗതുകത്തിന്റെ ഒരു പ്രദർശനമായിരുന്നു അതു എന്നുള്ളതിനു സംശയമില്ല. മനസ്സിൽ പതിഞ്ഞുകിടന്ന ചിത്രങ്ങളുടെ ഒരംശംപോലും കടലാസുകളിൽ പ്രതിഫലിച്ചു കണ്ടില്ല. അതിനിടയിൽ പ്രവൃത്തിനിവൃത്തമായ ആ ശരത്സായാഹ്നത്തിന്റെ സുവർണ്ണ കാന്തി വീട്ടിലെ ചുവരുകറ ഭേദിച്ചുംകൊണ്ടു മുറിക്കകത്തു പ്രവേശിച്ചു എന്റെ അന്നത്തെ ജീവിതത്തിന്റെ പൂർണ്ണപ്രതിച്ഛായകറ ശരൽക്കാലത്തിലെ അതിനിർമ്മലമായ ആകാശത്തിലും പ്രകാശത്തിലും തെളിഞ്ഞുകാണാൻ കഴിഞ്ഞു. കൃഷീവലന്മാരുടെ ധാന്യങ്ങറ പാകപ്പെടുത്തുന്ന വിധത്തിൽ ആ ശരൽക്കാലം എന്റെ ഗാനങ്ങറ പാകപ്പെടുത്തി. വിശ്രമസമ്പൂർണ്ണങ്ങളായ എന്റെ ദിവസങ്ങറ അതു വെളിച്ചംകൊണ്ടു നിറച്ചു. ബന്ധഹീനമായ എന്റെ മനസ്സിൽ ആനന്ദപുളകം കോരി, ചിത്രകർമ്മത്തിലും കവിതാരചനയിലും വേണ്ട ആനുകൂല്യവും അതു നൽകി.

ബാല്യത്തിലെ വർഷത്തുവിനും യൗവനത്തിലെ ശരല്ക്കാലത്തിനും തമ്മിൽ കണ്ട ഒരു വലിയ വ്യത്യാസം ഇതായിരുന്നു. വർഷത്തുവിൽ ബാഹ്യപ്രകൃതിയാണു എന്നെ ആവരണം ചെയ്തിരുന്നതു്. തന്റെ സകല സന്നാഹങ്ങളോടും വേഷവിധാനങ്ങളോടും വാദ്യവിശേഷങ്ങളോടും കൂടി അതെന്നെ സേവിച്ചു. എന്നാൽ ശരൽക്കാലത്തിലെ മധുരോജ്ജ്വലമായ പ്രകാശത്തിൽ കാണുന്ന ഉത്സവം വാസ്തവത്തിൽ മനുഷ്യന്റെ ആന്തരപ്രകൃതിയുടേതാകുന്നു. മേഘങ്ങളുടേയും ആതപത്തിന്റേയും ലീലകളെ പുറകിൽ തള്ളി സുഖദുഃഖങ്ങളുടെ മർമ്മരശബ്ദങ്ങറ ഈ ഘട്ടത്തിൽ

മുന്നോട്ടു കയറി വന്നു മനസ്സിൽ സ്ഥാനം പിടിക്കുന്നു. മനുഷ്യൻെറ നിന്നിമേഷദൃഷ്ടികളുടെ ആവേശം ആകാശത്തിനു നിറം പൂശുന്നതുപോലെ അവൻെറ ഹൃദയത്തിലെ ആകാംക്ഷാവേശം നിശ്വാസവാക്കുകൾക്കു മൂർച്ഛ കൂട്ടുന്നു.

എൻെറ കവിതകൾ ഇപ്പോൾ വായനക്കാരുടെ പടിവാതുക്കൽ എത്തിച്ചേന്ന നിലയിലായി. നിയന്ത്രിതമായ പ്രവേശനത്തിനു സ്വാതന്ത്ര്യമില്ല. വീട്ടിനകത്തു പീണ്ടും വീടുകളും വാതിലിന്മേൽ വാതലുകളും കാണാം. വഴിയിൽനിന്നു ജന്നലിൽക്കൂടി അല്പം വെളിച്ചം കണ്ടിട്ടു പലപ്പോഴും നമുക്കു പിന്തിരിയേണ്ടിവരും. പ്രാസാദത്തിനുള്ളിൽനിന്നും വരുന്ന സംഗീതത്തിൻെറ ഒരസ്പഷ്ടനാദം മാത്രമേ നമ്മുടെ ഹൃദയത്തിൽ നിഴലിച്ചു കിടക്കുന്നുള്ളൂ. ദാനവും സ്വീകാരവും നടക്കുന്നതിനുമുമ്പു വിഷമമേറിയ പല പ്രതിബന്ധങ്ങളേയും തരണംചെയ്തു് മനസ്സിനു മനസ്സിനോടിണങ്ങേണ്ടതായും ഇച്ഛയ്ക്കു ഇച്ഛയോടു പല കരാറിൽ ഏർപ്പെടേണ്ടതായും വന്നുകൂടും. ബലവത്തായ പ്രതിബന്ധങ്ങളിൽ അടിച്ചും തല്ലിയും നിരന്തരം പ്രവഹിക്കുന്ന ജീവിതധാര സുഖത്തിലും ദുഃഖത്തിലും കരച്ചിലിലും ചിരിയിലും മാറിമാറി ഭാവഭേദങ്ങൾ കാട്ടി ജീവിതരണമാടിക്കൊണ്ടിരിക്കുന്നതുകൊണ്ടു അതിൻെറ ഗതിവിഗതികളുടെ യഥാർത്ഥരൂപം ആർക്കും അറിയുന്ന കാര്യം അത്ര എളുപ്പമല്ല.

'കഡി ഒ കോമല്'' മനുഷ്യൻെറ ജീവിതനികേതനത്തിൻെറ മുൻവശത്തുള്ള രാജപഥത്തിൽനിന്നുകൊണ്ടുള്ള ഗാനങ്ങളാകുന്നു. ആ രഹസ്യസഭയിൽ പ്രവേശിച്ചു് ഒരു സ്ഥാനം കൈയ്യിലാക്കുന്നതിനുള്ള ഉത്ബോധനം അതിൽ അന്തർഭവിക്കുന്നു.

"മരിതേ ചായിനാ അമി സുന്ദരഭുവനെ
മാനഷേർ മാഝേ ആമി ബാംചിബാരേ ചായ്"

(അതിസുന്ദരമായ ഈ ലോകത്തുനിന്നു മരണംമൂലം വേർപെട്ടുപോകുന്നതിനു എനിക്കിഷ്ടമില്ല. മനുഷ്യരുടെ ഇടയിൽ ജീവിക്കുന്നതിനാണു എൻെറ അതിയായ ആഗ്രഹം) ഇതാണു് വിസ്തൃതലോകത്തോടു അതിലെ ഒരു വ്യക്തിയുടെ പ്രാർത്ഥന.

---

## ആശുതോഷചൗദ്രി

---

രണ്ടാമത്തെ തവണ ഇംഗ്ലണ്ടുയാത്രയ്ക്കു തിരിച്ചപ്പോൾ കപ്പലിൽവച്ചായിരുന്നു ആശുതോഷചൗദ്രിയുമായി ആദ്യം ഞാൻ പരിചയപ്പെട്ടതു്. കൽക്കട്ടാ സർവകലാശാലയിൽ നിന്നും എം. എ. പാസ്സായശേഷം ബാരിസ്റ്റർപരീക്ഷക്കു പഠിക്കുന്നതിനു വേണ്ടി അദ്ദേഹം ഇംഗ്ലണ്ടിലേക്കു പോകുകയായിരുന്നു. കൽക്കട്ടായിൽ നിന്നു മദ്രാസ്സിൽ എത്താൻ വേണ്ടിവന്ന ഏതാനും ദിവസങ്ങൾ മാത്രമേ ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്നുള്ളു. പരിചയത്തിൻെറ പ്രാചുര്യം ദിവസങ്ങളുടെ സംഖ്യയെ മാത്രമല്ല ആശ്രയിച്ചിരിക്കുന്നതു്. ഞങ്ങൾക്കു തമ്മിൽ മുമ്പുണ്ടായിരുന്ന പരിചയക്കുറവിൻെറ ന്യൂനതകൾ മുഴുവൻ പരിഹരിക്കത്തക്കവിധത്തിൽ അദ്ദേഹം തൻെറ സഹജമായ സഹൃദയത്വംകൊണ്ടു എന്നെ വളരെ ആകർഷിച്ചു.

---

* സർ, ആശുതോഷ് കൽക്കട്ടാ ഹൈക്കോടതിയിലെ ഒരു ജഡ്ജിയായിരുന്നു.

ഇംഗ്ലണ്ടിൽ നിന്നു മടങ്ങി വന്നതിൽ പിന്നെ ആശു ഞങ്ങളുടെ സംഘത്തിലെ ഒരാളായിത്തീൎന്നു. വക്കീൽപണിയുടെ വൃഥത്തിൽനിന്നു വേർപെട്ടു എപ്പോഴും ഞങ്ങളോടു ചേരുന്നതിനു അദ്ദേഹത്തിനു അധികം സ്വാതന്ത്ര്യം ലഭിച്ചില്ല. കക്ഷികളുടെ പണസഞ്ചികൾ അന്നു അദ്ദേഹത്തിൻെറ മുമ്പിൽ കെട്ടിക്കിടന്നതന്നെ ഇരുന്നതേയുള്ളു. ആശുവാകട്ടെ ഞങ്ങളോടൊപ്പം മധുരമധുസഞ്ചയത്തിനുവേണ്ടി സാഹിത്യവനങ്ങളിൽ തത്തിക്കളിച്ചു നടക്കുകയായിരുന്നു. സാഹിത്യരസം സമ്പൂൎണ്ണമായി അദ്ദേഹത്തിൻെറ പ്രകൃതിയിൽ പരിവ്യാപ്തമായിരിക്കുന്നുവെന്നു അന്നാണെനിക്കു മനസ്സിലായതു്. ആശുതോഷിൻെറ ഹൃദയത്തിൽ വീശിയിരുന്ന സാഹിത്യകുളിർതെന്നൽ ലൈബ്രറിഗ്രന്ഥങ്ങളുടെ ദുർഗ്ഗന്ധം വഹിക്കുന്നവയായിരുന്നില്ല. കൂടാതെ സമുദ്രത്തിന്നിക്കരെയുള്ള നമുക്കു അപരിചിതമായ നികുഞ്ജങ്ങളിലെ നാനാവിധപുഷ്പങ്ങളുടെ സുഗന്ധങ്ങൾ അതിൽ സമ്മിളിതങ്ങളുമായിരുന്നു. അദ്ദേഹവുമായുള്ള സംഭാഷണങ്ങളിൽ വിദൂരത്തിലെ വനാന്തരങ്ങളിലും ആരാമപ്രദേശങ്ങളിലുമുള്ള ഒരു സുഹൃത്സഞ്ചാരസുഖം എപ്പോഴും ഞങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നു.

ഫ്രഞ്ചുസാഹിത്യത്തിൽ ആശുവിനു അതിയായ താല്പൎയ്യമായിരുന്നു. ഞാൻ അന്നു "കഡിഒകോമല" എന്ന ഗ്രന്ഥത്തിലെ കവിതകൾ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. അതിലെ പല കവിതകൾക്കും അദ്ദേഹം പഴയ ചില ഫ്രഞ്ചുകവിതകളുമായി സാമ്യം കണ്ടുപിടിച്ചു. മനുഷ്യ ജീവിതത്തിലെ വിചിത്രങ്ങളായ രസലീലകൾ കവിയുടെ മനസ്സിനെ ബലമായി ആകർഷിക്കുന്നുവെന്നു

ആ കവിതകളിൽ അദ്ദേഹത്തിന്ന കാണാൻ കഴിഞ്ഞു. വാസ്തവത്തിൽ അത്തരം വികാരങ്ങളെ വ്യാപകമായി രേഖപ്പെടുത്തുന്നതിനുള്ള ഒരു സമാരംഭത്തിൻെറ ഫലമാണു് പ്രസ്തുതകവിത.

ആ കവിതകഠം ഭംഗിയായി ക്രമീകരിച്ചു താൻതന്നെ പ്രസിദ്ധപ്പെടുത്തിക്കൊള്ളാമെന്നു ആശുതോഷ് എന്നോടു പറഞ്ഞു. ഞാനതു സമ്മതിച്ചു. "മരിതേചായിന അമി സുന്ദരഭുവനേ" എന്ന ഭാഗത്തിന്ന കൂടുതൽ പ്രാധാന്യം കൊടുത്തു് ഗ്രന്ഥത്തിൽ അതാദ്യമായി ചേൎത്തു. മുഴുവൻ ഗ്രന്ഥത്തിൻേറയും ജീവാംശം ആ പദ്യഖണ്ഡത്തിലായിരുന്നുവെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. അതു ശരിയായിരിക്കാം. ബാല്യകാലത്തു വീട്ടിനകത്തു അടച്ചിട്ടിരിക്കുമ്പോഠം, അന്തഃപുരത്തിലെ വാതലുകളിൽക്കൂടി കാണാൻകഴിഞ്ഞ പ്രകൃതിസൌന്ദൎയ്യത്തിൽ ഞാൻ മതിമറന്നു. യൌവനത്തിൻെറ പ്രാരംഭത്തിൽ മനുഷ്യലോകം അതുപോലെ എന്നെ ആകൎഷിച്ചു. പക്ഷെ അതിലും എനിക്കു പ്രവേശം ലഭിച്ചില്ല. ഞാൻ വെറുമൊരു ദ്രഷ്ടാവുമാത്രം. കരത്തുവള്ളം പായും പങ്കായവുമായി, ഓളം കടന്നു് അക്കരെയ്ക്കു പാററാറായി. ഞാൻ അപ്പോഴും അങ്ങോട്ടു നോക്കി കൈകൊട്ടി വിളിക്കുന്നതേയുള്ളു. ജീവിതയാത്ര തുടങ്ങുന്നതിന്ന എനിക്കും ആഗ്രഹം നിറഞ്ഞുകഴിഞ്ഞു.

## "കഡിക കോമലം"

ജീവിതായോധനത്തിൽ എടുത്തുചാടുന്നതിനു് പ്രതിബന്ധമായി നിന്നതു എൻെറ പ്രത്യേക പരിതസ്ഥിതികളാണെന്നു പറയുന്നതു ശരിയല്ല. ജീവിതമത്സരത്തിൽ ഏൎപ്പെട്ടിരിക്കുന്ന മനുഷ്യൎക്കു ജീവിതത്തിൻെറ നാനാവിധമായ സ്വഭാവഗതികൾ നല്ലപോലെ മനസ്സിലാക്കാൻ കഴിയൂ എന്നതു ഒരബദ്ധവിശ്വാസമാകുന്നു. നാലുചുറവും കരകളുണ്ടു്, കല്പടികളുണ്ടു്. നീലിമനിറഞ്ഞ ജലത്തിൻെറ മുകളിൽ പഴയ ഗംഭീരവൃക്ഷങ്ങളുടെ തണലുകൾ പതിഞ്ഞുകൊണ്ടിരിക്കുന്നു. സ്നിഗ്ദ്ധപല്ലവരാശികളിൽ പതുങ്ങിയിരിക്കുന്ന കോകിലങ്ങൾ പുരാതനമായ പഞ്ചമസ്വരത്തിൽ ഇന്നും പാടുന്നു. പക്ഷേ, ഇപ്പോൾ ഇതൊരു പ്രവാഹമില്ലാത്ത ജലാശയം മാത്രം. അതിൽ കോളിളക്കമെവിടെ? അലകളെവിടെ? വേലിയേററംകൊണ്ടുള്ള വെള്ളപ്പൊക്കമെവിടെ? മനുഷ്യൻെറ സ്വതന്ത്രജീവിതത്തിൻെറ പ്രവാഹം, പ്രതിബന്ധങ്ങളെ തട്ടിത്തകൎത്തു വിജയധ്വനിമുഴക്കി, തരംഗപരമ്പരകളിൽ താളം പിടിച്ചു സാഗരയാത്ര ചെയ്യുന്നതാണോ വഴിയുടെ അപ്പുറത്തുള്ള അയൽപക്കത്തു നിന്നുകൊണ്ടു ഞാൻ മുമ്പുകേട്ടതു്! അല്ല, ഒരിക്കലുമല്ല. സുഖദുഃഖങ്ങൾ നിറഞ്ഞ ജീവിതോത്സവം നടന്നു കൊണ്ടിരിക്കുന്ന ഒരു സങ്കേതത്തിലേക്കു വല്ല ക്ഷണവും കിട്ടുന്നതിനായിരുന്നു അഴികകെത്തു കിടന്ന എൻെറ പ്രാണൻ അലട്ടിക്കൊണ്ടിരുന്നതു്.

നിതാന്തമായ നിശ്ചേഷ്ടതയിൽ കിടക്കുന്ന മനുഷ്യൻ ക്രമേണ ആലസ്യമൂർത്തിയായിത്തീരുന്നു. ജീവിതത്തിൻെറ ഒട്ടനേകം ഭാഗങ്ങളുമായി അയാൾക്കു യാതൊരു ബന്ധവുമില്ല. ഇങ്ങനെ നിരാശയിലേക്കു സ്വയം അയാൾ പ്രയാണം ചെയ്യുന്നു. അത്തരം ഒരു നിരാശയുടെ ജാഡ്യത്തിൽ പെടാതെ ഇരിക്കുന്നതിനു വേണ്ടിയാണു് എൻെറ ആദ്യംമുതലുള്ള പരിശ്രമം. അക്കാലത്തെ അഭ്യസ്തവിദ്യരായ ജനങ്ങളുടെ ഇടയിൽ സ്ഥാനം പിടിച്ചിരുന്ന അർത്ഥമില്ലാത്ത ഒരുതരം രാഷ്ട്രീയപ്രക്ഷോഭണങ്ങളിൽ എനിക്കു അഭിരുചി തോന്നിയില്ല. എന്നാൽ എന്നെയും എൻെറ പരിതഃസ്ഥിതികളേയും സംബന്ധിച്ചു അപാരമായ ഒരസംതൃപ്തിയും തോന്നിത്തുടങ്ങി.

വിദേശങ്ങളിൽ ഐശ്വര്യസമ്പൂർണ്ണമായ സ്വാതന്ത്ര്യജീവിതത്തിൻെറ മഹോത്സവം നടന്നുകൊണ്ടിരിക്കുന്നു. ജീവിതാങ്കണത്തിൽ പോരിനിറങ്ങുന്ന ഭടജനങ്ങളുടെ കളരവങ്ങൾ മാത്രമേ അവിടെ എവിടേയും കേൾക്കാനുള്ളു. ഉത്സാഹഭരിതരായ ജനങ്ങളുടെ വിജയധ്വനിയും അവിടവിടെ കേൾക്കാൻ കഴിയും. നേരെ മറിച്ചു്, ഇവിടെ എന്താണു കാണുന്നതു? നാം ഭിക്ഷാപാത്രവുമായി വെളിയിൽ നില്ക്കുന്നതേയുള്ളു. ഉടുത്തൊരുങ്ങി അവരോടൊപ്പം ഉത്സവത്തിൽ പങ്കുകൊള്ളുന്നതിനു് നമുക്കിനി എന്നു സാധിക്കും? എവിടെയാണോ സമുദായങ്ങൾ തമ്മിലുള്ള അനൈക്യം ഭരണം നടത്തുകയും നിസ്സാരങ്ങളായ അസംഖ്യം പ്രതിബന്ധങ്ങൾ മനുഷ്യരെ പരസ്പരം അകററി നിറുത്തുകയും ചെയ്യുന്ന അവിടെ വ്യക്തിജീവിതത്തെ സമുദായ ജീവിതത്തിൽ ലയിപ്പിക്കുന്നതിനുള്ള ശ്രമം സഫലമാകുകയില്ല.

കുട്ടിക്കാലത്തു് ഭൃത്യരുടെ നിർദ്ദേശവലയത്തിനകത്തു നിന്നുകൊണ്ടു് പ്രകൃതിസൗന്ദര്യം കാണാൻ അഭിലഷിച്ചതുപോലെ യൗവ്വനത്തിലും വിസ്തൃതലോകവുമായി ഇടപെടുന്നതിനു എന്റെ ഹൃദയം സംഭ്രമത്തോടെ പരിശ്രമിച്ചുകൊണ്ടിരുന്നു. പക്ഷെ, അതെത്രയോ ദുർല്ലഭം, എത്രയോ വിദൂരത്തിൽ. എങ്കിലും അതു സാധിച്ചില്ലെങ്കിൽ, അവിടത്തെ ആ കുളിർകാററടിക്കുകയോ സ്രോതസ്സു പ്രവഹിക്കുകയോ ചെയ്യില്ലെങ്കിൽ പഥികജനങ്ങളുടെ അനിയന്ത്രിതമായ ഗതാഗതത്തിനു സൗകര്യമുണ്ടാകുന്നില്ല നമ്മുടെ ചുററും അടിഞ്ഞുകൂടുന്ന ജീർണ്ണമായ വസ്തുക്കൾ എടുത്തുമാററുന്നതിനു സൗകര്യം കിട്ടാതെ അവ ജീവിതത്തെ മലിനപ്പെടുത്തത്തക്കവണ്ണം അടിയ്ക്കടി വർദ്ധിച്ചുകൊണ്ടു വരുന്നു

വർഷകാലത്തു നീലിമനിറഞ്ഞ മേഘങ്ങളും മഴയും മാത്രമേ കാണുന്നുള്ളു. ശരൽകാലത്താകട്ടെ നിഴലിന്റേയും വെളിച്ചത്തിന്റേയും മാറിമാറിയുള്ള കളികൾ നിരന്തരമായി ആകാശത്തു കാണാൻ കഴിയും. എങ്കിലും അതിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകൃതമാകുന്നില്ല. എന്നാൽ വയലുകളിൽ വിളവുകൾ പൊങ്ങിത്തുടങ്ങും. എന്റെ കവിതാലോകത്തിലും വർഷത്തുവിൽ ഭാവാവേഗത്തിന്റെ വർഷണഝങ്കാരമേ ഉണ്ടായിരുന്നുള്ളു. വാക്കുകൾ അസ്പഷ്ടവും അചപലവുമായിരുന്നു. എന്നാൽ 'കഡികോമല'' എന്ന ശരൽക്കാലത്തോടുകൂടി ആകാശത്തിൽ മേഘച്ഛായകളും ഭൂമിയിൽ/ഫലോദയത്തിന്റെ ലക്ഷണങ്ങളും കണ്ടുതുടങ്ങി. വാസ്തവലോകവുമായി പരിചയം സിദ്ധിച്ചപ്പോൾ ഛന്ദസ്സും ഭാഷയും ഭിന്നരൂപങ്ങൾ കൈക്കൊണ്ടു. ഇങ്ങനെ വേറൊരുഭാഗവും അവസാനിച്ചു.

ബാഹ്യലോകത്തിനും ആന്തരലോകത്തിനും, പരിചിതനും അപരിചിതനുമായുള്ള ഐക്യബന്ധം എന്റെ ജീവിതത്തിൽ പ്രബലതരമായി യോജിച്ചു ചേന്നു. ഇനിമുതൽ എന്റെ ജീവിതയാത്ര ക്രമേണ ആശയലോകം വിട്ടിട്ട് മനുഷ്യലോകത്തുകൂടി സംഭവിക്കുകയും ലോകത്തിലെ നന്മതിന്മകളുടേയും സുഖദുഃഖങ്ങളുടേയും ബന്ധുരതയെ സ്പർശിക്കുകയും ചെയ്യും. അതുകൊണ്ടു് അവയെ വെറും ചിത്രങ്ങളാക്കി കാണിച്ചു അപമാനിക്കുന്നതു യുക്തമല്ല. എത്രയോ സൃഷ്ടികൾ, സംഹാരങ്ങൾ, വിജയങ്ങൾ, പരാജയങ്ങൾ, സംയോഗങ്ങൾ, സംഘട്ടനങ്ങൾ ഇവയെല്ലാം ഇനി അതിൽ കണ്ടേയ്ക്കാം. സകലവിധ പ്രതിബന്ധങ്ങളുടേയും വിക്രിയകളുടേയും മദ്ധ്യേകൂടി അസാമാന്യമായ സാമർത്ഥ്യത്തോടെ എന്റെ ജീവിതദേവത ഏതോ ഒരു പരമാർത്ഥതത്വത്തിലേക്കു് എന്നെ നയിച്ചുകൊണ്ടു പോകുന്നു. അതിനെ വിശകലനം ചെയ്തു നോക്കുന്നതിനു എനിക്കു ശക്തിയില്ല. ആ പരമരഹസ്യം വിശദമാക്കാൻ കഴിയാതെ, പിന്നെന്തിനെപ്പറ്റി ഞാൻ പറഞ്ഞുതുടങ്ങിയാലും അതു അവിടവിടെ പ്രമാദപൂർണ്ണമായി നിൽക്കുകയേ ഉള്ളൂ. പ്രതിമയെ വിശ്ലേഷണ ചെയ്തു തുടങ്ങിയാൽ മണ്ണുമാത്രം ശേഷിക്കുന്നതല്ലാതെ കലാകാരന്റെ ആനന്ദം ലഭ്യമാകുന്നില്ല. അതിനാൽ വായനക്കാരെ ആ പവിത്രഗൃഹത്തിന്റെ വാതുക്കൽ കൊണ്ടു നിറുത്തിയിട്ടു് ഞാനിതാ തല്ക്കാലം യാത്രപറയുന്നു.

619

# രവീന്ദ്രനാഥടാഗൂർ

എഴുതിയ

# ജീവിതസ്മൃതികൾ

(ബംഗാളിഗ്രന്ഥത്തിൻെറ വിവർത്തനം)

S. V. SMARAKA GRAMODHARANA
GRANDHA SALA
THENNOORKONAM
VENGANOOR

പരിഭാഷകൻ,

**കെ. സി. പിള്ള,**

തിരുവനന്തപുരം.

B. V. Book Depot

പ്രസാധകന്മാർ

ഗോപകുമാർ ബ്രദേഴ്സ്

ബി. വി. ബുക്ക്ഡിപ്പോ & പ്രിന്റിങ്ങ് വർക്സ്,

തിരുവനന്തപുരം

1122] [വില 2 ക.

എല്ലാം പ്രതികളിലും പരിഭാഷകൻേറയും പ്രസാധകരുടെയും
മുദ്ര ഉണ്ടായിരിക്കുന്നതാണ്.